# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

2014 ഡിസംബർ 12, വെള്ളി

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 157 - നമ്പർ 10

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

2014 ഡിസംബർ 12, വെള്ളി

സ്പീക്കർ
**ശ്രീ. ജി. കാർത്തികേയൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. എൻ. ശക്തൻ**

സെക്രട്ടറി
**ശ്രീ. പി. ഡി. ശാരംഗധരൻ**

ചീഫ് എഡിറ്റർ
**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. ഉമ്മൻ ചാണ്ടി |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | ശ്രീ. പി. കെ. അബ്ദു റബ്ബ് |
| റവന്യൂവും കയറും വകുപ്പുമന്ത്രി | : | ശ്രീ. അടൂർ പ്രകാശ് |
| പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. പി. അനിൽ കുമാർ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. അനൂപ് ജേക്കബ് |
| ഊർജ്ജ വകുപ്പുമന്ത്രി | : | ശ്രീ. ആര്യാടൻ മുഹമ്മദ് |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. കെ. ബാബു |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി | : | ശ്രീ. സി. എൻ. ബാലകൃഷ്ണൻ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | : | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | : | കുമാരി പി. കെ. ജയലക്ഷ്മി |
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി | : | ശ്രീ. കെ. സി. ജോസഫ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. പി. ജെ. ജോസഫ് |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | : | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. കെ. എം. മാണി |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | : | ശ്രീ. മഞ്ഞളാംകുഴി അലി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | : | ശ്രീ. കെ. പി. മോഹനൻ |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ഡോ. എം. കെ. മുനീർ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | : | ശ്രീ. രമേശ് ചെന്നിത്തല |
| തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി | : | ശ്രീ. ഷിബു ബേബി ജോൺ |
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. ശിവകുമാർ |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സ് സിനിമയും വകുപ്പുമന്ത്രി | : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ |

# ഉള്ളടക്കം

*പേജ്*


**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...01
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...03

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...03

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...45

**II ചരമോപചാരം**

ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യരുടെ നിര്യാണം ...444

**III തിരുത്തിയ ഉത്തരം** ...446

**IV അടിയന്തരപ്രമേയം**

ബാർകോഴ
(അവതരണാനുമതി നിഷേധിച്ചു) ...446

**V മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള
കടലാസ്സുകൾ ...470

**VI റിപ്പോർട്ട് സമർപ്പണം**

1. 2014-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഭേദഗതി ബില്ലിനെ സംബന്ധിച്ച XIV-ാം നമ്പർ വിഷയനിർണ്ണയ സമിതിയുടെ റിപ്പോർട്ട് ...471
2. 2014-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും (ഭേദഗതി) ബില്ലിനെ സംബന്ധിച്ച VII-ാം നമ്പർ വിഷയനിർണ്ണയ സമിതിയുടെ റിപ്പോർട്ട് ...471
3. I-ാം നമ്പർ വിഷയനിർണ്ണയ സമിതിയുടെ പ്രത്യേക റിപ്പോർട്ടും ചട്ടം 239(3) പ്രകാരമുള്ള സംക്ഷേപങ്ങളും ...471

**VII ധനകാര്യം**

2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെയും 2003-04, 2009-10, 2010-11, 2011-12 സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളുടെയും സ്റ്റേറ്റ്മെന്റുകൾ ...472

**അനുബന്ധം** ...473

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

*2014 ഡിസംബർ 12, വെള്ളി*

വാല്യം 157] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 10

നിയമസഭ 2014 ഡിസംബർ മാസം 12-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(നിയമസഭാ നടപടികൾ ആരംഭിച്ചയുടനെ പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം അവരുടെ ഇരിപ്പിടങ്ങളിൽ നിന്നെഴുന്നേറ്റ് ബഹുമാനപ്പെട്ട ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി രാജിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ബാനറുകളും പ്ലക്കാർഡുകളും ഉയർത്തി മുദ്രാവാക്യം മുഴക്കി ചോദ്യോത്തരവേള തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ......... ഓർഡർ........ ചോദ്യം നമ്പർ *271

### ജെൻഡർ പാർക്കുകൾ

1 (*271) ശ്രീ. കെ. മുരളീധരൻ:

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:

ശ്രീ. ഷാഫി പറമ്പിൽ:

ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സ്ത്രീകളുടെ സർവ്വതോന്മുഖവും സമഗ്രവുമായ പുരോഗതി ലക്ഷ്യമാക്കി ജെൻഡർ പാർക്കുകൾ തുടങ്ങാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പാർക്കുകൾ മുഖേന കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത് ചോദ്യോത്തരവേളയാണ്. ബഹുമാന്യരായ അംഗങ്ങൾ ഇരിക്കണം...... (ബഹളം).......ചോദ്യോത്തരവേളയിൽ സാധാരണ ബഹളം വയ്ക്കാറില്ല. ബഹുമാന്യരായ അംഗങ്ങൾ ഇരിക്കണം. (ബഹളം)...

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ,

(എ) സ്ത്രീകളുടെ സർവ്വതോന്മുഖവും സമഗ്രവുമായ പുരോഗതി ലക്ഷ്യമാക്കി ജെൻഡർ പാർക്കുകൾ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന ജെൻഡർ പാർക്ക് പദ്ധതി ഇത്തരത്തിലുള്ള ഇന്ത്യയിലെ തന്നെ ആദ്യത്തെ സംരംഭമാണ്. വനിതകളുടെ സാമ്പത്തിക-സാമൂഹ്യ പുരോഗതിക്കായുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ഏകോപിപ്പിക്കുകയുമാണ് ജെൻഡർ പാർക്ക് മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. തുടക്കത്തിൽ കോഴിക്കോട് സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള 24 ഏക്കർ സ്ഥലത്തായിരിക്കും ആദ്യത്തെ ജെൻഡർ പാർക്ക് നിലവിൽ വരുന്നത്. ഇതുകൂടാതെ ക്യാമ്പസിന് പുറത്തുള്ള വിവിധ പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(സി) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്യുന്ന ലാഭേച്ഛയില്ലാത്ത പൂർണ്ണമായും സർക്കാർ നിയന്ത്രണത്തിലുള്ള സൊസൈറ്റിയായിട്ടാണ് ജെൻഡർ പാർക്ക് നിലവിൽ വരുന്നത്. കൂടാതെ, ജെൻഡർ പാർക്കിന്റെ ആദ്യത്തെ ഓഫ് ക്യാമ്പസ് പദ്ധതിയായ 'ഷീ ടാക്സി' കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ സഹകരണത്തോടുകൂടി നിലവിൽ നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

(ഡി) കോഴിക്കോട് നിലവിൽ വരുന്ന ജെൻഡർ പാർക്കിന്റെ നിർമ്മാണ

പ്രവർത്തനങ്ങൾക്കായുള്ള രൂപരേഖ തയ്യാറാക്കുന്നതിന് കോഴിക്കോട് ആസ്ഥാനമായുള്ള സ്പെയ്സ് ആർട്ട് എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി നിയമിക്കുകയും ജെൻഡർ പാർക്കിന് ആവശ്യമായിട്ടുള്ള രൂപരേഖ തയ്യാറാക്കി നിർമ്മാണ പ്രവർത്തനങ്ങൾക്കായി ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത നടപടികൾ പൂർത്തിയാക്കി 2015 മാർച്ചിന് മുമ്പായി നിർമ്മാണ പ്രവർത്തനം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. ജെൻഡർ പാർക്കിന്റെ ഓഫ് ക്യാമ്പസ് പരിപാടികളിൽ ആദ്യത്തേതായി വനിതാ യാത്രക്കാർക്ക് വേണ്ടി വനിതകളുടെ ഉടമസ്ഥതയിലുള്ളതും വനിതകൾ ഓടിക്കുന്നതുമായ 'ഷീ ടാക്സി' പദ്ധതി തിരുവനന്തപുരത്തും എറണാകുളത്തും തുടക്കം കുറിച്ചിട്ടുണ്ട്. അടുത്തുതന്നെ കോഴിക്കോടും പ്രവർത്തനം ആരംഭിക്കുന്നതാണ്. കൂടാതെ,"ഫുഡ് ഓൺ വീൽസ്" എന്ന നൂതന പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. .........(ബഹളം)........

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, മറുപടി വേണ്ട..... ചോദ്യോത്തരവേള തുടർന്നുകൊണ്ടുപോകണോ?....യെസ്..........യെസ്.......... സഭാനടപടികൾ അൽപ്പസമയത്തേയ്ക്ക് നിർത്തിവയ്ക്കുന്നു.

( ചോദ്യോത്തരവേള രാവിലെ 8.31-ന് നിർത്തിവച്ചു.)

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## (2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### അട്ടപ്പാടിയിലെ ആദിവാസികൾക്ക് സാമൂഹ്യനീതി വകുപ്പ് പ്രഖ്യാപിച്ച ക്ഷേമപദ്ധതികൾ

2 (*272) ശ്രീമതി കെ. എസ്. സലീഖ :

ശ്രീ. എ. കെ. ബാലൻ :

ശ്രീ. കെ. രാധാകൃഷ്ണൻ :

ശ്രീ. കെ. വി. വിജയദാസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) അട്ടപ്പാടിയിലെ ആദിവാസികൾക്ക് വകുപ്പ് പ്രഖ്യാപിച്ച ക്ഷേമ

പദ്ധതികൾ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികളൊക്കെ യഥാസമയം നടപ്പിലാക്കുന്നതിൽ വീഴ്ച വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എങ്കിൽ കാരണം വ്യക്തമാക്കാമോ ;

(സി) അനുവദിക്കുന്ന സഹായം അർഹരായവർക്ക് യഥാസമയം ലഭിക്കുന്നുണ്ടോയെന്ന് വിലയിരുത്താറുണ്ടോ ;

(ഡി) എങ്കിൽ അട്ടപ്പാടിയിൽ ആദിവാസികൾക്ക് നടപ്പ് സാമ്പത്തിക വർഷം വകുപ്പിൽ നിന്നും ലഭ്യമാക്കിയ സഹായം സംബന്ധിച്ച് വിശദമാക്കാമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) അട്ടപ്പാടിയിൽ ശിശുമരണ നിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി നടപ്പിലാക്കിവരുന്നു. 6 മാസം മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ, സമൂഹത്തിൽ പരിരക്ഷ ആവശ്യമുള്ള വയോജനങ്ങൾ, ശയ്യാവലംബർ, ഭിന്നശേഷിയുള്ളവർ, എന്നിവർക്ക് ഇതിന്റെ സേവനം ലഭ്യമാകുന്നു.

(ബി) ഭക്ഷണം പാകം ചെയ്തു നൽകുന്ന ഗ്രൂപ്പുകളിലെ അഭിപ്രായവ്യത്യാസം കാരണം ചില കമ്മ്യൂണിറ്റി കിച്ചണുകൾ ഇടയ്ക്ക് പ്രവർത്തനരഹിതമായിരുന്നു. കുടുംബശ്രീ മിഷനുമായി ചേർന്ന് ടി പ്രവർത്തനങ്ങൾ ഇപ്പോൾ ഫലവത്തായി നടപ്പിലാക്കി വരുന്നു. ടി പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ഭക്ഷണ സാധനങ്ങൾ ഏറ്റെടുക്കൽ, പാചകം, വിതരണം തുടങ്ങിയവയുടെ പൂർണ്ണമായ ചുമതല കുടുംബശ്രീ മിഷനെ ഏൽപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. അനുവദിക്കുന്ന സഹായം യഥാസമയം നൽകി വരുന്നു.

(ഡി) അന്നപ്രദായിനി പദ്ധതിക്കായി 2014-15 വർഷത്തിൽ അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | | | |
|---|---|---|---|
| 17-6-2014 | - | 50,00,000 | രൂപ |
| 30-7-2014 | - | 74,36,066 | " |
| 28-10-2014 | - | 50,00,000 | " |
| 12-11-2014 | - | 50,00,000 | " |
| ആകെ | | 2,24,36,066 | " |

കൂടാതെ അട്ടപ്പാടി ഐ.സി.ഡി.എസ് പ്രോജക്ടിലേയ്ക്ക് 2 മഹീന്ദ്രാ ജീപ്പുകൾ വാങ്ങുന്നതിന് 11,51,852 രൂപയും അനുവദിച്ചിട്ടുണ്ട്.

**നീരയും നീരയുല്പന്നങ്ങളും**

3 (*273) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. എ. മാധവൻ:
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നീരയും നീരയുൽപ്പന്നങ്ങളും നിർമ്മിക്കുന്നതിനും വിപണനത്തിനുമായി ആരെല്ലാമാണ് സഹകരിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഇതിന്റെ നിർമ്മാണത്തിനു വേണ്ട സാങ്കേതിക ഉപദേശങ്ങളും സഹായവും ആരുടെ മേൽനോട്ടത്തിലാണ് നടത്തുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) നാളികേര നീര ബോർഡ്, കൃഷി വകുപ്പ്, എക്സൈസ് വകുപ്പ്, കേരള കാർഷിക സർവ്വകലാശാല, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ, നാളികേര വികസന ബോർഡ്, കോക്കനട്ട് പ്രൊഡ്യൂസർ സൊസൈറ്റികൾ, ഫെഡറേഷനുകൾ, കർഷകഗ്രൂപ്പുകൾ, എന്നിവയെല്ലാമാണ് നീരയും, നീരയുല്പന്നങ്ങളുടെയും നിർമ്മാണവും വിപണനവുമായി ബന്ധപ്പെട്ടിരിക്കുന്നത്.

കേരള കാർഷിക സർവ്വകലാശാലയുടെ നീലേശ്വരം കാമ്പസിലാണ് കേരാമൃതം (നീര) ഉത്പാദിപ്പിക്കുന്നത്. കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷനാണ് വിപണനം നടത്തുന്നത്. കേരള സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി കേരള കാർഷിക സർവ്വകലാശാലയുടെ നീലേശ്വരം കാമ്പസിലെ നീര പൈലറ്റ് യൂണിറ്റിലാണ് കേരാമൃതം (കേര നീര) ഉല്പാദിപ്പിക്കുന്നത്. കേരാമൃതം, കേരചക്കര എന്നീ ഉല്പന്നങ്ങളാണ് ഉണ്ടാക്കുന്നത്. കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്ത നീര ഉല്പന്നങ്ങളുടെ വിതരണവും വില്പനയും ഇപ്പോൾ കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ വഴിയാണ് നടത്തുന്നത്. തിരുവനന്തപുരം സെക്രട്ടേറിയേറ്റിലെ വെന്റിംഗ് മെഷീൻ വഴി വിൽപ്പന നടത്തുന്നുണ്ട്. കൂടാതെ കേരള കാർഷിക സർവ്വകലാശാലയുടെ നീലേശ്വരം കേന്ദ്രത്തിലും നീര ഉല്പന്നങ്ങൾ വിതരണം ചെയ്യുന്നുണ്ട്.

(ബി) കേരള കാർഷിക സർവ്വകലാശാല, സെൻട്രൽ പ്ലാന്റേഷൻ ക്രോപ്പ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (കാസർഗോഡ്), എസ്.സി.എം.എസ്. കോളേജ് കളമശ്ശേരി എന്നീ സ്ഥാപനങ്ങൾ നീര ഉല്പാദനത്തിനുള്ള സാങ്കേതിക വിദ്യ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതിന്റെ സാങ്കേതിക ഉപദേശങ്ങളും സഹായവും ബന്ധപ്പെട്ട സ്ഥാപനങ്ങൾ നൽകുന്നതാണ്.

കേരള കാർഷിക സർവ്വകലാശാലയിലെ പ്രൊഫസറും നാളികേര മിഷൻ അസോസിയേറ്റ് ഡയറക്ടറുമായ ഡോ.ജയപ്രകാശ് നായിക് ആണ് കേരള കാർഷിക സർവ്വകലാശാലയുടെ നീര ഉൽപ്പാദനത്തിന് സാങ്കേതിക ഉപദേശങ്ങൾ നൽകി മേൽനോട്ടം നിർവ്വഹിക്കുന്നത്.

കേരള കാർഷിക സർവ്വകലാശാല, നീര (കേരാമൃതം) നിർമ്മിക്കുന്നതിനുള്ള സാങ്കേതിക വിദ്യ വികസിപ്പിച്ചെടുത്തിട്ടുണ്ട്. കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ നീരയും, തെങ്ങിൻ പൂങ്കുലയിൽ നിന്നും കേരചക്കരയും ഉല്പാദനം സംബന്ധിച്ച് ഡെമോൺസ്ട്രേഷനും പരിശീലനത്തിനുമായി മൂന്ന് പൈലറ്റ് പ്രോജക്ട് സംഘടിപ്പിക്കുന്നതിന് സർക്കാർ അനുമതി നൽകുകയും, ഇതിൽ ആദ്യ പ്രോജക്ട് നീലേശ്വരം ക്യാമ്പസ്സിൽ ആരംഭിച്ച് നടപ്പിലാക്കി വരികയും ചെയ്യുന്നു. പൈലറ്റ് പ്രോജക്ടിന്റെ ചെലവുകൾക്കായി 130 ലക്ഷം രൂപ സർക്കാർ അനുവദിച്ച് നൽകിക്കഴിഞ്ഞു. നീരയുടെ വിപണനം നാളികേര വികസന കോർപ്പറേഷൻ മുഖേനയാണ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റിൽ സ്ഥാപിച്ചിട്ടുള്ള വെൻഡിംഗ് മെഷീൻ മുഖേനയും, നാളികേര വികസന കോർപ്പറേഷന്റെ എലത്തൂർ, എടപ്പള്ളി എന്നിവിടങ്ങളിലെ വില്പന കേന്ദ്രങ്ങൾ മുഖേനയും വിപണനം നടത്തുന്നുണ്ട്. കൂടാതെ കേരള കാർഷിക സർവ്വകലാശാലയുടെ നീലേശ്വരം കേന്ദ്രത്തിൽ നീര (കേരാമൃതം), കേരചക്കര എന്നിവ ഉല്പാദിപ്പിക്കുന്നുണ്ട്.

**എല്ലാ ജില്ലകളിലും പൈതൃക മ്യൂസിയങ്ങൾ**

4 (*274) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ ജില്ലകളിലും പൈതൃക മ്യൂസിയങ്ങൾ ആരംഭിക്കുവാൻ സാംസ്കാരിക വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി മുഖേന എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ആരുടെയെല്ലാം സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) എല്ലാ ജില്ലകളിലും ജില്ലാ പുരാവസ്തു പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പത്തനംതിട്ട, വയനാട്, പാലക്കാട് ജില്ലകളിൽ ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്. ഇതിനായി 2012-13, 2013-14, 2014-15 വർഷങ്ങളിൽ യഥാക്രമം 14 കോടി, 7 കോടി, 5 കോടി രൂപ എന്നിങ്ങനെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

(ബി) നമ്മുടെ പൈതൃകത്തിന്റേയും ചരിത്രത്തിന്റേയും തിരുശേഷിപ്പുകളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും ഭാവിതലമുറയ്ക്ക് മനസിലാകുന്ന രീതിയിൽ ആധുനിക സംവിധാനങ്ങളോടുകൂടി മ്യൂസിയം സജ്ജീകരിക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. ജില്ലാ പുരാവസ്തു പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നത് മുഖേന അവയുടെ ഒരു ഭാഗം കേരള ചരിത്രവുമായി ബന്ധപ്പെടുത്തുന്നതും ജില്ലയ്ക്ക് പ്രത്യേക പരിഗണന നൽകാൻ ഉദ്ദേശിച്ചിട്ടുള്ളതുമാണ്. പ്രസ്തുത പ്രദേശത്തിന്റെ പൈതൃകവുമായി ബന്ധപ്പെട്ടിട്ടുള്ള ഒരു വിഭാഗവും മ്യൂസിയത്തിലുണ്ടായിരിക്കുന്നതാണ്.

(സി) ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നത് പുരാവസ്തുവകുപ്പാണ്. ഇതിന്റെ പണികൾ, മ്യൂസിയങ്ങളുടെ നോഡൽ ഏജൻസിയായ കേരളം ചരിത്ര പൈതൃക മ്യൂസിയം വഴിയാണ് നടപ്പിലാക്കുന്നത്.

(ഡി) തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ മ്യൂസിയം സ്ഥാപിക്കുന്നതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി ഇതുവരെ 2012-13-ൽ, 7,12,20,000 രൂപയും (ഏഴ് കോടി പന്ത്രണ്ട് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) 2013-14 വർഷം 41,09,972 രൂപയും (നാൽപ്പത്തൊന്ന് ലക്ഷത്തി ഒൻപതിനായിരത്തി തൊള്ളായിരത്തി എഴുപത്തിരണ്ട് രൂപ മാത്രം) 2014-15 വർഷം 99,05,060 രൂപയും (തൊണ്ണൂറ്റൊമ്പത് ലക്ഷത്തി അയ്യായിരത്തി അറുപത് രൂപ മാത്രം) ചെലവായിട്ടുണ്ട്.

**രാസവളങ്ങളുടെ ക്ഷാമം**

5 (*275) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. ബി. ഡി. ദേവസ്സി: താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് യൂറിയ മുതലായ വളങ്ങൾക്ക് ക്ഷാമം അനുഭവപ്പെടുന്നുണ്ടോ ; വിശദമാക്കാമോ ;

(ബി) ഓരോ കാർഷിക സീസണിലും സംസ്ഥാനത്തിന് ആവശ്യമായി വരുന്ന വളത്തിൻെറ കണക്ക് അറിയാമോ വ്യക്തമാക്കുമോ; ആവശ്യം നിറവേറ്റ പ്പെടുന്നുണ്ടോ ;

(സി) കർഷകർക്ക് വളം ലഭ്യമാക്കുന്നതിൽ ദൗർലഭ്യം നേരിടുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ് ;

(ഡി) ഇവ പരിഹരിക്കുന്നതിൽ സർക്കാർ സംവിധാനങ്ങളിൽ വീഴ്ച ഉണ്ടായിട്ടുണ്ടോ ; വിവരിക്കാമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) സംസ്ഥാനത്ത് യൂറിയയ്ക്ക് ക്ഷാമം അനുഭവപ്പെടുന്നുണ്ട്. എന്നാൽ മറ്റു വളങ്ങൾക്കൊന്നും നിലവിൽ ക്ഷാമം അനുഭവപ്പെടുന്നില്ല. ദക്ഷിണേന്ത്യയിലെ യൂറിയ ഉല്പാദിപ്പിക്കുന്ന കമ്പനികൾ ഉല്പാദനം നിർത്തിയതു മൂലവും കേരളത്തിലെ ലീഡ് ഫെർട്ടിലൈസർ സപ്ലയർ ആയ എഫ്.എ.സി.ടി യൂറിയ ഉല്പാദിപ്പിക്കാത്തതുമൂലവും കൊച്ചിൻ തുറമുഖത്ത് യൂറിയ എത്തിക്കുന്നതിൽ എഫ്.എ.സി.ടി നേരിടുന്ന ബുദ്ധിമുട്ടുകളും ഇന്ത്യാ ഗവൺമെന്റിന്റെ പ്രതിമാസ അലോട്ട്മെന്റ് കൊടുത്തിട്ടുള്ള കമ്പനികൾ സംസ്ഥാനത്ത് യൂറിയ എത്തിക്കുന്നതിൽ എടുക്കുന്ന കാലതാമസവും ആണ് യൂറിയയുടെ ലഭ്യതയിൽ കുറവ് അനുഭവപ്പെടാനുള്ള കാരണം.

(ബി) 2014-15 സാമ്പത്തിക വർഷം സെപ്റ്റംബറിൽ അവസാനിക്കുന്ന ഖാരിഫ് സീസണിലേക്കും മാർച്ചിൽ അവസാനിക്കുന്ന റാബിസീസണു കളിലേക്കുമായി ആവശ്യമായി വരുന്ന രാസവളങ്ങളുടെ കണക്ക് ചുവടെ ചേർക്കുന്നു:

| രാസവളത്തിന്റെ പേര് | 2014-15 | 2014-15 |
|---|---|---|
| | ഖാരിഫ് (മെട്രിക് ടൺ) | റാബി (മെട്രിക് ടൺ) |

| | | |
|---|---|---|
| യൂറിയ | 100000 | 100000 |
| മ്യൂറേറ്റ് ഓഫ് പൊട്ടാഷ് | 88000 | 75000 |
| ഡി.എ.പി. | 15000 | 10000 |
| എൻ.പി.കെ. കോംപ്ലക്സ് | 130000 | 100000 |
| എസ്.എസ്.പി. | 20000 | 5750 |

ആവശ്യം നിറവേറ്റപ്പെടുന്നുണ്ട്.

(സി) ദക്ഷിണേന്ത്യയിലെ യൂറിയ ഉല്പാദിപ്പിക്കുന്ന കമ്പനികൾ ഉല്പാദനം നിർത്തിയതുമൂലവും കേരളത്തിലെ ലീഡ് ഫെർട്ടിലൈസർ സപ്ലയർ ആയ എഫ്.എ.സി.ടി. യൂറിയ ഉല്പാദനം നിർത്തിയതു മൂലവും കൊച്ചിൻ തുറമുഖത്ത് യൂറിയ എത്തിക്കുന്നതിൽ എഫ്.എ.സി.ടി നേരിടുന്ന ബുദ്ധിമുട്ടുകളും ഇന്ത്യാ ഗവൺമെന്റ് പ്രതിമാസ അലോട്ട്മെന്റ് കൊടുത്തിട്ടുള്ള കമ്പനികൾ സംസ്ഥാനത്ത് യൂറിയ എത്തിക്കുന്നതിൽ എടുക്കുന്ന കാലതാമസവും ആണ് യൂറിയയുടെ ലഭ്യതയിൽ കുറവ് അനുഭവപ്പെടാനുള്ള കാരണം. എന്നാൽ മറ്റു വളങ്ങളായ കോംപ്ലക്സ് വളങ്ങൾക്കും പൊട്ടാഷ് വളങ്ങൾക്കും ക്ഷാമമില്ല. യൂറിയായിൽ അടങ്ങിയിട്ടുള്ള സസ്യ പോഷണമൂലകമായ നൈട്രജൻ മറ്റു കോംപ്ലക്സ് വളങ്ങളിൽ പലതിലും അടങ്ങിയിട്ടുള്ളതുകൊണ്ട് യൂറിയ വളത്തിന്റെ ദൗർലഭ്യം ഒരു പരിധി വരെ പരിഹരിക്കപ്പെടുന്നുണ്ട്.

(ഡി) ഇവ പരിഹരിക്കുന്നതിൽ സർക്കാർ സംവിധാനങ്ങളിൽ വീഴ്ച ഉണ്ടായിട്ടില്ല. ഖാരിഫ്, റാബി സീസണുകളിലേക്ക് ആവശ്യമായ രാസവളങ്ങളുടെ അലോട്ട്മെന്റ് നേടിയെടുക്കുന്നതിനും പ്രതിമാസ അലോട്ട്മെന്റ് നേടിയെടുക്കുന്നതിനും ആഴ്ചയിൽ ഒരിക്കൽ ഇന്ത്യാഗവൺമെന്റ് നടത്തുന്ന വീഡിയോ കോൺഫറൻസിൽ പങ്കെടുത്ത് വളങ്ങൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകളും റയിൽവേയിൽ ഉണ്ടാകുന്ന പ്രശ്നങ്ങളും നേരിട്ട് ഇന്ത്യാ ഗവൺമെന്റിനെ അറിയിക്കാറുമുണ്ട്. എഫ്.എ.സി.ടി. വളങ്ങൾ ഒഴികെ സംസ്ഥാനത്തിന് പുറത്തു നിന്നാണ് ബാക്കി യൂറിയ, കോംപ്ലക്സ്, പൊട്ടാഷ് മുതലായ വളങ്ങൾ എത്തിക്കുന്നത്. രാസവള കമ്പനികൾ നേരിട്ട് എത്തിക്കുന്നതിനുള്ള പോരായ്മകൾ അല്ലാതെ സർക്കാർ സംവിധാനങ്ങളിൽ വീഴ്ച ഉണ്ടായിട്ടില്ല.

## സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ

6 (*276) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പാലോട് രവി: താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ കൃഷി വകുപ്പിൻെറ നേതൃത്വത്തിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിവഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്കായി സ്കൂളുകളെ തെരഞ്ഞെടുക്കുന്നത് എപ്രകാരം ആണെന്ന് വ്യക്തമാക്കുമോ ;

(ഡി) പദ്ധതി നടപ്പാക്കുന്നതിനുള്ള ധനസമാഹരണം എപ്രകാരം നടത്തുവാനാണ് ഉദ്ദേശിക്കുന്നത് ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) ഉണ്ട്. ഈ വർഷം സംസ്ഥാനത്ത് 625 എൽ.പി. സ്കൂളുകളിലും, 1200 യു.പി. സ്കൂളുകളിലും, 2000 ഹൈസ്കൂളുകളിലുമായി 3825 സ്കൂളുകളിൽ 1 $M^3$ വലുപ്പത്തിലുള്ള പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇ ടെണ്ടർ മുഖേന തെരഞ്ഞെടുത്ത RAIDCO, KAICO എന്നീ സ്ഥാപനങ്ങൾ, പ്ലാന്റുകൾ സ്കൂളുകളിൽ സ്ഥാപിക്കുന്നതാണ്.

(ബി) കേരളത്തിലെ സ്കൂളുകളിൽ ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ ശേഖരിച്ച് പരിസരമലിനീകരണം കൂടാതെ സംസ്കരിക്കുക, സ്കൂളുകളിലെ ഉച്ചഭക്ഷണം ഉണ്ടാക്കുന്നതിനാവശ്യമായ ഇന്ധനം ഏറ്റവും സുരക്ഷിതവും ചെലവ് കുറഞ്ഞതുമായ മാർഗ്ഗത്തിൽ ലഭ്യമാക്കുക, പച്ചക്കറി കൃഷിയിൽ നിന്നും ഉണ്ടാവുന്ന പാഴ്‌വസ്തുക്കൾ ബയോഗ്യാസും, ജൈവ വളവുമായി മാറ്റുന്നതിനുമുള്ള പ്രവൃത്തി പരിചയം നല്കുക, വിദ്യാർത്ഥി സമൂഹത്തിന് വിഷവിമുക്തമായ പച്ചക്കറി ഉത്പന്നം ലഭ്യമാക്കുക, പരിസര സംരക്ഷണത്തിന്റെ ബാലപാഠങ്ങൾ വിദ്യാർത്ഥികൾക്ക് ഹൃദിസ്ഥമാക്കുക, വിദ്യാർത്ഥികളുടെ ഒഴിവുവേള ഫലപ്രദമായി ഉപയോഗിക്കുക എന്നിങ്ങനെയുള്ള വിവിധ ലക്ഷ്യങ്ങളാണ് ഉദ്ദേശിക്കുന്നത്.

(സി) വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചാണ് കൃഷി വകുപ്പ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നടപ്പിലാക്കേണ്ട സ്കൂളുകൾ അതാത് ജില്ലാതല വിദ്യാഭ്യാസ ഓഫീസർമാരാണ് തെരഞ്ഞെടുക്കുന്നത്. അങ്ങനെ തെരഞ്ഞെടുത്ത സ്കൂളുകളുടെ

ലിസ്റ്റ് ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ വഴി കൃഷി ഡയറക്ടർക്ക് ലഭ്യമാക്കുന്നതാണ്.

(ഡി) 100% കേന്ദ്ര സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നതിനായി 15-3-2014-ലെ സ.ഉ.(സാധാ) നമ്പർ 530/2014/ കൃഷി പ്രകാരം 5.55 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അഡീഷണൽ ഓതറൈസേഷൻ വഴി 5.1404175 കോടി രൂപ 13-11-2014-ലെ സ.ഉ. (MS)258/ 2014/AD പ്രകാരം അനുവദിച്ചിട്ടുണ്ട്.

## വാർഡുകളുടെ പുനഃസംഘടന

7 (*277) ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ജി. സുധാകരൻ :
ശ്രീ. സി. കൃഷ്ണൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകൾ പുനഃസംഘടിപ്പിക്കുവാനും സംസ്ഥാനത്ത് നിലവിലുള്ള ഏതെങ്കിലും മുനിസിപ്പാലിറ്റികൾ കോർപ്പറേഷനായി ഉയർത്താനും ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എന്തെങ്കിലും പഠനത്തിൻെറ അടിസ്ഥാനത്തിലാണോ ഇത്തരത്തിലുള്ള തീരുമാനം കൈക്കൊണ്ടതെന്നറിയിക്കാമോ ;

(സി) ഇതു സംബന്ധമായ ബന്ധപ്പെട്ട നിയമ വ്യവസ്ഥകളെന്തൊക്കെയാണ് ;

(ഡി) നിലവിലുള്ള മുനിസിപ്പാലിറ്റികളെ കോർപ്പറേഷനുകളാക്കുമ്പോൾ അധികാരകേന്ദ്രീകരണം ആണ് നടക്കുന്നതെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ; പഞ്ചായത്ത് മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയുടെ പുനഃസംഘടനയ്ക്ക് ഡീലിമിറ്റേഷൻ കമ്മീഷൻ നിലവിലുണ്ടോ ; കമ്മീഷൻ നാളിതുവരെ ഇതുമായി ബന്ധപ്പെട്ട് മുന്നോട്ട് വച്ച നിർദ്ദേശങ്ങൾ എന്തെല്ലാമാണ് ;

(ഇ) ഇത്തരത്തിലുള്ള തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനു മുമ്പ് ഒരു ഡീലിമിറ്റേഷൻ കമ്മീഷനെ നിയമിച്ച് ആയതിൻെറ ശിപാർശ തേടിയിട്ടുണ്ടോ ;

(എഫ്) അടുത്ത പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ തെരഞ്ഞെടുപ്പിന് മുമ്പായി ഇവയുടെ പുനഃസംഘടനയോ പുതിയവയുടെ രൂപീകരണമോ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ) കേരള പഞ്ചായത്ത് രാജ് നിയമവും കേരള മുനിസിപ്പാലിറ്റി നിയമവും പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരെഞ്ഞെടുപ്പിന് മുന്നോടിയായി ഓരോ നിയോജക മണ്ഡലത്തിലേയും ജനസംഖ്യ പ്രായോഗികമാകുന്നിടത്തോളം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലൊട്ടാകെ ഒന്നതന്നെ ആകത്തക്ക വിധം വിഭജിച്ച് അതിർത്തികൾ നിർണ്ണയിക്കേണ്ടതുണ്ട്. സംസ്ഥാനത്ത് നിലവിലുള്ള ഏതെങ്കിലും മുനിസിപ്പാലിറ്റികൾ കോർപ്പറേഷനായി ഉയർത്തുന്ന വിഷയം ഇപ്പോൾ സർക്കാറിന്റെ പരിഗണനയിലില്ല.

(ബി) ബാധകമല്ല.

(സി) 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 4(2) (എഫ്) പ്രകാരം ഒരു ഗ്രാമപഞ്ചായത്തിനെ ടൗൺ പഞ്ചായത്തായോ മുനിസിപ്പൽ കൗൺസിലായോ പരിവർത്തനം ചെയ്യാനുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്. ഇപ്രകാരം സംസ്ഥാനത്തെ നഗരസ്വഭാവം ആർജിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളെ മുനിസിപ്പാലിറ്റിയാക്കാവുന്നതും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവയോട് ചേർന്ന് കിടക്കുന്ന ഗ്രാമപഞ്ചായത്തുകളെ അവയോട് കൂട്ടിച്ചേർക്കാവുന്നതുമാണ്. ഭരണഘടനയുടെ 243 ക്യൂ അനുഛേദം (2) ഖണ്ഡപ്രകാരം ഒരു സ്ഥലത്തിന്റെ ജനസംഖ്യ, ജനസാന്ദ്രത, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള വരുമാനം, കാർഷികേതര മേഖലയിലുള്ള തൊഴിൽ ശതമാനം, സാമ്പത്തിക പ്രാധാന്യമുള്ള ഘടകങ്ങൾ എന്നിവയാണ് നഗരസഭകൾ രൂപീകരിക്കുന്നതിനുള്ള അടിസ്ഥാനമ്പർ

(ഡി) മുനിസിപ്പാലിറ്റികൾ കോർപ്പറേഷനായി ഉയർത്തുന്ന വിഷയം ഇപ്പോൾ സർക്കാറിന്റെ പരിഗണനയിലില്ല. സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ പുനഃസംഘടിപ്പിക്കേണ്ടതുണ്ട്.

(ഇ) 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 4(2)(എഫ്) പ്രകാരം ഒരു ഗ്രാമപഞ്ചായത്തിനെ ടൗൺ പഞ്ചായത്തായോ മുനിസിപ്പൽ കൗൺസിലായോ പരിവർത്തനം ചെയ്യാനുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്.

(എഫ്) 2015-ലെ തെരെഞ്ഞെടുപ്പിന് മുന്നോടിയായി നിലവിലുള്ള ഗ്രാമപഞ്ചായത്തുകൾ വിഭജിക്കുന്നതിനും നഗരസ്വഭാവം ആർജിച്ച ഗ്രാമ പഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളായി പരിവർത്തനപ്പെടുത്തുന്നതിനുമുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും അതിനനുസരിച്ച് പഞ്ചായത്തുകളെ തെരെഞ്ഞെടുക്കുന്നതിനുമുള്ള

നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി ഒരു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പക്ഷേ റിപ്പോർട്ടിൽ കൂടുതൽ വ്യക്തത ആവശ്യമായിരുന്നതുകൊണ്ട് കൂടുതൽ സമഗ്രമായ ഒരു റിപ്പോർട്ട് നൽകാൻ നിർദ്ദേശങ്ങൾ നൽകിയിരിക്കുകയാണ്.

## പക്ഷിപ്പനി ബാധയെത്തുടർന്ന് താറാവുകളെ കൂട്ടത്തോടെ കൊന്നൊടുക്കുവാൻ തീരുമാനം

8 (*278) ശ്രീ. പി. ശ്രീരാമകൃഷ്ണൻ :

ശ്രീ. എം. എ. ബേബി :

ശ്രീ. കെ. കെ. ജയചന്ദ്രൻ :

ശ്രീ. സാജു പോൾ: താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പക്ഷിപ്പനി ബാധയെതുടർന്ന് താറാവുകളെ കൂട്ടത്തോടെ കൊന്നൊടുക്കുവാൻ തീരുമാനിച്ചിരുന്നുവോ ;

(ബി) ഇങ്ങനെ തീരുമാനം എടുത്തപ്പോൾ രോഗം ബാധിക്കാത്തവയേയും കൊന്നൊടുക്കിയിരുന്നുവോ ;

(സി) കർഷകരുടെ എതിർപ്പിനെ മറികടന്ന് രോഗം ബാധിക്കാത്തവയേയും കൊന്നൊടുക്കിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കൃത്യമായ മാനദണ്ഡങ്ങൾ പാലിക്കാതെ സ്വീകരിച്ച ഇത്തരം നടപടികളെ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ; അത് സംബന്ധിച്ച് പരിശോധന നടത്തുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) പക്ഷിപ്പനി സ്ഥിരീകരിച്ച സ്ഥലത്തിന് 1 കി.മീ. ചുറ്റളവിലെ താറാവുകളെയും മറ്റ് പക്ഷികളെയും കേന്ദ്ര സർക്കാരിന്റെ നിലവിലുള്ള

മാർഗ്ഗനിർദ്ദേശം പ്രകാരം കൊന്നൊടുക്കുവാൻ തീരുമാനിച്ചിരുന്നു.

(ബി) രോഗം സ്ഥിരീകരിച്ച സ്ഥലത്തിന് 1 കി.മീ ചുറ്റളവിലെ എല്ലാ വളർത്തു പക്ഷികളെയും കൊന്നൊടുക്കിയിരുന്നു. രോഗം പകരാതിരിക്കാൻ കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരമാണ് ഇപ്രകാരം ചെയ്തത്.

(സി) 1 കി.മീ ചുറ്റളവിലെ രോഗം ബാധിച്ചതും രോഗം ബാധിക്കാത്തതുമായ എല്ലാ വളർത്തു പക്ഷികളെയും കൊന്നൊടുക്കി ശാസ്ത്രീയമായി സംസ്കരിച്ചിട്ടുണ്ട്. രോഗ സംക്രമണം തടയുന്നതിനും മനുഷ്യരിലേയ്ക്ക് രോഗം പകരാതിരിക്കുവാനുള്ള മുൻകരുതലെന്ന നിലയിൽ കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള പ്രോട്ടോക്കോൾ പ്രകാരമാണ് ഇങ്ങനെ ചെയ്തത്.

(ഡി) രേഖാമൂലം പരാതികളൊന്നും ലഭിച്ചിട്ടില്ല.

**വീട്ടുകൃഷിക്ക് പ്രോത്സാഹനം**

9 (*279) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. പി. സി. ജോർജ് :
ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വീട്ടു കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നടപ്പാക്കിയ കാര്യങ്ങൾ എന്തെല്ലാമാണ് ;

(ബി) വീട്ടു കൃഷിയിലൂടെ സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്ത് കൃഷി വ്യാപിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(സി) വീട്ടുകൃഷിയുടെ ഭാഗമായി നഗര പ്രദേശങ്ങളിൽ മട്ടുപ്പാവ് കൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) വീട്ടു വളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നടപ്പാക്കിയ കാര്യങ്ങൾ ചുവടെ

ചേർക്കുന്നു:

2011-12-ൽ ഭക്ഷ്യ സുരക്ഷ പദ്ധതി അനുസരിച്ച് വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 75000 പേർക്ക് പച്ചക്കറി വിത്തും, വളവും, പണി ആയുധവും അടങ്ങുന്ന 200 രൂപ വില വരുന്ന കിറ്റുകൾ കൃഷിക്കായി നൽകിയിട്ടുണ്ട്. കൂടാതെ സമഗ്ര പച്ചക്കറി വികസന പദ്ധതി അനുസരിച്ച് വീട്ടു വളപ്പിലെ പച്ചക്കറി കൃഷിക്കായി 10 രൂപ വിലവരുന്ന 2 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകളും നൽകിയിട്ടുണ്ട്. 2012-13 മുതൽ സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം വീടുകളിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി വകുപ്പ് താഴെ പറയുന്ന പദ്ധതി ഘടകങ്ങൾ നടപ്പിലാക്കി വരുന്നു:

1. വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിന് സ്കൂൾ വിദ്യാർത്ഥികൾ മുഖേന പച്ചക്കറി വിത്തു കിറ്റുകൾ സൗജന്യമായി നൽകി വരുന്നു.

2. വീട്ടമ്മമാർക്ക് കൃഷി ചെയ്യുന്നതിനായി പച്ചക്കറി വിത്തുകിറ്റുകൾ സൗജന്യമായി നല്കിവരുന്നു.

3. മട്ടുപ്പാവിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ ഇനം പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച 2,000 രൂപ വിലവരുന്ന 25 ഗ്രോബാഗുകൾ വീതം 500 രൂപ സബ്സിഡി നിരക്കിൽ നൽകി വരുന്നു. കൂടാതെ മുൻ വർഷങ്ങളിൽ കൃഷിയ്ക്കായി നല്കിയ ഗ്രോ ബാഗുകൾ പുനരുജ്ജീവിപ്പിക്കുന്നതിന് വിത്ത്, വളം, തൈകൾ എന്നിവ വാങ്ങാനും സഹായം നൽകുന്നുണ്ട്.

   വീട്ടുവളപ്പുകളിൽ മാവിൻ തൈ നട്ട് അവയുടെ വിസ്തൃതി വ്യാപനം, ഉത്പാദനം, ഉത്പാദന ക്ഷമത എന്നിവ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഒരു വീട്ടിൽ ഒരു മാവ് എന്ന പദ്ധതിയും, രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ധനസഹായത്തോടുകൂടി നടപ്പിലാക്കി വരുന്ന വെജിറ്റബിൾ ഇനിഷ്യേറ്റീവ് ഫോർ അർബൻ ക്ലസ്റ്റേഴ്സ് പദ്ധതിയും, വീട്ടു കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2011-12 മുതൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ നടത്തിവരുന്നു. കൃഷി വകുപ്പിന്റെ വെജിറ്റബിൾ ഡെവലപ്മെന്റ് പദ്ധതി പ്രകാരം, വീടുകളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'ഗ്രോബാഗ്' പദ്ധതി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ നടപ്പിലാക്കിയിട്ടുണ്ട്. പോട്ടിങ് മിശ്രിതം നിറച്ച് പച്ചക്കറിത്തൈകൾ

നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ 12350 വീടുകളിൽ സ്ഥാപിച്ച് കഴിഞ്ഞിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം, കോഴിക്കോട്, വയനാട്, എറണാകുളം എന്നീ ജില്ലകളിൽ പ്രസ്തുത പദ്ധതി കൗൺസിൽ നടപ്പിലാക്കുന്നുണ്ട്.

ഇതിനുപുറമേ വീട്ടുവളപ്പിലെ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 46 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ കൗൺസിൽ കഴിഞ്ഞ 3 വർഷങ്ങളിലായി വിതരണം ചെയ്തിട്ടുണ്ട്. പച്ചക്കറികൃഷി എളുപ്പമാകും വിധം പച്ചക്കറി തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനായി കൗൺസിലിന്റെ ആസ്ഥാനത്ത് 'കൃഷി ബിസിനസ്സ് കേന്ദ്ര' എന്ന പേരിൽ ഒരു നഴ്സറി പ്രവർത്തിച്ചുവരുന്നു. ഫലവൃക്ഷങ്ങളുടെ ഗ്രാഫ്റ്റുകൾ, ജൈവവളങ്ങൾ, പൂച്ചെടികൾ, ജൈവരോഗ കീടനാശിനികൾ, കാർഷിക ഉപകരണങ്ങൾ എന്നിവയും ഇവിടെ നിന്നും വിതരണം ചെയ്തുവരുന്നു. കഴിഞ്ഞ 3 വർഷങ്ങളിലായി ഒരു കോടിയിൽപ്പരം പച്ചക്കറിത്തൈകൾ വിതരണം ചെയ്തിട്ടുണ്ട്.

(ബി) സമഗ്ര പച്ചക്കറി വികസന പദ്ധതിയിലൂടെ 2012-13-ൽ 10331.96 ഹെക്ടർ സ്ഥലത്തും 2013-14-ൽ 10238.3 ഹെക്ടർ സ്ഥലത്തും വീട്ടുവളപ്പിലെ പച്ചക്കറി കൃഷി വ്യാപിപ്പിച്ചിട്ടുണ്ട്. 2014-15-ലെ വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയുടെ പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. സംസ്ഥാന ഹോർട്ടി കൾച്ചർ മിഷൻ ഒരു വീട്ടിൽ ഒരു മാവ് പദ്ധതിയിൽ ഉൾപ്പെടുത്തി 2011-12, 2012-13, 2013-14 എന്നീ സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 487.5433 ഹെക്ടർ, 427.23 ഹെക്ടർ, 481.86 ഹെക്ടർ സ്ഥലത്ത് മാവ് കൃഷി വ്യാപിപ്പിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതി പ്രകാരം 750 ഹെക്ടറിൽ മാവ് കൃഷി വ്യാപിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്. വെജിറ്റബിൾ ഇനിഷ്യേറ്റീവ് ഫോർ അർബൻ ക്ലസ്റ്റേഴ്സ് പദ്ധതി പ്രകാരം 450 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിപ്പിച്ചിട്ടുണ്ട്.

(സി) സമഗ്ര പച്ചക്കറി കൃഷി വികസന പ്രകാരം നഗരങ്ങളിലും നഗരപ്രാന്ത പ്രദേശങ്ങളിലും മട്ടുപ്പാവ് കൃഷി പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതി 2012-13 മുതൽ നടപ്പിലാക്കി വരുന്നു. വിവിധ ഇനം പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച 2,000 രൂപ വിലവരുന്ന 25 ഗ്രോബാഗുകൾ വീതം 500 രൂപ സബ്സിഡി നിരക്കിൽ കർഷകർക്ക് നൽകുന്നു. കൂടാതെ മുൻവർഷങ്ങളിൽ കൃഷിക്കായി നൽകിയ

ഗ്രോബാഗുകൾ പുനരുജ്ജീവിപ്പിക്കുന്നതിന് വിത്ത്, വളം, തൈകൾ എന്നിവ വാങ്ങാനും സഹായം നൽകുന്നുണ്ട്. നഗരപ്രദേശങ്ങളിലെ വീട്ടുവളപ്പുകളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിഷ വിമുക്തമായ പച്ചക്കറികൾ ലഭ്യമാക്കുന്നതിനുമായി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ 2004 മുതൽ 'ഹരിതനഗരി' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. നാളിതുവരെ 18000 -ൽപ്പരം നഗരവാസികൾ പ്രസ്തുത പദ്ധതിയുടെ ഉപഭോക്താക്കളായി മാറിക്കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ വിതരണം ചെയ്യുന്ന പച്ചക്കറി വിത്ത് പായ്ക്കറ്റുകളും തൈകളും മട്ടുപ്പാവ് കൃഷിയ്ക്ക് ഉപയോഗിക്കാവുന്നതാണ്.

**ഹോർട്ടികോർപ്പിന്റെ ആഭിമുഖ്യത്തിൽ പച്ചക്കറി സംഭരണം**

10 (*280) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എം. ചന്ദ്രൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോർട്ടി കോർപ്പിൻെറ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ വിവിധ പച്ചക്കറി ഉല്പാദന കേന്ദ്രങ്ങളിൽനിന്നും പച്ചക്കറി ശേഖരിക്കാറുണ്ടോ; വിശദാംശങ്ങൾ നൽകാമോ ;

(ബി) ഏതെല്ലാം ഇനം പച്ചക്കറികളാണ് സംസ്ഥാനങ്ങളിൽ നിന്നും ശേഖരിക്കാറുള്ളതെന്ന് അറിയിക്കാമോ ;

(സി) ഹോർട്ടികോർപ്പ് സംസ്ഥാനത്തിനുള്ളിൽനിന്നും പച്ചക്കറി സംഭരിക്കുമ്പോഴും സംസ്ഥാനത്തെ പച്ചക്കറി കർഷകർ അവരവരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കാത്തതിനാലും സംഭരണ പാളിച്ചകൾ കാരണവും പച്ചക്കറികൾ കുഴിച്ചുമൂടുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) ഹോർട്ടികോർപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ വിവിധ പച്ചക്കറി ഉല്പാദന കേന്ദ്രങ്ങളിൽനിന്നും പച്ചക്കറി ശേഖരിക്കാറുണ്ട്. സംസ്ഥാനത്തെ കർഷകർ, കർഷക സംഘങ്ങൾ, വി.എഫ്.പി.സി.കെ., സംഘമൈത്രി, കാർഷിക

മൊത്തെ വ്യാപാരവിപണികൾ, വട്ടവട, കാന്തല്ലൂർ കർഷക സൊസൈറ്റികൾ എന്നിവിടങ്ങളിൽ നിന്നെല്ലാം ഹോർട്ടികോർപ്പ് പച്ചക്കറികൾ സംഭരിക്കുന്നു.

(ബി) സംസ്ഥാനത്തെ കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറി ഇനങ്ങളായ വെള്ളരി, വെണ്ട, ചീര, പയർ, പാവയ്ക്ക, തടിയൻ, വഴുതന, കുമ്പളം, കോവയ്ക്ക, മത്തൻ, വാഴക്കുമ്പ്, ഇഞ്ചി, പടവലം, ചുരയ്ക്ക, തക്കാളി കിഴങ്ങുവർഗ്ഗങ്ങളായ ചേന, കാച്ചിൽ, ചേമ്പ്, മരച്ചീനി മുതലായവയും വിവിധ ഇനം വാഴക്കുലകളായ ഏത്തൻ, രസകദളി, കപ്പ, റോബസ്റ്റ തുടങ്ങിയവയും വട്ടവട, കാന്തല്ലൂർ എന്നിവിടങ്ങളിൽ നിന്നും ക്യാരറ്റ്, ക്യാബേജ്, ബീൻസ്, ഉരുളക്കിഴങ്ങ് എന്നിവയും ഹോർട്ടികോർപ്പ് സംഭരിക്കുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ കർഷകർക്ക് ന്യായവില നൽകിയാണ് ഹോർട്ടികോർപ്പ് സംഭരിക്കുന്നത്.

## മാലിന്യ സംസ്കരണ പ്ലാന്റുകൾ

11 (*281) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാലിന്യസംസ്കരണ പ്ലാൻറുകൾ സ്ഥാപിക്കുന്ന കാര്യത്തിൽ തദ്ദേശ വാസികളുടെ എതിർപ്പുമൂലം ഉപേക്ഷിക്കേണ്ടിവന്ന പദ്ധതികളെക്കുറിച്ചുള്ള വിവര ശേഖരണം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ എതിർപ്പിനുള്ള പ്രധാന കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശകലനം ചെയ്തിട്ടുണ്ടോ ; അതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്തുന്ന കാര്യത്തിൽ ഉചിതമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ ?
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ) ഉണ്ട്.

(ബി) ഉണ്ട്. പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നിലവിലുള്ള മാലിന്യ സംസ്കരണ സംവിധാനത്തിൽ സംസ്കരിക്കാൻ കഴിയുന്നതിലും കൂടുതൽ മാലിന്യം എത്തിച്ചേരുന്നതുമൂലം മാലിന്യം അനിയന്ത്രിതമായ അളവിൽ കുടിക്കിടക്കുകയും തന്മൂലം ദുർഗന്ധം വമിക്കുകയും മാലിന്യത്തിൽനിന്നും ഊറി

ഇറങ്ങുന്ന മലിനദ്രവം ജലാശയങ്ങളിലും മറ്റും ഒഴുകിയെത്തി മലിനപ്പെടുത്തുന്നതുമായ സാഹചര്യം ഉണ്ടായതു കാരണം തദ്ദേശവാസികൾ പല നഗരസഭകളിലും പുതിയ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനെ എതിർക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്തുന്നതിന്റെ ഭാഗമായി കേന്ദ്രീകൃത പ്ലാന്റിലേയ്ക്ക് എത്തുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കാനായി വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന് പ്രാധാന്യം നൽകി ഉറവിട മാലിന്യ സംസ്കരണ പദ്ധതികളാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ഇപ്പോൾ നടപ്പിലാക്കി വരുന്നത്. ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യം ഉറവിടത്തിൽതന്നെ തരംതിരിച്ച് സംഭരിക്കാനും ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കാനും അജൈവമാലിന്യങ്ങൾ കഴുകി വൃത്തിയാക്കി ശേഖരിച്ച് കേന്ദ്രീകൃത സംവിധാനത്തിൽ കൊണ്ട് വന്ന് പുനരുപയോഗ, പുനഃചംക്രമണത്തിലേയ്ക്ക് ബന്ധപ്പെട്ട റീ-സൈക്ലേഴ്സിന് നൽകുന്നതിനുമുള്ള നടപടി സ്വീകരിച്ചു വരുന്നു. പൊതു മാലിന്യ സംസ്കരണ പ്ലാന്റുകൾക്കെതിരെ പൊതുജനങ്ങളിൽ നിന്നുള്ള എതിർപ്പ് കുറയ്ക്കുന്നതിനായും ജൈവമാലിന്യങ്ങൾ ഉറവിടത്തിൽതന്നെ സംസ്കരിക്കുന്നതിന് പ്രേരണ നൽകാനും ലക്ഷ്യമിട്ടുകൊണ്ടുള്ള ഊർജ്ജിതമായ ബോധവൽക്കരണ പ്രവർത്തനം നടത്താനും നടപടി എടുത്തു വരുന്നുണ്ട്.

## ഗൾഫിലെ ജയിലുകളിൽ കഴിയുന്ന മലയാളികൾക്ക് നിയമസഹായം

12 (*282) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ബെന്നി ബെഹനാൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൽഫ് രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികൾക്ക് നിയമ സഹായം നൽകുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണ് ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ആരെല്ലാമാണ് സഹകരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

വിശദമാക്കുമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ&ബി) ഉണ്ട്. തങ്ങളുടേതല്ലാത്ത കാരണങ്ങൾക്കും ചെറിയ കുറ്റ കൃത്യങ്ങൾക്കും വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന പ്രവാസി മലയാളികൾക്ക് ആവശ്യമായ നിയമ സഹായം നൽകി ജയിൽ മോചിതരാക്കി നാട്ടിലെത്തിക്കുക, വിവിധ കാരണങ്ങളാൽ വിദേശ രാജ്യങ്ങളിലെ താമസത്തിനിടെ നിയമസഹായമാവശ്യമുള്ളവർക്ക് അത് യഥാസമയം ലഭ്യമാക്കുക, അഭയം ആവശ്യമായിവരുന്ന കേരളീയ സ്ത്രീകളെ എംബസികളിൽ എത്തിക്കുന്നതിന് ആവശ്യമായി വരുന്ന വാഹന ചെലവ് വഹിക്കുക എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ട് ആവിഷ്കരിച്ച പദ്ധതിയാണ് പ്രവാസി നിയമ സഹായ പദ്ധതി. നിയമസഹായം ആവശ്യമുള്ള വ്യക്തികൾ, അവരുടെ കുടുംബാംഗങ്ങൾ, സാമൂഹ്യ പ്രവർത്തകർ തുടങ്ങിയവർക്ക് ഈ പദ്ധതിയുടെ ആനുകൂല്യത്തിന് അപേക്ഷിക്കാവുന്നതാണ്. വിദേശരാജ്യങ്ങളിലെ ഇന്ത്യൻ മിഷനുകൾ ശ്രദ്ധയിൽപ്പെടുത്തുന്ന കേസുകൾക്കും ഈ പദ്ധതിയുടെ ആനുകൂല്യത്തിന് അർഹതയുണ്ട്. നിബന്ധനകൾക്ക് വിധേയമായി ഒരു കേസിന് പരമാവധി 2 ലക്ഷം രൂപയാണ് പദ്ധതി പ്രകാരം ധനസഹായത്തിന് അർഹതയുള്ളത്. ചൂഷണങ്ങൾക്ക് ഇരയാകുന്ന പ്രവാസികൾക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി കൗൺസിലിംഗ്, മറ്റ് പാരാലീഗൽ സർവ്വീസുകളായ പ്രമാണങ്ങൾ തയ്യാറാക്കൽ, വാദം നടത്തൽ, കരാറുകളുടെ പുനഃപരിശോധന, വ്യവഹാര നടപടികൾക്ക് സഹായം നൽകൽ, ഭാഷാ പരിവർത്തനം മുതലായ സേവനങ്ങളും ഈ പദ്ധതിയുടെ ഭാഗമായി ലക്ഷ്യമിടുന്നു.

(സി) പ്രസ്തുത പദ്ധതി നോർക്ക വകുപ്പിന്റെ പദ്ധതി നിർവ്വഹണ ഏജൻസിയായ നോർക്ക - റൂട്ട്സ് മുഖേനയാണ് നടപ്പിലാക്കുന്നത്. നോർക്ക - റൂട്ട്സിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രവാസി സംഘടനകൾ, വിദേശരാജ്യങ്ങളിലെ ഇന്ത്യൻ നയതന്ത്ര കാര്യാലയങ്ങൾ, നയതന്ത്രകാര്യാലയങ്ങൾ നിർദ്ദേശിക്കുന്ന നിയമവിദഗ്ധർ എന്നിവരുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെയും പ്രവാസികാര്യ മന്ത്രാലയത്തിന്റെയും സഹകരണവും അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഡി) പദ്ധതി നടത്തിപ്പിന് നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 4 കോടി രൂപ വകയിരുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. അർഹരായവർക്ക് നിയമസഹായം ലഭ്യമാക്കുന്നതിനുവേണ്ട പ്രചാരണം നൽകുന്നതിനും ബോധവൽക്കരണ

പരിപാടികൾ സംഘടിപ്പിക്കുന്നതിനും നടപടികൾ ആരംഭിച്ചു കഴിഞ്ഞു. പുതുക്കിയ നിബന്ധനകൾ പ്രകാരം സഹായത്തിന് അപേക്ഷിക്കുവാനുള്ള ഫോമിന്റെ മാതൃക നോർക്ക - റൂട്ട്സിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. കൂടാതെ വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിന് ബന്ധപ്പെട്ട ഇന്ത്യൻ മിഷനുകളുമായി നോർക്ക വകുപ്പ് ബന്ധപ്പെട്ടിട്ടുണ്ട്.

## പക്ഷിപ്പനിക്കെതിരെ മുൻകരുതലുകൾ

13 (*283) ശ്രീ. ജി. സുധാകരൻ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. എ. എം. ആരിഫ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പക്ഷിപ്പനി ആദ്യം റിപ്പോർട്ട് ചെയ്തത് എവിടെ ആയിരുന്നു ;

(ബി) പക്ഷിപ്പനി കൂടുതൽ മേഖലയിലേക്ക് പടരാതിരിക്കാൻ പ്രതിരോധ പ്രവർത്തനത്തിനുള്ള കിറ്റുകൾ സജ്ജമാക്കിയിരുന്നുവോ ;

(സി) സംസ്ഥാനത്ത് പക്ഷിപ്പനിപോലുള്ള രോഗങ്ങൾ കണ്ടുപിടിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്നറിയിക്കാമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) സംസ്ഥാനത്ത് പക്ഷിപ്പനി ആദ്യം റിപ്പോർട്ട് ചെയ്തത് ആലപ്പുഴ ജില്ലയിലെ പുറക്കാട്, തലവടി, കോട്ടയം ജില്ലയിലെ അയ്മനം എന്നീ പ്രദേശങ്ങളിലാണ്.

(ബി) മൃഗസംരക്ഷണ വകുപ്പിന്റെ കൈവശം ഉണ്ടായിരുന്ന എണ്ണൂറോളം കിറ്റുകൾ ഉപയോഗിച്ച് പ്രതിരോധ പ്രവർത്തനം ആരംഭിച്ചു. സംസ്ഥാനത്തിനകത്ത് നിന്നും, പുറമെ നിന്നുമായി 2000 കിറ്റുകൾ കൂടി അടിയന്തരമായി വാങ്ങി. കൂടുതൽ കിറ്റുകൾ ആവശ്യമായതിനാൽ കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച 10000 കിറ്റുകൾ ഡൽഹിയിൽ നിന്നും വിമാനമാർഗ്ഗം കൊണ്ടുവന്നു. കൂടാതെ അടിയന്തര സാഹചര്യം നേരിടുന്നതിന് കൂടുതലായി 10000 കിറ്റുകൾ

വാങ്ങുന്നതിനുവേണ്ട നടപടികളും എടുത്തിട്ടുണ്ട്.

(സി) വകുപ്പിന് കീഴിലുള്ള തിരുവല്ല പക്ഷിരോഗനിർണ്ണയ ലബോറട്ടറി, പാലോട് ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ആഫീസ്, പാലക്കാട് റീജീയണൽ ഡയഗ്നോസറ്റിക് ലബോറട്ടറി എന്നിവിടങ്ങളിൽ പക്ഷിപ്പനി പോലുള്ള രോഗങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള പ്രാഥമികപരിശോധകൾ നടത്തുന്നതിനുള്ള സംവിധാനമുണ്ട്. എന്നാൽ രോഗം സ്ഥിരീകരിക്കുന്നതിനാവശ്യമായ സംവിധാനങ്ങളോ അംഗീകാരമോ ടി ലാബുകൾക്കില്ല.

## ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്ന വീടുകൾക്ക് വീട്ടുകരത്തിൽ ഇളവ്

14 (*284) ശ്രീ. അൻവർ സാദത്ത് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോസഫ് വാഴക്കൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിൽ ബയോഗ്യാസ് പ്ലാൻറ് സ്ഥാപിക്കുന്ന വീടുകൾക്ക് വീട്ടുകരത്തിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത ഇളവ് നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമാണ് ;

(സി) വീട്ടുകരത്തിൽ ഇളവനുവദിക്കുന്നത് വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന് എത്രത്തോളം സഹായകമാകും എന്നാണ് പ്രതിപാദിക്കുന്നത് ;

(ഡി) കമ്പോസ്റ്റ് നിർമ്മാണം മാലിന്യ സംസ്കരണം എന്നിവ കൃത്യമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ&ബി) ഉണ്ട്. സർക്കാരിന്റെ 8-10-2012-ലെ 256/2012 ത.സ്വ.ഭവ. നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വീടുകളിൽ വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വീടുകളിൽ ബയോഗ്യാസ്, ബയോകമ്പോസ്റ്റ് പ്ലാന്റ് എന്നിവ സ്ഥാപിക്കുന്ന വീടുകൾക്ക് വീട്ടുകരത്തിൽ 10%

വരെ ഇളവ് അനുവദിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(സി) വീട്ടുകരത്തിൽ ഇളവ് അനുവദിക്കുന്നത് കാരണം കൂടുതൽ വീട്ടുടമകൾ വീടുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കാൻ താൽപ്പര്യം കാണിക്കും. അത് വഴി മാലിന്യം ഗണ്യമായ തോതിൽ ഉറവിടത്തിൽ തന്നെ സംസ്കരിക്കാൻ സാധിക്കും.

(ഡി) വീട്ടുകരത്തിൽ ഇളവ് അനുവദിച്ചിട്ടുള്ള വീടുകളിൽ സ്ഥാപിച്ചിട്ടുള്ള കമ്പോസ്റ്റ്, ഗ്യാസ് പ്ലാന്റുകൾ എന്നിവ കൃത്യമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. ഇപ്പോൾ ടി സ്ഥാപനങ്ങളിലെ വാർഡ്തല ശുചിത്വ കമ്മിറ്റി പ്രസ്തുത വിഷയത്തിൽ മേൽനോട്ടം വഹിച്ചു വരുന്നുണ്ട്.

**ജൈവകൃഷി മേഖലയിലുണ്ടായ വിദേശനിക്ഷേപം**

15 (*285) ശ്രീ. എം. എ. ബേബി :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. സി. കെ. സദാശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഗോള കാർഷിക സംഗമത്തിന് ജർമ്മനിയിലെ ന്യൂറംബർഗ് മെസ് എന്ന ആഗോള പ്രദർശനമേള കമ്പനിയൊരുക്കുന്ന 'ബയോഫാക് ഇന്ത്യാ-2014' മേളയുമായുള്ള ബന്ധം വിശദമാക്കുമോ ;

(ബി) ജൈവകൃഷി സംഗമത്തിൽ പങ്കെടുത്ത ഏതെല്ലാം വിദേശ കമ്പനികൾ താൽപ്പര്യം പ്രകടിപ്പിട്ടിട്ടുണ്ട് ; ധാരണാപത്രത്തിൽ ഒപ്പിട്ടവർ ആരൊക്കെയാണ് ; ഇതിനായി ഏതെല്ലാം ജില്ലയിൽ എത്ര ഏക്കർ ഭൂമി വീതം നൽകാൻ ഉദ്ദേശിക്കുന്നു ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ) ആഗോളതലത്തിൽ ജൈവകൃഷി പ്രോത്സാഹന വിപണനത്തിനായി "ബയോഫാക്" എന്ന മേള സംഘടിപ്പിക്കുന്നത് "ന്യൂറംബർഗ് മെസ്" ആണ്. ഇന്ത്യയിൽ പ്രസ്തുത "ന്യൂറംബർഗ് മെസ്" യുമായി സഹകരിച്ച് വിവിധ കേന്ദ്ര സംസ്ഥാന സർക്കാർ വകുപ്പുകളുടെ സഹകരണത്തോടെ "ബയോഫാക് ഇന്ത്യ"

എന്ന മേള സംഘടിപ്പിക്കുന്നത് ബാംഗ്ലൂർ ആസ്ഥാനമാക്കി പ്രവർത്തിച്ചുവരുന്ന "International Competence Centre for Organic Agriculture (ICCOA)" ആണ്.

(ബി) ബയോഫാക് ഇന്ത്യ 2014-ൽ ഭാഗഭാക്കാകുവാനും മേളയിൽ പ്രദർശനസ്റ്റാളുകൾ സജ്ജമാക്കുവാനും സഹകരിച്ച വിദേശകമ്പനികളുടെ പേരു വിവരം ചുവടെ ചേർക്കുന്നു:

- ജിയോസാൻ ഇന്റർനാഷണൽ ഓർഗാനിക് എക്സ്പോ ഓർഗനൈസിംഗ് കമ്മിറ്റി, കൊറിയ
- ഇന്റർനാഷണൽ ഫെഡറേഷൻ ഓഫ് ഓർഗാനിക് അഗ്രിക്കൾച്ചർ മൂവ്മെന്റ്സ് (IFOAM) ജർമ്മനി
- ദി ഇഡിയ കമ്പനി (THE IIDEA COMPANY) മെക്സിക്കോ എന്നാൽ ജൈവകൃഷിക്കായി സംഗമത്തിൽ പങ്കെടുത്ത് ധാരണാ പത്രത്തിൽ ഒപ്പിട്ടത് കൊറിയൻ ഗോസാൻ കൗണ്ടി മേയറാണ്. കേരളത്തിലെ ആദ്യ ബയോ വില്ലേജ് കാസർഗോഡ് ജില്ലയിൽ യാഥാർത്ഥ്യമാക്കുന്നതിന്റെ ഭാഗമായി കൊറിയയുടെ സഹായത്തോടെ ആരംഭിക്കുന്ന ബയോവില്ലേജിനുള്ള ധാരണാപത്രം കൊറിയൻ ഗോസാൻ കൗണ്ടി മേയറും പനത്തടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റും ഒപ്പുവച്ചു. ബയോവില്ലേജ് രൂപീകരണത്തിനുള്ള സാങ്കേതികസഹായം കൊറിയ ലഭ്യമാക്കും. ബയോവില്ലേജ് സ്ഥാപിക്കുന്നതിനുള്ള പരിശീലനവും ഇതുമായി ബന്ധപ്പെട്ട് നല്കുന്നതാണ്.

**തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിന് നടപടി**

16 (*286) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെരുവുനായ്ക്കളുടെ ശല്യം ഇല്ലാതാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) തെരുവുനായ്ക്കളെ നിയന്ത്രിയ്ക്കുന്നതിന് നഗരസഭകൾ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) തെരുവു നായ്ക്കളെ നിയന്ത്രിക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നഗരസഭയ്ക്ക് നൽകുന്നതെന്ന് വിശദമാക്കുമോ;

(ഡി) തെരുവു നായ്ക്കളെ നിയന്ത്രിക്കുന്നതിന് സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികളും വിവിധ സംഘടനകളുടെ പ്രവർത്തനവും വിശദമാക്കുമോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ) നായ്ക്കളുടെ വംശ വർദ്ധനവ് തടയുന്നതിന് വേണ്ടി രൂപ കൽപ്പന നടത്തിയിട്ടുള്ള എ.ബി.സി പ്രോഗ്രാം സംസ്ഥാനത്തെ എല്ലാ നഗരസഭാ പ്രദേശങ്ങളിലും സമയബന്ധിതമായി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. സംസ്ഥാനത്തെ 5 മുനിസിപ്പൽ കോർപ്പറേഷനുകളിലും എ.ബി.സി. പ്രോഗ്രാം നടപ്പുവർഷം തന്നെ ആരംഭിക്കുവാനും മറ്റ് മുനിസിപ്പാലിറ്റികളിൽ സ്വന്തം നിലയിലോ സമീപ ഗ്രാമപഞ്ചായത്തുകളുമായി ചേർന്ന് ക്ലസ്റ്റർ രൂപീകരിച്ച് എ.ബി.സി പ്രോഗ്രാം നടപ്പിലാക്കുന്നതിനുമാണ് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത്. തദ്ദേശസ്വയംഭരണ വകുപ്പും മൃഗസംരക്ഷണ വകുപ്പും മറ്റ് സന്നദ്ധ സംഘടനകളുമായി ചേർന്ന് ആനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയുടെ സഹായത്തോടെ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനാണ് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത്. നഗരമാലിന്യങ്ങളിൽ ഭക്ഷ്യവസ്തുക്കളുടെ ലഭ്യത ഉറവിട മാലിന്യസംസ്കരണ പദ്ധതികളിലൂടെ പരാവധി കുറച്ചും തെരുവ് നായ്ക്കളുടെ എണ്ണം നിയന്ത്രിക്കുവാൻ പര്യാപ്തമാകുമെന്നതിനാൽ അതിനുള്ള നിർദ്ദേശങ്ങളും നഗരസഭകൾക്ക് നൽകിയിട്ടുള്ളതുമാണ്.

(ബി) എ.ബി.സി. (Animal Birth Control) പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ നടപടി എന്ന നിലയ്ക്ക് തിരുവനന്തപുരം നഗരസഭയിൽ അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയുടെ അംഗീകാരമുള്ള M/s ഹ്യൂമയിൻ സൊസൈറ്റി ഇന്റർനാഷണൽ എന്ന സ്ഥാപനത്തെ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കരാർ ഏൽപ്പിക്കുകയും നഗരസഭ പ്രദേശത്തെ തെരുവ് നായ്ക്കളുടെ സെൻസസ് ഇതിനകം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഡിസംബർ മാസത്തിൽ തന്നെ തെരുവ് നായ്ക്കളുടെ വന്ധ്യംകരണ പ്രവർത്തനങ്ങൾ

ആരംഭിക്കുന്നതരത്തിൽ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. ഇതിനകം തിരുവനന്തപുരം നഗരസഭ പ്രദേശത്ത് 1766 നായ്ക്കളെ വന്ധ്യംകരണ ശസ്ത്രക്രിയയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. കൊല്ലം, കൊച്ചി, കോഴിക്കോട് എന്നീ മുനിസപ്പൽ കോർപ്പറേഷനുകൾ 2014-15 വർഷത്തെ വാർഷിക പദ്ധതിയിൽ എ.ബി.സി. പദ്ധതിയ്ക്കായി ഫണ്ട് വകയിരുത്തിയിട്ടുള്ളതാണ്. പദ്ധതി നടത്തിപ്പിന് പശ്ചാത്തല സൗകര്യം ഒരുക്കുന്നതിന് എല്ലാ നഗരസഭകളും നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ആനിമൽ വെൽഫെയർ ബോർഡ് മുഖേന എ.ബി.സി. പ്രോഗ്രാം നടത്തുന്നതിന് നായ ഒന്നിന് 445 രൂപ കണക്കിൽ ധനസഹായം നൽകുന്നതാണ്. മൃഗസംരക്ഷണ വകുപ്പിലെ ഡോക്ടർമാരുടെ സേവനം നഗരസഭകൾക്ക് വിട്ടുകൊടുക്കുന്നുണ്ട്. നാഷണൽ റാബിസ് കൺട്രോൾ പ്രോഗ്രാമിന്റെ ഭാഗമായി സാമ്പത്തിക സഹായം നൽകുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) സർക്കാർ എ.ബി.സി. പ്രോഗ്രാം നടപ്പാക്കുന്നതിന് ഇതിനകം നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. തദ്ദേശസ്വയംഭരണ വകുപ്പ് മൃഗസംരക്ഷണ വകുപ്പും സന്നദ്ധ സംഘടനയായ സത്യസായി ഓർഫനേജ് ട്രസ്റ്റ് എന്നിവയുടെ സംയുക്ത സംരംഭമായി കെ.എസ്.യു.ഡി.പി.-യെ നോഡൽ ഏജൻസിയായി നിയമിച്ച് അനിമൽ ബർത്ത് കൺട്രോൾ & ആന്റി റാബിസ് പദ്ധതിയ്ക്ക് 31-7-2014-ലെ സ.ഉ.(സാധ)നമ്പർ 1995/2014/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഈ പദ്ധതിയ്ക്ക് അംഗീകാരം നൽകുകയുണ്ടായി. എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകളിലും മേജർ മുനിസിപ്പാലിറ്റികളിലും സ്വന്തം നിലയ്ക്ക് പ്രോജക്ടുകൾ രൂപ കൽപന നടത്തി നടപ്പിലാക്കുന്നതിനും മറ്റിടങ്ങളിൽ സഹപഞ്ചായത്തുകളുമായി സംയുക്തമായി ചേർന്ന് എ.ബി.സി. പ്രോഗ്രാം നടത്തുന്നതിനുമാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. 2015-16 വർഷത്തിൽ നാഷണൽ റാബീസ് കൺട്രോൾ പ്രോഗ്രാമിന്റെ ഭാഗമായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ ജില്ലകളിൽ ഒരു ലക്ഷം നായ്ക്കളെ വന്ധ്യംകരണം ചെയ്യുന്നതിന് 13 കോടി രൂപ ചെലവ് വരുന്ന പദ്ധതിക്ക് സംസ്ഥാന പ്ലാനിംഗ് ബോർഡ് രൂപ കൽപ്പന ചെയ്ത് ഫണ്ട് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

### കുടുംബശ്രീ പ്രവർത്തകർക്ക് പെൻഷൻ

17 (*287) ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ) :

ശ്രീമതി പി. അയിഷാ പോറ്റി :

ശ്രീ. ആർ. രാജേഷ് :

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബശ്രീ പ്രവർത്തകർക്കായി നടപ്പാക്കാനുദ്ദേശിക്കുന്ന പെൻഷൻ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി എന്നു മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) കുടുംബശ്രീ അംഗങ്ങൾക്കുള്ള കാരുണ്യശ്രീ പദ്ധതിയെക്കുറിച്ച് വ്യക്തമാക്കാമോ ;

(ഡി) കുടുംബശ്രീ പ്രവർത്തകർക്കായി എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) കുടുംബശ്രീ പ്രവർത്തകർക്കായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പെൻഷൻ പദ്ധതിയെ സംബന്ധിച്ച് ചർച്ചകൾ നടത്തിവരുന്നു. അന്തിമ തീരുമാനം ആയിട്ടില്ല.

(ബി) 2015-16 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(സി) ഇത് കുടുംബശ്രീയിൽ നടപ്പിലാക്കിയിട്ടില്ല.

(ഡി) കുടുംബശ്രീ പ്രവർത്തകർക്കായി പുനർജനി, അനുയാത്ര, മീഡിയാശ്രീ, ഇൻഷ്വറൻസ് പദ്ധതി, ക്രെഡിറ്റ് ലിങ്കേജ്, റൂറൽ മൈക്രോ എന്റർപ്രൈസസ്, യുവശ്രീ, സ്കിൽ & പ്ലേസ്മെന്റ്, സാഗരശ്രീ, ഇന്ത്യൻ റെയിൽവേയുമായി സംയോജിച്ചുള്ള പാർക്കിംങ് സംവിധാനം, കഫേ കുടുംബശ്രീ എന്നീ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

## കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ മേളകളും പ്രദർശനങ്ങളും

18 (*288) ശ്രീ. എം. ഹംസ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. ബി. സത്യൻ :
ശ്രീ. പുരുഷൻ കടലുണ്ടി: താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നൽകുമോ :

(എ) കൃഷി വകുപ്പിൻെറ ആഭിമുഖ്യത്തിൽ മേളകളും പ്രദർശനങ്ങളും സംഘടിപ്പിക്കാറുണ്ടോ ;

(ബി) ഇവ നടത്തുന്നതിനുള്ള തുക എങ്ങനെയാണ് കണ്ടെത്തുന്നത് എന്നറിയിക്കാമോ ;

(സി) വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നും പ്രസ്തുത ആവശ്യത്തിലേക്കായി പണം പിരിക്കാറുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) ഇത്തരത്തിൽ തുക ആവശ്യപ്പെട്ടുകൊണ്ട് വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി കത്തിടപാട് നടത്തിയിട്ടുണ്ടോ ; ഇത് ഏതു ചട്ടപ്രകാരമാണെന്ന് അറിയിക്കാമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) ഉണ്ട്. കൃഷി വകുപ്പും ത്രിതല പഞ്ചായത്തുകളും സംയുക്തമായും സംഘടിപ്പിക്കാറുണ്ട്.

(ബി) കൃഷിവിജ്ഞാന വ്യാപനം ശാക്തീകരണം എന്ന പദ്ധതിയിൽ നിന്നും ഇതിനായി ഫണ്ട് കണ്ടെത്തുന്നു. കൂടാതെ കേന്ദ്ര സർക്കാരിന്റെ ആത്മ പദ്ധതിയിൽ ജില്ലാ മേളകൾ സംഘടിപ്പിക്കുന്നതിനായി 4.0 ലക്ഷം രൂപ വീതം ലഭ്യമാണ്.

(സി) വിവിധ സ്ഥാപനങ്ങൾ മേളകളിൽ പങ്കെടുക്കാറുണ്ട്. അവർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന്റെ ചെലവിനായി തുക സംഘാടകർ സ്വരൂപിക്കുന്നുണ്ട്.

(ഡി) ഉണ്ട്. ത്രിതല പഞ്ചായത്തുകൾ നടത്തുന്നതും കൃഷി വകുപ്പ് നേരിട്ട് നടത്തുന്നതുമായ കാർഷിക മേളകൾക്ക് അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിന് സഹായം നല്കുന്നതിന് കൂടിച്ചേർന്ന യോഗതീരുമാന പ്രകാരം നൽകാറുണ്ട്.

**കുരുമുളക് പുനരുദ്ധാരണ പദ്ധതി**

19 (*289) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. രാജു :
ശ്രീമതി ഇ. എസ്. ബിജിമോൾ: താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ :

(എ) കുരുമുളക് പുനരുദ്ധാരണ പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചതെന്നാണ്, പ്രസ്തുത പദ്ധതി മുഖേന എന്തെല്ലാം കർമ്മപരിപാടികളാണ് നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള സഹായങ്ങൾ ലഭിക്കാത്തതുമൂലം കർഷകർ കടക്കെണിയിലാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ കർഷകരെ തുടർന്ന് സഹായിക്കുന്നതിന് എന്തെങ്കിലും നടപടികളെടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) കുരുമുളക് കൃഷി പുനരുദ്ധാരണത്തിനും വികസനത്തിനുമായുള്ള വിവിധ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. രോഗം ബാധിച്ചതും, ഉല്പാദനം കുറഞ്ഞതുമായ വള്ളികൾ നീക്കം ചെയ്ത് നല്ലയിനം കുരുമുളക് വള്ളികൾ വച്ചുപിടിപ്പിക്കുക, ജൈവ രാസവളങ്ങൾ, കീടരോഗനിയന്ത്രണത്തിനായി ജൈവ കീടനാശിനികൾ, ജൈവിക നിയന്ത്രണോപാധികൾ, നല്ലയിനം കുരുമുളക് വള്ളികളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിന് വികേന്ദ്രീകൃത നഴ്സറികൾ ഡിപ്പാർട്ട്മെന്റ് ഫാമുകൾ വഴി വേരുപിടിപ്പിച്ച കുരുമുളക് വള്ളിയുടെ ഉല്പാദനം, ജൈവ കുരുമുളക് കൃഷിക്ക് പ്രോത്സാഹനം, ദ്രുതവാട്ട രോഗനിയന്ത്രണം, വിള വിസ്തൃതി വ്യാപനം എന്നിവയാണ് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ളത്. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള മുഖാന്തരം 2005 നവംബർ മാസം മുതൽ സംസ്ഥാനത്ത് ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കുരുമുളക് പുരുദ്ധാരണ പദ്ധതി 2006-07 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു. ദേശീയ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി രോഗം ബാധിച്ചതും ഉൽപ്പാദനക്ഷമത കുറഞ്ഞതുമായ കുരുമുളക് വള്ളികൾ മുറിച്ചുമാറ്റി അത്യുൽപ്പാദന ശേഷിയുള്ളവ നട്ട് പിടിപ്പിച്ച് തോട്ടം പരിപാലിപ്പിക്കുന്നതിനായി ഹെക്ടർ ഒന്നിന് 15,000 രൂപ ധനസഹായം നൽകിയിരുന്നു. 2014-15 സാമ്പത്തിക വർഷം മുതൽ ധനസഹായം 20,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2009-10 മുതൽ ഇടുക്കി ജില്ലയിലും 2010-11 മുതൽ വയനാട് ജില്ലയിലും

സ്പൈസസ് ബോർഡ് മുഖാന്തരമാണ് കുരുമുളക് പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കിവരുന്നത്. ബാക്കി ജില്ലകളിൽ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം കുരുമുളക് കൃഷി പുനരുദ്ധാരണം നടപ്പിലാക്കിയതിന്റെ വർഷം തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | ഭൗതിക നേട്ടം (ഹെക്ടറിൽ) | സാമ്പത്തിക നേട്ടം (ലക്ഷം രൂപയിൽ) |
|---|---|---|
| 2006-07 | 7930 | 947.4093 |
| 2007-08 | 22049.525 | 3052.52172 |
| 2008-09 | 3469.3732 | 340.15557 |
| 2009-10 | 13218.217 | 2092.62212 |
| 2010-11 | 7542.5723 | 1068.4979 |
| 2011-12 | 906.469 | 199.01751 |
| 2012-13 | 1276.91697 | 190.17479 |
| 2013-14 | 850.065 | 127.48625 |
| 2014-15 | 151.65 | 30.2675 |
| ആകെ | | 8048.15266 |

നടപ്പ് സാമ്പത്തിക വർഷത്തിലും സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ 250 ഹെക്ടറിൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മേൽ വിശദീകരിച്ച പദ്ധതികൾ തുടർന്ന് നടപ്പിലാക്കുന്നുണ്ട്.

**സാമ്പത്തിക സാക്ഷരതാ കേന്ദ്രങ്ങൾ**

20 (*290) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. കെ. രാജു : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സാമ്പത്തിക സാക്ഷരതാ കേന്ദ്രങ്ങൾ പ്രവർക്കിക്കുന്നുണ്ടോ ; എങ്കിൽ എത്ര കേന്ദ്രങ്ങൾ ;

(ബി) പ്രസ്തുത കേന്ദ്രങ്ങളുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) പ്രസ്തുത കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതിനുള്ള ധനസഹായം ലഭിക്കുന്നതെവിടെ നിന്നെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) എല്ലാ ബ്ലോക്കുകളിലും ഇത്തരം കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിനുള്ള നടപടികൾ ഏതുവരെയായി എന്ന് വിശദമാക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) ഗ്രാമ വികസന വകുപ്പിന് കീഴിലുള്ള 38 ബ്ലോക്ക് പഞ്ചായത്തുകളിൽ സാമ്പത്തിക സാക്ഷരതാ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) സാധാരണക്കാരായ ജനങ്ങൾക്ക് ബാങ്ക് ലഭ്യമാക്കുന്ന സേവനങ്ങൾ സംബന്ധിച്ച് ഉപദേശങ്ങൾ നൽകുകയും ഇത് സംബന്ധിച്ച് സംശയങ്ങൾ ദൂരീകരിക്കുകയുമാണ് ലക്ഷ്യങ്ങൾ.

(സി) ഓരോ ബ്ലോക്കിലും വ്യത്യസ്ത ബാങ്കുകളാണ് ഇത്തരം കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുന്നത്. ഈ കേന്ദ്രങ്ങൾ റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്.

(ഡി) ഇത് സംബന്ധിച്ച ആവശ്യം സർക്കാരിൽ ലഭിക്കുന്ന സാഹചര്യത്തിൽ പരിശോധിക്കുന്നതാണ്.

**സോയിൽ ഹെൽത്ത് കാർഡുകൾ**

21 (*291) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ പി. സി. വിഷ്ണുനാഥ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡുകൾ നൽകുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) കാർഡുകളിൽ എന്തെല്ലാം വിവരങ്ങളാണ് രേഖപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ ;

(ഡി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) ഉണ്ട്.

(ബി) മണ്ണറിഞ്ഞ് വളപ്രയോഗം ചെയ്യുന്നതിനും അതുവഴി ഉത്പാദനക്ഷമതയും ഉത്പാദനവും വർദ്ധിപ്പിക്കുന്നതിനും കൃഷിച്ചെലവ് കുറയ്ക്കുന്നതിനും സോയിൽ ഹെൽത്ത് കാർഡ് നൽകുന്നതു വഴി ലക്ഷ്യമിടുന്നു. മണ്ണിലെ സൂക്ഷ്മ മൂലകങ്ങളുടെ പരിശോധനാഫലം ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് കൂടുതൽ സഹായിക്കുന്നു. മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിന് കൂടുതൽ ജൈവ വളങ്ങൾ ചേർക്കുന്നതിനും ജൈവകൃഷിയിലേക്ക് കർഷകരെ ആകർഷിക്കുന്നതിനും ലക്ഷ്യമിടുന്നു.

(സി) സോയിൽ ഹെൽത്ത് കാർഡുകളെ നാലുഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ആദ്യഭാഗത്ത് കർഷകന്റെ പേര്, മേൽവിലാസം, സ്ഥലത്തിന്റെ ലൊക്കേഷൻ, സാമ്പിൾ കോഡ് എന്നിവ രേഖപ്പെടുത്തിയിരിക്കുന്നു. രണ്ടാം ഭാഗത്ത് മണ്ണ് പരിശോധനഫലവും ഓരോ ഘടകത്തിന്റെയും വ്യാഖ്യാനവും രേഖപ്പെടുത്തിയിരിക്കുന്നു. മൂന്നാം ഭാഗത്ത് മണ്ണ് പരിശോധനാടിസ്ഥാനത്തിൽ കർഷകന്റെ പ്രധാനപ്പെട്ട മൂന്ന് വിളകളുടെ മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലുള്ള ശിപാർശകൾ അടങ്ങിയിരിക്കുന്നു. നാലാം ഭാഗത്ത് പൊതുവിലുള്ള വിളവ് പരിപാലന നിർദ്ദേശങ്ങൾ അടങ്ങിയിരിക്കുന്നു.

(ഡി) സംസ്ഥാനത്ത് 14 ജില്ലകളിലും മണ്ണ് പരിശോധന ശാലകളും 11 ജില്ലകളിൽ സഞ്ചരിക്കുന്ന മണ്ണ് പരിശോധന ശാലകളും പ്രവർത്തിക്കുന്നു. ഈ ലാബുകളുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടം ചീഫ് സോയിൽ കെമിസ്റ്റ് നിർവ്വഹിക്കുന്നു. സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന കേന്ദ്ര മണ്ണ് സസ്യ ആരോഗ്യ കേന്ദ്രമാണ് എല്ലാ ലാബുകളുടേയും പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്. കൃഷി ഡയറക്ടറേറ്റിൽ കൃഷി അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്) ലാബുകളുടെ പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് നിർവ്വഹിക്കുന്നു. കൂടാതെ മണ്ണ് പര്യവേക്ഷണ സംരക്ഷണ ഡയറക്ടറേറ്റ് വഴിയും സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്തു വരുന്നു.

## സാമൂഹ്യനീതി വകുപ്പിന്റെ പദ്ധതികളിൽ എൻ.ജി.ഒ.- കൾക്ക് കൂടുതൽ പങ്കാളിത്തം

22 (*292) ശ്രീ. പി. സി. ജോർജ് :

ശ്രീ. എം. വി. ശ്രേയാംസ് കുമാർ :

ഡോ. എൻ. ജയരാജ് :

ശ്രീ. റോഷി അഗസ്റ്റിൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യ നീതി വകുപ്പിന്റെ വിവിധ പദ്ധതികളിൽ എൻ.ജി.ഒ. കൾക്ക് കൂടുതൽ പങ്കാളിത്തം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം മേഖലകളിൽ പ്രവർത്തിക്കുന്ന എൻ. ജി. ഒ. കൾക്കാണ് ഇത്തരത്തിൽ പങ്കാളിത്തം നൽകുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനായി എൻ. ജി. ഒ. കൾക്ക് അക്രഡിറ്റേഷൻ നൽകുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) തീരുമാനിച്ചിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമ പദ്ധതികളിൽ സന്നദ്ധസംഘടനകൾക്ക് കൂടുതൽ പങ്കാളിത്തം ഉറപ്പാക്കുന്നതിനും അതനുസരിച്ച് എൻ.ജി.ഒ.- കളെ അക്രഡിറ്റ് ചെയ്യുന്നതിനായി ഗവൺമെന്റ്-സിവിൽ സൊസൈറ്റി പാർട്ട്ണർഷിപ്പിനാവശ്യമായ ഫ്രെയിം വർക്ക്, അക്രഡിറ്റേഷൻ മാനുവൽ എന്നിവ അംഗീകരിച്ച് 30-11-2013-ലെ സ.ഉ.(എം.എസ്)നമ്പർ 104/13/സാനീവ പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കുട്ടികൾ, വൃദ്ധർ, ഭിന്നശേഷിയുള്ളവർ, മാനസികമായി വെല്ലുവിളികൾ നേരിടുന്നവർ, മാനസിക രോഗികൾ, ഗാർഹിക പീഡനമുൾപ്പെടെ പീഡനത്തിനിരയാകുന്ന സ്ത്രീകൾ തുടങ്ങി സമൂഹത്തിലെ ദുർബല വിഭാഗങ്ങളുടെ സംരക്ഷണവും പുനരധിവാസവും ഉൾപ്പെടെയുള്ള മേഖലകളിൽ പ്രവർത്തിക്കുന്ന സർക്കാരിതരസന്നദ്ധ സംഘടനകൾക്കാണ് ഈ സംരംഭത്തിൽ പങ്കാളിത്തം നൽകുന്നത്.

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ**

23 (*293) ഡോ. കെ. ടി. ജലീൽ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും സ്പോർട്സും സിനിമയും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ

വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ബോർഡിൻെറ പ്രവർത്തനങ്ങൾക്കായുള്ള വരുമാന സ്രോതസ്സുകൾ ഏതെല്ലാമാണ് ;

(സി) ബോർഡിന് ഈ സാമ്പത്തിക വർഷം നിശ്ചയിച്ചിരുന്നതിൻെറ വിശദാംശങ്ങൾ നൽകാമോ ; ഇതിൽ നാളിതുവരെ ബോർഡിന് എന്തു തുക നൽകിയെന്നറിയിക്കാമോ ;

(ഡി) സിനിമാ ടിക്കറ്റിനുമേലുള്ള സെസ്സ് പിരിക്കുന്നതിന് കോടതി വിലക്ക് നിലവിലുണ്ടോ ; ഇത് മാറ്റുന്നതിന് സർക്കാർ ശ്രമം ഏതെങ്കിലും നടത്തുന്നുണ്ടോ ; വിശദമാക്കാമോ ?

വനവും പരിസ്ഥിതിയും സ്പോർട്സും സിനിമയും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) 2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ട് 3(2)-ാം വകുപ്പിൽ സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ വരവുവയ്ക്കേണ്ട ഫണ്ടിനങ്ങൾ ഏതൊക്കെയാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അവ താഴെ പറയും പ്രകാരമാണ്:

i. 6-ാം വകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ള അംശദായങ്ങൾ

ii. കേന്ദ്രസർക്കാരോ സംസ്ഥാനസർക്കാരോ തദ്ദേശ സ്ഥാപനങ്ങളോ മറ്റ് സർക്കാരിതര സ്ഥാപനങ്ങളോ സംഘടനകളോ, വ്യക്തികളോ നൽകുന്ന ഗ്രാന്റുകളും, വായ്പകളും മുൻകൂറുകളും സംഭാവനകളും.

iii. സംസ്ഥാന ലോട്ടറി വകുപ്പുമായി ചേർന്ന് നടത്തിയ ലോട്ടറി മുഖേന ശേഖരിച്ച ഫണ്ട്.

iv. 14 -ാം വകുപ്പ് പ്രകാരം ബോർഡ് കടം വാങ്ങിയ തുക

v. ബോർഡ് നടത്തിയ ഏതെങ്കിലും നിക്ഷേപത്തിന്റെ ഓഹരിയുടെയോ, ലാഭമോ, പലിശയോ ലാഭവിഹിതമോ

vi. ആക്ടോ, ചട്ടങ്ങളോ പദ്ധതിയോ പ്രകാരം ബോർഡ്

സമാഹരിച്ച ഏതെങ്കിലും ഫീസ്

vii. നിധിയിലെ തുക വർദ്ധിപ്പിക്കുന്നതിനായി ബോർഡ് മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നും സമാഹരിച്ച ഏതെങ്കിലും തുക

viii. ഇരുപത്തിയഞ്ച് രൂപയിൽ കവിയുന്ന സിനിമാ ടിക്കറ്റ് വിലയിൽ നിന്ന് ബോർഡ് സമാഹരിച്ച സെസ്സ് തുക

ix. 18-ാം വകുപ്പ് പ്രകാരം ഈടാക്കിയ കുടിശ്ശിക തുക

x. നിധി ശേഖരണത്തിനായി നടത്തുന്ന കലാ സാംസ്കാരിക പരിപാടികളിലൂടെ സ്വരൂപിക്കുന്ന തുക

xi. ഒരു രൂപ പ്രകാരം ഡി.റ്റി.എച്ച്. കേബിൾ വരിക്കാരിൽ നിന്നും ശേഖരിക്കുന്ന തുക

xii. പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം ഫണ്ടിലേക്ക് വരവ് വയ്ക്കേണ്ടതായ മറ്റേതെങ്കിലും തുക

ഇവക്കുപുറമേ ആക്ടിലെ 6-ാം വകുപ്പ് 4-ാം ഉപവകുപ്പ് പ്രകാരം, ഓരോ വർഷവും അംഗങ്ങളിൽ നിന്നും ലഭിക്കുന്ന മൊത്തം അംശദായത്തിന്റെ രണ്ട് ശതമാനത്തിന് തുല്യമായ തുക സർക്കാർ ഗ്രാന്റായി ലഭിക്കുന്നതിനും വ്യവസ്ഥയുണ്ട്.

(സി) ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല.

(ഡി) ഉണ്ട്. സെസ്സ് പിരിവിനെതിരെ ഹൈക്കോടതി മുമ്പാകെ The Kerala Film Exhibitors Federation ഫയൽ ചെയ്ത WP(C)No.4195/13-ൽ ഹൈക്കോടതി പുറപ്പെടുവിച്ച താൽക്കാലിക ഉത്തരവിനെതിരെ സർക്കാർ 913/13 നമ്പർ റിട്ട് അപ്പീലും ക്ഷേമനിധി ബോർഡ് 915/13 നമ്പർ റിട്ട് അപ്പീലും ഫയൽ ചെയ്തുവെങ്കിലും, ഈ റിട്ട് അപ്പീലുകൾ 16-10-2014-ലെ ഹൈക്കോടതി വിധി പ്രകാരം തള്ളിയിരുന്നു. ടി വിധി ന്യായത്തിൽ പരാമർശിക്കുന്ന WP(C) No.4195/13, 12705/13, 5465/13 എന്നീ കേസുകളിൽ എതിർ സത്യവാങ്മൂലം അഡ്വക്കേറ്റ് ജനറലുമായി കൂടിയാലോചിച്ച് ഫയൽ ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ആശ്രയ പദ്ധതി**

24 (*294) <u>ശ്രീ. എം. പി. വിൻസെന്റ്</u> :

ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. പി. എ. മാധവൻ :

ശ്രീ. ഹൈബി ഈഡൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആശ്രയ പദ്ധതിക്കു തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ ;

(സി) സമൂഹത്തിലെ അശരണരായ വിധവകൾക്കും, മാരകരോഗങ്ങൾ ബാധിച്ച് ജോലിയെടുക്കാൻ സാധിക്കാത്തവർക്കും എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) ഉണ്ട്. സംസ്ഥാനത്ത് 2002-03 സാമ്പത്തിക വർഷം മുതൽ ആശ്രയ പദ്ധതി നടപ്പിലാക്കി വരുന്നു. കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന നിരാശ്രയരും, അടിസ്ഥാന ജീവിതസൗകര്യങ്ങൾ നിഷേധിക്കപ്പെട്ടവരും, സാമൂഹ്യമായി ബഹിഷ്കൃതരും, പാർശ്വവൽക്കരിപ്പെട്ടവരും, യാതൊരു വിധ കണക്കെടുപ്പിലും ഉൾപ്പെടാത്തവരുമായ കുടുംബങ്ങളെ സുതാര്യമായ മാനദണ്ഡങ്ങൾ ഉപയോഗിച്ച് കണ്ടെത്തി പുനരധിവസിപ്പിക്കുന്ന പദ്ധതിയാണ് ആശ്രയ (Destitute Identification & Rehabilitation Programme).

(ബി) അടിസ്ഥാന സൗകര്യ വികസനം, അതിജീവനാവശ്യം, വികസനാവശ്യം എന്നീ ഘടകങ്ങളിൽ ഉൾപ്പെടുത്തി ഒരു കുടുംബത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. കുടുംബശ്രീയുടെ സാമ്പത്തികേതര ക്ലേശഘടകങ്ങൾ ഉപയോഗിച്ച് കണ്ടെത്തുന്ന ഗുണഭോക്താക്കൾക്ക് ഭക്ഷണം, ആരോഗ്യപരിരക്ഷ, വസ്ത്രം, വിദ്യാഭ്യാസം, വീട് തുടങ്ങി ആവശ്യമായതെല്ലാം പ്രസ്തുത പദ്ധതി പ്രകാരം വിവിധ സർക്കാർ/സർക്കാരിതര സംഘടനകളുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നൽകി വരുന്നു.

(സി) ആശ്രയ മാനദണ്ഡങ്ങൾ പ്രകാരം നിശ്ചയിക്കപ്പെട്ട ക്ലേശഘടകങ്ങളുടേയും അധിക ക്ലേശഘടകങ്ങളുടേയും അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. മേൽപ്പറഞ്ഞ മാനദണ്ഡ പ്രകാരം അർഹതയുള്ളവരാണെങ്കിൽ അശരണരായ

വിധവകളെയും മാരകരോഗങ്ങൾ ബാധിച്ച് ജോലിയെടുക്കാൻ സാധിക്കാത്തവരെയും ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തുകയും അർഹമായ ആനുകൂല്യങ്ങളായ പാർപ്പിടം, കക്കൂസ്, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ, ഭക്ഷണം, വസ്ത്രം, മരുന്ന്, കുട്ടികളുടെ വിദ്യാഭ്യാസം തുടങ്ങിയ ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും ചെയ്യാവുന്നതാണ്.

(ഡി) ആശ്രയ പദ്ധതി നടപ്പിലാക്കുന്നത് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരമാണ്. ടി സ്ഥാപനങ്ങളിൽ ആശ്രയ പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്നതിനായി ഒരു ചാർജ്ജ് ഓഫീസർ ഉണ്ടാകും. നിലവിൽ കുടുംബശ്രീ മെമ്പർ സെക്രട്ടറിയായി പ്രവർത്തിക്കുന്ന പഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറിമാരായിരിക്കും ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെടുന്നത്. പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശഭരണസ്ഥാപനങ്ങൾക്കായി ജില്ലാതല റിവ്യൂ മീറ്റിംഗ്, പ്രോജക്ട് രൂപീകരണത്തിന് പരിശീലനം എന്നിവ ഉൾപ്പെടെയുള്ള വിവിധ നടപടികൾ സ്വീകരിക്കുന്നുണ്ട്.

## പ്രവാസികളുടെ നിക്ഷേപത്തിന് അധിക നികുതി ഈടാക്കുന്നത് നിമിത്തമുള്ള ബുദ്ധിമുട്ടുകൾ

25 (*295) ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ മോൻസ് ജോസഫ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി ഭാരതീയർ നിക്ഷേപിക്കുന്ന പണത്തിന് അധിക നികുതി ഈടാക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾമൂലം പ്രവാസികൾ നേരിട്ടേക്കാവുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ കേന്ദ്ര സർക്കാരുമായി പ്രവാസികളുടെ പ്രശ്നങ്ങൾ ചർച്ചചെയ്ത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രവാസികളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും അവ ഏറ്റവും വേഗത്തിൽ പരിഹരിക്കുന്നതിനും നടപടികൾ ഉണ്ടാകുമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) ഉണ്ട്. പ്രവാസികൾ വിദേശത്തു നിന്നും സ്വദേശത്തേക്ക് അയയ്ക്കുന്ന പണം ഇന്ത്യയ്ക്കകത്ത് കൈകാര്യം ചെയ്യുന്ന സേവന ദാതാക്കളുടെ മേൽ സേവന നികുതി ഏർപ്പെടുത്താനുള്ള കേന്ദ്ര സർക്കാർ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

വിദേശത്ത് നിന്നും ഇന്ത്യയിലേക്ക് അയയ്ക്കുന്ന പണത്തിന് സേവന നികുതി ബാധകമല്ല. എന്നാൽ വിദേശ നാണയ വിനിമയ സേവന ദാതാവി (foreign money transfer service operator) (MTSO)ന്റെ ഏജന്റായോ പ്രതിനിധിയായോ ഈ പണം ഇന്ത്യയ്ക്കകത്ത് വിതരണം ചെയ്യുന്ന സ്ഥാപനമോ ബാങ്കോ ഈ സേവനത്തിന് വിദേശ നാണയ വിനിമയ സേവന ദാതാവിൽ (MTSO) നിന്നും ഈടാക്കുന്ന കമ്മീഷന് സേവന നികുതി നൽകണമെന്നതാണ് നിർദ്ദേശം. ഇത്തരം നിർദ്ദേശം നടപ്പിലാക്കുകയാണെങ്കിൽ പ്രവാസികളുടെ ആഭ്യന്തര നിക്ഷേപ താൽപ്പര്യം കുറയാൻ സാദ്ധ്യതയുണ്ടെന്നതാണ് പ്രാഥമിക വിലയിരുത്തൽ. ആയതിനാൽ പ്രസ്തുത നികുതി നിർദ്ദേശം പിൻവലിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ അതീവ പ്രാധാന്യത്തോടെയാണ് സർക്കാർ പരിഗണിക്കുന്നത്. പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും വിലയിരുത്തുന്നതിനും ആഗോള മലയാളി സംഗമങ്ങൾ നോർക്ക വകുപ്പ് സംഘടിപ്പിക്കാറുണ്ട്. ഇത്തരം സംഗമങ്ങളിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ക്രോഡീകരിക്കുകയും അവ വിശകലനം ചെയ്ത് പദ്ധതികൾ രൂപപ്പെടുത്തുന്നതിനായി വിനിയോഗിക്കുകയും ചെയ്യുന്നു.

പ്രവാസികളുടെ പ്രശ്നങ്ങൾക്കും അവർ ഉന്നയിക്കുന്ന ആവശ്യങ്ങൾക്കും മുന്തിയ പരിഗണന നൽകിയും അവ യഥാവിധി പരിഹരിക്കുന്നതിന് ഉതകുംവിധവുമാണ് നോർക്ക വകുപ്പ് പ്രവർത്തിക്കുന്നത്. കൂടാതെ വിവിധ മേഖലകളിൽ പ്രവാസി മലയാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ തരണം ചെയ്യുന്നതിനും അവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും സർക്കാർ അതിവേഗത്തിലുള്ള നടപടികളാണ് സ്വീകരിച്ച് വരുന്നത്.

**മൊബൈൽ ടവറുകൾ സൃഷ്ടിക്കുന്ന ആരോഗ്യപ്രശ്നങ്ങൾ**

26 (*296) <u>ശ്രീ. കെ. ദാസൻ</u> :

<u>ശ്രീ. ബാബു എം. പാലിശേരി</u> :

<u>ശ്രീ. കെ. കെ. നാരായണൻ</u> :

<u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആളുകൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതുവഴി ആൻറിനകളിൽ നിന്നുള്ള റേഡിയേഷൻ സൃഷ്ടിക്കുന്ന

ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സംബന്ധിച്ച് അറിയാമോ ;

(ബി) മൊബൈൽ ടവറുകൾ നിർമ്മിക്കുന്ന ടെലികോം കമ്പനികളെ നിയന്ത്രിക്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾക്ക് നിലവിൽ അധികാരം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ ;

(സി) ജനവാസകേന്ദ്രങ്ങളിൽ സ്ഥാപിക്കപ്പെട്ട ഇത്തരം ടവറുകളുടെ കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ) നോൺ അയണയിസിങ്ങ് വിഭാഗത്തിൽപ്പെട്ട മൈക്രോവേവ് ആണ് മൊബൈൽ ഫോണിൽ നിന്നും മൊബൈൽ ടവറിൽ നിന്നും പുറപ്പെടുവിക്കുന്നത്. ഈ തരംഗങ്ങൾ ശരീരത്തിലെ കോശങ്ങളെ ചെറിയ തോതിൽ സ്ഥിരമായി ചൂടാക്കിക്കൊണ്ടിരിക്കുന്നതിനാൽ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട്. പക്ഷേ ഇത് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടില്ല. മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതിനും അതിൽ ഉറപ്പിച്ചിരിക്കുന്ന ആന്റിന (ട്രാൻസ്പോണ്ടർ) യുടെ എണ്ണം, സ്ഥാനം, ദിശ, ഉയരം, ആവൃത്തി, ഊർജ്ജം, എന്നിവയുടെ കാര്യങ്ങളിൽ ശക്തമായ നിയന്ത്രണം ഏർപ്പെടുത്തേണ്ടതായിട്ടുണ്ട്. ഈ മൈക്രോവേവ് റേഡിയേഷന് ശക്തമായ സുരക്ഷാ നിയന്ത്രണ പരിശോധനകളും DOT റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏർപ്പെടുത്തേണ്ടതായിട്ടുണ്ട്.

(ബി) കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം XIX, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം XX എന്നിവയിലെ മൊബൈൽ ടവറുകൾ ഉൾപ്പെടുന്ന ടെലികമ്മ്യൂണിക്കേഷൻ ടവറുകളുമായി ബന്ധപ്പെട്ട പ്രത്യേക വ്യവസ്ഥകൾ പ്രതിപാദിക്കുന്നുണ്ട്. ടി ചട്ടങ്ങളിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ പാലിക്കുന്ന ടവറുകൾക്ക് മാത്രമേ ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സെക്രട്ടറിമാർ പെർമിറ്റ് നൽകുവാൻ പാടുള്ളൂ. മൊബൈൽ ടവറുകൾ നിർമ്മിക്കുന്ന ടെലികോം കമ്പനികളെ നിയന്ത്രിക്കുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിലവിൽ അധികാരമില്ല.

(സി) ടവർ നിർമ്മാണത്തിന് പെർമിറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട് സർക്കാർ കാലാകാലങ്ങളിൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാറുണ്ട്. ഇത് സംബന്ധിച്ച് 16-5-2011-ൽ പുറപ്പെടുവിച്ച 25070/ആർ.ഡി3/11/ത.സ്വ.ഭവ. നമ്പർ സർക്കുലറിൽ ടവർ നിർമ്മാണത്തിനെതിരെ പരിസരവാസികൾക്ക് പരാതിയുള്ള പക്ഷം ഭരണസമിതിയുടെ നേതൃത്വത്തിൽ ടവർ നിർമ്മാതാക്കളെയും നിർദ്ദിഷ്ട ടവറിന്റെ 100 മീറ്റർ ചുറ്റളവിൽ താമസിക്കുന്ന പരാതിക്കാരെയും പങ്കെടുപ്പിച്ച് ചർച്ച നടത്തി പരിഹാരം കാണേണ്ടതും ആവശ്യമെങ്കിൽ അനുയോജ്യമായ മറ്റൊരു

സ്ഥലം കണ്ടത്തേണ്ടതുമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മൊബൈൽ ടവർ നിർമ്മാണം/ പ്രവർത്തനം/അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച പരാതികൾ പരിഗണിക്കുന്നതിനായി ഓരോ ജില്ലയിലും ഒരു ഡിസ്ട്രിക്റ്റ് ടെലികോം കമ്മിറ്റിയും സംസ്ഥാനത്ത് ഒരു സ്റ്റേറ്റ് ടെലികോം കമ്മിറ്റിയും 5-11-2014-ലെ G.O. (Ms) No.31/14/ITD ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്. മൊബൈൽ ടവർ റേഡിയേഷൻ സംബന്ധിച്ച വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി Telecom Enforcement Resource & Monitoring (TERM)-Kerala എന്ന കേന്ദ്ര സർക്കാർ സ്ഥാപനം കേരളത്തിൽ കൊച്ചി അടിസ്ഥാനമാക്കി പ്രവർത്തിച്ചുവരുന്നു. മൊബൈൽ ടവറിൽ നിന്നുള്ള റേഡിയേഷൻ നിശ്ചിത പരിധിയിലാണെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുന്ന ചുമതലയാണ് (TERM) - Kerala - യിൽ നിക്ഷിപ്തമായിട്ടുള്ളത്. മൊബൈൽ ടവറിൽ നിന്നും ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ നിയന്ത്രിക്കുന്നതിനുള്ള (നോൺ അയനൊസിങ് റേഡിയേഷൻ) അധികാരം റേഡിയേഷൻ സുരക്ഷാ വിഭാഗത്തിന് നൽകിയിട്ടില്ല. മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതിനും അതിൽ ഉറപ്പിച്ചിരുന്ന ആന്റിന (ട്രാൻസ്പോണ്ടർ)യുടെ എണ്ണം, സ്ഥാനം, ദിശ, ഉയരം, ആവൃത്തി, ഊർജ്ജം എന്നിവയുടെ കാര്യങ്ങളിൽ ശക്തമായ നിയന്ത്രണം ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കാവുന്നതാണ്.

**മലയാളം മിഷൻ**

27 (*297) ശ്രീ. പാലോട് രവി :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. എ. വാഹീദ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയാളം മിഷൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത്;

(ബി) ഇതിന്റെ പ്രവർത്തനങ്ങളും ഭാഷാപഠനത്തിന്റെ മാർഗ്ഗരേഖ ഉൾപ്പെടെയുള്ള കാര്യങ്ങളും ക്രോഡീകരിക്കുന്നതിനായി എന്തെല്ലാം കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്;

(സി) പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കുമോ; എങ്കിൽ എന്തെല്ലാം കാര്യങ്ങളാണ് സമിതിയുടെ പഠന വിഷയത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ&ബി) ലോകമെമ്പാടുമുള്ള പ്രവാസി മലയാളി കുട്ടികൾക്ക് മലയാളഭാഷ പഠിക്കുന്നതിനും കേരള സംസ്കാരം പരിചയപ്പെടുത്തുന്നതിനുമായി കേരള സർക്കാരിന്റെ സാംസ്കാരികകാര്യ വകുപ്പിനുകീഴിൽ ആവിഷ്കരിച്ച നൂതന പദ്ധതിയാണ് മലയാളം മിഷൻ. മിഷന്റെ ഓഫീസ് തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നു. ഇന്ത്യയ്ക്കകത്തും വിദേശത്തും പഠനകേന്ദ്രങ്ങൾ ആരംഭിച്ച് പ്രവർത്തനങ്ങൾ നടന്നുവരുന്നു. അധ്യാപകർക്കുള്ള പരിശീലനങ്ങളും പഠന സാമഗ്രികളും പഠനപ്രവർത്തനങ്ങൾക്കു വേണ്ട സഹായങ്ങളും മലയാളം മിഷൻ നൽകിവരുന്നു. മലയാളം മിഷന്റെ ദേശീയ പാഠ്യപദ്ധതി പ്രകാരമുള്ള കണിക്കൊന്ന, സൂര്യകാന്തി, ആമ്പൽ, നീലക്കുറിഞ്ഞി എന്നീ നാല് പാഠപുസ്തകങ്ങളിലൂടെ പത്തുവർഷം നീണ്ടുനിൽക്കുന്ന പഠനത്തിൽക്കൂടി കേരളത്തിലെ പത്താംക്ലാസിന്റെ നിലവാരത്തിന് തുല്യമായ നിലയിലേക്ക് പഠിതാവിന് എത്താൻ കഴിയുന്ന വിധത്തിലാണ് പാഠ്യപദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. മലയാളം മിഷൻ പഠനകേന്ദ്രങ്ങളിലൂടെ പ്രവാസി മലയാളി കുട്ടികൾക്ക് മലയാളം മിഷന്റെ കോഴ്സ് പൂർത്തിയാവുന്ന മുറയ്ക്ക് പരീക്ഷകൾ നടത്തുകയും മൂല്യനിർണ്ണയം നടത്തി വിജയികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം നടത്തുകയും ചെയ്തുവരുന്നു.

(സി&ഡി) പ്രവാസി മലയാളി സംഘടനകളുമായി സഹകരിച്ച് മലയാളം മിഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മലയാളം മിഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപിപ്പിക്കുന്നതിനും പഠനകേന്ദ്രങ്ങൾക്ക് സഹായങ്ങൾ നൽകുന്ന കാര്യങ്ങൾ ഉൾപ്പെടെയുള്ള വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകുവാൻ മലയാളം മിഷൻ ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഭരണ സമിതി ചർച്ച ചെയ്ത് മിഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപിപ്പിക്കുന്നതിനും സഹായം നൽകുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ച ചെയ്ത് പരിഗണിക്കാവുന്നതാണ്.

## പക്ഷിപ്പനിമൂലം നഷ്ടം സംഭവിച്ച കർഷകർക്ക് സമാശ്വാസ പദ്ധതികൾ

28 (*298) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ജില്ലകളിൽ പടർന്നു പിടിച്ച പക്ഷിപ്പനിമൂലം താറാവും കോഴിയും വലിയ തോതിൽ നഷ്ടപ്പെട്ട കർഷകർക്ക് എന്തൊക്കെ സമാശ്വാസ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചുവരുന്നത് എന്ന്

വ്യക്തമാക്കുമോ ;

(ബി) താറാവ് കർഷകരുടെ കാർഷിക ലോണുകൾ എഴുതി തള്ളുന്നതിനും നഷ്ടപ്പെട്ട താറാവുകൾക്ക് മതിയായ നഷ്ടപരിഹാരം നൽകുന്നതിനും എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(സി) പക്ഷിപ്പനിമൂലം വ്യാപക നഷ്ടമുണ്ടായ കർഷകർക്ക് പുതുതായി താറാവ് വളർത്തൽ നടത്തുന്നതിന് സൗജന്യമായി താറാവിൻ കുഞ്ഞുങ്ങളെ നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) പക്ഷിപ്പനിമൂലം താറാവും കോഴിയും നഷ്ടപ്പെട്ട കർഷകർക്ക്, 2 മാസത്തിലധികം പ്രായമായ പക്ഷിക്ക് 200 രൂപയും, രണ്ടുമാസത്തിൽ താഴെയുള്ള പക്ഷിക്ക് 100 രൂപയും നശിപ്പിച്ച മുട്ട ഒന്നിന് 5 രൂപ വീതവും നഷ്ടപരിഹാരം നൽകി വരുന്നു.

(ബി) കർഷക പ്രതിനിധികളുമായുള്ള ചർച്ചകൾക്കു ശേഷം പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

(സി) താറാവ് കർഷകരെ സഹായിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.

**കാണാതാവുന്ന കുട്ടികളെ കണ്ടെത്തുന്നതിന് ട്രാക്കിംഗ് സംവിധാനം**

29 (*299) ശ്രീ. എം. ഉമ്മർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാണാതാകുന്ന കുട്ടികളെ കണ്ടെത്തുന്ന കാര്യത്തിൽ ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നല്കാമോ ;

(ബി) കുട്ടികൾ വീടുവിട്ടു പോകുന്നതിനിടയാകുന്ന സാഹചര്യങ്ങളെ സംബന്ധിച്ച് പഠനമെന്തെങ്കിലും നടത്തിയിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച് ലഭിച്ച വിവരങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) കേന്ദ്ര ഗവൺമെന്റിന്റെ Women and Child Development മന്ത്രാലയം, കാണാതാകുന്ന കുട്ടികളെ കണ്ടെത്തുന്നതിനായി Track Child എന്ന പേരിൽ ഒരു പുതിയ വെബ്സൈറ്റ് ആരംഭിച്ചിട്ടുണ്ട്. ഇതിൽ എല്ലാ സംസ്ഥാനങ്ങളിൽ നിന്നും കാണാതാകുന്ന കുട്ടികളെ കുറിച്ചുള്ള വിശദ വിവരങ്ങൾ അതാത് പോലീസ് സ്റ്റേഷനുകളിൽ നിന്നും ഫോട്ടോ സഹിതം അപ് ലോഡ് ചെയ്യുന്നതാണ്. ഇതിൽ പോലീസ് സ്റ്റേഷനിലേയ്ക്ക് മാത്രമല്ല പൊതുജനങ്ങൾക്കും കുട്ടികളുടെ കാണാതാകലിനെ കുറിച്ച് രേഖപ്പെടുത്താവുന്നതാണ്. കേരളത്തിലും ഈ സംവിധാനം വളരെ ഫലപ്രദമായ രീതിയിൽ നടപ്പിലാക്കിയിട്ടുണ്ട്. കാണാതാകുന്ന കുട്ടികളെ കണ്ടെത്തുന്നതിന് Track the missing Child.gov.in എന്ന വെബ്സൈറ്റ് നിലവിൽ ഉപയോഗപ്പെടുത്തി വരുന്നുണ്ട്. സാമൂഹ്യനീതി വകുപ്പിൻ കീഴിൽ വരുന്ന എല്ലാ ചിൽഡ്രൻസ് ഹോമുകളിലും ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് നൽകിയിട്ടുണ്ട്. ആയത് പ്രകാരം കുട്ടികളുടെ വിവരങ്ങൾ ട്രാക്ക് ചൈൽഡ് വെബ്പോർട്ടലിൽ രേഖപ്പെടുത്തി വരുന്നു.

(ബി) ഇല്ല.

**നിർഭയ ഷെൽട്ടറുകൾ**

30 (*300) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വർക്കല കഹാർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർഭയ ഷെൽട്ടറുകൾ ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ആരെല്ലാമാണ് ഇതുവഴി സഹകരിക്കുന്നത് ; വിശദമാക്കുമോ ;

(സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാമാണ് ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) ഉണ്ട്. നിർഭയ ഷെൽട്ടർ ഹോം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇപ്പോൾ 9 ജില്ലകളിലായി 10 ഹോമുകൾ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ രണ്ടും, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ ഓരോ ഹോമുകളും ആരംഭിച്ചിട്ടുണ്ട്.

(ബി) ലൈംഗിക പീഡനത്തിന് വിധേയരായി സ്വന്തം ഭവനത്തിൽ തുടരുവാൻ കഴിയാത്ത അവസ്ഥയിലുള്ള കുട്ടികളെയും സ്ത്രീകളെയും ആണ് നിർഭയ ഷെൽട്ടർ ഹോമിൽ താമസിപ്പിക്കുന്നത്. പീഡനത്തിന് വിധേയരായ വ്യക്തികൾക്ക് മാനസികാരോഗ്യം വീണ്ടെടുക്കുവാനും ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് തിരിച്ചുകൊണ്ടു വരുവാനും വിദ്യാഭ്യാസത്തിനും തൊഴിൽപരിശീലനത്തിനും ഷെൽട്ടർ ഹോമിൽ അവസരം ഒരുക്കുന്നു. പീഡിതയുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും, കാര്യക്ഷമമായ പ്രോസിക്യൂഷനും ഒരു സുരക്ഷിത സ്ഥാനം എന്ന നിലയിലാണ് നിർഭയ ഷെൽട്ടർ ഹോം പ്രവർത്തിക്കുന്നത്.

(സി) വിവിധ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സന്നദ്ധ സംഘടനകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| കേരള മഹിളാ സമഖ്യ സൊസൈറ്റി | - | തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, വയനാട്, മലപ്പുറം, കാസർഗോഡ് |
| അന്വേഷി വിമൻസ് കൗൺസിലിംഗ് സെന്റർ | - | കോഴിക്കോട് |
| കൾച്ചറൽ അക്കാദമി ഫോർ പീസ് | - | എറണാകുളം |
| ബദേസ്ത ചാരിറ്റബിൾ ട്രസ്റ്റ് | - | തൃശ്ശൂർ |

(ഡി) പദ്ധതി നടത്തിപ്പിനായി 9 ജില്ലകളിലായി 10 ഷെൽട്ടർ ഹോമുകൾ ആരംഭിച്ചിട്ടുണ്ട്. എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ 3 സന്നദ്ധ സംഘടനകൾക്കും തിരുവനന്തപുരം, മലപ്പുറം, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ കേരള മഹിളാ സമഖ്യ സൊസൈറ്റിക്കും ഹോമുകളുടെ മേൽനോട്ട ചുമതല നൽകിയിട്ടുണ്ട്. തിരുവനന്തപുരം, വയനാട്, തൃശ്ശൂർ ജില്ലകളിലെ ഹോമുകൾ ഒഴികെ മറ്റെല്ലാ ജില്ലകളിലും വാടക കെട്ടിടങ്ങളിലാണ് ഹോമുകൾ പ്രവർത്തിക്കുന്നത്. 10 ഷെൽട്ടർ ഹോമുകളിലേയ്ക്കും മതിയായ ജീവനക്കാരെ തെരഞ്ഞെടുത്തിട്ടുണ്ട്. ഷെൽട്ടർ ഹോം ജീവനക്കാർക്ക് 4 ഘട്ടമായി പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഇന്ദിര ആവാസ് യോജന പദ്ധതി

1 (3284) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ദിര ആവാസ് യോജന പദ്ധതി നടപ്പാക്കുന്നതിന് സംസ്ഥാന വിഹിതമായ തുക നൽകാൻ കഴിഞ്ഞ നാലു വർഷമായി എത്ര തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത് ; ഓരോ വർഷത്തേയും കണക്ക് വ്യക്തമാക്കുമോ ;

(ബി) തുക വകയിരുത്തിയിരുന്നുവെങ്കിൽ സംസ്ഥാനത്ത് ആകെ അനുവദിച്ച വീടുകൾക്കും നൽകാനുള്ള തുക വകയിരുത്തിയിരുന്നോ ; അനുവദിച്ച വീടുകളുടെ എണ്ണം എത്രയായിരുന്നു ;

(സി) സംസ്ഥാന വിഹിതമായി ഈ പദ്ധതിക്ക് ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകാനുള്ള ആകെ തുക എത്രയെന്ന് വർഷം തിരിച്ച് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ബി) വിവരം ശേഖരിച്ചുവരുന്നു

(സി)

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| വർഷം | തുക (കോടിയിൽ) |
|---|---|
| 2011-12 | 0 |
| 2012-13 | 180.97 |
| 2013-14 | 120.57 |
| 2014-15 | 295.3 |

**തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ്**

2 (3285) ശ്രീ. എ. കെ. ബാലൻ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് സംബന്ധിച്ച വികേന്ദ്രീകരണ ആസൂത്രണ സംസ്ഥാനതല ഏകോപന സമിതിയുടെ അവസാനയോഗത്തിന്റെ വിലയിരുത്തലുകൾ വിശദമാക്കാമോ; യോഗതീരുമാനങ്ങളുടെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) അർദ്ധവർഷം പിന്നിട്ടപ്പോൾ തന്നാണ്ടിലെ സർക്കാർ പദ്ധതി വിഹിതം എത്ര കോടി ചെലവഴിക്കുകയുണ്ടായി ; മൊത്തം വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനമാണത് ;

(സി) 2013-14 വർഷത്തെ തുടർ പദ്ധതികളുടെ എത്ര കോടി രൂപ ഈ വർഷം ചെലവഴിക്കേണ്ടതായിട്ടുണ്ടായിരുന്നു ; അതിൽ ഇതിനകം ചെലവഴിച്ചത് എത്ര ;

(ഡി) ജില്ലാ ആസൂത്രണ സമിതികൾ അംഗീകരിച്ച തന്നാണ്ടിലെ പദ്ധതികളെല്ലാം കൂടി എത്ര കോടി രൂപയുടേതാണ്; മുൻവർഷത്തെ തുടർ പദ്ധതികൾ എത്ര കോടി രൂപയുടേതാണ്; ഇവയിൽ മൊത്തം എത്ര കോടി രൂപയുടെ പദ്ധതി ഇതിനകം പൂർത്തിയാക്കുകയുണ്ടായി?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും 2014-15 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 1512.41 കോടി രൂപയാണ്. ഗ്രാമപഞ്ചായത്തുകൾ 878.92 കോടി രൂപയാണ് ചെലവഴിച്ചത്. ഇത് 24.37 ശതമാനമാണ്. മുൻവർഷം ഇതേ കാലയളവിൽ ചെലവിന്റെ ശതമാനം 27.09 ആണ്. ബ്ലോക്ക് പഞ്ചായത്തുകൾ 203 കോടി രൂപയും (33.73%, മുൻവർഷം 38%) ജില്ലാ പഞ്ചായത്തുകൾ 257.95 കോടി രൂപയും (20.44%) ചെലവഴിച്ചു. മുനിസിപ്പാലിറ്റികൾ 133.73 കോടി രൂപയും (23.5%, മുൻവർഷം 24.1%), കോർപ്പറേഷനുകൾ 55.03 കോടി രൂപയും (18%, മുൻവർഷം 17%) ആണ് ചെലവഴിച്ചത്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ മിനിറ്റ്സിന്റെ പകർപ്പുകൾ ലഭ്യമാണ്.

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച 4700 കോടി രൂപയിൽ താൽക്കാലിക കണക്കുപ്രകാരം സെപ്റ്റംബർ 30 വരെ (അർദ്ധവർഷം പിന്നിട്ടപ്പോൾ) 667.19 കോടി രൂപ (14%) ചെലവഴിച്ചു.

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

**ബ്ലോക്ക് പഞ്ചായത്തുകളുടെ പുനഃക്രമീകരണം**

3 (3286) <u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയോജക മണ്ഡലാടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്തുകളെ പുനഃക്രമീകരിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(സി) പ്രസ്തുത നടപടിയുമായി ബന്ധപ്പെട്ട് ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിൻെറ കോപ്പി ലഭ്യമാക്കുമോ ?

## ഉത്തരം

(എ) ഉണ്ട്.

(ബി) നിയമസഭാ സാമാജികർക്ക് നിശ്ചിത എണ്ണം ബ്ലോക്ക് കേന്ദ്രീകരിച്ച് അവരുടെ പദ്ധതികളും ത്രിതല പഞ്ചായത്തിന്റെ പദ്ധതികളും ഏകോപിപ്പിച്ച് നടപ്പിലാക്കുവാൻ നിലവിലുള്ള നിയമസഭാ മണ്ഡലങ്ങളിൽ ഉൾപ്പെടുന്ന ബ്ലോക്ക് പഞ്ചായത്തുകളുടെ എണ്ണം ഒരു നിയോജകമണ്ഡലത്തിൽ ഒന്നോ അല്ലെങ്കിൽ രണ്ടോ എന്ന രീതിയിൽ പുനഃക്രമീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) ഈ വിഷയം വിശദമായി പഠിച്ച് പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി ബ്ലോക്ക് പഞ്ചായത്തുകളുടെ എണ്ണം പുനഃക്രമീകരിച്ച് ഉത്തരവ് ഇറക്കുവാൻ ആവശ്യമായ ശിപാർശ സമർപ്പിക്കുവാൻ 13-3-2014-ലെ (സാധാ) 756/2014/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ഡി) ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## പി.എം.ജി.എസ്. പദ്ധതിപ്രകാരം ഉള്ള റോഡ് നിർമ്മാണം

4 (3287) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> :

<u>ശ്രീ. തോമസ് ചാണ്ടി</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പി. എം.ജി.എസ്.(ഗ്രാമീണ റോഡ് വികസന പദ്ധതി) പദ്ധതി ഒന്നാംഘട്ടമായി എത്ര കിലോമീറ്റർ റോഡ് പണി പൂർത്തിയായി ; ഇനി എത്ര കിലോമീറ്റർ റോഡാണ് പൂർത്തിയാക്കാനുള്ളതെന്ന് വെളിപ്പെടുത്താമോ ;

(ബി) പി. എം.ജി. എസ്. വൈ. പദ്ധതിയ്ക്ക് എന്ത് തുകയുടെ ചെലവാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഏതെല്ലാം മേഖലയിലെ പണികൾക്കാണ് കരാർ നൽകിയതെന്ന്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വ്യക്തമാക്കാമോ ;

(ഡി) മലബാർ മേഖലയിൽ എത്ര പണികളാണ് ഈ പദ്ധതി പ്രകാരം നടപ്പിൽ വരുത്തുന്നതെന്ന് വ്യക്തമാക്കാമോ ; ഇതിന് ചെലവാകുന്ന തുകയെത്ര ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പി.എം.ജി.എസ്.വൈ. ഒന്നാംഘട്ടമായി 1947.298 കി.മീ. ദൈർഘ്യം വരുന്ന റോഡുകളാണ് പൂർത്തിയാക്കിയിട്ടുള്ളത്. 1401.221 കി.മീ. ദൈർഘ്യം വരുന്ന റോഡുകൾ ഇനി പൂർത്തീകരിക്കേണ്ടതുണ്ട്.

(ബി) പി.എം.ജി.എസ്.വൈ. പദ്ധതിക്ക് കേന്ദ്രവിഹിതമായ 1513.89 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

(സി) സംസ്ഥാനത്തിന്റെ ഗ്രാമീണ മേഖലയിലെ റോഡുപണികളാണ് ടി പദ്ധതി പ്രകാരം ഏറ്റെടുക്കുന്നത്.

(ഡി) മലബാർ മേഖലയിൽ പി.എം.ജി.എസ്.വൈ. പ്രകാരം 732.71 കോടി രൂപ അടങ്കലിൽ 1633.70 കി.മീ. ദൈർഘ്യം വരുന്ന 619 റോഡുകളാണ് നടപ്പിൽ വരുത്തുന്നത്.

**ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തുന്നതിന്റെ നടപടിക്രമം**

5 (3288) ശ്രീ. ആർ. രാജേഷ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നബാർഡിലേക്ക് ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തുന്നതിന് പ്രോജക്ട് സമർപ്പിക്കുന്നതിൻെറ നടപടിക്രമം വിശദമാക്കുമോ ;

(ബി) ആർ. ഐ. ഡി. എഫ്.-ൽ ഉൾപ്പെടുത്തി അനുമതി ലഭിക്കുന്നതിനുള്ള മാനദണ്ഡം എന്താണ് ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് നൽകുമോ ?

ഉത്തരം

(എ) നബാർഡ് പ്രവൃത്തികൾ സംസ്ഥാന അടിസ്ഥാനത്തിൽ അനുവദിക്കുന്നതിന്

ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എസ്.എൽ.ഇ.സി. (State Level Empowered Committee) പ്രവർത്തിക്കുന്നു. ധനകാര്യ വകുപ്പാണ് ഈ പദ്ധതിയുടെ നോഡൽ ഡിപ്പാർട്ടുമെന്റ്. നബാർഡ് സഹായം ലഭിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നിർവ്വഹിക്കുന്ന പ്രവൃത്തികൾക്കുള്ള അർഹമായ വിഹിതം എസ്.എൽ.ഇ.സി. നിശ്ചയിച്ച് അറിയിക്കുന്ന മുറയ്ക്ക് പ്രോജക്ടുകളുടെ കരട് നിർദ്ദേശം ബന്ധപ്പെട്ട പഞ്ചായത്തിൽനിന്നും ഗ്രാമവികസന കമ്മീഷണർ വാങ്ങി സർക്കാരിന്റെ തത്വത്തിലുള്ള അനുമതിക്ക് നൽകുകയാണ് ചെയ്യുന്നത്. അത്തരത്തിൽ അംഗീകാരം കിട്ടുന്ന പ്രവൃത്തികളുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് വാങ്ങി ധനകാര്യ വകുപ്പുവഴി നബാർഡിന്റെ അനുമതിക്ക് അയയ്ക്കുകയും അനുമതി ലഭിക്കുന്ന പ്രവൃത്തികൾക്ക് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്യുന്നു. ഇത്തരം പ്രോജക്ടുകൾക്ക് നിർവ്വഹണത്തിനാവശ്യമായ മാർഗ്ഗനിർദ്ദേശത്തോട് കൂടി ബന്ധപ്പെട്ട പഞ്ചായത്തുകളെ ചുമതലപ്പെടുത്തുകയാണ് ചെയ്യുന്നത്.

(ബി) നബാർഡിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന പദ്ധതി നിർദ്ദേശങ്ങളിൽ ലഭ്യമായ വിഹിതത്തിനുള്ളിൽ നിർത്തി സംസ്ഥാന സർക്കാർ മുൻഗണനാ ക്രമത്തിൽ അംഗീകാരം നൽകുന്നു.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു*

**ആർ.ഐ.ഡി.എഫ്. പദ്ധതി കാഞ്ഞങ്ങാട് മണ്ഡലത്തിൽ**

6 (3289) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരം എത്ര കോടിയുടെ ഗ്രാന്റ് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പദ്ധതിയുടെ ഭാഗമായി കാഞ്ഞങ്ങാട് മണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികൾ നടത്തിയിട്ടുണ്ടെന്ന്, പ്രവൃത്തി, അടങ്കൽ തുക അടിസ്ഥാനത്തിൽ വിവരങ്ങൾ ലഭ്യമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി പ്രകാരം കാഞ്ഞങ്ങാട് മണ്ഡലത്തിൽ പുതുതായി ഏതെങ്കിലും പ്രവൃത്തികൾ നിർദ്ദേശിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരം 3866.07 ലക്ഷം രൂപയുടെ ഗ്രാന്റ് ലഭിച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പുതിയതായി പ്രവൃത്തികൾ കാഞ്ഞങ്ങാട് മണ്ഡലത്തിൽ നിർദ്ദേശിച്ചിട്ടില്ല.

(ഡി) ബാധകമല്ല.

## വികസന അതോറിറ്റി

7 (3290) <u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വികസന അതോറിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം വികസന അതോറിറ്റികളുടെ പ്രവർത്തനമാണ് ശക്തിപ്പെടുത്തിയത് എന്ന് വ്യക്തമാക്കുമോ ;

(സി) വള്ളുവനാട്, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം വികസന അതോറിറ്റികളുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്തെ വികസന അതോറിറ്റികളുടെ പ്രവർത്തന റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും പരിശോധിച്ച് അവയുടെ പ്രവർത്തനം വിലയിരുത്താറുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എല്ലാ വികസന അതോറിറ്റികളുടേയും പ്രവർത്തനം ശക്തിപ്പെടുത്തുകയും കൊല്ലം, കോഴിക്കോട്, തൃശ്ശൂർ വികസന അതോറിറ്റികൾ പുനഃസ്ഥാപിക്കുകയും പുതുതായി വള്ളുവനാട് വികസന അതോറിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) <u>വള്ളുവനാട് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് അതോറിറ്റി</u>

11-6-2012-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 162/12/ ത.സ്വ.ഭ.വ. പ്രകാരം വള്ളുവനാട് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിച്ച് ഉത്തരവായിരുന്നു. ടി അതോറിറ്റിയുടെ പരിധിയിൽ വരുന്ന മലപ്പുറം ജില്ലയിൽ വികസന പ്രവർത്തനങ്ങൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ടി അതോറിറ്റി നടത്തി വരുന്നു.

<u>കോഴിക്കോട് വികസന അതോറിറ്റിയിൽ താഴെ പറയുന്ന വികസന പ്രവൃത്തികൾ നടത്തിവരുന്നു:</u>

1. മൾട്ടി ലെവൽ പാർക്കിംഗ് പ്ലാസ – റെയിൽവേ സ്റ്റേഷൻ ലിങ്ക് റോഡ്.
2. പ്രൊഫഷണൽ വനിതകൾക്കുള്ള സ്റ്റുഡിയോ അപാർട്ടുമെന്റുകൾ ഉൾപ്പെടെയുള്ള ആധുനിക ഹോസ്റ്റൽ സമുച്ചയം.
3. ബേപ്പൂർ വെയർ ഹൗസിംഗ് കോംപ്ലക്സ് വികസനമ്പർ
4. കല്ലായ് റോഡ് നവീകരണം.
5. വലിയങ്ങാടി ഏരിയ പുനർനിർമ്മാണ പദ്ധതി.
6. പാളയം ഏരിയ വികസന പദ്ധതി.
7. മാനാഞ്ചിറ ഏരിയ വികസന പദ്ധതി.
8. എസ്.എം. സ്ട്രീറ്റ് (മിഠായി തെരുവ്) ഏരിയ വികസന പദ്ധതി.
9. എരവത്ത്കുന്ന് ടൂറിസം വികസന പദ്ധതി.
10. വിവിധോദ്ദേശ്യ കായിക സമുച്ചയം, കൺവെൻഷൻ സെന്റർ, സ്ഥിരം പ്രദർശന നഗരി.
11. അന്തർ സംസ്ഥാന ട്രക്ക് ടെർമിനൽ.
12. സൗത്ത് ബീച്ച് പാർക്കിംഗ് പ്ലാസ.
13. എലിവേറ്റഡ് വാക്ക് വേ.

<u>തൃശ്ശൂർ വികസന അതോറിറ്റി</u>

തൃശ്ശൂർ വികസന അതോറിറ്റിക്ക് നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിനായി സമർപ്പിച്ച 3 പദ്ധതികൾക്ക് 5 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ

പ്രസ്തുത പ്രോജക്ടുകളുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

കൊല്ലം വികസന അതോറിറ്റി

കൊല്ലം വികസന അതോറിറ്റി ആണ്ടാമുക്കത്തെ ചിന്നക്കടയോട് ചേർന്നുവരുന്ന വസ്തുവിൽ ഈ സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടായ 5 കോടി രൂപ ചെലവാക്കി ഒരു വ്യാപാര സമുച്ചയം ആരംഭിക്കുന്നതിന് കിറ്റ്കോയെ ചുമതലപ്പെടുത്തുകയും അത് സംബന്ധമായ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരികയുമാണ്. കൂടാതെ വ്യാപാര ഓഫീസ്, വിപണന സമുച്ചയവും മൾട്ടിപ്ലക്സ് കൺവെൻഷൻ സെന്ററും, ചെറുകിട വ്യവസായ സംരംഭവും പ്രദർശനവും-താമരക്കുളം പ്രോജക്ട് PPP മോഡൽ പദ്ധതിയായ Partner Kerala Mission-ന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ ആദ്യത്തെ 4 പ്രോജക്ടുകളിൽ ഉൾപ്പെടുത്തി പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൊല്ലം വികസന അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള പള്ളിത്തോട്ടം ഭൂമിയിൽ നിർമ്മിതി കേന്ദ്രം അനധികൃതമായി കയ്യേറിയ ഭൂമി തിരികെ എടുത്ത് പാർപ്പിട സമുച്ചയം നിർമ്മിക്കുവാനുള്ള നടപടികൾ പുരോഗമിക്കുന്നു.

## മേലടി, പന്തലായനി ബ്ലോക്കുകളിലെ ഇന്ദിര ആവാസ് യോജന പദ്ധതി

8 (3291) ശ്രീ. കെ. ദാസൻ : താഴെകാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരം കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ മേലടി, പന്തലായനി ബ്ലോക്കുകളിൽ 2011-12, 2012-13, 2013-14 വർഷങ്ങളിൽ എത്ര പേർക്ക് ആനുകൂല്യം ലഭ്യമാക്കി; അനുവദിച്ച തുക, പേര് എന്നിവ സഹിതം വിവരങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

## ഇന്ദിര ആവാസ് യോജന ഭവന പദ്ധതി

9 (3292) ശ്രീ. സാജു പോൾ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ദിര ആവാസ് യോജന ഭവന പദ്ധതി വിലയിരുത്തിയിട്ടുണ്ടോ ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത പദ്ധതി പ്രകാരം എത്ര വീടുകൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) അനുവദിച്ച വീടുകളിൽ എത്രയെണ്ണം പൂർത്തീകരിച്ചിട്ടുണ്ട് ; മുഴുവൻ പൂർത്തീകരിച്ചില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) വീടുകളുടെ ഗുണഭോക്താക്കൾക്ക് മുഴുവൻ തുകയും കൊടുത്ത് തീർത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ എത്ര പേർക്കായി എത്ര രൂപ കൊടുക്കാൻ ബാക്കിയുണ്ടെന്ന് കാരണം സഹിതം വിശദമാക്കുമോ ;

(ഡി) മുഴുവൻ തുകയും അടിയന്തരമായി കൊടുത്തു തീർക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) സ്വീകരിച്ചുവരുന്നു.

## ഇന്ദിര ആവാസ് യോജന

10 (3293) ശ്രീ. ടി. വി. രാജേഷ് : താഴെകാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഇന്ദിര ആവാസ് യോജനയുസരിച്ച് 15-9-2011-നുശേഷം എഗ്രിമെൻറ് വെച്ച ഗുണഭോക്താക്കൾക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള യൂണിറ്റ് കോസ്റ്റ് 2011-12, 2012-13,2013-14 എന്നീ വർഷങ്ങളിലായി നൽകുന്നതിന് ഉത്തരവായ പ്രകാരം അനുവദിക്കേണ്ടിയിരുന്ന തുക,അനുവദിച്ച തുക, ബാക്കി നൽകാനുള്ള തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ജില്ല തിരിച്ച നൽകുമോ ?

<u>ഉത്തരം</u>

വിവരം ശേഖരിച്ചുവരുന്നു.

**ഏറനാട് മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പദ്ധതി**

11 (3294) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. എം. ജി. എസ്. വൈ. പ്രൈം മിനിസ്റ്റേഴ്സ് ഗ്രാമീണ സഡക് യോജന പദ്ധതി പ്രകാരം ഏറനാട് മണ്ഡലത്തിൽ ഏതെല്ലാം റോഡുകൾക്കാണ് 2011-12, 2013-14, 2014-15 വർഷത്തിൽ ഭരണാനുമതി ലഭിച്ചിട്ടുള്ളത്; വിശദമാക്കുമോ ;

(ബി) ഇവയിൽ പണി പൂർത്തിയായതും ഇനിയും പൂർത്തീകരിക്കാനുള്ളതുമായ പ്രവൃത്തികൾ ഏതെല്ലാമാണ് ; വ്യക്തമാക്കുമോ ;

(സി) പണി പൂർത്തീകരിക്കുവാനുള്ള പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 2011-12, 2014-15 എന്നീ വർഷങ്ങളിൽ ഏറനാട് മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതികൾക്കൊന്നും ഭരണാനുമതി ലഭിച്ചിട്ടില്ല. എന്നാൽ 2013-14 സാമ്പത്തിക വർഷത്തിൽ ഏറനാട് മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം പുനരുദ്ധാരണത്തിന് ഭരണാനുമതി ലഭിച്ച 3 റോഡുകളുടെ പേര് ചുവടെ ചേർക്കുന്നു:

1. തെരട്ടമ്മല്-കല്ലരട്ടി റോഡ്
2. ചുള്ളാട്ടിരിപ്പാറ-വാഴക്കോട് റോഡ്
3. മണ്ണുമാടം-കളത്തിൻ കടവ് റോഡ്

(ബി) ഭരണാനുമതി ലഭിച്ച മൂന്ന് റോഡുകളും പൂർത്തിയായിട്ടില്ല. ടി റോഡുകളുടെ പണി വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

(സി) പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ

നടപടി സ്വീകരിച്ചിട്ടുണ്ട്.

**നാട്ടിക മണ്ഡലത്തിലെ ഇന്ദിരാ ആവാസ് യോജന പദ്ധതി**

12 (3295) ശ്രീമതി ഗീതാ ഗോപി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരം നാട്ടിക നിയോജക മണ്ഡലത്തിൽ പെടുന്ന ചേർപ്പ്, അന്തിക്കാട്, തളിക്കുളം ബ്ലോക്കുകളിൽ എത്ര തുക വിതരണം ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത ബ്ലോക്കുകളിൽ തുക അനുവദിച്ച ഗുണഭോക്താക്കളുടെ എണ്ണവും കുടിശ്ശികയായ അപേക്ഷകരുടെ എണ്ണവും അറിയിക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

13 (3296) ശ്രീ. കെ. ദാസൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം തൊഴിലെടുക്കുന്ന തൊഴിലാളികൾക്കും, NREGS ജീവനക്കാർക്കും വേതനം മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വേതനം നൽകുന്നതിൽ കാലതാമസമുണ്ടായാൽ നഷ്ടപരിഹാരം ഉൾപ്പെടെ നൽകണമെന്ന് വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുണ്ടോ ;

(സി) വേതനം മുടങ്ങിയ തൊഴിലാളികൾക്കും ജീവനക്കാർക്കും നഷ്ടം കൂടി ഉൾപ്പെടുത്തിക്കൊണ്ട് വേതനം നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വേതന വിതരണത്തിൽ കാലതാമസം നേരിട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുത്തിട്ടുള്ള അവിദഗ്ധ തൊഴിലാളികൾക്ക് വേതനം നൽകുന്നതിന് കാലതാമസം നേരിട്ടാൽ നഷ്ടപരിഹാരം നൽകണമെന്ന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) പദ്ധതിയിലെ അവിദഗ്ധ തൊഴിലാളികൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ

അനുശാസിക്കുന്ന രീതിയിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള അർഹതാപരിശോധന നടത്തുകയും, അർഹരാണെന്ന് കണ്ടെത്തുന്ന അവിദഗ്ദ്ധ തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമാണ്.

## സാമൂഹ്യ-സാമ്പത്തിക-ജാതി സെൻസസ്

14 (3297) ശ്രീ. ടി. വി. രാജേഷ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012 ഏപ്രിൽ 10-ന് ആരംഭിച്ച സാമൂഹ്യ-സാമ്പത്തിക-ജാതി സെൻസസിൽ ധാരാളം തെറ്റുകൾ കടന്നുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; തെറ്റുകൾ തിരുത്തി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എപ്പോൾ പ്രസിദ്ധീകരിക്കാൻ കഴിയും ;

(ബി) പ്രസ്തുത സെൻസസിനായി ഇതുവരെ എത്ര തുക ചെലവഴിച്ചു ; വിശദാംശം നൽകുമോ ;

(സി) പ്രസിദ്ധീകരിക്കാൻ പോകുന്ന സാമൂഹ്യ-സാമ്പത്തിക-ജാതി സെൻസസ് അടിസ്ഥാനമാക്കി ബി.പി.എൽ. പട്ടിക പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ആയതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ ;

(ഡി) ഈ ലിസ്റ്റ് ഉപയോഗിച്ച് ഭക്ഷ്യസുരക്ഷാനിയമപ്രകാരമുള്ള ഗുണഭോക്താക്കളെ കണ്ടെത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം നൽകുമോ ?

### ഉത്തരം

(എ) 2014 മേയ് 19-ന് പ്രസിദ്ധീകരിച്ച സാമൂഹിക സാമ്പത്തിക ജാതി സെൻസസിന്റെ കരട് ലിസ്റ്റിൽ ഏതാനും തെറ്റുകൾ കടന്നുകൂടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തെറ്റുകൾ തിരുത്തിയശേഷം അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല. ഇതുവരെ ലഭിച്ച പരാതികളുടെ ഹിയറിംഗും അപ്പീലുകളും പരിശോധിച്ച് 2015 മാർച്ച് 31-നകം അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്.

(ബി) കേരളത്തിൽ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് നടത്തുന്നതിനായി കേന്ദ്ര സർക്കാർ വകയിരുത്തിയിട്ടുള്ളത് 47.48 കോടി രൂപയാണ്. ഇതുവരെ 45.11 കോടി രൂപ ലഭിക്കുകയും 44.76 കോടി രൂപ ചെലവഴിക്കുകയും ചെയ്തു.

(സി) കേന്ദ്ര സർക്കാരിന്റെ പൂർണ്ണ സാമ്പത്തിക, സാങ്കേതിക സഹായത്തോടെ

നടപ്പിലാക്കുന്ന ഈ സെൻസസ് വിവരങ്ങൾ കേന്ദ്ര സർക്കാരിന്റെ മാത്രം കൈവശത്തിലാണ്. സാമൂഹിക സാമ്പത്തിക ജാതി സെൻസസ് വിവരങ്ങളെ ആധാരമാക്കിയായിരിക്കും പദ്ധതി ഗുണഭോക്താക്കളെ കണ്ടെത്തുക എന്നാണ് കേന്ദ്ര സർക്കാർ വ്യക്തമാക്കിയിട്ടുള്ളത്. ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ച ലിസ്റ്റിലെ ഒഴിവാക്കൽ ഉൾപ്പെടുത്തൽ, ദാരിദ്ര്യ/ക്ലേശ ഘടകങ്ങൾ സംബന്ധിച്ച് കേന്ദ്ര സർക്കാർ ലഭ്യമാക്കിയിട്ടുള്ള നിലവിലെ മാനദണ്ഡങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) വിവരം ശേഖരിച്ചുവരുന്നു.

## കാസർഗോഡ് ജില്ലയിൽ ഉദുമ പഞ്ചായത്തിലെ തിരുവക്കോളി ആസ്ഥാനമായി ക്ഷീരസഹകരണ സംഘം

15 (3298) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ഉദുമ പഞ്ചായത്തിലെ തിരുവക്കോളി ആസ്ഥാനമായി ക്ഷീരസഹകരണ സംഘം രൂപീകരിക്കുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട് പ്രദേശവാസികൾ സ്ഥലം എം.എൽ.എ. മുഖേന നൽകിയ ഹർജിയിൽ എന്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉദുമ ക്ഷീരോല്പാദക സഹകരണ സംഘം സി 50(ഡി) കാസർഗോഡ് ജില്ലയിലെ ഉദുമ പഞ്ചായത്ത് മുഴുവനായും പ്രവർത്തനപരിധിയായി പ്രവർത്തിക്കുന്ന പരമ്പരാഗത ക്ഷീരസംഘമാണ്. ഉദുമ ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ പ്രവർത്തന പരിധിയിൽനിന്നും തിരുവക്കോളി പ്രദേശം ഒഴിവാക്കി ബൈലോ ഭേദഗതി ചെയ്താലേ പ്രസ്തുത പഞ്ചായത്തിൽ തിരുവക്കോളി ആസ്ഥാനമാക്കി പുതിയ ക്ഷീരസംഘം രൂപീകരണത്തിന് സാധ്യതയുള്ളൂ. എന്നതിനാൽ നിയമാവലി ഭേദഗതി ചെയ്ത് പ്രവർത്തന പരിധി പുനർനിശ്ചയിക്കുന്നതിന് ഉദുമ ക്ഷീരോല്പാദക സഹകരണ സംഘം ലിമിറ്റഡ് നമ്പർ സി.50(ഡി)-ക്ക് ആവശ്യമായ നിർദ്ദേശം കാസർഗോഡ് ജില്ലാ ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പാലക്കാട് ജില്ലയിലെ തൊഴിലുറപ്പ് തൊഴിലാളികളുടെ കൂലി കുടിശ്ശിക

16 (3299) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ തൊഴിലുറപ്പ് തൊഴിലാളികളുടെ കൂലി കുടിശ്ശിക ഏത് മാസം വരെയുള്ളതാണ് കൊടുത്ത് തീർക്കാനുള്ളത് ;

(ബി) പാലക്കാട് ജില്ലയിൽ കുടിശ്ശികയായ ഫണ്ട് എത്രയെന്ന് ബ്ലോക്ക് തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) തൊഴിലുറപ്പ് പണികളിൽ എന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ ? എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) 7-12-2014-ലെ കണക്ക് പ്രകാരം, (മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ MIS റിപ്പോർട്ട് പ്രകാരമുള്ളത്) പാലക്കാട് ജില്ലയിൽ, 2014 ഒക്ടോബർ മാസം മുതൽ 2014 ഡിസംബർ 7-ാം തീയതി വരെ കുടിശ്ശികയായ കൂലിയാണ് തൊഴിലാളികൾക്ക് കൊടുത്തുതീർക്കാനുള്ളത്.

(ബി) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(സി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

## ആലത്തൂർ നിയോജകമണ്ഡലത്തിലെ ദേശീയ തൊഴിലുറപ്പ് പദ്ധതി

17 (3300) ശ്രീ. എം. ചന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ തൊഴിലുറപ്പു പദ്ധതി പ്രകാരം ഈ സാമ്പത്തിക വർഷം ആലത്തൂർ നിയോജകമണ്ഡലം പരിധിയിൽ എത്ര പുതിയ തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു ;

(ബി) എത്ര പേർക്ക് ഈ കാലയളവിൽ തൊഴിൽ ലഭിച്ചു ; ശരാശരി എത്ര

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തൊഴിൽ ദിനങ്ങൾ ലഭിച്ചു എന്ന് വ്യക്തമാക്കാമോ; എത്ര തുക വേതനമായി നൽകി ;

(സി) വേതന കുടിശ്ശിക നിലവിലുണ്ടോ ;

(ഡി) ഈ സാമ്പത്തിക വർഷത്തെ തൊഴിലുറപ്പു പ്രവർത്തിയിലൂടെ Asset Creation (കിണർ, കുളം, തോട് എന്നിവയുടെ പുനർനിർമ്മാണം) എന്തെങ്കിലും നടന്നിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷം നാളിതുവരെ, ആലത്തൂർ നിയോജകമണ്ഡലം പരിധിയിലെ ഗ്രാമപഞ്ചായത്തുകളിൽ ആകെ 161326 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ഈ കാലയളവിൽ, 40648 പേർക്ക് തൊഴിൽ ലഭിച്ചു. ശരാശരി 22 തൊഴിൽ ദിനങ്ങൾ ലഭിച്ചു. 338.77 ലക്ഷം രൂപ വേതനമായി നൽകി.

(സി) ഉണ്ട്.

(ഡി) ഈ സാമ്പത്തിക വർഷം, തൊഴിലുറപ്പ് പദ്ധതിയിൽ കിണർ, കുളം, തോട് എന്നിവയുടെ പുനരുദ്ധാരണം ഉൾപ്പെടെയുള്ള ആസ്തി നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

**ദുർബലരായ ഭവന രഹിതർക്ക് വീട് നിർമ്മിക്കുവാൻ ധനസഹായം**

18 (3301) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദുർബലരായ ഭവന രഹിതർക്ക് വീട് നിർമ്മിക്കുവാൻ ധനസഹായം നൽകുന്ന ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികൾ നിലവിലുണ്ടെന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ പദ്ധതിയിലും അനുവദിച്ചിട്ടുള്ള തുക എത്രയാണെന്നും എത്ര വീടുകൾ പൂർത്തിയാക്കിയെന്നും പറയാമോ ;

(ബി) ഏതെങ്കിലും ഭവന നിർമ്മാണ പദ്ധതിയിൽ (ഐ. എ. വൈ.

പോലുള്ള) ധനസഹായം ഗുണഭോക്താക്കൾക്ക് നൽകാത്തതിനാൽ നിലവിലുണ്ടായിരുന്നവ പൊളിച്ച ശേഷം നിർമ്മാണമാരംഭിച്ച വീടുകളും പൂർത്തിയാക്കാൻ കഴിയാത്ത അവസ്ഥയുണ്ടെന്ന് അറിയുമോ ;

(സി) എങ്കിൽ ഇത്തരം ഗുണഭോക്താക്കൾക്ക് ധനസഹായം വിതരണം ചെയ്യാൻ തടസ്സമെന്തായിരുന്നുവെന്ന് പറയാമോ ;

(ഡി) 2013-14 വർഷം അനുവദിച്ചിരുന്ന എല്ലാ വീടുകൾക്കും ധനസഹായം വീതരണം ചെയ്ത് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടോയെന്ന് പറയാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ റോഡുകളുടെ നിർമ്മാണം**

19 (3302) ശ്രീ. എം. ഹംസ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 വർഷത്തെ പി.എം.ജി.എസ്.വൈ. ഫേസ് VIII പാക്കേജിൽപ്പെട്ടിട്ടുള്ള ഏതെല്ലാം റോഡുകൾ ആണ് ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത റോഡുകളിൽ എത്രയെണ്ണം നിർമ്മാണം പൂർത്തിയാക്കി ; വിശദാംശം ലഭ്യമാക്കാമോ ;

(സി) ഫേസ് VIII-ൽ ഉൾപ്പെട്ട എത്ര റോഡുകൾ പൂർത്തിയാക്കുവാനുണ്ട് ; ഓരോന്നിന്റെയും വിശദാംശം ലഭ്യമാക്കാമോ ;

(ഡി) ഫേസ് VIII-ലെ എത്ര റോഡുകൾക്ക് മെയിൻറനൻസിന് കരാർ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ താഴെ പറയുന്ന 5 റോഡുകൾക്കാണ് ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളത്:

1. അമ്പലപ്പാറ പഞ്ചായത്തിലെ ലക്ഷംവീട് കുന്നൻമല റോഡ്

2. അമ്പലപ്പാറ പഞ്ചായത്തിലെ കണ്ണമംഗലം-കണ്ണമംഗലം റോഡ്

3. കരിമ്പുഴ പഞ്ചായത്തിലെ പോരാമ്പ്ര കടപ്പാടം റോഡ്

4. പൂക്കോട്ടുകാവ് പഞ്ചായത്തിലെ പൂക്കോട്ടുകാവ് കോവിലിങ്ങൽപ്പടി റോഡ്

5. അമ്പലപ്പാറ പഞ്ചായത്തിലെ കടമ്പൂർപള്ളി കടവ് റോഡ്.

(ബി) ഒരു റോഡിന്റെയും പണി പൂർത്തിയായിട്ടില്ല. പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ഫേസ് 8-ലെ എല്ലാ റോഡു പ്രവൃത്തികൾക്കും 5 വർഷത്തെ മെയിന്റനൻസ് ചെയ്യുവാൻ കരാറിൽ വ്യവസ്ഥയുണ്ട്.

## ഗ്രാമവികസന വകുപ്പിലെ കമ്മിറ്റികൾ

20 (3303) ശ്രീ. റ്റി. യു. കുരുവിള : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പിൽ അനുവദിച്ചിരിക്കുന്ന വിവിധ തസ്തികകളുടെ എണ്ണം വ്യക്തമാക്കാമോ;

(ബി) ഗ്രാമവികസന വകുപ്പിൽ വിവിധ വിഷയങ്ങളെക്കുറിച്ചു പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നാളിതുവരെ എത്ര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട് ; ഈ കമ്മിറ്റികൾ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത കമ്മിറ്റികളുടെ ശിപാർശകൾ അംഗീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട എത്ര ഉത്തരവുകൾ ഇറങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി&സി) ഗ്രാമവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പദ്ധതികളുടെ നിർവ്വഹണം കാര്യക്ഷമമാക്കൽ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശ്രീ. പി. റ്റി. മാത്യു (പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷൻ) അദ്ധ്യക്ഷനായി സർക്കാർ ഒരു സമിതി രൂപീകരിച്ചിരുന്നു. നിയോജക മണ്ഡലാടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ പുനഃക്രമീകരണത്തിനായി ശിപാർശ സമർപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി ഡോ. രാജൻ ഖൊബ്രഗഡേ കൺവീനറായി 13-3-2014-ലെ സ.ഉ.(സാധാ) നമ്പർ 756/2014/തസ്വഭവ പ്രകാരം കമ്മിറ്റി രൂപീകരിച്ചു. പി. റ്റി. മാത്യു കമ്മിറ്റിയുടെ ശിപാർശകൾ സർക്കാരിന് സമർപ്പിച്ചിട്ടുള്ളതാണ്. പി. റ്റി. മാത്യു കമ്മിറ്റിയുടെ ശിപാർശകൾ 17-11-2011-ലെ സ.ഉ.(സാധാ) നമ്പർ 2701/2011/ തസ്വഭവ പ്രകാരം അംഗീകരിച്ച് ഉത്തരവായിരുന്നു.

ഈ വിഷയത്തിൽ കൂടുതൽ വിവരം ശേഖരിച്ചുവരുന്നു.

**ഗ്രാമവികസന വകുപ്പിലെ ഡ്രൈവർമാരുടെ സീനിയോറിറ്റി ലിസ്റ്റ്**

21 (3304) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പിൽ ഡ്രൈവർ ഗ്രേഡ് 1 ഗ്രേഡ് 11 ജീവനക്കാരുടെ 2014 വരെയുള്ള സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(സി) ഇതുമൂലം ജീവനക്കാർക്ക് ലഭിക്കേണ്ട അർഹതപ്പെട്ട ആനുകൂല്യം ലഭിക്കാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ നഷ്ടപ്പെടാതിരിക്കാനുള്ള നടപടി സ്വീകരിക്കാമോ ; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) 31-3-2010 വരെയുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റും 31-3-2014 വരെയുള്ള കരട് സീനിയോറിറ്റി ലിസ്റ്റും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകുന്നതാണ്.

**ഗ്രാമവികസന വകുപ്പിൽ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ**

22 (3305) ശ്രീ. വി. ശിവൻകുട്ടി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പിൻെറ ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാരിൽ നിന്ന് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ആയി ഏറ്റവും ഒടുവിലായി സ്ഥാനക്കയറ്റം ലഭിച്ചത് ആർക്കാണെന്നും, ടിയാളുടെ സംയോജിത സീനിയോരിറ്റി റാങ്ക് നമ്പർ എത്രയാണെന്നും വ്യക്തമാക്കുമോ ;

(ബി) ഗ്രാമവികസന വകുപ്പിൽ ഇപ്പോൾ ബ്ലോക്ക് ഡെവലപ്മെൻറ് ഓഫീസർമാരുടെ എത്ര ഒഴിവുകളുണ്ടെന്നും ആയത് എവിടെയൊക്കെയാണെന്നും, അവ എന്തു കൊണ്ടാണ് നികത്താത്തതെന്നും വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രീ. രഘുനാഥൻ കെ.പി., സംയോജിത സീനിയോറിറ്റി റാങ്ക് നമ്പർ 458.

(ബി) ഒരൊഴിവ്. കണ്ണൂർ ജില്ലയിലെ ഇരിട്ടി ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്. പ്രസ്തുത എൻ.ജെ.ഡി. ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**മാവേലിക്കര മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പദ്ധതി**

23 (3306) <u>ശ്രീ. ആർ. രാജേഷ്</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എം.ജി. എസ്. വൈ. പദ്ധതി പ്രകാരം മാവേലിക്കര മണ്ഡലത്തിൽ 2011-12, 2012-13, 2013-14 കാലയളവിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ ;

(ബി) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം മാവേലിക്കര മണ്ഡലത്തിൽ ഭരണാനുമതി ലഭിക്കുകയും പണി ആരംഭിക്കുകയും പാതി വഴിയിൽ ഉപേക്ഷിക്കുകയും ചെയ്ത റോഡുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഉപേക്ഷിക്കേണ്ടിവന്നതിൻെറ കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത റോഡുകളുടെ പണി പുനരാരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം അനുമതി ലഭിച്ചിട്ട് പണി തുടങ്ങി പാതി ഉപേക്ഷിക്കപ്പെട്ട പ്രവൃത്തികൾ ഒന്നുംതന്നെയില്ല. എന്നാൽ ഏഴാം ഘട്ടത്തിലെ അനുമതി ലഭിച്ച 6 റോഡുകൾ പലതവണ ടെണ്ടർ ചെയ്തിട്ടും കരാറുകാർ എടുക്കാത്ത സാഹചര്യത്തിൽ പദ്ധതി കേന്ദ്ര സർക്കാർ ഉപേക്ഷിച്ച് ഉത്തരവായിട്ടുണ്ട്.

(സി) പരിശോധനയിലാണ്.

**പുതുക്കാട് മണ്ഡലത്തിലെ റോഡുകളുടെ നവീകരണം**

24 (3307) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുക്കാട് മണ്ഡലത്തിൽ ഏതെല്ലാം റോഡുകളാണ് പി എം ജി എസ് വൈ പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ ;

(ബി) റോഡുകളുടെ പേരും, ഇപ്പോഴത്തെ സ്ഥിതിയും വിശദമാക്കാമോ ?

ഉത്തരം

(എ) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

**തൊഴിലുറപ്പ് പദ്ധതി**

25 (3308) ശ്രീ. കെ. അജിത് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 സാമ്പത്തിക വർഷം വൈക്കം നിയോജക മണ്ഡലത്തിൽപ്പെട്ട ഓരോ പഞ്ചായത്തിലും നഗരസഭയിലും തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലാളികൾക്ക് ശരാശരി എത്ര തൊഴിൽ ദിനങ്ങൾ വീതം നൽകിയെന്നും ഓരോ പഞ്ചായത്തിലും നഗരസഭയിലും ഇതിനായി എത്ര രൂപ വീതം ചെലവഴിച്ചു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എന്നും വ്യക്തമാക്കുമോ ;

(ബി) വൈക്കം നിയോജകമണ്ഡലത്തിൽ 2013-14 വർഷത്തിലെ തൊഴിലുറപ്പ് പദ്ധതിയുടെ മുഴുവൻ തുകയും തൊഴിലാളികൾക്ക് നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ;

(സി) 2014-15 സാമ്പത്തിക വർഷത്തിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം വൈക്കം നിയോജക മണ്ഡലത്തിലെ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഇതുവരെ (November 22 വരെ) എത്ര തൊഴിൽ ദിനങ്ങൾ നൽകിയിട്ടുണ്ടെന്നും ഇത് കഴിഞ്ഞ വർഷവുമായി പരിശോധിച്ചാൽ എത്ര മാത്രം കുറവാണ് വന്നിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(ഡി) തൊഴിലുറപ്പ് പദ്ധതിയ്ക്കായി മുൻ വർഷത്തെപോലെതന്നെ സർക്കാർ പണം അനുവദിച്ചിട്ടുണ്ടോ എന്നും എത്രമാത്രമാണ് കുറവ് വന്നിട്ടുള്ളതെന്നും വ്യകത്മാക്കുമോ?

<u>ഉത്തരം</u>

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു*. 2013-14 സാമ്പത്തിക വർഷം വൈക്കം നഗരസഭയിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി പ്രകാരം ശരാശരി 55 തൊഴിൽദിനങ്ങൾ വരെ നൽകിയിട്ടുണ്ട്. വൈക്കം നഗരസഭയിൽ 2013-14 സാമ്പത്തിക വർഷം 62,26,336 രൂപ പദ്ധതിക്കായി ചെലവഴിച്ചു.

(ബി) ഉദയനാപുരം ഗ്രാമപഞ്ചായത്തിലെ 31 തൊഴിലാളികൾക്ക് ഒഴികെ, വൈക്കം നിയോജക മണ്ഡലത്തിലെ എല്ലാ തൊഴിലാളികൾക്കും 2013-14 സാമ്പത്തിക വർഷത്തെ അർഹമായ വേതനം വിതരണം ചെയ്തിട്ടുണ്ട്. (ഉദയനാപുരം ഗ്രാമപഞ്ചായത്തിൽനിന്നും, ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റത്തിന്റെ ഭാഗമായി, പ്രസ്തുത തൊഴിലാളികളുടെ വേതന വിതരണത്തിനായി പോസ്റ്റ് ഓഫീസിലേയ്ക്ക് അയച്ച ഫണ്ട് ട്രാൻസ്ഫർ ഓർഡറുകൾ സാങ്കേതിക കാരണങ്ങളാൽ പ്രോസസ്സിംഗ് നടത്താൻ കഴിയാത്ത സാഹചര്യമുണ്ടായതിനെ തുടർന്നാണ് മറ്റ് തൊഴിലാളികൾക്കൊപ്പം ഇവർക്ക് വേതന വിതരണം നടത്താൻ കഴിയാതെ വന്നത്. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി പ്രകാരം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പദ്ധതികൾ നടപ്പാക്കിയതിൽ തൊഴിലാളികൾക്ക് കൂലിയിനത്തിലും മറ്റും 15,00,000 രൂപ നൽകുവാനുണ്ട്.

(സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.* 2014-15 വർഷത്തിൽ നവംബർ മാസം 30-ാം തീയതിവരെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി ഫണ്ട് ലഭിക്കാതിരുന്നതുമൂലം ആരംഭിച്ചിരുന്നില്ല. 27-11-2014-ൽ ഫണ്ട് അനുവദിച്ചതിനാൽ 1-12-2014 മുതൽ പണി ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം 42,904 തൊഴിൽ ദിനങ്ങൾ നൽകിയിട്ടുണ്ട്.

(ഡി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് ആവശ്യാധിഷ്ഠിതമായി ഫണ്ട് ലഭ്യമാകുന്നുണ്ട്. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ 2014-15 വർഷത്തിൽ വൈക്കം നഗരസഭയ്ക്ക് 50,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

**തൊഴിലുറപ്പ് പദ്ധതി**

26 (3309) <u>ഡോ. കെ. ടി. ജലീൽ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പ് നിയമമനുസരിച്ച് 2014-15 സാമ്പത്തിക വർഷം സംസ്ഥാനത്ത് ഇതുവരെ എത്ര തൊഴിൽ ദിനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട് ;

(ബി) തൊഴിലിനായി രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ, തൊഴിൽ ലഭ്യമാക്കിയ കുടുംബങ്ങൾ, ശരാശരി ലഭ്യമായ തൊഴിൽ ദിനങ്ങൾ എന്നിവ വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) 8-12-2014-ലെ കണക്ക് (എം.ഐ.എസ്സ്. റിപ്പോർട്ട്) പ്രകാരം, 2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് 24922570 തൊഴിൽ ദിനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) നടപ്പ് വർഷം, 8-12-2014-ലെ കണക്ക് പ്രകാരം, തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ, തൊഴിൽ ലഭ്യമാക്കിയ കുടുംബങ്ങൾ, ശരാശരി തൊഴിൽ ദിനങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | | |
|---|---|---|
| തൊഴിലിനായി രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ | - | 2970229 |
| തൊഴിൽ ലഭ്യമാക്കിയ കുടുംബങ്ങൾ | - | 1096881 |
| ഒരു കുടുംബത്തിന് ശരാശരി ലഭ്യമാക്കിയ തൊഴിൽ ദിനങ്ങൾ | - | 22.72 |

## തൊഴിലുറപ്പ് പദ്ധതി -സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ

27 (3310) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെകാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2013-14 വർഷത്തിൽ ഓരോ ജില്ലയിലും എത്ര തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു എന്ന് വിശദമാക്കാമോ ?

ഉത്തരം

അനുബന്ധമായി ചേർത്തിരിക്കുന്നു.*

## കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പദ്ധതി

28 (3311) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രമവികസനവും ആസൂത്രണവും സാസംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം എത്ര റോഡുകളുടെ പ്രവൃത്തികളാണ് ഏറ്റെടുത്തതെന്നും അവയിൽ എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികളുടെ പേര് അടങ്കൽ തുക, പ്രവൃത്തി പുരോഗതി എന്നിവ സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം പി.എം.ജി.എസ്.വൈ. പ്രകാരം 15 റോഡുകളുടെ പ്രവൃത്തി ഏറ്റെടുത്തു. അവയിൽ 6 പ്രവൃത്തികൾ പൂർത്തീകരിച്ചു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

**പയ്യന്നൂർ വെള്ളൂർ എൻ.എച്ച്.-കൊളേക്കര-ചേനോക്ക് റോഡ് നിർമ്മാണം**

29 (3312) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 വർഷത്തെ നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പയ്യന്നൂർ നഗരസഭയിലെ വെള്ളൂർ എൻ. എച്ച്. കൊളേക്കര-ചേനോക്ക് റോഡ് അഭിവൃത്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തിയുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ;

(ബി) പ്രസ്തുത റോഡ് പ്രവർത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) 2013-14 വർഷത്തെ നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പയ്യന്നൂർ നഗരസഭയിലെ വെള്ളൂർ എൻ.എച്ച്.-കൊളേക്കര-ചേനോക്ക് റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, CPWD നിരക്കിൽ തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്ക് കാലതാമസം കൂടാതെ പ്രവൃത്തി ആരംഭിക്കുന്നതാണ്.

**തൊഴിലുറപ്പ് പദ്ധതിയുടെ മാർഗ്ഗരേഖ- പുതുക്കിയ മാനദണ്ഡം**

30 (3313) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പ് പദ്ധതിയുടെ മാർഗരേഖ 60 ശതമാനം കൂലിയും 40 ശതമാനം നിർമ്മാണ സാമഗ്രികൾ, മറ്റ് ഭരണച്ചെലവുകൾ എന്ന വ്യവസ്ഥക്ക് കേന്ദ്രസർക്കാർ മാറ്റം വരുത്തിയിട്ടുണ്ടോ ;

(ബി) പുതുക്കിയ മാനദണ്ഡ പ്രകാരം വിഹിതം കുറയ്ക്കുന്നത് പദ്ധതിയുടെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉണഭോക്താക്കളെ സാരമായി ബാധിക്കുമോയെന്ന് വ്യക്തമാക്കാമോ ;

(സി) തൊഴിലാളി കുടുംബങ്ങളെ ദോഷകരമായി ബാധിക്കുന്ന ഇത്തരം വ്യവസ്ഥ മാറ്റണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) മാനദണ്ഡങ്ങൾ പുതുക്കിയിട്ടില്ലാത്തതിനാൽ ബാധകമല്ല.

(സി) ബാധകമല്ല .

**തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ കൂടുതൽ പ്രവൃത്തികൾ**

31 (3314) ശ്രീ. പി. കെ. ബഷീർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പു പദ്ധതിയിൻ കീഴിൽ ജൈവകൃഷി വ്യാപനം, നെൽകൃഷിയും അനുബന്ധ പ്രവൃത്തികളും ജലസ്രോതസ്സുകളുടെയും മറ്റും വൃത്തിയാക്കൽ, മാലിന്യ നിർമ്മാർജ്ജനം, സംഘകൃഷി എന്നീ പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പട്ടിക 1, ഖണ്ഡിക 4(1)-ൽ അനുശാസിച്ചിട്ടുള്ള പ്രവൃത്തികൾ മാത്രമേ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്നതിന് അനുവാദമുള്ളൂ. ഇതുപ്രകാരം, പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം ഉൾപ്പെടെ പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികളും തൊഴിലുറപ്പ് നിയമത്തിലെ ഖണ്ഡിക 5-ൽ പ്രതിപാദിച്ചിട്ടുള്ള സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങളുടെ ഭൂമിയിൽ ഇടപെടൽ പൂർത്തിയായതിനുശേഷം, 2008-ലെ കാർഷിക കടാശ്വാസ പദ്ധതിയിൽ നിർവ്വചിച്ചിട്ടുള്ള പ്രകാരമുള്ള ചെറുകിട/നാമമാത്ര കർഷകരുടെ ഭൂമിയിലും, ഭൂമിയുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഭൂവികസനം, ജലസേചനത്തിനുള്ള

അടിസ്ഥാന സൗകര്യമൊരുക്കൽ, പഴകൃഷി, പട്ടുനൂൽകൃഷി, തോട്ടവിളകൃഷി, ഫാം ഫോറസ്ട്രി, തരിശ്ഭൂമി/പാഴ്ഭൂമി കൃഷിക്ക് അനുയോജ്യമാക്കി മാറ്റൽ എന്നീ പ്രവൃത്തികളും സ്വയംസഹായസംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി കാർഷികോല്പന്നങ്ങളുടെ സംഭരണസൗകര്യം, ജൈവവളം നിർമ്മാണം എന്നിവയ്ക്കാവശ്യമായ സ്ഥായിയായ അടിസ്ഥാനസൗകര്യങ്ങളൊരുക്കലും തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാൻ കഴിയും. എന്നാൽ, നെൽകൃഷി ഉൾപ്പെടെയുള്ള മറ്റ് കൃഷിപ്പണികളിലെ ആവർത്തന സ്വഭാവമുള്ള പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്നത് നിരോധിച്ചിട്ടുണ്ട്.

(ബി) നെൽകൃഷിയുൾപ്പെടെയുള്ളവ തൊഴിലുറപ്പ് പദ്ധതിയിലെ അംഗീകൃത പ്രവൃത്തിയിനമായി ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ നിവേദനം സമർപ്പിച്ചിട്ടുണ്ട്. അനുകൂല തീരുമാനം ലഭ്യമായിട്ടില്ല.

**തൊഴിലുറപ്പ് പദ്ധതിയിൽ കാർഷികമേഖലയെ ഉൾപ്പെടുത്തൽ**

32 (3315) ഡോ. കെ. ടി. ജലീൽ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പ് പദ്ധതി ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച് എം. മുരളി കമ്മിഷൻ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) കാർഷിക മേഖലയെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുമെന്ന പ്രഖ്യാപനം നടപ്പിലാക്കാൻ കഴിഞ്ഞോയെന്ന് വ്യക്തമാക്കാമോ ;

ഉത്തരം

(എ) റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിച്ചുവരുന്നു.

(ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പട്ടിക 1, ഖണ്ഡിക 4(1)-ൽ (കേന്ദ്രഗ്രാമവികസന മന്ത്രാലയം 3-1-2014-ലെ എസ്.ഒ. 19(ഇ) നമ്പർ വിജ്ഞാപന പ്രകാരം ഭേദഗതി ചെയ്തത്) അനുശാസിച്ചിട്ടുള്ള 4 വിഭാഗം പ്രവൃത്തികൾ മാത്രമേ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്നതിന് അനുവാദമുള്ളൂ. ഒരു ജില്ലയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളിൽ ഏറ്റവും കുറഞ്ഞത് 60 ശതമാനം തുകയ്ക്കുള്ള പ്രവൃത്തികളെങ്കിലും കാർഷിക/കാർഷികാനുബന്ധ മേഖലയുമായി നേരിട്ട് ബന്ധപ്പെട്ട് ഉല്പാദന ക്ഷമമായ ആസ്തികളുടെ നിർമ്മാണത്തിന്

ഉപയോഗിക്കണമെന്ന് കേന്ദ്ര സർക്കാർ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം (7-11-2014 വരെയുള്ള കണക്ക് പ്രകാരം) ഏറ്റെടുത്ത നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ എണ്ണത്തിന്റെ 85.95 ശതമാനവും ചെലവഴിച്ച തുകയുടെ 84.16 ശതമാനവും കാർഷിക-അനുബന്ധ മേഖലയിലെ പ്രവൃത്തികൾക്കുവേണ്ടിയാണ് നീക്കിവച്ചത്.

**തൊഴിലുറപ്പ് തൊഴിലാളികൾക്ക് ക്ഷേമപെൻഷൻ**

33 (3316) ശ്രീ. സി. ദിവാകരൻ : താഴെകാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2013-14 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്ന തൊഴിലുറപ്പ് തൊഴിലാളികൾക്ക് ക്ഷേമ പെൻഷൻ നടപ്പിലാക്കണമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ; എത്ര തൊഴിലാളികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

ഇല്ല. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ക്ഷേമപെൻഷൻ നൽകുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതവും ഗുണഭോക്തൃ വിഹിതവും ഉൾപ്പെടുത്തി ഒരു പെൻഷൻ പദ്ധതി സർക്കാർ, 2013-14 -ലെ ബഡ്ജറ്റിൽ, പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടില്ല.

**അഹാഡ്സിന്റെ പ്രൊപ്പോസൽ**

34(3317) ശ്രീ. വി. ശശി: താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചീഫ് സെക്രട്ടറി അധ്യക്ഷനായുള്ള സംസ്ഥാനതല അംഗീകാര സമിതിക്ക് (എസ്.എൽ.എസ്.സി.) 19-5-2012-ൽ സമർപ്പിച്ച പ്രൊപ്പോസലിൽ 556 ലക്ഷം രൂപയുടെ പദ്ധതികളുടെ നടപ്പാക്കൽ ഏജൻസി ആരാണ് ;

(ബി) ഈ തുകയ്ക്ക് തയ്യാറാക്കിയ പദ്ധതികൾ ഏതെല്ലാം; ഇതിൽ ഏതെല്ലാം പദ്ധതികൾ നടപ്പാക്കി; ഇതിനായി ചെലവാക്കിയ തുകയെത്ര ; ഇതിൻെറ ഭൗതീക നേട്ടം വിലയിരുത്താമോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ;

(സി) ഇതിൽ നടപ്പാക്കാത്ത പദ്ധതികൾ ഏതെല്ലാമെന്നറിയിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം-ഐ.പി.പി.ഇ. പരിശീലനം- ബ്ലോക്കുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം**

35 (3318) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് നിയമം രാജ്യത്തെ 2500 തെരഞ്ഞെടുക്കപ്പെട്ട പിന്നോക്ക ബ്ലോക്കുകളിൽ കേന്ദ്രീകരിക്കുന്നതിനും അതിനായി ഇൻറൻസീവ് പാർട്ടിസിപ്പേറ്ററി പ്ലാനിംഗ് എക്സർസൈസ് ഐ.പി.പി.ഇ. പരിശീലനം നടത്താനുള്ള കേന്ദ്രസർക്കാർ തീരുമാന പ്രകാരം സംസ്ഥാനത്ത് എത്ര ബ്ലോക്കുകളാണ് തെരഞ്ഞെടുക്കപ്പെട്ടത് എന്നും ഏത് മാനദണ്ഡം അനുസരിച്ചാണ് തെരഞ്ഞെടുത്തതെന്നും വിശദമാക്കാമോ ;

(ബി) ഐ.പി.പി.ഇ. പരിശീലനത്തിനായി തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകൾ ജില്ലാടിസ്ഥാനത്തിൽ എത്ര വീതമെന്ന് വ്യക്തമാക്കാമോ ;

(സി) ഏത് മാനദണ്ഡമനുസരിച്ചാണ് ഐ.പി.പി.ഇ. പരിശീലനം നടത്താനുള്ള കേന്ദ്രസർക്കാർ തീരുമാനപ്രകാരം സംസ്ഥാനത്ത് ബ്ലോക്കുകളെ തെരഞ്ഞെടുത്തതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 2011-ലെ സെൻസസ് ഡാറ്റായെ അവലംബിച്ച്, രാജ്യത്തെ 2500 പിന്നോക്ക ബ്ലോക്കുകളെ, സംസ്ഥാനത്തെ 22 ബ്ലോക്കുകൾ അടക്കം ഐ.പി.പി.ഇ.-യിൽ ഉൾപ്പെടുത്താനാണ് കേന്ദ്ര സർക്കാർ സംസ്ഥാനത്തോട് നിർദ്ദേശിച്ചിരുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ ജനസംഖ്യ, കാർഷിക തൊഴിലാളി കുടുംബങ്ങളുടെ എണ്ണം, സ്ത്രീ സാക്ഷരതാ നിരക്ക് തുടങ്ങിയ ക്ലേശഘടകങ്ങൾ വിലയിരുത്തി ഈ ഗണത്തിൽ ഉൾപ്പെടുത്തേണ്ട സംസ്ഥാനത്തെ 50 ബ്ലോക്കുകളുടെ ലിസ്റ്റ് സംസ്ഥാനം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളതും പ്രസ്തുത ബ്ലോക്കുകളിൽ ഊർജ്ജിത പങ്കാളിത്ത ആസൂത്രണ പ്രക്രിയയിലൂടെ തൊഴിലുറപ്പ് പദ്ധതിയുടെ ലേബർ ബഡ്ജറ്റും വാർഷിക കർമ്മ പദ്ധതിയും തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) 2011-ലെ സെൻസസ് ഡാറ്റായെ അവലംബിച്ച്, രാജ്യത്തെ 2500 പിന്നോക്ക ബ്ലോക്കുകളെ, സംസ്ഥാനത്തെ 22 ബ്ലോക്കുകൾ അടക്കം ഐ.പി.പി.ഇ.യിൽ ഉൾപ്പെടുത്താനാണ് കേന്ദ്ര സർക്കാർ സംസ്ഥാനത്തോട് നിർദ്ദേശിച്ചിരുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ ജനസംഖ്യ, കാർഷിക തൊഴിലാളി കുടുംബങ്ങളുടെ എണ്ണം, സ്ത്രീ സാക്ഷരതാ നിരക്ക് തുടങ്ങിയ ക്ലേശഘടകങ്ങൾ വിലയിരുത്തി ഈ ഗണത്തിൽ ഉൾപ്പെടുത്തേണ്ട സംസ്ഥാനത്തെ 50 ബ്ലോക്കുകളുടെ ലിസ്റ്റ് സംസ്ഥാനം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളതും പ്രസ്തുത ബ്ലോക്കുകളിൽ ഊർജ്ജിത പങ്കാളിത്ത ആസൂത്രണ പ്രക്രിയയിലൂടെ തൊഴിലുറപ്പ് പദ്ധതിയുടെ ലേബർ ബഡ്ജറ്റും വാർഷിക കർമ്മ പദ്ധതിയും തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്.

**പ്രാപ്പൊയിൽ-ചൂരപ്പടവ്-ചട്ടിവയൽ റോഡ്**

36 (3319) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 വർഷത്തെ ആസ്തി വികസന പദ്ധതിയിൽപ്പെടുത്തി ഭരണാനുമതി ലഭിച്ച ചെറുപുഴ ഗ്രാമപഞ്ചായത്തിലെ പ്രാപ്പൊയിൽ-ചൂരപ്പടവ്-ചട്ടിവയൽ റോഡ് അഭിവൃത്തിപ്പെടുത്തുന്നതിനുള്ള പ്രവൃത്തിയുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ;

(ബി) നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 2013-14 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച ചെറുപുഴ ഗ്രാമപഞ്ചായത്തിലെ പ്രാപ്പൊയിൽ-ചൂരപ്പടവ്-ചട്ടിവയൽ റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പ്രവൃത്തിയുടെ സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടിക്രമങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തി ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പി.എം.ജി.എസ്.വൈ. -2 പദ്ധതി പ്രകാരമുള്ള 570 കിലോമീറ്റർ**

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## റോഡ്

37 (3320) ശ്രീ. ടി. വി. രാജേഷ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.ജി.എസ്.വൈ. -2 അനുസരിച്ച് 570 കിലോമീറ്റർ റോഡ് അനുവദിച്ചുകൊണ്ടുള്ള നിർദ്ദേശം കേന്ദ്രസർക്കാരിൽ നിന്നും എപ്പോഴാണ് ലഭിച്ചതെന്നു വ്യക്തമാക്കുമോ ;

(ബി) അതനുസരിച്ചുള്ള ഡിസ്ട്രിക്ട് റൂറൽ റോഡ് പ്ലാൻ തയ്യാറാക്കി കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ ; എപ്പോഴേയ്ക്ക് സമർപ്പിക്കാൻ കഴിയും എന്നറിയിക്കുമോ ;

(സി) പ്രസ്തുത 570 കിലോ മീറ്ററിൽ കണ്ണൂർ ജില്ലയ്ക്ക് എത്ര കിലോമീറ്റർ റോഡാണ് ടാർജറ്റ് നിശ്ചയിച്ചിരിക്കുന്നത് ; ടാർജറ്റ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡമെന്താണ് ?

### ഉത്തരം

(എ) 2013 നവംബർ 26-ലെ കേന്ദ്ര ഗവൺമെന്റ് കത്തുമുഖേനയും 29.01.2014 തീയതിയിലെ എംപവേർഡ് കമ്മിറ്റി യോഗതീരുമാനപ്രകാരവുമാണ് 570 കി.മീ. റോഡ് അനുവദിച്ചത്.

(ബി) ഇല്ല. ഡി.ആർ.ആർ.പി. തയ്യാറാക്കുന്നതിന് CAD consultant, Gujarath എന്ന സ്ഥാപനത്തിനെ ഏൽപ്പിച്ചിരിക്കുകയാണ്. ഡി.ആർ.ആർ.പി.-യുടെ കരട് ജില്ലാതലത്തിലുള്ള പദ്ധതി നിർവ്വഹണ ഏജൻസിക്ക് സമർപ്പിച്ചിട്ടുള്ളതാണ്. ആയത് പഞ്ചായത്ത് തലത്തിൽ പരിശോധന നടത്തിവരുന്നു. പരിശോധനയിൽ ഒട്ടനവധി റോഡുകൾ വിട്ടുപോയതായി കാണുന്നു. ആയത് പരിഹരിച്ചുവരുന്നു. ഉടൻതന്നെ കുറവുകൾ പരിഹരിച്ച് കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതാണ്.

(സി) 41 കി.മീറ്റർ

മാനദണ്ഡങ്ങൾ

1. ജില്ലയുടെ ഗ്രാമീണ ജനസംഖ്യ മൊത്ത ജനസംഖ്യ അനുപാതം.
2. ദശാബ്ദ വളർച്ചാ നിരക്ക്

3. ഗ്രാമീണ വിസ്തീർണ്ണം

4. പട്ടികജാതി ശതമാനം

5. പട്ടികവർഗ്ഗ ശതമാനം

6. വളർച്ചാ കേന്ദ്രങ്ങളുടെ (growth centre)എണ്ണം.

**മിഷൻ 676-ന്റെ ഭാഗമായുള്ള വികസന പദ്ധതികൾ**

38 (3321) ശ്രീ. എം. എ. വാഹീദ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൻെറ ഭാഗമായി ആസൂത്രണ ബോർഡിൻെറ നേതൃത്വത്തിൽ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻെറ കീഴിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതികളുടെ രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തൊക്കെ നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ&ബി) ഉണ്ട്. സംസ്ഥാന ആസൂത്രണ ബോർഡുമായി ബന്ധപ്പെട്ട മിഷൻ 676-ൽ 7 പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഇവ സംബന്ധിച്ച വിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(സി) ഇതുസംബന്ധിച്ച വിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(ഡി) സംസ്ഥാന ആസൂത്രണ ബോർഡുമായി ബന്ധപ്പെട്ട മിഷൻ 676-ൽ ഉൾപ്പെട്ട 7 പദ്ധതികളിൽ 2015-16 വാർഷിക പദ്ധതി മുതൽ പദ്ധതി നിർദ്ദേശങ്ങൾ ഓൺലൈൻ ആയി സംസ്ഥാന ആസൂത്രണബോർഡിൽ സ്വീകരിക്കുക എന്ന

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പദ്ധതി പൂർത്തീകരിച്ചു. ഇതിനായി പ്രത്യേകം തുക ചെലവഴിച്ചിട്ടില്ല. പദ്ധതി നിരീക്ഷണ സംവിധാനമായ പ്ലാൻ സ്പേസ് വഴിയാണ് ടി പദ്ധതി നടപ്പാക്കിയത്. ടി പദ്ധതി 2014 സെപ്റ്റംബർ 22-ന് ആരംഭിച്ചു. വിവിധ വകുപ്പുകൾക്ക്/ നിർവ്വഹണ ഏജൻസികൾക്ക് പദ്ധതി നിർദ്ദേശങ്ങൾ ഒക്ടോബർ 15 വരെ ഓൺലൈനായി സമർപ്പിക്കുന്നതിന് അവസരം നൽകിയിരുന്നു. ടി പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. "ചരിത്രപരമായ വീക്ഷണത്തോടെ കാർഷിക മേഖലയിലെ നൂതന കണ്ടുപിടിത്തങ്ങൾ" എന്ന പദ്ധതിയുടെ ഒന്നാംഘട്ടമായി സംസ്ഥാന ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ ജില്ലാടിസ്ഥാനത്തിൽ ലഭ്യമായ കർഷകരുടെ കണ്ടുപിടിത്തങ്ങൾ, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ മുഖേന ശേഖരിക്കുകയും വിശദമായ അവലോകനങ്ങൾക്കും വിദഗ്ധരുമായുള്ള ചർച്ചകൾക്കും സെമിനാറുകൾക്കും ശേഷം ഉരുത്തിരിഞ്ഞുവന്ന കണ്ടുപടിത്തങ്ങൾ ക്രോഡീകരിക്കുകയുണ്ടായി. പല കണ്ടുപിടിത്തങ്ങളും വർഷങ്ങളുടെ ശ്രമഫലമായി നടത്തിയതും കാർഷിക മേഖലയ്ക്ക് വളരെ പ്രയോജനപ്പെടുന്നവയുമാണ്. ഈ പഠനത്തിന്റെ അടുത്ത ഘട്ടമായി വിവിധ കാലഘട്ടങ്ങളിൽ ഉരുത്തിരിഞ്ഞുവന്ന കണ്ടുപിടിത്തങ്ങൾ ക്രോഡീകരിക്കുവാൻ ലക്ഷ്യമിടുന്നു. കൃഷിയിലെ നൂതന രീതികളുടെ ചരിത്രമാനങ്ങൾ, കൃഷിയുടെ ചരിത്രം, കാർഷിക ജൈവ വ്യവസ്ഥാ വികസനം എന്നിവ വിശദമാക്കുന്ന ഒരു രേഖ തയ്യാറാക്കുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡ് വിഭാവനം ചെയ്തിട്ടുണ്ട്. ഈ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏജൻസികൾ, ഗവേഷകർ, വിദഗ്ധർ എന്നിവരുടെ സഹകരണത്തോടെ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതാണ്. പഠനത്തിനും റിപ്പോർട്ട് തയ്യാറാക്കുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും ഏകോപനത്തിനുമായി ഒരു ഉപദേശക സമിതിക്ക് രൂപം നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.

"കേരള പരിപ്രേക്ഷ്യ പദ്ധതി 2030-ന് "സംസ്ഥാന മന്ത്രിസഭയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പഞ്ചവൽസര പദ്ധതിയുമായും വാർഷിക പദ്ധതിയുമായും സംയോജിപ്പിച്ച് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. സർവ്വീസിൽനിന്നും വിരമിച്ചവരുടെ വൈദഗ്ധ്യം സംസ്ഥാനത്തിന്റെ വികസനത്തിന് ഗുണകരമാകുംവിധം ഉപയോഗപ്പെടുത്തുന്നതിന് "കൺസോർഷ്യം ഓഫ് റിട്ടയേർഡ് എക്സ്പേർട്സ് ഫോർ ഡെവലപ്മെന്റ്" എന്ന പേരിൽ ഒരു കമ്പനി രൂപീകരിക്കുന്നതിന് മന്ത്രിസഭ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്പനി രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പ്ലാനിംഗ് വകുപ്പിന്റെ കീഴിലായിരിക്കും കമ്പനി പ്രവർത്തിക്കുക. കമ്പനിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ

തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. സംസ്ഥാന ആസൂത്രണ ബോർഡുമായി ബന്ധപ്പെട്ട മിഷൻ 676-ൽപ്പെട്ട ടി പദ്ധതികളുടെ നിർവ്വഹണ പുരോഗതി സർക്കാർ വിലയിരുത്തുന്നുണ്ട്.

**സംസ്ഥാന പ്ലാൻ ഫണ്ട് വിനിയോഗം**

39 (3323) ശ്രീ. എം. ഹംസ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പ്ലാൻഫണ്ട് ചെലവഴിക്കുന്നതിന് വിവിധ വകുപ്പുകൾക്ക് എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) വാർഷിക പ്ലാൻ ഇംപ്ലിമെന്റേഷന്റെ പുരോഗതി വിലയിരുത്തുന്നതിന് ഇന്ന് എന്തെല്ലാം സംവിധാനങ്ങൾ ആണ് നിലവിലുള്ളത് ;

(സി) സംസ്ഥാനത്തെ മുഖ്യമന്ത്രിയുൾപ്പെടെയുള്ള മന്ത്രിമാർക്കും, വകുപ്പ് തലവൻമാർക്കും പ്ലാൻ നിർവ്വഹണ പുരോഗതി തത്സമയം അറിയുന്നതിന് എന്തെല്ലാം ആധുനിക സംവിധാനങ്ങൾ ആണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) സംസ്ഥാനത്തെ വിവിധ വകുപ്പുകൾ പ്ലാൻ ഫണ്ട് വിനിയോഗിച്ചതിന്റെ വിശദാംശം 31-10-2014 തീയതി പ്രകാരമുള്ളത് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) പദ്ധതികൾക്ക് യഥാസമയം ഭരണാനുമതി നൽകുകയും പദ്ധതി നിർവ്വഹണം സുഗമമാക്കുവാൻ സാമ്പത്തിക വർഷത്തിന്റെ ഒന്ന്, രണ്ട്, മൂന്ന് നാല് പാദങ്ങളിൽ യഥാക്രമം 10%, 30%, 60%, 100% എന്നിങ്ങനെ പദ്ധതി തുക ചെലവ് ചെയ്യുക, പദ്ധതി തുകയുടെ സിംഹഭാഗം മാർച്ച് മാസത്തിൽ ചെലവഴിക്കുന്ന പ്രവണത ഒഴിവാക്കുന്നതിനായി മാർച്ച് മാസത്തെ ചെലവ് 10% ആക്കുക എന്നീ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതി പണം ചെലവഴിക്കാതെ വകുപ്പുകളുടെ അക്കൗണ്ടിൽ സൂക്ഷിക്കുന്ന പ്രവണതയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) മുഖ്യമന്ത്രി തലത്തിൽ വകുപ്പ് സെക്രട്ടറിമാരുടെ അവലോകനയോഗം നടത്തുകയുണ്ടായി. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ എല്ലാ മാസവും

അവലോകന യോഗം ചേർന്ന് പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തി വരുന്നു. വകുപ്പ് സെക്രട്ടറി തലത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻമാരുടെ അവലോകനവും നടത്തുന്നുണ്ട്. ഈ യോഗങ്ങളിൽ പദ്ധതികൾക്ക് ഭരണാനുമതി സമയബന്ധിതമായി നൽകപ്പെടുന്നുണ്ടോ എന്ന് പ്രത്യേകം പരിശോധിക്കുന്നുണ്ട്. ജില്ലാ വികസന സമിതി യോഗങ്ങളിൽ പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഭരണാനുമതി വേണ്ട ഭൂരിഭാഗം പദ്ധതികൾക്കും ഇതിനോടകം ഭരണാനുമതി നൽകി കഴിഞ്ഞിട്ടുണ്ട്. കൂടാതെ പദ്ധതി പണം ചെലവഴിക്കാതെ വകുപ്പുകളുടെ അക്കൗണ്ടിൽ സൂക്ഷിക്കുന്ന പ്രവണതയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) പദ്ധതി നിർവ്വഹണ പുരോഗതി തത്സമയം ഓൺലൈനായി നിരീക്ഷിക്കുന്നതിന് 'പ്ലാൻ സ്പേസ്'എന്ന സംവിധാനം സംസ്ഥാന ആസൂത്രണ ബോർഡ് വികസിപ്പിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണ പുരോഗതി തത്സമയംതന്നെ ബന്ധപ്പെട്ട വകുപ്പ് മേധാവികൾ, ചീഫ് സെക്രട്ടറി ഉൾപ്പെടെയുള്ള വകുപ്പ് സെക്രട്ടറിമാർ, മന്ത്രിമാർ എന്നിവർക്ക് ലഭ്യമാകുന്ന വിധത്തിലുള്ള മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം പ്ലാൻസ്പേസിൽ ഒരുക്കിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിന്റെ ഭൗതിക പുരോഗതി യഥാസമയം നിരീക്ഷിക്കുന്നതിന് പദ്ധതി നിർവ്വഹണത്തിലൂടെ സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ കാലാകാലങ്ങളിലുള്ള വിവരങ്ങൾ ചിത്രങ്ങൾ സഹിതം പ്ലാൻസ്പേസിൽ ശേഖരിക്കുന്നതിനുള്ള സംവിധാനം ഒരുക്കിവരുന്നു. ഇതിന്റെ പ്രാഥമിക രൂപരേഖ തയ്യാറാക്കിവരുന്നു.

(ഡി) സംസ്ഥാനത്തെ വിവിധ വകുപ്പുകൾ പ്ലാൻ ഫണ്ട് വിനിയോഗിച്ചതിന്റെ 31-10-2014 വരെയുള്ള താല്ക്കാലിക കണക്ക് അനുബന്ധമായി നൽകുന്നു.*

## പദ്ധതി നിർവ്വഹണ പുരോഗതി

40 (3324) ശ്രീ. എം. എ. ബേബി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തെ സംസ്ഥാന പദ്ധതി നിർവ്വഹണ പുരോഗതിയുടെ ഓരോ മാസം അടിസ്ഥാനത്തിലുള്ള കണക്കുകൾ വിശദമാക്കാമോ ;

(ബി) പിന്നിട്ട മൂന്ന് ക്വാർട്ടറുകളിൽ ഓരോ ക്വാർട്ടറിലും പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനം വീതം ചെലവഴിക്കുകയുണ്ടായിട്ടുണ്ട് ?

<u>ഉത്തരം</u>

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) 2014-15-ലെ പദ്ധതി നിർവ്വഹണത്തിന്റെ മാസാടിസ്ഥാനത്തിലുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | ചെലവ് (തുക കോടിയിൽ) | (%) |
|---|---|---|
| ഏപ്രിൽ 2014 | 33.32 | 0% |
| മേയ് | 471.15 | 2% |
| ജൂൺ | 913.97 | 4% |
| ജൂലൈ | 1652.35 | 8% |
| ആഗസ്റ്റ് | 2767.89 | 14% |
| സെപ്റ്റംബർ | 3668.99 | 18% |
| ഒക്ടോബർ | 5424.22 | 27% |

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ പിന്നിട്ട രണ്ട് ക്വാർട്ടറിലേയും പദ്ധതി വിഹിതത്തിന്റെ ശതമാനം ചുവടെ ചേർക്കുന്നു:

ക്വാർട്ടർ I (ജൂൺ 30 വരെ) - 4%

ക്വാർട്ടർ II (സെപ്റ്റംബർ വരെ) - 18% ഭാഗികം

ക്വാർട്ടർ III (ഒക്ടോബർ 31 വരെ) - 27%

**ത്രിതല പഞ്ചായത്ത് പഞ്ചവത്സര പദ്ധതി**

41 (3325) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പി. എ. മാധവൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്രിതല പഞ്ചായത്ത് പഞ്ചവത്സര പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിലെ ഉദ്യോഗസ്ഥ മേധാവിത്വം അവസാനിപ്പിച്ച് ജനപ്രതിനിധികൾക്ക് അധികാരം ലഭ്യമാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഒമ്പതാം പഞ്ചവത്സര പദ്ധതി മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പഞ്ചവത്സര പദ്ധതി നടപ്പാക്കിവരുന്നു. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ മൂന്നാം വാർഷികപദ്ധതി, നിർവ്വഹണത്തിന്റെ അവസാനഘട്ടത്തിലാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇപ്പോൾ നാലാം വാർഷിക പദ്ധതിയുടെ (2015-16) രൂപവത്കരണ പ്രക്രിയയിലാണ്.

(ബി) ഭരണഘടനയിലെ വ്യവസ്ഥകൾക്ക് വിധേയമായി ത്രിതല പഞ്ചായത്തുകളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെന്ന നിലയിൽ പ്രവർത്തിക്കാൻ പ്രാപ്തമാകും വിധം ഭരണഘടനയുടെ 11-ാം പട്ടികയിൽ ചേർത്തിട്ടുള്ള സംഗതികൾ ഉൾപ്പെടെ സാമ്പത്തിക വികസനത്തിനും സാമൂഹിക നീതിക്കുമുള്ള പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭൂപ്രകൃതിയുടെയും അവിടുത്തെ ജനങ്ങളുടേയും സമഗ്ര വികസനവും പുരോഗതിയുമാണ് പരമമായ ലക്ഷ്യം. 12-ാം പദ്ധതിയുടെ സമഗ്ര വികസന കാഴ്ചപ്പാടിലൂന്നി കേന്ദ്ര-സംസ്ഥാന ആവിഷ്കൃത പരിപാടികൾ, വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, മിഷനുകൾ എന്നിവർ ചെയ്യുന്ന പ്രവർത്തനങ്ങൾ അപഗ്രഥിച്ച് അവയിൽ സംയോജിപ്പിക്കാനും ഏകോപിപ്പിക്കാനും കഴിയുന്നവ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതിയിൽ സംയോജിപ്പിക്കേണ്ടതും അവയിൽ പരിഗണിക്കപ്പെടാത്ത പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതും ലക്ഷ്യമിടുന്നു.

(സി) പഞ്ചവത്സര പദ്ധതി നടത്തിപ്പിൽ ഉദ്യോഗസ്ഥ മേധാവിത്വം ഉണ്ടായിട്ടില്ല. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും ഗ്രാമസഭകളുടെയും തീരുമാനങ്ങൾക്ക് വിധേയമായിട്ടാണ് പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപ്പിലാക്കുന്നതും.

(ഡി) ബാധകമല്ല.

**ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ പുതുതായി താലൂക്ക് സ്റ്റാറ്റിസ്റ്റിക്സ് ഓഫീസുകൾ**

42 (3326) ശ്രീ. വി. പി. സജീന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കണോമിക്സ് & സ്റ്റാസ്റ്റിക്സ് വകുപ്പിൽ പുതുതായി 14 താലൂക്ക് സ്റ്റാറ്റിസ്റ്റിക്സ് ആഫീസുകൾ അനുവദിക്കാൻ പ്രഖ്യാപനം നടത്തുകയുണ്ടായോ ;

(ബി) പ്രസ്തുത ആഫീസുകളുടെ പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്ത് നടപടി സ്വീകരിച്ചു ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല. റവന്യൂ താലൂക്കുകൾക്കനുസൃതമായി താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസുകൾ നിലവിലില്ലാത്ത 14 താലൂക്കുകളിൽ, താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസുകൾ രൂപീകരിക്കുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

**ഉടുമ്പൻചോല ഇക്കണോമിക്കൽ & സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്**

43 (3327) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉടുമ്പൻചോല ഇക്കണോമിക്കൽ സ്റ്റാറ്റിസ്റ്റിക്കൽ ആഫീസ് എവിടെയാണ് പ്രവർത്തിക്കുന്നത് അറിയിക്കാമോ ;

(ബി) ഉടുമ്പൻചോല ആസ്ഥാനമായ നെടുംകണ്ടത്ത് പണിപൂർത്തീകരിച്ച് ഉദ്ഘാടനം കഴിഞ്ഞിട്ടുള്ള സിവിൽ സ്റ്റേഷനിൽ ഇക്കണോമിക്കൽ & സ്റ്റാറ്റിസ്റ്റിക്കൽ ആഫീസ് പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിട സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) ഉടുമ്പൻചോല താലൂക്കിലെ നെടുംകണ്ടം സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കേണ്ട സ്ഥാപനം മറ്റൊരു താലൂക്കിൽപ്പെടുന്ന കട്ടപ്പനയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരാൻ ഇടയാകുന്ന സാഹചര്യം വിശദീകരിക്കാമോ ;

(ഡി) ഉടുമ്പൻചോല താലൂക്ക് ആസ്ഥാനമായ നെടുകണ്ടത്തെ സിവിൽ സ്റ്റേഷനിലേക്ക് താലൂക്ക് ഇക്കണോമിക്കൽ & സ്റ്റാറ്റിസ്റ്റിക്കൽ ആഫീസ് മാറ്റി പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉടുമ്പൻചോല താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസ് പ്രവർത്തിക്കുന്ന സ്വകാര്യ കെട്ടിടത്തിന്റെ വിലാസം ചുവടെ ചേർക്കുന്നു:

കലയത്തിനാൽ ബിൽഡിംഗ്, കട്ടപ്പന പി.ഒ., കട്ടപ്പന.

(ബി) ഉടുമ്പൻചോല താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസിനായി നെടുങ്കണ്ടം മിനി സിവിൽ സ്റ്റേഷനിൽ 796 ചതുരശ്ര അടി സ്ഥലം അനുവദിച്ചിട്ടുണ്ട്.

(സി) ഉടുമ്പൻചോല താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസ് നെടുങ്കണ്ടം മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റുന്നതിന് സാമ്പത്തിക സ്ഥിതിവിവര കണക്ക് ഇടുക്കി ഡെപ്യൂട്ടി ഡയറക്ടർക്ക് അനുമതി നൽകിയിരുന്നു. നിലവിൽ അനുവദിച്ചിരിക്കുന്ന സിവിൽ സ്റ്റേഷൻ കെട്ടിടത്തിൽ അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, വെള്ളം ഇവ ലഭിക്കാത്തതിനാലാണ് ഉടുമ്പൻചോല താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസ് വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നത്.

(ഡി) ഈ ആഫീസിനായി അനുവദിച്ചിരിക്കുന്ന സിവിൽ സ്റ്റേഷൻ കെട്ടിടത്തിൽ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. ഇവ ലഭ്യമാകുന്ന മുറയ്ക്ക് ഉടുമ്പൻചോല താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസ് നെടുങ്കണ്ടത്തെ സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റി പ്രവർത്തനം ആരംഭിക്കുന്നതാണ്.

**കൺസോർഷ്യം ഓഫ് റിട്ടയേർഡ് എക്സ്പെർട്സ് ഫോർ ഡെവലപ്മെന്റ്**

44 (3328) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാങ്കേതിക വൈദഗ്ദ്ധ്യം ഉള്ള വിരമിച്ച ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി കൺസോർഷ്യം ഓഫ് റിട്ടയേഴ്സ് എക്സ്പെർട്ട്സ് ഫോർ ഡെവലപ്മെന്റ് എന്ന ഒരു കമ്പനി രൂപീകരണം സംബന്ധിച്ച് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത കമ്പനി രൂപീകരണം സാധ്യമാക്കുന്നതിനു സമയബന്ധിത നടപടികൾ സ്വീകരിക്കുമോ ;

(സി) തന്നാണ്ടിൽ ഇതിലേക്കായി എന്ത് തുക വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ഡി) വകയിരുത്തിയിട്ടില്ലെങ്കിൽ തുടർ ബഡ്ജറ്റിൽ പ്രസ്തുത കമ്പനി രൂപീകരണത്തിന് പ്രാഥമികമായി വേണ്ടുന്നതായ അടങ്കൽ തുക വകയിരുത്തുന്നതിന് ശ്രമമുണ്ടാകുമോ ?

ഉത്തരം

(എ) 26-7-2013-ലെ ജി.ഒ. (സാധാ.) നമ്പർ 38/13/പ്ലാനിംഗ് പ്രകാരം സാങ്കേതിക വൈദഗ്ധ്യം ഉള്ള വിരമിച്ച ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി "കൺസോർഷ്യം ഓഫ് റിട്ടയേർഡ് എക്സ്പേർട്സ് ഫോർ ഡെവലപ്മെന്റ് (CRED)" ഒരു കമ്പനിയായി രൂപീകരിക്കുന്നതിനുള്ള അംഗീകാരം നൽകിയിരുന്നു. കമ്പനിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനും ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനും തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി-ഡി) കമ്പനി രൂപീകരണത്തിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. നടപ്പ് വർഷത്തെ ബഡ്ജറ്റിൽ ഇതിലേയ്ക്ക് തുക വകയിരുത്തിയിട്ടില്ല. കമ്പനി രൂപീകരണത്തിനുള്ള അടങ്കൽ തുക വകയിരുത്തുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു.

**കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അവലോകനം**

45 (3329) ശ്രീ. എളമരം കരീം :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. ബി. സത്യൻ :
ശ്രീ. സാജു പോൾ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(ബി) 2014-15-ൽ വിവിധ വകുപ്പുകൾ നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ചെലവിനെ സംബന്ധിച്ച വിവരങ്ങൾ നൽകുമോ ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച് പരിശോധന നടത്തുന്നത് എന്തെല്ലാം സംവിധാനങ്ങളിലൂടെയാണ് ; എന്നറിയിക്കുമോ ;

(ഡി) സംസ്ഥാനത്ത് യഥാസമയം നടപ്പിലാക്കാൻ കഴിയാത്തതിൻെറ പേരിൽ കേന്ദ്രം നൽകിയ ഏതെങ്കിലും പദ്ധതി തുക തിരിച്ച് നൽകുകയുണ്ടായിട്ടുണ്ടോ ; ടൂറിസം വകുപ്പ് തിരിച്ച് നൽകിയ തുക ഏതെല്ലാം ഇനത്തിൽ എത്ര കോടിയായിരുന്നു ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ട്. 31-10-2014 വരെയുള്ള താത്കാലിക കണക്കനുസരിച്ച് കേന്ദ്രാവിഷ്കൃത പദ്ധതിക്ക് അനുവദിച്ച 2733.53 കോടി രൂപയിൽ 634.94 കോടി രൂപ (23%) ചെലവഴിച്ചിട്ടുണ്ട്.

(ബി) പദ്ധതി തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി നൽകുന്നു. (31-10-2014 വരെയുള്ള താൽക്കാലിക കണക്ക്)*

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കുന്നതിന് വകുപ്പുതല/സർക്കാർതല അവലോകനം, ധനകാര്യ വകുപ്പിന്റെ പരിശോധന, അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിംഗ് എന്നീ സംവിധാനങ്ങൾ നിലവിലുണ്ട്.

(ഡി) യഥാസമയം നടപ്പിലാക്കാൻ കഴിയാത്തതിന്റെ പേരിൽ കേന്ദ്രം നൽകിയ പദ്ധതി തുകകളൊന്നും തിരികെ നൽകിയിട്ടില്ല. ടൂറിസം വകുപ്പിന് 2014-15 -ൽ കേന്ദ്രാവിഷ്കൃത പദ്ധതികളൊന്നും അനുവദിച്ചിട്ടില്ല.

## കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിർവ്വഹണത്തിലെ കാലതാമസം

46 (3330) <u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : താഴെകാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിർവ്വഹണത്തിന് നേരിടുന്ന കാലതാമസം പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ?

<u>ഉത്തരം</u>

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിർവ്വഹണത്തിന് നേരിടുന്ന കാലതാമസം പരിഹരിക്കാൻ താഴെ പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ബി.കെ. ചതുർവേദി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ 66 എണ്ണമായി പുനഃക്രമീകരിച്ചു. പുനഃക്രമീകരണംകൊണ്ട് ചുവടെ പ്രകാരമുള്ള മാറ്റങ്ങൾ സംസ്ഥാനത്തിന് സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു:

1. ഫണ്ട് കൈമാറ്റം കൂടുതൽ സുതാര്യമാകുന്നു.

2. ഏകീകൃത കേന്ദ്ര നിരീക്ഷണ/കണക്കെടുപ്പ് സംവിധാനം കൂടുതൽ ഫലപ്രദമാകും. തൻമൂലം, അതാത് മന്ത്രാലയങ്ങൾക്ക് പദ്ധതികളുടെ വിലയിരുത്തൽ ഫലപ്രദമായി സാധ്യമാകും.

3. മുഖ്യ പതാക നൗക പദ്ധതികളുടെ റിലീസ് നേരിട്ട് നടത്തിപ്പ് ഏജൻസികൾക്ക് കൈമാറ്റം ചെയ്യുന്നതിന് പകരം സംസ്ഥാന ബഡ്ജറ്റിലൂടെ നൽകുന്നത് ഫണ്ടിന്റെ കൃത്യമായ വരവ്/ചെലവ് നിരീക്ഷിക്കുവാൻ സംസ്ഥാനത്തിന് സാധ്യമാകും.

4. എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളിലും 10% ഫ്ളക്സി ഫണ്ടുകൾ വകയിരുത്തും. ഇത് സംസ്ഥാനങ്ങൾക്ക് അവരുടെ ആവശ്യമനുസരിച്ചുള്ള പദ്ധതികൾക്കായി വിനിയോഗിക്കാവുന്നതാണ്.

5. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാന സാഹചര്യങ്ങൾക്ക് അനുകൂലമായി പുതുക്കി നിശ്ചയിക്കുവാനുള്ള ശിപാർശകൾ ആസൂത്രണ കമ്മീഷന് സമർപ്പിച്ചിട്ടുണ്ട്.

**തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി തുക വിനിയോഗിക്കാൻ നടപടി**

47 (3331) ശ്രീ. കെ. ശിവദാസൻ നായർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി തുക പകുതിപോലും ചെലവഴിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇത് നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവാരത്തെ ബാധിക്കാതിരിക്കാൻ സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ ;

(സി) പദ്ധതികൾ സമയബന്ധിതമായി ആവിഷ്കരിക്കുന്നതിനും, പൂർത്തീകരിക്കാനും

എന്തൊക്കെ ശക്തമായ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) മുൻ വർഷത്തെ പദ്ധതിപ്പണ വിനിയോഗ ശതമാനം പോലെ നവംബർ അവസാനിക്കുമ്പോൾ അമ്പത് ശതമാനം വിനിയോഗമുണ്ടായിട്ടില്ല. എന്നാൽ സാമ്പത്തിക വർഷാവസാനത്തോടെ വിനിയോഗം പൂർണ്ണമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഇ-ടെണ്ടറിംഗ് ഉൾപ്പെടെയുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ ത്വരിതമാകുന്നതോടെ നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തീകരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. എസ്റ്റിമേറ്റുകൾ സുഗമ സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് തയ്യാറാക്കുന്നത്. ഇല്ലെങ്കിൽ പ്രാദേശിക ഭാഷയിൽ തയ്യാറാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) പദ്ധതി ആസൂത്രണ നിർവ്വഹണ മാർഗ്ഗരേഖയിൽതന്നെ ഇതിനുള്ള വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പദ്ധതികളുടെ നിർവഹണം സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പുകളുടെ പങ്കാളിത്തത്തോടെ നിർവഹണ കലണ്ടർ തയ്യാറാക്കി നിർദ്ദിഷ്ട ഉദ്യോഗസ്ഥരുടെ ചുമതലയിലാണ് നിർവഹണം നടക്കുന്നത്. ഇതിന് മോണിറ്ററിംഗ് സംവിധാനങ്ങളുമുണ്ട്. നിർമ്മാണ പ്രവൃത്തി സ്ഥലത്ത് വിശദ വിവരങ്ങളടങ്ങിയ ബോർഡ് പ്രാദേശിക ഭാഷയിൽ പ്രദർശിപ്പിക്കാനും ജില്ലാ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാനും ഇതിൽ പ്രവൃത്തികളുടെ പുരോഗതിയും കാണിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

## 2014-15-ലെ വാർഷിക പദ്ധതി ചെലവ്

48 (3332) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15-ൽ സംസ്ഥാനത്തിന്റെ നിശ്ചയിക്കപ്പെട്ട വാർഷിക പദ്ധതി ചെലവ് എത്രയാണ് ;

(ബി) ആദ്യം നിശ്ചയിക്കപ്പെട്ട വാർഷിക പദ്ധതി ചെലവ് ഏതെങ്കിലും ഘട്ടത്തിൽ വെട്ടിക്കുറയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(സി) അങ്ങനെയെങ്കിൽ എത്ര തുക വെട്ടിക്കുറച്ചുവെന്നും പുതുക്കിയ വാർഷിക പദ്ധതിചെലവ് എത്രയെന്നും വ്യക്തമാക്കുമോ ;

(ഡി) ആദ്യം നിശ്ചയിക്കപ്പെട്ട വാർഷിക പദ്ധതി ചെലവ് വെട്ടിക്കുറയ്ക്കുവാൻ തീരുമാനിക്കുവാനിടയായ സാഹചര്യങ്ങൾ വിശദീകരിക്കുമോ ;

(ഇ) വിവിധ വകുപ്പുകൾ 2014 നവംബർ 30 വരെ ചെലവഴിച്ച പദ്ധതി തുക എത്രയെന്നു വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 2014-15-ൽ നിശ്ചയിക്കപ്പെട്ട വാർഷിക പദ്ധതി ചെലവ് 20000 കോടി രൂപയാണ്.

(ബി) ആദ്യം നിശ്ചയിക്കപ്പെട്ട വാർഷിക പദ്ധതി ചെലവ് വെട്ടിക്കുറയ്ക്കുവാൻ തീരുമാനിച്ചിട്ടില്ല.

(സി) ബാധകമല്ല.

(ഡി) ബാധകമല്ല.

(ഇ) 2014 നവംബർ 30 വരെ ചെലവഴിച്ച പദ്ധതി തുകയുടെ കണക്ക് ശേഖരിച്ചുവരുന്നു.

**കേരള പരിപ്രേക്ഷ്യ പദ്ധതി 2030**

49 (3333) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. ലൂഡി ലൂയിസ്</u> :
<u>ശ്രീ. അൻവർ സാദത്ത്</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ആസൂത്രണ ബോർഡ് കേരള പരിപ്രേക്ഷ്യ പദ്ധതി 2030-ന് രൂപം കൊടുത്തിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ ;

(സി) പദ്ധതിക്കുള്ള നിർദ്ദേശങ്ങൾ ആരാണ് തയ്യാറാക്കിയിട്ടുള്ളത് വിശദമാക്കുമോ ;

(ഡി) പദ്ധതിയിൽ ഏതെല്ലാം മേഖലകൾക്കാണ് മുൻതൂക്കം നൽകിയിട്ടുള്ളതെന്നും വിശദാംശം എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നോർഡിക് രാജ്യങ്ങളായ ഫിൻലാന്റ്, നോർവേ, ഡെൻമാർക്ക്, സ്വീഡൻ എന്നീ രാജ്യങ്ങളിലേതിന് തുല്യമായ നിലയിൽ 'സുസ്ഥിര അഭിവൃദ്ധി' (sustainable prosperity) കൈവരിക്കുകയാണ് പരിപ്രേക്ഷ്യ പദ്ധതി 2030-ന്റെ ദൗത്യം (Mission). സുസ്ഥിര അഭിവൃദ്ധിക്ക് നാല് മാനങ്ങളുണ്ട് - സാമ്പത്തിക അഭിവൃദ്ധി, മാനവിക അഭിവൃദ്ധി, സാമൂഹിക അഭിവൃദ്ധി, ഹരിത സുസ്ഥിരത. കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങളുടെ സംക്ഷിപ്തം അനുബന്ധമായി* നൽകിയിട്ടുണ്ട്.

(സി) ന്യൂഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന നാഷണൽ കൗൺസിൽ ഓഫ് അപ്ലൈഡ് ഇക്കണോമിക് റിസർച്ച് എന്ന സ്ഥാപനത്തിന്റെ സാങ്കേതിക സഹായത്തോടുകൂടി സംസ്ഥാന ആസൂത്രണ ബോർഡ് ആണ് 'പദ്ധതി പരിപ്രേക്ഷ്യം 2030' തയ്യാറാക്കിയത്.

(ഡി) കൃഷി, അനുബന്ധ മേഖലകൾ, വ്യവസായം, ഗതാഗതം, വിദ്യാഭ്യാസം, ആരോഗ്യം, പരിസ്ഥിതി, ഗ്രാമ-നഗര വികസനം, വിവര സാങ്കേതിക വിദ്യ, വിനോദസഞ്ചാരം, ജലവിഭവം, ശാസ്ത്ര-സാങ്കേതികം, ഊർജം, തൊഴിലവസര സൃഷ്ടി, പ്രവാസികളും കുടിയേറ്റവും, പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ വികസനം തുടങ്ങിയ മേഖലകൾക്ക് മുൻതൂക്കം നൽകിയിട്ടുണ്ട്.

## RIDF പദ്ധതി

50 (3334) <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) RIDF പദ്ധതിയുടെ എത്രാമത്തെ ഘട്ടമാണ് ഇപ്പോൾ നടന്നുവരുന്നതെന്ന് അറിയിക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും RIDF പദ്ധതിക്കായി കേന്ദ്രസർക്കാരിൽ നിന്നും എത്ര തുക ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) RIDF ൽ ഉൾപ്പെടുത്തുന്ന പ്രവൃത്തികൾക്കായി സംസ്ഥാന ഗവൺമെന്റിന്റെ വിഹിതം നിശ്ചയിച്ചിട്ടുണ്ടോ ; എത്ര ശതമാനമാണെന്ന് അറിയിക്കുമോ ;

(ഡി) RIDF-ൽനിന്നും വിവിധ പ്രവൃത്തികൾക്കായി തുക അനുവദിക്കുന്നതിനുള്ള മാനദണ്ഡവും നടപടിക്രമവും വിശദമാക്കുമോ ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് RIDF ഫണ്ട് വിനിയോഗിച്ചതെന്നും ; അവയ്ക്ക് അനുവദിച്ച തുകയും അറിയിക്കുമോ ;

(എഫ്) വാമനപുരം മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് പുതുതായി RIDF പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ട്രാഞ്ചെ XX

(ബി) കേന്ദ്ര സർക്കാരിൽനിന്നും ആർ.ഐ.ഡി.എഫ്. പദ്ധതിക്കായി തുക ലഭിച്ചിട്ടില്ല. നബാർഡ് വായ്പയായിട്ടാണ് തുക അനുവദിക്കുന്നത്.

(സി) ഉണ്ട്.

| | | |
|---|---|---|
| പ്രവൃത്തികൾ | - | 20% |
| കെട്ടിട നിർമ്മാണം | - | 13% |
| ജലസേചന പ്രവൃത്തികൾ/ അറവുശാല/ബയോഗ്യാസ് | - | 5% |

(ഡി) നബാർഡ് പ്രവൃത്തികൾ സംസ്ഥാന അടിസ്ഥാനത്തിൽ അനുവദിക്കുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എസ്.എൽ.ഇ.സി. (State Level Empowered

Committee) പ്രവൃത്തിക്കുന്നു. ധനകാര്യ വകുപ്പാണ് ഈ പദ്ധതിയുടെ നോഡൽ ഡിപ്പാർട്ടുമെന്റ്. നബാർഡ് സഹായം ലഭിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പാക്കുന്ന പദ്ധതികൾക്കുള്ള അർഹമായ വിഹിതം എസ്.എൽ.ഇ.സി. നിശ്ചയിച്ച് അറിയിക്കുന്ന മുറയ്ക്ക് പ്രോജക്ടുകളുടെ കരട് നിർദ്ദേശം ബന്ധപ്പെട്ട പഞ്ചായത്തിൽ നിന്നും ഗ്രാമവികസന കമ്മീഷണർ വാങ്ങി സർക്കാരിന്റെ തത്വത്തിലുള്ള അനുമതിക്ക് നൽകുകയാണ് ചെയ്യുന്നത്. അത്തരത്തിൽ അംഗീകാരം കിട്ടുന്ന പ്രവൃത്തികളുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് വാങ്ങി നബാർഡിന്റെ അനുമതിക്ക് അയയ്ക്കുകയും, അനുമതി ലഭിക്കുന്ന പ്രവൃത്തികൾക്ക് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്യുന്നു. ഇത്തരം പ്രോജക്ടുകൾക്ക് നിർവ്വഹണത്തിന് ആവശ്യമായ മാർഗ്ഗനിർദ്ദേശത്തോടുകൂടി ബന്ധപ്പെട്ട പഞ്ചായത്തുകളെ ചുമതലപ്പെടുത്തുകയാണ് ചെയ്യുന്നത്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം നിയോജക മണ്ഡലത്തിൽ പ്രവൃത്തികൾക്കൊന്നും ഭരണാനുമതി ലഭിച്ചിട്ടില്ല.

(എഫ്) 1. വാമനപുരം ബ്ലോക്ക് പഞ്ചായത്തിലെ അഗ്രികൾച്ചറൽ മാർക്കറ്റിംഗ് കോംപ്ലക്സ് നിർമ്മാണം.

2. കുറിഞ്ഞിലക്കാട് ചെമ്പൻകോട് റോഡ് (കല്ലറ ഗ്രാമ പഞ്ചായത്ത്)

**പാൽ ഉത്പാദനം വർദ്ധിപ്പിക്കുവാൻ പദ്ധതി**

51 (3335) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വർക്കല കഹാർ :
ശ്രീ. പി. എ. മാധവൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാൽ ഉത്പാദനം വർദ്ധിപ്പിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) പാൽ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതിക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) പാൽ ഉത്പാദനത്തിൽ സ്വയം പര്യാപ്തത ലക്ഷ്യമിട്ടുകൊണ്ട് ക്ഷീരവികസന വകുപ്പ് മിൽക്ക് ഷെഡ് വികസന പദ്ധതി ഉൾപ്പെടെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ക്ഷീരകർഷകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുകയും, ശാസ്ത്രീയ പശുപരിപാലന രീതികളെക്കുറിച്ച് കർഷകരെ ബോധവാന്മാരാക്കുകയും അതുവഴി പാലുല്പാദനം വർദ്ധിപ്പിക്കുകയുമാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം.

(സി) സംസ്ഥാനത്ത് കാലിസമ്പത്ത് വർദ്ധിപ്പിക്കുകയും അതുവഴി പാലുല്പാദനത്തിൽ വർദ്ധനവുണ്ടാക്കുകയും ലക്ഷ്യമിട്ട് 2, 5, 10 പശുക്കൾ അടങ്ങുന്ന ഡെയറി യൂണിറ്റുകൾ തുടങ്ങുന്നതിന് സബ്സിഡി, ആരോഗ്യവും അത്യുല്പാദന ശേഷിയുള്ളതുമായ കാലികളെ വളർത്തിയെടുക്കുന്നതിനായി കിടാരി യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള സബ്സിഡി, ആവശ്യാധിഷ്ഠിത ധനസഹായം, കറവയന്ത്രം വാങ്ങുന്നതിനുള്ള ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണത്തിനും, പുനരുദ്ധാരണത്തിനുമുള്ള ധനസഹായം എന്നിവ ഈ പദ്ധതിയിലൂടെ കർഷകർക്ക് ലഭ്യമാക്കുന്നു. സംസ്ഥാനത്തെ തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ സമഗ്ര ക്ഷീരവികസന പദ്ധതിയുടെ ഭാഗമായും നടപ്പുവർഷം മിൽക്ക് ഷെഡ് വികസന പദ്ധതി ഘടകങ്ങൾ നടപ്പിലാക്കുന്നു.

(ഡി) നടപ്പുവർഷം തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ സമഗ്ര ക്ഷീരവികസന പദ്ധതി നടപ്പാക്കുന്നതിനുള്ള 700 ലക്ഷം രൂപ ഉൾപ്പെടെ ആകെ 2,588 ലക്ഷം രൂപയുടെ പദ്ധതിയാണ് വകുപ്പ് തയ്യാറാക്കി നടപ്പിലാക്കുന്നത്. തുടർ പദ്ധതിയായി നടപ്പാക്കാവുന്ന ഘടകങ്ങൾക്ക് അനുമതി ലഭിച്ചതിനെത്തുടർന്ന് ആയത് സംബന്ധമായി ജില്ലകൾക്ക് ടാർജറ്റും, ഫണ്ടും അനുവദിക്കുകയും പദ്ധതി പ്രവർത്തനങ്ങൾ ഏറെക്കുറെ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. കൂടാതെ എറണാകുളം ജില്ലയിൽ കുന്നുകര ക്ഷീരഗ്രാമം എന്ന പദ്ധതിക്ക് ഈ വർഷം ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഒന്നാംഘട്ടം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**പാലിന്റെ ഗുണനിലവാരം**

52 (3336) ശ്രീ. പി. കെ. ബഷീർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിതരണം ചെയ്യപ്പെടുന്ന പാൽ, പാലുല്പന്നങ്ങൾ ഇവയുടെ ഗുണനിലവാരം പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് വ്യക്തമാക്കുമോ ;

(ബി) കേരളത്തിൽ വിൽക്കപ്പെടുന്ന പ്രസ്തുത ഉല്പന്നങ്ങളിൽ ഏതെല്ലാം കമ്പനികളുടേതാണ് ഗുണനിലവാര പരിശോധനകളിൽ മോശമാണെന്ന് കണ്ടെത്തിയിട്ടുള്ളത് ; കമ്പനികളുടെ പേര് അടക്കം വിശദാംശം ലഭ്യമാക്കുമോ ;

(സി) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന അന്യസംസ്ഥാന പാലും, പാലുല്പന്നങ്ങളും ഗുണനിലവാരമില്ലാത്തതാണെന്നും വിഷാംശം, കീടനാശിനി, മറ്റ് മായങ്ങൾ എന്നിവ അടങ്ങിയതാണെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത്തരം ഉല്പന്നങ്ങളുടെ വില്പന നടത്തുന്ന ഏജൻസികൾക്ക് ലൈസൻസിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

## ഉത്തരം

(എ) സംസ്ഥാനത്ത് വിതരണം ചെയ്യപ്പെടുന്ന പാലിന്റെയും പാലുത്പന്നങ്ങളുടെയും ഗുണനിലവാരം പരിശോധിക്കുവാൻ ക്ഷീരവികസന വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് സ്റ്റേറ്റ് ഡെയറി ലാബ്, പാലക്കാട് ആലത്തൂർ ഡെയറി ലാബ്, കൂടാതെ ജില്ലാ തലത്തിൽ ക്വാളിറ്റി കൺട്രോൾ ലാബുകളും നിലവിലുണ്ട്. ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ്സ് ആക്ട് 2006, 2010 ആഗസ്റ്റ് 5 മുതൽ സംസ്ഥാനത്ത് നിലവിൽ വന്നതോടുകൂടി പാലിന്റെയും പാലുത്പന്നങ്ങളുടെയും ഗുണനിലവാരം സംബന്ധിച്ച് നടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരം ഫുഡ് സേഫ്റ്റി കമ്മീഷണറിൽ നിക്ഷിപ്തമായിട്ടുണ്ട്. ആയതിനാൽ ക്ഷീര വികസന വകുപ്പിനു കീഴിലുള്ള ഉദ്യോഗസ്ഥൻമാർ ലഭ്യമാക്കുന്ന പരിശോധനാ റിപ്പോർട്ട് തുടർനടപടികൾക്കായി ഫുഡ് സേഫ്റ്റി കമ്മീഷണർക്ക് നൽകാറുണ്ട്. ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പാലിന്റെയും പാലുത്പന്നങ്ങളുടെയും ഗുണനിലവാരം പരിശോധിക്കാൻ അനലറ്റിക്കൽ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പാലിന്റെ ഉപഭോഗം കൂടുന്ന കാലയളവുകളിൽ വർദ്ധിച്ച അളവിൽ അന്യസംസ്ഥാനത്തുനിന്ന് പാൽ എത്തുന്നതിനാൽ എല്ലാ ചെക്ക്പോസ്റ്റുകളിലും ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥരെ പ്രത്യേകമായി നിയോഗിച്ച് സംസ്ഥാനത്ത് എത്തിച്ചേരുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നു.

കൂടാതെ മിൽമയിൽനിന്നും വിതരണം ചെയ്യപ്പെടുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള സംവിധാനം മിൽമയുടെ എല്ലാ ഡെയറികളിലും സജ്ജീകരിച്ചിട്ടുണ്ട്. തമിഴ്നാട്ടിൽനിന്നും കൊണ്ടുവരുന്ന ഹെറിറ്റേജ് പത്മനാഭ, ജേഷ്മ, മെയ്മ എന്നീ പേരുകളിൽ വില്പന നടത്തിയിരുന്ന പാൽ ബ്രാന്റുകൾ 2013 വർഷത്തെ പരിശോധനയിൽ നിശ്ചിത ഗുണനിലവാരം പുലർത്തിയിട്ടില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി) തമിഴ്നാട്ടിൽനിന്നും കൊണ്ടുവരുന്ന ഹെറിറ്റേജ് പത്മനാഭ, ജേഷ്മ, മെയ്മ എന്നീ പേരുകളിൽ വില്പന നടത്തിയിരുന്ന പാൽ ബ്രാന്റുകളിൽ 2013 വർഷത്തെ പരിശോധനയിൽ ഫോർമാലിന്റെ അംശം കണ്ടെത്തിയിട്ടുണ്ട്. മറ്റ് വിഷാംശങ്ങളോ കീടനാശിനികളോ കണ്ടെത്തിയിട്ടില്ല.

(ഡി) പാലും പാലുല്പന്നങ്ങളും കൊണ്ടുവരുന്നതിന് ഏജൻസികൾക്ക് ഭക്ഷ്യസുരക്ഷാ ഗുണനിലവാരനിയമമനുസരിച്ച് ലൈസൻസോ/രജിസ്ട്രേഷനോ നിർബന്ധമാണ്.

**പാലുല്പാദന രംഗത്ത് സ്വയംപര്യാപ്തത**

53 (3337) ശ്രീ. മാത്യൂ. റ്റി. തോമസ് :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു : താഴെകാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലുല്പാദന രംഗത്ത് കേരളത്തെ ഒരു സ്വയം പര്യാപ്ത സംസ്ഥാനമാക്കി മാറ്റിയെടുക്കാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് പാലിൻെറ ഉപഭോഗം പ്രതിദിനം എത്രയാണെന്നും, പാലിൻെറ ഉല്പാദനം എത്രയാണെന്നും, കുറവ് എത്രയാണെന്നും വ്യക്തമാക്കാമോ ;

(സി) കഴിഞ്ഞവർഷം സംസ്ഥാനത്ത് പൊട്ടിപ്പുറപ്പെട്ട കുളമ്പുരോഗം പാലുൽപ്പാദനത്തെ എപ്രകാരം ബാധിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രതിദിന ആളോഹരി ആവശ്യകത 250 ഗ്രാം എന്ന കണക്കിൽ സംസ്ഥാനത്ത് പ്രതിദിനം ഏകദേശം 85 ലക്ഷം ലിറ്റർ പാൽ ഉപഭോഗത്തിനായി

ആവശ്യമായി വരും. സംസ്ഥാനത്തെ ആളോഹരി പാൽ ലഭ്യതയ്ക്കാനുപാതികമായി സംസ്ഥാനത്തിന്റെ പാൽ ആവശ്യകത കണക്കാക്കിയാൽ കേരളത്തിൽ ആവശ്യമുള്ള പാലിന്റെ ഏകദേശം 90% മാത്രമേ ഉത്പാദിപ്പിക്കപ്പെടുന്നുള്ളു.

(സി) കാലിമരണങ്ങൾക്കാനുപാതികമായി പാൽ ഉത്പാദനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ടെങ്കിലും ക്ഷീരസംഘങ്ങൾ വഴിയുള്ള സംഭരണത്തിലോ വിപണനത്തിലോ കുറവ് വന്നിട്ടില്ല.

**ക്ഷീരകർഷക ക്ഷേമനിധി**

54 (3338) ശ്രീ. വി. ശശി : താഴെകാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ക്ഷിരകർഷക ക്ഷേമനിധിയിൽ 2012 ജനുവരി 1 മുതൽ നാളിതുവരെ തിരുവനന്തപുരം ജില്ലയിലെ എല്ലാ ബ്ലോക്കുകളിലുമുള്ള താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കുമോ :

1. അംഗത്വത്തിന് അപേക്ഷിച്ചവരുടെ എണ്ണം
2. അംഗത്വം അംഗീകരിച്ചവരുടെ എണ്ണം
3. പെൻഷന് അപേക്ഷിച്ചവരുടെ എണ്ണം
4. പെൻഷൻ ലഭിച്ചവരുടെ എണ്ണം
5. കുടുംബപെൻഷന് അപേക്ഷിച്ചവരുടെ എണ്ണം
6. കുടുബപെൻഷൻ ലഭിച്ചവരുടെ എണ്ണം
7. ചികിത്സാസഹായത്തിന് അപേക്ഷിച്ചവരുടെ എണ്ണം
8. ചികിത്സാ സഹായം ലഭിച്ചവരുടെ എണ്ണം
9. വിവാഹധനസഹായത്തിന് അപേക്ഷിച്ചവരുടെ എണ്ണം
10. വിവാഹധനസഹായം ലഭിച്ചവരുടെ എണ്ണം
11. മരണാനന്തര സഹായത്തിന് അപേക്ഷിച്ചവരുടെ എണ്ണം
12. മരണാനന്തര സഹായം അനുവദിച്ചവരുടെ എണ്ണം.

<u>ഉത്തരം</u>

ക്ഷീരകർഷക ക്ഷേമനിധിയിൽ 2012 ജനുവരി 1 മുതൽ നാളിതുവരെ തിരുവനന്തപുരം ജില്ലയിലെ എല്ലാ ബ്ലോക്കുകളെയും സംബന്ധിച്ച് ആവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു:

(1) 4512

(2) 1909

(3) 2429

(4) 1525

(5) 253

(6) 222

(7) 95

(8) 42

(9) 228

(10) 213

(11) 251

(12) 184

**ക്ഷീരകർഷകർക്ക് തൊഴിലുറപ്പ് പദ്ധതി**

55 (3339) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീരകർഷക തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും എന്തെങ്കിലും ഉറപ്പ് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ക്ഷീരകർഷകരെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച ശിപാർശ കേന്ദ്ര സർക്കാരിന് നേരത്തെ സമർപ്പിച്ചിരുന്നുവെങ്കിലും അംഗീകരിച്ചിരുന്നില്ല. ഈ ആവശ്യം പരിഗണിക്കുന്നതിന് വീണ്ടും കേന്ദ്ര സർക്കാരിൽ സംസ്ഥാനം അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും കേന്ദ്ര സർക്കാർ നാളിതുവരെ അനുമതി നൽകിയിട്ടില്ല. തൊഴിലുറപ്പ് പദ്ധതിയിൽ കേരളത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് ഉൾപ്പെടുത്തേണ്ട പ്രവൃത്തികൾ തെക്കൻ സംസ്ഥാനങ്ങളിലെ ഗ്രാമവികസനവകുപ്പ് മന്ത്രിമാരുടെ യോഗം 6-1-2015-ൽ തിരുവനന്തപുരത്ത് കൂടുമ്പോൾ പരിഗണിക്കാമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

## കൊരട്ടി പഞ്ചായത്തിൽ വാദ്യകലാകേന്ദ്രം

56 (3340) ശ്രീ. ബി. ഡി. ദേവസ്സി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചവാദ്യ കുലപതി, പത്മഭൂഷൺ കുഴൂർ നാരായണമാരാരുടെ പേരിൽ അദ്ദേഹത്തിൻെറ സ്മാരകമായി കൊരട്ടി പഞ്ചായത്തിൽ ഒരു വാദ്യകലാകേന്ദ്രം സ്ഥാപിക്കുന്നതിനായുള്ള അപേക്ഷയിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ ;

(ബി) കൊരട്ടി പഞ്ചായത്തിൽ, കുഴൂർ നാരായണ മരാർ ഫൗണ്ടേഷൻ വാദ്യകലാകേന്ദ്രത്തിനായി സ്ഥലം ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത വാദ്യ കലാകേന്ദ്രം സ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ;

(സി) വാദ്യകലയ്ക്ക് നിലവിൽ ഉള്ള പല്ലാവൂർ അപ്പുമാരാർ പുരസ്കാരത്തിന് പുറമേ കുഴൂർ നാരായണമാരാരുടെ പേരിൽ കലാമണ്ഡലം ഒരു പുരസ്കാരം നൽകുന്ന കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇതിനായി നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ&ബി) പത്മഭൂഷൺ കുഴൂർ നാരായണ മാരാർക്ക് സ്മാരകം പണികഴിപ്പിക്കുന്നതിന് കുഴൂർ നാരായണ മാരാർ ഫൗണ്ടേഷൻ സ്ഥലം ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമാക്കാൻ കൊരട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**വിശ്വമലയാള മഹോത്സവം**

57 (3341) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ബെന്നി ബെഹനാൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിശ്വ മലയാള മഹോത്സവം സംഘടിപ്പിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കാനുദ്ദേശിച്ചിരുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) മലയാള ഭാഷയുടെ വളർച്ചയ്ക്കായി എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ;

(ഡി) എന്തെല്ലാം തുടർ നടപടികളാണ് ഇതിന്റെ ഭാഗമായി സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. വിശ്വമലയാള മഹോത്സവം 2012 ഒക്ടോബർ 30, 31, നവംബർ 1 തീയതികളിലായി തിരുവനന്തപുരത്തുവച്ച് നടന്നു. ആചാര്യപൂജ, ആദരസന്ധ്യ, അന്യഭാഷാ എഴുത്തുകാരുടെ സംഗമം, പ്രവാസി സമ്മേളനം തുടങ്ങിയ പരിപാടികളും കവിയും കവിതയും നാം നമ്മുടെ ഭാഷ, ബാലസാഹിത്യത്തിന്റെ സൗന്ദര്യശാസ്ത്രം, നാം നമ്മുടെ സിനിമ, നവമാധ്യമ സംസ്കാരം, കഥപറച്ചിലിന്റെ രസതന്ത്രം, മാതൃഭാഷാദ്ധ്യയനം, മലയാളത്തിന്റെ കഥാ കാലങ്ങൾ ആദാനപ്രദാനം മലയാളത്തിൽ, ജീവന സംസ്കൃതി, വിജ്ഞാന സംസ്കൃതി, നമ്മുടെ പാരമ്പര്യ സംസ്കൃതി, മലയാളിയുടെ എഴുത്തും ചിന്തയും, മലയാളത്തിന്റെ നാടക കാലങ്ങൾ, നോവൽ കാലങ്ങൾ, വിമർശന കാലങ്ങൾ തുടങ്ങിയ സെമിനാറുകളും, കൂടാതെ വിവിധ കലാരൂപങ്ങളും നാടൻ കലകളും യുവ എഴുത്തുകാർക്കുള്ള മത്സരങ്ങളും വിശ്വമലയാള മഹോത്സവത്തിന്റെ ഭാഗമായി നടന്നു.

(ബി) മലയാള ഭാഷയെ ലോക ശ്രദ്ധയിൽ കൊണ്ടുവരിക, മലയാളികളുടെ ഇടയിൽ മാതൃഭാഷാ അഭിമാനം വളർത്തുക എന്നിവയോടൊപ്പം മലയാള ഭാഷയ്ക്ക് ശ്രേഷ്ഠഭാഷാ പദവി നേടിയെടുക്കുന്നതിനുള്ള കേരളത്തിന്റെ വാദങ്ങൾക്ക് കരുത്തേകുക എന്നതുകൂടിയായിരുന്നു ഇതിന്റെ ലക്ഷ്യങ്ങൾ.

(സി) ഭരണഭാഷ മലയാളത്തിലാക്കാനും നവംബർ 1 ശ്രേഷ്ഠ ഭാഷാ ദിനമായി ആഘോഷിക്കുവാനും സാധിച്ചു. മലയാള ഭാഷയെ ലോക ശ്രദ്ധയിൽ കൊണ്ടുവരികയും മലയാളത്തിലെ എഴുത്തുകാരെ ഒത്തുചേർത്ത് വിപുലമായ ചർച്ചകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രവാസി മലയാളി സംഘടനകളെ ക്ഷണിച്ച് സെമിനാറുകൾ, ചർച്ചകൾ എന്നിവ സംഘടിപ്പിച്ചു. മലയാളത്തിലെ എഴുത്തുകാരെ ആദരിക്കുന്നതിന് ആചാര്യപൂജ, ആദരസന്ധ്യ എന്നിവ നടത്തുകയുണ്ടായി. മലയാളത്തിലെ വിവിധ ശാഖകളിലെ പരിചയ സമ്പന്നരായവർ ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ച് ക്ലാസ്സെടുക്കുകയും വിവിധ കലാരൂപങ്ങളും നാടൻ കലകളും അവതരിപ്പിക്കുകയുമുണ്ടായി.

(ഡി) നവംബർ ഒന്ന് ശ്രേഷ്ഠഭാഷാദിനമായി ആഘോഷിക്കുന്നു. വിവിധ കോളേജുകളിലും സ്കൂളുകളിലും ഭാഷാഭിമാനം വളർത്താൻ ഉതകുന്ന പരിപാടികൾ കേരള സാഹിത്യ അക്കാദമിയുടെ ചുമതലയിൽ നടത്തുന്നതാണ്. മലയാള ഗ്രന്ഥങ്ങളുടെ ഡിജിറ്റൽ രൂപത്തിലുള്ള 1001 എണ്ണം ഇന്റർനെറ്റിലൂടെ ലഭ്യമാക്കി. പകർപ്പവകാശമുക്തമായ പ്രാമാണിക ഗ്രന്ഥങ്ങൾ പൂർണ്ണമായി ലഭ്യമാക്കാനും വിശ്വമലയാള മഹോത്സവത്തോടനുബന്ധിച്ച് അറുപതിലധികം സെമിനാറുകളിൽ അവതരിപ്പിക്കപ്പെട്ട പ്രബന്ധങ്ങൾ ഉൾക്കൊള്ളുന്ന ഗ്രന്ഥം തയ്യാറാക്കുവാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മലയാളഭാഷയിലെ സാഹിത്യത്തിന്റെ സമഗ്രമായ സാഹിത്യ ചരിത്രം തയ്യാറാക്കുന്ന ഒരു പദ്ധതി രൂപകൽപ്പന ചെയ്ത് നടപ്പിലാക്കാനാരംഭിച്ചു. മലയാള സാഹിത്യകാരന്മാരുടെ സമ്പൂർണ്ണ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു സാഹിത്യകാര ഡയറക്ടറിയും 1995 മുതൽ മുടങ്ങിക്കിടക്കുന്ന മലയാള ഗ്രന്ഥ സൂചികയും പ്രസിദ്ധീകരിക്കുന്നതാണ്.

## തലവടി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ പുരാവസ്തു വകുപ്പ് മുഖാന്തരം നടത്തുന്ന പുനരുദ്ധാരണ പ്രവർത്തനങ്ങൾ

58 (3342) ശ്രീ. തോമസ് ചാണ്ടി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബ്രിട്ടീഷുകാർ നിർമ്മിച്ച തലവടി വൊക്കേഷണൽ ഹയർ സെക്കഡറി സ്കൂളിൽ പുരാവസ്തു വകുപ്പ് മുഖാന്തരം പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) സപ്തതി ആഘോഷിക്കുന്ന പ്രസ്തുത സ്കൂളിൻെറ പൗരാണികത കണക്കിലെടുത്ത് അടിയന്തരമായി അറ്റകുറ്റപണികൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തലവടി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് പുരാവസ്തു വകുപ്പദ്ധ്യക്ഷൻ പ്രസ്തുത സ്ഥലം സന്ദർശിക്കുകയും പ്രാഥമികമായ പരിശോധന നടത്തുകയും തുടർന്ന് വിദഗ്ധവും വിശദവുമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പുരാവസ്തു വകുപ്പിലെ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) 1968-ലെ പുരാവസ്തു ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുവാൻ കഴിയുകയുള്ളൂ.

**കലാകാര പെൻഷനുള്ള വരുമാന പരിധി**

59 (3343) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കലാകാരപെൻഷന് അപേക്ഷിക്കുന്നതിനുള്ള വാർഷികവരുമാനം എത്രയാണെന്ന് നിജപ്പെടുത്തിയിരിക്കുന്നത് എന്ന് വിശദമാക്കാമോ ;

(ബി) ഇത് ഇപ്പോഴും വർഷത്തിൽ 9000 തന്നെയാണോ ;

(സി) എങ്കിൽ ഇതനുസരിച്ചുള്ള വരുമാന സർട്ടിഫിക്കറ്റ് കിട്ടാത്തതിനാൽ കലാകാര പെൻഷന് അപേക്ഷ നൽകാൻ കഴിയാതെ നിരവധി കലാകാരൻമാർ പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡ) മറ്റ് പെൻഷനുകൾക്ക് അപേക്ഷിക്കാനുള്ള കൂടിയ വരുമാന പരിധി എത്രയാണ് ;

(ഇ) എങ്കിൽ എല്ലാ പെൻഷനും അപേക്ഷിക്കാനുള്ള വരുമാനപരിധി ഒരു ലക്ഷമായി ഉയർത്താമോ ?

ഉത്തരം

(എ) 9,000 രൂപ (ഒൻപതിനായിരം രൂപ).

(ബി) അതെ.

(സി) ഉണ്ട്.

(ഡി) സാംസ്കാരിക വകുപ്പിന് കീഴിലുള്ള കേരള ചലച്ചിത്ര അക്കാഡമി വഴി നൽകുന്ന സിനിമാ കലാകാര പെൻഷൻ വാർഷിക വരുമാന പരിധി 12,000

(പന്ത്രണ്ടായിരം) രൂപയാണ്. കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് വഴിയുള്ള ക്ഷേമനിധി പെൻഷന് വരുമാന പരിധിയില്ല.

(ഇ) സാംസ്കാരികകാര്യ വകുപ്പിന് കീഴിലുള്ള സാംസ്കാരിക വകുപ്പദ്ധ്യക്ഷൻ വഴി നൽകുന്ന കലാകാര പെൻഷന് അപേക്ഷിക്കാനുള്ള വരുമാന പരിധി ഉയർത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**വൈക്കം മണ്ഡലത്തിൽ സാംസ്കാരിക വകുപ്പുവഴി നടപ്പാക്കുന്ന പദ്ധതികൾ**

60 (3344) ശ്രീ. കെ. അജിത് : താഴെകാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈക്കം നിയോജക മണ്ഡലത്തിൽ സാംസ്കാരിക വകുപ്പുവഴി ഏതൊക്കെ പദ്ധതികളാണ് നടപ്പാക്കുന്നതെന്നും ഇതിൽ പൂർത്തിയാക്കിയതും പൂർത്തിയാക്കാനുള്ളതുമായ പദ്ധതികൾ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈക്കം നിയോജക മണ്ഡലത്തിൽ വൈക്കം സത്യാഗ്രഹത്തിന്റെ ഓർമ്മ നിലനിർത്തുന്നതിന് ഒരു മ്യൂസിയവും ഗാന്ധിജിയുടെ പൂർണ്ണകായ പ്രതിമയും സ്ഥാപിക്കുന്ന പുരാരേഖാ വകുപ്പിന്റെ പദ്ധതിക്ക് ഭരണാനുമതി നൽകുകയുണ്ടായി. വൈക്കം നഗരസഭയുടെ കെട്ടിടത്തിൽ നഗരസഭയുമായി ചേർന്നാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

**ചരിത്ര-സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്**

61 (3345) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ചരിത്ര-സാംസ്കാരിക പഠനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വേണ്ടി നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) എങ്കിൽ ഇതിനുവേണ്ടി ചരിത്ര-സാസംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) '1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട്, '1972-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ചട്ടങ്ങൾ' എന്നിവ അനുസരിച്ച് പ്രാചീന സ്മാരകങ്ങളും പുരാവസ്തു സങ്കേതങ്ങളും പുരാവശിഷ്ടങ്ങളും സംരക്ഷിക്കുന്നതിനും, പുരാവസ്തു ശാസ്ത്രസംബന്ധമായ ഉത്ഖനനങ്ങൾ ക്രമപ്പെടുത്തുന്നതിനും, ശില്പവേലകൾ, കൊത്തുപണികൾ, അവയെപ്പോലുള്ള മറ്റ് വസ്തുക്കൾ എന്നിവ കാത്തു സൂക്ഷിക്കുന്നതുമുൾപ്പെടെ നടപടി സ്വീകരിച്ചുവരുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ കേരള ചരിത്ര സാംസ്കാരിക പഠനങ്ങൾക്ക് സഹായകമാണ്. സാംസ്കാരിക വകുപ്പിന്റെ കീഴിൽ തൃപ്പൂണിത്തുറയിൽ സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ് എന്ന സ്ഥാപനം ഇത്തരം പഠനങ്ങൾക്കുവേണ്ടി സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ്.

(ബി) ഇതുസംബന്ധിച്ച ശിപാർശകളൊന്നും നിലവിലില്ല.

## കേന്ദ്ര സംസ്ഥാന കലാകാര സാമ്പത്തിക ധനസഹായ പദ്ധതി

62 (3346) ശ്രീ. വി. ശിവൻകുട്ടി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സംസ്ഥാന കലാകാര സാമ്പത്തിക ധനസഹായ പദ്ധതി (ഗവൺമെന്റ് ഓഫ് ഇന്ത്യാ ഗ്രാന്റ് ഇൻ എയ്ഡ് സ്കീം) പ്രകാരം സംസ്ഥാനത്ത് ഇപ്പോൾ എത്ര പേർക്ക് ധനസഹായം ലഭിക്കുന്നുണ്ട് എന്നും, പ്രസ്തുത സഹായം ലഭിക്കുന്നവരുടെ മേൽവിലാസം ഉൾപ്പെടെ എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്കായുള്ള സംസ്ഥാന സർക്കാരിന്റെ 2014-2015 വരെയുള്ള ബഡ്ജറ്റ് വിഹിതം എത്രയാണെന്നും ആയതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ ഹെഡ് ഓഫ് അക്കൗണ്ട് ഏതാണെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) സംസ്ഥാന സർക്കാർ ശിപാർശ ചെയ്യുന്ന മുറയ്ക്ക് കേന്ദ്ര സർക്കാർ അംഗീകരിച്ച്, തെരഞ്ഞെടുക്കപ്പെടുന്ന കലാകാരന്മാർക്കാണ് കേന്ദ്ര കലാകാര പെൻഷൻ നൽകിവരുന്നത്. ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന കലാകാരന്മാരുടെ സെലക്ട് ലിസ്റ്റ് കേന്ദ്ര സർക്കാരിൽനിന്ന് സംസ്ഥാന സർക്കാരിന് ലഭിക്കുന്ന മുറയ്ക്കാണ്, പ്രസ്തുത പെൻഷന്റെ സംസ്ഥാന വിഹിതം നൽകുന്നത്. എന്നാൽ കേന്ദ്ര സർക്കാരിൽനിന്നും കേന്ദ്ര കലാകാര പെൻഷൻ സംബന്ധിച്ച് കേരളത്തിൽ നിന്നുള്ള ഉപഭോക്താക്കളുടെ പട്ടിക 2012-13 മുതൽ

ലഭ്യമാക്കാത്തതുകൊണ്ട് നിലവിൽ എത്ര പേർക്ക് ഈ പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നുണ്ടെന്ന വിവരം ലഭ്യമല്ല. പ്രസ്തുത പട്ടിക ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് ലഭ്യമാകുന്ന മുറയ്ക്ക് കേന്ദ്ര സംസ്ഥാന കലാകാര സാമ്പത്തിക ധനസഹായ പദ്ധതി പ്രകാരം സംസ്ഥാന വിഹിതം അർഹതപ്പെട്ടവർക്ക് കുടിശ്ശിക സഹിതം നൽകുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) 2014-15 വരെയുള്ള ബഡ്ജറ്റ് വിഹിതം താഴെപറയും പ്രകാരമാണ്.

| വർഷം | വകയിരുത്തിയത് | ചെലവഴിച്ചത് |
|---|---|---|
| 2007-08 | 3 ലക്ഷം | 4,17,000 |
| 2008-09 | 10 ലക്ഷം | 1,48,678 |
| 2009-10 | 10 ലക്ഷം | 60,000 |
| 2010-11 | 20 ലക്ഷം | 8,04,500 |
| 2011-12 | 20 ലക്ഷം | 2,50,706 |
| 2012-13 | ഇല്ല | ഇല്ല |
| 2013-14 | ഇല്ല | ഇല്ല |
| 2014-15 | ഇല്ല | ഇല്ല |

(സി) 2205-00-102-99 Men of Arts and letters in indigent circumstances- Grant in Aid (Government of India Grant-in aid-Scheme) Plan എന്ന ശീർഷകത്തിലാണ് തുക വകയിരുത്തിയിരുന്നത്.

**പൂരക്കളി കലാ അക്കാദമി**

63 (3347) ശ്രീ. സി. കൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-2015 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പൂരക്കളി കലാ അക്കാദമി സ്ഥാപിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത അക്കാദമി പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) കേരള ഫോക് ലോർ അക്കാദമിയുടെ കീഴിൽ പൂരക്കളി അക്കാദമി സ്ഥാപിക്കുന്നത് സംബന്ധിച്ച വിഷയം പരിഗണനയിലാണ്. ഇതിനായി 2014-15-ലെ

ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസ്താവിച്ചിട്ടുള്ള തുക കേരള ഫോക് ലോർ അക്കാദമിക്ക് നല്കുന്ന വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്.

(ബി) അക്കാദമിക്കാവശ്യമായ ഫണ്ടും സ്ഥല സൗകര്യവും ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

**മള്ളിയൂർ സ്മൃതിമണ്ഡപം**

64 (3348) ശ്രീ. മോൻസ് ജോസഫ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മള്ളിയൂർ സ്മൃതിമണ്ഡപം സ്ഥാപിക്കുന്നതിന് സംബന്ധിച്ച 7674/A2/ 2013/Culture നമ്പർ ഫയലിന്റെ തുടർനടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) മള്ളിയൂർ സ്മൃതിമണ്ഡപത്തിന്റെ ഡി.പി.ആർ. സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; ഇത് തയ്യാറാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് ; ഇതിന് വേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ലക്ഷം രൂപയാണ് പ്രതീക്ഷിക്കുന്നത് ;

(സി) സ്മൃതിമണ്ഡപത്തോട് അനുബന്ധിച്ച് പുതിയ പ്രൊപ്പോസൽ ഉർന്നു വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെ എങ്ങനെയാണ് പരിഗണിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) ഭാഗവതഹംസം മള്ളിയൂർ ശങ്കരൻ നമ്പൂതിരിയുടെ സ്മരണാർത്ഥം സ്മൃതി മണ്ഡപം നിർമ്മിക്കണമെന്നാവശ്യപ്പെട്ട് 2011-ൽ മള്ളിയൂർ ആദ്ധ്യാത്മിക പീഠം, മള്ളിയൂർ സ്മൃതിമണ്ഡപ നിർവഹണ സമിതി എന്നിവർ സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. തുടർന്ന് 2013-14 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ സ്മൃതി മണ്ഡപ നിർമ്മാണത്തിന് 10 ലക്ഷം രൂപ പ്രഖ്യാപിക്കുകയുണ്ടായി. സ്മൃതി മണ്ഡപ നിർമ്മാണത്തിനാവശ്യമായ വിശദമായ പ്ലാനും എസ്റ്റിമേറ്റും ലഭ്യമാക്കാൻ നിർദ്ദേശിച്ചിരുന്നുവെങ്കിലും, കോട്ടയം ജില്ലാ കളക്ടറോ, അപേക്ഷകരോ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. അടിയന്തരമായി നിർദ്ദേശം സമർപ്പിക്കാൻ വീണ്ടും ജില്ലാ കളക്ടറോട് ആവശ്യപ്പെടുന്നതാണ്. മള്ളിയൂർ ശങ്കരൻനമ്പൂതിരിയുടെ സ്മൃതിമണ്ഡപ നിർമ്മാണത്തിന്റെ കാര്യം ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്യുന്നതാണ്.

**കലാകാര പെൻഷൻ**

65 (3349) ശ്രീ. കെ. അജിത് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര പേർക്കാണ് കലാകാരപെൻഷൻ നൽകുന്നതെന്നും എത്ര രൂപ വീതമാണ് പെൻഷൻ തുകയെന്നും വ്യക്തമാക്കുമോ ;

(ബി) കലാകാരപെൻഷൻ നൽകുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്നും ; ഏതേത് കലാരംഗങ്ങളിലുള്ളവരെയാണ് പെൻഷന് പരിഗണിക്കുന്നതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) സാംസ്കാരിക വകുപ്പിൽനിന്ന് ഇപ്പോൾ 2545 പേർക്ക് കലാകാര പെൻഷൻ നൽകിവരുന്നു. പ്രതിമാസം 750 രൂപ വീതമാണ് കലാകാര പെൻഷൻ നൽകിവരുന്നത്.

(ബി) 8-11-1999-ലെ സ.ഉ.(എം.എസ്.) നമ്പർ 49/99/സിഎഡി നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡ പ്രകാരമാണ് കലാകാര പെൻഷൻ നൽകുന്നതും, ഏതെല്ലാം കലകളിലെ കലാകാരന്മാരെയാണ് പെൻഷനായി പരിഗണിക്കേണ്ടതെന്ന് തീരുമാനിക്കുന്നതും. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

## പി.ആർ.ഡി. വഴി വിവിധ ദൃശ്യ-പത്ര മാധ്യമങ്ങൾക്ക് പരസ്യയിനത്തിൽ നൽകിയ തുക

66 (3350) ശ്രീമതി കെ. എസ്. സലീഖ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 മേയ് മുതൽ 2014 ഒക്ടോബർ 31 വരെ പി.ആർ.ഡി വഴി വിവിധ ദൃശ്യ പത്ര മാധ്യമങ്ങൾക്ക് പരസ്യയിനത്തിൽ എന്തു തുക നൽകിയിട്ടുണ്ട് ; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) സർക്കാരിൻെറ ആയിരം ദിനം പൂർത്തിയാക്കുന്നത് സംബന്ധിച്ച് 2014 ഫെബ്രുവരി 11, മാർച്ച് 2 എന്നീ രണ്ട് ദിവസങ്ങളിൽ പരസ്യയിനത്തിൽ എത്ര രൂപ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ദൃശ്യ-പത്ര മാധ്യമങ്ങൾക്ക് നൽകി ;ഏതൊക്കെ മാധ്യമങ്ങൾക്ക് എത്ര തുക വീതം നൽകി ; വ്യക്തമാക്കുമോ ;

(സി) പി.ആർ.ഡി. നിരക്ക് പ്രകാരമല്ലാതെ ചട്ടം ലംഘിച്ച് ഏതെല്ലാം ദൃശ്യ-പത്ര മാധ്യമങ്ങൾക്ക് പരസ്യയിനത്തിൽ തുക അധികമായി നൽകി ; എത്ര തുക വീതം നൽകി ; വ്യക്തമാക്കുമോ ;

(ഡി) റിലീസ് ചെയ്ത പരസ്യങ്ങളുടെ ഇനത്തിൽ ദൃശ്യ-പത്ര മാധ്യമങ്ങൾക്ക് കുടിശ്ശിക ഇനത്തിൽ നാളിതുവരെ നൽകാനുള്ള തുക എത്രയാണ് വ്യക്തമാക്കുമോ ;

(ഇ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഓരോ സാമ്പത്തിക വർഷവും പി.ആർ.ഡി.യ്ക്ക് ബജറ്റ് വിഹിതമായി നീക്കി വച്ച തുക എത്ര ; ചെലവഴിച്ച തുക എത്ര ; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) 2011 മേയ് മുതൽ 2014 ഒക്ടോബർ 31 വരെ പി.ആർ.ഡി. വഴി വിവിധ ദൃശ്യ-പത്ര മാധ്യമങ്ങൾക്ക് പരസ്യയിനത്തിൽ നൽകിയ തുകയുടെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | ആകെ ചെലവഴിച്ച തുക |
|---|---|
| 2011-12 | 36,17,86,702 |
| 2012-13 | 26,48,10,268 |
| 2013-14 | 24,02,36,409 |
| 2014-31-10-2014 | 17,61,27,509 |

(ബി) സർക്കാരിന്റെ ആയിരം ദിനം പൂർത്തിയാക്കുന്നത് സംബന്ധിച്ച് പരസ്യം നൽകിയ വകയിൽ ദൃശ്യ-പത്ര മാധ്യമങ്ങൾക്ക് തുകയൊന്നും നൽകിയിട്ടില്ല. ബില്ലുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.

(സി) പി.ആർ.ഡി. നിരക്ക് പ്രകാരമല്ലാതെ ചട്ടം ലംഘിച്ച് ദൃശ്യ-പത്ര മാധ്യമങ്ങൾക്ക് തുകയൊന്നും അനുവദിച്ചു നൽകിയിട്ടില്ല.

(ഡി) റിലീസ് ചെയ്ത പരസ്യങ്ങളുടെ ഇനത്തിൽ ദൃശ്യ-പത്ര മാധ്യമങ്ങൾക്ക്

കുടിശ്ശികയിനത്തിൽ പഴയ നിരക്കുകൾ പ്രകാരം ഏകദേശം 30 കോടി രൂപയോളം വരും. പരസ്യം നൽകിയ വകയിൽ ബില്ലുകൾ പൂർണ്ണമായും വകുപ്പിൽ ലഭ്യമായിട്ടില്ല.

(ഇ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഓരോ സാമ്പത്തിക വർഷവും പി.ആർ.ഡി.-ക്ക് ബജറ്റ് വിഹിതമായി നീക്കിവച്ച തുകയുടെയും ഫീൽഡ് പബ്ലിസിറ്റി ശീർഷകത്തിൽ നിന്നുൾപ്പെടെ ചെലവഴിച്ച തുകയുടേയും കണക്കുകൾ ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | ബഡ്ജറ്റ് വിഹിതവും അധിക ഫണ്ടും ഉൾപ്പെടെ അനുവദിച്ച തുക | ഫീൽഡ് പബ്ലിസിറ്റി ശീർഷകത്തിൽ നിന്നുൾപ്പെടെ ആകെ ചെലവഴിച്ച തുക |
|---|---|---|
| 2011-12 | 36 കോടി 90 ലക്ഷം | 36,17,86,702 |
| 2012-13 | 23 കോടി | 26,48,10,268* |
| 2013-14 | 22 കോടി | 24,02,36, 409* |
| 2014-15 (ഒക്ടോബർ 31 വരെ) | 24 കോടി | 17,61,27,509 |

*2012-13, 2013-14 സാമ്പത്തിക വർഷത്തിൽ ഫീൽഡ് പബ്ലിസിറ്റി ശീർഷകത്തിൽ നിന്നും ചെലവായ 3,49,40,972 രൂപയും 2,02,59,660 രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്.

**നിതാഖത്ത്മൂലം തിരികെ വന്നവർക്കുള്ള സഹായം**

67 (3351) <u>ശ്രീ. രാജു എബ്രഹാം</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൾഫ് മേഖലയിലെ നിതാഖത്ത് മൂലം സംസ്ഥാനത്ത് തിരികെ എത്തിയ പ്രവാസികളുടെ എണ്ണം സംബന്ധിച്ച് സർക്കാരിന് കണക്ക് ലഭിച്ചിട്ടുണ്ടോ ; എത്ര എന്ന് ജില്ല തിരിച്ച് എണ്ണം വ്യക്തമാക്കാമോ ;

(ബി) തിരികെ നാട്ടിലെത്തിയ ഇവർക്ക് നാട്ടിൽത്തന്നെ സ്വയം സംരംഭങ്ങൾ ആരംഭിക്കാൻ സർക്കാർ എന്തൊക്കെ സഹായങ്ങളാണ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(സി) പ്രവാസിക്ഷേമത്തിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ ;

(ഡി) പ്രവാസികളുടെ ക്ഷേമത്തിനായി സർക്കാർ കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ടോ ; ഇതിൻെറ പ്രവർത്തനങ്ങളും, ലക്ഷ്യങ്ങളും എന്തൊക്കെ എന്ന വിശദമാക്കാമോ ;

(ഇ) എത്ര പേർക്ക് ആകെ എത്ര രൂപയുടെ സഹായം കോർപ്പറേഷൻ മുഖേന നൽകി ; എത്ര അപേക്ഷകൾ തീർപ്പാക്കാൻ ഉണ്ട് ?

<u>ഉത്തരം</u>

(എ) സൗദി അറേബ്യയിലെ നിതാഖത്ത് നിയമം മൂലം തിരികെയെത്തിയവരുടെ കൃത്യമായ കണക്ക് ലഭ്യമല്ല. എന്നാൽ ഇപ്രകാരം തിരികെയെത്തിയവർക്കായി നോർക്ക-റൂട്ട്സ് ഏർപ്പെടുത്തിയ രജിസ്ട്രേഷൻ സംവിധാനത്തിലൂടെ രജിസ്റ്റർ ചെയ്തവരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | എണ്ണം |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 2330 |
| കൊല്ലം | 2182 |
| പത്തനംതിട്ട | 351 |
| (1) | (2) |
| ആലപ്പുഴ | 685 |
| ഇടുക്കി | 77 |
| കോട്ടയം | 219 |
| എറണാകുളം | 422 |
| തൃശ്ശൂർ | 620 |
| പാലക്കാട് | 1532 |
| കോഴിക്കോട് | 2719 |
| മലപ്പുറം | 9274 |
| കണ്ണൂർ | 1423 |
| വയനാട് | 554 |
| കാസർഗോഡ് | 246 |

(ബി) നിതാഖത്ത് നിയമം കർശനമാക്കിയ സാഹചര്യത്തിൽ വിദേശ രാജ്യങ്ങളിൽനിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയ പ്രവാസി മലയാളികളെ പുനരധിവസിപ്പിക്കുന്നതിനായി സർക്കാർ ഒരു സമഗ്ര പുനരധിവാസ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. തിരികെയെത്തി സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നവർക്ക്, നിലവിലുള്ള NDPREM (നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ്) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പകൾ നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 20 ലക്ഷം രൂപ വരെയുള്ള പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യത്തെ നാല് വർഷത്തേക്ക് 3% പലിശ സബ്‌വെൻഷനും നൽകി ബാങ്ക് വായ്പ ലഭ്യമാക്കിവരുന്നു.

(സി) പ്രവാസി മലയാളികളുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി നടപ്പാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്:

- തിരികെവന്ന പ്രവാസികൾക്കായി, സ്വയംതൊഴിൽ കണ്ടെത്തുന്നതിന് മൂലധന/പലിശ സബ്സിഡി നൽകി സ്വയം സംരംഭം ആരംഭിക്കുന്നതിനുവേണ്ടുന്ന സഹായ സഹകരണങ്ങൾ നൽകുന്നതിനുള്ള പ്രവാസി പുനരധിവാസ പദ്ധതി.
- സംസ്ഥാനത്ത് നിക്ഷേപം നടത്താനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ആഗ്രഹിക്കുന്ന പ്രവാസികൾക്ക് ബന്ധപ്പെട്ട ലൈസൻസിംഗ് ഉൾപ്പെടെ സഹായം നൽകുന്നതിന് വേണ്ടി നോർക്ക റൂട്ട്സിന്റെ മേൽനോട്ടത്തിൽ ഒരു "നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ".
- വിദേശരാജ്യങ്ങളിലെ ജയിലുകളിൽ തന്റേതല്ലാത്ത കാരണങ്ങളാൽ ശിക്ഷ അനുഭവിക്കുന്ന പ്രവാസികൾക്ക് നിയമ സഹായം ലഭ്യമാക്കുന്നതിനുള്ള 'പ്രവാസി ലീഗൽ അസിസ്റ്റൻസ്'പദ്ധതി.
- വിദേശ രാജ്യങ്ങളിൽ പ്രത്യേകിച്ചും ഗൾഫ് രാജ്യങ്ങളിൽ ജയിൽ മോചിതരാകുന്ന നിർധനരായ പ്രവാസിമലയാളികൾക്ക് സൗജന്യ വിമാന ടിക്കറ്റ് നൽകുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള 'സ്വപ്നസാഫല്യം' പദ്ധതി.
- അടിയന്തര ഘട്ടങ്ങളിൽ വിദേശരാജ്യങ്ങളിൽനിന്നും പ്രവാസി മലയാളികളെ നാട്ടിലെത്തിക്കുന്നതിനുള്ള എമർജൻസി റിപ്പാട്രിയേഷൻ

ഫണ്ട് എന്ന പദ്ധതി.

- തിരികെയെത്തി ദുരിതമനുഭവിക്കുന്ന പ്രവാസികൾക്ക് നിബന്ധനകൾക്ക് വിധേയമായി ചികിത്സാസഹായം, വിവാഹധനസഹായം, അംഗവൈകല്യം സംഭവിച്ചവർക്കുള്ള ധനസഹായം എന്നിവയും മരണമടയുന്ന പ്രവാസികളുടെ അനന്തരാവകാശികൾക്ക് മരണാനന്തര ധനസഹായവും നൽകുന്ന 'സാന്ത്വന പദ്ധതി'.

- പ്രവാസികൾക്ക് നോർക്കയുടെ പദ്ധതികൾ ലഭ്യമാക്കുന്നതിന് എല്ലാ ജില്ലകളിലും നോർക്ക റൂട്ട്സ് സെല്ലുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി.

- മറ്റ് സംസ്ഥാനങ്ങളിലെ പ്രവാസി ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ചെന്നൈ, ബാംഗ്ളൂർ, ബറോഡ, ഹൈദരാബാദ് എന്നീ സ്ഥലങ്ങളിൽ നോർക്കാ റൂട്ട്സ് സാറ്റലൈറ്റ് ഓഫീസുകൾ.

- നോർക്കയുടെ ക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വിദേശ രാജ്യങ്ങളിൽ നോർക്ക സഹായ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ബഹ്റിനിൽ നോർക്കാ സഹായ കേന്ദ്രം.

- ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവത്ക്കരണംമൂലം തിരികെയെത്തുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനായി സമഗ്ര പുനരധിവാസ പദ്ധതി.

- മികവുറ്റ തൊഴിലാളികളെ കണ്ടെത്തുന്നതിന് തൊഴിൽദായകരുടെയും തൊഴിൽ അന്വേഷകരുടെയും ഒരു ഓൺലൈൻ വേദിയായ 'ജോബ് പോർട്ടൽ'.

- നോർക്ക വകുപ്പിനെ സംബന്ധിച്ച വിവരങ്ങൾ, സേവനങ്ങൾ, പദ്ധതികൾ, പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കുന്ന '24 മണിക്കൂർ ഹെൽപ്പ് ലൈൻ/കോൾ സെന്റർ.

- വിദേശത്ത് തൊഴിൽ ആഗ്രഹിക്കുന്നവരിൽ ബോധവത്ക്കരണം സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള ഒരു സംയോജിത പരിശീലന പരിപാടിയായ 'പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം'.

- തൊഴിലെടുക്കാൻ പ്രാപ്തിയുള്ള യുവാക്കളുടെ തൊഴിൽ വൈദഗ്ധ്യം, വിദേശ തൊഴിൽ വിപണികളിലെ വെല്ലുവിളികൾ നേരിടത്തക്കവിധം മെച്ചപ്പെടുത്തുന്നതിനുള്ള തൊഴിൽ നൈപുണ്യ വികസന പരിപാടി.
- ഇന്ത്യയ്ക്ക് പുറത്തോ, ഇതര സംസ്ഥാനങ്ങളിലോവെച്ച് മരണമടയുന്ന പ്രവാസി മലയാളികളുടെ മൃതശരീരം സ്വദേശത്തേയ്ക്ക് കൊണ്ട് വരുന്നതിനുള്ള പ്രത്യേക നിധിയായ 'കാരുണ്യം പദ്ധതി'
- പ്രവാസികൾക്കായി പെൻഷൻ നടപ്പാക്കുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തിയ 'കേരളാ പ്രവാസി കേരളീയ ക്ഷേമബോർഡ്'.
- പ്രവാസികളുടെ തിരിച്ചറിയൽ രേഖയായി ഇൻഷ്വറൻസ് പരിരക്ഷ കൂടി ഉറപ്പുവരുത്തുന്ന എൻ.ആർ.കെ.ഐഡി കാർഡ്/പ്രവാസി ഐഡി കാർഡ്.
- മേൽപ്പറഞ്ഞ പദ്ധതികൾ നോർക്ക വകുപ്പിന്റെ കീഴിലെ നോർക്ക റൂട്ട്സ് എന്ന സർക്കാർ കമ്പനി മുഖേനയാണ് നടപ്പാക്കിവരുന്നത്. ഇതിനുപുറമെ പ്രവാസി ക്ഷേമ പെൻഷൻ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ഒരു പ്രവാസി ക്ഷേമനിധി നിലവിലുണ്ട്. ഇതിൽ അംഗത്വമെടുക്കുന്നവർക്ക് 60 വയസ്സ് പൂർത്തിയാക്കുന്ന മുറയ്ക്ക് പെൻഷൻ, പദ്ധതി അനുശാസിക്കുന്ന മറ്റ് ആനുകൂല്യങ്ങൾ എന്നിവയ്ക്ക് അർഹതയുണ്ട്.

(ഡി&ഇ) പ്രവാസി ക്ഷേമത്തിനായി സർക്കാർ കോർപ്പറേഷൻ രൂപീകരിച്ചിട്ടില്ല.

**പ്രവാസി ക്ഷേമം**

68 (3352) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി. എസ്. ജയലാൽ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൾഫ് രാജ്യങ്ങളിൽ നിന്നും സ്വദേശിവൽക്കരണത്തിൻെറ ഭാഗമായി ജോലി നഷ്ടപ്പെട്ട് ഇതിനകം എത്ര പേർ സംസ്ഥാനത്ത് തിരിച്ചെത്തിയിട്ടുണ്ട് ;

ഇവർക്കായി ഒരു പുനരധിവാസ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) ഗൾഫ് രാജ്യങ്ങളിൽ നിന്നും സ്വദേശിവൽക്കരണത്തിന്റെ ഭാഗമായി ജോലി നഷ്ടപ്പെട്ട് ഇതിനകം സംസ്ഥാനത്ത് തിരിച്ചെത്തിയവർക്കുള്ള പുനരധിവാസ പദ്ധതിയുടെ പ്രയോജനം ഇതിനകം എത്ര പേർക്ക് ലഭിച്ചു ; ഇതിന് മേൽനോട്ടം വഹിക്കേണ്ട നോർക്ക റൂട്ട്സിന്റെ പ്രവർത്തനം നിർജ്ജീവമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവത്ക്കരണത്തിന്റെ ഭാഗമായി ജോലി നഷ്ടപ്പെട്ട് തിരികെയെത്തിയവരുടെ കൃത്യമായ കണക്ക് ലഭ്യമല്ല. എന്നാൽ നോർക്ക-റൂട്ട്സ് ഏർപ്പെടുത്തിയിട്ടുള്ള രജിസ്ട്രേഷൻ സംവിധാനത്തിലൂടെ 24548 പേർ ഗൾഫ് രാജ്യങ്ങളിൽ നിന്ന് തിരികെയെത്തിയതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. തിരികെയെത്തിയ പ്രവാസി മലയാളികൾക്കായി ഒരു സമഗ്ര പുനരധിവാസ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) വിദേശ രാജ്യങ്ങളിൽനിന്ന് മടങ്ങിയെത്തിയ പ്രവാസി മലയാളികളുടെ പുനരധിവാസ പദ്ധതിയുടെ ഭാഗമായി സ്വയംതൊഴിൽ കണ്ടെത്തുന്നതിന് മൂലധന/പലിശ സബ്സിഡിയോടെ ബാങ്ക് വായ്പ ലഭ്യമാക്കുന്ന പദ്ധതിക്കായി അപേക്ഷ നൽകിയ 19690 പേരിൽ 320-ഓളം പേർക്ക് ഇതിനകം വായ്പ അനുവദിച്ചിട്ടുണ്ട്. ബോധവത്ക്കരണ/പരിശീലന പരിപാടികളിൽ പങ്കെടുത്ത് ബാങ്ക് വായ്പയ്ക്ക് അർഹരാണെന്ന് കണ്ടെത്തിയ 3000-ഓളം പേരുടെ അപേക്ഷ ബാങ്കുകളിൽ അവസാന ഘട്ടത്തിലാണ്. മറ്റുള്ളവ വിവിധ ഘട്ടങ്ങളിൽ പരിശോധിച്ചു വരികയാണ്. കൂടാതെ നോർക്ക-റൂട്ട്സിൽ പേര് രജിസ്റ്റർ ചെയ്ത 22,634 പേരോട് പുനരധിവാസ പദ്ധതിയുടെ ആനുകൂല്യങ്ങൾ നൽകുന്നതിനായി വിവരശേഖരണം നടത്തി അതിന്മേലുള്ള നടപടികളും സമയബന്ധിതമായി നടക്കുന്നുണ്ട്. നോർക്ക വകുപ്പിന് കീഴിലെ നോർക്ക-റൂട്ട്സ് കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്നാണ് വിലയിരുത്തുന്നത്.

**നോർക്ക റൂട്ട്സ് വഴി സ്വയംതൊഴിൽ സംരംഭം**

69 (3353) <u>ശ്രീ. സി. ദിവാകരൻ</u> :
<u>ശ്രീമതി ഗീതാ ഗോപി</u> :
<u>ശ്രീ. പി. തിലോത്തമൻ</u> :
<u>ശ്രീ. കെ. രാജു</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക്

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വയം തൊഴിൽ സംരംഭത്തിനായി നോർക്കയിൽ നിന്നും ബാങ്കുകൾ മുഖേന സാമ്പത്തിക സഹായത്തിനായി ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര അപേക്ഷകൾ ലഭിച്ചു ; ഇതിനകം എത്ര പേർക്ക് വായ്പ ലഭിച്ചു ;

(ബി) സ്വയംതൊഴിൽ സംരംഭകർക്ക് നോർക്ക റൂട്ട്സ് വഴി എന്തെല്ലാം സഹായങ്ങളാണ് ചെയ്തു കൊടുക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രവാസികൾക്കായി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാം ; ഈ പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കാൻ കഴിയുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തു നടപടികളെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 19690 അപേക്ഷകൾ ലഭിച്ചു. ഇതുവരെ 320-ഓളം പേർക്ക് വായ്പ അനുവദിച്ചു.

(ബി) പരമാവധി 20 ലക്ഷം രൂപ വരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന സ്വയം തൊഴിൽ സംരംഭങ്ങൾക്ക് 15% മൂലധന സബ്സിഡിയും ആദ്യത്തെ 4 വർഷം 3% പലിശ സബ്സിഡിയും നൽകിവരുന്നു. അപേക്ഷ സമർപ്പിച്ചവർക്ക് ബോധവത്ക്കരണ/പരിശീലന പരിപാടികൾ നടത്തുകയും, സ്ക്രീനിംഗ് നടത്തി പദ്ധതി റിപ്പോർട്ട് ഉൾപ്പെടെ തയ്യാറാക്കി ബാങ്ക് വായ്പ ലഭ്യമാക്കുന്നതിനുള്ള സഹായവും നൽകുന്നുണ്ട്.

(സി) പ്രവാസികൾക്കായി നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. തിരികെ വന്ന പ്രവാസികൾക്കായി, സ്വയം തൊഴിൽ കണ്ടെത്തുന്നതിന് മൂലധന/പലിശ സബ്സിഡി നൽകി സംരംഭം ആരംഭിക്കുന്നതിന് വേണ്ടുന്ന സഹായ സഹകരണങ്ങൾ നൽകുന്നതിനുള്ള പ്രവാസി പുനരധിവാസ പദ്ധതി 'നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM)'

2. സംസ്ഥാനത്ത് നിക്ഷേപം നടത്താനും തൊഴിൽ സംരംഭങ്ങൾ

ആരംഭിക്കുന്നതിനും ആഗ്രഹിക്കുന്ന പ്രവാസികൾക്ക് ബന്ധപ്പെട്ട ലൈസൻസിംഗ് ഉൾപ്പെടെ സഹായം നൽകുന്നതിന് വേണ്ടി നോർക്ക റൂട്ട്സിന്റെ മേൽനോട്ടത്തിൽ "നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ" എന്ന പദ്ധതി.

3. വിദേശരാജ്യങ്ങളിലെ ജയിലുകളിൽ തന്റേതല്ലാത്ത കാരണങ്ങളാൽ ശിക്ഷ അനുഭവിക്കുന്ന പ്രവാസികൾക്ക് നിയമ സഹായം ലഭ്യമാക്കുന്നതിനുള്ള 'പദ്ധതിയായ പ്രവാസി ലീഗൽ അസിസ്റ്റൻസ്'.

4. വിദേശ രാജ്യങ്ങളിൽ ജയിൽ മോചിതരാകുന്ന നിർധനരായ പ്രവാസി മലയാളികൾക്ക് സൗജന്യ വിമാന ടിക്കറ്റ് നൽകുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള 'സ്വപ്നസാഫല്യം' പദ്ധതി.

5. തിരികെയെത്തി ദുരിതമനുഭവിക്കുന്ന പ്രവാസികൾക്ക് ചികിത്സാ സഹായം, വിവാഹധനസഹായം, അംഗവൈകല്യം സംഭവിച്ചവർക്കുള്ള ധനസഹായം എന്നിവയും മരണമടയുന്ന പ്രവാസികളുടെ അനന്തരാവകാശികൾക്ക് മരണാനന്തര ധനസഹായവും നൽകുന്ന 'സാന്ത്വന പദ്ധതി'.

6. പ്രവാസികൾക്ക് നോർക്കയുടെ പദ്ധതികൾ ലഭ്യമാക്കുന്നതിന് എല്ലാ ജില്ലകളിലും നോർക്ക റൂട്ട്സ് സെല്ലുകൾ.

7. മറ്റ് സംസ്ഥാനങ്ങളിലെ പ്രവാസി ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ചെന്നൈ, ബാംഗ്ളൂർ, ബറോഡ, ഹൈദരാബാദ് എന്നീ സ്ഥലങ്ങളിൽ നോർക്കാ റൂട്ട്സ് സാറ്റലൈറ്റ് ഓഫീസുകൾ.

8. നോർക്കയുടെ ക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വിദേശ രാജ്യങ്ങളിൽ നോർക്ക സഹായ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ബഹ്റിനിൽ നോർക്കാ സഹായ കേന്ദ്രം.

9. ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവത്ക്കരണംമൂലം തിരികെയെത്തുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനായി സമഗ്ര പുനരധിവാസ പദ്ധതി.

10. മികവുറ്റ തൊഴിലാളികളെ കണ്ടെത്തുന്നതിന് തൊഴിൽദായകരുടെയും തൊഴിൽ അന്വേഷകരുടെയും ഓൺലൈൻ വേദിയായ 'ജോബ്

പോർട്ടൽ'.

11. നോർക്ക വകുപ്പിനെ സംബന്ധിച്ച വിവരങ്ങൾ, സേവനങ്ങൾ, പദ്ധതികൾ, പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കുന്ന '24 മണിക്കൂർ ഹെൽപ്പ് ലൈൻ/കോൾ സെന്റർ.

12. വിദേശത്ത് തൊഴിൽ ആഗ്രഹിക്കുന്നവരിൽ ബോധവത്ക്കരണം സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള സംയോജിത പരിശീലന പരിപാടിയായ 'പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം'

13. തൊഴിലെടുക്കാൻ പ്രാപ്തിയുള്ള യുവാക്കളുടെ തൊഴിൽ വൈദഗ്ധ്യം, വിദേശ തൊഴിൽ വിപണികളിലെ വെല്ലുവിളികൾ നേരിടത്തക്കവിധം മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടി.

14. ഇന്ത്യയ്ക്ക് പുറത്തോ, ഇതര സംസ്ഥാനങ്ങളിലോവെച്ച് മരണമടയുന്ന പ്രവാസി മലയാളികളുടെ മൃതശരീരം സ്വദേശത്തേയ്ക്ക് കൊണ്ടുവരുന്നതിനുള്ള പ്രത്യേക നിധിയായ 'കാരുണ്യം പദ്ധതി'

15. പ്രവാസികൾക്കായി പെൻഷൻ നടപ്പാക്കുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തിയ 'കേരളാ പ്രവാസി കേരളീയ ക്ഷേമബോർഡ്'.

16. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി പ്രവർത്തിക്കുന്ന നോർക്ക റൂട്ട്സ് ഓഫീസുകൾ മുഖേന കേന്ദ്ര മാനവവിഭവശേഷി വികസന മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി വിദേശ തൊഴിൽ തേടുന്നവർക്ക് വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തൽ.

17. പ്രവാസി മലയാളികൾക്ക് അപകടമരണം, സ്ഥിരമായ/ പൂർണ്ണമായ/ഭാഗികമായ വൈകല്യം സംഭവിക്കൽ എന്നിവയ്ക്ക് രണ്ടുലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷ.

18. പ്രവാസികളുടെ തിരിച്ചറിയൽ രേഖയായി ഇൻഷ്വറൻസ് പരിരക്ഷകൂടി ഉറപ്പുവരുത്തുന്ന എൻ.ആർ.കെ.ഐഡി കാർഡ്/പ്രവാസി ഐഡി കാർഡ്.

19. കേരള പ്രവാസി കേരളീയ ക്ഷേമനിധി ബോർഡ് മുഖാന്തരം

വിദ്യാഭ്യാസ ആനുകൂല്യ പദ്ധതി, മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, വിവാഹധനസഹായം തുടങ്ങിയവ.

20. അടിയന്തര സാഹചര്യത്തിൽ പ്രവാസി മലയാളികളെ നാട്ടിലെത്തിക്കുന്നതിനുള്ള എമർജൻസി റിപ്പാട്രിയേഷൻ പദ്ധതി

ഈ പദ്ധതികൾ കാര്യക്ഷമമായി നടന്നുവരുന്നതായി വിലയിരുത്തുന്നു.

**പ്രവാസി സാന്ത്വന പദ്ധതി**

70 (3354) ശ്രീ. എം. എ. വാഹീദ് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ജോസഫ് വാഴക്കൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി വകുപ്പ് നടപ്പാക്കുന്ന സാന്ത്വന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ധനസഹായങ്ങളാണ് പദ്ധതി മുഖേന പ്രവാസികൾക്ക് ലഭിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് ധനസഹായങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) വർദ്ധിപ്പിച്ച ധനസഹായങ്ങൾക്ക് എന്ന് മുതലാണ് പ്രാബല്യമുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) കുറഞ്ഞത് രണ്ട് വർഷമെങ്കിലും തൊഴിൽപ്പരമായ ആവശ്യത്തിനായി വിദേശത്ത് താമസിച്ചശേഷം കേരളത്തിലേയ്ക്ക് സ്ഥിരമായി മടങ്ങിയെത്തിയതോ അല്ലെങ്കിൽ കേരളത്തിന് പുറത്ത് ഭാരതത്തിനകത്ത് കുറഞ്ഞത് 2 വർഷമെങ്കിലുമായി താമിച്ചുവരുന്നതോ ആയ മലയാളികൾക്ക് സ്ഥിരമായ വരുമാന മാർഗ്ഗമില്ലാതിരിക്കുകയും മറ്റൊരു മാർഗ്ഗത്തിൽനിന്നും ധനസഹായം ലഭിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ നിബന്ധനകൾക്ക് വിധേയമായി ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് നോർക്ക വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ പദ്ധതിയായ സാന്ത്വന

മരണാനന്തര സഹായം (Death compensation). ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, കൃത്രിമകാൽ, വീൽച്ചെയർ, ക്രച്ചസ് മുതലായവ വാങ്ങാനുള്ള സഹായം എന്നിങ്ങനെ നാല് വിഭാഗങ്ങളിലായാണ് സാന്ത്വന പദ്ധതി മുഖേന ധനസഹായം അനുവദിക്കുന്നത്. പ്രവാസി മരിച്ചാൽ പ്രവാസിയുടെ ആശ്രിതന് മരണാനന്തര സഹായമായി പരമാവധി ഒരു ലക്ഷം രൂപവരെയും ചികിത്സാ സഹായമായി ഗുരുതര രോഗങ്ങൾക്ക് പരമാവധി അൻപതിനായിരം രൂപവരെയും ഇതര രോഗങ്ങൾക്ക് പരമാവധി ഇരുപതിനായിരം രൂപ വരെയും പ്രവാസിയുടെ ആശ്രിതയായ മകളുടെ വിവാഹത്തിനായി പരമാവധി പതിനയ്യായിരം രൂപ വരെയും കൃത്രിമകാൽ, വീൽച്ചെയർ, ക്രച്ചസ് മുതലായവ വാങ്ങുന്നതിന് പരമാവധി പതിനായിരം രൂപ വരെയും നിബന്ധനകൾക്ക് വിധേയമായി അനുവദിച്ചുവരുന്നു. ധനസഹായം ലഭിക്കുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി 1,00,000 രൂപയാണ്.

(സി) ഈ സർക്കാരിന്റെ കാലത്ത് രണ്ടുതവണ ധനസഹായം വർദ്ധിപ്പിച്ചിട്ടുണ്ട്. ആദ്യതവണ മരണാനന്തര ചടങ്ങുകൾക്ക് അനുവദിച്ചിരുന്ന സഹായം പതിനായിരം രൂപ ഇരുപതിനായിരം രൂപയായും വിവാഹ ധനസഹായമായി അനുവദിച്ചിരുന്ന ഏഴായിരത്തി അഞ്ഞൂറു രൂപ പതിനയ്യായിരം രൂപയായും ചികിത്സാ ധനസഹായമായി അനുവദിച്ചിരുന്ന പതിനായിരം രൂപ ഇരുപതിനായിരം രൂപയായും കൃത്രിമകാൽ, വീൽച്ചെയർ, ക്രച്ചസ് എന്നിവ വാങ്ങാൻ അനുവദിച്ചിരുന്ന അയ്യായിരം രൂപ പതിനായിരം രൂപയായും വർദ്ധിപ്പിച്ചിരുന്നു. രണ്ടാം തവണ മരണാനന്തര ചടങ്ങുകൾക്കായി അനുവദിച്ചിരുന്ന പതിനായിരം രൂപ എന്നത് മരണാനന്തര സഹായം എന്ന് പുനർനാമകരണം ചെയ്ത് ഒരു ലക്ഷം രൂപയായും ചികിത്സാ സഹായം ഗുരുതര രോഗങ്ങൾക്ക് അൻപതിനായിരം രൂപയായും ഇതര രോഗങ്ങൾക്ക് ഇരുപതിനായിരം രൂപയായും വർദ്ധിപ്പിച്ചു.

(ഡി) 2013 ജൂൺ മാസം ഒന്നാം തീയതി മുതലാണ് ഇപ്പോഴുള്ള വർദ്ധിപ്പിച്ച ധനസഹായങ്ങൾ പ്രാബല്യത്തിൽ വന്നത്.

**പ്രവാസി ക്ഷേമ പദ്ധതി**

71 (T3355) <u>ശ്രീ. സി. കെ. സദാശിവൻ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി ക്ഷേമ പദ്ധതിയിൽ ചേരുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രവാസി ക്ഷേമ പദ്ധതി പ്രകാരം പ്രവാസികൾക്ക് ലഭിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) വിദേശത്ത് ജോലി ചെയ്യുന്നവർക്കും, വിദേശത്ത് രണ്ട് വർഷമെങ്കിലും ജോലി ചെയ്തശേഷം തിരിച്ചുവന്ന് കേരളത്തിൽ സ്ഥിരതാമസമാക്കിയവർക്കും, കേരളത്തിന് പുറത്ത് ഇന്ത്യയിലെ മറ്റേതെങ്കിലും സംസ്ഥാനത്ത് ജോലി സംബന്ധമായി കുറഞ്ഞത് ആറുമാസമായി താമസിച്ചുവരുന്നവർക്കും പ്രവാസി കേരളീയ ക്ഷേമനിധിയിൽ അംഗത്വത്തിന് അപേക്ഷിക്കാവുന്നതാണ്. അംഗമാകുന്നതിനുള്ള പ്രായം നിലവിൽ 18 നും 55 നും മധ്യേയാണ്.

(ബി) പ്രവാസി കേരളീയ ക്ഷേമ പദ്ധതി പ്രകാരം താഴെപ്പറയുന്ന ആനുകൂല്യങ്ങൾ ക്ഷേമനിധി അംഗങ്ങൾക്ക് ലഭിക്കുന്നതാണ്:

- അഞ്ചുവർഷത്തിൽ കുറയാത്തതും 60 വയസ്സുവരെ അംശദായം അടച്ചിട്ടുള്ളതുമായ അംഗങ്ങൾക്ക് പെൻഷൻ.
- ആശ്രിതർക്ക് കുടുംബ പെൻഷൻ
- അംഗത്തിന് സ്ഥിരമായ ശാരീരിക വൈകല്യം നേരിടുകയോ, മരണം സംഭവിക്കുകയോ ചെയ്താൽ സാമ്പത്തിക സഹായം.
- അപകടം, രോഗം എന്നിവമൂലം അംഗം മരിക്കാനിടയായാൽ ആശ്രിതർക്ക് പ്രത്യേക സാമ്പത്തിക സഹായം.
- അംഗത്തിന് പ്രത്യേക ചികിത്സ ആവശ്യമായിവരുന്ന സാഹചര്യത്തിൽ ചികിത്സാസഹായം.
- വനിതാംഗത്തിനും അംഗങ്ങളുടെ ആശ്രിതരായ പെൺമക്കൾക്കും വിവാഹ ധനസഹായം.
- കല്പിതാംഗങ്ങൾ ഒഴികെയുള്ള വനിതാംഗങ്ങൾക്ക് പ്രസവാനുകൂല്യം.
- മക്കളുടെ ഉന്നത വിദ്യാഭ്യാസ ചെലവിനുള്ള വിദ്യാഭ്യാസ ഗ്രാന്റ്.

**പ്രവാസി മലയാളികൾ**

72 (3356) <u>ശ്രീ. സി. ദിവാകരൻ</u> : താഴെകാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന പ്രവാസി മലയാളികളുടെ കൃത്യമായ

വിവരശേഖരണം ഇല്ലാത്തതിനാൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

പ്രവാസി മലയാളികളുടെ ക്ഷേമപ്രവർത്തനത്തിനും അവർക്കായുള്ള പുനരധിവാസ പദ്ധതികൾ കാര്യക്ഷമമായ രീതിയിൽ ആസൂത്രണം ചെയ്യുന്നതിനുമായി നോർക്ക വകുപ്പ് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പുമായി ചേർന്ന് പ്രവാസി മലയാളികളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ട്.

## തീവ്രവാദ ഭീഷണിയെത്തുടർന്ന് കേരളത്തിലേയ്ക്ക് തിരിച്ചുവന്ന നഴ്സുമാരുടെ വിദ്യാഭ്യാസ വായ്പ

73 (3357) ശ്രീ. കെ. അജിത് : താഴെകാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തീവ്രവാദ ഭീക്ഷണിയെ തുടർന്ന് കേരളത്തിലേക്ക് തിരിച്ച് വന്ന നഴ്സുമാരുടെ വിദ്യാഭ്യാസ വായ്പയിൽ ഇളവുകൾ നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഇറാഖ്, ലിബിയ എന്നീ രാജ്യങ്ങളിലുണ്ടായ ആഭ്യന്തര കലാപത്തെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ തിരികെയെത്തിയ മലയാളി നഴ്സുമാരുടെ പുനരധിവാസവും വിദ്യാഭ്യാസ വായ്പ കുടിശ്ശിക എഴുതിത്തള്ളണമെന്നുള്ള ആവശ്യവും ബാങ്കുകളുടെ യോഗത്തിൽ (State Level Banker's Committee) ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ ലീഡ് ബാങ്കായ കാനറാ ബാങ്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (OTS)-ക്ക് രൂപം കൊടുത്തിട്ടുണ്ട്. ഇതനുസരിച്ച് ഈ വിഭാഗത്തിലുള്ളവർക്ക് പലിശ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. 4 ലക്ഷം രൂപ വരെ കാനറാ ബാങ്കിൽനിന്നും വായ്പ എടുത്തവർക്കാണ് ഈ ആനുകൂല്യം ലഭ്യമാകുന്നത്. സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി കൺവീനർ എന്ന നിലയിൽ കാനറാ ബാങ്ക് മറ്റ് ബാങ്കുകളോടും ഇത്തരത്തിൽ തീരുമാനം കൈക്കൊള്ളണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

## നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ്

74 (3358) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നോർക്ക ഡിപ്പാർട്ടുമെൻറ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം സവിശേഷതകളാണ് പ്രസ്തുത പദ്ധതിക്കുള്ളത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ഇതിന്റെ അർഹതാ മാനദണ്ഡം വിശദമാക്കുമോ ?

ഉത്തരം

(എ&ബി) തിരികെയെത്തിയ പ്രവാസി മലയാളികളുടെ പുനരധിവാസ പദ്ധതിയുടെ ഭാഗമായി സ്വയംതൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. പരമാവധി 20 ലക്ഷം രൂപവരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന തൊഴിൽ സംരംഭങ്ങൾക്ക് 15% മൂലധന സബ്സിഡിയും ആദ്യത്തെ നാല് വർഷം 3% പലിശ സബ്സിഡിയും അനുവദിക്കുന്നതാണ് പദ്ധതി. സംസ്ഥാനത്ത് നിലവിലുള്ള സ്വയംസംരംഭക മേഖലയിലെ അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി കാർഷികം, ചെറുകിട വ്യാപാരം, ചെറുകിട വ്യവസായം, സേവനം, ഉത്പാദനം തുടങ്ങിയ മേഖലകളിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ സഹായം ലഭിക്കുമെന്നതാണ് പദ്ധതിയുടെ സവിശേഷത.

(സി) രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തശേഷം നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികൾ, ഇത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയാണ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹർ.

## നിതാഖത്ത് നിയമംമൂലം സൗദി അറേബ്യയിൽനിന്നും തിരിച്ചെത്തിയവരുടെ പുനരധിവാസം

75 (3359) ശ്രീ. പി. ഉബൈദുള്ള : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിതാഖത്ത് നിയമം കർശനമാക്കിയതിനെത്തുടർന്ന് സൗദി അറേബ്യയിൽനിന്നും ജോലി നഷ്ടപ്പെട്ട് തിരിച്ചെത്തിയവരുടെ പുനരധിവാസം ലക്ഷ്യമിട്ട് നോർക്ക-റൂട്ട്സ് വഴി ആരംഭിച്ച സ്വയം തൊഴിൽ സംരംഭകത്വ വായ്പാ പദ്ധതി പ്രകാരം എത്ര അപേക്ഷകളാണ് ലഭിച്ചത് ;

(ബി) പ്രസ്തുത അപേക്ഷകളിൽ എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) ബാങ്കുകൾക്ക് ഇതു സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ) 19690 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. കൂടാതെ നോർക്ക റൂട്ട്സ് ഏർപ്പെടുത്തിയ രജിസ്ട്രേഷൻ സംവിധാനത്തിലൂടെ സ്വദേശിവത്ക്കരണത്തിന്റെ ഭാഗമായി ജോലി നഷ്ടപ്പെട്ട് സൗദി അറേബ്യയിൽനിന്നും തിരികെയെത്തിയ 22634 പേർ നോർക്ക റൂട്ട്സിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവരിൽ 6000 പേർ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്.

(ബി) NDPREM എന്ന പദ്ധതി പ്രകാരം ലഭിച്ച 19690 അപേക്ഷകളിൽ 320 പേർക്ക് ഇതിനകം വായ്പ ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ 16000 ത്തോളം പേരെ സ്ക്രീനിംഗിന് വിളിക്കുകയും, സ്ക്രീനിംഗ് അറ്റൻഡ് ചെയ്ത 8000 ത്തോളം പേരിൽനിന്നും 3000 ത്തോളം പേരുടെ അപേക്ഷകൾ ബാങ്കുകളിൽ പ്രോസ്സസിംഗിലാണ്. ബാക്കിയുള്ളവരുടെ അപേക്ഷകളിന്മേൽ അവസാനഘട്ട സ്ക്രീനിംഗ് നടപടികൾ പുരോഗമിക്കുകയാണ്. നോർക്ക-റൂട്ട്സിൽ രജിസ്റ്റർ ചെയ്ത 22634 പേരുടെ ഡാറ്റാ കളക്ഷനും മറ്റ് നടപടികളും പുരോഗമിക്കുകയാണ്. അർഹരായവർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിച്ചുവരുന്നു.

(സി) ഇത് സംബന്ധിച്ച് കാനറാ ബാങ്ക്, യൂണിയൻ ബാങ്ക് എന്നിവയുമായി നോർക്ക റൂട്ട്സ് മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് ഒപ്പുവച്ചിട്ടുണ്ട്.

**ലിബിയയിൽ കുടുങ്ങിക്കിടക്കുന്ന നഴ്സുമാരെ നാട്ടിലെത്തിക്കാൻ നടപടി**

76 (3360) <u>ശ്രീ. ജി. സുധാകരൻ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലിബിയയിൽ കുടുങ്ങിക്കിടക്കുന്ന നഴ്സുമാരെ നാട്ടിലെത്തിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ബി) എംബസി അധികൃതർ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതു പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചു വ്യക്തമാക്കാമോ ?

ഉത്തരം

(എ) ആഭ്യന്തര പ്രശ്നങ്ങൾ നേരിടുന്ന ലിബിയയിൽ ജോലി ചെയ്തുവരുന്ന കേരളീയരെ സുരക്ഷിതമായി നാട്ടിലെത്തിക്കുന്നതിനുള്ള നടപടികൾ ലിബിയയിലെ ഇന്ത്യൻ എംബസ്സി മുഖാന്തരം സ്വീകരിച്ചുവരുന്നുണ്ട്. പ്രസ്തുത വിവരം അറിഞ്ഞയുടനെ തന്നെ ട്രിപ്പോളിയിലെ ഇന്ത്യൻ എംബസ്സിയുമായി ബന്ധപ്പെട്ട് സ്ഥിതിഗതികൾ വിലയിരുത്തുകയും നോർക്ക റൂട്ട്സിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ് ലൈൻ സംവിധാനത്തിലൂടെ ഇവരുമായി ബന്ധപ്പെടുന്നതിന് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ അടിയന്തര ഇടപെടൽ ഉണ്ടാകണമെന്ന് ബഹു. കേരള മുഖ്യമന്ത്രിയും, നോർക്ക വകുപ്പ് മന്ത്രിയും കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. നോർക്ക വകുപ്പുമന്ത്രി 5-12-2014-ൽ കേന്ദ്ര വിദേശകാര്യ വകുപ്പുമന്ത്രിയെ നേരിൽകണ്ട് അഭ്യർത്ഥിക്കുകയും തിരികെ എത്തിക്കണമെന്ന ആവശ്യം ഉന്നയിച്ച 87 മലയാളി നഴ്സുമാരുടെ ലിസ്റ്റ് കൈമാറുകയും ചെയ്തതനുസരിച്ച് ഇവരെ കേന്ദ്ര സർക്കാരിന്റെ ചെലവിൽ നാട്ടിൽ എത്തുക്കുമെന്ന് കേന്ദ്ര വിദേശകാര്യമന്ത്രി ഉറപ്പ് നൽകിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കുടുങ്ങിക്കിടക്കുന്ന കേരളീയരെ നാട്ടിലെത്തിക്കുവാൻ എംബസി അധികൃതർ സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്.

## സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന പ്രവാസികൾക്ക് നോർക്കയിൽനിന്നും ലഭിക്കുന്ന ധനസഹായം

77 (3361) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പ്രവാസികളെ വിദേശത്ത് വച്ചുള്ള മരണം, അപകടം, രോഗം എന്നിവയ്ക്ക് ഇപ്പോൾ എന്തെല്ലാം ധനസഹായമാണ് നോർക്കയിൽ നിന്നും മറ്റ് സർക്കാർ സംവിധാനത്തിൽ നിന്നും ലഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇവ വർദ്ധിപ്പിക്കുന്നതിനും കൂടുതൽ ധനസഹായം അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) മരണപ്പെട്ട പ്രവാസികളുടെ മൃദദേഹങ്ങൾ നാട്ടിൽ എത്തിക്കുന്നതിനും അവർക്ക് നഷ്ടപരിഹാരങ്ങൾ വാങ്ങിനൽകുന്നതിനും പ്രത്യേക ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുമോ ?

## ഉത്തരം

(എ) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രവാസികൾ വിദേശത്ത് വച്ച് മരണപ്പെടുന്ന സാഹചര്യത്തിൽ മരണാനന്തര ധനസഹായമായി പരമാവധി ഒരു ലക്ഷം രൂപ നോർക്ക വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ പദ്ധതിയായ 'സാന്ത്വന' പദ്ധതിയിൽ അനുവദിച്ചുവരുന്നു. അതിനോടൊപ്പം പ്രവാസി കേരളീയ ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് ചികിത്സാ ധനസഹായം, മരണപ്പെട്ട അംഗങ്ങളുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായം എന്നിവയും നൽകി വരുന്നു. ഇതിനുപുറമെ വിദേശ രാജ്യങ്ങളിൽ മരണമടയുന്ന പ്രവാസികളുടെ ഭൗതികദേഹം നാട്ടിലെത്തിക്കുന്നതിന് നിബന്ധനകൾക്ക് വിധേയമായി 'കാരുണ്യം' എന്ന പദ്ധതി പ്രകാരം 50,000 രൂപവരെ നൽകിവരുന്നു. പ്രവാസി തിരിച്ചറിയൽ കാർഡ് നേടിയിട്ടുള്ളവർക്ക് അപകട ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) മരണാനന്തര സഹായം 20,000 രൂപയിൽനിന്നും ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇനിയും വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) നിലവിലുള്ള സംവിധാനത്തിൽ മാറ്റം വരുത്തുന്ന കാര്യം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

## പ്രവാസികൾക്കായി വായ്പ പദ്ധതി

78 (3362) ശ്രീ. കെ. എൻ. എ. ഖാദർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജോലി നഷ്ടപ്പെട്ടും മറ്റും വിദേശത്തു നിന്നും തിരിച്ചെത്തുന്ന പ്രവാസികൾക്കായി എന്തെങ്കിലും വായ്പാ പദ്ധതി സർക്കാർ ആസൂത്രണം ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം സംരംഭങ്ങൾക്കാണ് വായ്പ അനുവദിക്കുന്നത് ;

(സി) ഇപ്രകാരമുള്ള പ്രവാസികളുടെ പെൺമക്കളുടെ വിവാഹം, മക്കളുടെ വിദ്യാഭ്യാസം തുടങ്ങിയ ആവശ്യങ്ങൾക്കുകൂടി വായ്പ അനുവദിക്കുന്ന കാര്യം

പരിഗണിക്കുമോ ;

(ഡി) ഇത്തരം വായ്പകൾക്ക് സബ്സിഡി നൽകുന്ന കാര്യം കൂടി സർക്കാർ പരിഗണിയ്ക്കുമോ ?

<u>ഉത്തരം</u>

(എ&ബി) തിരികെയെത്തിയ പ്രവാസി മലയാളികൾക്ക് വേണ്ടി സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന നാമധേയത്തിൽ ഒരു പദ്ധതി രൂപീകരിച്ചിട്ടുണ്ട്. പരമാവധി 20 ലക്ഷം രൂപ വരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന തൊഴിൽ സംരംഭങ്ങൾക്ക് 15% മൂലധന സബ്സിഡിയും ആദ്യത്തെ നാലു വർഷം 3% പലിശ സബ്സിഡിയും അനുവദിക്കുന്നതാണ് പദ്ധതി. 2 വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തശേഷം നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികൾ, ഇത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയാണ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹർ. താഴെപ്പറയുന്ന മേഖലകളിലാണ് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പ നൽകിവരുന്നത്:

| | | |
|---|---|---|
| കച്ചവടം | - | (പൊതുവ്യാപാരം - വാങ്ങുകയും വിൽക്കുകയും തുടങ്ങിയവ) |
| സേവനങ്ങൾ | - | (റിപ്പെയർ ഷോപ്പ്, റസ്റ്റോറന്റുകൾ, ടാക്സി സർവ്വീസുകൾ, ഹോംസ്റ്റേ തുടങ്ങിയവ) |
| ഉല്പാദനം | - | ചെറുകിട- ഇടത്തരം സംരംഭങ്ങൾ (പൊടിമില്ലുകൾ, ബേക്കറി ഉല്പന്നങ്ങൾ, ഫർണിച്ചറും തടി വ്യവസായവും, സലൂണുകൾ, പേപ്പർ കപ്പ്, പേപ്പർ റീസൈക്ലിംഗ്, ചന്ദനത്തിരി, കമ്പ്യൂട്ടർ ഉപകരണങ്ങൾ തുടങ്ങിയവ) |
| കാർഷിക വ്യവസായങ്ങൾ | - | (ഇറച്ചിക്കോഴി വളർത്തൽ, മുട്ടക്കോഴി വളർത്തൽ), മത്സ്യ കൃഷി/ഉൾനാടൻ മത്സ്യം വളർത്തൽ, അലങ്കാര മത്സ്യം വളർത്തൽ, പാലിനുവേണ്ടിയുള്ള കാലി വളർത്തൽ, ഭക്ഷ്യോൽപ്പന്ന നിർമ്മാണം, |

സംയോജിത കൃഷി, ഫാം ടൂറിസം,
ആട്ട വളർത്തൽ, പച്ചക്കറി കൃഷി,
പുഷ്പകൃഷി, തേനീച്ച വളർത്തൽ തുടങ്ങിയവ)

(സി&ഡി) ഈ ആവശ്യങ്ങൾക്ക് വായ്പ അനുവദിക്കുന്ന പദ്ധതിയൊന്നും ഇപ്പോൾ നോർക്ക വകുപ്പ് നടപ്പാക്കുന്നില്ല. എന്നാൽ തിരികെയെത്തിയ പ്രവാസികളുടെ പെൺമക്കളുടെ വിവാഹത്തിനായി സാന്ത്വന പദ്ധതി പ്രകാരം അർഹതാ മാനദണ്ഡങ്ങൾക്ക് അനുസൃതമായി ധനസഹായം അനുവദിക്കുന്നുണ്ട്. കൂടാതെ, പ്രവാസി കേരളീയ ക്ഷേമ ബോർഡ് മുഖേന ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസ ചെലവിനുള്ള ധനസഹായവും, വനിത അംഗത്തിനും ആശ്രിതരായ പെൺമക്കൾക്കും വിവാഹധനസഹായവും നൽകി വരുന്നുണ്ട്.

**അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി**

79 (3363) ഡോ. കെ. ടി. ജലീൽ : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി പ്രകാരം നഗര പ്രദേശങ്ങളിൽ എത്ര കുടുംബങ്ങൾ ഇതുവരെ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അതിൽ എത്ര കുടുംബങ്ങൾക്ക് തൊഴിൽ ലഭ്യമാക്കി എന്നും വിശദമാക്കാമോ ;

(ബി) നടപ്പ് സാമ്പത്തിക വർഷം പദ്ധതിക്കായി എത്ര തുക അനുവദിച്ചു എന്നും അതിൽ എത്ര തുക ചെലവഴിച്ചു എന്നും വ്യക്തമാക്കാമോ ;

(സി) പണിയെടുത്ത തൊഴിലാളികൾക്ക് കുടിശ്ശിക ഇനത്തിൽ എത്ര തുക കൊടുത്തു തീർക്കാനുണ്ടെന്ന് പറയാമോ ?

ഉത്തരം

(എ) അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി പ്രകാരം നഗരപ്രദേശങ്ങളിൽ ഇതുവരെ 82,835 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 25,837 കുടുംബങ്ങൾക്ക് തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) നടപ്പ് വർഷം 30 കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയതിൽ 4.79 കോടി രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്.

(സി) പണിയെടുത്ത തൊഴിലാളികൾക്ക് കുടിശ്ശിക ഇനത്തിൽ 12,03,000 രൂപ കൊടുത്തു തീർക്കാനുണ്ട്.

**നാഷണൽ അർബൻ ഹെൽത്ത് മിഷൻ**

80 (3364) ശ്രീ. ഹൈബി ഈഡൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന നാഷണൽ അർബൻ ഹെൽത്ത് മിഷൻ (എൻ. യു. എച്ച്. എം.) പരിപാടിയിൽ, നഗര വികസന വകുപ്പിന് എന്തെങ്കിലും പങ്കാളിത്തമുണ്ടോ ; സംസ്ഥാനത്തെ ഏതെല്ലാം നഗരസഭകളിലാണ് എൻ.യു.എച്ച്.എം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) എൻ.യു.എച്ച്.എം. പരിപാടി നടപ്പിലാക്കുന്നത് സംബന്ധിച്ച് നഗരകാര്യ വകുപ്പും ആരോഗ്യ വകുപ്പും തമ്മിൽ കൂടിയാലോചനകൾ നടത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) തിരുവനന്തപുരം കോർപ്പറേഷനിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് എൻ.യുഎച്ച്.എം. സെന്ററുകൾ തുടങ്ങുന്നത്; ഏതെങ്കിലും സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നല്കാമോ ; ഇവിടുത്തെ ജീവനക്കാരെ ആരാണ് നിയമിക്കുന്നത് ;

(ഡി) നിലവിൽ തിരുവനന്തപുരം കോർപ്പറേഷന്റെ ഹെൽത്ത് വിഭാഗത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന മാതൃ-ശിശു കേന്ദ്രങ്ങളിൽ(സി.ഡബ്ല്യു.സി), എൻ. യു. എച്ച്.എം. ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) എങ്കിൽ അവിടെ ഇപ്പോൾ പ്രവർത്തിക്കുന്ന സി.ഡബ്ല്യു.സി.-കളുടെയും അവിടുത്തെ ജീവനക്കാരുടെ തുടർപ്രവർത്തനങ്ങൾ സംബന്ധിച്ചും എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ നല്കിയിട്ടുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ, നഗരസഭകളുടെ കീഴിൽ പ്രവർത്തിക്കുന്ന മാതൃ-ശിശു കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് തടസ്സമുണ്ടാകാത്തവിധം, എൻ.യു.എച്ച്.എം. സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. നിലവിൽ തിരുവനന്തപുരം നഗരസഭയിൽ പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിലും, ആലപ്പുഴ, കോട്ടയം, പാലക്കാട്, മഞ്ചേരി, നെയ്യാറ്റിൻകര, കണ്ണൂർ, തൊടുപുഴ, പത്തനംതിട്ട, കൽപറ്റ, കാസർഗോഡ് എന്നീ നഗരസഭകളിലും 2013-14 വർഷം പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുത്തിട്ടുണ്ട്. 2014-15 വർഷം നെടുമങ്ങാട്, കരുനാഗപ്പള്ളി, കായംകുളം, ചങ്ങനാശ്ശേരി, കൊടുങ്ങല്ലൂർ, ചാലക്കുടി, ഷൊർണ്ണൂർ, ഒറ്റപ്പാലം, കൊയിലാണ്ടി, വടകര, മലപ്പുറം, പെരിന്തൽമണ്ണ, പൊന്നാനി, തിരൂർ, കോട്ടയ്ക്കൽ,

പയ്യന്നൂർ, തളിപ്പറമ്പ്, തലശ്ശേരി, കാഞ്ഞങ്ങാട്, തൃപ്പൂണിത്തുറ, കളമശ്ശേരി, തൃക്കാക്കര എന്നീ നഗരസഭകളിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഈ വിഷയം സംബന്ധിച്ച് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി 24-6-2014-ൽ വിളിച്ചുചേർത്ത യോഗത്തിൽ നഗരകാര്യ വകുപ്പ് ഉദ്യോഗസ്ഥർ പങ്കെടുത്തിട്ടുണ്ട്.

(സി) തിരുവനന്തപുരം നഗരസഭയിൽ ചാക്ക, ചാല, ജഗതി എന്നിവിടങ്ങളിൽ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. നന്തൻകോട്, കണ്ണമ്മൂല, കളിപ്പാൻകുളം, വട്ടിയൂർക്കാവ്, തൃക്കണ്ണാപുരം, കുര്യാത്തി, ആറന്നൂർ, അമ്പലത്തറ, സെക്രട്ടേറിയറ്റ് എന്നിവിടങ്ങളിൽ സെന്ററുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ട്. എൻ.യു.എച്ച്.എം. ജില്ലാ പ്രോജക്ട് മാനേജരാണ് ജീവനക്കാരെ നിയമിക്കുന്നത്.

(ഡി) ഉണ്ട്.

(ഇ) ഉണ്ട്. ജെ.പി.എച്ച്.എൻ.-മാർക്കും, ഫീമെയിൽ അറ്റന്റർമാർക്കും ടി സെന്ററുകളിൽ തന്നെ പ്രവർത്തിക്കുന്നതിന് പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(എഫ്) ബാധകമല്ല.

### മുനിസിപ്പാലിറ്റികളിൽ വികസന പദ്ധതികൾ

81 (3365) <u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. എം. പി. വിൻസെന്റ്</u> :
<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുനിസിപ്പാലിറ്റികളിൽ വികസന പദ്ധതികൾ നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്, വിശദമാക്കുമോ ;

(ബി) കേന്ദ്ര സർക്കാരിന്റെ ഏത് പദ്ധതിയിൽപ്പെടുത്തിയാണ് പ്രസ്തുത വികസന പദ്ധതികൾ നടപ്പാക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) എത്ര കോടി രൂപയുടെ വികസന പദ്ധതികളാണ് നടപ്പാക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടപ്പാക്കുന്നതിനായി സംസ്ഥാനത്തുള്ള നോഡൽ ഏജൻസി

ഏതാണ് ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) നഗരങ്ങളിലെ പശ്ചാത്തല സൗകര്യങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന വികസന പദ്ധതികൾ ഏറ്റെടുക്കുന്നതിനും കേന്ദ്ര സർക്കാരിൽനിന്നും മറ്റ് ഏജൻസികളിൽനിന്നും ഇവയുടെ നടത്തിപ്പിനാവശ്യമായ ഫണ്ട് നേടിയെടുക്കുന്നതിനും ആവശ്യമായ വിശദവും യോഗ്യവുമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും നഗരസഭകൾക്ക് സാങ്കേതിക സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നതിനും 'അർബൻ 2020' എന്ന പേരിൽ ഒരു പദ്ധതിക്ക് സംസ്ഥാന നഗരകാര്യ വകുപ്പ് തുടക്കം കുറിച്ചിട്ടുണ്ട്.

(ബി) ഇത് ഒരു സംസ്ഥാന പദ്ധതിയാണ്.

(സി) 3000 കോടി രൂപയുടെ വികസന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) കെ.എസ്.യു.ഡി.പി.-യെ ആണ് നോഡൽ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളത്.

**പാർട്ണർ കേരള നഗരവികസന സംഗമം**

82 (3366) <u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. വർക്കല കഹാർ</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പാർട്ണർ കേരള നഗരവികസന സംഗമം സംഘടിപ്പിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) നഗരവികസന പദ്ധതികൾക്ക് പൊതു-സ്വകാര്യ പങ്കാളിത്തത്തിൽ നിക്ഷേപകരെ തേടുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സംഗമത്തിൽ ഉൾപ്പെടുത്തിയിരുന്നത് എന്ന് അറിയിക്കുമോ ;

(സി) ഏതെല്ലാം മേഖലകളിലുള്ള പദ്ധതികളാണ് ഇതിൽ അവതരിപ്പിക്കപ്പെടുന്നത് ; വിശദമാക്കുമോ ;

(ഡി) എന്തെല്ലാം തുടർനടപടികളാണ് പ്രസ്തുത സംഗമത്തിനു ശേഷം സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 2014 ഫെബ്രുവരി 24, 25 തീയതികളിൽ കൊച്ചി ടാജ് ഗേറ്റ് വേയിൽവച്ച് പാർട്ട്ണർ കേരള നിക്ഷേപക സംഗമം നടത്തിയിരുന്നു.

(ബി) കേരളത്തിലെ നഗരസഭകളിലെ നിക്ഷേപ സാധ്യതകൾ നിക്ഷേപകർക്ക് മുമ്പാകെ വിശദമായി അവതരിപ്പിക്കുകയും ഇതിലൂടെ നഗരസഭകളിലെ വികസന പദ്ധതികളിൽ പൊതുസ്വകാര്യ പങ്കാളിത്തം സാധ്യമാക്കുക എന്നതായിരുന്നു പാർട്ട്ണർ കേരള സംഗമത്തിന്റെ ലക്ഷ്യം. ഈ സംഗമത്തിൽ ഉദ്ദേശം 400-ൽപ്പരം നിക്ഷേപകർ പങ്കെടുക്കുകയും ഇവരുടെ മുമ്പാകെ വിവിധ കോർപ്പറേഷൻ/നഗരസഭകൾ തയ്യാറാക്കിയ 6400 കോടി രൂപയുടെ 90 പദ്ധതികൾ അവതരിപ്പിക്കുകയും ചെയ്തു.

(സി) വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. Waste Management
2.. Shopping Complex, Convention Centres, Multiple Cinema Hall
3. Sewarage
4. Ammusement Park
5. Fly over Bridges & Parking lots
6. Markets
7. Bus Terminals
8. Comfort Station
9. Parks, Town Beautification & Street light
10. Hoardings.

(ഡി) ഈ സംഗമത്തിൽ ഉദ്ദേശം 400-ൽപരം നിക്ഷേപകർ പങ്കെടുക്കുകയും ഇവരുടെ മുമ്പാകെ വിവിധ കോർപ്പറേഷൻ/നഗരസഭകൾ തയ്യാറാക്കിയ 6400 കോടി രൂപയുടെ 90 പദ്ധതികൾ അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് ഈ

സംഗമത്തിൽ വച്ച് 104 നിക്ഷേപകർ 4868.79 കോടി രൂപ നിക്ഷേപ സാധ്യതയുള്ള 80 പദ്ധതികൾ നടത്തുന്നത് സംബന്ധിച്ച് തുടർ ചർച്ചകൾ ആകാമെന്ന് ബന്ധപ്പെട്ട നഗരസഭകൾക്ക് ഉറപ്പ് നൽകുകയുണ്ടായി. നിലവിൽ ഈ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനായി സർക്കാർ പാർട്ണർ കേരള മിഷൻ രൂപീകരിച്ചിട്ടുണ്ട്. മിഷന്റെ ട്രാൻസാക്ഷൻ അഡ്വൈസറായി M/s. KITCO-യെ നിയമിച്ചിട്ടുണ്ട്. ഒന്നാംഘട്ടത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 40 പദ്ധതികളുടെ സാധ്യതാ പഠന റിപ്പോർട്ടും ആർ.എഫ്.ക്യൂ.-വും തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന നടപടി പുരോഗമിച്ചുവരുന്നു.

## മലിനജലം സംസ്കരിക്കുവാൻ നടപടികൾ

83 (3367) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. അൻവർ സാദത്ത് : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിലെ മലിനജലം സംസ്കരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) നഗരങ്ങളിൽ മലിനജല സംസ്കരണ പ്ലാന്റുകൾ നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(സി) ഏത് പദ്ധതിയുടെ ഭാഗമായാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത് ;

(ഡി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിക്ക് സഹായം നല്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(ഇ) പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

## ഉത്തരം

(എ&ബി) തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. കൂടുതൽ നഗരങ്ങളിൽ മലിനജല സംസ്കരണത്തിനായി വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച്

വരുന്നു.

(സി&ഡി) എ.ഡി.ബി. ധനസഹായത്തോടെയുള്ള കെ.എസ്.യു.ഡി.പി. പദ്ധതിയിലൂടെയാണ് ഇപ്പോൾ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏറ്റെടുത്തിട്ടുള്ളത്. പുതിയ നഗരങ്ങളിൽ എ.ഡി.ബി./കേന്ദ്ര സർക്കാർ ധനസഹായത്തോടെ പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ഇ) തിരുവനന്തപുരത്ത് പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തിച്ച് വരുന്നു. മലിനജല ശൃംഖലയുടെ പ്രവൃത്തി പുരോഗമിക്കുന്നു. കൊല്ലത്ത് മലിനജല ശൃംഖലയുടെയും പമ്പിംഗ് സ്റ്റേഷനുകളുടെയും പ്രവൃത്തികൾ പുരോഗമിക്കുന്നു. കൊച്ചിയിൽ മലിനജല ശൃംഖലകളുടെയും പമ്പിംഗ് സ്റ്റേഷനുകളുടെയും നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ഇവയുടെ പ്രവൃത്തികൾ പുരോഗമിക്കുന്നു. പ്ലാന്റിന്റെ ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്.

**നഗരസഭകൾ രൂപീകരിക്കാൻ തീരുമാനം**

84 (3368) <u>ശ്രീ. എ. എ. അസീസ്</u> :
<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകളെ കൂട്ടിച്ചേർത്ത് പുതിയ നഗരസഭകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ ഗ്രാമപഞ്ചായത്തുകളെ കൂട്ടിച്ചേർത്താണ് നഗരസഭകൾ രൂപീകരിക്കുക എന്ന് വ്യക്തമാക്കുമോ ;

(സി) പുതിയ നഗരസഭകൾ രൂപീകരിക്കുന്നതിന്റെ അടിസ്ഥാനം എന്താണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

(സി) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 4(2) (എഫ്) പ്രകാരം ഒരു ഗ്രാമപഞ്ചായത്തിനെ ടൗൺ പഞ്ചായത്തായോ മുനിസിപ്പൽ കൗൺസിലായോ പരിവർത്തനം ചെയ്യാനുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്. ഇപ്രകാരം, സംസ്ഥാനത്തെ നഗരസ്വഭാവം ആർജ്ജിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളെ

മുനിസിപ്പാലിറ്റിയാക്കാവുന്നതും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവയോട് ചേർന്നുകിടക്കുന്ന ഗ്രാമപഞ്ചായത്തുകളെ അവയോട് കൂട്ടിച്ചേർക്കാവുന്നതുമാണ്. ഭരണഘടനയുടെ 243 ക്യൂ അനുച്ഛേദം (2) ഖണ്ഡപ്രകാരം ഒരു സ്ഥലത്തിന്റെ ജനസംഖ്യ, ജനസാന്ദ്രത, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള വരുമാനം, കാർഷികേതര മേഖലയിലുള്ള തൊഴിൽ ശതമാനം, സാമ്പത്തിക പ്രാധാന്യമുള്ള ഘടകങ്ങൾ എന്നിവയാണ് മുനിസിപ്പാലിറ്റികൾ രൂപീകരിക്കുന്നതിനുള്ള മാനദണ്ഡം.

## അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

85 (3369) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി 2013-14,2014-15 വർഷങ്ങളിൽ എത്ര തൊഴിൽ ദിനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ജില്ല തിരിച്ചും, നഗരസഭകൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(സി) നഗര പ്രദേശങ്ങളിൽ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്നും ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) 4,72,505 തൊഴിൽ ദിനങ്ങൾ

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) ചില നഗരസഭകളിൽ പ്രവർത്തന പുരോഗതി താരതമ്യേന കുറവാണ്. ആയത് പരിഹരിക്കുവാനും നടപടികൾ ത്വരിതപ്പെടുത്തുവാനും വകുപ്പുതല അവലോകന യോഗങ്ങളിൽ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഐ.എസ്.എച്ച്.യു.പി. പദ്ധതി

86 (3370) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) Interest Subsidy for Housing the Urban Poor (ISHUP) പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര അപേക്ഷകൾ ലഭിച്ചു ;

(ബി) ഇതിൽ എത്ര എണ്ണത്തിന് അനുമതി ലഭിച്ചു ;

(സി) പ്രസ്തുത പദ്ധതി പ്രകാരം വായ്പ അനുവദിച്ചിട്ടുള്ള ഗുണഭോക്താക്കൾക്ക് സബ്സിഡി ആനുകൂല്യം ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) 22579 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) 2879 അപേക്ഷകൾക്ക് അനുമതി നൽകിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രശ്നം പരിഹരിക്കുന്നതിനായി ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി തലങ്ങളിൽ പദ്ധതി പുരോഗതി അവലോകനം ചെയ്യുകയും സ്റ്റേറ്റ്ലെവൽ ബാങ്കേഴ്സ് കമ്മിറ്റി വഴി ബാങ്കുകളോട് സബ്സിഡി ക്ലെയിം ചെയ്യൽ ത്വരിതപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

**യു.ഐ.ഡി.എസ്.എസ്.എം.റ്റി. പദ്ധതി**

87 (3371) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു. ഐ. ഡി. എസ്. എസ്. എം. റ്റി. പദ്ധതിയിൽ ഏതെല്ലാം ശുദ്ധജല വിതരണപദ്ധതികൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഓരോ നഗരസഭയ്ക്കും നല്കിയ ഫണ്ട് എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) യു.ഐ.ഡി.എസ്.എസ്.എം.റ്റി. പദ്ധതി പ്രകാരം 13 നഗരസഭകളുടെ ശുദ്ധജല വിതരണ പദ്ധതികൾക്കായി ഫണ്ട് അനുവദിച്ചിട്ടുണ്ട്. വിശദാംശം

അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(സി) വിശദാംശം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

**ജെ.എൻ.എൻ.യു.ആർ.എം. പദ്ധതി**

88(3372) <u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജെ.എൻ.എൻ.യു.ആർ.എം. പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കി വരുന്ന കൊച്ചി ശുദ്ധജല പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) പൂർത്തിയായിട്ടില്ലെങ്കിൽ എന്നേക്ക് പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ;

(സി) പദ്ധതിക്കായി ഇതിനകം എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് ?

<u>ഉത്തരം</u>

(എ) മുഴുവൻ പ്രവർത്തനങ്ങളും പൂർത്തിയായിട്ടില്ല. പദ്ധതിയുടെ ഭാഗമായ ശുദ്ധീകരണശാലയുടെ പണികൾ, കിണർ, റോവാട്ടർ പമ്പിംഗ് മെയിൻ, ട്രാൻസ്മിഷൻ മെയിൻ, കുമ്പളങ്ങിയിൽ സ്ഥാപിക്കുന്ന ഓവർഹെഡ് വാട്ടർടാങ്ക്, എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. ചെല്ലാനത്തും മരടിലും സ്ഥാപിക്കുന്ന ഓവർഹെഡ് വാട്ടർടാങ്കിന്റെ പണികളും വിതരണശൃംഖലയുടെ പണികളും പൂർത്തിയാകാനുണ്ട്.

(ബി) 2015 ജനുവരിയോടുകൂടി പദ്ധതി കമ്മീഷൻ ചെയ്യാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) 199.37 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**നഗരദരിദ്രരുടെ/നഗരചേരികളുടെ കണക്ക്**

89(3373) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെകാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ നഗരദരിദ്രരുടെ/നഗരചേരികളുടെ വസ്തുനിഷ്ഠമായ വിവരങ്ങൾ ലഭ്യമാണോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

രാജീവ് ആവാസ് യോജന പദ്ധതി നിലവിൽ വരുന്നതുവരെ സംസ്ഥാനത്തെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നഗരചേരികളെപ്പറ്റിയുള്ള സമഗ്രവിവരങ്ങൾ ലഭ്യമായിരുന്നില്ല. എന്നാൽ തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിലും കണ്ണൂർ മുനിസിപ്പാലിറ്റിയിലുമായി തെരഞ്ഞെടുക്കപ്പെട്ട 650 ഓളം ചേരികളുടെ സമഗ്രവിവരങ്ങൾ ചേരികളിൽ നടത്തപ്പെട്ട സാമൂഹിക സാമ്പത്തിക വിവര ശേഖരണത്തിന്റെ അടിസ്ഥാനത്തിൽ ലഭ്യമാണ്.

## ബസ് സ്റ്റാന്റ് നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കാൻ നടപടി

90(3374) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെകാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ നീലേശ്വരം മുനിസിപ്പാലിറ്റിക്ക് ബസ് സ്റ്റാന്റ് നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കാൻ നഗരകാര്യ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ?

ഉത്തരം

നീലേശ്വരം നഗരസഭ ചെയർപേഴ്സന്റെ 18-12-2011-ലെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ, നീലേശ്വരം നഗരസഭയുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി നീലേശ്വരത്തെ കരുവാച്ചേരിയിൽ കേരള കാർഷിക സർവ്വകാശാലയുടെ കൈവശമുള്ള വസ്തുവിൽനിന്ന് 2 ഏക്കർ വസ്തു 9-11-2012-ലെ സർക്കാർ ഉത്തരവ് നമ്പർ സ.ഉ. (സാധാ.) 2202/12/കൃഷി. പ്രകാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

## നഗരപ്രദേശങ്ങളിലെ മാലിന്യസംസ്കരണം

91(3375) ശ്രീ. കെ. വി. വിജയദാസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നഗര പ്രദേശങ്ങളിലെ മാലിന്യ സംസ്കരണത്തിന് സ്വീകരിച്ച നടപടികളുടെ വിശദാംശം നല്കുമോ ; ഇതിനായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ സഹിതം ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ ;

(ബി) ഫലപ്രദമായ ഏതെങ്കിലും ഒരു പദ്ധതി ഇത്തരത്തിൽ എടുത്തു പറയുവാൻ കഴിയുമോ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) നഗരപ്രദേശങ്ങളിലെ ഖരമാലിന്യ നിർമ്മാർജ്ജനത്തിലേയ്ക്കായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മാലിന്യങ്ങൾ ഉൽപ്പാദിപ്പിക്കുന്ന

സ്ഥലത്ത് തന്നെ നിർമ്മാർജ്ജനം ചെയ്യുന്നതിലേക്കായി ഉറവിട മാലിന്യ സംസ്കരണ പദ്ധതിക്ക് കൂടുതൽ പ്രാധാന്യം നൽകി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കി വരുന്നു. ആയതിന്റെ നിർവ്വഹണത്തിലേയ്ക്കായി ഉയർന്ന തോതിൽ സർക്കാർ സാമ്പത്തിക സഹായം നൽകി വരുന്നു. കൂടാതെ പൊതു മാലിന്യ സംസ്കരണ പ്ലാന്റുകൾ നിലവിലില്ലാത്ത നഗരസഭകളിൽ അവ സ്ഥാപിക്കുന്നതിനും പ്ലാന്റുകൾ ഉള്ള നഗരസഭകളിൽ ആയവ കുറ്റമറ്റതാക്കി ആധുനിക രീതിയിലാക്കുന്നതിനും നടപടി എടുത്തുവരുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾക്കായി 100% സർക്കാർ സാമ്പത്തിക സഹായവും നൽകി വരുന്നു. പൊതുമാലിന്യ സംസ്കരണ പ്ലാന്റുകളെക്കുറിച്ച് ജനങ്ങളെ ബോധവല്ക്കരിക്കാനും ആയതിലെ ജനങ്ങളുടെ എതിർപ്പ് കുറയ്ക്കാനും അതുവഴി പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി വ്യാപകമായ ബോധവല്ക്കരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിനുള്ള വ്യാപകമായ ബോധവല്ക്കരണ പരിപാടികൾ 2014 ജൂൺ 5-ാം തീയതി മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. മാലിന്യം ഉറവിടത്തിൽത്തന്നെ തരംതിരിക്കാനും ജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്കരിക്കാനും നടപടി എടുക്കുന്നതിന് സമൂഹത്തിലെ വിവിധ വിഭാഗങ്ങളുടെ സഹകരണം ഉറപ്പാക്കുന്നതിനുള്ള വ്യാപകമായ പ്രചരണ പരിപാടികളാണ് ഇപ്പോൾ നടത്തിവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നഗരസഭകളിൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കും പ്ലാന്റുകളുടെ നിർമ്മാണത്തിനും നിലവിലുള്ള പ്ലാന്റുകളുടെ ആധുനികവൽക്കരണത്തിനും നഗരസഭകൾക്ക് കൈമാറിയിട്ടുള്ള തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു*.

(ബി) കേരളത്തിലെ കാലാവസ്ഥയ്ക്കനുസരിച്ച് കമ്പോസ്റ്റിംഗ് സിസ്റ്റവും ബയോമെഥനൈസേഷൻ രീതിയുമാണ് ഫലവത്തായി മാലിന്യ സംസ്കരണത്തിലേയ്ക്ക് അനുവർത്തിക്കാൻ കഴിയുന്നത്. ഇത്തരത്തിലുള്ള സംസ്കരണ രീതികളാണ് കേരളത്തിലെ നഗരസഭകളിൽ പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്നത്. ആറ്റിങ്ങൽ, ചാലക്കുടി തുടങ്ങിയ നഗരസഭകളിൽ മാലിന്യ സംസ്കരണത്തിന് ഇത്തരത്തിലുള്ള രീതികൾ നടപ്പിലാക്കി മാലിന്യ സംസ്കരണം ഫലവത്താക്കിയിട്ടുള്ളവയിൽ ഉൾപ്പെടുന്നതാണ്.

**ജനന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടിക്രമം**

92 (3376) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ഡോ. എൻ. ജയരാജ്</u> :
<u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> :
<u>ശ്രീ. പി. സി. ജോർജ്</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നഗരസഭകളിൽ നിന്ന് ജനന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തെല്ലാമാണ് ;

(ബി) ജനന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനു വേണ്ടി വർഷങ്ങൾക്കു ശേഷം അപേക്ഷിക്കുന്നവർക്ക് അപേക്ഷയോടൊപ്പം എന്തെല്ലാം രേഖകളാണ് ഹാജരാക്കേണ്ടത് ; വ്യക്തമാക്കുമോ ;

(സി) ഇപ്രകാരം വർഷങ്ങൾക്കു ശേഷം ജനന സർട്ടിഫിക്കറ്റിനായി തിരുവനന്തപുരം നഗരസഭയിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള എത്ര അപക്ഷകളിൽ തീരുമാനം എടുക്കാനുണ്ടെന്ന് അറിയിക്കുമോ ;

(ഡി) ജനന സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ അവശേഷിക്കുന്ന അപേക്ഷകളിൽ അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) നിശ്ചിത മാതൃകയിലുള്ള വെള്ളക്കടലാസിലുള്ള അപേക്ഷ (5 രൂപാ കോർട്ട് ഫീ സ്റ്റാംമ്പ് പതിക്കണം), അപേക്ഷകന്റെ പേരിൽ വാങ്ങിയ 20 രൂപയിൽ കുറയാത്ത മുദ്രപത്രം, തിരച്ചിൽ ഫീസ് 2 രൂപാ വീതം ഓരോ വർഷത്തേയ്ക്ക്, പകർപ്പ് ഫീസ് 5 രൂപാ, തപാലിൽ ലഭിക്കുന്നതിനാവശ്യമായ തപാൽ സ്റ്റാമ്പ് ഒട്ടിച്ച കവർ എന്നിവ സഹിതം സംഭവം രജിസ്റ്റർ ചെയ്തിട്ടുള്ള രജിസ്ട്രേഷൻ യൂണിറ്റിൽ അപേക്ഷിച്ചാൽ ജനന സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതാണ്. ജനനം നടന്ന് 21 ദിവസത്തിനുള്ളിലുള്ള സംഗതിയിൽ തിരച്ചിൽ ഫീസ് അടവാക്കേണ്ടതില്ല.

(ബി) ജനനം നടന്ന് ഒരു വർഷത്തിനുള്ളിൽ രജിസ്ട്രേഷൻ നടക്കാത്ത സംഗതികളിൽ രജിസ്ട്രേഷന് അനുമതി നൽകേണ്ടത് റവന്യൂ ഡിവിഷണൽ ഓഫീസർ ആണ്. (G.O. No. 124/72/ആഭ്യന്തരം 2-8-1972). ജനനം നടന്ന സ്ഥലത്തെ തദ്ദേശ രജിസ്ട്രാർക്ക് ആർ.ഡി.ഒ.യുടെ അനുമതിക്കായി അപേക്ഷ സമർപ്പിക്കുന്നുവെങ്കിൽ:-

ജനന റിപ്പോർട്ട് എല്ലാ കോളങ്ങളും പൂരിപ്പിച്ചത് 2 കോപ്പി, സത്യവാങ്മൂലം (ആർ.ഡി.ഒ. നിഷ്കർഷിച്ചിട്ടുള്ള പ്രകാരം), ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സെക്രട്ടറിയുടെ നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ്, ആയതിനായി ജനന സമയത്തെ മേൽവിലാസം തെളിയിക്കുന്ന രേഖ (സ്കൂൾ രേഖ, റേഷൻ കാർഡ്, വോട്ടർപട്ടിക മുതലായവയിൽ ഏതെങ്കിലും ഒന്നിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്),

രജിസ്ട്രേഷൻ അനുവദിക്കണമെന്നാവശ്യപ്പെടുന്നതും വൈകിയതിന്റെ കാരണം കാണിക്കുന്നതുമായ അപേക്ഷ (5 രൂപാ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ചത്) തദ്ദേശ രജിസ്ട്രാറുടെ നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് സഹിതം മേൽപറഞ്ഞ രേഖകൾ അപേക്ഷകന് നേരിട്ട് ആർ.ഡി.ഒ.യ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ആർ.ഡി.ഒ.യുടെ അനുമതി ലഭിച്ചതിനുശേഷം ബന്ധപ്പെട്ട തദ്ദേശ രജിസ്ട്രാറിൽനിന്നും 10 രൂപാ ഫീസ് അടവാക്കി ജനന സർട്ടിഫിക്കറ്റ് ലഭ്യമാക്കാവുന്നതാണ്. ജനനം യഥാസമയം രജിസ്റ്റർ ചെയ്യുകയും വർഷങ്ങൾക്കു ശേഷം സർട്ടിഫിക്കറ്റിന് അപേക്ഷിക്കുകയും ചെയ്യുന്ന സംഗതികളിൽ യാതൊരു രേഖയും ഹാജരാക്കേണ്ടതില്ല.

(സി) 2005 മുതൽ 2012 വരെ ലഭിച്ചിട്ടുള്ള അപേക്ഷകളിൽ പരിശോധന നടത്തി മതിയായ രേഖകൾ ഹാജരാകാൻ അറിയിപ്പു നൽകിയിട്ടും ഹാജരാകാതെ 44770 അപേക്ഷകൾ ശേഷിക്കുന്നുണ്ട്.

(ഡി) മേൽപ്പറഞ്ഞ അപേക്ഷകളിൽ രേഖകൾ ഹാജരാക്കുന്ന കേസുകൾ തീർപ്പാക്കി വരുന്നുണ്ട്. മറ്റുള്ളവ അദാലത്ത് നടത്തി തീർപ്പാക്കുന്നതിനായി ബഹു. നഗരസഭ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയും പാസ്സാക്കി ഫയൽ ബഹു. കൗൺസിലിന്റെ തീരുമാനത്തിന് അയച്ചിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

## പൊതു-സ്വകാര്യ പങ്കാളിത്തം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് വ്യാപിപ്പിക്കൽ

93 (3377) <u>ശ്രീ. എസ്. ശർമ്മ</u> :
<u>ശ്രീ. കെ. വി. വിജയദാസ്</u> :
<u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> :
<u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതു-സ്വകാര്യ പങ്കാളിത്തം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് വ്യാപിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഏതെല്ലാം മേഖലകളിലാണ് ഇത് നടപ്പാക്കുന്നതെന്നറിയിക്കാമോ ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങൾക്ക് യൂസർ ഫീസോ ചാർജ്ജോ ഈടാക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഈ നീക്കം എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എല്ലാവിധ സൗജന്യസേവനവും ഘട്ടംഘട്ടമായി നിർത്തലാക്കുക എന്നത് ഈ സർക്കാരിന്റെ നയമാണോ ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ചുവടെപ്പറയുന്ന മേഖലകൾ ഉൾപ്പെടെയുള്ള പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്:

1. Waste Management
2. Shopping Complex, Convention Centres, Multiple Cinema Hall
3. Sewarage
4. Ammusement Park
5. Fly over Bridges & Parking lots
6. Markets
7. Bus Terminals
8. Comfort Station
9. Parks, Town Beautification & Street light
10. Hoardings.

(സി) ഇല്ല.

(ഡി) അല്ല.

**കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ്**

94 (3378) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക്

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ടൗൺ & കൺട്രി പ്ലാനിംഗ് ഓർഡിനൻസിലെ ഡിസ്ട്രിക്ട് പ്ലാൻ ആരാണ് തയ്യാറാക്കേണ്ടത് ;

(ബി) കൊല്ലം ജില്ലാ വികസന രൂപരേഖ, കേരള ടൗൺ &കൺട്രി പ്ലാനിംഗ് ഓർഡിനൻസിൽ വിവക്ഷിച്ചിട്ടുള്ള ജില്ലാ പ്ലാനുമായി ഏതെല്ലാം ഘടകങ്ങളിലാണ് ബന്ധപ്പെട്ടിരിക്കുന്നതെന്ന് സംബന്ധിച്ച് വിശദമാക്കുമോ ;

(സി) നഗരാസൂത്രണ വകുപ്പിന്, ജില്ലാ പ്ലാനുകൾ തയ്യാറാക്കുന്നതിലുള്ള പങ്ക് സംബന്ധിച്ച് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ 53-ാം വകുപ്പ് പ്രകാരം സർക്കാർ രൂപീകരിച്ച ജില്ലാ ആസൂത്രണ കമ്മിറ്റി ജില്ലയ്ക്ക് മുഴുവനും വേണ്ടിയുള്ള ഇരുപത് വർഷക്കാലയളവിലേയ്ക്കുള്ള ദീർഘവീക്ഷണ പ്ലാനും അതിൽ ഓരോ അഞ്ചുവർഷക്കാലയളവിലേയ്ക്കുള്ള എക്സിക്യൂഷൻ പ്ലാനുകളും തയ്യാറാക്കേണ്ടതും ഈ ആക്റ്റ് പ്രകാരം അതിന് നൽകപ്പെട്ടിട്ടുള്ള അങ്ങനെയുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്.

(ബി) കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ് 2014 (16 of 2014) പ്രകാരം ജില്ലാ ആസൂത്രണ സമിതിയാണ് ജില്ലാ വികസന രൂപരേഖ തയ്യാറാക്കുന്നത്. പെഴ്സ്പെക്ടീവ് പ്ലാൻ (ദീർഘകാല), എക്സിക്യൂഷൻ പ്ലാനുകൾ (അഞ്ചുവർഷം) എന്നിവയടങ്ങുന്നതായിരിക്കണം പ്രസ്തുത ജില്ലാ വികസന രൂപരേഖ. ഓർഡിനൻസിലെ സെക്ഷൻ 2(y), 2(j) എന്നിവയിൽ യഥാക്രമം ടി പ്ലാനുകളുടെ നിർവ്വചനം നൽകിയിട്ടുണ്ട്. കൊല്ലം ജില്ലയിൽ കൊല്ലം ജില്ലാ ആസൂത്രണ സമിതി തയ്യാറാക്കിയ സംയോജിത ജില്ലാ വികസന രൂപരേഖ (Integrated District Development Plan-IDDP)ഇത്തരത്തിൽ പെഴ്സ്പെക്ടീവ് പ്ലാനും, എക്സിക്യൂഷൻ പ്ലാനും അടങ്ങുന്നതാണ്. കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ് 2014 (16 of 2014) സെക്ഷൻ 14(2) പ്രകാരം ജില്ലാ ആസൂത്രണ സമിതി ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും നഗര-ഗ്രാമാസൂത്രണ വകുപ്പിലെ ജില്ലാ ഓഫീസുകളുമായും, മറ്റ് സർക്കാർ വകുപ്പുകളുമായും, സർക്കാരിതര സംഘടനകളുമായും (N.G.O.s), സാങ്കേതിക

വിദഗ്ധരുമായും ചർച്ച ചെയ്താണ് ജില്ലാ വികസന രൂപരേഖ തയ്യാറാക്കേണ്ടത്. കൊല്ലം ജില്ലയിൽ ഇത്തരത്തിൽ എല്ലാ വികസന പങ്കാളികളേയും ഉൾപ്പെടുത്തിയാണ് ജില്ലാ വികസന രൂപരേഖ തയ്യാറാക്കിയിട്ടുള്ളത്.

(സി) നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ ജില്ലാതല ഉദ്യോഗസ്ഥൻ സ്ഥലസംബന്ധമായ ആസൂത്രണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് ആവശ്യമായ സാങ്കേതിക സഹായം നൽകേണ്ടതും നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ ജില്ലാ ആഫീസ്, ജില്ലാ ആസൂത്രണ കമ്മിറ്റിയുടെ സ്ഥലസംബന്ധമായ ആസൂത്രണ വിഭാഗമായി പ്രവർത്തിക്കേണ്ടതുമാണ്.

**ചേരി പുനരധിവാസ-ഭവന നിർമ്മാണ പ്രവർത്തനങ്ങൾക്ക് സാങ്കേതികവിദ്യാ സഹായം**

95 (3379) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പസ്ഥിതി സൗഹൃദ ഫാബ്രിക്കേറ്റഡ് സാങ്കേതിക വിദ്യ ചേരി പുനരധിവാസ -ഭവനനിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഈ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതുമൂലമുള്ള നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ-ബി) ഉണ്ട്.

(സി) പരിസ്ഥിതി സൗഹൃദ കെട്ടിട നിർമ്മാണ രീതി അവലംബിച്ചിരുന്നതിന്റെ ഭാഗമായി FACT ഉല്പാദിപ്പിക്കുന്ന GFRG (ജിപ്സം ഫൈബർ റീ ഇൻഫോഴ്സ്ഡ് ഗ്ലാസ്) പാനലുകൾ ഉപയോഗിക്കുന്നുണ്ട്. ഇവ ആവശ്യാനുസരണമുള്ള അളവിൽ ലഭ്യമാകുന്നതിനാൽ കുറഞ്ഞസമയംകൊണ്ട് സാധാരണ കെട്ടിടങ്ങളുടെ ചിലവിനേക്കാൾ കുറഞ്ഞ ചിലവിൽ കെട്ടിടം പണിയുവാൻ സാധിക്കുന്നു. സാധാരണ കോൺക്രീറ്റ് ചുമരുകളെക്കാൾ ഉറപ്പും ഈടും ഈ പാനലുകൾക്ക് ഉണ്ട്.

**കേരള സസ്റ്റയിനബിൾ അർബൻ ഡെവലപ്മെന്റ് പ്രോജക്റ്റ്**

96 (3380) ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. എ. റ്റി. ജോർജ് :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. പി. എ. മാധവൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സസ്റ്റയിനബിൾ അർബൻ ഡെവലപ്മെന്റ് പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്രോജക്ടിന്റെ കീഴിലുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) നഗരങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തുക, വിപുലീകരിക്കുക, നഗരവാസികളുടെ ജീവനോപാധികൾ അഭിവൃദ്ധിപ്പെടുത്തുക, നഗരഭരണം ആസൂത്രണവും കാര്യക്ഷമവുമാക്കുക, അടിസ്ഥാന സൗകര്യങ്ങളുടേയും സേവനങ്ങളുടേയും സുസ്ഥിര പുരോഗതി ഉറപ്പുവരുത്തുന്നതിന് നഗരസഭകളുടെ സാമ്പത്തികശേഷി ശക്തിപ്പെടുത്തുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ.

(ബി) പദ്ധതി വിശദമായി നിരീക്ഷിച്ച്, നടപടികൾ അപ്പപ്പോൾ സ്വീകരിക്കുന്നതിന് ഒരു ഉന്നതതല അധികാരസമിതി (Empowered Committee) നിലവിലുണ്ട്. എല്ലാ പദ്ധതി നഗരങ്ങളിലും മേയർമാരുടെ അദ്ധ്യക്ഷതയിൽ, നഗരതല നിയന്ത്രണസമിതികൾ (City Level Steering Committee) രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ അവലോകനത്തിനായി കേന്ദ്ര സർക്കാരിന്റെ ധനകാര്യ വിഭാഗവും, പദ്ധതി മേധാവിയും എ.ഡി.ബി.യും ഉൾപ്പെട്ട ത്രികക്ഷി അവലോകന സമ്മേളനം എല്ലാ മൂന്നുമാസത്തിലും നടത്തി വരുന്നു. (Tripartiate Portfolio Review Meeting) ഇതുകൂടാതെ, മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി, പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ സർക്കാർ തലത്തിലും, പ്രോജക്ട് ഡയറക്ടർ നിർവഹണ തലത്തിലും കാലാകാലങ്ങളിൽ അവലോകനം നടത്തിവരുന്നു.

**ആർ.എ.വൈ. (രാജീവ് ആവാസ് യോജന)**

97 (3381) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജീവ് ആവാസ് യോജന പദ്ധതി കേരളത്തിലെ ഏതൊക്കെ കോർപ്പറേഷനുകളിൽ നടപ്പിലാക്കി തുടങ്ങി ;

(ബി) നഗരപ്രദേശത്തെ ദാരിദ്ര നിർമ്മാർജ്ജനത്തിനും ക്ഷേമത്തിനും ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്, ഓരോന്നിന്റേയും ഇപ്പോഴത്തെ പ്രവർത്തന പുരോഗതി വിശദമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കോഴിക്കോട്, കൊച്ചി എന്നീ കോർപ്പറേഷനുകളിൽ നടപ്പിലാക്കി വരുന്നു.

(ബി) സംയോജിത പാർപ്പിട ചേരി വികസന പരിപാടി (IHSDP), നഗരങ്ങളിലെ പാവപ്പെട്ടവർക്ക് അടിസ്ഥാന സൗകര്യങ്ങൾ (BSUP), രാജീവ് ആവാസ് യോജന (RAY), രാജീവ് റിൻ യോജന(RRY), അർബൻ സ്റ്റാറ്റിസ്റ്റിക്സ് ഫോർ എച്ച്.ആർ. ആന്റ് അസ്സെസ്സ്മെന്റ്(USHA), സ്വർണ്ണ ജയന്തി ഷഹരി റോസ്ഗാർ യോജന(SJSRY), നാഷണൽ അർബൻ ലൈവ്ലിഹുഡ് മിഷൻ (NULM), ആശ്രയ എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. IHSDP പദ്ധതി പ്രകാരം ആകെ 6874 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. BSUP പദ്ധതി പ്രകാരം തിരുവനന്തപുരം കോർപ്പറേഷനിൽ ആകെ 7674 വീടുകളുടേയും, കൊച്ചി കോർപ്പറേഷനിൽ ആകെ 7255 വീടുകളുടേയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. RAY പദ്ധതി പ്രകാരമുള്ള തിരുവനന്തപുരം കോർപ്പറേഷന്റെ പദ്ധതികളിൽ 100 വീടുകളുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. മറ്റ് കോർപ്പറേഷനുകളിലെ പദ്ധതികൾ പ്രാരംഭഘട്ടത്തിലാണ്. RRY പദ്ധതി പ്രകാരം 269 അപേക്ഷകൾ ലഭിച്ചതിൽ 171 അപേക്ഷകൾ ബാങ്കുകൾക്ക് നൽകിയിട്ടുണ്ട്. ഇതിൽ 36 എണ്ണം ബാങ്ക് അംഗീകരിച്ചിട്ടുണ്ട്. USHA സ്കീമിൽ 3 നഗരസഭകൾ ചേരികളുടെ പട്ടിക സമർപ്പിച്ചിട്ടുണ്ട്. ബാക്കി സ്ഥലങ്ങളിൽ പ്രവർത്തനം പുരോഗമിക്കുന്നു. SJSRY സംസ്ഥാനത്തെ 65 നഗരസഭകളിൽ നടപ്പിലാക്കിയിരുന്നു. 2014-15-ഓടെ പദ്ധതി അവസാനിച്ചു. NULM സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു.

**പുതിയ നഗരസഭകൾ ഉണ്ടാക്കാൻ നിർദ്ദേശം**

98(3382) ശ്രീ. ബി. സത്യൻ : താഴെകാണുന്ന ചോദ്യത്തിന്

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് പുതിയ നഗരസഭകൾ ഉണ്ടാക്കാൻ എന്തെങ്കിലും നിർദ്ദേശം നിലവിലുണ്ടോ ?

ഉത്തരം

ഉണ്ട്.

**പുതിയ മുനിസിപ്പാലിറ്റികൾ**

99(3383) ശ്രീമതി പി. അയിഷാ പോറ്റി : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ മുനിസിപ്പാലിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ് ;

(ബി) കൊട്ടാരക്കര ഗ്രാമപഞ്ചായത്തിനെ മുനിസിപ്പാലിറ്റിയായി ഉയർത്തുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) പുതിയ മുനിസിപ്പാലിറ്റികൾ രൂപീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്ന നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നതേയുള്ളൂ.

(ബി) ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

**രാജീവ് ആവാസ് യോജന പദ്ധതി - ചേരി വികസനം**

100 (3384) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേരി വികസനം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന രാജീവ് ആവാസ് യോജന പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) രാജീവ് ആവാസ് യോജന പദ്ധതി പ്രകാരം സംസ്ഥാനത്ത് അഞ്ച് പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം കോർപ്പറേഷനിലെ മതിപ്പുറം കോളനി (പദ്ധതി തുക 71.86 കോടി രൂപ), കൊല്ലം കോർപ്പറേഷനിലെ SMP പാലസ് കോളനി (പദ്ധതി തുക 17.5 കോടി രൂപ), കൊച്ചി കോർപ്പറേഷനിലെ തുരുത്തി കോളനി (പദ്ധതി തുക 67.62 കോടി രൂപ), തൃശ്ശൂർ കോർപ്പറേഷനിലെ നെല്ലങ്കര ഹരിജൻ ലക്ഷംവീട് കോളനി (പദ്ധതി തുക 1.34 കോടി രൂപ), കോഴിക്കോട് കോർപ്പറേഷനിലെ മാലൂർകുന്ന് കോളനി (പദ്ധതി തുക 1.88 കോടി രൂപ) എന്നിവയാണ് അംഗീകാരം ലഭിച്ചിട്ടുള്ള അഞ്ച് പദ്ധതികൾ.

**കൊച്ചി നഗരസഭ നടപ്പിലാക്കുന്ന ഇ-ഗവേണൻസ് പദ്ധതി**

101 (3385) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി നഗരസഭ സ്വന്തം നിലയിൽ ഒരു ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏത് പദ്ധതിയുടെ ഭാഗമായാണ് ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നത് ; വിശദമാക്കുമോ ;

(സി) എന്തൊക്കെ പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പ്രവർത്തനക്ഷമമാക്കാനാണ് നിലവിൽ ലക്ഷ്യമിട്ടിട്ടുള്ളത് ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) JNNURM പദ്ധതിയുടെ ഭാഗമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(സി) കൊച്ചി നഗരസഭയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കായുള്ള 24 മോഡ്യൂളുകളും, വെബ്സൈറ്റും അവയ്ക്കാവശ്യമായ അനുബന്ധ ഉപകരണങ്ങളും ഡാറ്റാ സെന്ററും ഉൾപ്പെടെയുള്ള ഒരു സമ്പൂർണ്ണ ഇ-ഗവേണൻസ് പദ്ധതിയാണ് പ്രസ്തുത പദ്ധതിയിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) പ്രസ്തുത പദ്ധതി 2015 മാർച്ച് മാസത്തോടുകൂടി പ്രവർത്തനക്ഷമമാക്കാനാണ് നിലവിൽ ലക്ഷ്യമിട്ടിട്ടുള്ളത്.

**കൊല്ലം ചിന്നക്കട അണ്ടർപാസിന്റെ നിർമ്മാണപുരോഗതി**

102(3386) <u>ശ്രീ. കെ. എം. ഷാജി</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ചിന്നക്കട അണ്ടർപാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് പദ്ധതിയുടെ ഭാഗമായാണ് നടപ്പിലാക്കിവരുന്നത് ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ ;

(സി) പദ്ധതി പ്രവർത്തനങ്ങൾ എന്ന് പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ;

(ഡി) ഏതൊക്കെ ഇനങ്ങളിലുള്ള ഫണ്ടുകളാണ് പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത് ?

<u>ഉത്തരം</u>

(എ) കേരള സുസ്ഥിര നഗരവികസന പദ്ധതിയുടെ ഭാഗമായാണ് നടപ്പിലാക്കി വരുന്നത്.

(ബി) നിർമ്മാണപ്രവൃത്തികൾ അവസാനഘട്ടത്തിലാണ്.

(സി) 2015 ജനുവരിയിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) എ.ഡി.ബി. ലോണും, കോർപ്പറേഷന്റെ പ്ലാൻ ഫണ്ടുമാണ് പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത്.

**ഏകീകൃത പരസ്യനികുതി നയം**

103 (3387) <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തനത് വരുമാനം വർദ്ധിപ്പിക്കുവാൻ സാഹചര്യം ഒരുക്കുന്ന പരസ്യ നികുതിയുടെ കാര്യത്തിൽ ചട്ടങ്ങളും മാതൃകാ ബൈലോകളും തയ്യാറാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(ബി) മുനിസിപ്പാലിറ്റി ആക്ട്, പഞ്ചായത്ത് രാജ് ആക്ടുകളിൽ ഉള്ളതുപോലെ മാതൃകാ ബൈലോ തയ്യാറാക്കുകയും പരസ്യനികുതി ഏകീകരിക്കുകയും ചെയ്യുന്നതിന് വ്യവസ്ഥ ചെയ്യുമോ ;

(സി) പ്രസ്തുത വിഷയം ലോക്കൽ ഗവൺമെന്റ് കമ്മീഷന് റഫർ ചെയ്ത് മുനിസിപ്പാലിറ്റികൾക്ക് ഗുണകരമായ ഒരു ഏകീകൃത പരസ്യനികുതി നയം രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഇക്കാര്യം പരിശോധിച്ചുവരികയാണ്.

(സി) പ്രസ്തുത വിഷയം ലോക്കൽ ഗവൺമെന്റ് കമ്മീഷന് റഫർ ചെയ്തിരുന്നുവെങ്കിലും, ബന്ധപ്പെട്ട ഡയറക്ടർമാരിൽനിന്ന് ആക്ട് ഭേദഗതി, ചട്ടം ഭേദഗതി, മാതൃകാ ബൈലോ എന്നിവ സംബന്ധിച്ച കരട് ലഭ്യമാക്കിയശേഷം കമ്മീഷന് കരടുകൾ വെറ്റ് ചെയ്യാൻ അയച്ചുകൊടുക്കാനാണ് കമ്മീഷൻ അഭിപ്രായപ്പെട്ടിരിക്കുന്നത്.

**റിയൽ എസ്റ്റേറ്റ് മേഖലയിലെ ചൂഷണങ്ങൾ തടയുന്നതിനായി നിയമനിർമ്മാണം**

104 (3388) <u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. വർക്കല കഹാർ</u> :
<u>ശ്രീ. സി. പി. മുഹമ്മദ്</u> :
<u>ശ്രീ. കെ. ശിവദാസൻ നായർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിയൽ എസ്റ്റേറ്റ് മേഖലയിലെ ചൂഷണങ്ങൾ തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഇതിനായുള്ള നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) സമീപകാലത്ത് ഫ്ലാറ്റ് നിർമ്മാണ രംഗത്ത് ഉടലെടുത്ത് വിവാദങ്ങളുടെ അടിസ്ഥാനത്തിൽ നിർമ്മാണത്തിലെ അപാകതകൾ പരിഹരിക്കുന്നതിനും ഈ രംഗത്തെ തട്ടിപ്പും വെട്ടിപ്പും നിയന്ത്രിക്കുന്നതിനും ഉപഭോക്താക്കളുടെ താല്പര്യം സംരക്ഷിക്കുന്നതിനും ഉടമ്പടിയിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നതിനും ധനവിനിയോഗം നിയന്ത്രിക്കുന്നതിനുമായി ഒരു സ്റ്റേറ്റ് റിയൽ എസ്റ്റേറ്റ് അതോറിറ്റിക്ക് രൂപം കൊടുക്കുന്ന കാര്യം പരിഗണനയിലുണ്ട്. ക്വാസി ജൂഡീഷ്യൽ അധികാരത്തോടുകൂടിയുള്ളതും കക്ഷികളും കെട്ടിട നിർമ്മാതാക്കളും തമ്മിൽ തർക്കങ്ങൾക്ക് തീർപ്പ് കൽപ്പിക്കുവാൻ പര്യാപ്തവുമാണ് മേൽ ഉദ്ധരിച്ച അതോറിറ്റി. കേരള റിയൽ എസ്റ്റേറ്റ് അതോറിറ്റി രൂപീകരിക്കുവാൻ ഉദ്ദേശിച്ച കൊണ്ട് ഒരു കരട് ബിൽ (കേരള റിയൽ എസ്റ്റേറ്റ് റഗുലേഷൻ & ഡെവലപ്മെന്റ്) നിലവിൽ വന്നെങ്കിലും ആയത് നിയമമായിട്ടില്ല.

**കക്കൂസ് മാലിന്യ സംസ്കരണ പ്ലാന്റുകൾ**

105 (3389) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കക്കൂസ് മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കണമെന്ന ഹൈക്കോടതി നിർദ്ദേശം നടപ്പിലാക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന വിവരം ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(സി) എത്ര കോടി രൂപയാണ് ഈ പദ്ധതിക്കായി ഇതിനകം അനുവദിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) എറണാകുളത്തെ പദ്ധതി പൂർത്തീകരിച്ചു. വയനാട്, കോട്ടയം ജില്ലകളിൽ സ്ഥലം ലഭ്യമായിട്ടുണ്ട്. എറണാകുളത്തെ പ്ലാന്റിന്റെ പ്രവർത്തനം നിരീക്ഷിച്ചതിനുശേഷം ഇവിടങ്ങളിൽ പ്ലാന്റിന്റെ നിർമ്മാണത്തിനുള്ള നടപടികൾ എടുക്കുന്നതാണ്. മറ്റു ജില്ലകളിൽ പ്ലാന്റിനാവശ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) 2013-14 സാമ്പത്തിക വർഷം 18 കോടി രൂപ അനുവദിച്ചുവെങ്കിലും ഒരു സംഖ്യയും ഈ പദ്ധതിക്കായി റിലീസ് ചെയ്തിട്ടില്ല. ഈ സാമ്പത്തിക വർഷം റീ-അപ്രോപ്രിയേഷൻ ചെയ്ത് പദ്ധതിക്കുവേണ്ടി അടിയന്തരമായി 5.75 കോടി രൂപ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**അനധികൃത കാർഷെഡ് നിർമ്മാണം**

106(3390) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ മുട്ടട കേശവദാസപുരം വാർഡിൽ എൽ.എം. എസ്. നഗറിൽ ഹൗസ് നമ്പർ 41 ബി-ൽ താമസിക്കുന്ന ശ്രീ. റോളണ്ട് തോമസ് അദ്ദേഹത്തിന്റെ വീടിന്റെ മുമ്പിൽ തുറസായ സ്ഥലത്ത് റോഡ് അതിരുവരെ ചേർത്തു ഷീറ്റ് റൂഫോടുകൂടി കാർഷെഡ് നിർമ്മിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കാര്യം കോർപ്പറേഷന്റെ സെക്രട്ടറിയ്ക്ക ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി ഹിയറിംഗിന് വിളിച്ച് തെളിവെടുപ്പ് നടത്തി നിജസ്ഥിതി ബോദ്ധ്യപ്പെട്ടിരുന്നോ ;

(സി) ഇക്കാര്യത്തിൽ എന്തു തുടർനടപടി സ്വീകരിച്ചിരുന്നുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) അനധികൃതനിർമ്മാണം ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ മുട്ടട കേശവദാസപുരം വാർഡിൽ എൽ.എം.എസ്. നഗറിൽ ഹൗസ് നമ്പർ 41 ബി-ൽ താമസിക്കുന്ന ശ്രീ. റോളണ്ട് തോമസ് നടത്തിയ അനധികൃത നിർമ്മാണത്തിനെതിരെ കേരള മുനിസിപ്പാലിറ്റി ആക്ട് 406-ാം വകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി തിരുവനന്തപുരം കോർപ്പറേഷൻ കൺഫർമേഷൻ ഉത്തരവ് നൽകിയിട്ടുണ്ട്. എന്നാൽ കോർപ്പറേഷൻ നൽകിയ പ്രസ്തുത ഉത്തരവിനെതിരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ബഹു. ട്രിബ്യൂണൽ മുമ്പാകെ ശ്രീ. റോളണ്ട് തോമസ് 957/14 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ് ഇപ്പോൾ ബഹു. ട്രിബ്യൂണലിന്റെ പരിഗണനയിലാണ്.

**മാലിന്യ സംസ്കരണത്തിനായി പുതിയ പദ്ധതികൾ**

107 (3391) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നഗരങ്ങളിലെ മാലിന്യ സംസ്കരണത്തിനായി പുതിയ പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുണ്ടോ എന്ന് വിശദമാക്കാമോ ;

(ബി) എങ്കിൽ ഏതെല്ലാം പദ്ധതിയാണെന്നും, അതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) നഗരങ്ങളിലെ ജൈവ-അജൈവ മാലിന്യങ്ങളുടെ സംസ്കരണത്തിനായി ഈ സർക്കാർ രൂപം കൊടുത്തിട്ടുള്ള പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. സംസ്ഥാനത്തെ 5 കോർപ്പറേഷനുകളിലും, 60 മുനിസിപ്പാലിറ്റികളിലും ഉത്ഭവിക്കപ്പെടുന്നതും, നിരത്തുകളിലും മറ്റും ചിതറിക്കിടക്കുന്നതുമായ മോശം പ്ലാസ്റ്റിക്കുകൾ കഴുകി വൃത്തിയാക്കി പൊടിച്ച് ബേൽ ചെയ്തു പുനഃചംക്രമണത്തിനുള്ള സംവിധാനം ഒരുക്കുന്ന പദ്ധതി.

2. പ്ലാസ്റ്റിക് മാലിന്യങ്ങൾ ഷ്റെഡ്ഡിങ് മെഷീനുകൾ ഉപയോഗിച്ച് ചിപ്പുകളാക്കി മാറ്റി ഇവ ഉപയോഗിച്ച് പൊതുമരാമത്തു വകുപ്പിന്റെ സഹകരണത്തോടെ സംസ്ഥാനത്തെ റോഡുകളുടെ ടാറിംഗ്.

3. ഇ-മാലിന്യങ്ങൾ ശേഖരിച്ച് കേന്ദ്ര സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളുടെ സാക്ഷ്യപത്രമുള്ള റീ-സൈക്ക്ളിംഗ് ഏജൻസികളിലൂടെ നിർമ്മാർജ്ജനം ചെയ്യുന്ന പദ്ധതി.

4. പ്രതിദിനം 50 ടൺ വരെ മാലിന്യം ഉണ്ടാകുന്ന നഗരങ്ങളിൽ CNG Bottling Plant-കൾ സ്ഥാപിക്കുന്ന പദ്ധതി.

5. എല്ലാ ജില്ലകളിലും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി.

6. മാലിന്യ സംസ്കരണത്തിന് നൂതന സാങ്കേതിക വിദ്യയായ പ്ലാസ്മാ ഗ്യാസിഫിക്കേഷൻ ഉപയോഗിച്ചുള്ള പ്ലാന്റ് കൊച്ചിയിൽ സ്ഥാപിക്കുന്ന പദ്ധതി. കൂടാതെ വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ഉറവിട മാലിന്യ സംസ്കരണ പദ്ധതിക്ക് കൂടുതൽ പ്രോത്സാഹനം നൽകിവരുന്നു. മാലിന്യ സംസ്കരണത്തിന് പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് ബോധവൽക്കരണ പരിപാടികളും നല്ല രീതിയിൽ നടത്തി വരുന്നു.

(ബി) 1. പ്ലാസ്റ്റിക് പ്രോസസ്സിംഗ് പ്ലാന്റുകൾ സ്ഥാപിക്കുവാനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. സംസ്ഥാനത്തെ ഈ രീതിയിലുള്ള ആദ്യത്തെ പ്ലാന്റ് കൊച്ചിയിൽ സ്ഥാപിക്കുവാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. വൈദ്യുതി ലഭിക്കുന്ന മുറയ്ക്ക് ടി പ്ലാന്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

2. പി.ഡബ്ല്യൂ.ഡി.-യുമായി ചേർന്ന് 2 കിലോമീറ്റർ റോഡ് ടാറിംഗ് പൂർത്തീകരിച്ചു.

3. ഇ-മാലിന്യ ശേഖരണ പദ്ധതിയുടെ ടെണ്ടർ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുകയും, ഒക്ടോബർ 5-ാം തീയതി പദ്ധതി ആരംഭിക്കുകയും കേരളത്തിലെ സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും ഇ-മാലിന്യങ്ങൾ ശേഖരിച്ചു തുടങ്ങുകയും ചെയ്തിട്ടുണ്ട്.

4. CNG Bottling Plant-കൾ സ്ഥാപിക്കുന്നതിനായുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു.

5. എല്ലാ ജില്ലകളിലും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിക്ക് ടെണ്ടർ ക്ഷണിക്കുകയും കൊച്ചി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഒരു അംഗീകൃത ഏജൻസിയുമായി ധാരണയിലെത്തുകയും ചെയ്തിട്ടുണ്ട്.

6. മാലിന്യസംസ്കരണത്തിനായി കൊച്ചിയിൽ സ്ഥാപിക്കുവാൻ തീരുമാനിച്ചിരിക്കുന്ന പ്ലാന്റിനുവേണ്ടിയുള്ള രൂപരേഖ പ്രസ്തുത പദ്ധതിയുടെ ട്രാൻസാക്ഷൻ അഡ്വൈസർ ആയ KITCO തയ്യാറാക്കി നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**കായംകുളം നഗരസഭയിലെ കെടുകാര്യസ്ഥത**

108 (3392) <u>ശ്രീ. സി. കെ. സദാശിവൻ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം നഗരസഭയിൽ ഗുരുതരമായ അഴിമതിയും, കെടുകാര്യസ്ഥതയും നടക്കുന്നതായി കേരളത്തിലെ പ്രമുഖ ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച പരമ്പര ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ ആരോപണം അന്വേഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) കായംകുളം മുനിസിപ്പൽ അധികൃതരുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയം കായംകുളം മുനിസിപ്പൽ കൗൺസിൽ ചർച്ച

ചെയ്യുകയും ടി നഗരസഭയിലെ വിവിധ വകുപ്പ് മേധാവികളോട് തുടർ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യാൻ കായംകുളം മുനിസിപ്പൽ സെക്രട്ടറി നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

**സമാശ്വാസ തൊഴിൽദാന പദ്ധതി**

109 (3393) <u>ശ്രീ. കെ. ദാസൻ</u> : താഴെകാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊയിലാണ്ടി നഗരസഭയിൽ കണ്ടിജന്റ് ജീവനക്കാരനായി സർവ്വീസിലിരിക്കെ മരണപ്പെട്ട ശ്രീ. ടി. കെ. ബാലചന്ദ്രന്റെ മകൾ പ്രീത സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കാൻ സർക്കാരിലേക്ക് സമർപ്പിച്ച അപേക്ഷയിൽ ഇതുവരെ എന്തെല്ലാം നടപടി കൈക്കൊണ്ടുവെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

ചോദ്യപ്രകാരമുള്ള അപേക്ഷ സർക്കാരിൽ ലഭിച്ചിട്ടില്ല. എന്നാൽ കൊയിലാണ്ടി നഗരസഭയിൽ കണ്ടിജന്റ് ജീവനക്കാരനായി സർവ്വീസിലിരിക്കെ മരണപ്പെട്ട ശ്രീ. സി. കെ. ബാലചന്ദ്രന്റെ മകൾ ശ്രീമതി പ്രീന പി. ബി.-യുടെ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം എൽ.ഡി.സി. ആയി ജോലി ലഭിക്കുവാനുള്ള അപേക്ഷ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയതിന്മേൽ കോഴിക്കോട് ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. മുനിസിപ്പൽ കോമൺ സർവ്വീസിൽ ആശ്രിത നിയമനത്തിന് ക്വാട്ട നിശ്ചയിക്കുന്നതു സംബന്ധിച്ച വിഷയത്തിന്മേലുള്ള അന്തിമ തീരുമാനമാകുന്ന മുറയ്ക്ക് ശ്രീമതി പ്രീനയുടെ അപേക്ഷയിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**പുതുതായി ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും**

110 (3394) <u>ശ്രീ. രാജു എബ്രഹാം</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ പുതുതായി ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ഏതൊക്കെയാണ് ;

(ബി) ഇവയുടെ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നു വിശദമാക്കാമോ ; നടപടികൾ പൂർത്തീകരിച്ച് എന്നത്തേക്ക് ഇവയുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ ; ഇതിനായി

എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത് ?

<u>ഉത്തരം</u>

(എ) 2013-14 വർഷത്തേയ്ക്കുള്ള ബഡ്ജറ്റിൽ ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്ത് മുനിസിപ്പാലിറ്റിയായി ഉയർത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു. എന്നാൽ 2014-15 വർഷത്തെ ബഡ്ജറ്റിൽ പുതുതായി മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും പ്രഖ്യാപിച്ചിട്ടില്ല.

(ബി) 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 4(2) പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശം വിപുലപ്പെടുത്തുകയോ കുറയ്ക്കുകയോ ചെയ്യുന്ന യാതൊരു മാറ്റവും ആ പഞ്ചായത്തിലെ നിലവിലുള്ള ഭരണസമിതിയുടെ കാലാവധി തീരുന്ന മുറയ്ക്കല്ലാതെ പ്രാബല്യത്തിൽ വരുത്തുവാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്തിന്റെ നിലവിലെ ഭരണസമിതിയുടെ കാലാവധി 2015 ഒക്ടോബറിലാണ് അവസാനിക്കുന്നത്. ഗ്രാമപഞ്ചായത്തുകൾ വിഭജിച്ച് പുതിയവ രൂപീകരിക്കുന്നതിനും നഗരസ്വഭാവം ആർജിച്ച ഗ്രാമപഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളായി പരിവർത്തനപ്പെടുത്തുന്നതിനുമുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും അതിനനുസൃതമായി പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

**നഗരസഭകളുടെ പദ്ധതികളിൽ കേന്ദ്ര സഹായം**

111 (3395) <u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> :
<u>ശ്രീ. എം. പി. വിൻസെന്റ്</u> :
<u>ശ്രീ. ലൂഡി ലൂയിസ്</u> :
<u>ശ്രീ. ആർ. സെൽവരാജ്</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരസഭകൾക്ക് പദ്ധതികളിൽ സാങ്കേതിക സഹായം നല്കുന്നതിന് കേന്ദ്ര സഹായം അനുവദിച്ചിട്ടുണ്ടോ ;

(ബി) ഇതനുസരിച്ച് നഗരങ്ങളിൽ പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം മാറ്റങ്ങളും തയ്യാറെടുപ്പുകളുമാണ് വരുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) നഗരങ്ങളിലെ വികസന പ്രവർത്തനങ്ങളുടെ വേഗം കൂട്ടാനും

കാര്യക്ഷമമാക്കാനും പ്രസ്തുത നടപടി എത്രമാത്രം സഹായകമാകും എന്നാണ് കരുതുന്നത് വിശദമാക്കുമോ ;

(ഡി) കേന്ദ്ര സഹായം ഫലപ്രദമായി വിനിയോഗിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) കോംപ്രിഹെൻസീവ് കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം കേരള എന്ന ഈ പദ്ധതി പ്രകാരം ഇന്റഗ്രേറ്റഡ് സിറ്റി ഡെവലപ്മെന്റ് പ്ലാനുകൾ തയ്യാറാക്കുക; സിറ്റി സാനിറ്റേഷൻ പ്ലാനുകൾ തയ്യാറാക്കുക; വികസന പദ്ധതികൾക്കായി തയ്യാറാക്കുന്ന ഡി.പി.ആറുകൾ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കുക; പ്രോജക്ട് മാനേജ്മെന്റ്, പ്രോജക്ട് മോണിറ്ററിംഗ് എന്നിവ കാര്യക്ഷമമാക്കുക; നഗരസഭകളുടെ പൊതുഭരണവും, സർവ്വീസ് ഡെലിവറിയും, വരുമാന വർദ്ധനവും, ധനകാര്യമാനേജ്മെന്റും, കാര്യക്ഷമമാക്കുന്നതിനുള്ള രൂപരേഖകൾ തയ്യാറാക്കുകയും, ഇതിനാവശ്യമായ പരിശീലനം നഗരസഭാ ജീവനക്കാർക്കും തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കും നൽകുകയും ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ നഗരസഭകളുടെ പ്രവർത്തന വേഗം കൂട്ടുന്നതിനും കാര്യക്ഷമമാക്കുന്നതിനും ഈ പ്രവർത്തനങ്ങളിലൂടെ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിന് സംസ്ഥാന നഗരവികസന സെക്രട്ടറി ചെയർമാനായുള്ള ഒരു ഉന്നതാധികാര സമിതി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയെ ഈ പദ്ധതിയുടെ സംസ്ഥാനതല നോഡൽ ആഫീസറായി നിയമിച്ചിട്ടുണ്ട്. കൂടാതെ പതിനാല് ജില്ലകളിലേയും തെരഞ്ഞെടുക്കപ്പെട്ട ഒരു നഗരസഭയിൽ ജില്ലാതല റിഫോം ആന്റ് പെർഫോർമൻസ് മാനേജ്മെന്റ് സെല്ലുകളും ഇവയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് ഒരു സംസ്ഥാനതല റിഫോം ആന്റ് പെർഫോർമൻസ് മാനേജ്മെന്റ് സെല്ലും രൂപീകരിക്കുകയും ഓരോ റിഫോം ആന്റ് പെർഫോർമൻസ് മാനേജ്മെന്റ് സെല്ലിലും 6 വീതം വിദഗ്ദ്ധരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമെ നഗരസഭയിലെ ജീവനക്കാരുടേയും ജനപ്രതിനിധികളുടേയും പരിശീലന പരിപാടികൾ സംഘടിപ്പിക്കാനായി ഒരു അർബൻ മാനേജ്മെന്റ് സെല്ലും ഐ.എം.ജി. ആസ്ഥാനമായി രൂപീകരിച്ചിട്ടുണ്ട്.

**നഗരങ്ങളിലെ മലിനജല സംസ്കരണത്തിന് നടപടി**

112 (3396) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിലെ മലിനജല സംസ്കരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഏതെല്ലാം നഗരങ്ങളിലെ മലിനജലസംസ്കരണ പ്ലാന്റുകളുടെ നിർമ്മാണമാണ് പൂർത്തീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(സി) പൂർത്തിയായ പ്ലാന്റുകളുടെ നിലവിലുള്ള പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; അവയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിൽ മലിനജല സംസ്കരണത്തിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ബി) തിരുവനന്തപുരം മുട്ടത്തറയിൽ 107 ദശലക്ഷം ലിറ്റർ സംസ്കരണ ശേഷിയുള്ള പ്ലാന്റിന്റെ രൂപീകരണം പൂർത്തിയായി പ്രവർത്തിച്ചുവരുന്നുണ്ട്.

(സി) ഉണ്ട്. തിരുവനന്തപുരം മുട്ടത്തറയിലെ പ്ലാന്റ് വളരെ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ടി മാനദണ്ഡങ്ങളേക്കാൾ വളരെ മേന്മയോടെയാണ് പ്ലാന്റ് പ്രവർത്തിക്കുന്നത്.

## നഗരങ്ങളിലെ മാലിന്യസംസ്കരണത്തിനായി പദ്ധതികൾ

113 (3397) <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നഗരങ്ങളിലെ മാലിന്യ സംസ്കരണത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) മാലിന്യശേഖരണത്തിനും സംസ്കരണത്തിനും വിദേശരാജ്യങ്ങളിൽ ഉപയോഗിക്കുന്ന തരത്തിലുള്ള ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി കൊണ്ടുള്ള സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ ; വിശദവിവരം നൽകുമോ ?

<u>ഉത്തരം</u>

(എ) മാലിന്യങ്ങൾ ഉൽപ്പാദിപ്പിക്കുന്ന സ്ഥലത്ത് തന്നെ നിർമ്മാർജ്ജനം ചെയ്യുന്നതിലേയ്ക്കായി ഉറവിട മാലിന്യ സംസ്കരണ പദ്ധതിക്ക് കൂടുതൽ പ്രാധാന്യം നൽകി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കി വരുന്നു. ആയതിന്റെ നിർവ്വഹണത്തിലേയ്ക്കായി ഉയർന്ന തോതിൽ സർക്കാർ സാമ്പത്തിക സഹായം നൽകിവരുന്നു. കൂടാതെ പൊതു മാലിന്യ സംസ്കരണ പ്ലാന്റുകൾ നിലവിലില്ലാത്ത നഗരസഭകളിൽ അവ സ്ഥാപിക്കുന്നതിനും പ്ലാന്റുകൾ ഉള്ള നഗരസഭകളിൽ ആയവ കുറ്റമറ്റതാക്കി ആധുനിക രീതിയിലാക്കുന്നതിനും 100% സാമ്പത്തിക സഹായം നൽകിവരുന്നു. നഗരമാലിന്യങ്ങൾ സംസ്കരിക്കുന്നതിലേയ്ക്കായി ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി പി.പി.പി. അടിസ്ഥാനത്തിൽ എറണാകുളത്ത് ബ്രഹ്മപുരത്ത് മാതൃകാ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മാലിന്യം ഉറവിടത്തിൽത്തന്നെ തരംതിരിക്കാനും ജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്കരിക്കാനും നടപടി എടുക്കുന്നതിന് സമൂഹത്തിലെ വിവിധ വിഭാഗങ്ങളുടെ സഹകരണം ഉറപ്പാക്കുന്നതിനുള്ള വ്യാപകമായ പ്രചരണ പരിപാടികളാണ് ഇപ്പോൾ നടത്തിവരുന്നത്.

(ബി) യൂറോപ്യൻ യൂണിയനും ബ്രിട്ടനും നടപ്പിലാക്കി വരുന്ന വികേന്ദ്രീകൃത ഉറവിട മാലിന്യ സംസ്കരണ പദ്ധതികളും യൂറോപ്യൻ യൂണിയനും ജർമനി പോലുള്ള രാജ്യങ്ങളും നടപ്പിലാക്കി വരുന്ന അജൈവ മാലിന്യങ്ങളുടെ പുനഃചംക്രമണ പദ്ധതിയും ഇവിടെ നടപ്പിലാക്കാൻ നടപടി എടുത്തിട്ടുണ്ട്.

**നഗരസഭകളുടെ ശാക്തീകരണം**

114(3398) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരസഭകളുടെ ശാക്തീകരണം ലക്ഷ്യമിട്ട് തദ്ദേശസ്വയംഭരണ വകുപ്പ് ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ ;

(ബി) നഗരസഭകളുടെ വികസന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും പ്രസ്തുത പദ്ധതി എത്രമാത്രം സഹായകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(സി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സഹായം ലഭ്യമാക്കിയിട്ടുണ്ടോ ;

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് നാളിതുവരെ സ്വീകരിച്ച

നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി& സി) കോംപ്രിഹെൻസീവ് കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം എന്ന പദ്ധതി പ്രകാരം ഇന്റഗ്രേറ്റഡ് സിറ്റി ഡെവലപ്മെന്റ് പ്ലാനുകൾ തയ്യാറാക്കുക; സിറ്റി സാനിറ്റേഷൻ പ്ലാനുകൾ തയ്യാറാക്കുക; വികസന പദ്ധതികൾക്കായി തയ്യാറാക്കുന്ന ഡി.പി.ആർ. സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കുക; പ്രോജക്ട് മാനേജ്മെന്റ്, പ്രോജക്ട് മോണിറ്ററിംഗ് എന്നിവ കാര്യക്ഷമമാക്കുക; നഗരസഭകളുടെ പൊതുഭരണവും, സർവ്വീസ് ഡെലിവറിയും, വരുമാന വർദ്ധനവും, ധനകാര്യമാനേജ്മെന്റും, കാര്യക്ഷമമാക്കുന്നതിനുള്ള രൂപരേഖകൾ തയ്യാറാക്കുകയും, ഇതിനാവശ്യമായ പരിശീലനം നഗരസഭാ ജീവനക്കാർക്കും തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കും നൽകുകയും ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ നഗരസഭകളുടെ പ്രവർത്തന വേഗം കൂട്ടുന്നതിനും കാര്യക്ഷമമാക്കുന്നതിനും ഈ പ്രവർത്തനങ്ങളിലൂടെ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) ഈ പദ്ധതിക്കായി 49 കോടി രൂപയുടെ കേന്ദ്ര സഹായം ലഭ്യമായിട്ടുണ്ട്.

(ഡി) പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിന് സംസ്ഥാന നഗരവികസന സെക്രട്ടറി ചെയർമാനായുള്ള ഒരു ഉന്നതാധികാര സമിതി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയെ ഈ പദ്ധതിയുടെ സംസ്ഥാനതല നോഡൽ ആഫീസറായി നിയമിച്ചിട്ടുണ്ട്. കൂടാതെ പതിനാല് ജില്ലകളിലേയും തെരഞ്ഞെടുക്കപ്പെട്ട ഒരു നഗരസഭയിൽ ജില്ലാതല റിഫോം ആന്റ് പെർഫോർമൻസ് മാനേജ്മെന്റ് സെല്ലുകളും ഇവയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് ഒരു സംസ്ഥാനതല റിഫോം ആന്റ് പെർഫോർമൻസ് മാനേജ്മെന്റ് സെല്ലും രൂപീകരിക്കുകയും ഓരോ റിഫോം ആന്റ് പെർഫോർമൻസ് മാനേജ്മെന്റ് സെല്ലിലും 6 വീതം വിദഗ്ധരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

**കൊയിലാണ്ടി നഗരസഭയിൽ വെറ്ററിനറി സർവ്വകലാശാല പ്രാദേശിക കേന്ദ്രം അനുവദിച്ചുകിട്ടുന്നതിന് സ്വീകരിച്ച തുടർ നടപടികൾ**

115(3399) ശ്രീ. കെ. ദാസൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക്

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി നഗരസഭയിൽ വെറ്ററിനറി സർവ്വകലാശാലാ പ്രാദേശിക കേന്ദ്രം അനുവദിച്ച് കിട്ടുന്നത് സംബന്ധിച്ച് നൽകിയ അപേക്ഷയിന്മേൽ നഗരസഭ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ ;

(ബി) എൽ. എസ്. ജി. ഡി. കൺസൾട്ടേറ്റീവ് ആന്റ് കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തെ തുടർന്ന് നൽകിയ നിർദ്ദേശമനുസരിച്ച് കൊയിലാണ്ടി നഗരസഭയും മറ്റ് നഗരകാര്യ കാര്യാലയങ്ങളും സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിക്ക് എന്ന് അംഗീകാരം ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കൊയിലാണ്ടി നഗരസഭയിൽ വെറ്ററിനറി സർവ്വകലാശാല പ്രാദേശിക കേന്ദ്രം ആരംഭിക്കുന്നതിലേയ്ക്ക് കൊയിലാണ്ടി നഗരസഭ വ്യവസായിക ആവശ്യത്തിനായി ഏറ്റെടുത്ത അരിക്കുളം വില്ലേജ് സർവ്വേ 35, 9/2-ൽപ്പെട്ട 4 ഏക്കർ സ്ഥലം വിട്ടുനൽകുന്നതിന് കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം നഗരസഭ ആദ്യം വ്യാവസായിക ആവശ്യത്തിനായി ഏറ്റെടുത്തിരുന്നതിനാൽ ഭൂമിയുടെ ഉപയോഗക്രമം മാറ്റിക്കിട്ടുന്നതിനായി സർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) എൽ.എസ്.ജി.ഡി. കൺസൾട്ടേറ്റീവ് & കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാന പ്രകാരം 25-1-2014 തീയതിയിലെ 13128/ആർ.സി.4/14/തസ്വഭവ. കത്ത് പ്രകാരം കൊയിലാണ്ടി നഗരസഭയ്ക്ക് ഇതുസംബന്ധിച്ച് പ്രൊപ്പോസൽ സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ ശല്യം**

116 (3400) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തെരുവുവായ്ക്കളുടെ ശല്യം വർദ്ധിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനെതിരെ നിലവിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(സി) തെരുവ് നായ്ക്കളുടെ വർദ്ധന തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ഫലപ്രദമാകുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) നായ്ക്കളുടെ വന്ധ്യംകരണ, പ്രതിരോധ കുത്തിവയ്പുകളിലെ പാളിച്ചകൾ സംബന്ധിച്ച റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇത് ഫലപ്രദമായി നടപ്പിലാക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ ;

(എഫ്) ഗ്രാമപഞ്ചായത്തുകളിൽ ഇത്തരം പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തെരുവുനായ്ക്കളുടെ വംശ വർദ്ധനവ് തടയുന്നതിന് ലക്ഷ്യമിട്ട് കൊണ്ടുള്ള എ.ബി.സി. പ്രോഗ്രാം സമയബന്ധിതമായി നടപ്പിലാക്കുന്നതിന് എല്ലാ നഗരസഭകൾക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് സ്വന്തം നിലയിൽ പദ്ധതികളും മുനിസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകളും ഉൾപ്പെടുത്തി ക്ലസ്റ്റർ അടിസ്ഥാനത്തിൽ എ.ബി.സി. പ്രോഗ്രാം നടപ്പിലാക്കുന്നതിനുമുള്ള നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മൃഗസംരക്ഷണ വകുപ്പും ചേർന്ന് വിവിധ സന്നദ്ധ സംഘടനകളുമായും അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയുടെ സഹായത്തോടെ പ്രോഗ്രാം നടപ്പിലാക്കുന്നതിനാണ് നിഷ്കർഷിച്ചിട്ടുള്ളത്. തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് ഇതേവരെ 1800-ൽപ്പരം നായ്ക്കളെ എ.ബി.സി. പ്രോഗ്രാമിന് വിധേയമാക്കിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) സ്വീകരിച്ചിട്ടുണ്ട്.

(എഫ്) തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തെരുവുനായ്ക്കളുടെ വന്ധ്യംകരണം നിലവിൽ ഗ്രാമപഞ്ചായത്തുകൾ മുഖേന നടപ്പിലാക്കി വരുന്നു. തെരുവുനായ്ക്കളെ വന്ധ്യംകരണം നടത്തി, പേവിഷ ബാധയ്ക്ക് കുത്തിവയ്പ്പ് നൽകുന്ന പദ്ധതിക്ക് മാർഗ്ഗനിർദ്ദേശം നൽകി 2-9-2014-ലെ സ.ഉ. (സാധാ.) നമ്പർ 2306/14/തസ്വഭവ. ഉത്തരവും 16-10-2014 -ലെ സ.ഉ.

(സാധാ.)2673/2014/തസ്വഭവ. നമ്പർ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

**കാഞ്ഞങ്ങാട് നഗരസഭയിൽ അനധികൃത കെട്ടിട നിർമ്മാണം**

117(3401) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് നഗരസഭയിൽ അനധികൃത കെട്ടിട നിർമ്മാണത്തിന് ഒത്താശ ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി ആവശ്യപ്പെട്ട് വിജിലൻസ് റിപ്പോർട്ട് നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) എങ്കിൽ ആരോപണ വിധേയരായ വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) കാഞ്ഞങ്ങാട് നഗരത്തിൽ സ്ഥിതി ചെയ്യുന്ന ഫോർട്ട് വിഹാറിന്റെ പാർക്കിംഗ് ഏരിയ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് വാണിജ്യാവശ്യത്തിനുള്ള കടമുറികളായി മാറ്റിയതിന് കാഞ്ഞങ്ങാട് നഗരസഭയിലെ മുനിസിപ്പൽ എഞ്ചിനീയറായിരുന്ന ശ്രീ. അനിൽ ഡി.ജെ., ഫസ്റ്റ് ഗ്രേഡ് ഓവർസിയറായിരുന്ന ശ്രീ. പി.ജി. ശശി എന്നിവർക്കെതിരെ വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി ശിപാർശ ചെയ്തിരുന്നു. കൂടാതെ കാഞ്ഞങ്ങാട് നഗരസഭയിലെ ബിൽഡിംഗ് ഇൻസ്പെക്ടർ ശ്രീ. എം. ടി. ഗണേശനും അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ബാലചന്ദ്രനും എതിരെ നടപടി സ്വീകരിക്കുവാൻ വിജിലൻസ് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് റിപ്പോർട്ട് നൽകിയിരുന്നു. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-ടെ 26-3-2014-ലെ ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ, അധികാരമില്ലാതെ ബിൽഡിംഗ് പെർമിറ്റ് ഇഷ്യൂ ചെയ്തതിന് ഫസ്റ്റ് ഗ്രേഡ് ഓവർസിയറായിരുന്ന ശ്രീ. പി. ജി. ശശിക്കെതിരെ ശിക്ഷണ നടപടി സ്വീകരിക്കുന്നതിന് ശിപാർശ ചെയ്തിരുന്നു.

(ബി) മുനിസിപ്പൽ എഞ്ചിനീയറായ ശ്രീ. അനിൽ ഡി.ജെ., ഫസ്റ്റ് ഗ്രേഡ് ഓവർസിയറായ ശ്രീ. പി. ജി. ശശി എന്നിവർക്കെതിരായ അച്ചടക്ക നടപടി സർക്കാർ തലത്തിൽ തുടർന്നുവരുന്നു. ബിൽഡിംഗ് ഇൻസ്പെക്ടർ ശ്രീ. എം. ടി. ഗണേശൻ, അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ബാലചന്ദ്രൻ എന്നിവർക്കെതിരായ നടപടി ഇവരുടെ വാർഷിക ശമ്പള വർദ്ധനവ് ഒരു വർഷത്തേയ്ക്ക് സഞ്ചിത

ഫലത്തോടെയല്ലാതെ തടയാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ഉത്തരവായിട്ടുണ്ട്. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)ടെ ശിപാർശ പ്രകാരം ശ്രീ. പി. ജി. ശശിക്കെതിരെ തുടർ നടപടി സ്വീകരിക്കുന്നതിന് തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**തമ്പാനൂരിലെ മഴക്കാലത്തെ വെള്ളക്കെട്ടുകൾ**

118(3402) ശ്രീ. എം. ഉമ്മർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തമ്പാനൂരിലെ മഴക്കാലത്തെ വെള്ളക്കെട്ടുകൾ ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയായിരുന്നെന്ന് വിശദമാക്കുമോ ;

(ബി) തലസ്ഥാനത്തെ നഗരത്തിലെ മറ്റ് പ്രദേശങ്ങളായ പഴവങ്ങാടി, കിഴക്കേക്കോട്ട, എസ്.എസ്. കോവിൽ റോഡ് എന്നിവിടങ്ങളിലെ വെള്ളക്കെട്ടുകൾക്ക് ശാശ്വതപരിഹാരം കണ്ടെത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) കേരള സുസ്ഥിര നഗരവികസന പദ്ധതിയിലും, ജെ.എൻ.എൻ.യു.ആർ.എം. പദ്ധതിയിലും ഉൾപ്പെടുത്തി തമ്പാനൂർ പരിസരപ്രദേശങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി ഔട്ട്ലെറ്റ് മുതൽ കണ്ണമ്മൂല പാലം വരെയുള്ള പഴവങ്ങാടി/ആമയിഴഞ്ചാൻ തോടിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. ടി പ്രവൃത്തി അന്തിമഘട്ടത്തിലാണ്.

(ബി) ആവിഷ്കരിച്ചിട്ടുണ്ട്. തമ്പാനൂർ മുതൽ ഉപ്പിലാംമൂട് വരെ ഒരു ഡൈവേർഷൻ കനാൽ നിർമ്മാണത്തിനുള്ള പദ്ധതി ടെണ്ടർ ചെയ്തുകഴിഞ്ഞു.

**നഗരങ്ങളിൽ മാലിന്യസംസ്കരണ കമ്പനി**

119 (3403) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. എ. മാധവൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിൽ മാലിന്യസംസ്കരണ കമ്പനി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) കമ്പനിയുടെ ഷെയറുകൾ സംബന്ധിച്ച വിശദാംശങ്ങൾ എന്തൊക്കെയാണ് ; വിശദമാക്കുമോ ;

(സി) കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് കമ്പനിയുടെ സേവനം ഉപയോഗപ്പെടുത്താവുന്നത് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ ക്ലീൻ കേരള കമ്പനി രൂപീകരിച്ചിട്ടുണ്ട്.

(ബി) ക്ലീൻ കേരള കമ്പനിക്ക് ഇതിനകം 1,000 രൂപ മൂല്യമുള്ള 47001 ഓഹരികളിൽ നിന്നായി 4,70,01,000 രൂപയുടെ മൂലധനം ഉണ്ട്.

(സി) ക്ലീൻ കേരള കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. സംസ്ഥാനത്തെ 5 കോർപ്പറേഷനുകളിലും, 60 മുനിസിപ്പാലിറ്റികളിലും ഉത്ഭവിക്കപ്പെടുന്നതും, നിരത്തുകളിലും മറ്റും ചിതറിക്കിടക്കുന്നതുമായ മോശം പ്ലാസ്റ്റിക്കുകൾ കഴുകി വൃത്തിയാക്കി പൊടിച്ച് ബേൽ ചെയ്ത് പുനഃചംക്രമണത്തിനുള്ള സംവിധാനം ഒരുക്കുന്ന പദ്ധതി.

2. പ്ലാസ്റ്റിക് മാലിന്യങ്ങൾ ഷ്റെഡ്ഡിംഗ് മെഷീനുകൾ ഉപയോഗിച്ച് ചിപ്പുകളാക്കി മാറ്റി ഇവ ഉപയോഗിച്ച് പൊതുമരാമത്ത് വകുപ്പിന്റെ സഹകരണത്തോടെ സംസ്ഥാനത്തെ റോഡുകളുടെ ടാറിംഗ്.

3. ഇ-മാലിന്യങ്ങൾ ശേഖരിച്ച് കേന്ദ്ര സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളുടെ സാക്ഷ്യപത്രമുള്ള റീ-സൈക്ക്ളിംഗ് ഏജൻസികളിലൂടെ നിർമ്മാർജ്ജനം ചെയ്യുന്ന പദ്ധതി.

4. പ്രതിദിനം 50 ടൺ വരെ മാലിന്യം ഉണ്ടാകുന്ന നഗരങ്ങളിൽ CNG Bottling Plant-കൾ സ്ഥാപിക്കുന്ന പദ്ധതി.

5. എല്ലാ ജില്ലകളിലും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്ന

പദ്ധതി.

6. മാലിന്യ സംസ്കരണത്തിന് നൂതന സാങ്കേതിക വിദ്യയായ പ്ലാസ്മാ ഗ്യാസിഫിക്കേഷൻ ഉപയോഗിച്ചുള്ള പ്ലാന്റ് കൊച്ചിയിൽ സ്ഥാപിക്കുന്ന പദ്ധതി.

7. റെയിൽവേ സ്റ്റേഷനുകൾ ക്ലീൻ ചെയ്യാൻ ആരംഭിച്ചു.

(ഡി) സംസ്ഥാനത്തെ എല്ലാ കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും സർക്കാർ അർദ്ധ സർക്കാർ ഇതര സ്ഥാപനങ്ങൾക്കും കമ്പനിയുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

**നഗരസഭകളിലും കോർപ്പറേഷനുകളിലും പെൻഷൻ ആനുകൂല്യങ്ങൾ വിതരണം**

120 (3404) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നഗരസഭകളിലും കോർപ്പറേഷനുകളിലും റഗുലർ ഫാമിലി വിഭാഗം പെൻഷൻകാരുടെ പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് കുട്ടി അഹമ്മദ്കുട്ടി റിപ്പോർട്ട് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു തുടങ്ങിയോ ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വിഷയം സർക്കാർ പരിഗണനയിലാണ്.

**പൊതുശുചിത്വ നിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി**

121 (3405) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുശുചിത്വ നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) പൊതുസ്ഥലങ്ങളും റോഡുകളും നടപ്പാതകളും വൃത്തിഹീനമാക്കുന്നവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു ;

(സി) ഇത്തരം സ്ഥലങ്ങൾ വൃത്തിഹീനമാക്കുന്നവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുമോ ;

(ഡി) നമ്മുടെ സംസ്ഥാനത്തെ മാലിന്യമുക്തവും പൊതു ശുചിത്വമുള്ള സമൂഹവുമാക്കി മാറ്റുന്നതിന് എന്തെങ്കിലും പ്രത്യേകപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; ഇല്ലായെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പൊതുശുചിത്വ നിലവാരം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി വിവിധ പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി മാലിന്യങ്ങൾ ഉൽപ്പാദിപ്പിക്കുന്ന സ്ഥലത്ത് തന്നെ തരംതിരിച്ച് സംസ്കരിക്കുക എന്ന ഉദ്ദേശലക്ഷ്യത്തോടെ ഉറവിട മാലിന്യ സംസ്കരണ പദ്ധതിക്ക് പ്രാമുഖ്യം നൽകി നടപ്പിലാക്കി വരുന്നു. കൂടാതെ നഗര പ്രദേശങ്ങളിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിച്ച് മാലിന്യ സംസ്കരണം നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ശൗചാലയങ്ങൾ ഇല്ലാത്ത വീടുകളിൽ ആയവ സ്ഥാപിക്കുന്നതിനും കുടിവെള്ളം എത്തിക്കുന്നതിനും കേന്ദ്ര സർക്കാർ സഹായത്തോടുകൂടി സ്വച്ഛ് ഭാരത് അഭിയാൻ പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി&സി) 2012-ലെ കേരള നഗരപാലിക ഭേദഗതി നിയമം, കേരള പഞ്ചായത്തീരാജ് ഭേദഗതി നിയമം എന്നിവ പ്രകാരം പൊതുസ്ഥലങ്ങളും റോഡുകളും, നടപ്പാതകളും വൃത്തിഹീനമാക്കുന്നവർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിൻപ്രകാരം പൊതുസ്ഥലങ്ങളിലും റോഡുകളിലും മറ്റും മാലിന്യം നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിയമപ്രകാരമുള്ള പിഴയും മറ്റു കർശന നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

(ഡി) നമ്മുടെ സംസ്ഥാനത്തെ മാലിന്യമുക്തവും പൊതു ശുചിത്വമുള്ള സമൂഹമാക്കി മാറ്റുന്നതിനായി മുകളിൽപ്പറഞ്ഞ പദ്ധതികൾക്ക് പ്രാമുഖ്യം നൽകി നടപ്പിലാക്കുന്നതോടൊപ്പം ഇക്കാര്യത്തിൽ ജനങ്ങളെ ബോധവാൻമാരാക്കുന്ന പ്രവൃത്തിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും ശുചിത്വ മിഷൻ വഴിയും നടപ്പിലാക്കി വരുന്നു.

## ഭൂരഹിതരുടെയും ഭവനരഹിതരുടെയും പുനരധിവാസത്തിനുള്ള നടപടി

122 (3406) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെകാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഭൂരഹിതരുടെയും ഭവനവഹിതരുടെയും പുനരധിവാസത്തിനുള്ള എന്തെങ്കിലും നടപടികൾ നഗരകാര്യ വകുപ്പ് കൈക്കൊണ്ടിട്ടുണ്ടോ ; എങ്കിൽ അവയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ ?

ഉത്തരം

ഈ വിഷയം സംബന്ധിച്ച് 18-9-2014-ൽ സംസ്ഥാനത്തെ കോർപ്പറേഷൻ മേയർമാരുടെ ഒരു യോഗം സർക്കാർ തലത്തിൽ വിളിച്ചുചേർക്കുകയും, വിശദമായ പദ്ധതിരേഖ സമർപ്പിക്കുന്നതിന മുന്നോടിയായി ഭൂ-ഭവനരഹിതരെ പുനരധിവസിപ്പിക്കുന്നതിനുള്ള സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ച് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

## തിരുവനന്തപുരം രാജാജി നഗറിൽ ഫ്ളാറ്റും വാണിജ്യ സമുച്ചയവും

123(3407) ശ്രീ. കെ. കെ. നാരായണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം രാജാജിനഗറിൽ ഫ്ളാറ്റും വാണിജ്യസമുച്ചയവും നിർമ്മിക്കുന്നതിന സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, ഇതിന്റെ നിർമ്മാണച്ചുമതല ആർക്കായിരിക്കുമെന്നും, നിർമ്മിക്കുന്നതിനുള്ള ചെലവ് എങ്ങനെ കണ്ടെത്തുമെന്നും വിശദമാക്കാമോ ;

(സി) ഇതിന്റെ നിർമ്മാണ പൂർത്തീകരണം എന്നത്തേയ്ക്കാണ ഉദ്ദേശിക്കുന്നതെന്ന d വ്യക്തമാക്കാമോ ?

ഉത്തരം

(എ) തിരുവനന്തപുരം രാജാജിനഗറിൽ ഫ്ലാറ്റും വാണിജ്യ സമുച്ചയവും നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) വാണിജ്യസമുച്ചയത്തിന്റെ നിർമ്മാണച്ചുമതല കെ.യു.ആർ.ഡി.എഫ്.സി.-ക്കും, കെ.യു.ആർ.ഡി.എഫ്.സി.-യുടെ സാമ്പത്തിക സഹായത്തോടെ ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനുള്ള ചുമതല അർബൻ ഹൗസിംഗ് മിഷനെയും ഏൽപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഫ്ലാറ്റ് നിർമ്മിക്കുന്നതിന് വേണ്ടി വരുന്ന സ്ഥലത്തിന്റെ ബാക്കി വരുന്ന സ്ഥലത്ത് വാണിജ്യ സമുച്ചയം നിർമ്മിച്ച് അതിൽനിന്നും ലഭിക്കുന്ന

വരുമാനം ഉപയോഗിച്ച് ഫ്ലാറ്റിന്റെ നിർമ്മാണത്തിന് ചെലവാകുന്ന തുക തിരികെ അടക്കുവാനും ലക്ഷ്യമിടുന്നു.

(സി) നിർമ്മാണ പ്രവർത്തനം ആരംഭിച്ച് 2 വർഷത്തിനകം പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

## തിരുവനന്തപുരം കോർപ്പറേഷനിലെ നഴ്സറി സ്കൂളുകൾ

124 (3408) <u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം കോർപ്പറേഷനു കീഴിൽ എത്ര നഴ്സറി സ്കൂളുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട് ;

(ബി) പ്രസ്തുത നഴ്സറി സ്കൂളുകളിൽ എത്ര ജീവനക്കാർ ജോലി നോക്കുന്നുണ്ട് ; ഇവരുടെ പേരുവിവരം ലഭ്യമാക്കുമോ ;

(സി) കുട്ടികളുടെ എണ്ണം പത്തിൽ താഴെയുള്ള നഴ്സറി സ്കൂളുകൾ ഏതെല്ലാം ; ഇവിടുത്തെ കുട്ടികളുടെ പേരുവിവരം ലഭ്യമാക്കുമോ ;

(ഡി) ഇത്തരം നഴ്സറി സ്കൂളുകളുടെ പ്രവർത്തനവും ജീവനക്കാരെയും നിയന്ത്രിക്കുന്നതാരാണ് ; പ്രസ്തുത നഴ്സറി സ്കൂളുകളുടെ പ്രവർത്തനം വിലയിരുത്താൻ പരിശോധന നടത്താറുണ്ടോ ; വിശദമാക്കുമോ ;

(ഇ) ഈ നഴ്സറി സ്കൂളുകളുടെ പ്രവർത്തന സമയം വ്യക്തമാക്കാമോ ; ശനിയാഴ്ച നഴ്സറി സ്കൂൾ പ്രവർത്തിക്കാറുണ്ടോ ; ശനിയാഴ്ചയും നഴ്സറി സ്കൂളിലെ ജീവനക്കാർ ഓഫീസിൽ ഹാജരാകാറുണ്ടോ ;

(എഫ്) നഴ്സറി ടീച്ചർമാർക്കും ജീവനക്കാർക്കും നിലവിൽ അവരുടെ ഡ്യൂട്ടി സമയങ്ങളിൽ ഡ്രസ്സ് കോഡ്, യൂണിഫോം എന്നിവയെക്കുറിച്ച് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) പത്ത്.

(ബി) പ്രസ്തുത നഴ്സറി സ്കൂളുകളിൽ 12 നഴ്സറി ടീച്ചർമാരും പത്ത് ഫുൾ ടൈം സ്വീപ്പർമാരും ഉൾപ്പെടെ ആകെ 22 ജീവനക്കാർ ജോലി നോക്കുന്നുണ്ട്. ഇവരുടെ പേരുവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പൂന്തുറ നഴ്സറി സ്കൂൾ കുട്ടികളുടെ പേരുവിവരം താഴെ ചേർക്കുന്നു:

1. അലൻ
2. നിത്യ
3. ശ്യാം
4. കെയ്ൻ
5. നോവാക്
6. ജബിൻ
7. നൈൻസ്
8. സോജൻ.

(ഡി) സെക്രട്ടറി, തിരുവനന്തപുരം നഗരസഭ. പ്രസ്തുത സ്കൂളുകളുടെ പ്രവർത്തനം വിലയിരുത്താൻ പരിശോധന നടത്താറുണ്ട്.

(ഇ) പ്രവർത്തന സമയം 9.30 മുതൽ 3.30 വരെ. ശനിയാഴ്ച പ്രവർത്തനം ഇല്ല. ടീച്ചർമാർ ഹാജരാകേണ്ടതില്ല. സ്വീപ്പർമാർ ഹാജരാകണം.

(എഫ്) ടീച്ചർമാർക്ക് യൂണിഫോം ഇല്ല. സ്വീപ്പർമാർക്ക് യൂണിഫോം അനുവദിച്ചിട്ടുണ്ട്.

**ഭൂരഹിതരില്ലാത്ത കേരളം പദ്ധതി**

125 (3409) ശ്രീ. എ. എ. അസീസ്

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം നഗരചേരികളിൽ ഭൂരഹിതരായവരുടെ കാര്യത്തിൽ പ്രത്യേക മുൻഗണന നൽകിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അവരുടെ പ്രത്യേക സ്ഥിതിയും അടിയന്തര ആവശ്യവും പരിഗണിച്ച് മുൻഗണന നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ നഗരചേരികളിലുള്ള ഭൂരഹിതരുടെ കാര്യത്തിൽ പ്രത്യേക മുൻഗണന നൽകുന്നത് പരിഗണിച്ചിട്ടില്ല.

**നഗരമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിലെ രാഷ്ട്രീയ സാമൂഹ്യ സംഘടനകളുടെ**

**പങ്കാളിത്തം**

126 (3410) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. എം. ഉമ്മർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിൽ കുന്നുകൂടിയ മാലിന്യം നീക്കം ചെയ്യുന്ന കാര്യത്തിൽ രാഷ്ട്രീയ സാമൂഹ്യസംഘടനകൾ മത്സരബുദ്ധിയോടെ രംഗത്തിറങ്ങിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത നടപടി ജനങ്ങളിൽ ഉണർത്തുന്ന ശുചിത്വ അവബോധം നിലനിർത്താനും മാലിന്യം അലക്ഷ്യമായി പൊതു സ്ഥലങ്ങളിലും ജലസ്രോതസ്സുകളിലും നിക്ഷേപിക്കാതിരിക്കാനും എന്തൊക്കെ സൗകര്യങ്ങൾ തദ്ദേശസ്ഥാപനങ്ങൾ മുഖേന ഏർപ്പാടാക്കി എന്ന് വിശദമാക്കുമോ ;

(സി) മാലിന്യ സംസ്കരണത്തിനായി സ്വന്തം നിലയ്ക്ക് സൗകര്യങ്ങൾ ഏർപ്പെടുത്താൻ കഴിയാതെ സാധാരണക്കാർ, വൃദ്ധജനങ്ങൾ, ചേരി പ്രദേശത്തുള്ളവർ തുടങ്ങിയ വിഭാഗക്കാർ താമസിക്കുന്ന പ്രദേശങ്ങളിൽ നിന്നും എല്ലാവിധ മാലിന്യങ്ങളും ശേഖരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള കുറ്റമറ്റ സംവിധാനമൊരുക്കാൻ സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സജ്ജമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജനങ്ങളിൽ ശുചിത്വ അവബോധം നിലനിർത്തുന്നതിനും മാലിന്യം അലക്ഷ്യമായി പൊതുസ്ഥലങ്ങളിലും ജലസ്രോതസ്സുകളിലും നിക്ഷേപിക്കാതിരിക്കാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ശുചിത്വ മിഷനും വഴി ബോധവത്ക്കരണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ആയതിനോടൊപ്പം മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുക എന്ന ലക്ഷ്യത്തോടെ ഉറവിട മാലിന്യ സംസ്കരണ പദ്ധതിക്ക് പ്രാമുഖ്യം നൽകി തദ്ദേശസ്വയംഭരണ സ്ഥാപനം മുഖേന നടപ്പിലാക്കി വരുന്നു. ആയതിലേയ്ക്കായി ഉയർന്ന തരത്തിലുള്ള സർക്കാർ സബ്സിഡിയും തദ്ദേശസ്വയംഭരണ സ്ഥാപനം മുഖേന വിതരണം ചെയ്തുവരുന്നു. ജൈവ മാലിന്യങ്ങൾ പൊതുജന പങ്കാളിത്തത്തോടെ ഉറവിടത്തിൽത്തന്നെ സംസ്കരിക്കാനും അജൈവ മാലിന്യങ്ങൾ പൊതുശേഖരണ സംവിധാനം ഏർപ്പെടുത്തി പുനഃചംക്രമണം പ്രോത്സാഹിപ്പിക്കാനുമാണ് നടപടി എടുത്തുവരുന്നത്. മാലിന്യ സംസ്കരണ പദ്ധതികൾ തദ്ദേശീയമായിട്ടുള്ള ജനകീയ കമ്മിറ്റിയിലൂടെയോ രാഷ്ട്രീയ പാർട്ടികൾ

സംഘടിപ്പിക്കുന്ന ക്യാമ്പെയിനിലൂടെയോ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നടപ്പാക്കാവുന്നതാണ്.

(സി) മാലിന്യ സംസ്കരണം സ്വന്തം നിലയ്ക്ക് ഏർപ്പെടുത്താൻ കഴിയാത്ത സാധാരണക്കാർ, വൃദ്ധജനങ്ങൾ, ചേരിപ്രദേശത്തുള്ളവർ തുടങ്ങിയ വിഭാഗക്കാർ താമസിക്കുന്ന പ്രദേശങ്ങളിൽനിന്നും എല്ലാവിധ മാലിന്യങ്ങളും ശേഖരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ചുമതലയുള്ളത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിനാണ്. ആയതിലേയ്ക്കായി പൊതു മാലിന്യ സംസ്കരണ പ്ലാന്റുകൾ തദ്ദേശസ്വയംഭരണ സ്ഥാപനം മുഖേന സ്ഥാപിക്കാൻ നടപടി എടുക്കാവുന്നതാണ്. ഇത്തരത്തിൽ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി സമർപ്പിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആയതിനുള്ള അനുമതിയും അർഹമായ സാമ്പത്തിക സഹായവും അനുവദിച്ചുനൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**നഗരപ്രദേശങ്ങളിലെ അനധികൃത അറവുശാലകൾ**

127 (3411) ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരപ്രദേശങ്ങളിൽ അനധികൃത അറവുശാലകൾ വർദ്ധിച്ചു വരുന്നതിനെതിരെ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

(ബി) നഗര പ്രദേശങ്ങളിലെ അനധികൃത അറവുശാലകളിൽ അസുഖം വന്ന് ചത്ത അറവുമാടുകളെയും രോഗം ബാധിച്ച അറവുമാടുകളെയും മാംസാവശ്യങ്ങൾക്ക് യഥേഷ്ടം ഉപയോഗിക്കുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടും സർക്കാർതലത്തിൽ ഒരു നടപടിയും കൈക്കൊള്ളുന്നില്ല എന്ന ആക്ഷേപം കണക്കിലെടുത്തിട്ടുണ്ടോ ;

(സി) അന്യ സംസ്ഥാനങ്ങളിൽ നിന്നും പരിശോധന കൂടാതെ എത്തിക്കുന്ന രോഗബാധിത അറവുമാടുകളെ കശാപ്പു ചെയ്യുന്നതിന് മുമ്പ് ആരോഗ്യ പരിശോധന നടത്തുകയോ (കശാപ്പിനുശേഷം വലിച്ചെറിയുന്ന മാലിന്യങ്ങൾ രോഗം പരത്തുന്നതിനു മുമ്പ് സംസ്കരിക്കുന്നതിനായുള്ള നടപടിയോ കൈക്കൊണ്ടിട്ടുണ്ടോ) വിശദമാക്കാമോ ?

ഉത്തരം

(എ) അനധികൃത അറവുശാലകൾ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്നില്ലെന്ന്

ഉറപ്പുവരുത്താനും അവ കണ്ടെത്തുന്ന പക്ഷം കർശന നടപടി സ്വീകരിക്കുന്നതിനും എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) അനധികൃത അറവുശാകൾ നടത്തുന്നവർക്കെതിരെ നടപടി എടുക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനവും, മൃഗസംരക്ഷണ വകുപ്പും ഫുഡ് സേഫ്റ്റി കമ്മീഷണറും വഴിയാണ്. അനധികൃത അറവുശാലകൾക്കെതിരെ നടപടി മുകളിൽപ്പറഞ്ഞ ഏജൻസികൾ കൈക്കൊണ്ടുവരുന്നുണ്ട്. ആധുനിക അറവുശാലകളുടെ നിർമ്മാണത്തിനുവേണ്ട പ്രോത്സാഹനവും സാമ്പത്തിക സഹായവും നഗരസഭകൾക്ക് സർക്കാർ നൽകുന്നുണ്ട്. കശാപ്പിന് മുമ്പായി മൃഗങ്ങളുടെ പരിശോധനയ്ക്കും വേണ്ട നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഉണ്ട്. മൃഗസംരക്ഷണ വകുപ്പിലെ ഡോക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തി കശാപ്പ് മൃഗങ്ങളുടെ പരിശോധനയ്ക്ക് എല്ലാ നഗരസഭകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. 2012-ലെ കേരള നഗരപാലികാ നിയമപ്രകാരം മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ വലിച്ചെറിയുന്നവർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതുപ്രകാരം മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ വലിച്ചെറിയുന്നവർക്കെതിരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിച്ചു വരുന്നു.

**പൊതുനിരത്തുകളിലെ പരസ്യബോർഡുകൾ നീക്കം ചെയ്യാൻ നടപടി**

128 (3412) <u>ശ്രീ. കെ. എം. ഷാജി</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുനിരത്തുകളിലെ വൈദ്യുതി കാലുകളും പൊതുസ്ഥലങ്ങളും കയ്യേറി സ്ഥിപിച്ചിട്ടുള്ള പരസ്യബോർഡുകളും മറ്റും നീക്കം ചെയ്യുന്നതിനും നിരത്തുകൾ മനോഹരമാക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതു വഴി അധിക വരുമാനം നേടാൻ കഴിയുമെന്ന് കരുതുന്നുണ്ടോ ; എങ്കിൽ എപ്രകാരമാണ് പദ്ധതി നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) ഇതിലൂടെ ലഭിക്കുന്ന വരുമാനം എങ്ങനെ വിനിയോഗിക്കാനും ആർക്കൊക്കെ വീതിക്കാനുമാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. പൊതുനിരത്തുകൾ ആകർഷകമാക്കുന്നതിനായി പൊതുനിരത്തുകളിലും വൈദ്യുതി കാലുകളിലും പൊതുസ്ഥലങ്ങൾ കയ്യേറിയും സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ, നോട്ടീസുകൾ, ഫ്ളക്സ് ബോർഡുകൾ എന്നിവ നീക്കം ചെയ്തുകൊണ്ട് അവയ്ക്ക് ചുറ്റിലും നിശ്ചിത വലിപ്പത്തിൽ അലൂമിനിയം ക്ലാഡിംഗ് സ്ഥാപിച്ച്/ പെയിന്റ് ചെയ്ത് വൃത്തിയാക്കി നിശ്ചിത ഫീസ് ഈടാക്കിക്കൊണ്ട് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ/റോഡുകളുടെ പരിപാലന ചുമതലയുള്ളവർ എന്നിവരുടെ അനുമതിയോടെ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിനും അവയുടെ പരിപാലനത്തിനും അഞ്ചു വർഷത്തെ പ്രാഥമിക കാലയളവിലേയ്ക്ക് കെ.എസ്.ഇ.ബി.-യുമായി കരാറിലേർപ്പെട്ട് കൊണ്ട് തുടർനടപടികളെടുക്കുവാൻ ക്ലീൻ കേരള കമ്പനിയെ അധികാരപ്പെടുത്തി കൊണ്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി സർക്കാർ 6-11-2014-ൽ സ.ഉ. (കൈ.) നമ്പർ 194/2014/തസ്വഭവ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. പൊതുനിരത്തുകളിലും, ഇലക്ട്രിക് പോസ്റ്റുകളിലും അനധികൃതമായി സ്ഥാപിച്ചിരിക്കുന്ന പരസ്യ ബോർഡുകൾ നീക്കം ചെയ്ത് നിയമാനുസൃതം പരസ്യ ബോർഡുകൾ സ്ഥാപിക്കുവാൻ ക്ലീൻ കേരളാ കമ്പനിയെ അധികാരപ്പെടുത്തിയിട്ടുണ്ട്.

(സി) പരസ്യ നികുതി ഇനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന നികുതി കഴിച്ചുള്ള തുകയുടെ 20 ശതമാനം ഇലക്ട്രിസിറ്റി ബോർഡിന് ലഭ്യമാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## മുനിസിപ്പാലിറ്റികളുടെ രൂപീകരണം

129 (3413) ശ്രീ. മോൻസ് ജോസഫ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം എത്ര മുനിസിപ്പാലിറ്റികൾ ആണ് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ;

(ബി) ഏതൊക്കെ പഞ്ചായത്തുകളാണ് മുനിസിപ്പാലിറ്റികൾ ആയി ഉയർത്തണമെന്നാവശ്യപ്പെട്ട് പരിഗണനയിൽ ഉള്ളത് ; ഏതൊക്കെ പഞ്ചായത്തുകൾ കൂട്ടിച്ചേർക്കാൻ ഉദ്ദേശിക്കുന്നു ;

(സി) ഈ വർഷം എത്ര കോർപ്പറേഷനുകൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നു ; അവ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

(ബി) ബാധകമല്ല.

(സി) ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

**രാജീവ് ആവാസ് യോജന (ആർ.എ.വൈ.)**

130(3414) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജീവ് ആവാസ് യോജന (RAY)പദ്ധതി മുഖേന കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന ഭവനനിർമ്മാണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ;

(സി) ഇത് രൂപീകരിക്കുന്നതുമൂലം ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പിലും മറ്റും നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അധികാരം തുടർന്നും ലഭിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നഗരസഭകളിൽ പദ്ധതി നിർവ്വഹണത്തിനായി നിലവിൽ രൂപീകരിച്ചിട്ടുള്ള സാങ്കേതിക സെല്ലുകൾക്ക് കൂടുതൽ ഉത്തരവാദിത്വവും പങ്കാളിത്തവും നൽകി പദ്ധതി നിർവ്വഹണം കാര്യക്ഷമവും സമയബന്ധിതവുമായി നടപ്പിലാക്കുക എന്നതാണ് സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന്റെ ഉദ്ദേശ്യലക്ഷ്യം.

(സി) ലഭിക്കും. നഗരസഭയിൽ തെരഞ്ഞെടുക്കപ്പെട്ട ചേരികളിലുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് നഗരസഭകൾ തന്നെയായിരിക്കും. ആർ.എ.വൈ. പദ്ധതി നടപ്പിലാക്കുന്ന എല്ലാ നഗരങ്ങളിലും നഗരതല അവലോകന വിലയിരുത്തൽ സമിതി (സി.എൽ.ആർ.&എം.സി.) രൂപീകരിച്ചിട്ടുണ്ട്. നഗര അഗ്ലോമറേഷൻ തലത്തിൽ പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നത് ലീഡ് നഗരസഭയുടെ മേയർ/ചെയർപേഴ്സന്റെ അദ്ധ്യക്ഷതയിലുള്ള പ്രസ്തുത കമ്മിറ്റി ആയിരിക്കും.

**രാജാജി നഗറിലെ നിർമ്മാണ പ്രവർത്തനങ്ങൾ**

131 (3415) ശ്രീ. എസ്. ശർമ്മ :
ശ്രീ. ബി. സത്യൻ :
ശ്രീ. കോലിയക്കോട് എൻ കൃഷ്ണൻ നായർ :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന നഗരിയിൽ ഹൃദയഭാഗത്തുള്ള രാജാജി നഗറിൽ സർക്കാർ എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് എന്നറിയിക്കാമോ ;

(ബി) ഇതിന്റെ ഫലമായി പ്രദേശവാസികളെ കുടിയൊഴിപ്പിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ ; വ്യക്തമാക്കുമോ ;

(സി) രാജാജിനഗറിന്റെ വികസനത്തിന് നിലവിലുള്ള സ്ഥലം പര്യാപ്തമാണോ ;

(ഡി) നിലവിലുള്ള സ്ഥലം മറ്റാവശ്യങ്ങൾക്കായി റിയൽ എസ്റ്റേറ്റ് മാഫിയയ്ക്ക് മറിച്ച് നൽകുന്നതിന് ആശാസ്യമാണോ ; ഇത് സംബന്ധിച്ച് സർക്കാർ നിലപാട് അറിയിക്കുമോ ?

ഉത്തരം

(എ) രാജാജി നഗറിന്റെ സമഗ്ര വികസനത്തിനായി ആയിരത്തോളം ഫ്ലാറ്റുകളും വാണിജ്യ സമുച്ചയവും ഉൾപ്പെടുന്ന ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) നിലവിലുള്ള കാലപ്പഴക്കം ചെന്ന ഫ്ലാറ്റുകൾ പൊളിച്ചുമാറ്റി പുതിയവ നിർമ്മിക്കുന്നതിന് പ്രദേശവാസികളെ മാറ്റിപാർപ്പിക്കേണ്ടതുണ്ട്.

(സി) അതെ.

(ഡി) ഈ സ്ഥലം റിയൽ എസ്റ്റേറ്റ് മാഫിയയ്ക്ക് മറിച്ചു നൽകുന്നില്ല. ഫ്ലാറ്റ് നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള അർബൻ ഹൗസിംഗ് മിഷനും വാണിജ്യ സമുച്ചയം നിർമ്മിക്കുന്നതിനുള്ള സ്ഥലം പൊതുമേഖലാ സ്ഥാപനമായ കെ.യു.ആർ.ഡി.എഫ്.സി.-ക്കും കൈമാറുവാനാണ് ഉദ്ദേശിക്കുന്നത്. ഫ്ലാറ്റ് നിർമ്മിക്കുന്നതിന് വേണ്ടി വരുന്ന സ്ഥലത്തിന്റെ ബാക്കി വരുന്ന സ്ഥലത്ത് വാണിജ്യസമുച്ചയം നിർമ്മിച്ച് അതിൽനിന്നും ലഭിക്കുന്ന വരുമാനം ഉപയോഗിച്ച് ഫ്ലാറ്റിന്റെ നിർമ്മാണത്തിന് ചെലവാകുന്ന തുക തിരികെ അടയ്ക്കുവാനും ലക്ഷ്യമിടുന്നു.

## നഗരസഭാ പ്രദേശങ്ങളിലെ അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്ക്കരണം

132 (3416) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. എ. വാഹീദ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരസഭാ പ്രദേശങ്ങളിലെ ഗുരുതരമല്ലാത്ത അനധികൃത നിർമ്മാണങ്ങൾ പിഴ ഈടാക്കി ക്രമവത്ക്കരിക്കാൻ നടപടികൾ എടുത്തിട്ടുണ്ടോ ; വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) എന്തെല്ലാം കർശന നിബന്ധനകൾക്ക് വിധേയമായാണ് അനധികൃത നിർമ്മാണങ്ങൾ ക്രമവത്ക്കരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) നഗരസഭകളിൽ അനധികൃത നിർമ്മാണങ്ങൾ നടക്കാതിരിക്കാൻ എന്തെല്ലാം കർശന നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

### ഉത്തരം

(എ&ബി) ഉണ്ട്. 14-2-2014-ലെ ജി.ഒ. (എം എസ്.) 39/2014/ത.സ്വഭവ. നമ്പർ വിജ്ഞാപന പ്രകാരം 31-3-2013-ന മുൻപുള്ള കാലയളവിൽ കെട്ടിട നിയമം ലംഘിച്ച് നടത്തിയ നിർമ്മാണ പ്രവൃത്തികൾ ചില നിബന്ധനകൾക്ക് വിധേയമായി കോമ്പൗണ്ടിംഗ് ഫീസ് വസൂലാക്കി റഗുലറൈസ് ചെയ്ത് നൽകുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള 2014-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് (റഗുലറൈസേഷൻ ഓഫ് അൺഓതറൈസ്ഡ് കൺസ്ട്രക്ഷൻ) റൂൾസ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) കേരളാ മുനിസിപ്പാലിറ്റി ബിൽഡിംഗ് (റെഗുലറൈസേഷൻ ഓഫ് അൺഓതറൈസ്ഡ് കൺസ്ട്രക്ഷൻ) റൂൾസ്, 2014-ലെ ചട്ടം 5(2)-ലെ പ്രൊവിസോ പ്രകാരം, കേരളാ മുനിസിപ്പാലിറ്റി ആക്ട് 1994-ലെ 383-A വകുപ്പ്, ടൗൺ പ്ലാനിംഗ് ആക്ട് പ്രകാരം അംഗീകരിച്ച നഗരാസൂത്രണ പദ്ധതികൾ എന്നിവയ്ക്കു പുറമേ, എൻഷ്യന്റ് മോണുമെന്റ്സ് ആന്റ് ആർക്കിയോളജിക്കൽ സൈറ്റ്സ് ആന്റ് റിമെയിൻസ് ആക്ട് 1958-ഉം, ചട്ടങ്ങളും, കേരളാ കൺസർവേഷൻ ഓഫ് പാഡി

ആന്റ് വെറ്റ്ലാന്റ് ആക്ട് 2008, കേന്ദ്ര പരിസ്ഥിതി-വനം മന്ത്രാലയം നോട്ടിഫൈ ചെയ്തിട്ടുള്ള കോസ്റ്റൽ സോൺ റെഗുലേഷൻസ് തുടങ്ങിയവപോലുള്ള ബാധകമായ മറ്റുനിയമ വ്യവസ്ഥകൾ എന്നിവ പാലിക്കാത്ത അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷകൾ ശിപാർശ ചെയ്യാൻ പാടില്ലാത്തതാകുന്നു. കൂടാതെ, ടി ചട്ടങ്ങളിലെ അപ്പെൻഡിക്സ് II-ൽ പ്രതിപാദിക്കുന്ന കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചില സുരക്ഷാ വ്യവസ്ഥകളും പാലിക്കേണ്ടതുണ്ട് എന്നും ടി ചട്ടത്തിൽനിന്നും വ്യക്തമാകുന്നുണ്ട്. ടി ചട്ടങ്ങളിലെ ചട്ടം 3-ൽ പ്രതിപാദിക്കുന്ന വിധം ക്രമവൽക്കരിക്കുന്നതിന് അപേക്ഷ സമർപ്പിക്കേണ്ടതും, ചട്ടം 4 പ്രകാരം മുനിസിപ്പാലിറ്റിയിൽ അപേക്ഷ ഫീസ് ഒടുക്കേണ്ടതും, ചട്ടം 5 പ്രകാരമുള്ള നടപടിക്രമങ്ങൾ അപേക്ഷയിന്മേൽ സ്വീകരിക്കേണ്ടതുമുണ്ട്. അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് ഒടുക്കേണ്ട കോമ്പൗണ്ടിംഗ് ഫീസ് കണക്കാക്കേണ്ട വിധം ടി ചട്ടങ്ങളിലെ അപ്പെൻഡിക്സ് I-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് നടത്തുന്ന നിർമ്മാണങ്ങൾ കണ്ടുപിടിച്ച് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ നഗരസഭകളിലും അതാത് വാർഡിന്റെ/ പ്രദേശത്തിന്റെ ചുമതലയുള്ള പബ്ലിക് ഓവർസീയർ/ബിൽഡിംഗ് ഇൻസ്പെക്ടർമാർ ബാദ്ധ്യസ്ഥരാകുന്നു. അവധി ദിവസങ്ങളിൽ നടക്കുന്ന അനധികൃത നിർമ്മാണങ്ങൾ കണ്ടുപിടിക്കുവാൻ പ്രത്യേക സ്ക്വാർഡിനെ/ജീവനക്കാരനെ നിയോഗിച്ച് പരിശോധനകൾ നടത്തുവാൻ നഗരസഭാ തലങ്ങളിലും ഇതിനുപുറമെ അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിൽ ഒരു വിജിലൻസ് വിഭാഗം ചീഫ് ടൗൺ പ്ലാനറുടെ നേതൃത്വത്തിൽ പ്രത്യേക വിംഗ് രൂപീകരിച്ചും കർശന നടപടികൾ കൈക്കൊണ്ടുവരുന്നു.

**ബൃഹത്തായ നഗരവികസന പദ്ധതികൾ**

133 (3417) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബൃഹത്തായ നഗരവികസന പദ്ധതികൾക്കായി വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ആവശ്യമായ തനതു ഫണ്ടും സങ്കേതിക ക്ഷമതയും നഗരസഭകൾക്കില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിനാവശ്യമായ സങ്കേതിക സഹായം നൽകുന്നതിന് സർക്കാർതലത്തിൽ ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ആരുടെയൊക്കെ സഹായമാണ് പ്രസ്തുത പദ്ധതിക്കായി പ്രയോജനപ്പെടുത്തുന്നത് ;

(ഡി) എത്ര കോടി രൂപയാണ് പ്രസ്തുത പ്രവർത്തനങ്ങൾക്ക് അനുവദിച്ചിട്ടുള്ളത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) നഗരവികസനവുമായി ബന്ധപ്പെട്ട സമസ്ത മേഖലകളുടേയും ദീർഘകാല വികസനം മുന്നിൽ കണ്ടുകൊണ്ടുള്ള വിശദവും യോഗ്യവുമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് നഗരസഭകൾക്ക് സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നതിനായി 'അർബൻ 2020' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(സി) ഇതിലേയ്ക്കായി 31 കൺസൾട്ടൻസി സ്ഥാപനങ്ങളെ തെരഞ്ഞെടുത്ത് എംപാനൽ ചെയ്തിട്ടുണ്ട്. നഗരസഭകൾക്ക് ഈ കൺസൾട്ടൻസി സ്ഥാപനങ്ങളുടെ സഹായം പ്രയോജനപ്പെടുത്താവുന്നതാണ്.

(ഡി) ഈ പദ്ധതിക്ക് നിലവിൽ തുകയൊന്നും നൽകിയിട്ടില്ല.

**ചാലക്കുടി നോർത്ത് ബസ് സ്റ്റാന്റ്**

134 (3418) ശ്രീ. ബി. ഡി. ദേവസ്സി : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം. എൽ. എ.-യുടെ പ്രാദേശിക വികസന ഫണ്ടിൽനിന്നും 25 ലക്ഷം രൂപ അനുവദിച്ച്, ചാലക്കുടി മുനിസിപ്പാലിറ്റിയിൽ പണി കഴിച്ച ചാലക്കുടി നോർത്ത് ബസ് സ്റ്റാന്റ് ഇനിയും പ്രവർത്തനം ആരംഭിയ്ക്കാത്തതു മൂലം ജനങ്ങൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചാലക്കുടി പട്ടണത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനും നഗരത്തിന്റെ വികസനത്തിന് സഹായകരവുമായ പ്രസ്തുത ബസ് സ്റ്റാന്റ് തുറന്നു പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നോർത്ത് ബസ് സ്റ്റാന്റ് തുറന്ന് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ചാലക്കുടി എം.എൽ.എ.യുടെ വികസന ഫണ്ടിൽനിന്നും അനുവദിച്ച 25 ലക്ഷം രൂപ ഉപയോഗിച്ച് നോർത്ത് ബസ് സ്റ്റാന്റ് യാർഡ് മെറ്റലിംഗ്, ബസ് ഷെൽട്ടർ, ഡ്രെയിൻ എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കാൻ വൈദ്യുതി കണക്ഷൻ, പുറമ്പോക്ക് തോട് സൈഡ് കെട്ടി കവറിംഗ് സ്ലാബ് സ്ഥാപിക്കുന്ന പ്രവൃത്തി എന്നിവ കൂടി പൂർത്തീകരിച്ചാൽ ബസ്

സ്റ്റാന്റിനാവശ്യമായ എല്ലാ ഭൗതിക സാഹചര്യങ്ങളും ആകും. ടി പ്രവൃത്തികൾക്കായി 2014-15 വർഷത്തെ പദ്ധതിയിൽ തുക വകയിരുത്തി നഗരസഭ നടപടി സ്വീകരിച്ചിട്ടുണ്ട്. 2.5 ഏക്കർ സ്ഥലം ആവശ്യമായ ബസ് സ്റ്റാന്റിന് നഗരസഭയുടെ ഉടമകളിൽനിന്നും ഉപാധി രഹിതമായി വിട്ടുകിട്ടുന്നതിനും 24 സെന്റ് സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**വൈപ്പിൻ മണ്ഡലത്തിൽ ജിഡ ഫണ്ട് പ്രവൃത്തികൾ**

135 (3419) <u>ശ്രീ. എസ്. ശർമ്മ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പിൻ മണ്ഡലത്തിൽ ജിഡ ഫണ്ട് ഉപയോഗിച്ച് നടന്നുവരുന്ന പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ ?

933/2019 <u>ഉത്തരം</u>

(എ&ബി) വൈപ്പിൻ മണ്ഡലത്തിൽ ജിഡ ഫണ്ടുപയോഗിച്ച് നടത്തുന്ന പ്രവൃത്തികളുടെ പുരോഗതി ചുവടെ ചേർക്കുന്നു:

I. <u>കുടിവെള്ള പദ്ധതി</u> : (a) എളംകുന്നപ്പുഴ, ഞാറക്കൽ, നായരമ്പലം

- ഈ പ്രദേശങ്ങളിലേയ്ക്കുള്ള വിതരണ ശൃംഖലയിൽ II സബ് സോണുകൾ ഉണ്ട്. ഇവയിൽ വൈപ്പിൻ-പള്ളിപ്പുറം റോഡിന്റെ പടിഞ്ഞാറുഭാഗത്ത് സോൺ II - (എ)-യിൽ 80% ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്.
- പൈപ്പ് ലൈനുകൾ സ്ഥാപിച്ച് പൂർത്തീകരിച്ച ഭാഗങ്ങളിൽ അറ്റകുറ്റപ്പണികൾ ബന്ധപ്പെട്ട വാട്ടർ സപ്ലൈ ഡിവിഷന്റെ ചുമതലകളിൽ നടത്തപ്പെടുന്നു.
- ഈ പ്രദേശത്തെ പദ്ധതിയിൽ 3 ടാങ്കുകളാണ് ഉദ്ദേശിച്ചിട്ടുള്ളത്.
- മാലിപ്പുറം ടാങ്ക് നിർമ്മാണം പൂർത്തിയായി.
- മുരിക്കും പാടത്ത് ടാങ്ക് നിർമ്മാണ കരാറുകാരന് പിഴയോട് കൂടി രണ്ടാം തവണ സമയം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.
- ഞാറയ്ക്കൽ ടാങ്ക് നിർമ്മാണ കരാറുകാരന് പിഴയോടുകൂടി ഒരു തവണ സമയം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

- പദ്ധതി മേയ് 2015-ഓടെ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(b) കുടിവെള്ള പദ്ധതി: കടമക്കുടി കടമക്കുടി പദ്ധതിയിലെ പിഴല ടാങ്ക് നിർമ്മാണത്തിന്റെ കാലാവധി 30-5-2015 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു.

II. കുടിവെള്ള പദ്ധതി: എടവനക്കാട്, കുഴുപ്പിള്ളി പഞ്ചായത്ത്. പദ്ധതി 90% പൂർത്തീകരിച്ചു. ഉപരിതല ടാങ്കിന്റെ നിർമ്മാണവും 90% പൂർത്തിയായിട്ടുണ്ട്.

- പദ്ധതി 2014 ഡിസംബർ അവസാനത്തോടുകൂടി ട്രയൽ റൺ നടത്തുന്നതിന് ഉദ്ദേശിക്കുന്നു.

III. മുളവുകാട് റോഡ് വികസനം :

- പദ്ധതി നിർമ്മാണത്തിന് കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.
- ഒന്നാം ഘട്ടം -2 1/2 കി.മീ. നിർമ്മാണം പൂർത്തിയായി.
- രണ്ടാം ഘട്ടം-2 1/2 കി.മീ. സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. അതോടൊപ്പം സ്ഥലം ഉടമകളുടെ തടസ്സവാദങ്ങളും നിലനില്ക്കുന്നുണ്ട്.

IV. വൈപ്പിൻ - മുനമ്പം തീരദേശ പാത നിർമ്മാണം:

- 3 റീച്ചുകളായി തിരിച്ചിരിക്കുന്നു.
- ഇതിൽ രണ്ടാം റീച്ചിൽ 30% ജോലികൾ പൂർത്തീകരിച്ചു. പരിസരവാസികളുടെ തടസ്സവാദങ്ങൾ കാരണം ജോലികൾ നിർത്തിവച്ചിരിക്കുകയാണ്.
- ഒന്നും മൂന്നും റീച്ചുകളുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല.

V. കോതാട് - ചേന്നൂർ പാലം നിർമ്മാണം: സ്ഥലം ഏറ്റെടുക്കൽ നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്.

VI. ചെറായി ദേവസ്വം നട ബൈപ്പാസ് നിർമ്മാണം :- കിറ്റ്കോ സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റും സർവേ വിവരങ്ങളും ജിഡ ജനറൽ

കൗൺസിലിന്റേയും സർക്കാരിന്റേയും അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് പരിഗണിക്കുന്നു. ഇതുസംബന്ധിച്ച് ഒരു പരാതിയും ലഭിച്ചിട്ടുണ്ട്.

VII. മൂലമ്പിള്ളി - ചാത്തനാട് റോഡ് പദ്ധതി:

- മൂലമ്പിള്ളി - പിഴല പാലങ്ങളും അനുബന്ധ റോഡുകളും.
- ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് എഗ്രിമെന്റ് വച്ചു.
- സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു.
- വലിയകടമക്കുടി - ചാത്തനാട് പാലവും അനുബന്ധ റോഡുകളും
- പാലത്തിന്റെ 11 പില്ലറുകളിൽ 9 എണ്ണം പൂർത്തീകരിച്ചു. 2 ബീമുകൾ കാസ്റ്റ് ചെയ്തുകഴിഞ്ഞു. ബാക്കി ജോലികൾ പുരോഗമിക്കുന്നു. സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കാത്തതിനാൽ, പ്രസ്തുത ഭാഗത്തുള്ള അബട്ട്മെന്റുകളുടേയും 2 പില്ലറുകളുടെയും ജോലികൾ ആരംഭിച്ചിട്ടില്ല.
- സ്ഥലം മുഴുവൻ ഏറ്റെടുത്താൽ മൂലമ്പിള്ളി-പിഴല പാലത്തിന്റെ പണി 20 മാസത്തിനകവും വലിയ കടമക്കുടി- ചാത്തനാട് പാലത്തിന്റെ പണി 24 മാസനത്തിനകവും പൂർത്തീകരിക്കാനാകുമെന്ന് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്.

VIII. വൈപ്പിൻ - മുനമ്പം റോഡിലെ 8 പാലങ്ങളുടെ പുനർ നിർമ്മാണം:

- 6 പാലങ്ങളുടെ പുനർ നിർമ്മാണം പൂർത്തീകരിച്ച് ഗതാഗതയോഗ്യമാക്കി.
- 2 പാലങ്ങൾക്കുവേണ്ടിയുള്ള സ്ഥലമെടുപ്പ് പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ നിർമ്മാണം തടസ്സപ്പെട്ടിരിക്കുകയാണ്.

IX. പിഴല – ചേന്നൂർ-ചരിയം തുരുത്ത് റോഡ് പദ്ധതി:

- പദ്ധതി പൊതുമരാമത്ത് വകുപ്പിനെ ഏല്പിച്ചിട്ടുണ്ട്.
- സർവേ ജോലികൾ സ്പെഷ്യൽ തഹസീൽദാർ (എൽ.എ.)

വഴി നടത്തിവരുന്നു.

- ടി റോഡിലെ 2 പാലങ്ങളുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി. റോഡുകളുടെ എസ്റ്റിമേറ്റും മൂന്നാമത്തെ പാലത്തിന്റെ എസ്റ്റിമേറ്റും തയ്യാറാക്കി വരുന്നു.

X. വല്ലാർപാടം ദ്വീപ് സംരക്ഷണ ഭിത്തിയും ബണ്ടുനിർമ്മാണവും:

- പദ്ധതി ഇറിഗേഷൻ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും സാങ്കേതിക അനുമതികൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## നഗരങ്ങളിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ

136(3420) ശ്രീ. സി. മമ്മൂട്ടി : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി കോഴിക്കോട് നഗരത്തിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കി വരുന്നു.

(ബി) ഉണ്ട്.

(സി) പ്ലാന്റിന്റെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ അവസാന ഘട്ടത്തിലാണ്. മലിനജല ശൃംഖലയുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു.

**നഗരമാലിന്യ സംസ്കരണം**

137 (3421) <u>ശ്രീ. കെ. അജിത്</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരമാലിന്യ സംസ്കരണത്തിന് സംസ്ഥാന സർക്കാർ എന്തെല്ലാം പദ്ധതികളാണ് ഇതുവരെ നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) നഗരങ്ങളിലെ വലിയൊരളവുവരെ മാലിന്യങ്ങൾക്ക് കാരണമാകുന്ന പ്രധാനഹോട്ടലുകൾ, ആശുപത്രികൾ എന്നിവയിൽ നിന്നുണ്ടാകുന്ന മാലിന്യങ്ങളെ സംബന്ധിച്ച് എന്തു സമീപമാണ് മാലിന്യസംസ്കരണകാര്യത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 64 നഗരസഭകളിൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി 28.10 കോടി രൂപയും മാലിന്യ സംസ്കരണ പ്ലാന്റുകൾ നിലവിലില്ലാത്ത നഗരസഭകളിൽ പുതിയ പ്ലാന്റുകൾ സ്ഥാപിക്കുന്നതിലേയ്ക്കും നിലവിലുള്ള പ്ലാന്റുകൾ ആധുനികവത്ക്കരിക്കുന്നതിലേയ്ക്കും വേണ്ടി 28.62 കോടി രൂപയും നഗരസഭകൾക്ക് സർക്കാർ സാമ്പത്തിക സഹായമായി കൈമാറിയിട്ടുണ്ട്. മാലിന്യം ഉറവിടത്തിൽത്തന്നെ തരംതിരിക്കാനും ജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്കരിക്കാനും നടപടി എടുക്കുന്നതിന് സമൂഹത്തിലെ വിവിധ വിഭാഗങ്ങളുടെ സഹകരണം ഉറപ്പാക്കുന്നതിനുള്ള വ്യാപകമായ പ്രചരണ പരിപാടികളാണ് ഇപ്പോൾ നടത്തിവരുന്നത്.

(ബി) 2012-ലെ കേരള നഗരപാലിക ചട്ടത്തിലെ ഭേദഗതി പ്രകാരം ഹോട്ടലുകളിലും ആശുപത്രികളിലും മറ്റ് വാണിജ്യ സ്ഥാപനങ്ങളിലും ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യം സംസ്കരിക്കുന്നതിനുള്ള ചുമതല ബന്ധപ്പെട്ട സ്ഥാപന ഉടമകളുടെ ചുമതലയാണ്. ആയതുപ്രകാരം വൻകിട ഹോട്ടലുകളിൽ ഉറവിടങ്ങളിൽത്തന്നെ മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിച്ച് പരിപാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്തം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും ആശുപത്രികളിലെ മാലിന്യം മാലിന്യ ഉല്പാദകർ നേരിട്ടോ പൊതുമാലിന്യ സംസ്കരണം ഉപയോഗപ്പെടുത്തി കൂട്ടായോ നിർമ്മാർജ്ജനം ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്തം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലും നിക്ഷിപ്തമാണ്.

**മുനിസിപ്പാലിറ്റികളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ പദ്ധതി**

138 (3422) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ഡി. സതീശൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുനിസിപ്പാലിറ്റികളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എത്ര മുനിസിപ്പാലിറ്റികളാണ് പ്രസ്തുത പദ്ധതി അനുസരിച്ച് നടപടികൾ സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(സി) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുക എന്ന ലക്ഷ്യത്തോടെ 'മാസ്റ്റർ പ്ലാനുകളും വിശദ നഗരാസൂത്രണ പദ്ധതികളും തയ്യാറാക്കുന്നതിനുള്ള സ്കീം' സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. മുൻകാലങ്ങളിൽ സർക്കാർ അംഗീകരിച്ച പ്ലാനുകൾ ഉള്ള മുനിസിപ്പാലിറ്റികളിൽ അവ കാലാനുസൃതമായി പുതുക്കി തയ്യാറാക്കുന്നതും നിലവിൽ മാസ്റ്റർ പ്ലാനുകൾ ഇല്ലാത്ത മുനിസിപ്പാലിറ്റികൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. പദ്ധതി നടപ്പാക്കുന്നതിനായി ഈ സാമ്പത്തിക വർഷം 2217-08-001-64 എന്ന ശീർഷകത്തിൽ 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ 65 മുനിസിപ്പാലിറ്റികളെയും (5 മുനിസിപ്പൽ കോർപ്പറേഷനുകളും 60 മുനിസിപ്പൽ കൗൺസിലുകളും) രണ്ടുഘട്ടങ്ങളിലായി നടപ്പാക്കുന്ന ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സമയബന്ധിതമായി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന്റെ ആവശ്യത്തിലേയ്ക്കായി സർക്കാർ വിശദമായ മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ജി.ഒ.(ആർ.ടി) നമ്പർ 2766/2009/എൽ.എസ്.ജി.ഡി. തീയതി 24-10-2009, ജി.ഒ.(ആർ.ടി) നമ്പർ 2767/2009/എൽ.എസ്.ജി.ഡി. തീയതി 24-10-2009

എന്നിവ മാർഗ്ഗരേഖ പ്രകാരം അതത് നഗരസഭകളും നഗര ഗ്രാമാസൂത്രണ വകുപ്പും സംയോജിതമായാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടത്. നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്ന പ്രവൃത്തിയുടെ പുരോഗതി ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്) തുടർച്ചയായി വിലയിരുത്തുന്നുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നാല് അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. വകുപ്പ് മന്ത്രി മൂന്ന് പ്രാവശ്യം നഗരങ്ങൾക്ക് മാസ്റ്റർപ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുകയുണ്ടായി. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രക്രിയ വിശദമാക്കുന്നതിന് വിവിധ പരിശീലന പരിപാടികൾ വർക്ക്ഷോപ്പുകൾ എന്നിവ നഗര-ഗ്രാമാസൂത്രണ വകുപ്പ് നടത്തുന്നുണ്ട്. കൂടാതെ മാസ്റ്റർ പ്ലാൻ സമയബന്ധിതമായി തയ്യാറാക്കുന്നതിന് സഹായകമാകുംവിധം ടൂൾ കിറ്റുകൾ, ലഘുലേഖകൾ, പഠനസഹായികൾ എന്നിവയും തയ്യാറാക്കിയിട്ടുണ്ട്.

**പാർട്ണർ കേരള മിഷൻ**

139(3423) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാർട്ണർ കേരള മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(ബി) പ്രസ്തുത മിഷൻ രൂപീകരിച്ചതെന്നാണ് പ്രസ്തുത മിഷന്റെ നാളിതു വരെയുള്ള പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ ;

(സി) പൊതുസ്വാകാര്യ പങ്കാളിത്തത്തോടെ പ്രാദേശിക സർക്കാരുകൾ പദ്ധതികൾ നടപ്പാക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത മിഷന് നാളിതുവരെ എത്ര കോടി രൂപയുടെ പദ്ധതികളാണ് ഏറ്റെടുക്കാൻ തയ്യാറായി നിക്ഷേപകർ മുന്നോട്ടുവന്നിട്ടുള്ളത് എന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പൊതുസ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ കണ്ടെത്തിയ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സഹായിക്കുക എന്നതാണ് പാർട്ണർ

കേരള മിഷന്റെ ഉദ്ദേശ്യലക്ഷ്യം.

(ബി) 2014 സെപ്റ്റംബർ 27-ാം തീയതിയാണ് പാർട്ണർ കേരള മിഷൻ നിലവിൽ വന്നത്. മിഷന്റെ നാളിതുവരെയുള്ള പ്രവർത്തന പുരോഗതി താഴെപ്പറയുന്നു:

1. മിഷന്റെ ട്രാൻസാക്ഷൻ അഡ്വൈസറായി M/s KITCO-യെ നിയമിച്ചിട്ടുണ്ട്. 40 പ്രോജക്ടുകൾ പഠനം നടത്തുന്നതിനായി അവരെ ഏൽപ്പിച്ചിട്ടുണ്ട്.

2. ട്രാൻസാക്ഷൻ അഡ്വൈസർ എല്ലാ പ്രോജക്ടുകളുടെയും സ്ഥല പരിശോധനയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബന്ധപ്പെട്ട അധികാരികളുമായി വിശദമായി ചർച്ച നടത്തി സാധ്യതാ പഠനവും തുടർനടപടികളും നടത്തിവരികയാണ്.

3. പൊതുസ്വകാര്യ പങ്കാളിത്ത പദ്ധതികൾ നടപ്പിലാക്കുന്നതിന് വേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരികളെ പ്രാപ്തരാക്കുന്നതിനായി ഒന്നാംഘട്ടത്തിൽ സർക്കാർ അംഗീകരിച്ച കോർ കമ്മിറ്റി അംഗങ്ങൾക്ക് ഇക്കാര്യത്തിൽ വിശദമായ പരിശീലനം നൽകിക്കഴിഞ്ഞിട്ടുണ്ട്.

4. ഒന്നാംഘട്ടത്തിൽ പദ്ധതികൾ നടപ്പിലാക്കുന്ന തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർക്കും ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും പരിശീലനം നൽകി.

5. പൊതുസ്വകാര്യ പങ്കാളിത്ത പദ്ധതികളുടെ സാധ്യതകളും പ്രയോജനങ്ങളും മാധ്യമപ്രവർത്തകർ ഉൾപ്പെടെയുള്ളവർക്ക് വിശദീകരിച്ചു നൽകുന്നതിന് ഒരു മധ്യമ സെമിനാർ സംഘടിപ്പിക്കുകയുണ്ടായി.

6. ഒന്നാംഘട്ടത്തിൽ നടപ്പിലാക്കുന്നതിനായി നിശ്ചയിക്കപ്പെട്ടിട്ടുള്ള പദ്ധതികളുടെ സാധ്യതാപഠന റിപ്പോർട്ട് പൂർത്തിയായി വരുന്നു. ഈ പദ്ധതികളുടെ ആർ.എഫ്.ക്യൂ. ക്ഷണിക്കുന്നതിനുള്ള നടപടികൾ ഉടൻ പൂർത്തീകരിക്കുന്നതാണ്.

(സി) പ്രാദേശിക സർക്കാരുകൾ പദ്ധതികൾ നടപ്പാക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ താഴെപ്പറയുന്നു :

(1) പൊതുസ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതികൾ ഏറ്റെടുക്കുന്നതിനുള്ള തീരുമാനം പ്രാദേശിക സർക്കാരുകൾ കൈക്കൊള്ളണം.

(2) ബാദ്ധ്യതാരഹിത ഭൂമി ലഭ്യമാക്കണം.

(3) പൊതുസ്വകാര്യ പങ്കാളിത്ത പ്രവർത്തനത്തിന് ഉദ്ദേശിക്കുന്ന ഭൂമി മറ്റ് ആവശ്യങ്ങൾക്ക് അനുവദിക്കപ്പെട്ടതാകരുത്.

(4) ഭൂമിയുടെ ഉടമസ്ഥാവകാശം പ്രാദേശിക സർക്കാരുകളിൽ നിക്ഷിപ്തമായിരിക്കണം.

(5) സാമ്പത്തികമായി സ്വയം നിലനിൽക്കുന്ന പദ്ധതികൾ മാത്രമേ ഒന്നാംഘട്ടത്തിൽ ഏറ്റെടുക്കാവൂ.

(6) എല്ലാ എഗ്രിമെന്റുകളും പ്രാദേശിക സർക്കാരുകളുടെ പേരിലായിരിക്കണം.

(7) പദ്ധതിയുടെ നടത്തിപ്പിനായി എല്ലാ പ്രാദേശിക സർക്കാരുകളിലും ഒരു കോർ കമ്മിറ്റി രൂപീകരിക്കണം.

(8) പദ്ധതികൾക്കുള്ള RFQ-വും RFP-യും സർക്കാർ അംഗീകരിച്ച മോഡലിൽ ആയിരിക്കണം.

(9) പദ്ധതി നടത്തുന്നതിനായുള്ള നിക്ഷേപകരെ കണ്ടെത്തുന്നത് മത്സരാധിഷ്ഠിത ദർഘാസുകളിലൂടെയായിരിക്കണം.

(10) സർക്കാരിന്റെ പ്രത്യേക അനുമതിയിലൂടെ മാത്രമേ 'Swiss Challenge' Method പ്രാവർത്തികമാക്കാവൂ.

(11) 25 വർഷമായിരിക്കും കൺസെഷൻ കാലാവധി.

(12) പദ്ധതികൾക്കോ പദ്ധതി നിർവ്വഹണത്തിനോ സർക്കാർ ഗ്യാരന്റി നൽകുന്നതല്ല.

(ഡി) സാധ്യതാപഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള RFQ പ്രസിദ്ധീകരിച്ച് പരിശോധിക്കുന്ന മുറയ്ക്ക് മാത്രമേ എത്ര കോടി രൂപയുടെ പദ്ധതിയുണ്ടെന്ന് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ.

## പാർട്ണർ കേരള മീറ്റ്

140 (3424) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാർട്ണർ കേരള മീറ്റിൽ എന്ത് തുകയുടെ പദ്ധതികൾക്കാണ്

അംഗീകാരം ലഭിച്ചത് ; വിശദമാക്കാമോ ;

(ബി) ഇതിൽ ആദ്യഘട്ടം നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാം ; ഏതെല്ലാം നഗരസഭകളിലും മുനിസിപ്പാലിറ്റികളിലുമാണ് പദ്ധതികൾ നടപ്പിലാക്കുന്നത് ; ഓരോ പദ്ധതിയുടെയും അടങ്കൽ തുക എത്രയാണ് ; വിശദമാക്കാമോ ;

(സി) ഈ പദ്ധതികൾക്ക് ധനകാര്യവകുപ്പ് അംഗീകാരം നൽകിയിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) സംഗമത്തിൽ ഉദ്ദേശം 400-ൽപ്പരം നിക്ഷേപകർ പങ്കെടുക്കുകയും ഇവരുടെ മുമ്പാകെ വിവിധ കോർപ്പറേഷൻ/നഗരസഭകൾ തയ്യാറാക്കിയ 6400 കോടി രൂപയുടെ 90 പദ്ധതികൾ അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് ഈ സംഗമത്തിൽവച്ച് 104 നിക്ഷേപകർ 4868.79 കോടി രൂപ നിക്ഷേപ സാധ്യതയുള്ള 80 പദ്ധതികൾ നടത്തുന്നത് സംബന്ധിച്ച് തുടർ ചർച്ചകൾ ആകാമെന്ന് ബന്ധപ്പെട്ട നഗരസഭകൾക്ക് ഉറപ്പുനൽകുകയുണ്ടായി.

(ബി) ഒന്നാം ഘട്ടത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.* സാധ്യതാപഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള RFQ തയ്യാറാക്കുമ്പോൾ മാത്രമേ അടങ്കൽതുക നിശ്ചയിക്കുവാൻ സാധിക്കുകയുള്ളൂ.

(സി) കൺസെഷൻ എഗ്രിമെന്റ് ഉൾപ്പടെയുള്ള ആർ.എഫ്.പി.-യുടെ അംഗീകാരമാണ് ധനകാര്യവകുപ്പിൽനിന്നും ലഭിക്കേണ്ടത്. ഇതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ദേശീയ ന്യൂനപക്ഷ കമ്മീഷനംഗത്തിന്റെ കേരള സന്ദർശനം**

141 (3425) <u>ശ്രീ. എം. ഹംസ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിന്റെ ചുമതലയുള്ള ദേശീയ ന്യൂനപക്ഷ കമ്മീഷനംഗം എന്നാണ് കേരളം സന്ദർശിച്ചത് ; ഏതെല്ലാം ഔദ്യോഗിക പരിപാടികളിൽ സംബന്ധിച്ചു വിശദാംശം ലഭ്യമാക്കുമോ ;

(ബി) ന്യൂനപക്ഷ ക്ഷേമങ്ങൾക്കായുള്ള പ്രധാനമന്ത്രിയുടെ പതിനഞ്ചിന പരിപാടിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി എന്ന് വ്യക്തമാക്കാമോ ; ഇതിന് നേതൃത്വം നൽകുന്നത് ആരാണ് ;

(സി) ദേശീയ ന്യൂനപക്ഷ കമ്മീഷനോട് കേരളം എന്തെല്ലാം ആവശ്യങ്ങളാണ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉന്നയിച്ചത് ; വിശദാംശം ലഭ്യമാക്കാമോ ;

(ഡി) ന്യൂനപക്ഷ കമ്മീഷന്റെ കേരളത്തെ സംബന്ധിച്ച നിഗമനം എന്തെല്ലാമായിരുന്നു എന്ന് വെളിപ്പെടുത്തുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 19-11-2014

(1) 20-11-2014-ന് രാവിലെ 10 മണി മുതൽ 11 മണിവരെ ബഹു. ന്യൂനപക്ഷ ക്ഷേമവും നഗരകര്യവും മന്ത്രിയുമായി തിരുവനന്തപുരം സെക്രട്ടേറിയറ്റിലെ സൗത്ത് സാൻവിച്ച് ബ്ലോക്കിൽ വച്ച് കൂടിക്കാഴ്ച നടത്തി.

(2) 11.30 മണി മുതൽ ശ്രീ. ഇ. കെ. ഭരത് ഭൂഷൺ, ചീഫ് സെക്രട്ടറിയുമായി സെക്രട്ടേറിയറ്റിൽവച്ച് കൂടിക്കാഴ്ച നടത്തി.

(3) ഉച്ചയ്ക്ക് 12 മണിക്ക് തിരുവനന്തപുരം ജില്ലാകളക്ടറായ ശ്രീ. ബിജുപ്രഭാകറുമായി ജില്ലാകളക്ടറേറ്റിൽ വച്ച് കൂടിക്കാഴ്ച നടത്തി.

(4) വൈകിട്ട് 3 മണിക്ക് കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചെയർമാനായ അഡ്വ. എം. വീരാൻകുട്ടിയുമായും കമ്മീഷൻ അംഗങ്ങളുമായും കൂടിക്കാഴ്ച നടത്തി.

(5) വിമൻസ് മുസ്ലീം അസോസിയേഷനുമായി തിരുവനന്തപുരത്ത് കൂടിക്കാഴ്ച നടത്തി.

(6) 21-11-2014-ന് 11 മണിക്ക് എറണാകുളം ജില്ലാകളക്ടറുമായി കളക്ടറേറ്റിൽവച്ച് കൂടിക്കാഴ്ച നടത്തി.

(7) 22-11-2014-ന് ഉച്ചയ്ക്ക് 1 മണിക്ക് വയനാട് ജില്ലാകളക്ടറുമായി മീറ്റിംഗ് നടത്തി. ബഹുമുഖ പദ്ധതികൾ നടപ്പിലാക്കുന്ന പ്രദേശങ്ങളായ പാടിച്ചിറ കുടിവെള്ള പദ്ധതി, ബത്തേരി താലൂക്ക് ഹോസ്പിറ്റൽ, പ്രാഥമിക ആരോഗ്യ സബ്സെന്റർ എന്നിവിടങ്ങളിൽ അവർ സന്ദർശനം നടത്തി.

(ബി) പ്രധാനമന്ത്രിയുടെ 15 ഇന പരിപാടിയുടെ ഭാഗമായുള്ള വിവിധ പദ്ധതികൾ വിവിധ വകുപ്പുകൾവഴി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന സാഹചര്യത്തിൽ ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന സ്വീകരിച്ച നടപടി വിവരണങ്ങൾ താഴെ ചേർക്കുന്നു:

1. ഉറുദു ഭാഷാപഠനം

2012-2013 വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉറുദു ഐച്ഛിക വിഷയമായെടുത്ത് എല്ലാവിഷയങ്ങൾക്കും എ+ നേടിയ സംസ്ഥാനത്തെ 78 വിദ്യാർത്ഥികൾക്ക് 1000 രൂപ ക്യാഷ് അവാർഡ് നൽകിയിട്ടുണ്ട്. ഉറുദു ഭാഷയുടെ പരിപോഷണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഉറുദു അക്കാദമി സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരികയാണ്.

2. മൗലാന ആസാദ് ഫൗണ്ടേഷൻ മുഖേനെയുള്ള വിദ്യാഭ്യാസ പദ്ധതികളുടെ നവീകരണം

ഈ ഫൗണ്ടേഷന്റെ വിവിധ പദ്ധതികളെ സംബന്ധിച്ചുള്ള വിവരങ്ങൾ www.minoritywefare.kerala.gov.in എന്ന വെബ്സൈറ്റിൽ അപ് ലോഡ് ചെയ്തിട്ടുണ്ട്.

3. സംസ്ഥാന-കേന്ദ്ര സർവ്വീസുകളിലെ നിയമനം

സംസ്ഥാന-കേന്ദ്ര സർക്കാർ/അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ പ്രാതിനിധ്യം ആനുപാതികമായി നിലനിർത്തുന്നതിന് സഹായകമായിട്ടുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു. ഇതിലേയ്ക്കായി സംസ്ഥാനത്തൊട്ടാകെ വിവിധ മത്സര പരീക്ഷകൾക്കായുള്ള സൗജന്യ പരിശീലന ക്ലാസ്സുകൾക്ക് വേണ്ടി സജ്ജീകരിച്ചിട്ടുള്ള മുസ്ലീം യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രങ്ങളിലൂടെ ന്യൂനപക്ഷ ഉദ്യോഗാർത്ഥികൾക്ക് വേണ്ട പരിശീലനം നൽകിവരുന്നു. സംസ്ഥാനത്ത് ഇതിനകം തന്നെ 16 പരിശീലന കേന്ദ്രങ്ങളും 21 ഉപകേന്ദ്രങ്ങളും ആരംഭിച്ചിട്ടുണ്ട്.

4. മദ്രസ നവീകരണ പദ്ധതികൾ

മദ്രസ അദ്ധ്യാപകരുടെ സാമൂഹിക-സാമ്പത്തിക അവസ്ഥ മെച്ചപ്പെടുത്തുന്നതിനായി മദ്രസ അദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി ആവിഷ്ക്കരിച്ചു. മദ്രസ അദ്ധ്യാപകരുടെ മക്കൾക്ക് വിദ്യാഭ്യാസ ഗ്രാന്റ്/വിവാഹ ധനസഹായ പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

5. ന്യൂനപക്ഷ വിഭാഗങ്ങളുടെ വിദ്യാഭ്യാസ പുരോഗതിക്കായുള്ള സ്കോളർഷിപ്പുകൾ

പ്രധാനമന്ത്രിയുടെ 15 ഇന പരിപാടിയുടെ ഭാഗമായുള്ള ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട സമർത്ഥരായ വിദ്യാർത്ഥികൾക്ക് വിവിധ വകുപ്പുകൾ മുഖേന നൽകിവരുന്ന സ്കോളർഷിപ്പുകളിൽ പൊതു വിദ്യാഭ്യാസ വകുപ്പ് മുഖേനെയുള്ള പ്രീമെട്രിക് സ്കോളർഷിപ്പ്, കോളേജ് വിദ്യാഭ്യാസ വകുപ്പുവഴി നടപ്പാക്കുന്ന പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നടപ്പാക്കിവരുന്ന മെരിറ്റ് കം മീൻസ് സ്കോളർഷിപ്പ് മുതലായവ ഉൾപ്പെടുന്നു. പ്രധാനമന്ത്രിയുടെ 15 ഇന പരിപാടിയുടെ ഭാഗമായി സംസ്ഥാനത്ത് വിവിധ വകുപ്പുകൾ നടപ്പിലാക്കി വരുന്ന ന്യൂനപക്ഷ ക്ഷേമപദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ കമ്മിറ്റിയും ജില്ലാതലത്തിൽ ജില്ലാകളക്ടർ അദ്ധ്യക്ഷനായ ജില്ലാതല കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. വിവിധ പദ്ധതികളുടെ ത്രൈമാസ പുരോഗതി റിപ്പോർട്ട് കേന്ദ്രഗവൺമെന്റിന് അയച്ചുകൊടുക്കാറുണ്ട്.

(സി) 1. കേന്ദ്ര ബഡ്ജറ്റിൽ സബ്പ്ലാനിൽ ഉൾപ്പെടുത്തി ന്യൂനപക്ഷ മന്ത്രാലയത്തിന് തുക അനുവദിക്കുക

2. ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പ് ഡിമാന്റ് ഡ്രൈവ് അടിസ്ഥാനത്തിൽ അനുവദിക്കുക

3. സംസ്ഥാനത്ത് നിന്നും കൂടുതൽ ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങൾ ബഹുമുഖ വികസന പദ്ധതിയിൽ ഉൾപ്പെടുത്തുക

4. ന്യൂനപക്ഷ മന്ത്രാലയത്തിന്റെ നിർദ്ദേശം അനുസരിച്ച് സമർപ്പിക്കപ്പെട്ട 376 ന്യൂനപക്ഷ കേന്ദ്രീകൃത ക്ലസ്റ്റർ വില്ലേജുകളിന്മേൽ അടിയന്തരമായി തീരുമാനം എടുക്കുക.

(ഡി) ദേശീയ ന്യൂനപക്ഷ കമ്മീഷന്റെ നിഗമന റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

**മദ്രസ മോഡെണൈസേഷൻ സ്കീം**

142 (3426) <u>ശ്രീ. പാലോട് രവി</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്രസ മോഡണൈസേഷൻ സ്കീം അനുസരിച്ച് തിരുവനന്തപുരം ജില്ലയിൽ എന്ത് തുക ചിലവഴിച്ചിട്ടുണ്ട് ; ഏതെല്ലാം സ്ഥാപനങ്ങൾക്ക് എന്തെല്ലാം ആവശ്യങ്ങൾക്കായിട്ടാണ് ചെലവഴിച്ചതെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത സ്കീം അനുസരിച്ച് നെടുമങ്ങാട്, വെമ്പായം, നന്നാട്ടുകാവ്, വാവറയമ്പലം, വെള്ളൂർ, അണ്ടൂർക്കോണം, കണിയാപുരം എന്നീ ജമാഅത്തുകളുടെ

നേതൃത്വത്തിലുള്ള മദ്രസകൾക്ക് സാമ്പത്തിക സഹായം നൽകാൻ നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) മദ്രസാ മോഡേണൈസേഷൻ സ്കീം അനുസരിച്ച് 2010-11-ൽ തിരുവനന്തപുരം ജില്ലയിൽ 2 ഗഡുക്കളായി 36,56,000 രൂപ അനുവദിച്ച് കൊടുത്തിട്ടുണ്ട്. 2013-14 വർഷത്തിൽ 2 ഗഡുക്കളായി ആകെ 88,60,000 രൂപ മദ്രസകൾക്ക് അനുവദിച്ചുകൊടുത്തിട്ടുണ്ട്. ഓരോ മദ്രസയ്ക്കും കമ്പ്യൂട്ടർ ലാബ് തയ്യാറാക്കുവാൻ ഒരു ലക്ഷം രൂപയും ലൈബ്രറിക്ക് 50,000 രൂപയും സയൻസ്/ ഗണിത കിറ്റിന് 7,500 രൂപയും അനുവദിച്ചിട്ടുണ്ട്. ഈ സ്കീമിൽപ്പെട്ട മദ്രസകളിലെ ബിരുദാധ്യാപകർക്ക് പ്രതിമാസം 6,000 രൂപയും ബിരുദാനന്തര ബിരുദ അദ്ധ്യാപകർക്ക് പ്രതിമാസം 12,000 രൂപയും അനുവദിച്ചിട്ടുണ്ട്. ഗ്രാന്റ് അനുവദിച്ച മദ്രസകളുടെ ലിസ്റ്റ് ഇതോടൊപ്പം ചേർക്കുന്നു.*

(ബി) വെമ്പായം, നന്നാട്ടുകാവ് എന്നീ മദ്രസകൾക്ക് 2013-14 വർഷത്തെ തുക അനുവദിച്ചിട്ടുണ്ട്. അതിൽ നന്നാട്ടുകാവ് രണ്ടാം ഗഡുവിന്റെ ഡിമാന്റ് ഡ്രാഫ്റ്റ് കൈപ്പറ്റിയിട്ടില്ല. മറ്റ് സ്ഥാപനങ്ങൾക്ക് തുക അനുവദിച്ച് ഉത്തരവായിട്ടില്ല. തുടർ വർഷങ്ങളിൽ യഥാസമയം അപേക്ഷ സമർപ്പിച്ചാൽ മാത്രമേ പ്രസ്തുത മദ്രസകൾക്ക് ഗ്രാന്റിന് ശിപാർശ ചെയ്യുവാൻ സാധിക്കുകയുള്ളൂ.

## മലപ്പുറം ജില്ലയിലെ ന്യൂനപക്ഷ പ്രൊമോട്ടർ

143 (3427) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ ന്യൂനപക്ഷ പ്രൊമോട്ടർമാരായി എത്ര പേരെയാണ് നിയമിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(ബി) ഇവരുടെ ജോലിയുടെ സ്വഭാവവും ഉത്തരവാദിത്വവും വിശദമാക്കുമോ ;

(സി) പൊന്നാനി മണ്ഡലത്തിൽപ്പെടുന്ന തദ്ദേശ സ്ഥാപനങ്ങളിൽ നിയമിച്ചവരുടെ പേരും വിലാസവും തദ്ദേശസ്ഥാപനവും വിശദമാക്കാമോ ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ പഞ്ചായത്ത്/മുനിസിപ്പാലിറ്റികളിലായി ആകെ 114 പ്രൊമോട്ടർമാരെ നിയമിച്ചിരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 1. ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ പദ്ധതികളും പ്രവർത്തനങ്ങളും സംബന്ധിച്ച് ന്യൂനപക്ഷ വിഭാഗങ്ങൾക്കിടയിൽ ബോധവത്ക്കരണം നടത്തുക, ക്ഷേമപദ്ധതികളുടെ ആനുകൂല്യങ്ങൾ യഥാർത്ഥ ഗുണഭോക്താക്കളിൽ എത്തിക്കാൻ ആവശ്യമായ ഇടപെടലുകൾ നടത്തുക.

2. ന്യൂനപക്ഷവിഭാഗങ്ങളുടെ സാമൂഹ്യ-വിദ്യാഭ്യാസ-സാമ്പത്തിക പ്രശ്നങ്ങൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ആവശ്യാധിഷ്ഠിതമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് വകുപ്പിനെ സഹായിക്കുകയും ചെയ്യുക.

3. വിവിധ ക്ഷേമ പദ്ധതികളുടെ ആനുകൂല്യങ്ങൾ അർഹരായ എല്ലാ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കും ലഭ്യമാക്കുന്നതിന് ആവശ്യമായ സഹായം നൽകുക.

4. ന്യൂനപക്ഷ അവകാശങ്ങളെക്കുറിച്ച് ന്യൂനപക്ഷ വിഭാഗങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള പരിപാടികളിൽ ആവശ്യമായ സഹകരണം നൽകുക.

5. ന്യൂനപക്ഷ വിഭാഗങ്ങളുടെ പരാതികൾ ന്യൂനപക്ഷ കമ്മീഷൻ മുഖേന പരിഹാരം കാണുന്നതിന് ആവശ്യമായ സഹായം നൽകുക.

6. ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പദ്ധതി രൂപീകരണത്തിലും നടപ്പാക്കലിലും വകുപ്പ് ഉദ്യോഗസ്ഥരെ സഹായിക്കുക.

7. ന്യൂനപക്ഷക്ഷേമ വകുപ്പിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും വിവിധ സ്കോളർഷിപ്പുകൾക്ക് യഥാസമയം അപേക്ഷ സമർപ്പിക്കുന്നതിന് ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് ബോധവത്ക്കരണം നൽകുക.

8. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ന്യൂനപക്ഷക്കാരുമായി സംവദിക്കാനുള്ള കണ്ണികളായി ത്രിതല പഞ്ചായത്തുകളുടെ പദ്ധതി നടത്തിപ്പിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ സഹായവും സേവനവും നൽകുന്നവരായി വർത്തിക്കുക.

9. വിവിധ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ സർക്കാർ

നിശ്ചയിച്ചിട്ടുള്ള വിവിധ സർട്ടിഫിക്കറ്റുകൾ തയ്യാറാക്കുന്നതിനും അവ യഥാസമയം സമർപ്പിക്കുന്നതിനും ആവശ്യമായ സഹായം ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ചെയ്ത് കൊടുക്കുക.

(സി)

| | |
|---|---|
| തവനൂർ | ജമാലുദ്ദീൻ. സി. പി.,<br>ചേങ്ങരത്ത് പറമ്പിൽ ഹൗസ്,<br>തൃക്കണ്ണാപുരം,<br>വളാഞ്ചേരി-679 573 |
| വട്ടംകുളം | സിറാജുദ്ദീൻ. പി. എം.<br>പാത്തിൽ ഹൗസ്,<br>വട്ടംകുളം പി.ഒ.,<br>മലപ്പുറം-679 578 |
| എടപ്പാൾ | സീനത്ത് സലീം.<br>പുളിമൂടത്ത് ഹൗസ്,<br>(കല്ലംപുള്ളി കോട്ടേജ്),<br>പെരുമ്പറപ്പ് പി.ഒ.,<br>പെരുമ്പറപ്പ് (എടപ്പാൾ) |
| കാലടി | മുഹമ്മദ് ഫാസിൽ കെ.വി.<br>കുട്ടക്കാത്ത് വളപ്പിൽ തണ്ടിലം,<br>നരിപ്പറമ്പ് പി.ഒ.,<br>മലപ്പുറം-679 573 |
| | ഖമറുന്നിസ. ടി.<br>തുറക്കൽ ഹൗസ്,<br>നരിപ്പറമ്പ് പോസ്റ്റ്,<br>തവനൂർ വഴി,<br>നരിപ്പറമ്പ് -679 573 |
| പൊന്നാനി മുനിസിപ്പാലിറ്റി | സലാഹുദ്ദീൻ. സി. എ.<br>വിലക്കതിൽ ഹൗസ്<br>മുതുവല്ലൂർ പി.ഒ.<br>കൊണ്ടോട്ടി. |
| | മൊയ്തീൻ. ടി. എസ്. |

ബദരിയ പറമ്പിൽ ഹൗസ്
കല്ലൂർമ പെരുമ്പൽ
നന്നമുക്ക് പി.ഒ.
മലപ്പുറം-679 575

## ന്യൂനപക്ഷക്ഷേമ വകുപ്പുമുഖേന നടപ്പാക്കിവരുന്ന പദ്ധതികൾ

144 (3428) ശ്രീ. റ്റി. യു. കുരുവിള : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷ ക്ഷേമ വകുപ്പുവഴി നടപ്പാക്കി വരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ ;

(ബി) ന്യൂനപക്ഷവിദ്യാർത്ഥികൾക്ക് കൂടുതൽ സ്കോളർഷിപ്പുകളും, തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കൂടുതൽ സാമ്പത്തിക സഹായങ്ങളും നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ ;

(സി) ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിലെ പദ്ധതികൾക്ക് കേന്ദ്ര ഗവൺമെന്റ് നൽകി വരുന്ന സഹായങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വകുപ്പിന് കീഴിൽ താഴെ ചേർത്ത പ്രകാരമുള്ള വിവിധ ക്ഷേമ/ വികസന പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നുണ്ട്:

1. സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ഗേൾഫ്രണ്ടിലി ടോയ്ലറ്റ് (2011-12) നിർമ്മിക്കുന്ന പദ്ധതിയിൽ 792 ടോയ്ലറ്റ് നിർമ്മിച്ച് നൽകി.

2. നിർദ്ധനരായ 7599 വിദ്യാർത്ഥികൾക്ക് സൗജന്യമായി പഠന മേശയും കസേരയും വിതരണം (2012-13) ചെയ്തു.

3. സൈനിക-അർദ്ധസൈനിക മേഖലകളിൽ ന്യൂനപക്ഷ ഉദ്യോഗാർത്ഥികൾക്ക് പ്രീ -റിക്രൂട്ട്മെന്റ് പരിശീലനം നൽകി.

4. സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന 43 സ്വയം സഹായ സംഘങ്ങൾക്ക് ധനസഹായം നൽകി.

5. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കഴിഞ്ഞ സാമ്പത്തിക വർഷം 4 കോടി രൂപയും നടപ്പ് സാമ്പത്തിക വർഷം 7.8 കോടി രൂപയുമുള്ള ജലവിതരണ പദ്ധതി നടപ്പിലാക്കി വരുന്നു.

6. സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ് പദ്ധതിയിൽ ബിരുദം/

ബിരുദാനന്തര ബിരുദ/പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് പ്രതിവർഷം ശരാശരി 10000 പേർക്ക് (fresh and renewal) സ്കോളർഷിപ്പ് നൽകിവരുന്നു.

7. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിടുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ബഹുമുഖ വികസന പദ്ധതി (എം.എസ്.ഡി.പി.)ക്ക് കീഴിൽ വയനാട് ജില്ലയിലെ നാല് ബ്ലോക്കുകളിലും മലപ്പുറം ജില്ലയിലെ പൊന്നാനി ടൗണിലും ആരോഗ്യ വിദ്യാഭ്യാസ മേഖലകളിൽ വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു.

8. സി.എ./ഐ.സി.ഡബ്ല്യൂ./സി.എസ്. കോഴ്സുകൾക്ക് പഠിക്കുന്ന-വർക്കുള്ള സ്കോളർഷിപ്പ് 2013-14 സാമ്പത്തിക വർഷം 198 പേർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷവും ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

9. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് പദ്ധതി 2013-14 സാമ്പത്തിക വർഷം 200 ഏകദിന ക്യാമ്പുകളിലായി 11,387 പേർക്ക് പ്രയോജനം ലഭിച്ചു. 2014-15 സാമ്പത്തിക വർഷവും ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

10. ദ്വിവത്സര ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ. വിദ്യാർത്ഥികൾക്ക് ഫീ റീ-ഇമ്പേഴ്സ്മെന്റ് സ്കീം 2013-14 സാമ്പത്തിക വർഷവും 765 പേർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷവും ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

11. ന്യൂനപക്ഷവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണത്തിന് ഷോർട്ട് ടേം റിസർച്ച് ഫെല്ലോഷിപ്പ് 2013-14 സാമ്പത്തിക വർഷം 9 പേർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം 20 പേർക്ക് പ്രയോജനം ലഭിക്കുന്ന വിധം ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

12. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾക്ക്/വിവാഹമോചിതർക്ക് ഭവന പദ്ധതി 2013-14 സാമ്പത്തിക വർഷം 950 ഭവനങ്ങൾ സംസ്ഥാനത്താകെ അനുവദിച്ചു. ഈ ഇനത്തിൽ 19 കോടി

രൂപ ചെലവിട്ടു. 2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്താകെ അനുവദിക്കപ്പെട്ട 249 ഭവനങ്ങൾക്കായുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. 5 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

13. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന് ഷെയർ കാപ്പിറ്റലായി 8.40 ലക്ഷം രൂപ 2013-14 സാമ്പത്തിക വർഷം അനുവദിച്ചു. 2014-15 സാമ്പത്തിക വർഷം 15 കോടി രൂപ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

14. പാസ് വേഡ്-ഹൈസ്കൂൾ-ഹയർ സെക്കന്ററി-കോളേജ് തലങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള ദ്വിദിന വ്യക്തിത്വ വികസന ക്യാമ്പ് 14 ജില്ലകളിലുമായി 28 ക്യാമ്പുകൾ പൂർത്തീകരിച്ചു.

15. ന്യൂനപക്ഷക്ഷേമ പ്രൊമോട്ടർമാർ കേന്ദ്ര-സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പുകളുടെ പ്രവർത്തനങ്ങളും ക്ഷേമപദ്ധതികളും ജനങ്ങളിലെത്തിക്കാൻ സംസ്ഥാനത്തുടനീളം 903 പ്രൊമോട്ടർമാരെ നിയമിച്ചു. ഇവരുടെ ഓണറേറിയം ജില്ലാ കളക്ടറേറ്റ് മുഖേന വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു.

16. ഉറുദു ഐച്ഛിക വിഷയമായെടുത്ത് 2013-14 എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടിയ 78 വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകി.

17. മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി ആവിഷ്കരിച്ചു.

18. 2013-14 വർഷത്തിൽ എസ്.എസ്.എൽ.സി./+2 പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടിയ മദ്രസ്സാദ്ധ്യാപക ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് (22 പേർക്ക്) ക്യാഷ് അവാർഡ് നൽകി.

19. മദ്രസ്സാദ്ധ്യാപക ക്ഷേമനിധി അംഗങ്ങളുടെ സ്വന്തം വിവാഹത്തിനും പെൺമക്കളുടെ വിവാഹത്തിനും പതിനായിരം രൂപ വീതം ധനസഹായം നൽകുന്ന പദ്ധതി ആവിഷ്ക്കരിച്ചു.

20. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട 40 വനിതകൾക്ക് ബാത്തിക്

പെയിന്റിംഗിൽ (അറബി കാലിഗ്രാഫി) സൗജന്യ പരിശീലനം നൽകി.

21. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ പി.എസ്.സി., യു.പി.എസ്.സി, ബാങ്കിംഗ് സർവ്വീസ് തുടങ്ങിയ വിവിധ മത്സര പരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിന് 'മുസ്ലീം യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രം' എന്ന പേരിൽ 14 ജില്ലകളിലായി 14 പരിശീലന കേന്ദ്രങ്ങളും 21 പരിശീലന ഉപകേന്ദ്രങ്ങളും ആരംഭിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പിനു പുറമേ സി.എ/ഐ.സി.ഡബ്ല്യൂ.എ./സി.എസ്. കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്, ദ്വിവത്സര ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ. വിദ്യാർത്ഥികൾക്ക് ഫീ റീ-ഇമ്പേഴ്സ്മെന്റ് സ്കീം ന്യൂനപക്ഷവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണത്തിന് ഷോർട്ട് ടേം റിസർച്ച് ഫെല്ലോഷിപ്പ് എന്നീ സ്കോളർഷിപ്പുകളും ആവിഷ്കരിച്ചിട്ടുണ്ട്. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരുടെ സ്വയം സഹായ സംഘങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് ധനസഹായം നൽകുന്നതിനുള്ള പ്രോജക്ട് പ്രൊപ്പോസൽ 2015-16 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സമർപ്പിച്ചിട്ടുണ്ട്.

(സി) ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി വയനാട് ജില്ലയിലെ നാല് ബ്ലോക്കുകളായ പനമരം, മാനന്തവാടി, സുൽത്താൻ ബത്തേരി, കൽപ്പറ്റ, മലപ്പുറം ജില്ലയിലെ പൊന്നാനി ടൗൺ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ കേന്ദ്രാവിഷ്കൃത പദ്ധതിയായ ബഹുമുഖ വികസന പദ്ധതി (എം.എസ്.ഡി.പി.) ഫണ്ട് ഉപയോഗിച്ചാണ് നടപ്പാക്കിവരുന്നത്.

## ന്യൂനപക്ഷ വിഭാഗങ്ങൾക്കായി വിവിധ പദ്ധതികൾ

145 (3429) ശ്രീ. രാജു എബ്രഹാം : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ന്യൂനപക്ഷ വിഭാഗങ്ങൾക്കായി കണ്ടെത്തിയിട്ടുള്ളവർ ആരൊക്കെയാണ് ;

(ബി) ഇവർക്കായി നടപ്പാക്കിവരുന്ന വിവിധ പദ്ധതികൾ ഏതൊക്കെയാണ് ;

(സി) ഇതിനോടകം എത്ര പേർക്ക് പ്രസ്തുത പദ്ധതിയിൽ നിന്നു ആനുകൂല്യം ലഭിച്ചിട്ടുണ്ട് ; ഇനം തിരിച്ച്, ജില്ലതിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) ന്യൂനപക്ഷ വിഭാഗങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലിക്കായി സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ശതമാനം ?

<u>ഉത്തരം</u>

(എ) കേന്ദ്രസർക്കാർ ന്യൂനപക്ഷ വിഭാഗങ്ങളായി വിജ്ഞാപനം ചെയ്തിട്ടുളള മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി, ജൈനർ എന്നീ മതവിഭാഗങ്ങളെയാണ് സംസ്ഥാനത്തും ന്യൂനപക്ഷ വിഭാഗങ്ങളായി കണക്കാക്കുന്നത്.

(ബി)

1. കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പാക്കുന്ന സി.എച്ച്. മുഹമ്മദ് കോയ മുസ്ലീം ഗേൾസ് സ്കോളർഷിപ്പ് (തുടർ പദ്ധതി)
2. മദ്രസ്സാ അദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി (തുടർ പദ്ധതി)
3. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ജലവിതരണ പദ്ധതി
4. സി.എ./ഐ.സി.ഡബ്യൂ.എ./സി.എസ്. കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്
5. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് പദ്ധതി
6. ദ്വിവത്സര ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ BPL വിദ്യാർത്ഥികൾക്ക് ഫീ റീ-ഇമ്പേഴ്സ്മെന്റ് സ്കീം.
7. ന്യൂനപക്ഷവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണത്തിന് ഹ്രസ്വകാല റിസർച്ച് ഫെലോഷിപ്പ്
8. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവ/ വിവാഹമോചിത / ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്ക് ഭവന പദ്ധതി.
9. വയനാട് ജില്ലയിലെ നാല് ബ്ലോക്കുകൾ, മലപ്പുറം ജില്ലയിലെ പൊന്നാനി ടൗൺ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്ന ബഹുമുഖ വികസന പദ്ധതി.
10. സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് ട്യൂഷൻ ഫീസ്/ഹോസ്റ്റൽ ഫീസ് റീ-ഇമ്പേഴ്സ് ചെയ്ത് നൽകുന്ന പദ്ധതി.
11. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായ മദ്രസ്സാദ്ധ്യാപകർക്ക്

സ്വന്തം വിവാഹത്തിനും പെൺമക്കളുടെ വിവാഹത്തിനും വിവാഹ ധനസഹായ പദ്ധതി.

12. എസ്.എസ്.എൽ.സി.ക്ക് ഉറുദു ഐച്ഛികമായെടുത്ത് എല്ലാ വിഷയങ്ങൾക്കും എ + നേടിയവർക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി.

13. എസ്.എസ്.എൽ.സി./പ്ലസ് ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടിയ, മദ്രസ്സാദ്ധ്യാപകരുടെ മക്കൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ഏതെങ്കിലും മത ന്യൂനപക്ഷത്തിൽപ്പെട്ടവർ എന്ന നിലയിൽ സർക്കാർ ജോലിക്ക് നിലവിൽ സംവരണം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ കേരളത്തിലെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെട്ട മുസ്ലീങ്ങൾ/ ലത്തീൻ കത്തോലിക്കർ/ആംഗ്ലോ ഇന്ത്യൻസ്/എസ്.ഐ.യു.സി. നാടാർ/ മറ്റ് ക്രിസ്ത്യാനികൾ എന്നിവർക്ക് ലാസ്റ്റ് ഗ്രേഡ് ഒഴികെയുള്ള തസ്തികകൾക്ക് യഥാക്രമം 12, 4, 1, 1 എന്ന ശതമാന കണക്കിലും ലാസ്റ്റ് ഗ്രേഡ് തസ്തികയ്ക്ക് യഥാക്രമം 10, 4, 2, 2 എന്നീ ശതമാനത്തിലും സംവരണം നിലവിലുണ്ട്.

**റബ്ബർ സംഭരണം**

146(3430) <u>ശ്രീ. കെ. രാജു</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മാർക്കറ്റു വിലയെക്കാൾ കൂടുതൽ വില നൽകി റബ്ബർ സംഭരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ മാർക്കറ്റു വിലയെക്കാൾ രണ്ടു രൂപ കൂട്ടി എത്ര ടൺ റബ്ബർ സംഭരിച്ചു ; വെളിപ്പെടുത്തുമോ ;

(ബി) ഓരോ ഏജൻസിയും ഈ കാലയളവിൽ സംഭരിച്ച റബ്ബറിന്റെ അളവ് എത്ര വീതമാണെന്നു വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. കോട്ടയം വിപണി വിലയേക്കാൾ 2 രൂപ അധികം നൽകി മാർക്കറ്റ്ഫെഡ് 301.252 ടൺ റബ്ബറും റബ്ബർമാർക്ക് 426.100 ടൺ റബ്ബറും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സംഭരണം നടത്തിയിട്ടുണ്ട്.

(ബി) മാർക്കറ്റ്ഫെഡ് മുഖേന കോട്ടയം വിപണി വിലയേക്കാൾ 2 രൂപ അധികം നൽകി 301.252 ടൺ റബ്ബർ സംഭരണം നടത്തിയിട്ടുണ്ട്. മാർക്കറ്റ്ഫെഡ് ആകെ സംഭരിച്ച റബ്ബർ 407.248 ടൺ ആണ്. റബ്ബർ മാർക്ക് കോട്ടയം വിപണിവിലയേക്കാൾ 2 രൂപ അധികം നൽകി 426.1 ടൺ റബ്ബർ സംഭരണം നടത്തിയിട്ടുണ്ട്. റബ്ബർ മാർക്ക് ആകെ സംഭരിച്ച റബ്ബർ 807.7 ടൺ ആണ്.

## ക്രോപ്പ് (വിള) ഇൻഷ്വറൻസ്

147 (3431) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ കർഷകർക്കായി നടപ്പാക്കിയിട്ടുള്ള ക്രോപ്പ് ഇൻഷ്വറൻസ് ഏതെല്ലാം വിളകൾക്കാണ് ബാധകമാക്കിയിരിക്കുന്നത് എന്നറിയിക്കാമോ ;

(ബി) ഇൻഷ്വർ ചെയ്തിട്ടുള്ള പ്രസ്തുത വിളകളുടെ നാശവുമായി ബന്ധപ്പെട്ട് ലഭ്യമാക്കുന്ന ഇൻഷ്വറൻസ് കോമ്പൻസേഷൻ തുക എത്രയാണെന്നും ആയതിലുള്ള മാനദണ്ഡമെന്തെല്ലാമെന്നും അറിയിക്കുമോ ;

(സി) ഈ തുകകൾ കാലോചിതമായി പരിഷ്കരിച്ചിട്ടില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ വിള ഇൻഷ്വറൻസ് തുകകൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് വേണ്ട നടപടിയുണ്ടാകുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്ത കാർഷിക വിളകൾക്ക് നഷ്ടപരിഹാരം നൽകി വരുന്നു. കേരളത്തിലെ പ്രധാനപ്പെട്ട 25 കാർഷിക വിളകളായ തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, ഇഞ്ചി, മഞ്ഞൾ, മരച്ചീനി, കൊക്കോ, നിലക്കടല, കാപ്പി, തേയില, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു, വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല് എന്നീ വിളകൾക്ക് പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശത്തിന് ഇൻഷ്വറൻസ് പരിരക്ഷ നൽകിവരുന്നു.

(ബി) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം പദ്ധതിയിൽ ചേരുന്ന കർഷകൻ കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന പ്രീമിയം തുക

അടച്ചിരിക്കേണ്ടതാണ്. പ്രീമിയം തുക അടച്ച ദിവസം മുതൽ ഏഴു ദിവസങ്ങൾക്ക് ശേഷം മാത്രമേ നഷ്ടപരിഹാരത്തിന് അർഹതയുള്ളൂ. ഇൻഷ്വറൻസ് കോമ്പൻസേഷൻ തുകയുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി&ഡി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

**കാർഷിക കലണ്ടർ**

148 (3432) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതതുജില്ലകളിലുള്ള കൃഷി ഫാമുകളിൽ നിന്നും ആവശ്യമായ വിത്തുകളും മറ്റു നടീൽവസ്തുക്കളും ലഭ്യമാക്കാത്തതിനാൽ യഥാസമയം പ്രസ്തുത പ്രദേശത്തുള്ള കർഷകർക്ക് കാർഷിക പ്രവർത്തനത്തിനു കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വാർഷികാടിസ്ഥാനത്തിൽ ഒരു കാർഷിക കലണ്ടറിലൂടെ ഓരോ ജില്ലയിലേയ്ക്കും വേണ്ട പ്രൊഡക്ഷൻ പ്ലാൻ തയ്യാറാക്കി ജില്ലകളിലുള്ളതായ കൃഷി ഫാമുകളിൽത്തന്നെ വേണ്ടുന്നതായ വിത്തും നടീൽവസ്തുക്കളും യഥാസമയം ലഭ്യമാക്കി പ്രദേശത്തെ കർഷകർക്കു വിതരണം ചെയ്യുന്നതു സാദ്ധ്യമാക്കാനുള്ള ശ്രമമുണ്ടാകുമോ ;

(സി) എങ്കിൽ, ആയത് സമയബന്ധിതമായി നടപ്പിലാക്കുന്നതിനു നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല. കൃഷി വകുപ്പിലെ ഫാമുകൾവഴി അതതു ജില്ലകളിലെ പ്രദേശത്ത് ആവശ്യമായ വിത്തുകളും നടീൽ വസ്തുക്കളും കർഷകർക്ക് യഥാസമയം ലഭ്യമാക്കത്തക്കരീതിയിലുള്ള പ്രവർത്തനരീതിയാണ് അവലംബിച്ചിരിക്കുന്നത്.

(ബി&സി) ഓരോ ഫാമുകളിലും ഒരു കലണ്ടർ ഓഫ് ആക്ടിവിറ്റി പ്രകാരമാണ് നടീൽ വിത്തുകൾ ഉല്പാദിപ്പിക്കുന്നത്. വാർഷികാടിസ്ഥാനത്തിലുള്ള ഫോർക്കാസ്റ്റ് പ്രകാരമാണ് ഫാമിലെ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഉല്പന്നങ്ങൾ കർഷകർക്ക് യഥാസമയം വിതരണം ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

**നീര ഉല്പാദനം**

149 (3433) ശ്രീ. കെ. അച്ചുതൻ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. വി. ടി. ബൽറാം : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നീര ഉല്പാദിപ്പിക്കുന്നതിൽ നിലനിന്നിരുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിനായിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) നീര ഉല്പാദനത്തിനും പ്രചരണത്തിനും മാതൃകാ സംരംഭങ്ങൾക്ക് ആരംഭം കുറിച്ചിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) നീര ഉല്പാദനത്തിന് അനുയോജ്യമായ തെങ്ങുകൾ എത്ര ഇനമുണ്ടാകുമെന്നും അനുയോജ്യപ്രദേശങ്ങൾ ഏതൊക്കെയെന്നും കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച വിശദവിവരം നൽകാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നീര ഉല്പാദനത്തിനുള്ള തടസ്സങ്ങൾ നീക്കം ചെയ്ത് നീരയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉല്പാദനവും വിപണനവും ശക്തിപ്പെടുത്തുന്നതിനായി കൃഷി-എക്സൈസ് വകുപ്പുകളുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം ഉറപ്പുവരുത്തി കാർഷികോല്പാദന കമ്മീഷണർ ചെയർമാനും എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായും നാളികേര നീര ബോർഡ് രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. നീരയുടെ ഉല്പാദനവും വിപണനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങൾക്കും അംഗീകാരം നൽകുന്നത് നാളികേര നീര ബോർഡാണ്. എന്നാൽ തെങ്ങ് ചെത്തുന്നതിന് ലൈസൻസ് അതാത് പ്രദേശത്തെ എക്സൈസ് അധികാരിയാണ് നൽകുന്നത്.

സർക്കാർ ഉത്തരവ് (സാധാ) 2051/2014/കൃഷി, തീയതി 18-11-2014 പ്രകാരം നീര ഉല്പാദനവുമായി ബന്ധപ്പെട്ടുലഭിക്കുന്ന പ്രൊപ്പോസലുകൾ പരിശോധിക്കുന്നതിനും അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനുമായി കാർഷിക സർവ്വകലാശാലയിലെ മൂന്ന് ശാസ്ത്രജ്ഞന്മാർ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് അഗ്രി ചീഫ്, കൃഷി ഡയറക്ടർ, സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം മാനേജിംഗ് ഡയറക്ടർ എന്നീ ആറ് അംഗങ്ങളെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) നീര ഉല്പാദനത്തിനുള്ള സാങ്കേതിക വിദ്യ കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്തിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ നീര (കേരാമൃതം) തെങ്ങിൻ പൂക്കുലയിൽനിന്നും കേരചക്കര

എന്നിവയുടെ ഉല്പാദനം സംബന്ധിച്ച് ഡെമോൺസ്ട്രേഷനും പരിശീലനത്തിനുമായി 3 പൈലറ്റ് പ്രോജക്ടുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ ആദ്യ പ്രോജക്ട് നീലേശ്വരം കാമ്പസിൽ നടപ്പിലാക്കി വരുന്നു. ഒന്നാം പൈലറ്റ് പ്രോജക്ടിന്റെ പൂർത്തീകരണത്തിനും വിപണനം ശക്തിപ്പെടുത്തുന്നതിനുമായി 130 ലക്ഷം രൂപ സർക്കാർ നൽകിക്കഴിഞ്ഞു. നീര തിരുവനന്തപുരം സെക്രട്ടേറിയറ്റിൽ സ്ഥാപിച്ച വെൻഡിങ് മെഷീൻ മുഖേനയും നാളീകേര വികസന കോർപ്പറേഷന്റെ വില്പന കേന്ദ്രങ്ങളിലൂടെയും ഇപ്പോൾ വിപണനം നടത്തിവരുന്നു.

(സി) നാടൻ തെങ്ങിനങ്ങളും സങ്കരയിനങ്ങളും നീര ഉല്പാദനത്തിന് അനുയോജ്യമാണ്. നല്ല പരിചരണം കിട്ടുന്ന തെങ്ങുകളിൽ നിന്ന് കൂടുതൽ അളവിൽ നീര ലഭിക്കുന്നു. കുറിയ തെങ്ങിനങ്ങളിൽ നിന്ന് കിട്ടുന്ന നീരയുടെ തോത് നാടൻ ഇനങ്ങളെ അപേക്ഷിച്ച് കുറവായിരിക്കും. നീര ഉല്പാദനത്തിന് അനുയോജ്യമായ പ്രദേശങ്ങളെക്കുറിച്ച് പ്രത്യേകിച്ച് പഠനം നടത്തിയിട്ടില്ല.

**ഇടുക്കി പ്രത്യേക പാക്കേജ്**

150 (3434) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

ശ്രീ. കെ. കെ. ജയചന്ദ്രൻ :

ശ്രീ. എസ്. രാജേന്ദ്രൻ :

ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി പ്രത്യേക പാക്കേജിന്റെ പ്രയോജനം വിശകലനം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) മുൻ യു.പി.എ. സർക്കാരിന്റെ കാലത്തു കാർഷിക പാക്കേജിന്റെ കാലാവധി ദീർഘിപ്പിച്ച് കിട്ടുന്നതിനായി ശ്രമിച്ചിട്ടുണ്ടായിരുന്നുവോ ; ഇല്ലെങ്കിൽ കാരണമെന്തായിരുന്നു ;

(സി) ഇടുക്കി പാക്കേജ് സമയബന്ധിതമായി നടപ്പിലാക്കുന്നതിലും കാലാവധി അവസാനിക്കുന്നതിനു മുമ്പായി അത് ദീർഘിപ്പിച്ച് കിട്ടുന്നതിന് ശ്രമിക്കുന്നതിലും വിഴ്ച വരുത്തിയവർ ആരൊക്കെയാണ് ; വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. 7-3-2009-ലെ സർക്കാർ ഉത്തരവ് നമ്പർ (എം എസ്.) 375/09/ കൃഷി പ്രകാരം സർക്കാർ മൂന്ന് തലത്തിലുള്ള കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഇടുക്കി ഐശ്വര്യ സമിതി, ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഇടുക്കി കർമ്മ സമിതി, കാർഷിക ഉല്പാദന കമ്മീഷണർ അദ്ധ്യക്ഷനായ ടാസ്ക് ഇംപ്ലിമെന്റേഷൻ കമ്മിറ്റി എന്നിവ യോഗങ്ങൾ കൂടുകയും ഇടുക്കി പാക്കേജിന്റെ പ്രയോജനം വിശകലനം നടത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ശ്രമിച്ചിട്ടുണ്ട്. 15-1-2014-ൽ കൂടിയ സംസ്ഥാന മന്ത്രിസഭാ യോഗം ഇടുക്കി പാക്കേജിന്റെ കാലാവധി 2 വർഷം കൂടി നീട്ടുന്നതിന് കേന്ദ്രത്തോട് അഭ്യർത്ഥിക്കുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹു. മുഖ്യമന്ത്രി 23-1-2014-ൽ 2 വർഷം കാലാവധി നീട്ടുന്നതിന് കേന്ദ്ര സർക്കാരിന് കത്ത് നൽകുകയുണ്ടായി.

(സി) ഇടുക്കി പാക്കേജിന്റെ നടത്തിപ്പിൽ പ്രതിബന്ധങ്ങൾ നേരിടുന്നുണ്ട്. 50 ലക്ഷത്തിനു താഴെ ചെലവുള്ള പദ്ധതികൾ സംസ്ഥാന സർക്കാരിന്റെ ഫണ്ടിലും അതിന്മേൽ തുകയുള്ള പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ തുടർ സ്കീമുകളിൽ DPR തയ്യാറാക്കി സമർപ്പിക്കുന്നതിന്റെ ഭാഗമായാണ് പദ്ധതികൾക്ക് അംഗീകാരം ലഭിച്ച നടപ്പിലാക്കുന്നത്. ഇടുക്കി പാക്കേജിന് മാത്രമായി ബജറ്റ് വിഹിതമില്ലാത്തതിനാൽ പദ്ധതികൾ നടപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. ചില പദ്ധതികൾക്ക് അതാത് സ്കീം പ്രകാരമുള്ള കേന്ദ്രവിഹിതം കുറവായത് കാരണം പദ്ധതികൾ നടപ്പിലാക്കാൻ തടസ്സം നേരിടുന്നു. പദ്ധതികൾക്ക് അനുയോജ്യമായ മാനദണ്ഡങ്ങളുള്ള കേന്ദ്ര സ്കീമുകൾ കണ്ടെത്തി DPR തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ട്.

ഇടുക്കി പാക്കേജിന്റെ കാലാവധി 2013 നവംബറിൽ അവസാനിച്ചതായി (കേന്ദ്ര കൃഷി മന്ത്രാലയത്തിലെ അഡീ. ചീഫ് സെക്രട്ടറി 29-4-2013-ൽ കാർഷിക ഉത്പാദന കമ്മീഷണർക്ക് അയച്ച കത്ത്) കേന്ദ്ര സർക്കാർ അറിയിച്ചിരുന്നു. ബഹു. മുഖ്യമന്ത്രി 23-1-2014-ലും 16-10-2014-ലും ഇടുക്കി പാക്കേജിന്റെ കാലാവധി 2 വർഷം കൂടി നീട്ടുന്നതിന് കേന്ദ്ര സർക്കാരിന് കത്ത് നൽകി. എന്നാൽ ഇതിനുള്ള മറുപടിയായി പാക്കേജിന്റെ പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന തുടർപദ്ധതികളിൽ ഉൾക്കൊള്ളിച്ച് പൂർത്തിയാക്കുന്നതിന് ഇടുക്കി പാക്കേജിന്റെ കാലാവധി ദീർഘിപ്പിക്കാത്തത് തടസ്സമാകില്ലായെന്നും

കർഷകരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ തുടർന്നും ആർ.കെ.വി.വൈ. പോലുള്ള തുടർ സ്കീമുകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കാവുന്നതാണെന്നുമാണ് ബഹു. കേന്ദ്ര കൃഷി മന്ത്രി 13-11-2014-ൽ ബഹു. മുഖ്യമന്ത്രിക്ക് അയച്ച കത്തിൽ നിർദ്ദേശിച്ചിട്ടുള്ളത്. കൂടാതെ ഇടുക്കി പാക്കേജ്മൂലം ഗ്രാമീണ ഉപജീവന മാർഗ്ഗത്തിലും കാർഷിക മേഖലയിലും ഉണ്ടായ പ്രബലമായ പ്രഭാവവും കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്യാത്തതും പ്രശംസനീയമായ നേട്ടമാണെന്ന് ടി കത്തിൽ പരാമർശിച്ചിട്ടുണ്ട്.

**കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാര തുക**

151 (3435) ശ്രീ. ആർ. സെൽവരാജ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് ഏത് കാലയളവുവരെയാണ് നഷ്ടപരിഹാര തുക നൽകിയത് ; കൃഷിഭവൻ തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ബി) നെയ്യാറ്റിൻകര മണ്ഡലത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാര തുക വിതരണം ചെയ്യുന്നതിന് എത്ര ഗുണഭോക്താക്കളാണ് ഇനിയുള്ളത്; കൃഷിഭവൻ തിരിച്ച് കണക്ക് വ്യക്തമാക്കാമോ ; ഇതിലേക്കായി എത്ര രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ ; കുടിശ്ശിക തുക എന്നേക്ക് വിതരണം ചെയ്യുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് 2012 ഏപ്രിൽ-മേയ്, 2013 ജൂൺ എന്നീ കാലയളവിലെ കൃഷിനാശത്തിനാണ് ധനസഹായം വിതരണം ചെയ്തിട്ടുള്ളത്. കൃഷിഭവൻ തിരിച്ചുള്ള കണക്ക് അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) നെയ്യാറ്റിൻകര മണ്ഡലത്തിൽ കൃഷിനാശം സംഭവിച്ച 4786 കർഷകർക്ക് ഇനിയും ധനസഹായം നൽകാനുണ്ട്. കൃഷിഭവൻ തിരിച്ചുള്ള കണക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അനുബന്ധം 2 ആയി ചേർക്കുന്നു.*

ഡിസാസ്റ്റർ മാനേജ്മെന്റ് (റവന്യൂ-കെ) വകുപ്പിന്റെ 11-6-2012-ലെ സ.ഉ. (എം.എസ്) നമ്പർ 239/2012/ഡിഎംഡി ഉത്തരവ് പ്രകാരം 1-4-2012 മുതൽ പ്രാബല്യത്തിൽ നിശ്ചയിച്ചിരുന്ന പ്രകാരമാണ് പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശത്തിന് ധനസഹായം നൽകി വന്നിരുന്നത്. കാലാകാലങ്ങളിൽ കേന്ദ്രസർക്കാർ നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്ന് ധനസഹായം നൽകുന്നത്. SDRF മാനദണ്ഡം കേന്ദ്രസർക്കാർ പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 16-1-2012 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 12-9-2012-ലെ ജി.ഒ.(എം എസ്.) നമ്പർ 343/2012/ഡിഎംഡി ഉത്തരവിന്റെ പരിധിയിൽ നിന്ന് സ.ഉ.(എം എസ്.) നമ്പർ 239/2012/ഡിഎംഡി ഉത്തരവ് പ്രകാരം ധനസഹായം നിശ്ചയിച്ചിരുന്ന വിളകളെ ഒഴിവാക്കിയിരുന്നതിനാൽ പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള വിളകൾക്ക് ആയതുപ്രകാരം നിശ്ചയിച്ചിട്ടുള്ള ധനസഹായം ലഭിക്കുമായിരുന്നു. എന്നാൽ SDRF മാനദണ്ഡം കേന്ദ്ര സർക്കാർ വീണ്ടും പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 1-3-2013 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 25-10-2013-ലെ ജി.ഒ.(എം.എസ്) നമ്പർ 470/2013/ഡിഎംഡി. ഉത്തരവിൽ മേല്പറഞ്ഞ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കർഷകർക്കുലഭിക്കുന്ന ധനസഹായത്തിൽ കുറവ് വന്നിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

## പച്ചക്കറി കൃഷി ഉല്പാദനം

152 (3436) ശ്രീ. പി. തിലോത്തമൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെച്ചപ്പെട്ട പച്ചക്കറികൾ കേരളത്തിൽ ഉത്പാദിപ്പിക്കുന്നതിനും വർദ്ധിച്ചുവരുന്ന പച്ചക്കറി വില നിയന്ത്രിക്കുന്നതിനും ലക്ഷ്യമിട്ട് കൃഷിവകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് പറയാമോ ;

(ബി) ഈ രീതിയിൽ ഈ സർക്കാരിന്റെ കാലയളവിൽ ഉത്പാദിപ്പിക്കപ്പെട്ടതും കേരളത്തിലെ ജനങ്ങൾക്കായി വിറ്റഴിക്കപ്പെട്ടവയുമായ പച്ചക്കറിയുടെ വിവരം വ്യക്തമാക്കാമോ ?

## ഉത്തരം

(എ) മെച്ചപ്പെട്ട പച്ചക്കറി കേരളത്തിൽ ഉല്പാദിപ്പിക്കുന്നതിനും വർദ്ധിച്ചു വരുന്ന പച്ചക്കറി വില നിയന്ത്രിക്കുന്നതിനും ലക്ഷ്യമിട്ട് കൃഷി വകുപ്പ് 2012-13 മുതൽ സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നു. 2014-15 -ൽ സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം ചുവടെ പറയുന്ന ഘടകങ്ങൾ നടപ്പിലാക്കിവരുന്നു. ഇതിനായി 64 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്:

| ക്രമ നമ്പർ | പച്ചക്കറി വികസന പദ്ധതി -ഘടകങ്ങൾ | തുക (ലക്ഷത്തിൽ ) |
|---|---|---|
| (1) | (2) | (3) |
| 1. | <u>പുരയിടങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക</u> 20 രൂപ വിലയുള്ള 50 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും 5 ലക്ഷം കിറ്റുകൾ വീട്ടമ്മമാർ മുഖേനയും പുരയിട കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സൗജന്യമായി നൽകുന്നു. | 500 |
| 2. | <u>അർബൻ ക്ലസ്റ്റർ :-</u><br>(എ) മട്ടുപ്പാവിലെ കൃഷി പ്രോത്സാഹനം: 2000 രൂപ വിലയുള്ള 28334 ഗ്രോബാഗ് യൂണിറ്റുകൾ 75% സബ്സിഡി നിരക്കിൽ മട്ടുപ്പാവ് കൃഷിയ്ക്കായി വിതരണം ചെയ്യുന്നു. (425 ലക്ഷം)<br>(ബി) ആവർത്തന ചിലവുകൾ: കഴിഞ്ഞ വർഷങ്ങളിൽ നൽകിയ ഗ്രോബാഗുകൾ കൃഷിയോഗ്യ മാക്കുന്നതിനും വിത്ത്, തൈകൾ, വളം എന്നിവ നൽകുന്നു.<br>(100 ലക്ഷം). | 525 |
| 3. | <u>വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി</u> :<br>(എ) തെരഞ്ഞെടുത്ത 2500 വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി 4000 രൂപ ധനസഹായം (100 ലക്ഷം).<br>(ബി) വിദ്യാലയങ്ങളിൽ 400 ജലസേചന യൂണിറ്റുകൾ കിണർ, പമ്പ്സെറ്റ് എന്നിവ സ്ഥാപിക്കുന്നതിന് 10,000 രൂപ നിരക്കിൽ സഹായം നൽകുന്നു. (40 ലക്ഷം) | 300 |

| | | |
|---|---|---|
| | (സി) 2500 വിദ്യാലയങ്ങളിൽ ക്ലബ്ബുകളുടെ പ്രവർത്തന ചെലവിനായി 1,000 രൂപ വീതം നൽകുന്നു. (25 ലക്ഷം).<br>(ഡി) പ്രോജക്ടടിസ്ഥാനത്തിൽ സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് പരമാവധി 2 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു (135 ലക്ഷം). | |

| (1) | (2) | (3) |
|---|---|---|
| 4. | <u>ജില്ലാ ക്ലസ്റ്റർ വികസനം</u><br>(എ) തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 800 കാര്യക്ഷമമായ ക്ലസ്റ്ററുകളുടെ വികസനം (ക്ലസ്റ്ററിന് 75,000 രൂപ നിരക്കിൽ ആകെ 600 ലക്ഷം)<br>(ബി) സ്റ്റാഗേർഡ് ക്ലസ്റ്ററുകൾക്ക് വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ (ഹെക്ടറിന് 15,000 രൂപ നിരക്കിൽ) വികസന സഹായം (435 ലക്ഷം).<br>(സി) പമ്പ് സെറ്റുകൾ: 1720 പമ്പ്സെറ്റുകൾക്ക് 10,000 രൂപ നിരക്കിൽ സഹായധനം (172 ലക്ഷം)<br>(ഡി) സസ്യസംരക്ഷണ ഉപാധികൾ 1000 യൂണിറ്റിന് 1500 രൂപ നിരക്കിൽ സഹായധനം (15 ലക്ഷം)<br>(ഇ) ഇന്നവേഷൻ ഫണ്ട്: ക്ലസ്റ്ററുകളിലെ നൂതനവും ജൈവവുമായ പ്രവർത്തനങ്ങൾക്കായി ഓരോ ജില്ലയ്ക്കും 3 ലക്ഷം രൂപ (42 ലക്ഷം).<br>(എഫ്) ഹരിത ഫണ്ട്: ക്ലസ്റ്ററുകളുടെ അടിസ്ഥാന ചെലവുകൾക്കായി ഒരു ക്ലസ്റ്ററിന് 2000 രൂപ നിരക്കിൽ സഹായധനം (16 ലക്ഷം).<br>(ജി) തരിശു നില കൃഷി ഹെക്ടറിന് 30,000 രൂപ നിരക്കിൽ 500 ഹെക്ടറിന് ധനസഹായം (150 ലക്ഷം).<br>(എച്ച്) പ്രസിദ്ധീകരണങ്ങൾ/മാധ്യമങ്ങൾ വഴി 20 രൂപ വിലയുള്ള 5 ലക്ഷം വിത്തു പായ്ക്കറ്റുകളുടെ വിതരണം (100 ലക്ഷം).<br>(ഐ) മറ്റു ചെലവുകൾ (13 ലക്ഷം)<br>(ജെ) പ്രവർത്തന ചെലവുകൾ (17 ലക്ഷം)<br>(കെ) സർക്കാരിതര സ്ഥാപനങ്ങൾവഴി 2.5 ലക്ഷം പച്ചക്കറി വിത്ത് കിറ്റ് വിതരണം (50 ലക്ഷം) | 1780 |

| | | |
|---|---|---|
| | (എൽ) പിണറായി പഞ്ചായത്തിലെ ഇടക്കടവ് ജലസേചന പദ്ധതി (7.2 ലക്ഷം) | |
| | (എം) മാനന്തവാടി ബ്ലോക്കിലെ ആദിവാസി ഊരുകളിലെ പച്ചക്കറി കൃഷി (7.624 ലക്ഷം) | |
| | (എൻ) ഫീൽഡ് അസിസ്റ്റന്റുമാരുടെ കരാർ നിയമനം (127.5 ലക്ഷം). | |

| (1) | (2) | (3) |
|---|---|---|
| 5. | <u>ഗ്രേഡഡ് ക്ലസ്റ്ററുകൾക്കുള്ള വികസന സഹായം</u>:<br>(എ) നടപ്പുവർഷത്തിലെ 100 പ്രവർത്തനക്ഷമമായ ക്ലസ്റ്ററുകൾക്ക് ഗ്രേഡിംഗിന്റെ അടിസ്ഥാനത്തിൽ 6.30 ലക്ഷം രൂപ നിരക്കിൽ ധനസഹായം (630 ലക്ഷം)<br>(ബി) 2013-14-ൽ ഗ്രേഡ് ചെയ്യപ്പെട്ട 95 ക്ലസ്റ്ററുകൾക്ക് ലക്ഷം രൂപ നിരക്കിൽ ധനസഹായം (190 ലക്ഷം).<br>(സി) ഗ്രേഡ് ചെയ്യപ്പെടാത്ത കാര്യക്ഷമമായ 600 ക്ലസ്റ്ററുകൾക്ക് 1.5 ലക്ഷം രൂപ നിരക്കിൽ ഉല്പാദനത്തിനും വിപണനത്തിനുമുള്ള ധനസഹായം (900 ലക്ഷം) | 1730 |
| 6. | <u>സൂക്ഷ്മ മൂലകങ്ങളുടെ പ്രദർശനം</u>: തെരഞ്ഞെടുക്കപ്പെട്ട 238 ക്ലസ്റ്ററുകളിൽ മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ സൂക്ഷ്മ മൂലകങ്ങളുടെ വളപ്രയോഗം (50 ലക്ഷം). | 50 |
| 7. | <u>ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികൾ</u>: 2013-14-ലും 2014-15-ലും രൂപീകരിക്കപ്പെട്ട 40 ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികൾക്ക് 10 ലക്ഷം രൂപ നിരക്കിൽ സംഭരണ വിപണന സഹായധനം (400 ലക്ഷം). | 400 |
| 8. | <u>കിഴങ്ങ്-പയറുവർഗ്ഗ വിള വികസനം</u>:<br>(എ) കിഴങ്ങുവിള വികസനം: സി.റ്റി.സി.ആർ.ഐ. മുഖേന പത്തനംതിട്ട, തൃശ്ശൂർ, കണ്ണൂർ, വയനാട് ജില്ലകളിൽ നടപ്പിലാക്കുന്ന (75 ലക്ഷം)<br>(ബി) പയറുവിള വികസനം ഹെക്ടറിന് 10,000 രൂപ നിരക്കിൽ 250 ഹെക്ടറിന് സഹായം (പാലക്കാട് ജില്ലയിലെ ചിറ്റൂർ, മലമ്പുഴ ബ്ലോക്കുകളിൽ) (25 ലക്ഷം). | 100 |
| 9. | <u>നഴ്സറികളുടെ സ്ഥാപനം</u>: ബ്ലോക്കുതലത്തിൽ 5 ലക്ഷം രൂപ ധനസഹായം നൽകി 15 നഴ്സറികളുടെ രൂപീകരണം (75 ലക്ഷം) | 75 |

| | | |
|---|---|---|
| 10. | മഴമറകൾ: 75% സബ്സിഡി നിരക്കിൽ 100 ചതുരശ്ര മീറ്ററിൽ 200 മഴമറകൾ സ്ഥാപിക്കുന്നതിന് 50,000 രൂപ വീതം ധനസഹായം (100 ലക്ഷം) | 100 |
| 11. | സങ്കരവിത്തിനങ്ങളുടെ പരീക്ഷണത്തോട്ടങ്ങൾ : 225 പരീക്ഷണത്തോട്ടങ്ങൾക്ക് ധനസഹായം (25 ലക്ഷം) | 25 |
| (1) | (2) | (3) |
| 12. | സൂക്ഷ്മ ജലസേചനവും ജലസേചനം വഴിയുള്ള വളപ്രയോഗവും : 50 സെന്റ് വീതം വരുന്ന 1400 യൂണിറ്റുകൾക്ക് 30,000 രൂപ വീതം ധനസഹായം നൽകുന്നു (425 ലക്ഷം). | 425 |
| 13. | എക്സ്റ്റേണൽ മോണിറ്ററിംഗ് (40 ലക്ഷം) | 40 |
| 14. | ഡോക്യുമെന്റേഷൻ (50 ലക്ഷം) | 50 |
| 15. | സാങ്കേതിക സഹായവും കരാർ നിയമനവും (50 ലക്ഷം) | 50 |
| 16. | അവാർഡുകൾ നൽകുന്നതിന് (50 ലക്ഷം) | 50 |
| 17. | പരിശീലനം, പ്രചരണം, ബോധവത്ക്കരണം (100 ലക്ഷം) | 100 |
| 18. | ആകാശവാണി വഴി കർഷകരുടെ വിജയഗാഥ പ്രചരണം (50 ലക്ഷം). | 50 |

മെച്ചപ്പെട്ട പച്ചക്കറികൾ കേരളത്തിൽ ഉല്പാദിപ്പിക്കുന്നതിനും വർദ്ധിച്ചുവരുന്ന പച്ചക്കറി വില നിയന്ത്രിക്കുന്നതിനും ലക്ഷ്യമിട്ട് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ധനസഹായത്തോടുകൂടി 2011-12 മുതൽ വെജിറ്റബിൾ ഇനിഷ്യേറ്റീവ് ഫോർ അർബൻ ക്ലസ്റ്റേഴ്സ് (വി.ഐ.യു.സി.) എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 2014-15 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ, മലപ്പുറം, ഇടുക്കി, വയനാട് എന്നീ 8 ജില്ലകളിലായി നടപ്പിലാക്കിവരുന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന പരിപാടികൾ താഴെ വിവരിക്കുന്നു.

കർഷക പരിശീലനം, കർഷക കൂട്ടായ്മകളിലൂടെയുള്ള പച്ചക്കറി കൃഷി, സങ്കരയിനം പച്ചക്കറികളുടെ ഉത്പാദനം, പച്ചക്കറി തൈകളുടെയും വിത്തുകളുടെയും വിതരണം സഞ്ചരിക്കുന്ന വില്പന യൂണിറ്റുകൾ, ചില്ലറ വില്പനശാലകൾ എന്നിവ വി.ഐ.യു.സി. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 14 ജില്ലകളിലും തുറസ്സായ സ്ഥലത്തുള്ള പച്ചക്കറി കൃഷി പദ്ധതിയുംകൂടി നടപ്പിലാക്കിവരുന്നു. 2014-15 സാമ്പത്തിക വർഷം 6 കോടി രൂപയുടെ പച്ചക്കറി വികസന പദ്ധതികളാണ് സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വെജിറ്റബിൾ&ഫ്രൂട്ട്

പ്രൊമോഷൻ കൗൺസിൽ നടപ്പിലാക്കിവരുന്നത്. പച്ചക്കറി കൃഷി കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുക, പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്നീ ലക്ഷ്യങ്ങളോടെ താഴെ പറയുന്ന പ്രവർത്തനങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ നടപ്പിലാക്കി വരുന്നു:

- ഹെക്ടറിന് 15,000 രൂപ ധനസഹായത്തോടെ ജൈവ പച്ചക്കറി കൃഷിയുടെ വ്യാപനം
- പച്ചക്കറി തൈ ഉല്പാദനത്തിനുള്ള ധനസഹായം
- പച്ചക്കറി കർഷകരുടെ സ്വാശ്രയ സംഘങ്ങളുടെ രൂപീകരണവും ശാക്തീകരണവും
- പച്ചക്കറി ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ഹൈബ്രിഡ് പച്ചക്കറി ഇനങ്ങളുടെ പ്രചാരം
- കിഴങ്ങുവർഗ്ഗ വിളകളുടെ കൃഷി പ്രചരിപ്പിക്കുക
- കാർഷിക ഉപകരണങ്ങളുടെ പ്രചാരം
- നൂതന സാങ്കേതികവിദ്യകളും കൃഷി രീതികളും പ്രചരിപ്പിക്കുന്നതിനായി പങ്കാളിത്ത ഗവേഷണ പദ്ധതികൾ, തീവ്രയത്ന പരിപാടികൾ, മാതൃകാത്തോട്ടങ്ങൾ എന്നിവ സംഘടിപ്പിക്കുക. പച്ചക്കറി വില നിയന്ത്രിക്കുന്നതിനായി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

  2012 മെയ്-ആഗസ്റ്റ് മാസങ്ങളിൽ പൊതുവിപണികളിൽ പച്ചക്കറികളുടെ വില നിയന്ത്രിക്കുന്നതിനായി സർക്കാർ നിർദ്ദേശപ്രകാരം വെജിറ്റബിൾ& ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ വിപണിയിൽ ഇടപെടുകയും പൊതുജനങ്ങൾക്ക് 30% വിലക്കിഴിവിൽ പച്ചക്കറികൾ ലഭ്യമാക്കുന്നതിനായി 150 ചില്ലറ വില്പനശാലകൾ സംസ്ഥാനത്തുടനീളം നടത്തുകയുമുണ്ടായി. ഈ ചില്ലറ വില്പനശാലകൾ വഴി 14.82 കോടി രൂപ മൂല്യമുള്ള 5582 മെട്രിക് ടൺ പച്ചക്കറികൾ 10 ലക്ഷം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയുണ്ടായി. ഇതുകൂടാതെ ക്രിസ്തുമസ് സീസണിൽ സംഘടിപ്പിച്ച 130 പച്ചക്കറി ചില്ലറ വില്പനശാലകൾവഴി 2.44 കോടി രൂപ മൂല്യമുള്ള 881 ടൺ പച്ചക്കറി, ഉപഭോക്താക്കൾക്ക് 30% വിലക്കുറവിൽ ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ പച്ചക്കറിയുടെ അനിയന്ത്രിതമായ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനുവേണ്ടി കൗൺസിലിന്റെ ആഭിമുഖ്യത്തിൽ പൊതുജനങ്ങൾക്ക് 30% വിലക്കിഴിവിൽ പച്ചക്കറികൾ ലഭ്യമാക്കുന്നതിനായി 152 ചില്ലറ വില്പനശാലകൾ 2013 ജൂൺ-സെപ്റ്റംബർ മാസങ്ങളിൽ സംസ്ഥാനത്തുടനീളം ആരംഭിച്ചു. ഈ ചില്ലറ വില്പനശാലകൾ വഴി 20.45 കോടി രൂപ മൂല്യമുള്ള 5058 മെട്രിക് ടൺ

പച്ചക്കറികൾ 8.25 ലക്ഷം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയുണ്ടായി. 2014 സെപ്റ്റംബർ മാസത്തിൽ സംസ്ഥാനത്തുടനീളം ആരംഭിച്ച 111 ചില്ലറ വില്പനശാലകൾ വഴി 4 കോടി രൂപ മൂല്യമുള്ള 996 മെട്രിക് ടൺ പച്ചക്കറികൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയുണ്ടായി.

സംസ്ഥാനത്തെ കർഷകർ, കർഷക സംഘങ്ങൾ, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കാർഷിക മൊത്ത വ്യാപാര വിപണികൾ വട്ടവട, കാന്തല്ലൂർ കർഷക സൊസൈറ്റികൾ, പ്രിയദർശിനി കർഷക സംഘം, വയനാട്, പാലക്കാട് എന്നിവിടങ്ങളിൽനിന്നെല്ലാം ഹോർട്ടികോർപ്പ് പച്ചക്കറികൾ സംഭരിച്ച് പൊതുവിപണിയിലെ വിലയെക്കാൾ വില കുറച്ച് ഹരിത ഔട്ട്ലെറ്റുകളിലൂടെയും മൊബൈൽ യൂണിറ്റുകളിലൂടെയും ഉപഭോക്താക്കൾക്ക് ലഭ്യമാക്കിവരുന്നു.

(ബി) വ്യക്തമാക്കാം. 2012-13-ൽ പച്ചക്കറി വികസന പദ്ധതി പ്രകാരം 159049.42 ടൺ പച്ചക്കറി ഉല്പാദിപ്പിച്ചിട്ടുണ്ട്. ഇതിൽ 70212.69 ടൺ പച്ചക്കറി വിവിധ ഏജൻസികളും മാർക്കറ്റുകളും വഴി വിറ്റഴിച്ചിട്ടുണ്ട്. 2013-14-ൽ 310002 ടൺ പച്ചക്കറി ഉല്പാദിപ്പിക്കുകയും 99137 ടൺ പച്ചക്കറികൾ വിറ്റഴിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള നടപ്പിലാക്കുന്ന വെജിറ്റബിൾ ഇനിഷ്യേറ്റീവ് ഫോർ അർബൻ ക്ലസ്റ്റേഴ്സ് (വി.ഐ.യു.സി) പദ്ധതി വഴി ശരാശരി 119600 മെട്രിക് ടൺ പച്ചക്കറികൾ വിവിധ ജില്ലകളിലായി ഉല്പാദിപ്പിക്കുകയും വിറ്റഴിക്കുകയും ചെയ്തിട്ടുണ്ട്. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിലെ കർഷകർ ഈ സർക്കാരിന്റെ കാലയളവിൽ 1005697 മെട്രിക് ടൺ പച്ചക്കറികൾ ഉല്പാദിപ്പിച്ചിട്ടുണ്ട്. വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ ചില്ലറ വില്പനശാലകൾ വഴിയും സ്വാശ്രയ കർഷക സമിതികൾ വഴിയും 2 ലക്ഷം മെട്രിക് ടൺ പച്ചക്കറികൾ വിറ്റഴിച്ചിട്ടുണ്ട്. 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ യഥാക്രമം 5791 ടൺ, 13862 ടൺ, 14291 ടൺ പച്ചക്കറികൾ ഹോർട്ടികോർപ്പ് സംസ്ഥാനത്തിനകത്ത് നിന്നും സംഭരിച്ചിട്ടുണ്ട്.

**പാലക്കാട് ജില്ലയിലെ നെൽകൃഷി**

153(3437) ശ്രീ. എം. ഹംസ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി

സംബന്ധിച്ച വിശദാംശം താലൂക്കടിസ്ഥാനത്തിൽ നൽകാമോ ;

(ബി) നെൽകർഷകർ കാലികമായി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്തെല്ലാമെന്ന് പഠനം നടത്തിയിട്ടുണ്ടോ ഉണ്ടെങ്കിൽ ആരാണ് പഠനത്തിന് നേതൃത്വം നൽകിയത് വിശദാംശം നൽകാമോ ;

(സി) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം ആനുകൂല്യങ്ങൾ ആണ് കർഷകർക്ക് നൽകിവരുന്നത് ; വിശദാംശം നൽകാമോ ; 1-7-2011 മുതൽ 31-10-2014 വരെ എന്തെല്ലാം ആനുകൂല്യങ്ങൾ ആണ് നൽകിയതെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) പാലക്കാട് ജില്ലയിലെ നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി താലൂക്കടിസ്ഥാനത്തിൽ ഇപ്രകാരമാണ്.

| | | |
|---|---|---|
| പാലക്കാട് | - | 8732 ഹെക്ടർ |
| ആലത്തൂർ | - | 13005 ഹെക്ടർ |
| ചിറ്റൂർ | - | 13488 ഹെക്ടർ |
| പട്ടാമ്പി | - | 1313 ഹെക്ടർ |
| ഒറ്റപ്പാലം | - | 2218 ഹെക്ടർ |
| മണ്ണാർക്കാട് | - | 94 ഹെക്ടർ |
| ആകെ | | 38850 ഹെക്ടർ (ഒരു സീസണിൽ) |

(ബി) നെൽ കർഷകർ കാലികമായി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രത്യേക പഠനം ഒന്നും നടത്തിയിട്ടില്ല. എന്നാൽ കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞരും കൃഷി ഉദ്യോഗസ്ഥരും കർഷകരും തമ്മിലുള്ള മുഖാമുഖം പരിപാടികളിൽ നെൽ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുകയും പരിഹാരം കാണുകയും ചെയ്യാറുണ്ട്. കൂടാതെ ജില്ലാകളക്ടർ ചെയർമാനായുള്ള വിവിധ കമ്മിറ്റികളിലും ഇത്തരം വിഷയങ്ങൾ ചർച്ച ചെയ്ത് പരിഹാരം കാണാറുണ്ട്.

(സി) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പദ്ധതികളിലൂടെ കർഷകർക്ക് ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. സുസ്ഥിര നെൽകൃഷി പദ്ധതി,

ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, ആർ.കെ.വി.വൈ. പദ്ധതി, സൗജന്യ വൈദ്യുതി നെൽകൃഷി ഉല്പാദന ബോണസ് എന്നീ പദ്ധതികൾ നെൽകൃഷിക്കായി നടപ്പിലാക്കിവരുന്നുണ്ട്. 2011-12 മുതൽ 2014-15 വരെ പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ചുള്ള വിവരം താഴെ ചേർക്കുന്നു:

| 2011-12(പദ്ധതി) | തുക (ലക്ഷം രൂപ) |
|---|---|
| സുസ്ഥിര നെൽകൃഷി വികസനം | 1005.02763 |
| സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതി | 15.744 |
| സ്ത്രീ പങ്കാളിത്തത്തോടെ നെൽകൃഷി | 15.60 |
| ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി | 228.28 |
| സൗജന്യ കാർഷിക വൈദ്യുതി | 652.39523 |
| നെൽകൃഷി ഉല്പാദന ബോണസ് | 444.70219 |
| **2012-13** | |
| സുസ്ഥിര നെൽകൃഷി വികസനം | 1465.96306 |
| ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി | 136.73 |
| ആർ.കെ.വി.വൈ. നെൽകൃഷി | 1103.2605 |
| തരിശ്ശു നില കൃഷി | 14.88412 |
| സൗജന്യ കാർഷിക വൈദ്യുതി | 930.97 |
| നെൽകൃഷി ഉല്പാദന ബോണസ് | 448.12108 |
| **2013-14** | |
| സുസ്ഥിര നെൽകൃഷി | 1408.912 |
| ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി | 88.88 |

| | |
|---|---|
| ആർ.കെ.വി.വൈ. പദ്ധതി | 2180.69 |
| സൗജന്യ കാർഷിക വൈദ്യുതി | 925.00 |
| നെൽകൃഷി ഉല്പാദന ബോണസ് | 392.699 |

2014-15

| | |
|---|---|
| സുസ്ഥിര നെൽകൃഷി | 1199.5 |
| ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി | 193.93 |
| നെൽകൃഷി ഉല്പാദന ബോണസ് | 591.00 |
| സൗജന്യ കാർഷിക വൈദ്യുതി | 1000.00 |
| ആർ.കെ.വി.വൈ. നെൽകൃഷി | 2175.00 |
| തരിശ്ശ നില കൃഷി | 20.70 |

**കുളങ്ങൾ നന്നാക്കുന്ന പദ്ധതി**

154 (3438) ശ്രീ. സി. കെ. നാണു : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പിന്റെ കീഴിൽ കുളങ്ങൾ നന്നാക്കുന്ന പദ്ധതി നടപ്പാക്കി വരുന്നുണ്ടോ ; ഉണ്ടെങ്കിൽ വടകര നിയോജക മണ്ഡലത്തിൽ ഏതെങ്കിലും സ്ഥലത്ത് കുളങ്ങൾ നവീകരിക്കുന്നതിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ ;

(ബി) കാർഷികവൃത്തി പ്രോത്സാഹിപ്പിക്കുന്ന അവസരത്തിൽ വേനൽകാലത്ത് കൃഷിക്ക് സഹായിക്കുന്ന വടകര മണ്ഡലത്തിലെ പ്രധാനപ്പെട്ട ക്ഷേത്രക്കുളങ്ങൾക്ക് ഏതെങ്കിലും നവീകരണത്തിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ പരിശ്രമിക്കുന്ന ഹരിതസംഘങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള സഹായം കൃഷിവകുപ്പ് അനുവദിക്കുമോ ?

ഉത്തരം

(എ) മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പിനുകീഴിൽ കുട്ടനാട് പാക്കേജിൽ

ഉൾപ്പെടുത്തി പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നീ 3 ജില്ലകളിൽ കുളങ്ങൾ നന്നാക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കോഴിക്കോട് ജില്ലയ്ക്കായി കുളങ്ങൾ നവീകരണത്തിന് പ്രത്യേക പദ്ധതിയൊന്നും നിലവിലില്ലാത്തതിനാൽ വടകര നിയോജകമണ്ഡലത്തിൽ ടി പദ്ധതി നടപ്പിലാക്കിയിട്ടില്ല.

(ബി) അനുവദിച്ചിട്ടില്ല.

(സി) കൃഷിവകുപ്പ് നടപ്പിലാക്കിവരുന്ന സമഗ്രപച്ചക്കറി ജൈവകൃഷിക്ക് ഊന്നൽ നൽകിയാണ് വികസന പദ്ധതി നടപ്പിലാക്കിവരുന്നത്. ഈ പദ്ധതി പ്രകാരം പച്ചക്കറി കൃഷി ചെയ്യുന്ന 5 ഹെക്ടർ വീതം വരുന്ന പച്ചക്കറി ക്ലസ്റ്ററുകൾക്ക് (ഹരിത സംഘങ്ങൾക്ക്) താഴെപ്പറയുന്ന സഹായങ്ങൾ നൽകിവരുന്നു:

(എ) തെരഞ്ഞെടുക്കപ്പെട്ട കാര്യക്ഷമമായി പ്രവർത്തിക്കുന്ന 800 ക്ലസ്റ്ററുകൾക്ക് 75,000 രൂപ നിരക്കിൽ സഹായം നൽകുന്നു (600 ലക്ഷം രൂപ).

(ബി) സ്റ്റാഗേർഡ് ക്ലസ്റ്ററുകൾക്ക് വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഹെക്ടറിന് 15,000 രൂപ നൽകുന്നു (2900 ഹെക്ടറിന് 435 ലക്ഷം രൂപ).

(സി) പമ്പ്സെറ്റ് സ്ഥാപിക്കുന്നതിന് 10,000 രൂപ സഹായം (1720 പമ്പ്സെറ്റുകൾക്ക് 172 ലക്ഷം രൂപ).

(ഡി) സസ്യ സംരക്ഷണ ഉപകരണങ്ങൾ 1500 എണ്ണം (1000 എണ്ണത്തിന് 15 ലക്ഷം രൂപ).

(ഇ) പ്രവർത്തന ചെലവുകൾക്കായി 2000 രൂപ/ക്ലസ്റ്റർ (800 ക്ലസ്റ്ററുകൾക്ക് 16 ലക്ഷം രൂപ).

(എഫ്) ക്ലസ്റ്ററുകളിലെ നൂതനവും ജൈവവുമായ പ്രവർത്തനങ്ങൾക്ക് ഓരോ ജില്ലയ്ക്കും 3 ലക്ഷം രൂപ ഇന്നവേഷൻ ഫണ്ട് നൽകുന്നു (ആകെ 42 ലക്ഷം രൂപ).

(ജി) 100 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്ക് 6.3 ലക്ഷം രൂപ നിരക്കിൽ വികസന സഹായം (630 ലക്ഷം രൂപ).

(എച്ച്) 2013-14 ലെ 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്ക് (95 എണ്ണം) 2 ലക്ഷം രൂപ വീതം (190 ലക്ഷം രൂപ).

(ഐ) മികച്ച 600 ക്ലസ്റ്ററുകൾക്ക് വികസന സഹായമായി 1.5 ലക്ഷം രൂപ വീതം നൽകുന്നു(900 ലക്ഷം രൂപ).

കൂടാതെ വിവിധ തലങ്ങളിൽ ജൈവ പച്ചക്കറി കൃഷിയെ കുറിച്ചുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും വിജ്ഞാന വ്യാപനത്തിന്റെ ഭാഗമായി കൈപുസ്തകങ്ങൾ കർഷകർക്കായി നൽകുകയും ചെയ്തുവരുന്നു.

## ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിൽ ബയോ കൺട്രോൾ ലാബ്

155 (3439) ശ്രീ. പുരുഷൻ കടലുണ്ടി : താഴെകാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ജൈവകാർഷിക കേരള പദ്ധതിയുടെ ഭാഗമായി ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിൽ ട്രൈക്കോ കാർഡ് തുടങ്ങിയ കീടനിയന്ത്രണ ഉപാധികൾ പ്രാദേശികമായി ഉല്പാദിപ്പിക്കുന്നതിന് ഒരു ബയോ കൺട്രോൾ ലാബ് ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

പ്രസ്തുത ലാബ് ഏർപ്പെടുത്തുന്നതിനെക്കുറിച്ച് കൂടുതൽ ചർച്ചകൾ നടത്തി പരിഗണിക്കാൻ കഴിയുമോ എന്ന് പരിശോധിച്ചുവരികയാണ്.

## കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള എസ്റ്റേറ്റുകൾ

156 (3440) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെകാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിൽ കാസർഗോഡ് ജില്ലയിൽ എത്ര എസ്റ്റേറ്റുകൾ ഉണ്ടെന്നത് വ്യക്തമാക്കാമോ ; ഇവയ്ക്കെല്ലാം കൂടി എത്ര ഏക്കർ ഭൂമി ഉണ്ടെന്നും വ്യക്തമാക്കാമോ ?

ഉത്തരം

പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിൽ കാസർഗോഡ് ജില്ലയിൽ 3 എസ്റ്റേറ്റുകൾ ഉണ്ട്. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| എസ്റ്റേറ്റിന്റെ പേര് | ഭൂമി സംബന്ധിച്ച വിവരം | വിസ്തീർണ്ണം |
|---|---|---|
| കാസർഗോഡ് എസ്റ്റേറ്റ് | സ്വന്തം ഭൂമി | 2,293.6 ഹെക്ടർ |
| രാജപുരം എസ്റ്റേറ്റ് | ലീസ് ലാന്റ് | 1,511 ഹെക്ടർ |

| | | |
|---|---|---|
| ചീമേനി എസ്റ്റേറ്റ് | റവന്യൂ എക്സസ് ലാന്റ് | 908 ഹെക്ടർ |

ആകെ വിസ്തീർണ്ണം 4,712.6 ഹെക്ടർ

**ഹോർട്ടി കോർപ്പിന്റെ പച്ചക്കറി സംഭരണം**

157 (3441) ശ്രീ. എ. കെ. ബാലൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഉത്പാദിപ്പിക്കുന്ന പച്ചക്കറി മുഴുവൻ ഹോർട്ടികോർപ്പ് സംഭരിക്കുന്നുണ്ടോ ; എങ്കിൽ കഴിഞ്ഞ മൂന്നുവർഷങ്ങളിൽ കേരളത്തിൽനിന്നും എത്ര പച്ചക്കറിയാണു സംഭരിച്ചതെന്ന് ജില്ലതിരിച്ചുള്ള കണക്ക് നൽകുമോ ;

(ബി) കഴിഞ്ഞ മൂന്നുവർഷങ്ങളിൽ കേരളത്തിനുപുറത്ത് ഹോർട്ടികോർപ്പ് സംഭരിച്ച പച്ചക്കറിയുടെ അളവ് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തിന്റെ അതിർത്തി ജില്ലകളിൽ ടൺ കണക്കിനു പച്ചക്കറി സംഭരിക്കാൻ സംവിധാനമില്ലാതെ നശിച്ചുപോയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കേരളത്തിലെ അതിർത്തി ജില്ലകളിൽനിന്നും പച്ചക്കറി തമിഴ്നാട്ടിലെ വ്യാപാരികൾ കുറഞ്ഞവിലയ്ക്കു വാങ്ങി അതുതന്നെ ഹോർട്ടി-കോർപ്പിന് ഉയർന്ന വിലയ്ക്കു നൽകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) സംസ്ഥാനത്തെ കർഷകർ, കർഷക സംഘങ്ങൾ, വി.എഫ്.പി.സി.കെ., സംഘമൈത്രി, കാർഷിക മൊത്തവ്യാപാര വിപണികൾ, വട്ടവട, കാന്തല്ലൂർ കർഷക സൊസൈറ്റികൾ, പ്രിയദർശിനി കർഷകസംഘം, വയനാട് എന്നിവിടങ്ങളിൽ നിന്നെല്ലാം ഹോർട്ടികോർപ്പ് പച്ചക്കറികൾ സംഭരിച്ചുവരുന്നു. ജില്ലതിരിച്ചുള്ള കണക്കുകൾ ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

| | | | |
|---|---|---|---|
| (ബി) | 2012-13 വർഷം | - | 7428 ടൺ |
| | 2013-14 വർഷം | - | 14224 ടൺ |
| | 2014-15 വർഷം | - | 13915 ടൺ |

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തിന്റെ അതിർത്തി ജില്ലയായ ഇടുക്കിയിലെ വട്ടവട, കാന്തല്ലൂർ എന്നീ പ്രദേശങ്ങളിൽ നിന്നും ഉരുളക്കിഴങ്ങും കാരറ്റും കാബേജും കർഷകർക്ക് ന്യായവില നൽകി ഹോർട്ടികോർപ്പ് സംഭരിച്ചിരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഈ പ്രദേശത്ത് കീടബാധയും മഴയും മൂലം ഉല്പന്നങ്ങൾക്ക് ഗുണമേന്മ ഇല്ലാതായിട്ടുണ്ട്. പാലക്കാട് ജില്ലയിൽനിന്ന് തക്കാളി ഉൾപ്പെടെയുള്ള മറ്റ് പച്ചക്കറികളും ഹോർട്ടികോർപ്പ് സംഭരിച്ചിരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വിത്തുതേങ്ങ സംഭരണം**

158 (3442) ശ്രീ. ഇ. കെ. വിജയൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിൽ നിന്നാണ് വിത്തുതേങ്ങ സംഭരിക്കുന്നത് ;

(ബി) നടപ്പു സാമ്പത്തിക വർഷം കോഴിക്കോട് ജില്ലയിൽ നിന്നും സംഭരിക്കുന്ന വിത്തുതേങ്ങയുടെ എണ്ണത്തിൽ കുറവു വരുത്തിയിട്ടുണ്ടോ ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകളിൽ നിന്ന് WCT ഇനം വിത്തുതേങ്ങയും കൊല്ലം, ആലപ്പുഴ, കോട്ടയം ജില്ലകളിൽ നിന്ന് എലൈറ്റ് WCT ഇനം വിത്തുതേങ്ങയും മലപ്പുറം ജില്ലയിൽ നിന്നും കുറിയ ഇനം (MYD) വിത്തുതേങ്ങയും തൃശ്ശൂർ, മലപ്പുറം, കണ്ണൂർ ജില്ലകളിൽനിന്ന് സങ്കര ഇനം വിത്തുതേങ്ങയുമാണ് കൃഷിവകുപ്പ് വിവിധ കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികൾ മുഖാന്തിരം സംഭരിക്കുന്നത്.

കൂടാതെ കുറിയ ഇനം/സങ്കരയിനം തെങ്ങിൻ തൈകൾ കർഷകർക്കിടയിൽ വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പ് വർഷം നടപ്പിലാക്കുന്ന കേരസമൃദ്ധി പദ്ധതി പ്രകാരം വയനാട് ഇടുക്കി ജില്ല ഒഴികെയുള്ള മറ്റെല്ലാ ജില്ലകളിൽനിന്നും കുറിയ ഇനം/ സങ്കരയിനം വിത്തുതേങ്ങ സംഭരിക്കുവാനും ലക്ഷ്യമിട്ടിരിക്കുന്നു.

(ബി) കോഴിക്കോട് ജില്ലയിൽ നിന്നും നടപ്പുസാമ്പത്തിക വർഷം സംഭരിക്കുന്ന വിത്തുതേങ്ങയുടെ എണ്ണത്തിൽ കുറവ് വരുത്തിയിട്ടുണ്ട്. 2013-14 വർഷത്തിൽ കോഴിക്കോട് ജില്ലയിൽനിന്നുള്ള WCT ഇനം വിത്തുതേങ്ങയുടെ സംഭരണ ലക്ഷ്യം 2.05 ലക്ഷം ആയിരുന്നു. 2013-14 സാമ്പത്തിക വർഷത്തിൽ സംഭരിച്ച വിത്തുതേങ്ങയുടെ വിലയായ 39,52,128 രൂപ നടപ്പ് സാമ്പത്തിക വർഷത്തേയ്ക്ക് വകയിരുത്തിയ 75 ലക്ഷം രൂപയിൽ നിന്നും കോഴിക്കോട് ജില്ലയ്ക്ക് അനുവദിച്ചുനൽകേണ്ടിവന്ന സാഹചര്യത്തിൽ കോഴിക്കോട് ജില്ലയിലെ സംഭരണ ലക്ഷ്യം നടപ്പുസാമ്പത്തിക വർഷം 0.50 ലക്ഷം WCT ഇനം വിത്തുതേങ്ങയായി

കുറയുകയുണ്ടായി. കൂടാതെ സംസ്ഥാനത്ത് കുറിയ ഇനം/ സങ്കരയിനം തെങ്ങിൻ തൈകൾ കർഷകർക്കിടയിൽ വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന കേരസമൃദ്ധി പദ്ധതി പ്രകാരം നടപ്പുവർഷം കുറിയ ഇനം/ സങ്കരയിനം വിത്തുതേങ്ങ സംഭരണത്തിന് കൂടുതൽ ഊന്നൽ നൽകുവാനാണ് വകുപ്പ് ലക്ഷ്യമിട്ടിരിക്കുന്നത്.

**അന്യസംസ്ഥാന പച്ചക്കറികളിലും പഴങ്ങളിലും കീടനാശിനി**

159 (3443) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. കെ. അജിത് : താഴെകാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മാരക രോഗങ്ങൾക്ക് കാരണമാകുന്ന കീടനാശിനികൾ ഉപയോഗിക്കുന്ന, അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന, പച്ചക്കറികളും പഴങ്ങളും നിരോധിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

അന്യ സംസ്ഥാനങ്ങളിൽനിന്നു വരുന്ന പച്ചക്കറികളും പഴവർഗ്ഗങ്ങളും പരിശോധിക്കാൻ ഉള്ള നടപടി സ്വീകരിക്കുന്നതാണ്.

**കൃഷി ഫാമുകൾ**

160(3444) ശ്രീ. വി. ശശി : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പിന് കീഴിൽ സംസ്ഥാനത്ത് എത്ര കൃഷി ഫാമുകൾ പ്രവർത്തിക്കുന്നു ; അവയുടെ പേര് വിവരം വെളിപ്പെടുത്തുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഓരോ ഫാമിനും എത്ര രൂപ വീതം നൽകി ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ ഫാമും പ്രതിവർഷം എത്ര രൂപ നഷ്ടത്തിലാണ് ;

(ഡി) ഏതെല്ലാം ഫാമിലെ ഭൂമി പാട്ടത്തിന് അല്ലെങ്കിൽ കരാർ കൃഷിയ്ക്ക് നൽകിയിട്ടുണ്ട് ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(സി) അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.*

(ഡി) തിരുവനന്തപുരം

കോക്കനട്ട് നഴ്സറി, വലിയതുറ – 39 സെന്റ് സ്ഥലം സർക്കാർ ഉത്തരവ് ജി.ഒ. (എം.എസ്) നമ്പർ214/14/ആർ.ഡി. തീയതി 23-9-2014 പ്രകാരം തിരുവനന്തപുരം എയർപോർട്ട് അതോറിറ്റിക്ക് പാട്ടത്തിന് നൽകിയിട്ടുണ്ട്.

ആലപ്പുഴ

മാവേലിക്കര ഫാം – മാവേലിക്കര ജില്ലാ കൃഷിത്തോട്ടത്തിന്റെ 1.2 ഹെക്ടർ സ്ഥലം സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ഹോർട്ടി കോർപ്പിന് പാട്ട വ്യവസ്ഥയിൽ വിട്ട് നൽകിയിട്ടുണ്ട്. വീയപുരം, അറുന്നൂറ്റിമംഗലം സംസ്ഥാന വിത്തുല്പാദന കേന്ദ്രങ്ങളിലെ ഭൂമി പാട്ടത്തിനോ കരാർ കൃഷിക്കോ നൽകിയിട്ടില്ല.

കോട്ടയം

ജില്ലാ കൃഷിത്തോട്ടം, വാലാച്ചിറ-കരാർ/പാട്ടകൃഷിക്ക് ഭൂമി നൽകിയിട്ടില്ല. എന്നാൽ ഫാമിൽ നിന്നും 30 ഏക്കർ ഭൂമി സയൻസ്&ടെക്നോളജി വകുപ്പിന് കൈമാറി.

ഇടുക്കി

ജില്ലാ കൃഷിത്തോട്ടം, അരീക്കുഴ-സ.ഉ.(കൈ)നമ്പർ 488/13/റവന്യൂ വകുപ്പ്, തിരുവനന്തപുരം തീയതി 1-11-2013 പ്രകാരം ജില്ലാ കൃഷിത്തോട്ടം, അരീക്കുഴ ഫാമിന്റെ 10 ഏക്കർ സ്ഥലം കേരള ഫീഡ്സ് ലിമിറ്റഡിന് കാലിത്തീറ്റ ഫാക്ടറി പണിയുന്നതിനായി വിട്ടുകൊടുത്തിട്ടുണ്ട്.

എറണാകുളം

ജില്ലാ കൃഷിത്തോട്ടം, നേര്യമംഗലം – നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിലെ 20 ഹെക്ടർ ഭൂമി നാളീകേര വികസന ബോർഡിന് പാട്ടത്തിന് നൽകിയിട്ടുണ്ട്.

പാലക്കാട്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>സ്റ്റേറ്റ് സീഡ് ഫാം, മുതലമട</u> - ഇവിടെനിന്നും 1.6 ഹെക്ടർ ഭൂമി കേരള ഫീഡ്സ് ലിമിറ്റഡിന് നൽകിയിട്ടുണ്ട്.

## നിലം മണ്ണിട്ടു നികത്തൽ

161 (3445) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുങ്കടവിള വില്ലേജ് ഓഫീസിനടുത്തായി മാമ്പഴക്കര റോഡിൽ നിന്നും 150 മീറ്റർ അമരവിള റോഡിൽ കീഴക്കായി സ്ഥിതി ചെയ്യുന്ന നിലം (ബ്ലോക്ക് നമ്പർ 35 ൽ തണ്ടപ്പേർ നമ്പർ 328, റീസർവ്വേ 51/-ൽ 00.07.00 51/2-ൽ 00.05.40 ആർ) മണ്ണിട്ടു നികത്താൻ കൃഷി ഓഫീസിൽ ശിപാർശ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണ് പ്രസ്തുത ശിപാർശ നൽകിയതെന്ന് അറിയിക്കുമോ ; ആ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ശിപാർശ നൽകിയിട്ടില്ലെങ്കിൽ നിലം നികത്തിയവർക്കെതിരെ 2008-ലെ നെൽവയൽ-തണ്ണീർതട സംരക്ഷണ നിയമപ്രകാരം നിയമ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ് ;

(ഡി) പ്രസ്തുത നിലം നികത്തിയവർക്കെതിരെ നിയമനടപടി സ്വീകരിക്കുവാൻ ശിപാർശ ചെയ്യുമോ ; വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ബാധകമല്ല

(സി&ഡി) പ്രസ്തുത നിലം നികത്തിയവർക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിന് റവന്യൂ ഡിവിഷണൽ ഓഫീസർക്കും പെരുങ്കടവിള കൃഷി ഓഫീസർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## കൃഷി വകുപ്പിന്റെ കായംകുളം മണ്ഡലത്തിലെ പദ്ധതികൾ

162(3446) <u>ശ്രീ. സി. കെ. സദാശിവൻ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പ് 2012-13,2013-14 കാലഘട്ടങ്ങളിൽ കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ് ?

<u>ഉത്തരം</u>

(എ) കൃഷിവകുപ്പ് മുഖേന 2012-13-ൽ 102.77628 ലക്ഷം രൂപയുടെയും 2013-14-ൽ 259.94568 ലക്ഷം രൂപയുടെയും വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. അവ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.* സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരം ദേശീയ ഹോർട്ടികൾച്ചർ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2012-13 സാമ്പത്തിക വർഷം കായംകുളം മണ്ഡലത്തിൽ 24.64 ഹെക്ടറിൽ ടിഷ്യൂകൾച്ചർ വാഴക്കൃഷി, 4 ഹെക്ടറിൽ വാഴകൃഷി വികസനം, 1.5 ഹെക്ടറിൽ കട്ട്ഫ്ലവർ കൃഷി, 3 ഹെക്ടറിൽ ഇഞ്ചികൃഷി, 1 ഹെക്ടറിൽ മഞ്ഞൾ കൃഷി, 0.18 ഹെക്ടറിൽ ജാതി കൃഷി, 30 ഹെക്ടറിൽ സംയോജിത കീടരോഗ നിയന്ത്രണം, 4 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളുടെ നിർമ്മാണം, 3 ലക്ഷം രൂപയുടെ ഹോർട്ടികൾച്ചർ മേഖലയിലെ യന്ത്രവത്ക്കരണം എന്നിങ്ങനെ 15.9485 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കി. 2013-14 സാമ്പത്തിക വർഷത്തിൽ 11 ഹെക്ടറിൽ വാഴകൃഷി വികസനം, 1.5 ഹെക്ടറിൽ കട്ട്ഫ്ലവർ കൃഷി, 4.708 ഹെക്ടറിൽ ഇഞ്ചികൃഷി, 4 ഹെക്ടറിൽ മഞ്ഞൾകൃഷി, 2 ഹെക്ടറിൽ ജാതികൃഷി, 2 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളുടെ നിർമ്മാണം 0.4 ഹെക്ടറിൽ സൂക്ഷ്മകൃഷി 2.3 ലക്ഷം രൂപയുടെ ഹോർട്ടികൾച്ചർ മേഖലയിലെ യന്ത്രവത്ക്കരണം 557 ച. മീറ്ററിൽ ഷെയ്ഡ്നെറ്റ് ട്യൂബുലാർ സ്ട്രക്ചർ പോളീഹൗസിന്റെ നിർമ്മാണം എന്നിങ്ങനെ 10.4909 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കി. കൂടാതെ 9.057 ലക്ഷം രൂപയുടെ ഹൈടെക് ഫാമിംഗ് പദ്ധതിയും നടപ്പിലാക്കി.

(ബി) കൃഷി വകുപ്പ് മുഖേന 2014-15-ൽ 135.26490 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിശദവിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.* 2014-15 സാമ്പത്തിക വർഷം സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള മുഖാന്തരം 5 ഹെക്ടറിൽ വാഴ, 2.5 ഹെക്ടറിൽ ടിഷ്യൂകൾച്ചർ വാഴ, 1 ഹെക്ടറിൽ പപ്പായ, 4.5 ഹെക്ടറിൽ കട്ട്ഫ്ലവർ, 2.7 ഹെക്ടറിൽ ലൂസ് ഫ്ലവർ, 3 ഹെക്ടറിൽ കുരുമുളക്, 3.14 ഹെക്ടറിൽ വെറ്റില, 2 ഹെക്ടറിൽ ജാതി എന്നിവ കൃഷി ചെയ്യുന്നതിനും, 37500 രൂപയുടെ ഹോർട്ടികൾച്ചർ മേഖലയിലെ യന്ത്രവത്ക്കരണം, 30,000 രൂപയ്ക്ക് മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് നിർമ്മാണം, 1.42 ലക്ഷം രൂപയ്ക്ക് ഷെയ്ഡ്നെറ്റ് ട്യൂബുലാർ സ്ട്രക്ച്ചർ പോളീഹൗസുകളുടെ നിർമ്മാണം, 11 യൂണിറ്റ് കൂൺകൃഷി എന്നിവ നടപ്പിലാക്കിവരുന്നു. ആകെ 10.0477 ലക്ഷം രൂപയ്ക്കുള്ള പദ്ധതികളാണ് നിലവിൽ നടപ്പിലാക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കൃഷി ഓഫീസർമാരെ നിയമിക്കുന്നതിന് നടപടി**

163 (3447) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉടുമ്പൻചോല താലൂക്കിൽ കൃഷി ഓഫീസർമാർ ഇല്ലാത്ത എത്ര കൃഷി ഓഫീസുകളാണ് ഉള്ളത് ; വിശദാംശം നൽകാമോ ;

(ബി) കൃഷി ഓഫീസർമാരുടെ അഭാവംമൂലം ത്രിതലപഞ്ചായത്ത് വഴി കർഷകന് ലഭിക്കേണ്ട പല ആനുകൂല്യങ്ങളും ലഭിക്കാതെ പോകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) നിലവിൽ ഒഴിവുകളുള്ളതും കൃഷി ഓഫീസർമാർ ഡെപ്യൂട്ടേഷനിൽ പോയതുകാണ്ട് ഒഴിവുള്ളതുമായ കൃഷി ഓഫീസുകളിൽ അടിയന്തരമായി കൃഷി ഓഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉടുമ്പൻചോല താലൂക്കിൽ 14 കൃഷിഭവനുകളാണുള്ളത്. അതിൽ ഉടുമ്പൻചോല കൃഷിഭവനിൽ മാത്രമാണ് കൃഷി ഓഫീസർ നിലവിലില്ലാത്തത്.

(ബി) ഇപ്രകാരം സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കൃഷി ഓഫീസർമാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽ നിന്നും അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്താൻ കഴിയുന്നതാണ്.

**യൂറിയ ക്ഷാമം**

164 (3448) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു വർഷം കൃഷിക്ക് വളമായി ഉപയോഗിക്കുന്നതിന് ശരാശരി എത്രടൺ യൂറിയ ആവശ്യമുള്ളതായിട്ടാണ് കണക്കാക്കിയിട്ടുള്ളത് ;

(ബി) അടുത്ത കാലത്തായി യൂറിയക്ക് വലിയ ക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) യൂറിയയുടെ ക്ഷാമം നിമിത്തം കാർഷികമേഖലയിൽ വലിയ പ്രതിസന്ധി സൃഷ്ടിച്ച സാചര്യത്തിൽ ആവശ്യാനുസരണം യൂറിയ ലഭ്യമാക്കുന്നത് കൃഷി വകുപ്പ് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 2014-15 സാമ്പത്തിക വർഷം ഖാരിഫ്, റാബി എന്നീ രണ്ട് വിള സീസണുകളിലായി 2 ലക്ഷം മെട്രിക് ടൺ യൂറിയ ആവശ്യമുള്ളതായി കണക്കാക്കുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കേന്ദ്ര പെട്രോളിയം ആന്റ് കെമിക്കൽസ് മന്ത്രാലയത്തിന്റെ കീഴിൽ ഡിപ്പാർട്ടുമെന്റ് ഓഫ് ഫെർട്ടിലൈസേഴ്സ് ആണ് സംസ്ഥാനങ്ങൾക്ക് രാസവളം അനുവദിച്ചു തരുന്നത്. വിവിധ രാസവള ഉല്പാദന കമ്പനികൾ ഉല്പാദിപ്പിക്കുന്നതും മറ്റ് രാജ്യങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്നതുമായ രാസവളങ്ങൾ റയിൽ റേക്ക് വഴിയാണ് സംസ്ഥാനത്ത് എത്തുന്നത്. രാസവള കമ്പനികൾ മുഖേന കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തേയ്ക്ക് അനുവദിച്ചു നൽകുന്ന രാസവളങ്ങൾ മുഴുവനായും രാസവള കമ്പനികൾക്ക് സംസ്ഥാനത്ത് എത്തിച്ചു നൽകുവാൻ കഴിയാറില്ല. രാസവളം കമ്പനികൾ റെയിൽ റേക്ക് വഴിയാണ് എത്തിക്കുന്നത്. പലപ്പോഴും റെയിൽ റേക്കിന്റെ ലഭ്യത കുറവും റേക്ക് പോയിന്റിലെ അസൗകര്യങ്ങളും കാരണമാകാറുണ്ട്. യൂറിയ പോലുള്ള വളങ്ങൾ എഫ്.എ.സി.ടി. ഉല്പാദിപ്പിക്കാത്തതുമൂലവും കയറ്റിറക്കിലെ ബുദ്ധിമുട്ട് കാരണം കൊച്ചി തുറമുഖത്ത് ലഭ്യത കുറവ് അനുഭവപ്പെടുന്നുണ്ട്. നമുക്ക് അനുവദിക്കുന്ന രാസവളങ്ങൾ മിക്കതും അന്യസംസ്ഥാനങ്ങളിലെ തുറമുഖങ്ങളായ തൂത്തുക്കുടി, മംഗലാപുരം, ചെന്നൈ, പാരദ്വീപ്, കാരയ്ക്കൽ മുതലായ തുറമുഖങ്ങളിലാണ് ഇറക്കുമതി ചെയ്യുന്നത്. ഇക്കാരണം കൊണ്ടുതന്നെ മറ്റ് സംസ്ഥാനത്തെ തുറമുഖത്തുനിന്നും നമ്മുടെ സംസ്ഥാനത്തേയ്ക്ക് വേണ്ടി അയയ്ക്കാൻ ശ്രമിക്കുമ്പോൾ എപ്പോഴും മുൻഗണന അതാതു സംസ്ഥാനങ്ങൾക്കു ലഭിക്കുകയാണ് പതിവ്. കാർഷിക സീസൺ ആരംഭിക്കുമ്പോൾ എല്ലാ സംസ്ഥാനങ്ങളും രാസവളത്തിന് വേണ്ടി പിടിമുറുക്കാറുണ്ട്. ഇക്കാരണങ്ങളാലാണ് ചില സമയങ്ങളിൽ സംസ്ഥാനത്ത് രാസവള ലഭ്യത കുറവ് അനുഭവപ്പെടാറുള്ളത്. സംസ്ഥാനത്ത് സെപ്റ്റംബറിൽ അവസാനിക്കുന്ന ഖാരിഫ് സീസണിലേക്കും മാർച്ചിൽ അവസാനിക്കുന്ന റാബി

സീസണിലേക്കും ആവശ്യമായി വരുന്ന രാസവളങ്ങളുടെ അലോട്ട്മെന്റ് നേടിയെടുക്കുകയും ആഴ്ചയിലൊരിക്കൽ ഇന്ത്യാ ഗവൺമെന്റ് നടത്തുന്ന വീഡിയോ കോൺഫറൻസിൽ പങ്കെടുത്ത് യൂറിയ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകളും റയിൽവേയിൽ ഉണ്ടാകുന്ന പ്രശ്നങ്ങളും നേരിട്ട് ഇന്ത്യാ ഗവൺമെന്റിനെ അറിയിക്കുകയും ചെയ്യുന്നുണ്ട്. ഇപ്പോൾ സംസ്ഥാനത്തേയ്ക്കാവശ്യമായ രാസവളങ്ങൾ ലഭിക്കുന്നതിലുള്ള പ്രശ്നങ്ങൾ തീർന്നിട്ടുണ്ട്. യൂറിയ വളം എത്തിക്കുന്നതിന് ഇഫ്കോ ജാഗ്രത പുലർത്തുന്നുണ്ട്. മറ്റ് കോംപ്ലക്സ് വളങ്ങൾക്കും പൊട്ടാഷ് വളങ്ങൾക്കും ക്ഷാമം അനുഭവപ്പെടുന്നില്ല.

**റബ്ബർ സംഭരണം**

165 (3449) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബർ സംഭരണത്തിനായി സർക്കാർ അനുവദിച്ച ഫണ്ട് എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) ഏത് ഏജൻസിക്കാണ് ഫണ്ട് നൽകിയതെന്നും ; അതിൽ എത്ര ചെലവഴിച്ചു എന്നും വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) കൃഷി വകുപ്പിന്റെ വിലസ്ഥിരതയ്ക്കുവേണ്ടി വിപണിയിൽ ഇടപെടൽ (പദ്ധതി) എന്ന ശീർഷകത്തിൽ നിന്നും 10 കോടി രൂപ അധിക ധന അനുമതിയിലൂടെ റബ്ബർ സംഭരണത്തിന് അടിയന്തരമായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽനിന്നും 5 കോടി രൂപ വീതം സംഭരണ ഏജൻസികളായ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷനും (റബ്ബർമാർക്ക്) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിനും (മാർക്കറ്റ്ഫെഡ്) അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2013-14-ൽ വിലസ്ഥിരതയ്ക്കുവേണ്ടി വിപണിയിൽ ഇടപെടൽ (പദ്ധതി) പ്രകാരം സംഭരണ ഏജൻസികൾക്ക് കിലോയ്ക്ക് 6 രൂപ നിരക്കിൽ (കൈകാര്യച്ചെലവും റബ്ബർ വില വ്യത്യാസവും ഉൾപ്പെടെ) 4 കോടി രൂപ കൃഷി വകുപ്പിൽനിന്നും അനുവദിച്ചിട്ടുണ്ട്. 23-10-2014-ലെ സ.ഉ.(സാധാ) നമ്പർ 576/2014/സഹ പ്രകാരം 5 കോടി രൂപ സംഭരണ ഏജൻസികൾക്ക് സഹകരണ വകുപ്പ് അനുവദിച്ചിട്ടുണ്ട്.

(ബി) സംഭരണ ഏജൻസികൾക്ക് കൈകാര്യച്ചെലവ് നൽകുന്നതിനായി 4 കോടി രൂപ കൃഷി വകുപ്പ് അനുവദിച്ചിട്ടുണ്ട്. കൈകാര്യച്ചെലവ് ഇനത്തിൽ മാർച്ച് മാസംവരെ റബ്ബർമാർക്കിന് 6,58,212 രൂപയും മാർക്കറ്റ്ഫെഡിന് 1,75,574 രൂപയും നൽകിയിട്ടുണ്ട്. 2014-15-ൽ സംഭരണ ചെലവിനായി കൃഷി വകുപ്പിൽ നിന്നും 5 കോടി രൂപ മാർക്കറ്റ്ഫെഡിനും 5 കോടി രൂപ റബ്ബർമാർക്കിനും നൽകിയതിൽ മാർക്കറ്റ്ഫെഡ് 4,85,32,657 രൂപയും റബ്ബർമാർക്ക് മുഴുവൻ തുകയും ചെലവഴിച്ചു.

**നിറവ് പദ്ധതി**

166 (3450) <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്ത മണ്ഡലങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികളെ കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ;

(ബി) നിറവ് പദ്ധതിക്കായി സംസ്ഥാന ബഡ്ജറ്റിൽ നിന്നു തുക നീക്കിവച്ചിട്ടിട്ടുണ്ടോ ;

(സി) നിറവ് പദ്ധതികളുടെ നടത്തിപ്പിന് മണ്ഡലം തലത്തിൽ പ്രത്യേക ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്

(ബി) നടപ്പുസാമ്പത്തിക വർഷം നിറവ് പദ്ധതിക്കായി ടോക്കൻ പ്രൊവിഷനായി 1,000 രൂപ മാത്രം നീക്കി വച്ചിട്ടുണ്ട്. എന്നാൽ ഉപധനാഭ്യർത്ഥനയിൽ 500 ലക്ഷം രൂപ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) നിറവ് പദ്ധതികളുടെ നടത്തിപ്പിന് മണ്ഡലം തലത്തിൽ പ്രത്യേക ഫണ്ട് അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## സമഗ്ര നാളികേര വികസനം

167 (3451) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ലസ്റ്റർ അടിസ്ഥാനത്തിൽ സമഗ്ര നാളികേര വികസന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുമായി ആരെല്ലാമാണ് സഹകരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) എത്ര ഹെക്ടർ സ്ഥലത്ത് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ?

### ഉത്തരം

(എ) ക്ലസ്റ്റർ അടിസ്ഥാനത്തിൽ സമഗ്ര നാളീകേര വികസനത്തിനായി 2014-15 വർഷം "കേരഗ്രാമം" പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ജൈവ കാർഷിക ജില്ലയായ കാസർഗോഡ് ഒഴികെയുള്ള 13 ജില്ലകളിൽ പദ്ധതി നടപ്പിലാക്കുന്നതാണ്. ഓരോ ജില്ലയിലേയും നിയോജക മണ്ഡലാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്ന 2 പഞ്ചായത്തുകളിൽ വീതമാണ് പദ്ധതി നടപ്പിലാക്കുന്നത്.

(ബി) സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളീകേര കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. തടം തുറക്കൽ, തൊണ്ട് അടുക്കൽ, കുമ്മായം, മഗ്നീഷ്യം സൾഫേറ്റ്, ജൈവവളം, രാസവളം, ജീവാണു വളം, സസ്യസംരക്ഷണ വസ്തുക്കൾ, ഇടവിള കൃഷി, രോഗബാധിതമായി ഉല്പാദന ക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റുന്നതിനും പുതിയ തൈകൾ നടുന്നതിനുമായി ഹെക്ടറിന് 25,000 രൂപ ക്രമത്തിൽ ഒരു യൂണിറ്റിന് 125 ലക്ഷം രൂപ സഹായം നൽകുന്നതാണ്. കർഷകർക്ക് തെങ്ങുകയറ്റ യന്ത്രങ്ങൾ 2,000 രൂപ സബ്സിഡി നിരക്കിൽ ഒരു പഞ്ചായത്തിൽ 20 എണ്ണം എന്ന ക്രമത്തിൽ 40,000 രൂപ അനുവദിക്കുന്നതാണ്. ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി ഹെക്ടറിന് 25,000 രൂപ നിരക്കിൽ ഒരു പഞ്ചായത്തിൽ 100 ഹെക്ടറിലേയ്ക്കായി 25 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതാണ്. ഒരു പഞ്ചായത്തിൽ ഒരു തെങ്ങിൻ തൈ

നഴ്സറി സ്ഥാപിക്കുന്നതിനായി 50,000 രൂപയുടെ സഹായം ലഭ്യമാക്കുന്നതാണ്. ജൈവ വളത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിനായി 5 വെർമി കമ്പോസ്റ്റ് യൂണിറ്റുകൾ വീതം ഒരു പഞ്ചായത്തിൽ നടപ്പിലാക്കുന്നതാണ്. ഇതിനായി യൂണിറ്റ് ഒന്നിന് 10,000 രൂപ നിരക്കിൽ 50,000 രൂപ ധനസഹായം നൽകുന്നതാണ്. പദ്ധതി പ്രവർത്തന ചെലവുകൾക്കായി കൃഷിഭവനുകൾക്ക് 10 ലക്ഷം രൂപയും കേര സൊസൈറ്റികൾക്ക് 10,000 രൂപ വീതവും വകയിരുത്തിയിട്ടുണ്ട്.

(സി) കൃഷി വകുപ്പിന്റെ പ്രസ്തുത പദ്ധതിയുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കാർഷിക ഗവേഷണ കേന്ദ്രങ്ങൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി/കാർഷിക കർമ്മസേന അംഗങ്ങൾ, സർവ്വീസ് സഹകരണ സംഘങ്ങൾ എന്നിവർ സഹകരിക്കുന്നതാണ്.

(ഡി) പദ്ധതി നിർവ്വഹണത്തിനായുള്ള പഞ്ചായത്തുകൾ നിയോജക മണ്ഡലാടിസ്ഥാനത്തിൽ തെരഞ്ഞെടുത്തുവരുന്നു.

**നിറവ് കാർഷിക പദ്ധതി**

168 (3452) <u>ശ്രീ. കെ. ദാസൻ</u> : താഴെകാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഓരോ നിയോജക മണ്ഡലത്തിലും നടപ്പാക്കുന്ന നിറവ് കാർഷിക പദ്ധതിയുടെ വിശദാംശങ്ങളും പദ്ധതി രേഖയും ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

2011-12-ൽ തെരഞ്ഞെടുത്ത നിറവ് മണ്ഡലങ്ങൾക്കായി 2012-13-ൽ ആർ.കെ.വി.വൈ. പദ്ധതി പ്രകാരം കൃഷി വകുപ്പ് പദ്ധതികൾ അംഗീകരിക്കുകയും 2013-14-ൽ ടി പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തു. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.* 2013-14-ലും 2014-15-ലും തെരഞ്ഞെടുത്ത നിറവ് മണ്ഡലങ്ങളിൽ നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കി കൊണ്ടിരിക്കുകയാണ്. ആർ.കെ.വി.വൈ 2012-13 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.* ക്ഷീര വികസന വകുപ്പ് നിറവ് മണ്ഡലങ്ങൾക്കായി നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.*

**അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം**

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

169 (3453) ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) അഗ്രോ സർവ്വീസ് സെന്ററുകൾ വഴി എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത് ;

(സി) കർഷകതൊഴിലാളി ക്ഷാമം പരിഹരിക്കാൻ പ്രസ്തുത സെന്ററുകളുടെ പ്രവർത്തനം എത്രമാത്രം പ്രയോജനപ്പെടുമെന്നാണ് കരുതുന്നത് ;വിശദമാക്കുമോ ;

(ഡി) സംസ്ഥാനത്ത് ഇത്തരം എത്ര സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഉണ്ട്. തെരഞ്ഞെടുക്കപ്പെട്ട 35 ബ്ലോക്കുകളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) 1. കാർഷിക മേഖല ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയാണ് കർഷക തൊഴിലാളികളുടെ ലഭ്യതക്കുറവും ഉയർന്ന കൂലിച്ചെലവും. കൃഷി ലാഭകരമാക്കുന്നതിന് അവശ്യം വേണ്ട തൊഴിലാളികൾ, നടീൽ വസ്തുക്കൾ, മെഷിനറികൾ, വളങ്ങൾ, ജൈവകീടനാശിനികൾ എന്നിവ ഒരു കേന്ദ്രത്തിൽനിന്നും ലഭ്യമാക്കുന്നു.

2. തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിനായി യന്ത്രവത്ക്കരണം നടപ്പിലാക്കുന്നു.

3. മണ്ണ് പരിശോധന, രോഗകീടം എന്നിവയുടെ നിർണ്ണയം നടത്തി പരിഹാര നടപടികൾ സ്വീകരിക്കുന്നു.

4. ട്രാക്ടർ, തെങ്ങുകയറ്റ യന്ത്രം, വീഡ് കട്ടർ, പവർ സ്പ്രേയർ,

ഡ്രൈയർ, പമ്പ്സെറ്റ്, പവർ ടില്ലർ തുടങ്ങിയ യന്ത്രോപകരണങ്ങൾ ഈ സേവന കേന്ദ്രങ്ങളിൽ ലഭ്യമാണ്. ഇവ ന്യായമായ വാടകയ്ക്ക് ലഭ്യമാക്കുകയും കർഷകരുടെ യന്ത്രസാമഗ്രികൾ റിപ്പയർ ചെയ്ത് കൊടുക്കുകയും ചെയ്യുന്നു.

5. കൃഷിയിലും അനുബന്ധ മേഖലകളിലും യുവാക്കൾക്ക് താല്പര്യവും, പ്രാഗത്ഭ്യവും ഉറപ്പുവരുത്തി കൃഷിഭവനുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ആധുനിക വിവര സാങ്കേതിക സംവിധാനത്തിലൂടെ കർഷകരിൽ എത്തിക്കുന്നു.

(സി) കർഷക തൊഴിലാളി ക്ഷാമം പരിഹരിക്കുവാൻ അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം സഹായകരമാണ്. അഗ്രോ സർവ്വീസ് സെന്ററുകൾവഴി വിവിധ കൃഷിപ്പണികളിൽ യന്ത്രങ്ങളുടെയും ടെക്നീഷ്യന്റെയും സേവനം ലഭിക്കും. കാർഷിക യന്ത്രങ്ങൾ സേവന കേന്ദ്രത്തിൽ ലഭ്യമാണ്. അവ ഉപയോഗിച്ച് കർഷകർക്ക് സേവനം നൽകുകയും തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിന് പ്രവർത്തിക്കുകയും ചെയ്യുന്നു. നിലം ഒരുക്കൽ, മരുന്നുതളി, വിളവെടുപ്പ് എന്നീ പണികൾക്ക് അഗ്രോ സർവ്വീസ് സെന്ററുകളിലെ അംഗങ്ങളുടെ സേവനം പ്രയോജനപ്പെടുന്നു. ഓരോ അഗ്രോ സർവ്വീസ് സെന്ററുകളിലും വിദഗ്ധ പരിശീലനം ലഭിച്ച ടെക്നീഷ്യന്മാർ ഇതിനായി പ്രവർത്തിക്കുന്നു.

(ഡി) സംസ്ഥാനത്ത് 14 ജില്ലകളിലായി 35 അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**തരിശ് നിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിന് കർഷകർക്ക് ധനസഹായം**

170 (3454) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തരിശ് നിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിന് വേണ്ടി സർക്കാർ കർഷകർക്ക് നൽകി വന്നിരുന്ന ധനസഹായത്തിൽ ഭീമമായ വെട്ടിക്കുറവ് നടത്തിയിട്ടുണ്ടോ ;

(ബി) നിലവിൽ എത്ര തുകയാണ് ഇത്തരത്തിൽ പ്രതി ഹെക്ടറിന് തരിശ് നിലകൃഷി പോഷണത്തിനായി നൽകി വരുന്നതെന്നും മുൻകാലങ്ങളിലെക്കാൾ എത്ര ശതമാനം കുറവ് ഇതിൽ വരുത്തിയിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ;

(സി) ഇത്തരത്തിൽ കുറവ് വരുത്തുന്നതിന് ഉണ്ടായിട്ടുള്ള സാഹചര്യം എന്തെന്ന് വിശദമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) അനുബന്ധ തീരുമാനമെടുക്കുന്നതിനുവേണ്ടി എന്തെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ ;

(ഇ) കർഷകർക്കുള്ള ഈ ധനസഹായം കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് സമയബന്ധിത നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ആർ.കെ.വി.വൈ. പദ്ധതി പ്രകാരം നാഷണൽ ഹോർട്ടികൾച്ചർ മിഷന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. ഇത് പ്രകാരം തരിശ് നിലങ്ങളിൽ കൃഷിയിറക്കുന്നതിന് ഉല്പാദനോപാധികളുടെ ചെലവിന് ഹെക്ടറിന് 7500 രൂപയും കൃഷി ചെലവിന് ഹെക്ടറിന് 4,000 രൂപയുമാണ് നൽകാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇത് കർശനമായി പാലിക്കപ്പെടണമെന്ന കേന്ദ്ര സർക്കാർ നിർദ്ദേശമനുസരിച്ചാണ് ധനസഹായത്തിന് വെട്ടിക്കുറവ് നടത്തിയിട്ടുള്ളത്.

(ബി) 2012-13 വർഷം ആർ.കെ.വി.വൈ. കരാർ കൃഷി പദ്ധതി പ്രകാരം 400 ഹെക്ടർ പ്രദേശത്ത് തരിശുനില നെൽകൃഷി നടപ്പിലാക്കുന്നതിനായി ഹെക്ടറിന് 30,000 രൂപ അനുവദിക്കുകയുണ്ടായി. എന്നാൽ അധികമായി ആവശ്യപ്പെട്ട 605 ഹെക്ടറിന് 15,000 രൂപയും അനുവദിക്കുകയുണ്ടായി. കുട്ടനാട് പാക്കേജ് പദ്ധതി പ്രകാരം തരിശുനില നെൽകൃഷിക്കായി ഹെക്ടറിന് 30,000 (368.14) ഹെക്ടർ രൂപ ക്രമത്തിൽ സഹായം ലഭിച്ചിട്ടുണ്ട്.

2013-14 വർഷം ഹെക്ടറിന് 30,000 രൂപ ധനസഹായം 1653.95 ഹെക്ടറിലേയ്ക്ക് ലഭിക്കുകയും പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് പദ്ധതി പ്രകാരം കുട്ടനാട് പ്രദേശത്ത് തരിശുനില കൃഷി നടപ്പിലാക്കുന്നതിനായി 250 ഹെക്ടറിലേക്ക് 30,000 രൂപ ക്രമത്തിൽ സബ്സിഡി ലഭിക്കുകയുണ്ടായി. എന്നാൽ 2014-15 വർഷത്തേയ്ക്ക് ആർ.കെ.വി.വൈ. പദ്ധതിയിലുൾപ്പെടുത്തി 1550 ഹെക്ടർ തരിശുനിലം നെൽകൃഷി യോഗ്യമാക്കുന്നതിനായി ഹെക്ടറിന് 11,500 രൂപ അനുവദിക്കുകയുണ്ടായി. പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് പദ്ധതി പ്രകാരം 166.67 ഹെക്ടറിന് 30,000 രൂപയും അനുവദിക്കുകയുണ്ടായി. എന്നാൽ ആർ.കെ.വി.വൈ. പദ്ധതി പ്രകാരം അനുവദിച്ച തുക മുൻ വർഷത്തേക്കാൾ കുറവാണ്.

(സി) കേന്ദ്ര സഹായത്തോടുള്ള ആർ.കെ.വി.വൈ. പദ്ധതി പ്രകാരം നാഷണൽ ഹോർട്ടികൾച്ചർ മിഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. ഇത് പ്രകാരം തരിശ് നിലങ്ങളിൽ കൃഷിയിറക്കുന്നതിന്

ഉല്പാദനോപാധികളുടെ ചെലവിനത്തിൽ ഹെക്ടറിന് 7,500 രൂപയും കൃഷി ചെലവിനായി ഹെക്ടറിന് 4,000 രൂപയും എന്ന ക്രമത്തിൽ ആകെ 11,500 രൂപയാണ് നൽകാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇത് കർശനമായി പാലിക്കപ്പെടണമെന്ന കേന്ദ്ര നിർദ്ദേശമനുസരിച്ചാണ് 2014-15 വർഷം ആർ.കെ.വി.വൈ. പദ്ധതി പ്രകാരം തരിശുനിലകൃഷിക്കുള്ള ആനുകൂല്യം ഹെക്ടറിന് 11,500 രൂപയായി നിജപ്പെടുത്തിയത്.

(ഡി) ഇതുമായി ബന്ധപ്പെട്ട് പഠനങ്ങൾ ഒന്നും നടത്തിയിട്ടില്ല.

(ഇ) നാഷണൽ ഹോർട്ടിക്കൾച്ചർ മിഷൻ തലത്തിലാണ് തീരുമാനമെടുക്കേണ്ടത്.

**കർഷക രജിസ്ട്രേഷൻ**

171 (3455) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> :
<u>ശ്രീ. കെ. എം. ഷാജി</u> :
<u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> :
<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷക രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോ ; കർഷകർക്ക് രജിസ്ട്രേഷൻ കാർഡ് നൽകുന്ന നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) കർഷകരുടെ വിവരം, കാർഷിക ഭൂമിയുടെ വിസ്തീർണ്ണം, വിളകളുടെ വിവരങ്ങൾ എന്നിവ സംബന്ധിച്ച ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിന് സ്വീകരിച്ച മാനദണ്ഡമെന്താണെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത മാനദണ്ഡ പ്രകാരം ലഭ്യമായ എല്ലാ കൃഷിഭൂമികളുടെയും വിളകളുടെയും ഉടമകളെ സംബന്ധിച്ച വിവരങ്ങളെല്ലാം ശേഖരിച്ചു കഴിഞ്ഞോ ; എങ്കിൽ പ്രസ്തുത വിവരങ്ങൾ കർഷകരുടെ അറിവിലേയ്ക്കും തിരുത്തലുകൾ വരുത്തുന്നതിനുമായി ഓൺലൈനിൽ പ്രസിദ്ധപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) 2013 ജൂലൈ 31 വരെ 18.77 ലക്ഷം അപേക്ഷകൾ ലഭിക്കുകയും 17.45 ലക്ഷം അപേക്ഷകരുടെ രജിസ്ട്രേഷൻ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്ത കർഷകർക്ക് 'അഗ്രി കാർഡ്' വിതരണം ചെയ്യുന്നതിന് കാനറ ബാങ്കിനെ

ച്ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) കൃഷി വകുപ്പ് തയ്യാറാക്കിയ അപേക്ഷാ ഫോറം സംസ്ഥാനത്തെ വിവിധ കൃഷിഭവനുകൾ മുഖേന കർഷകർക്ക് വിതരണം ചെയ്യുകയും കർഷകരുടെ വ്യക്തിഗത വിവരങ്ങളോടൊപ്പം കാർഷിക ഭൂമിയുടെ വിസ്തൃതി, വിളകളുടെ വിവരങ്ങൾ തുടങ്ങിയവ കർഷകർതന്നെ രേഖപ്പെടുത്തിയത് ശേഖരിച്ച് ഡേറ്റാ ബാങ്ക് തയ്യാറാക്കുന്നതിന് അക്ഷയ കേന്ദ്രങ്ങൾക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്.

(സി) ലഭ്യമായ അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ ഡേറ്റാ ബാങ്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ രേഖപ്പെടുത്തൽ പൂർത്തിയായതിനു ശേഷം ഓൺലൈനിൽ പ്രസിദ്ധീകരിക്കുന്നതാണ്.

**ഹൈടെക് കൃഷി രീതി**

172 (3456) ശ്രീ. എസ്. ശർമ്മ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. പി. റ്റി. എ. റഹീം : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്ന ഹൈടെക് കൃഷി രീതിയുടെ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ഹൈടെക് കൃഷി രീതി നടപ്പാക്കിത്തുടങ്ങി രണ്ടു വർഷം കഴിഞ്ഞിരിക്കെ ഇത് സംസ്ഥാനത്തെ കാർഷികോല്പന്ന രംഗത്ത് എന്തെങ്കിലും ചലനങ്ങൾ സൃഷ്ടിച്ചിട്ടുണ്ടോ; വിശദമാക്കാമോ; സംസ്ഥാനത്ത് ആവശ്യമായി വരുന്ന പച്ചക്കറികൾ ഇത്തരം ഹൈടെക് കൃഷി രീതി നടപ്പാക്കുന്ന കേന്ദ്രങ്ങളിൽ നിന്നും ലഭ്യമാകുന്നുണ്ടോ ;

(സി) മുതൽമുടക്കിനനുസൃതമായുള്ള വരുമാനം പ്രസ്തുത രീതി അവലംബിക്കുന്ന കർഷകർക്ക് ലഭ്യമാകുന്നുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന ഹൈടെക് കൃഷി രീതിയുടെ വിലയിരുത്തൽ കേരള കാർഷിക സർവ്വകലാശാലയുടെ കർഷക സാന്ത്വന ടീം നടത്തിയിട്ടുണ്ട്. കേരളത്തിലെ ദക്ഷിണ മേഖലയിലെ പോളീഹൗസുകളുടെ വിലയിരുത്തൽ നടത്തിയതിൽനിന്നും പോളീഹൗസിന്റെ നിർമ്മാണത്തിലും

പ്രവർത്തനത്തിലുമുള്ള അപാകതകൾ കണ്ടുപിടിക്കുകയും അതിനെ അതിജീവിക്കുവാനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം പൂർത്തികരിച്ച പോളീഹൗസുകളിലെ അപാകതകൾ പരിഹരിച്ച് വരുന്നു. മാത്രവുമല്ല നിലവിൽ നിർമ്മാണത്തിലുള്ള പോളീഹൗസുകൾ ഈ നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ അവലംബിക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ നടപ്പാക്കിവരുന്ന ഹൈടെക് കൃഷി രീതിയുടെ വിലയിരുത്തൽ നടത്തിയിട്ടുണ്ട്. വാഴ, പച്ചക്കറി എന്നിവയിലാണ് ഹൈടെക് കൃഷി നടപ്പിലാക്കിയത്. ഹൈടെക് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പോളീഹൗസുകൾ സ്ഥാപിക്കുന്നതിനുള്ള 54 ലക്ഷം രൂപയുടെ ധനസഹായം കൗൺസിലിന് 2012-13 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. ഹൈടെക് കൃഷി ഉല്പാദിപ്പിക്കാവുന്ന വിളകളായ സലാഡ് വെള്ളരി, പയർ, ക്യാപ്സിക്കം, പാവയ്ക്ക, കോളിഫ്ലവർ, പുഷ്പ വിളകളായ കാർനേഷൻ, ജെർബറ, ഓർക്കിഡ് തുടങ്ങിയവയുടെ ഉല്പാദനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പോളീഹൗസുകളിൽ കീടാക്രമണം താരതമ്യേന കുറവായതിനാൽ ഇവയിൽ പരിമിതമായേ കീടനാശിനികൾ ഉപയോഗിക്കുന്നുള്ളൂ. ആയതിനാൽതന്നെ വിപണിയിൽ ലഭിക്കുന്ന ഇതേ ഇനം വിളകളെക്കാൾ മികച്ച വില പോളീഹൗസ് ഉല്പന്നങ്ങൾക്ക് ലഭിക്കുന്നുണ്ട്. ഇതിലൂടെ ഹൈടെക് കർഷകർക്ക് മികച്ച വരുമാനം ലഭിക്കുന്നുണ്ട്.

കൂടാതെ ഹൈബ്രിഡ് ഇനങ്ങളുടെ കൃഷി, കൃത്യമായ വിള നിരീക്ഷണം, ഫെർട്ടിഗേഷൻ രീതിയിലുള്ള വളപ്രയോഗം, കീടരോഗ നിയന്ത്രണം എന്നിവയിലൂടെയും ഉല്പാദനവും ഉല്പാദനക്ഷമതയും ഇരട്ടിയിലധികം വർദ്ധിക്കുന്നതായി കണ്ടിട്ടുണ്ട്. സംസ്ഥാനത്തിനാവശ്യമായ മുഴുവൻ പച്ചക്കറികളും ഉല്പാദിപ്പിക്കാൻ ആവശ്യമായ ഹൈടെക് കൃഷി കേന്ദ്രങ്ങൾ സംസ്ഥാനത്ത് നിലവിലില്ല.

(സി) മുതൽമുടക്കിനനുസൃതമായ വരുമാനം പ്രസ്തുത രീതി അവലംബിക്കുന്ന കർഷകർക്ക് ലഭ്യമാകുന്നുണ്ട്. 600 ച. മീറ്റർ വിസ്തീർണ്ണമുള്ള ഒരു പോളീഹൗസിൽ നിന്നും 45,000 രൂപ മുതൽമുടക്കിൽ സലാഡ് വെള്ളരി കൃഷി ചെയ്ത കർഷകന് 3.20 ലക്ഷം രൂപ ലഭിക്കുന്നുണ്ട്. അതുപോലെ 56,000 രൂപ മുതൽ മുടക്കിൽ കൃഷി ചെയ്യുന്ന പയറിൽ നിന്നും 2 ലക്ഷം രൂപയും 16,000 രൂപ മുതൽമുടക്കുള്ള ക്യാപ്സിക്കത്തിൽനിന്നും 7.10 ലക്ഷം രൂപ വരുമാനവും കർഷകർക്ക് ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ ഹൈടെക് കൃഷിയിൽ ഏർപ്പെട്ട മിക്ക

കർഷകരും മികച്ച വരുമാനം നേടി ചുരുങ്ങിയ സമയം കൊണ്ട് ബാധ്യതകൾ തീർത്ത് കൃഷി ലാഭകരമാക്കുന്നുണ്ട്.

**ഭക്ഷ്യ സുരക്ഷ**

173 (T *3457) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പാലോട് രവി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ;

(ബി) ഇവ കൂടുതൽ ശാക്തീകരിക്കുന്നതിന് സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ വിശദീകരിക്കാമോ ;

(സി) ഭക്ഷ്യ ഉത്പാദനം , സംഭരണം, സൂക്ഷിപ്പ് എന്നിവ ശക്തിപ്പെടുത്തുന്നതിനും, കാര്യക്ഷമമാക്കുന്നതിനും സ്വീകരിക്കുന്ന പദ്ധതികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കൃഷി വകുപ്പ് നടപ്പാക്കിവരുന്ന കാർഷിക വികസന പദ്ധതികൾ ഭക്ഷ്യസുരക്ഷ ലക്ഷ്യമാക്കിക്കൊണ്ടുള്ളതാണ്. ഇതിൽ പ്രധാന ഭക്ഷ്യവിളകളായ നെല്ല്, വാഴ, പച്ചക്കറി, കിഴങ്ങുവർഗ്ഗവിളകൾ എന്നിവയുടെ കൃഷി വ്യാപിപ്പിക്കുന്നതിനും അതോടൊപ്പം അവയുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുമായി കൃഷിവകുപ്പ് സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരവും കേന്ദ്രസഹായത്തോടെയും നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാന കൃഷി വകുപ്പ് നെൽകൃഷി വികസനത്തിനായി വിവിധ ഉല്പാദനോപാധികൾ (വിത്ത്, വളം, കീട/കളനാശിനി മുതലായവ) കർഷകർക്ക് ലഭ്യമാക്കുന്നതിന് ഹെക്ടറിന് 4,500 (നാലായിരത്തി അഞ്ഞൂറ്) രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു. ഇതോടൊപ്പം വിവിധ നെൽകൃഷി വികസന ഏജൻസികൾക്ക് ധനസഹായം, പ്രത്യേകതരം നെൽകൃഷികളുടെ വികസനം (ഉദാ: പൊക്കാളി നെൽകൃഷി, ഞവര നെൽകൃഷി മുതലായവ) പാടശേഖര സമിതികളുടെ പ്രവർത്തനത്തിനുള്ള ധനസഹായവും നൽകിവരുന്നു. കൂടാതെ ഗുണമേന്മയുള്ള നെൽവിത്തുകളുടെ ലഭ്യത ഉറപ്പു

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

വരുത്തുന്നതിന് സീഡ് വില്ലേജ് രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതി (ആർ.എസ്.ജി.പി) എന്നീ പദ്ധതികളുടെ അടിസ്ഥാനത്തിൽ കൃഷിക്കാർക്ക് നല്ലയിനം നെൽവിത്തുകൾ നൽകി കൃഷി ചെയ്യിക്കുന്നു. ഇപ്രകാരം ഉല്പാദിപ്പിക്കുന്ന സർട്ടിഫൈഡ് നെൽവിത്തുകൾ ഗുണനിലവാരം പരിശോധിച്ച് മെച്ചപ്പെട്ട വില നൽകി വിത്ത് വികസന അതോറിറ്റി മുഖാന്തിരം തിരിച്ചെടുക്കുന്നു. "വിത്തുഗുണം പത്തുഗുണം" എന്ന ഗുണപാഠമനുസരിച്ച് ഇപ്രകാരം ഉല്പാദിപ്പിക്കുന്ന നല്ലയിനം വിത്തുകൾ വിവിധ കർഷകർക്ക് വിതരണം ചെയ്ത് ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നു. നെൽകൃഷിക്കാവശ്യമായ വെള്ളം പമ്പ് ചെയ്യുന്നതിനുള്ള വൈദ്യുതി പൂർണ്ണമായും സൗജന്യമായാണ് നൽകിവരുന്നത്. കൂടാതെ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഹെക്ടറിന് 1,000 രൂപ ഉല്പാദന ബോണസ് എന്ന നിലയിലും കർഷകർക്ക് നൽകിവരുന്നു. ഇതുകൂടാതെ കേന്ദ്ര സർക്കാരിന്റെ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ മാത്രമായി നെൽകൃഷിക്ക് ഒരു പ്രത്യേക പദ്ധതിയും നടപ്പിലാക്കിവരുന്നു. പച്ചക്കറി കൃഷിയെ സംബന്ധിച്ച് 2012-13 സാമ്പത്തിക വർഷം മുതൽ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന പച്ചക്കറി കൃഷി വികസന പദ്ധതി, പദ്ധതി ഘടകങ്ങളുടെ വൈവിദ്ധ്യം കൊണ്ടും സുതാര്യതകൊണ്ടും ബഹുജനപങ്കാളിത്തംകൊണ്ടും ശ്രദ്ധേയമായിട്ടുണ്ട്. 5 ഹെക്ടർ വീതമുള്ള സ്ഥലത്ത് ക്ലസ്റ്റർ അടിസ്ഥാനത്തിൽ പച്ചക്കറി കൃഷിചെയ്യുന്നതിന് ധനസഹായം നൽകി വരുന്നു. വീട്ടമ്മമാർ, സ്കൂൾ വിദ്യാർത്ഥികൾ എന്നിവർക്ക് സൗജന്യമായി വിത്ത് വിതരണം, സ്കൂളുകളിൽ പച്ചക്കറിത്തോട്ടം സ്ഥാപിക്കൽ, നഗരങ്ങളിൽ ടെറസ്സിൽ കൃഷി വ്യാപിപ്പിക്കുന്നതിനായി ഗ്രോബാഗുകളുടെ വിതരണം, സ്വകാര്യ-സർക്കാർ വക കുറഞ്ഞത് 50 സെന്റ് സ്ഥലത്ത് പ്രോജക്ടടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ധനസഹായം എന്നിവ എടുത്തുപറയേണ്ട ഘടകങ്ങളാണ്. കൂടാതെ ദൃശ്യ-ശ്രാവ്യ-അച്ചടി മാധ്യമങ്ങളിലൂടെ പദ്ധതിയെക്കുറിച്ചും പച്ചക്കറി കൃഷിയെ കുറിച്ചും പൊതുവെ നടത്തിവരുന്ന പരസ്യം പച്ചക്കറിയിൽ "സ്വയം പര്യാപ്തത" എന്ന പദ്ധതി ലക്ഷ്യത്തെ ഏറെ സഹായിക്കുന്നു.

(സി) കാർഷികോല്പന്നങ്ങളുടെ സംഭരണം, സൂക്ഷിപ്പ് എന്നീ മേഖലകളിലും കൃഷിവകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ഏറെ സഹായിക്കുന്നു. വിലസ്ഥിരതയ്ക്കായി വിപണിയിൽ ഇടപെടൽ എന്ന പദ്ധതിയനുസരിച്ച് കാർഷികോല്പന്നങ്ങളായ നെല്ല്, പച്ചതേങ്ങ, റബ്ബർ എന്നിവയുടെ വില വളരെയധികം താഴ്ന്ന സാഹചര്യങ്ങളിൽ കേരഫെഡ്, മാർക്കറ്റ്ഫെഡ് മുതലായ പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേന ഈ ഉല്പന്നങ്ങൾ കർഷകരിൽനിന്നും നേരിട്ട് സംഭരിച്ച് വിപണിയിലെ ഉല്പന്നവില പിടിച്ചുനിർത്തുന്നതിനും ചില അവസരങ്ങളിൽ ഉയർത്തുന്നതിനും

ഇടയാക്കിയിട്ടുണ്ട്. സപ്ലൈകോ മുഖേനയുള്ള നെല്ല് സംഭരണം സംസ്ഥാനത്തെ പ്രധാന നെൽകൃഷി മേഖലകളിലെ കർഷകരെ അളവറ്റ് സഹായിക്കുന്നു. 2014 മാർച്ച് മാസം മുതൽ കിലോയ്ക്ക് 19 രൂപയാണ് സംഭരണവില. പച്ചക്കറി, പഴവർഗ്ഗങ്ങൾ എന്നിവ കൃഷിവകുപ്പിന്റെ കീഴിലുള്ള മൊത്തവ്യാപാര വിപണികളിലും അഞ്ച് ജില്ലാ സംഭരണ കേന്ദ്രങ്ങൾവഴിയും സംഭരിച്ച് അവ ഗ്രേഡ് തിരിച്ച് ലേലം നടത്തി കർഷകന് ന്യായമായ വില നൽകിവരുന്നു.

## നെല്ല് ഉല്പാദനത്തിന് കർഷകന് ധനസഹായം

174 (3459) ശ്രീ. ബി. സത്യൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നെൽകൃഷി നടത്തുന്നത് എത്ര ഹെക്ടറിലാണ് ;

(ബി) നെല്ല് ഉല്പാദനത്തിന് കർഷകന് എന്തെല്ലാം ധനസഹായമാണ് നൽകിവരുന്നത് ;

(സി) തരിശ് ആയി കിടന്നിരുന്ന നെൽവയലുകളിൽ നെൽകൃഷി നടത്തുന്ന പഞ്ചായത്തുകൾക്ക് പ്രത്യേക ധനസഹായം അനുവദിക്കുന്നകാര്യം പരിഗണിക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 2013-14 വർഷം 199611 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടപ്പിലാക്കുകയുണ്ടായി. 2014-15 നടപ്പുവർഷത്തേയ്ക്കായി 209000 ഹെക്ടർ സ്ഥലത്തേയ്ക്കുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നു.

(ബി) 2014-15 വർഷം താഴെപ്പറയുന്ന നെൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. സുസ്ഥിര നെൽകൃഷി വികസനം: (ഗ്രൂപ്പ് ഫാമിംഗ്) ഹെക്ടറിന് 4,500 രൂപ സബ്സിഡി നൽകിക്കൊണ്ട് ഉല്പാദനോപാധികളുടെ ചെലവ് ഇനത്തിനായി 180000 ഹെക്ടറിലേയ്ക്ക്, സംസ്ഥാന വിഹിതമായി 2700 ലക്ഷം രൂപയുടേയും ആർ.കെ.വി.വൈ. പദ്ധതി പ്രകാരം 5400 ലക്ഷം രൂപയുടേയും പദ്ധതി നടപ്പിലാക്കിവരുന്നു.
2. നെൽകൃഷി വികസന ഏജൻസികൾക്കുള്ള ധനസഹായം: നെൽകൃഷി വികസന ഏജൻസി മുഖാന്തിരം നെൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.
3. പൊക്കാളി നെൽകൃഷി വികസന പദ്ധതി: ഈ പദ്ധതി പ്രകാരം പൊക്കാളി കൃഷി നടപ്പിലാക്കുന്നതിനായി ആലപ്പുഴ,

എറണാകുളം, തൃശ്ശൂർ ജില്ലകളിലായി 695 ഹെക്ടർ പ്രദേശത്ത് പദ്ധതി നടപ്പിലാക്കുന്നതിനായി 69.5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഹെക്ടറിന് 10,000 രൂപ സബ്സിഡി നൽകുന്നു.

4. പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ്: കുട്ടനാട് പ്രദേശത്തേയ്ക്കായി തരിശുനില നെൽകൃഷി നടപ്പിലാക്കുന്നതിനായി ഹെക്ടറിന് 30,000 രൂപ സബ്സിഡി നൽകി പദ്ധതി നടപ്പിലാക്കുന്നു. ആകെ 166.67 ഹെക്ടറിന് 50 ലക്ഷം രൂപ.

5. പ്രത്യേക നെല്ലിനങ്ങളുടെ വികസനം: പ്രത്യേക നെല്ലിനങ്ങളായ പൊക്കാളി, ഞവര, ബസ്മതി, ജീരകശാല, ഗന്ധകശാല എന്നിവ കൃഷി ചെയ്യുന്നതിനായി ഹെക്ടറിന് 10,000 രൂപ സബ്സിഡി നൽകി ആകെ 2000 ഹെക്ടറിൽ 200 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

6. തരിശുനില നെൽകൃഷി വികസനം: ആർ.കെ.വി.വൈ. പദ്ധതി പ്രകാരം തരിശുനിലങ്ങൾ നെൽകൃഷി യോഗ്യമാക്കുന്നതിനായി ഹെക്ടറിന് 11500 രൂപ സബ്സിഡി നിരക്കിൽ 1550 ഹെക്ടർ സ്ഥലത്ത് 178.25 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

7. പാടശേഖര സമിതികൾക്കുള്ള പ്രവർത്തന ഫണ്ട്: പാടശേഖരങ്ങളുടെ പ്രവർത്തന ചെലവ് വഹിക്കുന്നതിനായി 302 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

8. ഹെക്ടറൊന്നിന് 1,000 രൂപ നിരക്കിൽ പ്രൊഡക്ഷൻ ഇൻസന്റീവ് നൽകിവരുന്നു.

9. സൗജന്യ വൈദ്യുതി ആനുകൂല്യം നെൽകൃഷി മേഖലയിലും നൽകിവരുന്നു.

(സി) 2014-15 വർഷം തരിശായിക്കിടക്കുന്ന നെൽവയലുകളിൽ നെൽകൃഷി നടത്തുന്നതിനായി ആർ.കെ.വി.വൈ. പദ്ധതി പ്രകാരം ഹെക്ടറിന് 11,500 രൂപ സബ്സിഡി നൽകി 1550 ഹെക്ടർ പ്രദേശത്ത് പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിനുപുറമേ കുട്ടനാട് പ്രദേശത്തേയ്ക്കായി തരിശുനില നെൽകൃഷി വികസനത്തിനായി ഹെക്ടറൊന്നിന് 30,000 രൂപ സബ്സിഡി നൽകി 166.67 ഹെക്ടർ സ്ഥലത്ത്

പദ്ധതി നടപ്പിലാക്കിവരുന്നു.

**കർഷക സേവനകേന്ദ്രങ്ങളും ജൈവകൃഷിയും**

175 (T*3460) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലെ കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ജൈവകൃഷി മുഖ്യ വ്യാപനത്തിനും എന്തെല്ലാം പദ്ധതികളാണ് വകുപ്പുതലത്തിലുള്ളതെന്ന് അറിയിക്കുമോ ;

(ബി) സംസ്ഥാനത്ത് എത്ര കർഷക സേവനകേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ ;

(സി) ഇത്തരം കേന്ദ്രങ്ങളുടെ പ്രവർത്തന മേഖലയെ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) എന്ത് തുക ഇത്തരം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി നിലവിൽ വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന കൃഷിവകുപ്പ്, കേന്ദ്രസർക്കാർ, ത്രിതല പഞ്ചായത്ത് എന്നിവയുടെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. സംസ്ഥാനത്ത് കൃഷി ചെയ്തുവരുന്ന വിളകൾക്കും അവ കൃഷി ചെയ്യുന്ന സ്ഥലത്തിനും ഊന്നൽ നൽകി ഘട്ടം ഘട്ടമായി 2016 വർഷത്തോടെ ജൈവകൃഷിയിലേയ്ക്ക് മാറി, സംസ്ഥാനത്തെ ഒരു സമ്പൂർണ്ണ ജൈവ സംസ്ഥാനമാക്കി മാറ്റുവാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി സംസ്ഥാനത്തെ 140 അസംബ്ലി നിയോജകമണ്ഡലങ്ങളിലെയും ഓരോ പഞ്ചായത്തുകളിലും കാർഷിക വികസന സമിതി അംഗങ്ങൾ, കൃഷി അനുബന്ധ വകുപ്പ് ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി യോഗങ്ങൾ

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

വിളിച്ചുകൂട്ടി. ഇതിനുപുറമേ ഓരോ നിയോജക മണ്ഡലത്തിലും ജൈവകൃഷിയിലേയ്ക്ക് മാറുവാനുള്ള കർമ്മ പരിപാടിയുടെ രൂപീകരണത്തിനായി ഓരോ പഞ്ചായത്തിലും എം.എൽ.എ.-മാർ, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, കൃഷി അനുബന്ധ മേഖലാ ഉദ്യോഗസ്ഥർ എന്നിവരുടെ യോഗങ്ങൾ നടന്നുവരുന്നു. കർഷകരെ ബോധവത്ക്കരിക്കുന്നതിനും ഓരോ പ്രദേശത്തിനും അനുയോജ്യമായ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 2012-ൽ ജൈവ ജില്ലയായി പ്രഖ്യാപിച്ച കാസർഗോഡ് ജില്ലയിൽ ജൈവകൃഷി വ്യാപനത്തിനായി ബോധവത്ക്കരണം, മാതൃകാ കൃഷിത്തോട്ട നിർമ്മാണം, ക്ലസ്റ്ററുകളിലൂടെ ജൈവകൃഷി, വെർമികമ്പോസ്റ്റ്, റൂറൽ കമ്പോസ്റ്റ് എന്നിവയിലൂടെ ജൈവ വളം നിർമ്മാണം എന്നീ പരിപാടികളിലൂടെ പദ്ധതി നടപ്പിലാക്കിവരുന്നു. ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തരം നടപ്പിലാക്കുന്ന പല പദ്ധതികളും ഗ്രാമപഞ്ചായത്തുകളിൽ കാർഷിക ഉത്പാദനം വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ്. ഗുണനിലവാരമുള്ള നടീൽവസ്തുക്കളുടെ ഉത്പാദനം, വിളവ്യാപനം, തോട്ടവിളകളുടെ പുനരുദ്ധാരണം, ജലസേചന സൗകര്യങ്ങളുടെ നിർമ്മാണം, സംരക്ഷിത കൃഷി വിളകളിൽ പരാഗണം പ്രാവർത്തികമാക്കുവാൻ തേനീച്ച വളർത്തലിന് ധനസഹായം എന്നീ പദ്ധതികൾ ഇതിൽ ഉൾപ്പെടും. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ജൈവകൃഷിവ്യാപനം, ജൈവ ഉത്പന്നങ്ങളുടെ സർട്ടിഫിക്കേഷൻ, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം എന്നീ പദ്ധതികളാണ് നിലവിലുള്ളത്. വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ 2014-15 സാമ്പത്തിക വർഷം 1250 ഹെക്ടറിൽ ജൈവ പച്ചക്കറികൃഷി വ്യാപിപ്പിക്കുന്നതിനായി 187.5 ലക്ഷം രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കുന്നത്.

(ബി) 2012-13-ൽ 35 കർഷക സേവന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. അവ ചുവടെ ചേർത്തിരിക്കുന്നു:

| ജില്ല | ബ്ലോക്ക് |
|---|---|
| തിരുവനന്തപുരം-2 | കഴക്കൂട്ടം, പാറശ്ശാല |
| കൊല്ലം-2 | പത്തനാപുരം, ചടയമംഗലം |
| പത്തനംതിട്ട-2 | റാന്നി, കോന്നി |

| | |
|---|---|
| ആലപ്പുഴ-2 | കായംകുളം, ചെങ്ങന്നൂർ |
| കോട്ടയം-2 | പള്ളം, ഉഴവൂർ |
| ഇടുക്കി-2 | തൊടുപുഴ, ഇടുക്കി |
| എറണാകുളം-3 | കോതമംഗലം, പാമ്പാക്കുട, ആലങ്ങാട് |
| തൃശ്ശൂർ-3 | പഴയന്നൂർ, ഇരിങ്ങാലക്കുട, വടക്കാഞ്ചേരി |
| പാലക്കാട്-2 | മലമ്പുഴ, പട്ടാമ്പി |
| മലപ്പുറം-3 | പെരിന്തൽമണ്ണ, കുറ്റിപ്പുറം, പെരുമ്പടപ്പ് |
| കോഴിക്കോട്-4 | പേരാമ്പ്ര, മേലാടി, കുന്നമ്മേൽ, കൊടുവള്ളി |
| വയനാട്-3 | കല്പറ്റ, മാനന്തവാടി, അമ്പലവയൽ |
| കണ്ണൂർ-3 | കൂത്തുപറമ്പ്, ഇരിക്കൂർ, പയ്യന്നൂർ |
| കാസർഗോഡ്-2 | നീലേശ്വരം, മഞ്ചേശ്വരം |

ഇവ കൂടാതെ 2014-15-ൽ 50 കർഷക സേവന കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) 1. കാർഷിക മേഖല ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയാണ് കാർഷിക പ്രവൃത്തിയിൽ പരിജ്ഞാനമുള്ള തൊഴിലാളികളുടെ ലഭ്യതക്കുറവും ഉയർന്ന കൂലി ചെലവും കൃഷി ലാഭകരമാക്കുന്നതിന് ആവശ്യം വേണ്ട ഉല്പാദനോപാധികളും സാങ്കേതിക വിദ്യയും ഒരു കേന്ദ്രത്തിൽനിന്നും ലഭ്യമാക്കുക.

2. തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിനായി യന്ത്രവത്ക്കരണം നടപ്പിലാക്കുന്നു.

3. മണ്ണ് പരിശോധന, രോഗകീടങ്ങൾ എന്നിവയുടെ നിർണ്ണയം നടത്തി പരിഹാര നടപടി സ്വീകരിക്കുവാൻ സഹായിക്കുന്നു.

4. ട്രാക്ടർ, തെങ്ങുകയറ്റ യന്ത്രം, വീഡ് കട്ടർ, പവർ സ്പ്രെയർ, ഡ്രൈയർ, പമ്പ്സെറ്റ്, പവർ ടില്ലർ എന്നീ യന്ത്രോപകരണങ്ങൾ വാടകയ്ക്ക് ഈ സേവന കേന്ദ്രങ്ങളിൽ നൽകുന്നു. ഇവ ന്യായമായ വാടകയ്ക്ക് ലഭ്യമാക്കുകയും കർഷകരുടെ യന്ത്ര സാമഗ്രികൾ റിപ്പയർ ചെയ്ത് കൊടുക്കുകയും ചെയ്യുന്നു.

5. കൃഷിയിലും അനുബന്ധ മേഖലയിലുമുള്ള യുവാക്കൾക്ക്

താല്പര്യവും പ്രാഗത്ഭ്യവും ഉറപ്പുവരുത്തി കൃഷിഭവനുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ആധുനിക വിവരസാങ്കേതിക സംവിധാനങ്ങളിലൂടെ കർഷകരിൽ എത്തിക്കുന്നു.

(ഡി) വിവിധ പദ്ധതികളിലായി കർഷക സേവന കേന്ദ്രങ്ങൾക്ക് 1270 ലക്ഷം രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ട്.

**നെൽകൃഷി വ്യാപനത്തിനായി കർഷകർക്ക് നൽകുന്ന ധനസഹായം**

176 (3461) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽകൃഷി വ്യാപനത്തിനായി സർക്കാർ കർഷകർക്ക് നൽകി വന്നിരുന്ന ധനസഹായം പെർമിറ്റ് സിസ്റ്റത്തിലൂടെ ലഭ്യമാക്കിയപ്പോൾ യഥാസമയം ലഭിച്ചിരുന്നത് നിലവിൽ ഇ-പേമെന്റ് നടപ്പാക്കിയതോടെ വിളവെടുപ്പിനുശേഷം മാത്രം ലഭിക്കുന്ന സാഹചര്യം നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാരണത്താൽ കൃഷിച്ചെലവ് ആവശ്യമായ അപേക്ഷകർക്ക് ഈ ധനസഹായം ലഭിക്കാത്ത സ്ഥിതിയുണ്ടായിട്ടുള്ളത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) നെൽകൃഷി വ്യാപനത്തിനായി കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ പദ്ധതികൾ പ്രകാരം പ്രതി ഹെക്ടറിന് എത്ര തുക കർഷകർക്ക് നൽകിവരുന്നുണ്ട് എന്ന് വിശദമാക്കുമോ ; ആയത് നൽകുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും അറിയിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കർഷകർ നെൽകൃഷി നടപ്പിലാക്കുമ്പോൾ ഏതൊക്കെ ഘടകങ്ങളാണ് പൂർത്തീകരിക്കുന്നത്, ആയതിനുള്ള സബ്സിഡി അപ്പപ്പോൾതന്നെ ഇ-പേമെന്റായി നൽകുന്നു. ഉല്പാദന ബോണസിനും പമ്പിംഗ് സബ്സിഡിക്കും മാത്രമേ വിളവെടുപ്പിനുശേഷം നിഷ്കർഷിച്ചിട്ടുള്ളൂ.

(സി) (a) സംസ്ഥാനാവിഷ്കൃത പദ്ധതികൾ

| ക്രമ നമ്പർ | സ്കീമിന്റെ പേര് | സബ്സിഡി തുക/ ഹെക്ടറിന് രൂപ |
|---|---|---|
| 1. | സുസ്ഥിര നെൽകൃഷി വികസനം | 1,500.00 |
| 2. | തരിശുനില നെൽകൃഷി വികസനം | 11,500.00 |
| 3. | ഗ്രൂപ്പ് ഫാമിംഗ് സമിതിയുടെ പ്രവർത്തന ചെലവ് | 200.00 |
| 4. | പ്രത്യേക നെല്ലിനങ്ങളുടെ വികസനം | 10,000.00 |
| 5. | ഉല്പാദന ബോണസ് | 1,000.00 |

(b) കേന്ദ്രാവിഷ്കൃത പദ്ധതികൾ

| ക്രമ നമ്പർ | സ്കീമിന്റെ പേര് | സബ്സിഡി തുക/ ഹെക്ടറിന് രൂപ |
|---|---|---|
| 1. | സുസ്ഥിര നെൽകൃഷി വികസനം (RKVY) | 3,000.00 |
| 2. | പൊക്കാളി നെൽകൃഷി വികസനം | 10,000.00 |
| 3. | തരിശുനില നെൽകൃഷി വികസനം (കുട്ടനാട് പാക്കേജ്) | 30,000.00 |

മാനദണ്ഡങ്ങൾ

നെൽകൃഷി ചെയ്യുന്ന കർഷകർ ഗ്രൂപ്പ് ഫാമിംഗ് സമിതി അംഗങ്ങളായിരിക്കണം. അല്ലെങ്കിൽ സമിതിയിൽ അംഗമാകണം. കർഷകർ ചെറുകിട നാമമാത്ര കർഷകരായിരിക്കണം.

തരിശുനിലം കൃഷി ചെയ്യുന്നത് നെൽകർഷകർ/കർഷക ഗ്രൂപ്പുകൾ/ സ്വാശ്രയ സംഘം, കുടുംബശ്രീ മുതലായവർക്ക് ഏറ്റെടുത്തു ചെയ്യാവുന്നതാണ്.

**ഇടുക്കി പാക്കേജ്**

177 (3462) ശ്രീ. ഇ. പി. ജയരാജൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി പാക്കേജിന് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിച്ചതെന്നാണ് ;

(ബി) എത്ര തുകയുടെ അനുമതിയാണ് ലഭിച്ചത് ; സംസ്ഥാന വിഹിതം

എത്രയാണ് ;

(സി) അനുമതി ലഭിച്ചപ്പോൾ നിശ്ചയിച്ച കാലാവധി ദീർഘിപ്പിച്ചു ലഭിക്കുകയുണ്ടായോ ; ഏതുവരെയാണ് കാലാവധി ദീർഘിപ്പിച്ചത് ?

ഉത്തരം

(എ) 20-11-2008-ൽ.

(ബി) 481.86 കോടി രൂപയുടെ പദ്ധതികൾക്കാണ് അനുമതി ലഭിച്ചത്. റിലീസ് ചെയ്ത 260.48 കോടി രൂപ വിവിധ വകുപ്പുകളുടെ തുടർ പദ്ധതികളിൽ നടപ്പിലാക്കിവരുന്നു. ഇടുക്കി പാക്കേജിനുമാത്രമായി ബജറ്റ് വിഹിതമില്ല.

(സി) ഇടുക്കി പാക്കേജിന്റെ കാലാവധി 2013 നവംബറിൽ അവസാനിച്ചതായി (കേന്ദ്ര കൃഷി മന്ത്രാലയത്തിലെ അഡീ. ചീഫ് സെക്രട്ടറി 29-4-2013-ൽ കാർഷിക ഉല്പാദന കമ്മീഷണർക്ക് അയച്ച കത്ത്) കേന്ദ്രസർക്കാർ അറിയിച്ചിരുന്നു. ബഹു. മുഖ്യമന്ത്രി 23-1-2014-ലും 16-10-2014-ലും ഇടുക്കി പാക്കേജിന്റെ കാലാവധി 2 വർഷംകൂടി നീട്ടുന്നതിന് കേന്ദ്ര സർക്കാരിന് കത്ത് നൽകി. എന്നാൽ ഇതിനുള്ള മറുപടിയായി പാക്കേജിന്റെ പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന തുടർ പദ്ധതികളിൽ ഉൾക്കൊള്ളിച്ചുപൂർത്തിയാക്കുന്നതിന് ഇടുക്കി പാക്കേജിന്റെ കാലാവധി ദീർഘിപ്പിക്കാത്തത് തടസ്സമാവില്ലായെന്നും കർഷകരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ തുടർന്നും ആർ.കെ.വി.വൈ. പോലുള്ള തുടർ സ്കീമുകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കാവുന്നതാണെന്നുമാണ് ബഹു. കേന്ദ്ര കൃഷി മന്ത്രി 13-11-2014-ൽ ബഹു. മുഖ്യമന്ത്രിക്ക് അയച്ച കത്തിൽ നിർദ്ദേശിച്ചിട്ടുള്ളത്. കൂടാതെ ഇടുക്കി പാക്കേജ്മൂലം ഗ്രാമീണ ഉപജീവന മാർഗ്ഗത്തിലും കാർഷിക മേഖലയിലും ഉണ്ടായ പ്രബലമായ പ്രഭാവവും കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്യാത്തതും പ്രശംസനീയമായ നേട്ടമാണെന്ന് ടി കത്തിൽ പരാമർശിച്ചിട്ടുണ്ട്.

**ജൈവകൃഷി വ്യാപനം**

178 (3463) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന ജൈവകൃഷി പദ്ധതി ഏതൊക്കെ മേഖലകളിലാണ് ആദ്യഘട്ടത്തിൽ നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നത് എന്ന്

വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിക്കാവശ്യമായ ജൈവവളങ്ങൾ നാട്ടിൻ പുറങ്ങളിൽ എളുപ്പത്തിൽ ലഭ്യമാക്കുന്നതിന് മൃഗസംരക്ഷണ രംഗത്ത് നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ് ;

(സി) കന്നുകാലികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനയുണ്ടാകുന്നതിനുള്ള പദ്ധതികൾ ആദ്യഘട്ടത്തിൽ നടപ്പാക്കുന്നുണ്ടോ ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ എല്ലാ അസംബ്ലി നിയോജക മണ്ഡലങ്ങളിലും ജൈവകൃഷി ബോധവത്ക്കരണവും കർമ്മ പരിപാടികളും തയ്യാറാക്കി 'സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനം' എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ജൈവ ജില്ലയായി പ്രഖ്യാപിച്ച കാസർഗോഡ് ജില്ലയിൽ ജൈവകൃഷി വ്യാപനത്തിനും പ്രോത്സാഹനത്തിനുമായി കർഷകരുടെ ബോധവത്ക്കരണം, മാതൃകാ കൃഷിത്തോട്ട നിർമ്മാണം, ക്ലസ്റ്ററുകളിലൂടെ ജൈവകൃഷി വ്യാപനം, വെർമി കമ്പോസ്റ്റ്, റൂറൽ കമ്പോസ്റ്റ് എന്നിവ വഴി ജൈവവള നിർമ്മാണം, ഇക്കോഷോപ്പ് തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ജൈവകൃഷി പദ്ധതിയുടെ ഭാഗമായി പച്ചക്കറികളിൽ രാസകീടനാശിനിയുടെ അവശിഷ്ടത്തിന്റെ തോത് പരിശോധിച്ചറിയുന്നതിന് കൃഷി വകുപ്പും കേരള കാർഷിക സർവ്വകലാശാലയും ചേർന്ന് 'സേഫ് റ്റു ഈറ്റ്' എന്ന പദ്ധതി നടപ്പിലാക്കുന്നു. തിരുവനന്തപുരം/കാസർഗോഡ് ജില്ലകളിലെ പച്ചക്കറി ചന്തകൾ, സൂപ്പർ/ഹൈപ്പർ മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്ന് പ്രതിമാസം 50-60 ഇനം പച്ചക്കറികളുടെ 200 ഓളം സാമ്പിളുകൾ ശേഖരിച്ച് അവയുടെ പരിശോധനാ ഫലം സർക്കാർ വെബ്സൈറ്റിലും മാധ്യമങ്ങളിലും പ്രസിദ്ധീകരിക്കുന്നു. കേന്ദ്രസർക്കാരിന്റെ ആർ.കെ.വി.വൈ. പദ്ധതിയിലൂടെ കോഴിക്കോട്, കണ്ണൂർ, മലപ്പുറം, പാലക്കാട് ജില്ലകളിൽ 500 ഹെക്ടർ വീതം പ്രദേശത്ത് ജൈവകൃഷി വ്യാപനത്തിനും സർട്ടിഫിക്കേഷനും നടപ്പിലാക്കുന്നതിന് 3 വർഷത്തേയ്ക്കുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്. ദേശീയ ഹോർട്ടിക്കൾച്ചർ മിഷന്റെ പദ്ധതി പ്രകാരം ഹോർട്ടിക്കൾച്ചർ വിളകളുടെ ജൈവകൃഷി വ്യാപനം, ജൈവ സർട്ടിഫിക്കേഷൻ, മണ്ണിരകമ്പോസ്റ്റ് നിർമ്മാണം എന്നീ മേഖലകളിലാണ് നടപ്പിലാക്കുന്നത്.

(ബി) മാലിന്യ സംസ്കരണത്തിലൂടെ ജൈവവളം ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതികളും ആട്, കോഴി, താറാവ് മുതലായവ വളർത്തുന്ന യൂണിറ്റുകൾ സ്ഥാപിക്കുന്ന പദ്ധതിയും മൃഗസംരക്ഷണ വകുപ്പിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

(സി) ഉണ്ട്. കന്നുകാലികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനയുണ്ടാകുന്നതിന് 'ഗോവർദ്ധിനി' പദ്ധതി നടപ്പിലാക്കിവരുന്നു.

**ഇടുക്കി കാർഷിക മേഖലയുടെ പുനരുദ്ധാരണം**

179 (3464) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. സാജു പോൾ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കിയിൽ കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനായി സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ ശിപാർശ ചെയ്ത കാർഷിക പാക്കേജ് എത്ര കോടി രൂപയുടേതായിരുന്നു ;

(ബി) 2008-ൽ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തി ഒന്നാം ഘട്ടമായി നേടിയെടുത്ത പാക്കേജ് എത്ര കോടിയുടേതായിരുന്നു ; ഇതിന്റെ കാലാവധി അവസാനിച്ചത് എപ്പോഴായിരുന്നു ; കാലാവധിക്ക് മുമ്പായി കേന്ദ്രം അനുവദിച്ച തുകയുടെ എത്ര ശതമാനം ചെലവഴിക്കുകയുണ്ടായി ; അവശേഷിക്കുന്നവ എത്ര ;

(സി) ഏലം, കുരുമുളക് കൃഷിക്കാർക്ക് പാക്കേജിന്റെ ഭാഗമായി സഹായം വല്ലതും നൽകുകയുണ്ടായോ ;

(ഡി) അനുവദിച്ചു കിട്ടിയ പാക്കേജ് സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധ്യമായിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്തായിരുന്നു ; ഇപ്പോൾ പാക്കേജിന്റെ സ്ഥിതി ഏത് ഘട്ടത്തിലാണ് ; വിശദമാക്കാമോ ?

ഉത്തരം

(എ) 764.42 കോടി രൂപയുടെ പാക്കേജിനാണ് സ്വാമിനാഥൻ ഫൗണ്ടേഷൻ ശിപാർശ ചെയ്തത്.

(ബി) 764.42 കോടി രൂപയുടെ പാക്കേജിനാണ് 2008 നവംബർ 20-ന്

കേന്ദ്രസർക്കാർ അംഗീകാരം ലഭിച്ചത്. ഇടുക്കി പാക്കേജിന്റെ കാലാവധി 2013 നവംബറിൽ അവസാനിച്ചതായി (കേന്ദ്ര കൃഷി മന്ത്രാലയത്തിലെ അഡീ. ചീഫ് സെക്രട്ടറി 29-4-2013-ൽ കാർഷിക ഉല്പാദന കമ്മീഷണർക്ക് അയച്ച കത്ത്) കേന്ദ്രസർക്കാർ അറിയിച്ചിരുന്നു. ഈ കാലയളവിൽ കേന്ദ്രം അനുവദിച്ച (റിലീസ്) 237.78 കോടി രൂപയിൽ 70.59 ശതമാനം (167.86 കോടി രൂപ) വിനിയോഗിച്ചിട്ടുണ്ട്. അവശേഷിക്കുന്നത് 69.92 കോടി രൂപയാണ്.

(സി) ഏലം-കുരുമുളക് കൃഷിക്കാർക്ക് പാക്കേജിന്റെ ഭാഗമായി നാളിതുവരെ 88.60 കോടി രൂപയുടെ സഹായം നൽകിയിട്ടുണ്ട്.

(ഡി) ഇടുക്കി പാക്കേജിന്റെ നടത്തിപ്പിൽ പ്രതിബന്ധങ്ങൾ നേരിടുന്നുണ്ട്. 50 ലക്ഷത്തിനുതാഴെ ചെലവുള്ള പദ്ധതികൾ സംസ്ഥാന സർക്കാരിന്റെ ഫണ്ടിലും അതിന്മേൽ തുകയുള്ള പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ തുടർ സ്കീമുകളിൽ DPR തയ്യാറാക്കി സമർപ്പിക്കുന്നതിന്റെ ഭാഗമായാണ് പദ്ധതികൾക്ക് അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്നത്. ഇടുക്കി പാക്കേജിനുമാത്രമായി ബഡ്ജറ്റ് വിഹിതമില്ലാത്തതിനാൽ പദ്ധതികൾ നടപ്പിലാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. ചില പദ്ധതികൾക്ക് അതാത് സ്കീം പ്രകാരമുള്ള കേന്ദ്ര വിഹിതം കുറവായത് കാരണം പദ്ധതികൾ നടപ്പിലാക്കാൻ തടസ്സം നേരിടുന്നു. പദ്ധതികൾക്ക് അനുയോജ്യമായ മാനദണ്ഡങ്ങളുള്ള കേന്ദ്ര സ്കീമുകൾ കണ്ടെത്തി DPR തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ട്.

ഇടുക്കി പാക്കേജിന്റെ കാലാവധി 2013 നവംബറിൽ അവസാനിച്ചതായി (കേന്ദ്ര കൃഷി മന്ത്രാലയത്തിലെ അഡീ. ചീഫ് സെക്രട്ടറി 29-4-2013-ൽ കാർഷിക ഉല്പാദന കമ്മീഷണർക്ക് അയച്ച കത്ത്) കേന്ദ്രസർക്കാർ അറിയിച്ചിരുന്നു. ബഹു. മുഖ്യമന്ത്രി 23-1-2014-ലും 16-10-2014-ലും ഇടുക്കി പാക്കേജിന്റെ കാലാവധി 2 വർഷംകൂടി നീട്ടുന്നതിന് കേന്ദ്ര സർക്കാരിന് കത്ത് നൽകി. എന്നാൽ ഇതിനുള്ള മറുപടിയായി പാക്കേജിന്റെ പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന തുടർ പദ്ധതികളിൽ ഉൾക്കൊള്ളിച്ച് പൂർത്തിയാക്കുന്നതിന് ഇടുക്കി പാക്കേജിന്റെ കാലാവധി ദീർഘിപ്പിക്കാത്തത് തടസ്സമാവില്ലായെന്നും കർഷകരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ തുടർന്നും ആർ.കെ.വി.വൈ. പോലുള്ള തുടർ സ്കീമുകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കാവുന്നതാണെന്നുമാണ് ബഹു. കേന്ദ്ര കൃഷി മന്ത്രി 13-11-2014-ൽ ബഹു. മുഖ്യമന്ത്രിക്ക് അയച്ച കത്തിൽ നിർദ്ദേശിച്ചിട്ടുള്ളത്. കൂടാതെ ഇടുക്കി പാക്കേജ്മൂലം ഗ്രാമീണ ഉപജീവന മാർഗ്ഗത്തിലും കാർഷിക മേഖലയിലും ഉണ്ടായ പ്രബലമായ പ്രഭാവവും കർഷക ആത്മഹത്യകൾ റിപ്പോർട്ട്

ചെയ്യാത്തതും പ്രശംസനീയമായ നേട്ടമാണെന്ന് ടി കത്തിൽ പരാമർശിച്ചിട്ടുണ്ട്. നിർവ്വഹണ വകുപ്പ് അടിസ്ഥാനത്തിലുള്ള പുരോഗതി റിപ്പോർട്ട് അനുബന്ധത്തിൽ കാണാവുന്നതാണ്.

**റബ്ബർ വിലയിടിവ്**

180 (3465) ശ്രീ. കെ. കെ. നാരായണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബർ വിലയിടിവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ റബ്ബറിന് ഈ വിധത്തിൽ വിലയിടിവ് ഉണ്ടാകുവാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരം വിലയിടിവിന് കാരണമായിട്ടുള്ള കരാറുകൾ നിലവിലുണ്ടോ ;

(ഡി) പ്രസ്തുത കരാറുകൾ എന്ന് മുതലാണ് നിലവിൽ വന്നതെന്നും ഈ കരാറിന്റെ വിശദാംശങ്ങളും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റബ്ബർ ഒരു വ്യാവസായിക പ്രാധാന്യമുള്ള ഉല്പന്നമായതിനാൽ ഇതിന്റെ വില അന്താരാഷ്ട്ര വിലയെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. സ്വതന്ത്ര വ്യാപാര കരാറിന്റെ അടിസ്ഥാനത്തിൽ ഇറക്കുമതി തീരുവ കുറവായതുകാരണം മലേഷ്യ, തായ്‌ലന്റ് ഉൾപ്പെടെയുള്ള ആസിയാൻ രാജ്യങ്ങളിൽ നിന്നും റബ്ബർ ഇറക്കുമതി ചെയ്യുന്നതും ഇതിന്റെ വിലയിടിവിന് കാരണമായിട്ടുണ്ട്.

(സി) ആസിയാൻ രാജ്യങ്ങളുമായിട്ടുള്ള സ്വതന്ത്ര വ്യാപാര കരാർ റബ്ബർ വിലയിടിവിന് കാരണമായിട്ടുണ്ട്.

(ഡി) 2010 ജനുവരി 1 മുതലാണ് ഈ കരാർ നിലവിൽ വന്നത്.

**വിഷരഹിത പച്ചക്കറി പദ്ധതിയുടെ സൗജന്യ വിത്ത് വിതരണം**

181 (3466) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഷരഹിത പച്ചക്കറി പദ്ധതിയുടെ സൗജന്യ വിത്ത് വിതരണം

ജനശ്രീക്ക് നൽകിക്കൊണ്ടുള്ള ഉത്തരവ് ഇറക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ സംബന്ധിച്ച് വിശദമാക്കാമോ ;

(സി) കഴിഞ്ഞ വർഷം നിലവാരമില്ലാത്ത വിത്തുകൾ കൃഷിവകുപ്പിലെ ചില ഉദ്യോഗസ്ഥർ ഇടപെട്ട് സ്വകാര്യ ഫാമുകളിൽ നിന്നും വാങ്ങി വിദ്യാർത്ഥികൾക്ക് വിതരണം നടത്തിയെന്ന വാർത്തയിൽ സത്യമുണ്ടോയെന്നും ഇതിൽ അഴിമതി നടന്നിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ ;

(ഡി) പദ്ധതിയുടെ നടത്തിപ്പ് കുടുംബശ്രീ പോലുള്ള ഏതെങ്കിലും സംഘടനകളെ ഏൽപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) വിഷരഹിത പച്ചക്കറി പദ്ധതി എന്ന പേരിൽ ഒരു പദ്ധതി കൃഷിവകുപ്പ് നടപ്പിലാക്കുന്നില്ല. എന്നാൽ ജൈവ കൃഷിക്ക് ഊന്നൽ നൽകിക്കൊണ്ട് വിഷരഹിത പച്ചക്കറിയുടെ ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി 2014-15-ൽ കൃഷി വകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതി എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം എൻ.ജി.ഒ.-കൾ മുഖേന പച്ചക്കറി കൃഷിക്ക് സൗജന്യമായി വിത്ത് കിറ്റുകൾ നൽകുക എന്ന ഘടകത്തിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ആകെ രണ്ടര ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ കൃഷിക്കായി നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ ജനശ്രീ മിഷനേയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം വിദ്യാർത്ഥികൾക്ക് പച്ചക്കറി വിത്തുകൾ നൽകിയത് വെജിറ്റബിൾ&ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് കേരളം, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി എന്നീ സ്ഥാപനങ്ങൾ മുഖേന മാത്രമാണ്. സ്വകാര്യ ഫാമുകൾ വഴി വിത്ത് വാങ്ങുകയോ വിതരണം നടത്തുകയോ ചെയ്തിട്ടില്ല.

(ഡി) സമഗ്ര പച്ചക്കറി വികസന പദ്ധതി കൃഷി വകുപ്പാണ് നടപ്പിലാക്കുന്നത്. കൃഷിവകുപ്പ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ഗ്രാമപഞ്ചായത്തിന്റെയും പഞ്ചായത്തുതല കാർഷിക വികസന സമിതിയുടെയും അറിവോടെയും അംഗീകാരത്തോടെയുമാണ് പദ്ധതി ഇപ്പോൾ നടപ്പിലാക്കിവരുന്നത്.

**റബ്ബർ ഉല്പാദനവും സംഭരണവും സംബന്ധിച്ച കണക്കുകൾ**

182 (3467) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ ഇതേവരെയുള്ള കാലയളവിൽ ഓരോ വർഷവും സംസ്ഥാനത്ത് ഉണ്ടായ റബ്ബർ ഉല്പാദനം സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) ഉല്പാദിപ്പിച്ച റബ്ബറിന്റെ എത്ര ശതമാനം വീതം ഓരോ വർഷവും സർക്കാർ പദ്ധതി പ്രകാരം സബ്സിഡി നൽകി സംഭരണം നടത്തുകയുണ്ടായിട്ടുണ്ട് ?

ഉത്തരം

(എ) റബ്ബർ ഉല്പാദനം സംബന്ധിച്ച കണക്കുകൾ താഴെ പറയുംപ്രകാരമാണ്:

| വർഷം | ഉത്പാദനം |
|---|---|
| 2011-12 | 903700 ടൺ |
| 2012-13 | 913700 ടൺ |
| 2013-14 (പ്രൊവിഷണൽ) | 844000 ടൺ |
| 2014 ഏപ്രിൽ-നവംബർ (പ്രൊവിഷണൽ) | 454000 ടൺ |

(ബി) 25-2-2014-ലെ സ.ഉ.(എംഎസ്.)നമ്പർ56/2014/കൃഷി നമ്പർ ഉത്തരവ് പ്രകാരമാണ് റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ് എന്നീ ഏജൻസികൾ റബ്ബർ സംഭരണം ആരംഭിച്ചത്. മാർക്കറ്റ്ഫെഡ് 407.248 ടൺ റബ്ബറും റബ്ബർമാർക്ക് 807.7 ടൺ റബ്ബറും ഇതിനകം സംഭരിച്ചിട്ടുണ്ട്.

**ജൈവകൃഷി വ്യാപനത്തിന് പ്രത്യേകമായി രൂപീകരിക്കപ്പെട്ട പദ്ധതി**

183 (3468) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ഡോ. ടി. എം. തോമസ് ഐസക് :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീമതി പി. അയിഷാ പോറ്റി : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-ൽ കേരളത്തെ സമ്പൂർണ്ണ ജൈവകൃഷി സംസ്ഥാനമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ്

ലഭ്യമാക്കാമോ ;

(ബി) ജൈവകൃഷി വ്യാപനത്തിന് പ്രത്യേകമായി രൂപീകരിക്കപ്പെട്ട പദ്ധതിക്ക് തന്നാണ്ടിലെ ബജറ്റിൽ ഏത് ഹെഡ്ഡിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട് ; അതിൽ ഇതിനകം ചെലവഴിച്ച തുക എത്രയാണെന്ന് വിശദമാക്കാമോ ;

(സി) സംസ്ഥാനത്ത് പ്രതിവർഷം ആവശ്യമായ മൊത്തം പച്ചക്കറികൾ എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ; ഇതിൽ സംസ്ഥാനത്തു നിന്ന് തന്നെ ഉദ്പാദിപ്പിക്കുന്നവ എത്രയാണ് ; സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പച്ചക്കറികളിൽ ജൈവകൃഷിയിലൂടെയുള്ളവ എത്ര ശതമാനമായി കുറഞ്ഞു എന്ന് വ്യക്തമാക്കുമോ ;

(ഡി) 2016-സമ്പൂർണ്ണ ജൈവകൃഷി പ്രത്യേക പദ്ധതിയുടെ ഭാഗമായി ഏതെല്ലാം പച്ചക്കറികൾ എത്ര ടൺ വീതം ഉല്പാദിപ്പിക്കുമെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഇതുസംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ബി) 2401-00-105-85 എന്ന ഹെഡ്ഡിൽ 1000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ 80.5 ലക്ഷം രൂപ ഇതിനകം ചെലവഴിച്ചു.

(സി) ഉണ്ട്. 2013-14 വർഷത്തിൽ സംസ്ഥാനത്ത് ആവശ്യമായിരുന്ന പച്ചക്കറിയുടെ അളവ് 25.74 ലക്ഷം ടൺ ആയിരുന്നു. 2013-14-ൽ സംസ്ഥാനത്ത് ഉല്പാദിപ്പിച്ച പച്ചക്കറിയുടെ അളവ് 11.91 ലക്ഷം ടൺ ആണ്. അതായത് നമുക്ക് ആവശ്യമായ പച്ചക്കറിയുടെ 46% മാത്രമാണ് 2013-14-ൽ സംസ്ഥാനത്ത് ഉല്പാദിപ്പിച്ചത്. സംസ്ഥാനത്ത് ജൈവ കൃഷിയിലൂടെയുള്ള പച്ചക്കറി ഉല്പാദനം കൂടുകയാണ് ഉണ്ടായിട്ടുള്ളത്. ജൈവ കൃഷിക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് 2012-13 മുതൽ കൃഷിവകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കിവരുന്നു. ജൈവകൃഷി ആസ്പദമാക്കിയുള്ള ലഘുലേഖകൾ, കൈപുസ്തകങ്ങൾ എന്നിവ നൽകുന്നതിലൂടെയും ജൈവകൃഷിയുടെ പ്രാധാന്യം വ്യക്തമാക്കികൊണ്ടുള്ള പരിശീലനങ്ങൾ നൽകുന്നതിലൂടെയും സുരക്ഷിതമായ പച്ചക്കറികൾ ഉല്പാദിപ്പിക്കേണ്ടത് സംബന്ധിച്ച അവബോധം കർഷകരിൽ വളർത്താൻ കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ ജൈവരീതിയിലുള്ള കൃഷി വളരെയധികം വ്യാപകമായി കഴിഞ്ഞിട്ടുണ്ട്.

(ഡി) സമ്പൂർണ്ണ ജൈവ കൃഷി പദ്ധതിയുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കി

വരുന്നതേയുള്ളൂ. എത്ര ടൺ വീതം പച്ചക്കറികൾ ഉല്പാദിപ്പിക്കുമെന്ന് ആക്ഷൻ പ്ലാനിൽ തീരുമാനിക്കപ്പെടും.

**ജൈവകൃഷി വ്യാപകമാക്കാൻ നടപടി**

184 (3469) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെകാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മനുഷ്യർക്ക് ഹാനികരമല്ലാത്ത വിധം കീടങ്ങളെ നശിപ്പിക്കുന്ന സാങ്കേതിക വിദ്യകളും ജൈവകീടനാശിനികളുടെ പ്രചരണവും കർഷകരിലേക്ക് എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

കീടനാശിനികളുടെ ഉപയോഗം കഴിയുന്നത്ര കുറയ്ക്കുന്നതിനും ജൈവിക നിയന്ത്രണ മാർഗ്ഗങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ കൃഷി വകുപ്പ് നടപ്പിലാക്കുന്നുണ്ട്. ചർച്ചാ ക്ലാസുകൾ, സെമിനാറുകൾ, ബോധവത്ക്കരണ ക്യാംപെയിനുകൾ എന്നിവ വഴി കീടനാശിനികളുടെ സുരക്ഷിത ഉപയോഗം, സംയോജിത കീടനിയന്ത്രണം, ജൈവകീടനാശിനികൾ, ജൈവിക നിയന്ത്രണോപാധികൾ എന്നിവയെക്കുറിച്ച് കർഷകർക്ക് ബോധവത്ക്കരണം നടത്തിവരുന്നു. ജൈവ കൃഷി ഘട്ടംഘട്ടമായി എല്ലാ ജില്ലയിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. കൂടാതെ കൃഷി വകുപ്പിന് കീഴിലുള്ള പാരാസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകൾ, മണ്ണുത്തിയിലെ സ്റ്റേറ്റ് ബയോകൺട്രോൾ ലാബ് എന്നിവ മുഖേന കീടരോഗ നിയന്ത്രണത്തിനുള്ള എതിർ പ്രാണികളെയും ജൈവിക നിയന്ത്രണോപാധികളായ സ്യൂഡോമോണാസ്, ട്രൈക്കോഡർമ, ട്രൈക്കോകാർഡ്സ്, ബ്യൂവേറിയ എന്നിവയും ഉല്പാദിപ്പിച്ച് ആവശ്യാനുസരണം കർഷകർക്ക് ലഭ്യമാക്കിവരുന്നു. ഇതുകൂടാതെ വിള ആരോഗ്യ പരിപാലനം മുഖ്യവിഷയമായി ജില്ലാതലത്തിൽ പ്രസിദ്ധീകരിക്കുന്ന ന്യൂസ് ബുള്ളറ്റിനുകൾ മുഖാന്തരം ജൈവിക നിയന്ത്രണ മാർഗ്ഗങ്ങളെക്കുറിച്ചും നൂതന സാങ്കേതിക വിദ്യകളും പ്രചരിപ്പിക്കുന്നുണ്ട്.

**പ്രകൃതിദുരന്തങ്ങളിൽ കാർഷിക നാശത്തിനുള്ള നഷ്ടപരിഹാരം**

185 (3471) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീമതി ഗീതാ ഗോപി : താഴെകാണുന്ന ചോദ്യങ്ങൾക്ക്

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതി ദുരന്തങ്ങളിൽ കാർഷിക നാശത്തിനുള്ള നഷ്ടപരിഹാരത്തിൽ കുറവ് വരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം ഇനങ്ങളിലാണ് കുറവ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ദുരന്തങ്ങളിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) പുതുക്കിയ മാനദണ്ഡമനുസരിച്ച് ഓരോ ഇനം കൃഷിക്കും എന്തുമാത്രം ധനസഹായം ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ-സി) ഡിസാസ്റ്റർ മാനേജ്മെന്റ് (റവന്യൂ-കെ) വകുപ്പിന്റെ 11-6-2012-ലെ സ.ഉ. (എംഎസ്.) നമ്പർ 239/2012/ഡി.എം.ഡി. ഉത്തരവ് പ്രകാരം 1-4-2012 മുതൽ പ്രാബല്യത്തിൽ നിശ്ചയിച്ചിരുന്ന പ്രകാരമാണ് പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശത്തിന് ധനസഹായം നൽകി വന്നിരുന്നത്. കാലാകാലങ്ങളിൽ കേന്ദ്ര സർക്കാർ നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്ന് ധനസഹായം നൽകുന്നത്. SDRF മാനദണ്ഡം കേന്ദ്രസർക്കാർ പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 16-1-2012 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 12-9-2012-ലെ ജി.ഒ.(എം.എസ്.)നമ്പർ 343/2012/ഡിഎംഡി ഉത്തരവിന്റെ പരിധിയിൽനിന്ന് സ.ഉ.(എം.എസ്.)നമ്പർ 239/2012/ഡിഎംഡി ഉത്തരവ് പ്രകാരം ധനസഹായം നിശ്ചയിച്ചിരുന്ന വിളകളെ ഒഴിവാക്കിയിരുന്നതിനാൽ പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള വിളകൾക്ക് ആയതുപ്രകാരം നിശ്ചയിച്ചിട്ടുള്ള ധനസഹായം ലഭിക്കുമായിരുന്നു. എന്നാൽ SDRF മാനദണ്ഡം കേന്ദ്ര സർക്കാർ വീണ്ടും പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 1-3-2013 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 25-10-2013-ലെ ജി.ഒ.(എം.എസ്.)നമ്പർ 470/2013/ഡിഎംഡി ഉത്തരവിൽ മേല്പറഞ്ഞ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കർഷകർക്ക് ലഭിക്കുന്ന ധനസഹായത്തിൽ കുറവ് വന്നിട്ടുണ്ട്. പ്രധാന വിളകൾക്ക് നൽകുന്ന ധനസഹായത്തിൽ വന്നിട്ടുള്ള

വ്യത്യാസം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ഹൈടെക് കൃഷി**

186 (3472) <u>ശ്രീ. സി. ദിവാകരൻ</u> : താഴെകാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിൽ ഹൈടെക്ക്കൃഷി ഏതെല്ലാം കാർഷിക ഉല്പന്നങ്ങളുടെ കാര്യത്തിലാണ് നടപ്പിലാക്കിയിട്ടുള്ളത്, ഇതുവഴി ഉണ്ടായ നേട്ടം എന്താണെന്ന് വ്യക്തമാക്കുമോ; ഇതുവഴി ഉത്പാദനം എത്ര മടങ്ങായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്, ഹൈടെക്ക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2013-2014 വർഷം എത്ര തുകയാണ് ചിലവഴിച്ചത് ?

<u>ഉത്തരം</u>

കേരളത്തിൽ ഹൈടെക് കൃഷി പച്ചക്കറി വിളകളായ സലാഡ് വെള്ളരി, പയർ, ക്യാപ്സിക്കം, പാവയ്ക്ക, കോളിഫ്ലവർ, പുഷ്പ വിളകളായ കാർനേഷൻ, ജെർബറ, ഓർക്കിഡ് തുടങ്ങിയ കാർഷിക ഉല്പന്നങ്ങളുടെ കാര്യത്തിലാണ് നടപ്പിലാക്കിയിട്ടുള്ളത്. സംസ്ഥാനത്ത് ആരംഭിച്ച പോളീഹൗസുകളിൽ 4 മുതൽ 8 തവണവരെ വിളവെടുപ്പ് നടത്തുവാൻ കർഷകർക്ക് സാധിച്ചിട്ടുണ്ട്. കീടനാശിനി ഉപയോഗം കുറവായതിനാലും തുല്യവലുപ്പവും ഗുണമേന്മയും ഉള്ള ഉല്പന്നമായതിനാലും പോളീഹൗസിലെ ഉല്പന്നങ്ങൾക്ക് മികച്ച വില ലഭിക്കുന്നുണ്ട്. ചുരുങ്ങിയ സ്ഥലത്ത് നിന്നും മേല്പറഞ്ഞ വിളകളിൽ നിന്നും 3 മുതൽ 10 മടങ്ങ് വരെ അധിക ഉല്പാദനം ലഭിക്കുന്നു. നിലവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പോളീഹൗസുകളിൽ ചതുരശ്ര മീറ്ററിന് ശരാശരി 10.25 കിലോഗ്രാം വിളവ് ലഭിക്കുന്നതായി കാണുന്നു. ഇത് തുറസ്സായ സ്ഥലത്തെ ഉല്പാദനത്തെക്കാളും പലമടങ്ങ് കൂടുതലാണ്. ഹൈടെക് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2013-14 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വിഹിതമായി ലഭിച്ച 3 കോടി രൂപ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ചെലവഴിച്ചുവരുന്നു. ഹൈടെക് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2013-14 സാമ്പത്തിക വർഷം 56.5 ലക്ഷം രൂപ വെജിറ്റബിൾ&ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ചെലവഴിച്ചിട്ടുണ്ട്.

**കാർഷിക വികസന നയം**

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

187 (3473) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. സണ്ണി ജോസഫ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാർഷിക വികസന നയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) കാർഷിക വികസനനയം വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്, വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) നയം സംബന്ധിച്ച ശിപാർശകൾ നൽകാൻ മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത നയം എന്ന് പ്രസിദ്ധീകരിക്കാനാകും എന്നാണ് കരുതുന്നത്, വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് കാർഷിക വികസന നയം രൂപീകരിച്ചിട്ടുണ്ട്. 2014 ജൂലൈ മാസം 8-ാം തീയതി നിയമസഭയിൽ കാർഷിക നയം അംഗീകരിച്ചിട്ടുണ്ട്. നിയമസഭയിൽ നിർദ്ദേശിച്ച തിരുത്തലുകൾ/കൂട്ടിച്ചേർക്കലുകൾ ഉൾപ്പെട്ട കാർഷിക നയത്തിന്റെ പൂർണ്ണ രൂപം അംഗീകരിച്ച് ഉത്തരവാകുന്നതിനായി മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) കൃഷി ഭൂമി പരമാവധി ഉപയോഗപ്പെടുത്തി കാർഷിക വൃത്തിയിൽ നിന്നുള്ള വരുമാനം ഉറപ്പാക്കൽ, കാർഷകർക്കും കർഷക തൊഴിലാളികൾക്കും മാന്യത ഉറപ്പാക്കൽ, കൃഷിഭൂമിയുടെ സുസ്ഥിര സംരക്ഷണം ഉറപ്പാക്കൽ, കൃഷിയും പരിസ്ഥിതി സംരക്ഷണവും നിലനിർത്തുക, കാർഷിക ഗവേഷണങ്ങൾ കൂടുതൽ കർഷകർക്ക് പ്രയോജനകരമാക്കുക, യുവതലമുറയെ കൃഷിയിലേയ്ക്ക് ആകർഷിക്കൽ തുടങ്ങിയ ലക്ഷ്യങ്ങളാണ് കാർഷിക വികസനനയം കൊണ്ട് കൈവരിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) നയം സംബന്ധിച്ച ശിപാർശകൾ നൽകാൻ ബഹു. മന്ത്രിമാർ ഉൾപ്പെടുന്ന ഒരു ഉപസമിതി രൂപീകരിച്ചിരുന്നു.

(ഡി) കാർഷിക വികസന നയത്തിന് മന്ത്രിസഭാ അംഗീകാരം നൽകി കഴിഞ്ഞാലുടൻ കാർഷിക വികസന നയം പ്രസിദ്ധീകരിക്കുന്നതാണ്.

**കാർഷികരംഗത്തെ നൂതന ഗവേഷണങ്ങൾ**

188 (3474) <u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാർഷിക മേഖലയിലെ വികസനവുമായി ബന്ധപ്പെട്ട് എന്തൊക്കെ ഗവേഷണങ്ങളാണ് നടക്കുന്നത് ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇത്തരം ഗവേഷണങ്ങളുടെ ഫലം നേരിട്ട് കർഷകരിൽ എത്തിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് ഹൈടെക് (പോളിഹൗസ്)കർഷകർ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കേരള കാർഷിക സർവ്വകലാശാലയിൽ പ്രധാനമായും കേരള സർക്കാരിന്റെ പ്രോജക്ട് സ്പെസിഫിക് ഫണ്ട് പദ്ധതികളും ബഹ്യസഹായ ഏജൻസികളിൽ (ICAR, ICFRI, DBT, NABARD, GGC, RKVY, NHM, SHM, KSCSTE etc.) നിന്നും സാമ്പത്തിക സഹായം ലഭിച്ച പദ്ധതികളുമാണ് നടപ്പിലാക്കുന്നത്. പ്രശ്നാധിഷ്ഠിത ഗവേഷണങ്ങളിലൂടെ കർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ പുതിയ വിത്തിനങ്ങൾ വികസിപ്പിച്ച് ഭക്ഷ്യോത്പാദനത്തിന് ആക്കംകൂട്ടുക എന്നിവയ്ക്ക് പ്രത്യേകം ശ്രദ്ധചെലുത്തുന്നു. സംസ്ഥാന സർക്കാരിന്റെ ഭക്ഷ്യ സുരക്ഷ പദ്ധതിയുടെ ഭാഗമായി 'പാഡി മിഷൻ, വെജിറ്റബിൾ മിഷൻ, കോക്കനട്ട് മിഷൻ, പ്ലാന്റ് പ്രൊട്ടക്ഷൻ ആന്റ് ബയോ കൺട്രോൾ ഏജന്റ് പ്രോഡക്ഷൻ മിഷൻ' എന്നീ വിവിധ ഗവേഷണ പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുണ്ട്. തെങ്ങ് കൃഷിയുടെ വളർച്ചയ്ക്കായി ഓരോ പ്രദേശത്തെയും അത്യുല്പാദന ശേഷിയുള്ള മാതൃ വൃക്ഷങ്ങൾ തെരഞ്ഞെടുത്ത് ഗുണമേന്മയുള്ള സങ്കരയിനങ്ങളും ഡിമാന്റുള്ള നടീൽ ഇനങ്ങളും ഉല്പാദിപ്പിക്കുവാനുള്ള പദ്ധതികൾ, ഉയരം കുറഞ്ഞ തെങ്ങിനങ്ങൾ വികസിപ്പിക്കുവാനുള്ള ഗവേഷണങ്ങൾ, മൂല്യവർദ്ധിത ഉത്പന്നങ്ങൾ തുടങ്ങിയവ ഊർജ്ജിതമാക്കിയിട്ടുണ്ട്. പച്ചക്കറികളിൽ പ്രിസിഷൻ ഫാമിംഗ്, പോളീഹൗസ് കൃഷിരീതി എന്നിവയിലും ഗവേഷണം നടത്തിവരുന്നു. വിവിധ ഗവേഷണ കേന്ദ്രങ്ങളിലായി നടപ്പിലാക്കുന്ന മറ്റ് നൂതന ഗവേഷണ പദ്ധതികൾ താഴെ വിവരിച്ചിരിക്കുന്നു:

1. വാഴ, പൈനാപ്പിൾ, മാവ്, പ്ലാവ് തുടങ്ങിയ ഫലവൃക്ഷ ചെടികളുടെ

വികസനം, ജനിതക പഠനം, നൂതന സാങ്കേതിക വിദ്യകൾ ഉരുത്തിരിച്ചെടുക്കുക.

2. വാഴയിലെ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പഠനം

3. ഔഷധ സസ്യങ്ങളുടെ ഗുണനിലവാര പഠനം, കൃഷി സാധ്യതകൾ, പരിപാലന മുറകൾ എന്നിവയുടെ പഠനം

4. ജൈവ സാങ്കേതികവിദ്യ മേഖലയിൽ നൂതന വിദ്യകൾ വികസിപ്പിക്കുന്നതിനുള്ള പഠനം

5. കാലാവസ്ഥ വ്യതിയാനം, കാലാവസ്ഥ മുന്നറിയിപ്പ് നൽന്നതിനുള്ള സംവിധാനം, ഇവയുടെ പഠനം

6. മട്ടുപ്പാവു കൃഷിക്കുള്ള മാതൃകാ പഠനം

7. ലവണസ്വഭാവമുള്ള മണ്ണ് കൃഷിക്ക് ഉപയുക്തമാക്കുന്നതിനുള്ള ഗവേഷണം.

8. കാർഷിക യന്ത്ര ഗവേഷണം: വിവിധ കൃഷി യന്ത്രങ്ങളുടെ വികസനവും കർഷക തൊഴിലാളികൾക്കുള്ള പരിശീലനവും കർഷകർക്കാവശ്യമായ യന്ത്ര സേവന സൗകര്യങ്ങൾ നൽകുന്നതിനുള്ള ഗവേഷണം.

9. കാർഷിക വനവത്ക്കരണവുമായി ബന്ധപ്പെട്ട് പ്രധാന വൃക്ഷ ഇനങ്ങളുടെ സാങ്കേതിക കൃഷി രീതി അവയുടെ തടി തിരിച്ചറിയാനുള്ള സാമ്പിൾ പരിശോധന എന്നിവയിലും പഠനങ്ങൾ നടത്തുന്നു.

(ബി) ഗവേഷണങ്ങളുടെ ഫലം കർഷകരിൽ എത്തിക്കുന്നതിന് പരിശീലന പരിപാടികൾ, ശില്പശാലകൾ, സെമിനാറുകൾ, പ്രദർശനത്തോട്ടങ്ങൾ, പരീക്ഷണ തോട്ടങ്ങൾ, കൃഷിയിട സന്ദർശനം എന്നിവ കാർഷിക സർവ്വകലാശാലയും കൃഷി വകുപ്പും വിവിധ പദ്ധതികളിലൂടെ നടപ്പിലാക്കുന്നുണ്ട്.

(സി) ഉണ്ട്.

<u>പോളീഹൗസ് കൃഷിക്കാർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ</u>

- പോളീഹൗസ് നിർമ്മാണത്തിൽ പ്രാഗത്ഭ്യമുള്ള ഏജൻസികളുടെ അപര്യാപ്തത.
- സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കുവാൻ കഴിയുന്നില്ല.
- ഉത്പാദനോപാധികളുടെ ലഭ്യതക്കുറവ്
- കർഷകർക്ക് ഹൈടെക് കൃഷിയെക്കുറിച്ചുള്ള പരിമിതമായ ജ്ഞാനം

പോളീഹൗസ് കൃഷിക്കാർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ

- പോളീഹൗസ് നിർമ്മിക്കുവാൻ പ്രാപ്തമായ ഏജൻസികളുടെ വിവരങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നു.
- ഉത്പാദനോപാധികൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നു.
- പോളീഹൗസ് കൃഷിയുടെ കൂടുതൽ വിവരങ്ങൾ ഹരിത ഗൃഹകൃഷി സഹായി എന്ന കൈപ്പുസ്തകത്തിലൂടെ കർഷകർക്ക് ലഭ്യമാക്കി വരുന്നു.
- കർഷകർക്ക് ഹൈടെക് കൃഷി വിജയകരമായി നടത്തുന്നതിന് ആവശ്യമായ വിദഗ്ദ്ധ പരിശീലനം നൽകുന്നു.

**കാർഷിക വിപണികൾ**

189 (3475) ശ്രീ. കെ. മുരളീധരൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. സണ്ണി ജോസഫ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക വിപണികളുടെ പ്രവർത്തനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത പദ്ധതി ഏതെല്ലാം മേഖലകളിലെ വിപണികളിൽ നടപ്പിലാക്കുന്നുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) കാർഷിക വിപണികളുടെ പ്രവർത്തനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ കർഷകർ അവരുടെ കാർഷിക ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുവേണ്ടി ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും ഒഴിവായിക്കൊണ്ട് നേരിട്ട് ലേലം ചെയ്ത് മെച്ചപ്പെട്ട വില നേടിയെടുക്കുവാൻ അവസരം ഒരുക്കുക, കർഷകരെ ലേലത്തിൽ പങ്കെടുക്കുവാൻ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ട്രാൻസ്പോർട്ട് സബ്സിഡി നൽകുക, കാർഷിക വിപണികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി കൂടുതൽ വിപണന സാധ്യതകൾ ഒരുക്കുക എന്നീ ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത്.

(സി) കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാനത്തെ 6 കാർഷിക മൊത്ത വ്യാപാര വിപണികളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ ആനയറ, എറണാകുളം ജില്ലയിലെ മരട്, കോഴിക്കോട് ജില്ലയിലെ വേങ്ങേരി എന്നീ മൂന്ന് നഗര കാർഷിക മൊത്തവ്യാപാര വിപണികളിലും തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട്, എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ, വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി എന്നീ മൂന്ന് ഗ്രാമീണ കാർഷിക മൊത്തവ്യാപാര വിപണികളിലുമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 5 ജില്ലാ സംഭരണ വിപണന കേന്ദ്രങ്ങളായ കൊല്ലം ജില്ലയിൽ കാളിയൻചന്ത, ആലപ്പുഴ ജില്ലയിൽ കോടംതുരുത്ത്, കോട്ടയം ജില്ലയിൽ കുറുപ്പൻ തുറ, ഇടുക്കി ജില്ലയിൽ തൊടുപുഴ, തൃശ്ശൂർ ജില്ലയിൽ പവറട്ടി എന്നീ ജില്ലാസംഭരണ വിപണന കേന്ദ്രങ്ങളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നു.

(ഡി) 2014-15 സാമ്പത്തിക വർഷത്തിൽ മേൽ പറഞ്ഞിട്ടുള്ള കാർഷിക മൊത്തവ്യാപാര വിപണികളുടെയും ജില്ലാതല സംഭരണ വിപണന കേന്ദ്രങ്ങളുടെയും വികസനത്തിനും തുടർ പ്രവൃത്തികൾക്കുമായി മാർക്കറ്റ് വികസന പദ്ധതിയിൽ 455 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## കാർഷിക മേഖലയിലേക്ക് തൊഴിലാളികളെ ആകർഷിക്കുന്നതിന് നടപടികൾ

190 (3476) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക മേഖലയിലേക്ക് തൊഴിലാളികളെ ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് പറയുമോ ;

(ബി) കാർഷിക മേഖലയിലെ വരുമാനം ഉയർത്തുന്നതിനും അതുവഴി കർഷകർക്ക് മെച്ചപ്പെട്ട വേതനം ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കും ;

(സി) കർഷക തൊഴിലാളികൾക്കുകൂടി സ്വീകാര്യമായ രീതിയിൽ കാർഷിക മേഖലയിൽ യന്ത്രവൽക്കരണം വ്യാപകമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും ?

<u>ഉത്തരം</u>

(എ) കാർഷിക മേഖലയിലേയ്ക്ക് തൊഴിലാളികളെ ആകർഷിക്കുന്നതിന് സംസ്ഥാനത്തെ തെരഞ്ഞെടുത്ത 50 ബ്ലോക്കുകളിൽ അഗ്രോ സർവ്വീസ് സെന്റർ, 200 ഗ്രാമപഞ്ചായത്തുകളിൽ കാർഷിക കർമ്മസേന എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇവിടങ്ങളിൽ വിവിധ കാർഷിക പ്രവർത്തനങ്ങൾക്ക് ആവശ്യമായ യന്ത്രസാമഗ്രികൾ ലഭ്യമാണ്. പ്രസ്തുത സ്ഥാപനങ്ങളിൽ കർഷക തൊഴിലാളികൾക്ക് കൃഷി ഭവൻ മുഖേന അംഗമാകാവുന്നതാണ്. വിവിധ കാർഷികപ്പണികൾക്കാവശ്യമായ യന്ത്രങ്ങളുടെ പ്രവർത്തനം, ഉപയോഗം, വിത്ത് തൈ നടീൽ, സസ്യസംരക്ഷണം, വിളവെടുപ്പ് എന്നീ മേഖലകളിൽ വിദഗ്ദ്ധമായ പ്രായോഗിക പരിശീലനം ഇവർക്ക് നൽകിവരുന്നു. കൃഷിഭവന്റെ മേൽനോട്ടത്തിൽ വിവിധ കൃഷിയിടങ്ങളിൽ പരിശീലനം ലഭിച്ച തൊഴിലാളികളെ യന്ത്രങ്ങൾ സഹിതം നിയോഗിച്ചുകൊണ്ട് അവർക്ക് സ്ഥിരമായ ജോലിയും മാന്യമായ വേതനവും ഉറപ്പ് വരുത്തുന്നു.

(ബി) കേരളത്തിലെ കാർഷിക മേഖലയിലെ പ്രധാന വെല്ലുവിളി ശാസ്ത്രീയ കൃഷി രീതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ കർഷക തൊഴിലാളികൾ ലഭ്യമല്ല എന്നതാണ്. പ്രധാന കാർഷിക വിളകളായ നെല്ല്, തെങ്ങ്, പച്ചക്കറി, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവയുടെ കൃഷി വ്യാപിപ്പിക്കുന്നതിനും ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും മെച്ചപ്പെട്ട വരുമാനം ഉറപ്പുവരുത്തുന്നതിനും കൃഷിവകുപ്പും സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷനും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ വിവിധ പദ്ധതികൾ നടപ്പിലാക്കി

വരുന്നു. കൂടാതെ ആധുനിക കാർഷിക സങ്കേതങ്ങളായ പോളീഹൗസ് കൃഷി, പ്രിസിഷൻ ഫാമിംഗ്, ഫെർട്ടിഗേഷൻ, റെയിൻ ഷെൽട്ടർ ഡ്രിപ്പ്, സ്പ്രിംഗ്ലർ, മൈക്രോ സ്പ്രിംഗ്ലർ മുഖേനയുള്ള കണിക ജലസേചന സംവിധാനങ്ങൾ എന്നിവ കൃഷിയിടങ്ങളിൽ നടപ്പാക്കുന്നതിന് പ്രത്യേക പദ്ധതികൾ നിലവിലുണ്ട്.

വിവിധ കാർഷിക പ്രവർത്തനങ്ങൾ ശാസ്ത്രീയമായും സമയബന്ധിതമായും നിർവ്വഹിക്കുന്നതിന് കർഷകർക്ക് ആവശ്യമായ സേവനങ്ങൾ നൽകുന്നതിന് ബ്ലോക്കുതലത്തിൽ ആരംഭിച്ച അഗ്രോ സർവ്വീസ് സെന്ററുകൾ, ഗ്രാമപഞ്ചായത്തുതലത്തിൽ ആരംഭിച്ച വിദഗ്ധരായ തൊഴിലാളികൾ അടങ്ങുന്ന കാർഷിക കർമ്മസേനകൾ എന്നിവ ഫലപ്രദമായി പ്രവർത്തിച്ചുവരുന്നു. ഇത്തരം തൊഴിലാളികളുടെ പ്രവർത്തനം മുഖേന വിളയുല്പാദനം വർദ്ധിക്കുകയും കർഷകരുടെ വരുമാനവും അതോടൊപ്പം തൊഴിലാളികളുടെ മെച്ചപ്പെട്ട വേതനവും ഉറപ്പുവരുത്തുന്നു.

(സി) കർഷക തൊഴിലാളി ക്ഷാമം രൂക്ഷമായ കേരളത്തിൽ കാർഷിക മേഖലയിലെ യന്ത്രവത്ക്കരണം കർഷക തൊഴിലാളികളെ ഒരുതരത്തിലും പ്രതികൂലമായി ബാധിക്കില്ല. മറിച്ച് അവരുടെ ജോലി എളുപ്പമാക്കുന്നതിനും കുറഞ്ഞ സമയംകൊണ്ട് കൂടുതൽ ജോലി കൃത്യതയോടെ ചെയ്യുന്നതുകൊണ്ട് സ്ഥിരമായ ജോലി സാധ്യതയും മെച്ചപ്പെട്ട വേതനവുമാണ് ഇതിലൂടെ ലഭ്യമാകുന്നത്. കേരളത്തിലെ 50 ബ്ലോക്കുകളിൽ ആരംഭിച്ച അഗ്രോ സർവ്വീസ് സെന്ററുകളിലും 200 ഗ്രാമപഞ്ചായത്തുകളിലാരംഭിച്ച കാർഷിക കർമ്മസേനകളിലും നിയമങ്ങൾക്ക് വിധേയമായി ആ പ്രദേശത്തെ തൊഴിലാളികൾക്ക് അംഗമാകാവുന്നതാണ്. ഇവിടെ നടീൽ മുതൽ വിളവെടുപ്പ് വരെയുള്ള കൃഷിമുറകൾ യന്ത്രങ്ങളുടെ സഹായത്തോടെ നടത്തുന്നതിൽ തൊഴിലാളികൾക്ക് പരിശീലനം ലഭിക്കും. ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമടങ്ങുന്ന കമ്മിറ്റിക്കാണ് ഈ സ്ഥാപനങ്ങളുടെ ചുമതല. ഈ കേന്ദ്രങ്ങൾക്ക് സൗജന്യ നിരക്കിൽ വിവിധ കൃഷിപ്പണികൾക്ക് ആവശ്യമായ യന്ത്രങ്ങളും ലഭ്യമാക്കും. പരിശീലനം ലഭിച്ച തൊഴിലാളികൾക്ക് ഈ യന്ത്രങ്ങളുടെ സഹായത്തോടെ കൃഷിക്കാരുടെ ആവശ്യമനുസരിച്ച് അവരുടെ കൃഷിയിടങ്ങളിൽ വേണ്ട ജോലികൾ നിശ്ചിത നിരക്കിൽ ചെയ്തുകൊടുക്കുവാൻ കഴിയും. ഇത്തരത്തിൽ ഈ കേന്ദ്രങ്ങളുടെ പ്രവർത്തനം സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കുവാനാണ് കൃഷിവകുപ്പ് ലക്ഷ്യമിടുന്നത്.

**പൊക്കാളി കർഷകർക്ക് ലഭിക്കേണ്ട സബ്സിഡികൾ**

191 (3477) ശ്രീ. എ. എം. ആരിഫ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ മണ്ഡലത്തിലെ പൊക്കാളി നിലങ്ങളിൽ സർക്കാരിന്റെ പ്രഖ്യാപിതനയങ്ങൾക്കനുസരിച്ച് വായ്പയെടുത്ത് നെൽകൃഷിയിലേർപ്പെട്ട കർഷകർക്ക് സബ്സിഡികൾ ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊക്കാളി കർഷകർക്ക് ലഭിക്കേണ്ട സബ്സിഡികൾ അടിയന്തരമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) അരൂർ മണ്ഡലത്തിലെ പൊക്കാളി നിലങ്ങളിൽ 2014-15 വിരിപ്പ് സീസണിൽ കൃഷിയിറക്കിയ കർഷകർക്ക് കൃഷി വകുപ്പിൽ നിന്നും സബ്സിഡി ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അരൂർ മണ്ഡലത്തിലെ 24 പാടശേഖരങ്ങളിലായി 376.96 ഹെക്ടർ നിലംകൃഷി ചെയ്തതിന് പ്രത്യേക നെല്ലിനങ്ങൾക്കുള്ള ധനസഹായം (പൊക്കാളി) ഹെക്ടറിന് 10,000 രൂപ നിരക്കിൽ തുക അനുവദിച്ചിട്ടുണ്ട്. അർഹരായ കർഷകർക്ക് തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കൊടുമൺ പ്ലാന്റേഷനിലുള്ള റബ്ബർ ഫാക്ടറിയിലെ സ്ഫോടനം**

192 (3478) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുമൺ പ്ലാന്റേഷനിലുള്ള റബ്ബർ ഫാക്ടറിയിൽ 11-4-2013-ൽ ഉണ്ടായ സ്ഫോടനവുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയിട്ടുള്ള അന്വേഷണ വിവരങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത സ്ഫോടനവുമായി ബന്ധപ്പെട്ട് എത്ര പേർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് പേരു വിവരം സഹിതം വ്യക്തമാക്കുമോ ?

ഉത്തരം

(എ) മെഷിനറി തകരാർ 11-4-2013-ൽ അല്ല മറിച്ച് 11-4-2012-ലാണ് സംഭവിച്ചത്. പ്രാഥമിക അന്വേഷണത്തിൽ വൈദ്യുതി തകരാർ മൂലമാണ് മെഷീൻ പൊട്ടിത്തെറിച്ചത് എന്നായിരുന്നു നിഗമനമ്പർ കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ടുമെന്റിൽനിന്നും വെസ്റ്റ്ഫാലിയ മെഷീന്റെ ബ്രേക്ക് ഡൗൺ ഇൻഷ്വറൻസ് ക്ലെയിം ലഭിക്കുന്നതിനായുള്ള നടപടി അന്തിമഘട്ടത്തിലാണ്. ആയത് ലഭിച്ചതിനുശേഷം മാത്രമേ യന്ത്രഭാഗങ്ങൾ വിശദപരിശോധന നടത്തി കാരണം വിശകലനം ചെയ്യാൻ സാധിക്കുകയുള്ളൂ.

(ബി) പ്രാഥമിക അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രിക്കൽ തകരാറുമായി ബന്ധപ്പെട്ട കാരണങ്ങളാൽ പൊട്ടിത്തെറി ഉണ്ടായ സാഹചര്യം വച്ച് അന്ന് ഫാക്ടറിയിൽ കരാർ അടിസ്ഥാനത്തിൽ ജോലിചെയ്തിരുന്ന ശ്രീ. എ. ഇ. രാജേഷിനെ (അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ) ജോലിയിൽനിന്നും പിരിച്ചുവിടുകയുണ്ടായി.

**കർഷകരെ സഹായിക്കുന്നതിന് പ്രഖ്യാപിച്ച പാക്കേജുകൾ**

193 (3479) <u>ശ്രീ. എസ്. ശർമ്മ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കർഷകരെ സഹായിക്കുന്നതിന് പ്രഖ്യാപിച്ച പാക്കേജുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ആയതിൽ ഏതൊക്കെ പാക്കേജുകൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിന്റെ ആനുകൂല്യം എത്ര കർഷകർക്ക് ലഭിച്ചുവെന്ന് പാക്കേജ് തിരിച്ചും ജില്ല തിരിച്ചും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രത്യേക പാക്കേജുകൾ ഒന്നുംതന്നെ പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ കൃഷി അനുബന്ധ മേഖലകളിലെ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് 2012-13 സാമ്പത്തിക വർഷം മുതൽ വയനാട് പാക്കേജ് എന്ന പേരിൽ സംസ്ഥാന പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി ഒരു സമഗ്ര വികസന പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) വയനാട് പാക്കേജ് എന്ന പേരിലുള്ള സംസ്ഥാന പ്ലാൻ പദ്ധതി 2012-13 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്നു. വയനാട് പാക്കേജ് പദ്ധതി പ്രകാരം 2012-13, 2013-14 എന്നീ സാമ്പത്തിക വർഷങ്ങളിലായി 120284 കർഷകർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

**ജൈവകൃഷി വ്യാപിപ്പിക്കുന്നതിന് നടപടി**

194 (3480) <u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജൈവകൃഷി വ്യാപിക്കുന്നതിന് പദ്ധതിയുണ്ടോ ; വിശദമാക്കുമോ ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലേക്കാണ് ജൈവകൃഷി വ്യാപിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം വിളകൾക്കാണ് ഇത്തരത്തിലുള്ള കൃഷി രീതി ഉപയോഗ പ്രദമാക്കുന്നതെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) 10-2-2010-ലെ സ.ഉ.(പി) 39/10/കൃഷി പ്രകാരം സംസ്ഥാനത്ത് ജൈവകൃഷി വ്യാപിപ്പിക്കുന്നതിന് ജൈവകൃഷി നയം പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കൃഷി ചെയ്തുവരുന്ന വിളകൾക്കും അവ കൃഷി ചെയ്യുന്ന സ്ഥലത്തിനും ഊന്നൽ നൽകി ഘട്ടംഘട്ടമായി കേരളത്തെ ഒരു സമ്പൂർണ്ണ ജൈവ സംസ്ഥാനമാക്കി മാറ്റുവാനാണ് ലക്ഷ്യമിടുന്നത്. ഇതിനുമുന്നോടിയായി സമ്പൂർണ്ണ ജൈവകാർഷിക സംസ്ഥാനം എന്ന പരിപാടിയുടെ നടത്തിപ്പ് ആരംഭിച്ചിട്ടുണ്ട്. പഞ്ചായത്തുതല കാർഷിക വികസന സമിതി യോഗങ്ങൾ, പഞ്ചായത്തുതല കാർഷകരുടെ യോഗങ്ങൾ, വിവരശേഖരണം, എം.എൽ.എ.-മാരുടെ അദ്ധ്യക്ഷതയിൽ ഓരോ നിയോജക മണ്ഡലത്തിലും കൃഷി അനുബന്ധ മേഖലാ ഉദ്യോഗസ്ഥർ, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, മറ്റ് പ്രതിനിധികൾ എന്നിവരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള യോഗങ്ങൾ എന്നിവ നടക്കുന്നു. ഓരോ നിയോജക മണ്ഡലത്തിലും അനുയോജ്യമായ കർമ്മപരിപാടികൾ ക്രോഡീകരിച്ച് ജില്ലാതലത്തിൽ ഒരു ആക്ഷൻ പ്ലാൻ ഉണ്ടാക്കുന്നതാണ്. സംസ്ഥാനത്ത് ജൈവകൃഷി വ്യാപിപ്പിക്കുന്നതിനായി ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതികളായ ജൈവകൃഷി വ്യാപനവും, ജൈവസർട്ടിഫിക്കേഷനും, മണ്ണിര കമ്പോസ്റ്റ് നിർമ്മാണവും സംസ്ഥാന ഹോർട്ടി കൾച്ചർ മിഷൻ മുഖാന്തരം നടപ്പിലാക്കിവരുന്നു. വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ 2014-15 സാമ്പത്തിക വർഷം 1250 ഹെക്ടറിൽ ജൈവപച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി 187.5 ലക്ഷം രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കുന്നത്.

(ബി) 2012-ൽ ജൈവ ജില്ലയായി പ്രഖ്യാപിച്ച കാസർഗോഡ് ജില്ലയിൽ ജൈവകൃഷി വ്യാപനം പ്രോത്സാഹന പദ്ധതികൾ എന്നിവ തുടരുന്നു. കൂടാതെ

2014-15-ൽ പാലക്കാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ 500 ഹെക്ടർ വീതം പ്രദേശത്ത് ജൈവകൃഷി വ്യാപനവും സർട്ടിഫിക്കേഷനും നടപ്പിലാക്കുന്നതിന് 3 വർഷം നീണ്ടുനിൽക്കുന്ന പദ്ധതിക്ക് ആർ.കെ.വി.വൈ.-യിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിർവ്വഹണം ആരംഭഘട്ടത്തിലാണ്.

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ 2014-15 സാമ്പത്തിക വർഷത്തിൽ ജൈവകൃഷി വ്യാപനവും സർട്ടിഫിക്കേഷനും എന്ന ഘടകം നടപ്പിലാക്കുന്നതിന്റെ ആദ്യഘട്ടമായി 500 ഹെക്ടർ വീതം ഭൗതിക ലക്ഷ്യം കാസർഗോഡ്, വയനാട്, ഇടുക്കി ജില്ലകളിലാണ് വ്യാപിപ്പിക്കുന്നത്. വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലാണ് ജൈവകൃഷി വ്യാപിപ്പിക്കുന്നത്.

(സി) എല്ലാ ഭക്ഷ്യവിളകൾക്കും പ്രത്യേകിച്ച് പച്ചക്കറി ഫലവർഗ്ഗ കൃഷിക്ക് ജൈവകൃഷി രീതി ഉപയോഗപ്രദമാണ്. ജൈവകൃഷിയിലേക്ക് മാറുമ്പോൾ ആ കൃഷിയിടത്തിലെ എല്ലാവിളകളും ജൈവകൃഷി രീതിയിൽ മാത്രമേ കൃഷി ചെയ്യാൻ പാടുള്ളൂ എന്നതിനാൽ മറ്റ് വിളകളിലേയ്ക്കും ജൈവകൃഷി വ്യാപിപ്പിക്കുന്നതാണ്.

**കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തിയ പദ്ധതികൾ**

195 (3481) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് പാക്കേജിന് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിച്ചതെന്നാണ് ;

(ബി) എത്ര തുകയുടെ അനുമതിയാണ് ലഭിച്ചത് ;

(സി) കേന്ദ്രവിഹിതം എത്രയാണ് ;

(ഡി) സംസ്ഥാന വിഹിതം എത്രയാണ് ;

(ഇ) പാക്കേജിൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാം ; ഓരോ പദ്ധതിക്കും വകയിരുത്തിയ തുക എത്ര ; ഓരോ പദ്ധതിക്കും ചെലവഴിച്ച തുക എത്ര ;

(എഫ്) കുട്ടനാട് പാക്കേജിന്റെ കാലാവധി ദീർഘിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ലഭിച്ചുവോ ; ഏതെല്ലാം പദ്ധതികൾക്ക് ഏതു വരെ കാലാവധി ദീർഘിപ്പിച്ചുവെന്നും കാലാവധി ദീർഘിപ്പിച്ച ഓരോ പദ്ധതിക്കും അനുവദിക്കപ്പെടുന്ന തുക എത്രയെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 24-7-2008-ൽ

| | | | |
|---|---|---|---|
| (ബി) | അംഗീകാരം ലഭിച്ചത് | - | 1840.40 കോടി രൂപ |
| | അനുമതി ലഭിച്ചത് | - | 1270.267 കോടി രൂപ |
| | അനുവദിച്ചത് | - | 522.388 കോടി രൂപ |

(സി) 418.76 കോടി രൂപ.

(ഡി) 103.628 കോടി രൂപ

(ഇ) അനുബന്ധത്തിൽ കാണാവുന്നതാണ്.*

(എഫ്) കുട്ടനാട് പാക്കേജിന്റെ ജലസേചന വകുപ്പിൻകീഴിൽ വരുന്ന പദ്ധതികൾക്ക് താഴെ കാണും പ്രകാരം പദ്ധതി പൂർത്തീകരിക്കാൻ കേന്ദ്രം സമയപരിധി നീട്ടിനല്കിയിട്ടുണ്ട്:

KEL-1 പദ്ധതി - 118.91 കോടി രൂപ സമയപരിധി March 2015 വരെ

KEL-2 പദ്ധതി - 72.18 കോടി രൂപ സമയപരിധി March 2015 വരെ

KEL-3 പദ്ധതി - 379.05 കോടി രൂപ സമയപരിധി December 2016 വരെ

ഓണാട്ടുകര പദ്ധതി - 248.39 കോടി രൂപ – സമയപരിധി December 2016 വരെ

## നെൽകൃഷി വികസന പദ്ധതികൾ

196 (3482) ശ്രീമതി കെ. കെ. ലതിക : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി മണ്ഡലത്തിലെ പുറമേരി, തിരുവള്ളൂർ,മണിയൂർ പഞ്ചായത്തുകളിലെ പാടശേഖരങ്ങളിൽ നടപ്പാക്കാൻ പിപിഎം സെല്ലിന്റെ പരിഗണനയിൽ ഏതെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഉടൻ തന്നെ ഭരണാനുമതി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത പ്രവൃത്തികൾ പൂർത്തിയായാൽ കൂടുതലായി എത്ര ഹെക്ടർ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നെൽകൃഷി നടത്താനും എത്ര ടൺ നെല്ല് കൂടുതലായി ഉല്പാദിപ്പിക്കാനും കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) പി.പി.എം. സെല്ലിന്റെ പരിഗണനയിൽ താഴെപ്പറയുന്ന നാല് പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്:

1. മണിയൂർ പഞ്ചായത്തിലെ ചെറണ്ടത്തൂർ ചിറ കെ.ബി. കനാൽ പുനരുദ്ധാരണവും മോട്ടോർഷെഡ് നിർമ്മാണവും- 136.42 ലക്ഷം
2. തിരുവള്ളൂർ പഞ്ചായത്തിലെ കുമ്പളോട്ട് താഴെ പാടശേഖരത്തിലെ വി.സി.ബി.യുടെ നിർമ്മാണം - 13.84 ലക്ഷം
3. പുറമേരി പഞ്ചായത്തിലെ അര്യൂർ നടയമ്മൽ പാടശേഖരത്തിലെ സംരക്ഷണഭിത്തി നിർമ്മാണം - 53.13 ലക്ഷം
4. പുറമേരി പഞ്ചായത്തിലെ പെരുമുണ്ടശ്ശേരി പാടശേഖരത്തിലെ വികസനപ്രവൃത്തികൾ - 60.29 ലക്ഷം രൂപ.

ഈ പദ്ധതികൾക്ക് 20.5.2014 ലെ സ.ഉ.(എം.എസ്.) നമ്പർ109/2014/കൃഷിപ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചാൽ നിലവിലെ 185 ഹെക്ടറിൽ നിന്നും 200 ഹെക്ടറിലേയ്ക്കായി നെൽകൃഷി വ്യാപിപ്പിക്കുവാനും 200 ഹെക്ടറിൽ അധികവിള നടത്തുവാനും 1390 ടൺ നെല്ല് കൂടുതലായി ഉൽപാദിപ്പിക്കുവാനും സാധിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

**പച്ചക്കറി വില്പനരംഗത്ത് ഹോർട്ടികോർപ്പ് പരാജയപ്പെട്ടതായ ആക്ഷേപം**

197 (3483) ശ്രീ. രാജു എബ്രഹാം :

ശ്രീ. ജെയിംസ് മാത്യു :

ശ്രീ. വി. ശിവൻകുട്ടി :

ശ്രീ. എ. പ്രദീപ്കുമാർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ ഓണനാളുകളിൽ പച്ചക്കറി വില്പന രംഗത്ത് ഹോർട്ടികോർപ്പിന്റെ

പ്രവർത്തനം വിജയകരമായിരുന്നോ ; അല്ലെങ്കിൽ എന്തുകൊണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഹോർട്ടികോർപ്പ് ചെയർമാനും എം.ഡി.-യും തമ്മിലുള്ള സ്വരചേർച്ചയില്ലായ്മയും രാഷ്ട്രീയ ലക്ഷ്യത്തോടെയുള്ള നിയമനങ്ങളും ഇത്തരമൊരു സാഹചര്യം സൃഷ്ടിക്കുന്നതിൽ പങ്ക് വഹിച്ചതായ ആക്ഷേപം സംബന്ധിച്ച അഭിപ്രായം വിശദമാക്കുമോ ;

(സി) ഹോർട്ടികോർപ്പിന് പൊതുമാർക്കറ്റിൽ ഇടപെടാനായി സർക്കാർ എന്തു തുക നൽകിയെന്ന് വ്യക്തമാക്കാമോ ; ഈ തുക സമയബന്ധിതമായി തന്നെ ലഭ്യമായോ എന്നറിയിക്കാമോ ;

(ഡി) ഹോർട്ടികോർപ്പിന് നിലവിൽ സാമ്പത്തിക പ്രതിസന്ധിയുണ്ടോ വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഇക്കഴിഞ്ഞ ഓണനാളുകളിൽ പച്ചക്കറി വില്പന രംഗത്ത് ഹോർട്ടികോർപ്പിന്റെ പ്രവർത്തനം വിജയകരമായിരുന്നു. പൊതുജനങ്ങൾക്ക് ഈ കാലയളവിൽ വിപണിവിലയെക്കാൾ 20% മുതൽ 30% വരെ വിലക്കുറവിൽ 6187 ടൺ പച്ചക്കറി സംസ്ഥാനത്തെ വിവിധ ജില്ലകളിലെ സ്റ്റാളുകൾ വഴി നൽകുവാൻ ഹോർട്ടികോർപ്പിന് കഴിഞ്ഞു.

(ബി) ഹോർട്ടികോർപ്പ് ചെയർമാനും എം.ഡി.യും തമ്മിൽ സ്വരച്ചേർച്ചയില്ലായ്മ ഉള്ളതായും ഓണനാളുകളിൽ പച്ചക്കറി വില്പനരംഗത്ത് പ്രവർത്തനം മോശമായതായും ആക്ഷേപം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 2014-15 സാമ്പത്തിക വർഷം പൊതുവിപണിയിൽ ഇടപെടുന്നതിനായി കൃഷി വകുപ്പ് 5 കോടി രൂപ ഹോർട്ടികോർപ്പിന് നൽകിയിട്ടുണ്ട്. ഇത് ഓണം/റംസാൻ സമയത്ത് വിപണിയിടപെടലിനാണ് നൽകിയത്. തുക സമയബന്ധിതമായി തന്നെ ഹോർട്ടികോർപ്പിന് നൽകിയിട്ടുണ്ട്.

(ഡി) ചില പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനും ഉത്സവസീസണുകളിലും പൊതു വിപണിയിൽ പഴം-പച്ചക്കറികൾക്ക് വില വർദ്ധിക്കുമ്പോഴും വിപണിയിൽ ഇടപെടുന്നതിനും ഹോർട്ടികോർപ്പിന് സർക്കാർ ധനസഹായം അനുവദിക്കാറുണ്ട്. ജീവനക്കാരുടെ ശമ്പളം, അലവൻസുകൾ, പി.എഫ്., മറ്റ് ചെലവുകൾ എന്നിവ കോർപ്പറേഷന്റെ സ്വന്തം ഫണ്ടിൽനിന്നുമാണ് വിനിയോഗിച്ചുവരുന്നത്. കൃഷി വകുപ്പിന്റെ ആഗോള കാർഷിക മൊത്ത വ്യാപാര വിപണി (വേൾഡ് മാർക്കറ്റ്) വഴി പച്ചക്കറി സംഭരിക്കുമ്പോൾ കർഷകർക്ക് കൂടിയ വില നൽകേണ്ടിവരികയും

കമ്പോളവിലയേക്കാൾ താഴ്ന്ന സ്റ്റാളുകൾ വഴി വിൽക്കുകയും ചെയ്യേണ്ടിവരുമ്പോൾ ഹോർട്ടികോർപ്പിന് ഉണ്ടാകുന്ന നഷ്ടം വളരെ വലുതാണ്. സർക്കാർ നൽകുന്ന തുക ഓണം, റംസാൻ മുതലായ ഉത്സവകാലങ്ങളിൽ പൊതുജനങ്ങൾക്ക് വിലക്കിഴിവിൽ പച്ചക്കറി നൽകുന്നതിന് വിനിയോഗിക്കുവാൻ വേണ്ടി മാത്രമാണ്. മറ്റ് കാലയളവിലെ പ്രവർത്തനത്തിൽ കോർപ്പറേഷന് നഷ്ടം നേരിടേണ്ടിവരുന്നുണ്ട്. കാലാകാലങ്ങളിലായി ഇത്തരത്തിൽ വർദ്ധിച്ചുവരുന്ന നഷ്ടം നിമിത്തം കോർപ്പറേഷൻ കടുത്ത സാമ്പത്തിക ബുദ്ധിമുട്ട് നേരിടുകയാണ്. 2010-ാം മാണ്ടു മുതൽ വേൾഡ് മാർക്കറ്റിൽ നിന്നും കർഷകർക്ക് ഉയർന്ന വില നൽകി ഹോർട്ടികോർപ്പ് പച്ചക്കറി സംഭരിച്ചുവരികയാണ്.

**കുട്ടനാട് പാക്കേജ്**

198 (3484) ഡോ. ടി. എം. തോമസ് ഐസക് : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് പാക്കേജ് നടത്തിപ്പിൽ ക്രമക്കേട് നടന്നിട്ടുണ്ടോയെന്നും യഥാസമയം പദ്ധതി നടപ്പാക്കാൻ കഴിയാത്തത് കാരണം എത്ര കോടി രൂപയുടെ നഷ്ടം വന്നിട്ടുണ്ടെന്നും വിശദമാക്കാമോ ;

(ബി) കുട്ടനാട് പാക്കേജിന്റെ കാലാവധി നീട്ടിക്കിട്ടാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) കുട്ടനാട് പാക്കേജിനായി ആകെ ലഭിച്ച കേന്ദ്ര ഫണ്ട് എത്രയെന്നും അതിൽ ചെലവഴിച്ചത് എത്രയെന്നും വ്യക്തമാക്കാമോ ;

(ഡി) പദ്ധതിയുടെ എത്ര ശതമാനം വരെ ഉദ്ദേശിച്ച പ്രവൃത്തി നടത്താൻ കഴിഞ്ഞു. വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) കുട്ടനാട് പാക്കേജിലെ അംഗീകാരം ലഭിച്ച പദ്ധതികൾ വിവിധ വകുപ്പുകളുടെ തുടർ സ്കീമുകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരികയാണ്. പദ്ധതികൾ നിർവ്വഹണ ഘട്ടത്തിലായതിനാൽ നഷ്ടത്തിന്റെ വിശദാംശം ഇപ്പോൾ നൽകാൻ നിർവ്വാഹമില്ല.

(ബി) ബഹു. മുഖ്യമന്ത്രി 7-10-2014-നും 16-10-2014-നും കുട്ടനാട് പാക്കേജിന്റെ കാലാവധി 2 വർഷം കൂടി നീട്ടിക്കിട്ടാൻ കേന്ദ്ര സർക്കാരിന് കത്ത് നൽകിയിരുന്നു. ബഹു. മുഖ്യമന്ത്രിയുടെ കത്തിന്റെ അടിസ്ഥാനത്തിൽ ബഹു. കേന്ദ്ര

കൃഷി മന്ത്രി കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട ജലസേചന പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള സഹായം നല്കുന്നതിനായി 13-11-2014-ലെ കേന്ദ്ര ജലവിഭവ വകുപ്പ് മന്ത്രിക്ക് അയച്ച കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. അംഗീകാരം ലഭിച്ച പദ്ധതികൾക്ക് പ്രാഥമിക മുൻഗണന നൽകേണ്ടതും ബാക്കി അവശേഷിക്കുന്ന പാക്കേജിന്റെ പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന തുടർ പദ്ധതികളിൽ ഉൾക്കൊള്ളിച്ച് പൂർത്തിയാക്കാവുന്നതാണെന്നും ടി കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) കുട്ടനാട് പാക്കേജിനായി ആകെ അനുവദിച്ച കേന്ദ്ര വിഹിതം 418.76 കോടി രൂപയാണ്. ഇതിൽ ചെലവഴിച്ചത് 300.79 കോടി രൂപയാണ്.

(ഡി) അനുബന്ധത്തിൽ കാണാവുന്നതാണ്.*

## പാലക്കാട് ജില്ലയിൽ നെൽകൃഷി പരിപോഷിപ്പിക്കുന്നതിനുള്ള നടപടികൾ

199 (3485) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ നെൽവയലിന്റെ വിസ്തീർണ്ണം വർഷംതോറും കുറയുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിന് ആനുപാതികമായി നെല്ലുത്പാദനത്തിൽ ജില്ലയിൽ കുറവു വന്നിട്ടുണ്ടോ ;

(സി) ജില്ലയിലെ നെൽകൃഷി പരിപോഷിപ്പിക്കുന്നതിനും, നെല്ലുത്പാദനം വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള വിസ്തീർണ്ണം നിലനിർത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) കുട്ടനാടൻ പാക്കേജിന്റെ മാതൃകയിൽ പാലക്കാട് ജില്ലയ്ക്കനുസൃതമായ ഒരു പാക്കേജ് പരിഗണനയിലുണ്ടോ ;

(ഇ) ആലത്തൂർ മേഖലയിലെ കൃഷിക്കാർക്ക് കൂടുതൽ കൃഷിവിജ്ഞാനം ലഭിക്കുന്നതിനും, ആധുനിക കൃഷിരീതികളെക്കുറിച്ച് മനസ്സിലാക്കുന്നതിനും വേണ്ടി പട്ടാമ്പി നെല്ലുത്പാദന ഗവേഷണ കേന്ദ്രത്തിന്റെ അനുബന്ധസ്ഥാപനം ആലത്തൂർ മേഖലയിൽ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നെല്ലുൽപ്പാദനത്തിൽ ജില്ലയിൽ കുറവ് വന്നിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ജില്ലയിലെ നെൽകൃഷി പരിപോഷിപ്പിക്കുന്നതിനും, നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള വിസ്തീർണ്ണം നിലനിർത്തുന്നതിനും സുസ്ഥിര നെൽകൃഷി, പ്രത്യേക നെല്ലിനങ്ങൾക്കുള്ള പദ്ധതി, പാടശേഖര സമിതികൾക്കുള്ള പ്രവർത്തന സഹായം, ഉഴവുകൂലി, സൗജന്യ വൈദ്യുതി, ഉല്പാദന ബോണസ് എന്നിവ മുഖേന ആനുകൂല്യം നൽകിവരുന്നുണ്ട്. ഇതിനുംപുറമേ ജനകീയാസൂത്രണ പദ്ധതി പ്രകാരവും നെൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കുന്നു.

(ഡി) ഇല്ല.

(ഇ) തൽക്കാലം പരിഗണനയിലില്ല.

## ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരിയിൽ അനുവദിച്ച അഗ്രോ സർവ്വീസ് സെന്റർ

200 (3486) ശ്രീ. ബി. ഡി. ദേവസ്സി : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടിയിൽ അനുവദിച്ച അഗ്രോ സർവ്വീസ് സെന്റർ മറ്റേതെങ്കിലും സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരിയിൽ അനുവദിച്ച അഗ്രോ സർവ്വീസ് സെന്റർ ഉടൻ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) സ്വീകരിക്കുന്നതാണ്.

## ജൈവകർഷകരെ സഹായിക്കുന്നതിന് ബയോ കൺട്രോൾ ലബോറട്ടറികൾ

201 (3487) ശ്രീ. പി. ഉബൈദുള്ള : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൈവ-കർഷകരെ സഹായിക്കുന്നതിനായി ഓരോ ജില്ലയിലും ബയോകൺട്രോൾ ലബോറട്ടറികൾ സ്ഥാപിച്ചിട്ടുണ്ടോ ;

(ബി) മലപ്പുറം മണ്ഡലത്തിലെ ആനക്കയത്ത് ജില്ലാ ബയോ കൺട്രോൾ

ലബോറട്ടറി സ്ഥാപിക്കുമെന്ന മന്ത്രിയുടെ പ്രഖ്യാപനം യാഥാർത്ഥ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

**നീലേശ്വരം മുനിസിപ്പാലിറ്റിക്ക് കൃഷി വകുപ്പിന്റെ അധീനതയിലുള്ള ഭൂമി**

202(3488) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെകാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ നീലേശ്വരം മുനിസിപ്പാലിറ്റിക്ക് കൃഷി വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിൽ നിന്നും സ്ഥലം ലഭ്യമാക്കി മന്ത്രിസഭായോഗത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവിറക്കി രണ്ടു വർഷം കഴിഞ്ഞിട്ടും പതിച്ചുകൊടുക്കാൻ കഴിയാതെ വന്നതെന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

കാർഷിക സർവ്വകലാശാല ഭരണസമിതിയുടെ 4-10-2013-ൽ കൂടിയ യോഗം, നീലേശ്വരം മുൻസിപ്പാലിറ്റിക്ക് കാർഷിക സർവ്വകലാശാലയുടെ, 2 ഏക്കർ സ്ഥലം വിട്ടുകൊടുക്കുവാനുള്ള നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചു. നഗരസഭ ആവശ്യപ്പെട്ട 9-ാം ബ്ലോക്കിനുപകരം 5-ാം ബ്ലോക്കിൽ വരുന്ന സ്ഥലം അനുവദിക്കാമെന്നും 28-9-2013-ൽ അറിയിച്ചിരുന്നു. 11-3-2014-ൽ കാർഷിക സർവ്വകലാശാലാ ആസ്ഥാനത്ത് ഇക്കാര്യം ചർച്ച ചെയ്ത് തീരുമാനിക്കുന്നതിനായി വൈസ് ചാൻസിലറുടെ അദ്ധ്യക്ഷതയിൽ സർവ്വകലാശാലയുടെയും നഗരസഭയുടെയും ഭാരവാഹികൾ/ഉദ്യോഗസ്ഥർ മുതലായവർ പങ്കെടുത്ത് ചർച്ചയിൽ കാർഷിക സർവ്വകലാശാല നിർദ്ദേശിച്ച 5-ാം ബ്ലോക്കിലെ സ്ഥലം നഗരസഭയ്ക്ക് സ്വീകാര്യമായില്ല. സ്ഥലം വിട്ടുകൊടുക്കുന്നതു സംബന്ധിച്ച അന്തിമ തീരുമാനത്തിനായി ഈ വിഷയം കാർഷിക സർവ്വകലാശാല ജനറൽ കൗൺസിൽ യോഗത്തിന്റെ അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**പക്ഷിപ്പനി-നഷ്ടപരിഹാരം**

203 (3489) ശ്രീ. ജി. സുധാകരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം ജില്ലകളിലാണ് പക്ഷിപ്പനി സ്ഥിരീകരിച്ചിട്ടുള്ളത് ;

(ബി) ആലപ്പുഴ ജില്ലയിൽ നവംബർ മാസം ആദ്യം മുതൽ തന്നെ താറാവുകൾ കൂട്ടത്തോടെ ചത്തത് ശ്രദ്ധയിൽപ്പെട്ടിരുന്നുവോ ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു ;

(സി) പക്ഷിപ്പനി സ്ഥിരീകരിക്കുന്നതിനുമുമ്പ് തന്നെ ഈ രോഗം ബാധിച്ച് ചത്ത താറാവുകൾക്കുള്ള നഷ്ടപരിഹാരം കർഷകർക്ക് നൽകാൻ നടപടി സ്വീകരിക്കുമോ ;

(ഡി) പക്ഷിപ്പനി പ്രതിരോധിക്കുന്നതിനായി സർക്കാർ നിർദ്ദേശ പ്രകാരം കൊല്ലുന്ന താറാവുകൾക്കു മാത്രമേ നഷ്ടപരിഹാരം നൽകുകയുള്ളൂ എന്ന് തീരുമാനം എടുത്തിട്ടുണ്ടോ ;

(ഇ) ഇപ്രകാരം കൊല്ലുന്ന താറാവുകൾക്ക് നഷ്ടപരിഹാരമായി എത്ര രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്; ഈ തുക അപര്യാപ്തമാണെന്ന കർഷകരുടെ പ്രതിഷേധം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഓരോ താറാവിനും 300 രൂപ വീതം നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) കൊല്ലുന്ന താറാവുകളെ സംസ്കരിക്കുന്നതിനുള്ള ചെലവ് സർക്കാർ വഹിക്കുമോ ;

(ജി) അമ്പലപ്പുഴ മണ്ഡലത്തിൽ പക്ഷിപ്പനി ബാധിച്ച് എത്ര താറാവുകൾ/ കോഴികൾ ചത്തു; എത്ര താറാവുകളെ/കോഴികളെ പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി കൊന്നു; ആകെ എന്തു തുക നഷ്ടപരിഹാരമായി കർഷകർക്ക് നൽകി, വ്യക്തമാക്കാമോ; അമ്പലപ്പുഴ മണ്ഡലത്തിൽ രോഗം ബാധിച്ച പ്രദേശങ്ങളിലേയും സമീപ പ്രദേശങ്ങളിലെയും മുഴുവൻ താറാവുകളെയും കൊന്നു സംസ്കരിച്ചുവെന്ന് ഉറപ്പാക്കിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലാണ് പക്ഷിപ്പനി സ്ഥിരീകരിച്ചിട്ടുള്ളത്.

(ബി) നവംബർ പകുതിക്കുശേഷം ശ്രദ്ധയിൽപ്പെട്ടിരുന്നു. രോഗകാരണം കണ്ടുപിടിക്കുന്നതിന് തിരുവല്ല ഏവിയൻ ഡിസീസ് ഡയഗ്നോസ്റ്റിക് ലബോറട്ടറിയിലും തിരുവനന്തപുരം പാലോട് ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസിലും പരിശോധനകൾ നടത്തി. ഈ പരിശോധനയിലാണ് രോഗം പക്ഷിപ്പനിയാകാം എന്ന പ്രാഥമിക നിഗമനത്തിലെത്തിയത്. രോഗസ്ഥിരീകരണത്തിനായി ബാംഗ്ലൂരിലെ

എസ്.ആർ.ഡി.ഡി.എൽ.-ലും, ഭോപ്പാലിലെ ഹൈ സെക്യൂരിറ്റി ആനിമൽ ഡിസീസ് ലാബിലും അയച്ചു. അവിടെ നിന്നുള്ള 24-11-2014-ലെ സ്ഥിരീകരണത്തിന്റെ അടിസ്ഥാനത്തിലാണ് അനന്തര നടപടികൾ സ്വീകരിച്ചത്. പക്ഷിപ്പനി ആദ്യം റിപ്പോർട്ട് ചെയ്ത ആലപ്പുഴ ജില്ലയിലെ പുറക്കാട്, തലവടി എന്നീ പ്രദേശങ്ങളിലെ 1 കി. മീ. ദൂരപരിധിയിലുള്ള രോഗം ബാധിച്ചതും കൂടെയുണ്ടായിരുന്നതുമായ പക്ഷികളെയെല്ലാം കൊന്നൊടുക്കി ശാസ്ത്രീയമായി സംസ്കരിച്ചിട്ടുണ്ട്. ടി ജില്ലകളിലേയ്ക്കും പുറത്തേയ്ക്കുമുള്ള പക്ഷി, പക്ഷി ഉല്പന്നങ്ങൾ, തീറ്റ എന്നിവയുടെ കടത്ത് താത്ക്കാലികമായിനിരോധിച്ചു. ടി ജില്ലകളിലെ കർഷകർക്ക് പക്ഷിപ്പനിയെക്കുറിച്ചും പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചും ക്ലാസ്സുകൾ നടത്തുകയും, ലഘുലേഖകൾ, നോട്ടീസുകൾ എന്നിവ വിതരണം ചെയ്യുകയും, റേഡിയോ/ പത്രമാധ്യമങ്ങളിലൂടെ ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്.

(സി) നഷ്ടപരിഹാരത്തിന് അർഹരായ കർഷകരുടെ അപേക്ഷയിന്മേൽ ദുരന്ത നിവാരണ ഫണ്ടിൽ നിന്നും നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ഇല്ല. പക്ഷിപ്പനി ബാധിച്ച് മരണപ്പെട്ട താറാവുകൾക്കും നഷ്ടപരിഹാരം നൽകുന്നുണ്ട്.

(ഇ) ഇപ്രകാരം കൊല്ലുന്ന താറാവുകളിൽ 2 മാസവും അതിൽ കൂടുതലും പ്രായമായവയ്ക്ക് 200 രൂപ നിരക്കിലും, രണ്ടു മാസത്തിൽ താഴെ പ്രായമുള്ളവയ്ക്ക് 100 രൂപ നിരക്കിലുമാണ് നഷ്ടപരിഹാരം നിശ്ചയിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് കർഷകരുടെ രേഖാമൂലമുള്ള പരാതികൾ ലഭിച്ചിട്ടില്ല. 300 രൂപ വീതം നഷ്ടപരിഹാരം നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(എഫ്) താറാവുകളെ സംസ്കരിക്കുന്നതിനാവശ്യമായ ചെലവ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളാണ് വഹിക്കുന്നത്.

(ജി) അമ്പലപ്പുഴ മണ്ഡലത്തിൽ പക്ഷിപ്പനി ബാധിച്ച് 4294 പക്ഷികൾ ചത്തു. (5-2-2014 വരെ) 36189 താറാവുകളെയും 895 കോഴികളെയും പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി കൊന്നു. ആകെ 21,30,400 രൂപ നഷ്ടപരിഹാരമായി കർഷകർക്ക് നൽകി. രോഗബാധ സ്ഥിരീകരിച്ച ഭാഗങ്ങളിലെ മുഴുവൻ പക്ഷികളെയും കൊന്ന് സംസ്കരിച്ചിട്ടുണ്ട്.

**റബ്ബറിൻെറ വിലയിടിവ്**

204 (3490) <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബറിന്റെ വിലയിടിവ് തടയാൻ സർക്കാർ സ്വീകരിച്ച നടപടിയിൽ റബ്ബർ കർഷകർക്ക് എത്രത്തോളം പ്രയോജനം ഉണ്ടായി എന്നത് വിശദമാക്കാമോ ;

(ബി) കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും റബ്ബർ കർഷകർക്ക് പ്രയോജനപ്രദമായ നിർദ്ദേശങ്ങൾ എന്തെങ്കിലും ലഭ്യമായോ എന്നത് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) സ്വാഭാവിക റബ്ബറിൻെറ വില വളരെ താഴ്ന്ന നിൽക്കുന്ന സാഹചര്യത്തിൽ കേരളത്തിലെ റബ്ബർ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് 25-2-2014 തീയതിയിലെ സ.ഉ.(എം എസ്.) നമ്പർ 56/2014/കൃഷി പ്രകാരം ഉത്തരവായിട്ടുണ്ട്. റബ്ബർ സംഭരണം ആരംഭിച്ചപ്പോൾ കോട്ടയം വിപണിയുടെ ദൈനംദിന വിപണിവിലയിൽ നിന്നും കിലോയ്ക്ക് 2 രൂപ കൂടുതൽ നൽകി ആർ.എസ്.എസ്. 4 ഗ്രേഡിലുള്ള റബ്ബറാണ് സംഭരിച്ചിരുന്നത്. എന്നാൽ 13-10-2014 തീയതിയിലെ സ.ഉ.(എം എസ്.) നമ്പർ 232/2014/ കൃഷിപ്രകാരം ആർ.എസ്.എസ്.5 ഗ്രേഡിലുള്ള റബ്ബർ കർഷകരിൽ നിന്നും സംഭരിക്കുവാൻ ഉത്തരവാകുകയും തുടർന്ന് 6-11-2014 തീയതിയിലെ സ.ഉ.(എം എസ്.) നമ്പർ 254/2014/കൃഷി പ്രകാരം റബ്ബർ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് റബ്ബർ ബോർഡിൻെറ കോട്ടയം വിപണിയുടെ ദൈനംദിന വിപണിയിൽ നിന്നും കിലോയ്ക്ക് 5 രൂപ കൂടുതൽ നൽകി ആർ.എസ്.എസ്. 4, ആർ.എസ്.എസ്. 5 ഗ്രേഡുകളിലുള്ള റബ്ബർ സംഭരിക്കുവാൻ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. കൃഷി വകുപ്പിന്റെ 'വിലസ്ഥിരതയ്ക്ക് വേണ്ടി വിപണിയിൽ ഇടപെടൽ (പദ്ധതി) 2014-15' എന്ന ശീർഷകത്തിൽ നിന്നും 10 കോടി രൂപ അധിക ധന അനുമതിയിലൂടെ റബ്ബർ സംഭരണത്തിന് അടിയന്തരമായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്നും 5 കോടി രൂപ വീതം സംഭരണ ഏജൻസികളായ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷനും (റബ്ബർമാർക്ക്) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിനും (മാർക്കറ്റ്ഫെഡ്) അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 27-11-2014 വരെ റബ്ബർമാർക്ക് 585.5 ടണ്ണും മാർക്കറ്റ്ഫെഡ് 390.8 ടണ്ണും ഉൾപ്പെടെ ആകെ 976.3 ടൺ റബ്ബർ സംഭരിച്ചിട്ടുണ്ട്.

(ബി) റബ്ബർ സ്റ്റോക്കിൻെറയും കമ്മിയുടേയും കണക്കുകൾ ശരിയല്ലായെന്ന പരാതി കാരണം ഈ പ്രശ്നം പരിഹരിക്കുന്നതിന് നിർദ്ദേശം നൽകുവാൻ എക്സ്പെർട്ട് കമ്മിറ്റി ഓൺ റബ്ബർ പോളിസിയുടെ കീഴിൽ ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കും എന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. റബ്ബർ വ്യവസായത്തെ 'മെയ്ക്ക് ഇൻ ഇന്ത്യ' പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം പരിഗണിക്കുവാൻ കേന്ദ്ര വാണിജ്യ വകുപ്പ് കേന്ദ്ര വ്യവസായ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. റബ്ബർ ആക്ടിൽ ഭേദഗതി വരുത്തി സ്വാഭാവിക റബ്ബറിൻേറതുപോലെ സിന്തറ്റിക് റബ്ബറിനും കിലോയ്ക്ക് 2 രൂപ നിരക്കിൽ സെസ് ഏർപ്പെടുത്തുക എന്ന ആവശ്യം എക്സ്പെർട്ട് കമ്മിറ്റി ഓൺ റബ്ബർ പോളിസിയിൽ ചർച്ച ചെയ്യുന്നതാണ് എന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

സ്വാഭാവിക റബ്ബറിൻെറ ഉപയോഗം റോഡ് ടാറിംഗ് ഉൾപ്പെടെയുള്ള ആവശ്യത്തിന് തദ്ദേശീയമായി വർദ്ധിപ്പിക്കുക എന്ന സംസ്ഥാന സർക്കാരിന്റെ നിർദ്ദേശം പരിഗണിക്കുവാൻ കേന്ദ്ര വാണിജ്യ വകുപ്പ്, കേന്ദ്ര റോഡ് ട്രാൻസ്പോർട്ട് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സ്വാഭാവിക റബ്ബറിന് വിലസ്ഥിരത ഏർപ്പെടുത്തുവാൻ അനുയോജ്യമായ പദ്ധതി രൂപീകരിക്കുക എന്ന നിർദ്ദേശം റബ്ബർ ഉൾപ്പെടെയുള്ള എല്ലാ ഉൽപ്പന്നങ്ങൾക്കും ഏർപ്പെടുത്തുന്ന കാര്യം കേന്ദ്ര സർക്കാരിൻെറ പരിഗണനയിലുണ്ട്.

റബ്ബർ തടിയെ കാർഷിക ഉല്പന്നമായി പരിഗണിച്ച് എക്സൈസ് ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കുക എന്ന സംസ്ഥാന സർക്കാരിൻെറ നിർദ്ദേശം കേന്ദ്ര ധനകാര്യ വകുപ്പിനോട് പരിഗണിക്കുവാൻ കേന്ദ്ര വാണിജ്യ വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്.

**റബ്ബറിൻെറ വിലത്തകർച്ചമൂലം കടക്കെണിയിലായ ചെറുകിട കർഷകർ**

205 (3491) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബറിന്റെ വിലത്തകർച്ചമൂലം കടക്കെണിയിലായ ഇടത്തരം ചെറുകിട കർഷകർക്ക് റബ്ബർ ബോർഡിൽനിന്നും സഹായം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; നിലവിൽ ലഭിക്കുന്ന സഹായം എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) റബ്ബറിന്റെ ഇറക്കുമതിച്ചുങ്കം വർദ്ധിപ്പിക്കാനും ഇറക്കുമതി നിയന്ത്രിക്കാനും

കേന്ദ്ര സർക്കാരിന്മേൽ സമ്മർദ്ദം ചെലുത്താൻ തയ്യാറാകുമോ ?

ഉത്തരം

(എ) റബ്ബർ പരമ്പരാഗതമായി കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ റബ്ബർ കൃഷി വ്യാപിപ്പിക്കുന്നതിന് ഹെക്ടറിന് 25,000 രൂപയും പരമ്പരാഗതമല്ലാത്ത സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 35,000 രൂപ നിരക്കിലും റബ്ബർ ബോർഡ് സബ്സിഡി നൽകുന്നു.

(ബി) റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാർ ഇടപെടുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുള്ള നിവേദനത്തിൽ റബ്ബർ ഇറക്കുമതി തടയുക, റബ്ബർഷീറ്റിന്റേയും റബ്ബർ ഉൽപ്പന്നങ്ങളുടെയും ഇറക്കുമതി ചുങ്കം 8 ശതമാനത്തിൽ നിന്നും 40 ശതമാനമായി വർദ്ധിപ്പിക്കുക, ബ്ലോക്ക് റബ്ബറിന്റെ ഇറക്കുമതി ചുങ്കം 40% ആയി വർദ്ധിപ്പിക്കുക എന്നീ ആവശ്യങ്ങൾ ഉൾപ്പെടുത്തിയിരുന്നു.

**കുറ്റ്യാടി, വേളം നെൽകൃഷി പദ്ധതി**

206 (3492) ശ്രീമതി കെ. കെ. ലതിക : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി പഞ്ചായത്തിലെയും വേളം പഞ്ചായത്തിലെയും പാടശേഖരങ്ങളിൽ നടപ്പാക്കേണ്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം പ്രവൃത്തികളാണ് പ്രസ്തുത പാടശേഖരങ്ങളിൽ നടപ്പാക്കുക എന്ന് വിശദമാക്കുമോ ;

(സി) ഇത്തരം പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ സാങ്കേതികാനുമതി എപ്പോൾ ലഭ്യമാകും എന്ന് വിശദമാക്കുമോ ;

(ഇ) പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുന്നതോടെ എത്ര ഹെക്ടറിൽ നെൽകൃഷി കൂടുതലായി ചെയ്യാൻ കഴിയുമെന്നും എത്ര ടൺ നെല്ല് കൂടുതലായി ഉത്പാദിപ്പിക്കാൻ കഴിയുമെന്നും കണക്കാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 8.5 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്.

(ബി) വേളം പഞ്ചായത്തിലെ കക്കുന്നി പാടശേഖരത്തിലെ വാട്ടർ ടാങ്ക് നിർമ്മാണം, ലിഫ്റ്റ് ഇറിഗേഷൻ സ്കീം, കിണർ നിർമ്മാണം, പമ്പ് ഹൗസ് നിർമ്മാണം, ചെറിയാണ്ടി കുന്നമ്മൽ പാടശേഖരത്തിലെ ചാത്തോത്ത്പൊയിൽ ലിഫ്റ്റ് ഇറിഗേഷൻ, ടില്ലർ ബണ്ട് നിർമ്മാണം, മീൻപാലം ലിഫ്റ്റ് ഇറിഗേഷൻ, ചാത്തോത്ത്പൊയിൽ പമ്പ് ഹൗസ് നിർമ്മാണം, മീൻപാലം പമ്പ് ഹൗസ് നിർമ്മാണം. കുറിച്ചകം പാടശേഖരത്തിലെ ടില്ലർ ബണ്ട് നിർമ്മാണം, പാവുല്ലാട്ടുവയൽ പാടശേഖരത്തിലെ കാപ്പ നവീകരണം, കുഴിവയൽ പാടശേഖരത്തിലെ തോടുകളുടെ പാർശ്വ സംരക്ഷണം, നാരായണിനട പാടശേഖരത്തിലെ തോടുകളുടെ പാർശ്വ സംരക്ഷണം, വാചാൽനട പാടശേഖരത്തിലെ തോടുകളുടെ പാർശ്വസംരക്ഷണം, തീക്കുന്നി പാടശേഖരത്തിലെ തോടുകളുടെ പാർശ്വ സംരക്ഷണം, തീക്കുന്നി പാടശേഖരത്തിലെ വെന്റഡ് ക്രോസ് ബാർ (വി.സി.ബി.) നിർമ്മാണം, തോട്ടുക്കുമ്മൽ, മൂഴിക്കൽ തോടുകളുടെ പാർശ്വ സംരക്ഷണം, എടവലത്തുതാഴെ അടിവയൽ ഫാം റോഡിന്റെ നിർമ്മാണം, തോട്ടുക്കുമ്മൽ ഇറിഗേഷൻ സ്കീം, എടവലത്തു താഴെ ലിഫ്റ്റ് ഇറിഗേഷൻ സ്കീം, പാറമണൽ താഴെ ലിഫ്റ്റ് ഇറിഗേഷൻ സ്കീം, വാരാപ്പുറത്ത് താഴെ ലിഫ്റ്റ് ഇറിഗേഷൻ സ്കീം, എടവലത്തുതാഴെ പമ്പ് ഹൗസ് നിർമ്മാണം, പാറമണൽ താഴെ പമ്പ് നിർമ്മാണം വാരാപ്പുറത്ത് താഴെ പമ്പ് ഹൗസ് നിർമ്മാണം, അടിവയൽ കാപ്പ നവീകരണം, തോട്ടുക്കുമ്മലിലെ വി.സി.ബി. നിർമ്മാണം, തെയ്യാട്ട താഴെ പാടശേഖരത്തിലെ തെയ്യാട്ട താഴെമണിക്കോത്തു താഴെ തോടുകളുടെ പാർശ്വ സംരക്ഷണം, ശാന്തിനഗർ പാടശേഖരത്തിലെ തോടുകളുടെ പാർശ്വ സംരക്ഷണം, ചെറുകുന്ന് പാടശേഖരത്തിലെ കുണ്ടുകുട്ടിൽ താഴില്ല്യത്ത് താഴെതോട്ട പാർശ്വ സംരക്ഷണം.

കുറ്റ്യാടി പഞ്ചായത്തിലെ ഊരാത്ത്, വടയത്ത് പാടശേഖരങ്ങളുടെ തോടുകളുടെ പാർശ്വസംരക്ഷണം, ഊരാത്ത് പാടശേഖരത്തിലെ വി.സി.ബി. നിർമ്മാണം, എൽ.എസ്. ഫോർ കെ.എസ്.ഇ.ബി. കണക്ഷൻ എന്നിവയാണ് പ്രസ്തുത പദ്ധതികളിലുൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികൾ.

(സി&ഡി) ഇല്ല. പരിശോധനയിലാണ്.

(ഇ) 500 ഹെക്ടറോളം സ്ഥലത്ത് കൂടുതലായി ചെയ്യാൻ കഴിയും. ഏകദേശം 1750 മെട്രിക് ടൺ നെല്ല് കൂടുതലായി ഉല്പാദിപ്പിക്കാൻ കഴിയും.

**സംസ്ഥാനത്തെ കൃഷി ഭവനുകളുടെ പ്രവർത്തനം**

207 (3493) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമ്പത്തിക മാന്ദ്യം സംസ്ഥാനത്തെ കൃഷി ഭവനുകളുടെ പ്രവർത്തനത്തെ എത്രത്തോളം ബാധിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) കാലാവസ്ഥാ ദുരിതമുണ്ടായാൽ കൃഷിക്കാരന് കൈയോടെ സാമ്പത്തിക സഹായം അനുവദിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇപ്രകാരം എത്ര കർഷകർക്ക് സഹായം ലഭ്യമാക്കിയിട്ടുണ്ട് എന്നും വിശദമാക്കാമോ ;

(സി) പുതിയ കൃഷി രീതികൾ കർഷകർക്ക് ലഭ്യമാക്കുന്നതിനായി ജീവനക്കാർക്ക് പരിശീലനം നൽകാൻ സാമ്പത്തിക മാന്ദ്യം എത്രത്തോളം തടസ്സമായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ കൃഷി ഭവനുകൾ സാധാരണ നിലയിൽ പ്രവർത്തിച്ച് വരുന്നുണ്ട്.

(ബി) ഇത്തരത്തിൽ കൃഷി വകുപ്പ് ഒരു പ്രഖ്യാപനം നടത്തിയിട്ടില്ല.

(സി) ഇത്തരത്തിൽ തടസ്സമുണ്ടായിട്ടില്ല.

**സുരക്ഷിതമായ പച്ചക്കറി**

208 (3494) ശ്രീമതി കെ. എസ്. സലീഖ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിപണിയിലെത്തുന്ന പച്ചക്കറികളിൽ സംസ്ഥാനത്തുള്ളവ എത്ര ശതമാനം; മറ്റു സംസ്ഥാനത്തു നിന്നുള്ളവ എത്ര ശതമാനം ; സംസ്ഥാനത്തുള്ള പച്ചക്കറികളിൽ ദിവസേന എത്ര തുകയുടെ കച്ചവടം നടക്കുന്നു എന്നും മറ്റു സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചക്കറികളിൽ ദിവസേന എത്ര തുകയുടെ കച്ചവടം നടക്കുന്നുവെന്നും വ്യക്തമാക്കുമോ ;

(ബി) മറ്റു സംസ്ഥാനത്തു നിന്നും വരുന്ന പച്ചക്കറികളിൽ കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തുന്നതിനായി നിലവിൽ എന്തു സംവിധാനങ്ങളുണ്ട് ; വ്യക്തമാക്കുമോ ;

(സി) പച്ചക്കറികളിലെ കീടനാശിനി പ്രയോഗം നിലവിൽ പരിശോധന

നടത്തുന്നത് എവിടെയെല്ലാം എന്നും എന്തു തുക ഇതിനായി ഫീസ് ഇനത്തിൽ ഈടാക്കുന്നു എന്നും വ്യക്തമാക്കുമോ ;

(ഡി) വിപണിയിലെത്തിക്കുന്ന പച്ചക്കറികളിൽ കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയാൽ കുറ്റക്കാർക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള കർശനമായ എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) വിപണിയിലെത്തുന്ന പച്ചക്കറികളിൽ സംസ്ഥാനത്തുള്ളവയുടേയും മറ്റ് സംസ്ഥാനത്തു നിന്നുള്ളവയുടേയും ശതമാനം തിരിച്ചുള്ള കണക്കുകളും ഈ സംസ്ഥാനത്തുള്ളതും മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ളതുമായ പച്ചക്കറികളിൽ ദിവസേന എത്ര തുകയുടെ കച്ചവടം നടക്കുന്നു എന്നത് സംബന്ധിച്ച് തരം തിരിച്ചുള്ള കണക്കുകളൊന്നും ലഭ്യമല്ല.

(ബി) നാം നിത്യവും ഉപയോഗിക്കുന്ന പച്ചക്കറികൾ മിക്കതും അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്നവ ആയതിനാൽ അവയിൽ അടങ്ങിയിരിക്കുന്ന വിഷാംശം എത്രയെന്ന് കണ്ടുപിടിക്കുവാൻ പച്ചക്കറി കടകളിൽ നിന്നും, കർഷകന്റെ കൃഷിയിടങ്ങളിൽ നിന്നും സാമ്പിൾ എടുത്ത് പരിശോധന നടത്തുന്നതിന് 'സേഫ് റ്റു ഈറ്റ്' എന്ന പദ്ധതി കൃഷി വകുപ്പും കേരള സർവ്വകലാശാലയും ചേർന്ന് നടപ്പിലാക്കുന്നു.

തിരുവനന്തപുരത്തെ പച്ചക്കറി കടകൾ, സൂപ്പർ/ഹൈപ്പർ മാർക്കറ്റുകൾ, കാസർഗോഡ് ജില്ലയിലെ പച്ചക്കറി ചന്തകൾ എന്നിവിടങ്ങളിൽ നിന്നായി ഓരോ മാസവും 50 മുതൽ 60 ഇനം പച്ചക്കറികളുടെ ഇരുന്നൂറോളം സാമ്പിളുകൾ ശേഖരിച്ച് വെള്ളായണി കാർഷിക കോളേജിലെ "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന" ലബോറട്ടറിയിൽ എത്തിച്ചാണ് പരിശോധന നടത്തുന്നത്. വിവിധയിനം പച്ചക്കറികളിൽ കണ്ട കീടനാശിനികളുടെ വിഷാംശം സംബന്ധിച്ചുള്ള വിശദ വിവരങ്ങൾ കേരള സർക്കാർ വെബ് പോർട്ടൽ www.kerala.gov.in-ൽ പ്രസിദ്ധീകരിക്കുന്നു.

(സി) പച്ചക്കറികളിലെ കീടനാശിനി അവശിഷ്ട പരിശോധന നിലവിൽ നടത്തുന്നത് വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബിൽ ആണ്. കൃഷി വകുപ്പിന്റെ ശിപാർശയോടു കൂടി വരുന്ന കർഷകരുടെ പച്ചക്കറി സാമ്പിളുകൾ ഇവിടെ സൗജന്യമായി പരിശോധിക്കുന്നു. എന്നാൽ സ്വകാര്യ സാമ്പിളുകൾക്ക് 3500 രൂപ മുതൽ 8000 രൂപ വരെ പരിശോധന ഫീസ് ഈടാക്കുന്നുണ്ട്.

(ഡി) വിപണിയിലെത്തുന്ന പച്ചക്കറികളിൽ കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയാൽ കുറ്റക്കാർക്കെതിരെ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് പരിശോധിക്കുന്നതാണ്.

## ജലാശയങ്ങളിലെ കളകൾ നീക്കം ചെയ്യുന്നതിനും നിയന്ത്രിക്കുന്നതിനും വെള്ളത്തിൽ കൃഷി ചെയ്യുന്ന രീതി

209 (3496) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജലാശയങ്ങളിലെ കളകൾ നിക്കം ചെയ്യുന്നതിനും നിയന്ത്രിക്കുന്നതിനും വെള്ളത്തിൽ കൃഷി ചെയ്യുന്ന രീതി അവംലബിക്കുന്നത് നല്ലതാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജൈവകൃഷി പ്രോത്സാഹിപ്പിക്കുവാൻ പ്രസ്തുത മാർഗ്ഗം ഏറെ പ്രയോജനകരമാണെന്നും കരയിലെ കൃഷിയേക്കാൾ പത്ത് മടങ്ങ് വിളവ് കൂടുതൽ ആയി ലഭിക്കുമെന്നും ഉള്ളതിനാൽ ഈ രീതിയിലുള്ള കൃഷി വ്യാപിപ്പിക്കുവാൻ കൃഷിവകുപ്പ് മുഖേന നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) വെള്ളത്തിൽ കൃഷി (മോഡിഫൈഡ് ഹൈഡ്രോപോണിക്സ്) എന്ന കൃഷി രീതിയെ സംബന്ധിച്ച് സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ സഹായത്തോടെ ആലപ്പുഴ എസ്.ഡി. കോളേജിൽ ഗവേഷണം തുടങ്ങിയതായി പത്രമാധ്യമങ്ങൾ വഴി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൃഷി വകുപ്പോ കേരള കാർഷിക സർവ്വകലാശാലയോ ഈ രീതിയിലുള്ള കൃഷിയെ സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടില്ല. കേരള കാർഷിക സർവ്വകലാശാല ഇതിൽ ഗവേഷണം നടത്തി അതിന്റെ ഫലവും ശിപാർശയും ലഭ്യമാക്കിയാൽ മാത്രമേ ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളു.

## രോഗബാധയുള്ള തെങ്ങുകൾ മുറിച്ചുമാറ്റുന്നതിന് പദ്ധതി

210 (3497) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രോഗബാധയുള്ള തെങ്ങുകൾ മുറിച്ചുമാറ്റുന്നതിന് എന്തെല്ലാം സഹായപദ്ധതികളാണ് നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) 2014-05 വർഷത്തിൽ ടി പദ്ധതികൾക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) രോഗബാധയുള്ള തെങ്ങുകൾ മുറിച്ചുമാറ്റിയതിനുള്ള ധനസഹായം ലഭിക്കുന്നതിന് കൃഷിക്കാർ എന്തെല്ലാം നടപടിക്രമങ്ങൾ പാലിക്കണമെന്നു വിശദമാക്കുമോ?

ഉത്തരം

(എ) 2014-15 വർഷം നാളികേരവികസനത്തിനായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൂടാതെ സി.ഡി.ബി.യുടെ നാളികേര വികസന പദ്ധതി പ്രകാരം ഇടുക്കി ജില്ലയിൽ ഒന്നാംവർഷ പരിചരണം നടപ്പിലാക്കുന്ന 1000 ഹെക്ടറിൽ രോഗബാധയുള്ള തെങ്ങുകൾ മുറിച്ചുമാറ്റുന്നതിന് സഹായം നൽകിവരുന്നു.

(ബി) സംസ്ഥാനത്തെ 26 പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന കേരഗ്രാമം പദ്ധതിക്ക് ആകെ 4219 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത പദ്ധതി പ്രകാരം ഒരു ഹെക്ടറിൽ നിന്ന് പരമാവധി 10 തെങ്ങുകൾ മുറിച്ച് മാറ്റുന്നതിന് തെങ്ങൊന്നിന് 500 രൂപ നിരക്കിൽ ധനസഹായം ലഭ്യമാണ്. ഇതിനായി പ്രത്യേകം തുക പദ്ധതിയിൽ വകയിരുത്തിയിട്ടില്ല. എങ്കിലും പഞ്ചായത്തുകൾക്ക് പദ്ധതിഘടകം ആവശ്യാനുസരണം നിശ്ചയിക്കാവുന്നതാണ്. ഇടുക്കി പാക്കേജ് പദ്ധതി പ്രകാരം കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ് വിഹിതമായി തെങ്ങൊന്നിന് 250 രൂപ നിരക്കിൽ 2500 രൂപ ഹെക്ടറൊന്നിന് ലഭിക്കുന്നതാണ്. മേൽ പദ്ധതികളിൽ ഇതിനായുള്ള തുക ഇതുവരെ ചെലവായിട്ടില്ല.

(സി) ബന്ധപ്പെട്ട കൃഷിഭവനിൽ അപേക്ഷ നൽകി, മുറിച്ച് മാറ്റിയ തെങ്ങുകളുടെ പരിശോധന പൂർത്തിയാക്കി കൃഷിഭവനിൽ നിന്നുള്ള ക്ലെയിം അംഗീകരിക്കുന്ന മുറയ്ക്ക് കർഷകർക്ക് ധനസഹായം അവരുടെ ബാങ്ക് അക്കൗണ്ടിൽ ഇ-പേയ്മെന്റ് ആയി ലഭിക്കുന്നതാണ്.

**കൊയ്ത്തുമെതി യന്ത്രങ്ങൾ**

211 (3498) ശ്രീ. ജി. സുധാകരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി എത്ര കൊയ്ത്തുമെതി യന്ത്രങ്ങൾ വാങ്ങി ; ഇതിനായി എന്തു തുക ചെലവായി വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ എത്ര യന്ത്രങ്ങൾ പ്രവർത്തനക്ഷമമാണ് ;

(സി) പ്രസ്തുത യന്ത്രങ്ങൾ സൂക്ഷിക്കുന്നതും കർഷകർക്ക് വിതരണം ചെയ്യുന്നതും എങ്ങനെയാണ് ; ഇതിന്റെ മാനദണ്ഡം എന്താണ് ;

(ഡി) കർഷകരുടെ ആവശ്യത്തിന് കൊയ്ത്തുമെതി യന്ത്രങ്ങൾ ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതു പരിഹരിക്കാൻ എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(ഇ) പാടശേഖരങ്ങളുടെ പ്രത്യേകതയ്ക്ക് അനുസൃതമായ കൊയ്ത്തുമെതി യന്ത്രങ്ങൾ വാങ്ങാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 150 കൊയ്ത്തുമെതി യന്ത്രങ്ങൾ വാങ്ങി. ഇതിനായി 30,55,90,000 രൂപ ചെലവഴിച്ചു.

(ബി) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ കൈവശമുള്ള 132 യന്ത്രങ്ങൾ പ്രവർത്തനക്ഷമമാണ്.

(സി) യന്ത്രങ്ങൾ വാടകയ്ക്ക് ലഭിക്കുന്നതിനുവേണ്ടി പാടശേഖര സമിതി പ്രസിഡന്റ്/സെക്രട്ടറി കെയ്കോയിൽ നിന്നും ലഭിക്കുന്ന നിർദ്ദിഷ്ട അപേക്ഷാ ഫോറത്തിൽ അപേക്ഷ ബന്ധപ്പെട്ട കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തി കെയ്കോയുടെ അതാത് ജില്ലാ ഓഫീസുകളിൽ സമർപ്പിക്കുന്നു. ഇങ്ങനെ ലഭിക്കുന്ന അപേക്ഷകളുടെ മുൻഗണനാക്രമത്തിലാണ് യന്ത്രങ്ങൾ കെയ്കോ പാടശേഖര സമിതി പ്രസിഡൻറ്/സെക്രട്ടറിയ്ക്ക് വാടകയ്ക്ക് നൽകുന്നത്.

(ഡി) ഓരോ കൊയ്ത്തുസീസണുകളിലും കെയ്കോയുടെ കൈവശമുള്ള 90% ലധികം യന്ത്രങ്ങളും പ്രവർത്തനക്ഷമമാക്കി പാടശേഖരങ്ങളിൽ വിന്യസിക്കാറുണ്ട്.

(ഇ) യന്ത്രങ്ങൾ വാങ്ങിക്കുന്നതിനുമുമ്പായി ഇതിനുവേണ്ടി രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റി ടെക്നിക്കലി ക്വാളിഫൈ ചെയ്ത യന്ത്രങ്ങളുടെ കുട്ടനാട്ടിലെ പ്രവർത്തനക്ഷമത വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ കുട്ടനാട്ടിലെ പാടശേഖരങ്ങൾക്ക് അനുയോജ്യമായ യന്ത്രങ്ങളാണ് വാങ്ങിയിട്ടുള്ളത്.

**കർഷകർക്ക് വളത്തിന് സബ്സിഡി**

212 (3499) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകർക്ക് വളത്തിനു സബ്സിഡി നൽകുന്ന പദ്ധതി നിലവിലുണ്ടോ ; ഉണ്ടെങ്കിൽ എപ്രകാരമാണ് സബ്സിഡി കർഷകർക്ക് ലഭ്യമാകുന്നത് ; ഏതെല്ലാം കർഷകർക്കാണ് സബ്സിഡി നൽകുന്നത് ; എന്തെല്ലാമാണ് നിലവിലുള്ള വ്യവസ്ഥകൾ ;

(ബി) കഴിഞ്ഞ മൂന്ന് വർഷം എത്ര രൂപയാണ് സബ്സിഡി ഇനത്തിൽ സർക്കാർ കർഷകർക്കു നൽകിയത് ; ജില്ല തിരിച്ചുള്ള കൃഷിക്കാരുടെ എണ്ണവും തുകയും വ്യക്തമാക്കുമോ ;

(സി) കേന്ദ്ര സർക്കാരിന്റെ വളത്തിന് സബ്സിഡി നൽകുന്ന ഏതെല്ലാം പദ്ധതികൾ സംസ്ഥാനത്തുണ്ട് ; കഴിഞ്ഞ മൂന്നുവർഷം എത്ര കർഷകർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചു എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കർഷകർക്ക് വളത്തിന് സബ്സിഡി നൽകുന്ന പദ്ധതി നിലവിലില്ല. എന്നാൽ കാർഷിക വിളകളുടെ ഉല്പാദന വർദ്ധനവിന് ലക്ഷ്യമിട്ടുകൊണ്ട് കർഷകന് ഉല്പാദനോപാധികൾക്ക് സബ്സിഡി നൽകുമ്പോൾ അതിൽ വളപ്രയോഗത്തിനും സഹായം നൽകാറുണ്ട്.

(ബി) കർഷകർ ഉപയോഗിക്കുന്ന രാസവളത്തിന് കേന്ദ്ര ഗവൺമെന്റ് കമ്പനികൾക്ക് നേരിട്ട് സബ്സിഡി നല്കി വിലകുറച്ചാണ് കർഷകർക്ക് ലഭ്യമാക്കുന്നത്. കർഷകർ നേരിട്ട് വളം ഡിപ്പോകളിൽ നിന്നും രാസവളം, ജൈവവളം എന്നിവ വാങ്ങി ഉപയോഗിക്കുന്നതുകൊണ്ട് കർഷകരുടെ എണ്ണവും തുകയും നിശ്ചയിക്കുവാൻ അനുബന്ധ കണക്കുകൾ ലഭ്യമല്ല.

(സി) കേന്ദ്രസർക്കാരിന്റെ വളത്തിന് സബ്സിഡി നൽകുന്ന പദ്ധതികൾ നിലവിലില്ല.

**കേരഗ്രാമംപദ്ധതി**

213 (3500) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിവകുപ്പ് 2014-15-ൽ കോഴിക്കോട് ജില്ലയിൽ കേര ഗ്രാമപദ്ധതി

നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്താമോ ;

(ബി) നാളികേര ബോർഡിന്റെ ക്ലസ്റ്റർ പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രദേശത്തെ കേരഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട എന്ന് കൃഷി വകുപ്പ് സർക്കുലർ ഇറക്കിയിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ ;

(സി) ഉണ്ടെങ്കിൽ ക്ലസ്റ്റർ നടപ്പിലാക്കിയ പ്രദേശങ്ങൾ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്താൻ പാടില്ല എന്ന നിബന്ധനയുടെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ ;

(ഡി) ഒരു പ്രദേശത്ത് നാളികേര ബോർഡിന്റെ ക്ലസ്റ്റർ ഉണ്ടെങ്കിലും അതിൽ ചേരാത്ത കേരകർഷകരെ കേരഗ്രാമം പദ്ധതിയിൽ ചേർക്കുന്നതിന് എന്താണ് തടസ്സമെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2014-15 വർഷത്തെ സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി തെരഞ്ഞെടുത്ത 2 പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി ജില്ലയിൽ നടപ്പിലാക്കുന്നതാണ്.

(ബി) ഇത്തരത്തിൽ ഒരു സർക്കുലർ ഇറക്കിയിട്ടില്ല.

(സി) ബാധകമല്ല.

(ഡി) തടസ്സമില്ല. കേരഗ്രാമം പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു:

1. നിയോജകമണ്ഡലത്തിലെ തെങ്ങു കൃഷി കൂടുതലുള്ള പഞ്ചായത്ത്.
2. തെങ്ങിന്റെ ഉല്പാദനവും, ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള വിള അഭിവൃദ്ധി പദ്ധതികൾ, മൂല്യവർദ്ധന വിപണന സൗകര്യങ്ങൾ ഏറ്റെടുക്കുന്ന പഞ്ചായത്തുകൾ
3. തെങ്ങുകൃഷിക്കായി തനതു പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ള പഞ്ചായത്തുകൾ
4. രോഗ-കീടബാധ വളരെ കൂടുതൽ ഉള്ളതും ഉല്പാദനക്ഷമത കുറഞ്ഞ പ്രായാധിക്യമുള്ള തെങ്ങുകൾ കൂടുതലുള്ള പ്രദേശങ്ങൾക്കും മുൻഗണന നൽകുന്നതാണ്.

5. കേര ക്ലസ്റ്ററുകൾ സാദ്ധ്യമായ പഞ്ചായത്തുകൾ

6. മൂല്യവർദ്ധിത ഉല്പന്നങ്ങൾക്കായി കണ്ടെത്തുന്ന പ്രോജക്ടുകൾ അടിസ്ഥാനമാക്കിയും പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതാണ്.

7. ഒരു പഞ്ചായത്തിൽ തന്നെ ചേർന്നു കിടക്കുന്ന 500 ഹെക്ടർ പ്രദേശത്ത് നടപ്പാക്കുന്ന കേര ഗ്രാമം പദ്ധതിയിൽ സ്ഥലത്തെ സാദ്ധ്യമായ എല്ലാ ചെറുകിട നാമമാത്ര കർഷകരെയും കൈവശ ഭൂമിയുടെ വിസ്തൃതി പരിധി കണക്കിലെടുക്കാതെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നതാണ്. ഒരേ പ്രവർത്തനത്തിന് വിവിധ പദ്ധതിയിലൂടെ ആനുകൂല്യം ഒരു ഗുണഭോക്താവിന് നൽകുന്നത് ഒഴിവാക്കുന്നതാണ്.

## പച്ചക്കറികളിലെ വിഷാംശം പരിശോധിച്ച് തിട്ടപ്പെടുത്തുന്നതിനുള്ള ജില്ലാതല സംവിധാനങ്ങൾ

214 (3501) ശ്രീ. കെ. രാജു : താഴെകാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൃഷി വകുപ്പിന്റെ കീഴിൽ ജില്ലാ അടിസ്ഥാനത്തിൽ പച്ചക്കറികളിലെ വിഷാംശം പരിശോധിച്ച് കണ്ടെത്തി നടപടികൾക്ക് ശിപാർശ ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ടോ ; ഇല്ലെങ്കിൽ ഇത്തരം സംവിധാനം നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

### ഉത്തരം

കൃഷിവകുപ്പിന്റെ കീഴിൽ ജില്ലാ അടിസ്ഥാനത്തിൽ പച്ചക്കറികളിലെ വിഷാംശം പരിശോധിച്ച് കണ്ടെത്തുവാനുള്ള സംവിധാനങ്ങൾ നിലവിലില്ല. എന്നാൽ കൃഷി വകുപ്പും കേരള കാർഷിക സർവ്വകലാശാലയും ചേർന്ന് സേഫ്റ്റ ഈറ്റ് എന്ന പദ്ധതി ഇപ്പോൾ നടപ്പിലാക്കുന്നുണ്ട്. തിരുവനന്തപുരത്തെ പച്ചക്കറികടകൾ, സൂപ്പർ/ഹൈപ്പർ മാർക്കറ്റുകൾ, കാസർഗോഡ് പച്ചക്കറിച്ചന്തകൾ എന്നിവിടങ്ങളിൽ നിന്നായി 50 മുതൽ 60 ഇനം പച്ചക്കറികളുടെ 200 ഓളം സാമ്പിളുകൾ വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലബോറട്ടറിയിൽ എത്തിച്ചാണ് പരിശോധന നടത്തുന്നത്. വിവിധ പച്ചക്കറികളിൽ കണ്ടെത്തുന്ന കീടനാശിനികളുടെ വിഷാംശം സംബന്ധിച്ചുള്ള വിശദകണക്കുകൾ കേരള സർക്കാർ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in

പ്രസിദ്ധീകരിക്കുന്നു. പത്രമാധ്യമങ്ങളിലൂടെ പൊതുജനങ്ങളെ ബോധവത്കരിക്കുന്നു.

## തരിശുനിലങ്ങളുടെ വ്യാപ്തി

215 (3502) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ തരിശുനിലങ്ങളുടെ വ്യാപ്തി എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ ;

(ബി) തരിശു നിലങ്ങൾ കൃഷിയോഗ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ ;

(സി) കൃഷി ഭവനുകളുടെ മേൽനോട്ടത്തിൽ തരിശുനിലങ്ങൾ കൃഷി യോഗ്യമാക്കുന്നതിനും ഇത് പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) കേരളത്തിലെ തരിശു നിലങ്ങളുടെ വ്യാപ്തി ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| ജില്ല | ഹെക്ടർ |
|---|---|
| തിരുവനന്തപുരം | 379.32 |
| കൊല്ലം | 5000.00 |
| പത്തനംതിട്ട | 2460.36 |
| ആലപ്പുഴ | 3652.57 |
| കോട്ടയം | 2315.00 |
| ഇടുക്കി | 1000.00 |
| എറണാകുളം | 7600.00 |
| തൃശ്ശൂർ | 2432.00 |
| പാലക്കാട് | 1825.122 |
| മലപ്പുറം | 1969.9 |

| | |
|---|---|
| കോഴിക്കോട് | 3907.00 |
| വയനാട് | 833.00 |
| കണ്ണൂർ | 1103.5 |
| കാസർഗോഡ് | 2209.00 |
| ആകെ | 366686.772 |

(ബി) 2011-12 വർഷം 14 ജില്ലകളിലുമായി ആകെ 3407 ഹെക്ടർ സ്ഥലത്ത് തരിശുനില നെൽകൃഷി നടപ്പിലാക്കുകയുണ്ടായി. അതിലേയ്ക്കായി 246.37 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. 2012-13 വർഷം തരിശുനിലകൃഷി 1373.4 ഹെക്ടറിൽ 321.27 ലക്ഷം രൂപയ്ക്ക് നടപ്പിലാക്കി. 2013-14 വർഷം തരിശുനില കൃഷി 1903.958 ഹെക്ടർ സ്ഥലത്ത് 566.33 ലക്ഷം രൂപ ചെലവഴിച്ച് നടപ്പിലാക്കുകയുണ്ടായി.

(സി) നടപടി സ്വീകരിക്കുന്നതാണ്. 2014-15-ൽ സംസ്ഥാനത്തെ 1550 ഹെക്ടർ തരിശുഭൂമിയിൽ ഹെക്ടറിന് 11,500 രൂപ സബ്സിഡി നിരക്കിൽ ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 178.25 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിനുപുറമേ പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് (കുട്ടനാട് പാക്കേജ് പദ്ധതി) അനുസരിച്ച് 166.67 ഹെക്ടർ സ്ഥലത്ത് 50 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു.

**എൻഡോസൾഫാന്റെ അമിതമായ തോതിലെ ഉപയോഗം**

216 (3503) <u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ എൻഡോസൾഫാൻ അമിതമായ തോതിൽ ഉപയോഗിക്കുന്നുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എൻഡോസൾഫാന്റെ ഉപയോഗം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 6-11-2014-ന് കൃഷി വകുപ്പിലേയും മലിനീകരണ നിയന്ത്രണ ബോർഡിലേയും ഉദ്യോഗസ്ഥരുടെ യോഗം പാലക്കാട് ജില്ലാ കളക്ടറുടെ ചേമ്പറിൽ വച്ച് നടത്തുകയുണ്ടായി. അട്ടപ്പാടി, ചിറ്റൂർ താലൂക്ക് മേഖലകളിൽപ്പെടുന്ന

പഞ്ചായത്തുകളിൽ എൻഡോസൾഫാൻ പോലുള്ള മാരക കീടനാശിനികൾ ഉപയോഗിക്കുന്നുണ്ടെന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ ഇതിന്റെ നിജസ്ഥിതി പരിശോധിക്കുന്നതിനും ഇവയുടെ ഉപയോഗം തടയുന്നതിനുമായി അടിയന്തര നടപടികൾ കൃഷി വകുപ്പിന്റെ ചുമതലയിൽ സ്വീകരിക്കുവാൻ ജില്ലാ കളക്ടർ നിർദ്ദേശിച്ചു. അതനുസരിച്ച് കൃഷി ഡെപ്യൂട്ടി ഡയറക്ടർ, കൃഷി അസി. ഡയറക്ടർ, കൃഷി ഓഫീസർ എന്നിവരടങ്ങിയ സ്ക്വാഡ് അഗളി, മുതലമട, കൊല്ലങ്കോട് പ്രദേശങ്ങളിൽ പരിശോധന നടത്തുകയും ചെയ്തു. പരിശോധനയിൽ എൻഡോസൾഫാൻ ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടില്ല.' Imidachlorprid, Lamdacyhalothrin, wettable sulphur' എന്നിവ മാവിന് സ്പ്രേ ചെയ്യുന്നതായി കണ്ടെത്തി. ഇവയുടെ ഉപയോഗം നിയന്ത്രിക്കുന്നതിനും അനുവദിക്കപ്പെട്ട ഡോസിൽ സ്പ്രേ ചെയ്യുന്നതിനുള്ള ബോധവൽക്കരണം നടത്തിയിട്ടുണ്ട്. മാവ് പൂക്കുന്ന സമയത്തുള്ള കീടാക്രമണം ചെറുക്കുന്നതിനാവശ്യമായ ജൈവ കീടനാശിനികൾ സംബന്ധിച്ച ശിപാർശകൾ കാർഷിക സർവ്വകലാശാലയോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

**നാളികേര ബോർഡിന്റെ യോഗങ്ങൾ**

217 (3504) ശ്രീ. സി. മോയിൻ കുട്ടി :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ :

ശ്രീ. പി. കെ. ബഷീർ :

ശ്രീ. എൻ. ഷംസുദ്ദീൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാളികേരബോർഡിന്റെ യോഗത്തിൽ കേരളത്തിന്റെ പ്രതിനിധി തുടർച്ചയായി പങ്കെടുക്കാതിരുന്നതുമൂലം സംസ്ഥാനത്തിന് അഞ്ഞൂറുകോടിയോളം രൂപയുടെ സഹായം ലഭിക്കാതായി എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) നാളികേര ബോർഡ്, തെങ്ങുകൃഷിയുള്ള സംസ്ഥാനങ്ങൾക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകാറുള്ളതെന്നും 2005 മുതൽ 2010 വരെയുള്ള കാലഘട്ടത്തിൽ സംസ്ഥാനത്തിന് ബോർഡിൽ നിന്നും ലഭിച്ച സഹായത്തിന്റെ കണക്ക് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാന പ്രതിനിധി പങ്കെടുക്കാതിരുന്നതിന്റെ കാരണം അന്വേഷിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നാളികേര ബോർഡ്, തെങ്ങുകൃഷിയുള്ള സംസ്ഥാനങ്ങൾക്ക് നൽകുന്ന

സഹായങ്ങൾ അനുബന്ധം 1-ൽ കാണാവുന്നതാണ്.*

2005 മുതൽ 2010 വരെയുള്ള കാലഘട്ടത്തിൽ സംസ്ഥാനത്തിന് ബോർഡിൽ നിന്നും ലഭിച്ച സഹായത്തിന്റെ കണക്ക് അനുബന്ധം 2 -ൽ കാണാവുന്നതാണ്.*

(സി) ഇല്ല.

**ജൈവപച്ചക്കറി കൃഷി വ്യാവസായികാടിസ്ഥാനത്തിൽ**

218 (3505) <u>ശ്രീ. കെ. കെ. നാരായണൻ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജൈവപച്ചക്കറിക്കൃഷി വ്യാവസായികാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) കൃഷി വകുപ്പ് നടപ്പിലാക്കുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം ക്ലസ്റ്റർ അടിസ്ഥാനത്തിൽ വ്യാവസായികമായി പച്ചക്കറി കൃഷി ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജൈവ കൃഷിക്ക് പ്രാമുഖ്യം നൽകിക്കൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്ത് ജൈവ പച്ചക്കറി കൃഷി 1250 ഹെക്ടറിൽ വ്യാപിപ്പിക്കുന്നതിനായി 187.5 ലക്ഷം രൂപയുടെ പദ്ധതികൾ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമൊഷൻ കൗൺസിൽ 2014-15 സാമ്പത്തിക വർഷം നടപ്പിലാക്കുന്നുണ്ട്.

(ബി) കൃഷി വകുപ്പ് 2014-15-ൽ നടപ്പിലാക്കുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതി ഘടകത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. വ്യവസായ അടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന 5 ഹെക്ടർ വിസ്തീർണ്ണം വരുന്ന കൃഷിയിടത്തിനെയാണ് ക്ലസ്റ്റർ എന്നുപറയുന്നത്. ഇത്തരത്തിലുള്ള കാര്യക്ഷമമായി പ്രവർത്തിക്കുന്ന 800 ക്ലസ്റ്ററുകൾക്ക് 75,000 രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു. ഇതിനായി 600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2. സ്റ്റാഗേർഡ് ക്ലസ്റ്ററുകൾക്ക് (തുടർച്ചയില്ലാതെ കിടക്കുന്ന) വിസ്തീർണ്ണം അനുസരിച്ച് ഹെക്ടറിന് 15,000 രൂപ നിരക്കിൽ ധനസഹായം നൽകുന്നു. 2900 ഹെക്ടർ കൃഷിക്കായി ആകെ 435 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

3. ക്ലസ്റ്ററുകളിൽ ജലസേചനത്തിന് പമ്പ്സെറ്റ് സ്ഥാപിക്കുന്നതിന്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

10,000 രൂപ സഹായമായി നൽകുന്നു. 1720 പമ്പ് സെറ്റുകൾ വാങ്ങുന്നതിന് 172 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

4. ക്ലസ്റ്ററുകളിൽ സസ്യസംരക്ഷണ ഉപകരണങ്ങൾ വാങ്ങുന്നതിന് 1500 രൂപ നിരക്കിൽ ധനസഹായം നൽകുന്നു. 1000 എണ്ണം വാങ്ങുന്നതിന് 15 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

5. ക്ലസ്റ്ററുകളിൽ പ്രവർത്തനച്ചിലവിനായി 2000 രൂപ ഹരിത ഫണ്ട് നൽകുന്നു. 800 ക്ലസ്റ്ററുകൾക്കായി 16 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

6. ക്ലസ്റ്ററുകളിലെ നൂതനവും ജൈവവുമായ പ്രവർത്തനങ്ങൾക്കായി ഇന്നവേഷൻ ഫണ്ട് എന്ന പേരിൽ ഓരോ ജില്ലയ്ക്കും 3 ലക്ഷം രൂപ നൽകിവരുന്നു. ഇതിനായി 42 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

7. തരിശായി കിടക്കുന്ന പ്രദേശങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 30,000 രൂപ നിരക്കിൽ സഹായധനം നൽകുന്നു. 500 ഹെക്ടർ തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിന് 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

8. പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ "എ" ഗ്രേഡ് ആയി തെരഞ്ഞെടുക്കപ്പെട്ട 100 ക്ലസ്റ്ററുകൾക്ക് വികസന സഹായമായി 6.3 ലക്ഷം രൂപ വീതം നൽകുന്നു. ഇതിനായി 630 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

9. 2013-14 വർഷത്തിൽ തെരഞ്ഞെടുക്കപ്പെട്ട 95 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്ക് രണ്ടാം വർഷത്തെ വികസന സഹായമായി 2 ലക്ഷം രൂപ വീതം നൽകുന്നു. ഇതിനായി 190 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

10 ഇതുകൂടാതെ ഗ്രേഡ് ചെയ്യപ്പെടാത്ത പ്രവർത്തനമികവുള്ള 600 ക്ലസ്റ്ററുകൾക്ക് 1.5 ലക്ഷം രൂപ വീതം സഹായമായി നൽകുന്നു. ഇതിനായി 900 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ജൈവ പച്ചക്കറി കൃഷിയെപ്പറ്റിയുള്ള ലഘുലേഖകൾ, കൈപുസ്തകങ്ങൾ എന്നിവയും പരിശീലന പരിപാടികളും പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്. 2014-15-ലെ ഈ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

**മണ്ണ് സംരക്ഷണ പ്രവർത്തനം**

219 (3506) ശ്രീമതി കെ. കെ. ലതിക : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണ് സംരക്ഷണ പ്രവൃത്തിയിൽ ഉൾപ്പെടുത്തി പരിഷ്കരണ പ്രവൃത്തികൾ നടത്തുന്നതിന് കുറ്റ്യാടി മണ്ഡലത്തിലെ എത്ര പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം പ്രദേശങ്ങളിൽ നടപ്പാക്കുന്നതിനുള്ള പദ്ധതികളാണ് സമർപ്പിച്ചിട്ടുള്ളതെന്നും ഓരോ പദ്ധതിയുടെയും എസ്റ്റിമേറ്റ് തുക എത്രയെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) നബാർഡിന്റെ സാമ്പത്തിക സഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കുറ്റ്യാടി മണ്ഡലത്തിൽ നിന്നും രണ്ട് നീർത്തട വികസന പദ്ധതികൾ ആണ് നബാർഡിന്റെ അടിസ്ഥാന സൗകര്യ വികസന നിധിയിൽ ഉൾപ്പെടുത്താൻ കോഴിക്കോട് ജില്ലാ മണ്ണ് സംരക്ഷണ ആഫീസർ സമർപ്പിച്ചിട്ടുള്ളത്.

(ബി) കുറ്റ്യാടി ഗ്രാമ പഞ്ചായത്തിലെ 732 ഹെക്ടർ പ്രദേശത്തിന്റെ സംരക്ഷണത്തിനായി 149.5 ലക്ഷം രൂപയുടെ വടയം നീർത്തട പദ്ധതിയും, കുന്നുമ്മേൽ ഗ്രാമപഞ്ചായത്തിലെ 545 ഹെക്ടർ പ്രദേശത്തിന്റെ വികസനത്തിനായി 182 ലക്ഷം രൂപയുടെ കുന്നുമ്മേൽ നീർത്തട പദ്ധതിയുമാണ് സമർപ്പിച്ചിട്ടുള്ളത്.

(സി) കുറ്റ്യാടി മണ്ഡലത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി മണ്ണ് സംരക്ഷണ വകുപ്പുകളിൽ ലഭ്യമാക്കിയിട്ടുള്ള വടയം, കുന്നുമ്മേൽ എന്നീ പ്രൊപ്പോസലുകൾക്ക് മണ്ണ് സംരക്ഷണ വകുപ്പ് പരിശോധിച്ചുവരുന്നു.

**തൃശ്ശൂർ-പൊന്നാനി സമഗ്ര കോൾ വികസന പദ്ധതിയുടെ നിയമാവലി**

220 (3507) ശ്രീമതി ഗീതാ ഗോപി : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ-പൊന്നാനി സമഗ്ര കോൾ വികസന പദ്ധതിയുടെ നിയമാവലി അനുസരിച്ച് പദ്ധതിയുടെ ചെയർമാൻ പദവി വഹിക്കേണ്ടത് ആരാണ് എന്ന്

അറിയിക്കുമോ ; നിയമാവലിയുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) നിലവിൽ പദ്ധതിയുടെ ചെയർമാനായി സർക്കാർ നിയോഗിച്ചിരിക്കുന്നത് ആരെയാണെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത നിയമനം നിയമാവലിയിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണോ നടത്തിയിരുന്നത് എന്ന് വിശദമാക്കുമോ ; നിയമന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) ചെയർമാൻ പദവിയിൽ നിന്ന് തൃശ്ശൂർ ലോകസഭാംഗത്തെ ഒഴിവാക്കിയതിന് കാരണം വിശദീകരിക്കുമോ ;

(ഇ) പദ്ധതിയുടെ നിയമാവലി അനുശാസിക്കുംവിധം തൃശ്ശൂർ എം.പി.യെ ചെയർമാനാക്കി നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ-ഇ) തൃശ്ശൂർ-പൊന്നാനി കോൾ മേഖലയുടെ സമഗ്ര വികസനത്തിനായുള്ള സമഗ്ര കോൾനില വികസന പദ്ധതിയുമായി ബന്ധപ്പെട്ട് കോൾനില വികസന സമിതിയും, കോൾ വികസന കൗൺസിലും രൂപീകരിച്ചിരുന്നു. അതിന് പ്രത്യേകം നിയമാവലി സർക്കാർ പുറപ്പെടുവിച്ചിട്ടില്ല. പ്രസ്തുത കോൾ വികസന സമിതിയുടെ ചെയർമാനായാണ് ശ്രീ. ഇ. റ്റി. മുഹമ്മദ് ബഷീർ എം.പി.യെ നിയമിച്ചിട്ടുള്ളത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* തൃശ്ശൂർ ലോകസഭാംഗത്തെ ഒഴിവാക്കിയതല്ല. "തൃശ്ശൂർ-പൊന്നാനി കോൾനില വികസന കൗൺസിൽ" എന്ന പേരിൽ രൂപീകരിച്ച സൊസൈറ്റിയുടെ ബൈലായ്ക്ക് അംഗീകാരം നൽകണമെന്ന ജില്ലാ കളക്ടറുടെ അപേക്ഷ സർക്കാർ പരിശോധിച്ചുവരികയാണ്.

**മൈക്രോലെവൽ സോയിൽ ഇൻഫർമേഷൻ സിസ്റ്റം**

221 (3508) <u>ശ്രീ. റ്റി. എൻ. പ്രതാപൻ</u> :
<u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. ബെന്നി ബെഹനാൻ</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) മൈക്രോലെവൽ സോയിൽ ഇൻഫർമേഷൻ സിസ്റ്റം സ്ഥാപിക്കാൻ പദ്ധതിയുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) കർഷകർക്ക് ആധുനിക സാങ്കേതിക വിദ്യയിലൂടെ ഭൂവിവരം ലഭ്യമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കേരളത്തിലെ മണ്ണിനങ്ങൾ വളരെ വൈവിധ്യമുള്ളവയാണ്. അന്താരാഷ്ട്ര തലത്തിൽ ലോകത്തിലെ മണ്ണിനങ്ങളെ ആകെ 12 സോയിൽ ഓർഡർ ആയി ക്ലാസിഫൈ ചെയ്തിട്ടുള്ളതിൽ 8 സോയിൽ ഓർഡറുകളും നമ്മുടെ സംസ്ഥാനത്ത് കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ വൈവിധ്യമാർന്ന ഓരോ മണ്ണിനങ്ങൾക്കും യോജിച്ച രീതിയിലുള്ള പരിപാലനമുറകൾ ശാസ്ത്രീയമായി നടപ്പിലാക്കിയാൽ മാത്രമേ മണ്ണിൽ നിന്നും കർഷകന് നല്ല വിളവ് ലഭിക്കുകയുള്ളൂ. പഞ്ചായത്തുകളിൽ വിശദ മണ്ണ് പരിവേഷണത്തിലൂടെ (Detailed soil survey) കഡസ്ട്രൽ തലത്തിൽ സമാഹരിച്ച മണ്ണിനെ സംബന്ധിക്കുന്ന വിവരങ്ങൾ കർഷകർക്കും, ശാസ്ത്രജ്ഞർക്കും, ആസൂത്രകർക്കും മറ്റ് ഉപയോക്താക്കൾക്കും ഉപയോഗപ്രദമാക്കാവുന്ന രീതിയിൽ അനായാസേന ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. കർഷകർക്ക് തങ്ങളുടെ പുരയിടത്തിലെ മണ്ണറിഞ്ഞ് പരിപാലന മുറകൾ ആസൂത്രണം ചെയ്യുന്നതിനായുള്ള എല്ലാ വിവരങ്ങളും ഈ പദ്ധതി വഴി ലഭ്യമാക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു.

(സി) ആധുനിക സാങ്കേതിക വിദ്യകളായ ജി.ഐ.എസ്., ജി.പി.എസ്. റിമോട്ട് സെൻസിംഗ്, ഫീൽഡ്തല പരിശോധന തുടങ്ങിയവ സംയോജിപ്പിച്ച് കൊണ്ടാണ് ഈ മൈക്രോലെവൽ സോയിൽ ഇൻഫർമേഷൻ സിസ്റ്റം സ്ഥാപിക്കുന്നത്. ഓരോ പഞ്ചായത്തിലെയും വിശദമായ മണ്ണ് പരിവേഷണം വഴി ശേഖരിച്ച മണ്ണിന്റെ സ്വഭാവങ്ങളായ രചന, ആഴം മണ്ണൊലിപ്പിന്റെ തീവ്രത, രാസ

ഭൗതിക സ്വഭാവങ്ങൾ മുതലായ വിവരങ്ങൾ ക്രോഡീകരിച്ച് അതാത്സ പഞ്ചായത്തുകളിലെ ഓരോ മണ്ണിന്റെയും ഭൂവിനിയോഗ ക്ഷമത, ജലസേചനക്ഷമത, ഫലഭൂയിഷ്ഠത, വിളഅനുയോജ്യത ഭൂപരിപാലന ആവശ്യകത, മണ്ണിലെ അവശ്യ മൂലകങ്ങളുടെയും സൂക്ഷ്മ മൂലകങ്ങളുടെയും അളവ്, വളപ്രയോഗ ശിപാർശ, പഞ്ചായത്തുകളുടെ നെൽപ്പാടങ്ങളുടെ വിസ്തൃതി, നിലംനികത്തൽ തുടങ്ങിയ വിവരങ്ങളും ഉൾപ്പെടുത്തി കൊണ്ടുള്ള റിപ്പോർട്ടുകളും ഭൂപടങ്ങളും ഈ പദ്ധതി മുഖേന ഉപയോക്താക്കൾക്ക് ലഭ്യമാക്കുന്നു.

(ഡി) കർഷകർക്ക് തങ്ങളുടെ ഭൂമിയിലെ മണ്ണിനെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും സർവ്വെ നമ്പർ അടിസ്ഥാനത്തിൽ നിഷ്പ്രയാസം ലഭ്യമാക്കുന്നതിനായി മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പ് പഞ്ചായത്തുതല വിശദ മണ്ണുപര്യവേഷണം 2012-13-ൽ ആരംഭിക്കുകയും സംസ്ഥാനത്തെ ഓരോ ജില്ലയിലെയും എല്ലാ പഞ്ചായത്തുകളിലും മൈക്രോലെവൽ സോയിൽ ഇൻഫർമേഷൻ സിസ്റ്റം സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ വയനാട്, തൃശ്ശൂർ ജില്ലകളിൽ പഞ്ചായത്തുതലത്തിൽ കഡസ്ട്രൽ മാപ്പുകൾ ഉപയോഗിച്ച് ഫീൽഡ് തലത്തിലുള്ള വിശദ മണ്ണുപര്യവേക്ഷണം പൂർത്തീകരിക്കുകയും, മണ്ണ സാമ്പിളുകളുടെ ശാസ്ത്രീയമായ രാസഭൗതിക പരിശോധനകൾ സോയിൽ സർവ്വേ വകുപ്പിന്റെ സോയിൽ അനലിറ്റിക്കൽ ലബോറട്ടറികളിൽ പൂർത്തീകരിക്കുകയും ചെയ്തു. ഫീൽഡ്തല വിവരങ്ങളും ലബോറട്ടറി പരിശോധനാ ഫലങ്ങളും സമന്വയിപ്പിച്ചും അപഗ്രഥിച്ചും കാർട്ടോഗ്രാഫി ലബോറട്ടറിയിലെയും ജിയോമാറ്റിക്സ് ലാബിലേയും ആധുനിക സൗകര്യങ്ങൾ (ജി.ഐ.എസ്., ജി.പി.എസ്. റിമോട്ട് സെൻസിംഗ് മുതലായവ) ഉപയോഗിച്ച് ഓരോ പഞ്ചായത്തിന്റെയും സോയിൽ മാപ്പുകൾ, ലാന്റ് ഇറിഗബിലിറ്റി മാപ്പുകൾ, പ്രധാന മൂലകങ്ങളുടെയും സൂക്ഷമ മൂലകങ്ങളുടെയും അളവ് കാണിക്കുന്ന മാപ്പുകൾ നെൽവയലിന്റെ വിസ്തൃതി, നെൽവയൽ നികത്തിയത് എന്നിവ കാണിക്കുന്ന മാപ്പുകൾ എന്നിവ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലുമാണ്. തൃശ്ശൂർ ജില്ലയിൽ 88 പഞ്ചായത്തുകളുടെയും വയനാട് ജില്ലയിൽ 25 പഞ്ചായത്തുകളുടെയും ഒരു മുനിസിപ്പാലിറ്റിയുടെയും വിശദ മണ്ണ് പര്യവേക്ഷണം പൂർത്തീകരിക്കുകയും, മൈക്രോലെവൽ സോയിൽ ഇൻഫർമേഷൻ സിസ്റ്റത്തിന്റെ രണ്ടാം ഘട്ടമായി ഇടുക്കി, മലപ്പുറം ജില്ലകളുടെ വിശദ മണ്ണ പര്യവേക്ഷണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ**

222 (3509) <u>ശ്രീ. വി. റ്റി. ബൽറാം</u> :

ശ്രീ. ജോസഫ് വാഴക്കൻ :

ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത് വിശദമാക്കുമോ ;

(ബി) എത്ര പദ്ധതികളിലായാണ് പ്രസ്തുത പ്രവർത്തനങ്ങൾ നടന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിലെ കേന്ദ്ര സംസ്ഥാന പദ്ധതികൾ എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) നബാർഡിന്റെ എന്തെല്ലാം ധനസഹായങ്ങളാണ് ഇതിൽ ലഭിച്ചത് ; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ വിവിധ മണ്ണ് ജല സംരക്ഷണ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. നബാർഡ് ധനസഹായത്തോടെയുള്ള നീർത്തട പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതി (ആർ.ഐ.ഡി.എഫ്.)
2. പ്രധാനമന്ത്രിയുടെ പ്രത്യേക പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിലെ നബാർഡ് ധനസഹായ ചെക്ക് ഡാം പദ്ധതി.
3. കുട്ടനാട്, മേൽകുട്ടനാട്, ഓണാട്ടുകര പ്രദേശങ്ങളിലെ കാർഷിക ദുരവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനുള്ള പാരിസ്ഥിതിക പുനരുജ്ജീവന പദ്ധതി.
4. ഇടുക്കി ജില്ലയിലെ വട്ടവട കാന്തല്ലൂർ പഞ്ചായത്തുകളിലെ ശീതകാല പഴം പച്ചക്കറികളുടെ ഉല്പാദന വർദ്ധനവിനായുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതി.
5. വയനാട്, പാലക്കാട്, തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് എന്നീ

ജില്ലകളിലെ പ്രത്യേക ദുർബല ഗോത്രവിഭാഗ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പാരിസ്ഥിതിക പുനരുജ്ജീവന പദ്ധതി.

6. ശാസ്താംകോട്ട, അരുവിക്കര ശുദ്ധജല പദ്ധതികളുടെ വൃഷ്ടി പ്രദേശങ്ങളുടെ സംരക്ഷണത്തിനായുള്ള പദ്ധതി

7. ഉരുൾപൊട്ടൽ ബാധിത/സാദ്ധ്യതാ പ്രദേശങ്ങളുടെ ബലപ്പെടുത്തൽ/ പുനരുദ്ധാരണ പദ്ധതി.

8. കബനി നദീതട സംരക്ഷണ പദ്ധതി (ആർ.വി.പി.)

9. രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ.) പ്രോഗ്രാമിലുള്ള പദ്ധതി.

10. ദേശീയ നീർത്തട വികസന പദ്ധതി (NWDPRA)

ഈ പദ്ധതികളിലൂടെ പ്രദേശത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് കാർഷിക, കാർഷികേതര ഭൂമിയുടെയും നീർച്ചാലുകളുടേയും സംരക്ഷണം ഉറപ്പുവരുത്തുന്നതിനും ഭൂഗർഭ ജലവിതാനം ഉയർത്തുവാൻ തത്സ്ഥല ജല സംരക്ഷണത്തിന് പ്രാധാന്യം നൽകിക്കൊണ്ടുമുള്ള വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളായ മണ്ണ് കയ്യാല, കല്ലുകയ്യാല, മഴക്കുഴികൾ, ചെറുകുളങ്ങൾ, പുൽവരമ്പ് വച്ചു പിടിപ്പിക്കൽ, വേദികകൾ, കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം, കിണർ നിർമ്മാണം, വിവിധതരം തടയണകൾ, പാർശ്വഭിത്തികൾ, മഴ വെള്ള സംഭരണികൾ, പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള റാമ്പ്, സ്ലൂയിസ്, വെന്റഡ് ക്രോസ്ബാർ തുടങ്ങി നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

(ബി) 10 പദ്ധതികളിലാണ് പ്രസ്തുത പ്രവർത്തനങ്ങൾ നടത്തിവരുന്നത്. വിശദാംശങ്ങൾ അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു*.

(സി) ഇതിൽ 5 എണ്ണം സംസ്ഥാന സർക്കാർ പദ്ധതികളും 5 എണ്ണം കേന്ദ്ര സർക്കാർ പദ്ധതികളുമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>സംസ്ഥാന പദ്ധതികൾ</u>

1. നീർത്തട വികസനം, പാടശേഖരങ്ങളുടെ അടിസ്ഥാനസൗകര്യ വികസനം (നബാർഡ് ധനസഹായ പദ്ധതി)

2. ഉരുൾപൊട്ടൽ ബാധിത/സാദ്ധ്യതാ പ്രദേശങ്ങളുടെ ബലപ്പെടുത്തൽ/ പുനരുദ്ധാരണ പദ്ധതി

3. കാന്തല്ലൂർ, വട്ടവട പഞ്ചായത്തുകളിലെ ശീതകാല പഴം, പച്ചക്കറി വിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കുവാനുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതി

4. പ്രധാനമന്ത്രിയുടെ പ്രത്യേക പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിലെ കാർഷിക ദുരവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനായുള്ള നബാർഡ് ധനസഹായ ചെക്ക് ഡാം പദ്ധതി.

5. ശാസ്താംകോട്ട, അരുവിക്കര ശുദ്ധജല പദ്ധതികളുടെ വൃഷ്ടി പ്രദേശങ്ങളുടെ സംരക്ഷണം.

<u>കേന്ദ്ര പദ്ധതികൾ</u>

1. കുട്ടനാട്, മേൽകുട്ടനാട്, ഓണാട്ടുകര പ്രദേശങ്ങളിലെ കാർഷിക ദുരവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനുള്ള പാരിസ്ഥിതിക പുനരുജ്ജീവന പദ്ധതി (കുട്ടനാട് പാക്കേജ്) 13-ാം ധനകാര്യ കമ്മീഷന്റെ ധനസഹായം.

2. ദേശീയ നീർമറി വികസന പദ്ധതി (NWDPRA)

3. രാഷ്ട്രീയ കൃഷി വികസന പദ്ധതി (ആർ.കെ.വി.വൈ)

4. കബനി നദീതട വികസന പദ്ധതി (ആർ.വി.പി.)

5. പ്രത്യേക ദുർബല ഗോത്ര വിഭാഗങ്ങളുടെ സങ്കേതങ്ങളിലെ പാരിസ്ഥിതിക പുനരുജ്ജീവന പദ്ധതി (13-ാം ധനകാര്യ കമ്മീഷന്റെ ധനസഹായം)

(ഡി) നബാർഡിന്റെ അടിസ്ഥാന സൗകര്യ വികസനനിധിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നീർത്തടാടിസ്ഥാനത്തിലുള്ള മണ്ണ് ജല

സംരക്ഷണപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ ആർ.ഐ.ഡി.എഫ്. 11-ാം ഘട്ടം മുതൽ 19-ാം ഘട്ടം വരെ 183 പദ്ധതികളിലായി 59.96 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ 56.96 കോടി രൂപ നബാർഡിന്റെ ധനസഹായവും 2.99 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതവുമാണ്. ഇതുകൂടാതെ പ്രധാനമന്ത്രിയുടെ പ്രത്യേക പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിൽ നടന്നുവരുന്ന ചെക്ക് ഡാം പദ്ധതിക്ക് (ആർ.ഐ.ഡി.എഫ്. 16) 11 കോടി രൂപയുടെ നബാർഡ് ധനസഹായം ലഭിച്ചിട്ടുണ്ട്. ഇതിൽ 9.86 കോടി രൂപ നബാർഡ് വിഹിതവും 1.14 കോടി രൂപ സംസ്ഥാന വിഹിതവുമാണ്. ചെക്ക് ഡാം പദ്ധതിയിൽ നാളിതു വരെയായി 7.94 കോടി രൂപയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

## മണ്ണുത്തി കാർഷിക സർവ്വകലാശാല

223 (3510) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ മണ്ണുത്തി കാർഷിക സർവ്വകലാശാലയിൽ നിന്നും ഈ വർഷം എത്ര അദ്ധ്യാപകരാണ് റിട്ടയർ ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) കാർഷിക സർവ്വകലാശാലയിലെ വിവിധ ഗവേഷണ കേന്ദ്രങ്ങൾ നയിക്കാൻ പരിണിതപ്രജ്ഞരും പരിചയ സമ്പന്നരുമായ അദ്ധ്യാപകരെ നിയമിക്കാൻ എന്തു നടപടികളാണ് സ്വീകരിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(സി) സർവ്വകലാശാലയിൽ പരിചയസമ്പന്നരായ അദ്ധ്യാപകരുടെ അഭാവം കുട്ടികളുടെ പഠന ഗവേഷണ പ്രവർത്തനങ്ങളെ ബാധിക്കുമെന്നതിനാൽ ഈ കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിൽ 31-3-2015 വരെയുള്ള കാലയളവിൽ 28 അദ്ധ്യാപകർ കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും വിരമിക്കുന്നുണ്ട്.

(ബി) കേരള കാർഷിക സർവ്വകലാശാലയിലെ അദ്ധ്യാപകരിൽ വിവിധ മേഖലകളിൽ പരിചയ സമ്പന്നരായവരിൽ നിന്നും സീനിയോറിറ്റി, യോഗ്യത എന്നിവ കണക്കിലെടുത്താണ് സർവ്വകലാശാലയുടെ കീഴിലെ വിവിധ ഗവേഷണ

കേന്ദ്രങ്ങളുടെ മേധാവികളായി നിയമിച്ചുവരുന്നത്. അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്, 2010 യു.ജി. റെഗുലേഷൻ അനുസരിച്ച് ഭേദഗതി വരുത്തിയതിനുശേഷമേ നിലവിലുള്ള അദ്ധ്യാപക തസ്തികയിലെ ഒഴിവുകളിലേയ്ക്ക് നിയമനത്തിനായി വിജ്ഞാപനം പുറപ്പെടുവിക്കുവാൻ സർവ്വകലാശാലയ്ക്ക് കഴിയുകയുള്ളൂ. ആയതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) കോളേജ് കാമ്പസിൽ പരിചയസമ്പന്നരായ അധ്യാപകരെ പരമാവധി നിയോഗിക്കുകയും അത്യാവശ്യഘട്ടത്തിൽ Teaching Assistants/ P.G & Ph.D വിദ്യാർത്ഥികൾ, റിസർച്ച് അസിസ്റ്റൻസ് എന്നിവരുടെ സഹായത്താൽ കുട്ടികളുടെ പഠനത്തെ ബാധിക്കാത്ത വിധം ക്ലാസെടുത്തുവരുന്നു.

## കേരള കാർഷിക സർവ്വകലാശാലയിൽനിന്നും വിരമിച്ചവർക്കുള്ള ആനുകൂല്യങ്ങൾ

224 (3511) <u>ശ്രീ. ടി. വി. രാജേഷ്</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് യഥാസമയം പെൻഷനും, ഗ്രാറ്റുവിറ്റിയും ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനു നടപടി സ്വീകരിക്കുമോ ; സർക്കാർ എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചത് ; വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നിലവിൽ കേരള കാർഷിക സർവ്വകലാശാലയ്ക്ക് സർക്കാർ അനുവദിച്ചിട്ടുള്ള പദ്ധതിയേതര ഗ്രാന്റിൽ നിന്നും കേരള കാർഷിക സർവ്വകാലശാലയുടെ സ്വന്തം വിഭവലഭ്യതയിൽ നിന്നും കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും വിരമിച്ചവർക്കുള്ള ആനുകൂല്യങ്ങൾ നല്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## കാർഷിക വിദ്യാഭ്യാസ മേഖലയിൽ സ്വാശ്രയ കോഴ്സുകൾ ആരംഭിക്കാൻ നടപടി

225 (3512) <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക്

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാർഷിക വിദ്യാഭ്യാസ മേഖലയിൽ സ്വാശ്രയ കോഴ്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിന് പ്രേരിപ്പിച്ച ഘടകങ്ങൾ എന്തൊക്കെയാണ് ;

(സി) ഇപ്പോൾ സംസ്ഥാനത്ത് ഈ മേഖലയിൽ എത്ര സീറ്റുകളാണ് ഓരോ കോഴ്സിനുമുള്ളത് ;

(ഡി) ഇത് വർദ്ധിപ്പിക്കേണ്ട സാഹചര്യം ഇപ്പോൾ നിലവിലുണ്ടോ ; ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ&ബി) കാർഷിക വിദ്യാഭ്യാസ മേഖലയിൽ സ്വാശ്രയ കോഴ്സുകളും, അഫിലിയേറ്റഡ് കോളേജുകളും ആരംഭിക്കണമെന്ന് കാർഷിക സർവ്വകലാശാലയുടെ 111-മത് ജനറൽ കൗൺസിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇതുനടപ്പിലാക്കണമെങ്കിൽ നിലവിലുള്ള കാർഷിക സർവ്വകലാശാല നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതുണ്ട്. ഇതര പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലകളിൽ ആവശ്യത്തിന് സ്വാശ്രയ കോഴ്സുകൾ ആരംഭിച്ച പശ്ചാത്തലത്തിലാണ് കാർഷിക മേഖലയിൽ കൂടി ഇത്തരം കോഴ്സുകൾ തുടങ്ങുന്നതിനെക്കുറിച്ച് ചിന്തിക്കുന്നത്. എന്നാൽ സർക്കാർ ഇതുസംബന്ധിച്ച് തീരുമാനമൊന്നും ഇതുവരെ എടുത്തിട്ടില്ല.

| | | | |
|---|---|---|---|
| (സി) | 1. | ബി.എസ്.സി.(അഗ്രി) | 209 |
| | 2. | എം.എസ്.സി. (അഗ്രി) | 166 |
| | 3. | പി.എച്ച്.ഡി. (അഗ്രി) | 65 |
| | 4. | ബി.എസ്.സി.(ഫോറസ്ട്രി) | 30 |
| | 5. | എം.എസ്.സി.(ഫോറസ്ട്രി) | 16 |
| | 6. | പി.എച്ച്.ഡി. (ഫോറസ്ട്രി) | 7 |
| | 7. | ബി.എസ്.സി. കോ-ഓപ്പറേഷൻ ബാങ്കിംങ് ആന്റ് മാനേജ്മെന്റ് | 40 |
| | 8. | എം.എസ്.സി. കോ-ഓപ്പറേഷൻ ബാങ്കിംങ് ആന്റ് മാനേജ്മെന്റ് | 12 |

| | | |
|---|---|---|
| 9. | പി.എച്ച്.ഡി. കോ-ഓപ്പറേഷൻ ബാങ്കിംങ് ആന്റ് മാനേജ്മെന്റ് | 2 |
| 10. | ബി.ടെക് അഗ്രിക്കൾച്ചർ എഞ്ചിനീയറിംഗ് | 49 |
| 11. | എം.ടെക് അഗ്രികൾച്ചർ എഞ്ചിനീയറിംഗ് | 18 |
| 12. | പി.എച്ച്.ഡി. അഗ്രിക്കൾച്ചർ എഞ്ചിനീയറിംഗ് | 6 |
| 13. | ബി.ടെക് ഫുഡ് എഞ്ചിനീയറിംഗ് | 30 |
| 14. | എം.ബി.എ. | 40 |
| 15. | എം.എസ്.സി.(ഇന്റഗ്രേറ്റഡ്) സി.സി.എ. | 20 |
| 16. | എം.എസ്.സി.(ഇന്റഗ്രേറ്റഡ്) ബയോടെക്നോളജി | 20 |
| 17. | ഡിപ്ലോമ ഇൻ അഗ്രികൾച്ചറൽ സയൻസസ് | 50 |
| 18. | ഡിപ്ലോമ ഇൻ ഓർഗാനിക്ക് അഗ്രികൾച്ചർ | 20 |
| 19. | പി.ജി. ഡിപ്ലോമ ഇൻ സോളിഡ് വെയിസ്റ്റ് മാനേജ്മെന്റ് | 10 |
| 20. | പി.ജി. ഡിപ്ലോമ ഇൻ അനലിറ്റിക്കൽ ടെക്നിക്സ് | 30 |

(ഡി) ഇതുസംബന്ധിച്ച് പഠനങ്ങളൊന്നും നടത്തിയിട്ടില്ല. എന്നാൽ സംസ്ഥാനത്തിന് പുറത്ത് വിദ്യാർത്ഥികൾ ഇത്തരം കോഴ്സുകൾക്കായി അഡ്മിഷൻ തേടി പോകുന്ന സാഹചര്യം നിലവിലുണ്ട്.

**തെരുവ് നായ്ക്കളുടെ നിർമ്മാർജ്ജനം**

226 (3513) <u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തെരുവ് നായ്ക്കളെ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള എന്തെല്ലാം പ്രവർത്തനങ്ങളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം നൽകുമോ ;

(ബി) അനിമൽ ബർത്ത് കൺട്രോൾ പ്രോജക്ടിന്റെ പ്രവർത്തനം സംസ്ഥാനത്ത് നിലവിലുണ്ടോ ; ഉണ്ടെങ്കിൽ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലവിൽ തെരുവ് നായ്ക്കളുടെ വംശവർദ്ധനവ് തടയുന്നതിന് ആനിമൽ ബർത്ത് കൺട്രോൾ പദ്ധതി വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾവഴി നടപ്പിലാക്കിവരുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ മൃഗാശുപത്രികളിലെ സൗകര്യം ഇതിനായി പ്രയോജനപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ കേരള സസ്റ്റയിനബിൾ അർബൻ ഡെവലപ്മെന്റ് പ്രോജക്ട്, ശ്രീ സത്യസായി ഓർഫനേജ് ട്രസ്റ്റ് എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ ഒരു പൈലറ്റ് പ്രോജക്ട് തിരുവനന്തപുരം ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ സെപ്റ്റംബർ 2014 മുതൽ നടന്നുവരുന്നു.

(ബി) അനിമൽ ബർത്ത് കൺട്രോൾ പ്രോജക്ട് നടപ്പിലാക്കുന്നത് തദ്ദേശസ്വയം ഭരണ വകുപ്പിന്റെ ചുമതലയിലാണ്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ശേഖരിച്ചു വരുന്നു.

**കാസർഗോഡ് ബേള നാടൻ കന്നുകാലി ഫാം**

227 (3514) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ബേള നാടൻ കന്നുകാലി ഫാം എപ്പോഴാണ് ഉത്ഘാടനം കഴിഞ്ഞതെന്ന് പറയാമോ ;

(ബി) ഫാമിന്റെ ലക്ഷ്യം, പ്രവർത്തന മൂലധനം, പശുക്കളുടെ എണ്ണം സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കാമോ ;

(സി) ഫാമിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ലെങ്കിൽ ആയത് എന്തുകൊണ്ടാണ് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) പ്രാരംഭ ഉത്ഘാടനം 28-9-2013-ന് നടന്നു.

(ബി) കാസർഗോഡ് താലൂക്കിലെ നാടൻ ഇനത്തിൽപ്പെട്ട രോഗപ്രതിരോധ ശേഷി ഏറ്റവും കൂടുതലുള്ള ഇനമായ കാസർഗോഡ് ഡ്വാർഫ് ജനുസ്സിൽപ്പെട്ട കന്നുകാലികൾ നാശോന്മുഖമായി കൊണ്ടിരിക്കുന്നത് തടയുക, അവയുടെ എണ്ണം വർദ്ധിപ്പിക്കുക എന്നിവയാണ് പ്രധാന ഉദ്ദേശലക്ഷ്യങ്ങൾ. കൂടാതെ തദ്ദേശീയർക്ക് ഇതുമൂലം കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാകുന്നു. ഒന്നാംഘട്ടം 97.09 ലക്ഷം രൂപയും രണ്ടാം ഘട്ടം 40 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

36 പശുക്കൾ വീതമുള്ള 3 ഷെഡിൽ കൂടി ആകെ 108 പശുക്കളെ വളർത്തുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) പ്രവർത്തനം ഇതുവരെയും ആരംഭിച്ചിട്ടില്ല. ജലലഭ്യത ഉറപ്പാക്കാനും ആവശ്യമായ ജീവനക്കാരെ നിയമിക്കുവാനും നടപടി സ്വീകരിച്ചുവരുന്നു. തീറ്റപ്പുൽ കൃഷിചെയ്യുന്നതിലേയ്ക്കായി നിലവിലുള്ള മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു. പ്രവർത്തനങ്ങളെല്ലാം ത്വരിതഗതിയിൽ നടക്കുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയശേഷമേ പ്രവർത്തനം ആരംഭിക്കുവാൻ കഴിയൂ.

## കായംകുളം നിയോജകമണ്ഡലത്തിലെ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

228 (3515) ശ്രീ. സി. കെ. സദാശിവൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മൃഗസംരക്ഷണ വകുപ്പ് കായംകുളം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ പദ്ധതിയ്ക്കും എത്ര വീതം തുക ചിലവഴിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൃഗസംരക്ഷണ വകുപ്പ് കായംകുളം നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട കായംകുളം നഗരസഭ, പത്തിയൂർ, ചെട്ടികുളങ്ങര, കൃഷ്ണപുരം, കണ്ടല്ലൂർ, ദേവികുളങ്ങര, ഭരണിക്കാവ് പഞ്ചായത്തുകളിൽ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. ഗ്രാമശ്രീ എഗ്ഗർ നഴ്സറി
2. അസോളാ കൾട്ടിവേഷൻ പദ്ധതി.
3. വന്ധ്യതാ നിവാരണ ക്യാമ്പ്
4. ആനിമൽ വെൽഫയർ ക്ലബ് രൂപീകരിച്ചു
5. റഗുലർ ഫീൽഡ് വിസിറ്റ് ഓറിയന്റ് എക്സ്റ്റൻഷൻ പ്രോഗ്രാം ഓൺ പൈലറ്റ് ബേസിസ് പദ്ധതി

6. കോംപ്രിഹെൻസീവ് ഹെൽത്ത് കെയർ പ്രോഗ്രാം പദ്ധതി

7. കുട്ടനാട് പാക്കേജ് പശുവളർത്തൽ പദ്ധതി.

8. ഓർഗ്ഗനൈസിംഗ് റെഗുലർ ഫീൽഡ് വിസിറ്റ് വിത്ത് സൊസൈറ്റിസ് എന്ന പദ്ധതി.

9. മുയൽ ഫാം സ്കൂൾ

10. ഇൻറഗ്രേറ്റഡ് പൈലറ്റ് പ്രോജക്ട്

11. പവ്വർ ഡ്രിവൺ ചാഫ് കട്ടർ പദ്ധതി

12. രാത്രികാല അടിയന്തര മൃഗചികിത്സാ സേവനം

13. താറാവു വളർത്തൽ പദ്ധതി.

14. ജൈവമാലിന്യം വളമാക്കുന്ന പദ്ധതി.

15. കാടവളർത്തൽ പദ്ധതി.

(ബി)

| | | | |
|---|---|---|---|
| 1. | ഗ്രാമശ്രീ എഗ്ഗർ നഴ്സറി | - | 6,00,000 രൂപ |
| 2. | അസോള കൾട്ടിവേഷൻ പദ്ധതി | - | 1,00,000 രൂപ |
| 3. | വന്ധ്യതാ നിവാരണ ക്യാമ്പ് | - | 40,000 രൂപ |
| 4. | ആനിമൽ വെൽഫയർ ക്ലബ്ബ് രൂപീകരിച്ചു | - | 50,000 രൂപ |
| 5. | റഗുലർ ഫീൽഡ് വിസിറ്റ് ഓറിയന്റ് എക്സ്റ്റൻഷൻ പ്രോഗ്രാം ഓൺ പൈലറ്റ് ബേസിസ് പദ്ധതി | - | 2,10,000 രൂപ |
| 6. | കോംപ്രിഹെൻസീവ് ഹെൽത്ത് കെയർ പ്രോഗ്രാം പദ്ധതി | - | 50,000 രൂപ |
| 7. | കുട്ടനാട് പാക്കേജ് പശുവളർത്തൽ പദ്ധതി | - | 17,70,000 രൂപ |
| 8. | ഓർഗനൈസിംഗ് റെഗുലർ ഫീൽഡ് വിസിറ്റ് വിത്ത് സൊസൈറ്റീസ് എന്ന പദ്ധതി | - | 35,000 രൂപ |
| 9. | മുയൽ ഫാം സ്കൂൾ | - | 25,000 രൂപ |
| 10 | ഇന്റഗ്രേറ്റഡ് പൈലറ്റ് പ്രോജക്ട് | - | 5,00,000 രൂപ |

| | | | |
|---|---|---|---|
| 11. | പവ്വർ ഡ്രിവൺ ചാഫ് കട്ടർ പദ്ധതി | - | 25,000 രൂപ |
| 12. | രാത്രികാല അടിയന്തര മൃഗചികിത്സാ സേവനം | - | 7,59,791 രൂപ |
| 13. | താറാവു വളർത്തൽ പദ്ധതി | - | 28,500 രൂപ |
| 14. | ജൈവമാലിന്യം വളമാക്കുന്ന പദ്ധതി | - | 10,75,000 രൂപ |
| 15. | കാടവളർത്തൽ പദ്ധതി | - | 12,000 രൂപ |

**ഹൈ സെക്യൂരിറ്റി ആനിമൽ ഡിസീസ് ലബോറട്ടറി**

229 (3516) ശ്രീ. പുരുഷൻ കടലുണ്ടി : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈ സെക്യൂരിറ്റി ആനിമൽ ഡിസീസ് ലബോറട്ടറി കേരളത്തിൽ അനിവാര്യമാണെന്ന് കരുതുന്നുണ്ടോ ;

(ബി) പക്ഷിപ്പനി കണ്ടെത്തിയ സാഹചര്യത്തിൽ ഇത്തരം ഒരു ലാബ് വെറ്ററിനറി സർവ്വകലാശാലയുടെ ഭാഗമായി തുടങ്ങുന്ന കാര്യം പരിഗണിക്കാമോ ;

(സി) ഇതു സംബന്ധിച്ച് വിശദമായ ഒരു പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് വെറ്ററിനറി യൂണിവേഴ്സിറ്റിയോട് ആവശ്യപ്പെടാമോ ?

ഉത്തരം

(എ) പക്ഷിപ്പനി, കുരങ്ങുപനി എന്നിവയുടെ സാമ്പിളുകൾ പരിശോധിക്കുന്നതിനും മറ്റുമായി ഒരു ബയോസേഫ്റ്റി ലെവൽ 3+ ലബോറട്ടറി അനിവാര്യമാണ്.

(ബി&സി) പക്ഷിപ്പനി കണ്ടെത്തിയ സാഹചര്യത്തിൽ ഇത്തരം ഒരു ലാബ് വെറ്ററിനറി സർവ്വകലാശാല കേന്ദ്ര സംസ്ഥാന ഗവൺമെന്റുമായി സഹകരിച്ച് ആലപ്പുഴ ജില്ലയിൽ തുടങ്ങുന്ന കാര്യം പരിശോധിച്ചുവരുന്നു.

**ലൈവ്സ്റ്റോക്ക് ഫാമുകൾ**

230 (3517) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ :

(എ) സംസ്ഥാനത്ത് മൃഗസംരക്ഷണവകുപ്പിനു കീഴിൽ എത്ര ലൈവ് സ്റ്റോക്ക് ഫാമുകൾ നിലവിലുണ്ടെന്നും അവ ഏതെല്ലാമാണെന്നും പറയാമോ ;

(ബി) ഓരോ ഫാമിലും ഓരോ ഇനത്തിൽപ്പെട്ട എത്ര ഉരുക്കൾ വീതമുണ്ടെന്ന് പറയാമോ ;

(സി) ഓരോ ഫാമിന്റെയും അധീനതയിലുള്ള ഭൂമിയുടെ വിസ്തീർണ്ണം എത്രയാണെന്നും അതിൽ ഉപയോഗിച്ചുവരുന്ന ഭൂമി എത്രയാണെന്നും തരിശായിട്ടിരിക്കുന്ന ഭൂമി എത്രയാണെന്നും പറയാമോ ;

(ഡി) ഓരോ ഫാമിലും അംഗീകൃത സ്ഥിരം തൊഴിലാളികൾ നിലവിൽ എത്ര പേരുണ്ടെന്നും അവരിൽ സ്ത്രീകളും പുരുഷന്മാരും എത്ര പേരുണ്ടെന്നും പറയാമോ ;

(ഇ) ഓരോ ഫാമിലും കാഷ്വൽ തൊഴിലാളികളും ദിവസവേതനകാരായ തൊഴിലാളികളും എത്ര പേരുണ്ടെന്നും അവരിൽ സ്ത്രീകളും പുരുഷന്മാരും എത്ര പേരാണെന്നും വിശദമാക്കാമോ ;

(എഫ്) 1-1-2001 നും 1-11-2014 നും ഇടയിൽ ഈ ഫാമുകളിൽ നിന്നും മൃഗസംരക്ഷണ വകുപ്പിന്റേതല്ലാത്ത പദ്ധതികൾക്ക് സ്ഥലം വിട്ടു നൽകിയിട്ടുണ്ടോയെന്നും, അത് ഏതെല്ലാം വകുപ്പുകൾക്ക് ഏതെല്ലാം പദ്ധതികൾക്കു വേണ്ടിയാണെന്നും അവയ്ക്ക് പ്രതിഫലം കിട്ടിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എത്ര തുകയാണെന്നും വിശദീകരിക്കാമോ ?

<u>ഉത്തരം</u>

(എ) 8 ലൈവ് സ്റ്റോക്ക് ഫാമുകൾ നിലവിലുണ്ട്.

1. ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം, കുടപ്പനക്കുന്ന്.
2. ജഴ്സി ഫാം, വിതുര
3. ജഴ്സി ഫാം എക്സ്റ്റൻഷൻ യൂണിറ്റ്, ചെറ്റച്ചൽ
4. ബഫല്ലോ ബ്രീഡിംഗ് ഫാം, കുരിയോട്ടുമല

5. ആട്ട വളർത്തൽ കേന്ദ്രം, പാറശ്ശാല

6. ആട്ട വളർത്തൽ കേന്ദ്രം, അട്ടപ്പാടി

7. ആട്ടവളർത്തൽ കേന്ദ്രം, കൊമേരി

8. കന്നുകാലി ഫാം, ബദിയഡുക്ക (പ്രവർത്തനം ആരംഭിച്ചിട്ടില്ല)

(ബി) 1. ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം, കുടപ്പനക്കുന്ന്

കന്നുകാലികൾ - സി.ബി.ജെ.-127, സി.ബി.ബി.എസ്.-5, സി.ബി.എച്ച്.എഫ്-25,

ആടുകൾ - മലബാറി-23

ജഴ്സി ഫാം - വിതുര

കന്നുകാലികൾ സി.ബി.ജെ.-140, സി.ബി.ബി.എസ്.-13, സി.ബി.എച്ച്.എഫ്.-45

ബഫല്ലോ - മുറ - 56

ആടുകൾ - മലബാറി - 160

ജഴ്സി ഫാം എക്സ്റ്റൻഷൻ യൂണിറ്റ്, ചെറ്റച്ചൽ

കന്നുകാലികൾ - സി.ബി.ജെ. - 117

സി.ബി.എച്ച്.എഫ്. - 69

ബഫല്ലോ ബ്രീഡിംഗ് ഫാം, കുരിയോട്ടുമല

കന്നുകാലികൾ

സി.ബി.ജെ. - 96,

സി.ബി.ബി.എസ്.-27, സി.ബി.എച്ച്.എഫ്.-69

ആടുകൾ - മലബാറി - 101

ആട്ടവളർത്തൽ കേന്ദ്രം, പാറശ്ശാല

മലബാറി - 233

ആട്ടുവളർത്തൽ കേന്ദ്രം, അട്ടപ്പാടി

അട്ടപ്പാടി ബ്ലാക്ക് - 159, മലബാറി - 67

ആട്ടുവളർത്തൽ കേന്ദ്രം, കൊമേരി

മലബാറി - 200

(സി)

| ഫാമിന്റെ പേര് | ഭൂമിയുടെ വിസ്തീർണ്ണം (ഏക്കർ) | ഉപയോഗിച്ച വരുന്ന ഭൂമി (ഏക്കർ) | തരിശായിട്ടിരിക്കുന്ന ഭൂമി |
|---|---|---|---|
| ജില്ലാകന്നുകാലി വളർത്തൽ കേന്ദ്രം, കുടപ്പനക്കുന്ന് | 30.9 | 30.9 | ഇല്ല |
| ജഴ്സി ഫാം, വിതുര | 200 | 200 | ഇല്ല |
| ജഴ്സി ഫാം എക്സ്റ്റൻഷൻ യൂണിറ്റ്, ചെറ്റച്ചൽ | 58 | 58 | ഇല്ല |
| ബഫല്ലോ ബ്രീഡിംഗ് ഫാം, കുരിയോട്ടുമല | 161 | 161 | ഇല്ല |
| ആട്ടുവളർത്തൽ കേന്ദ്രം, പാറശ്ശാല | 5 | 5 | ഇല്ല |
| ആട്ടുവളർത്തൽ കേന്ദ്രം, അട്ടപ്പാടി | 42 | 42 | ഇല്ല |
| ആട്ടുവളർത്തൽ കേന്ദ്രം, കൊമേരി | 12.17 | 12.17 | ഇല്ല |
| കന്നുകാലി ഫാം, ബദിയഡുക്ക | 6 | 6 | ഇല്ല |

(ഡി) അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.*

(ഇ) അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു.*

(എഫ്) അനുബന്ധം (സി) ആയി ചേർത്തിരിക്കുന്നു.*

**കെപ്കോ വഴിയുള്ള കോഴിമുട്ട വിൽപ്പന**

231 (3518) ശ്രീ. എം. ഉമ്മർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) കെപ്കോയുടെ കൗണ്ടർ വഴി പൊതുജനങ്ങൾക്ക് കോഴിമുട്ട വിൽപ്പന നടത്തുന്നുണ്ടോ ; ഉണ്ടെങ്കിൽ മുട്ടയുടെ വില, കൗണ്ടർ പ്രവർത്തിക്കുന്ന സമയം എന്നിവ സംബന്ധിച്ച വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത കൗണ്ടറിലൂടെയുള്ള വില്പന ഏതെല്ലാം കേന്ദ്രങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട് ;

(സി) തിരുവനന്തപുരം പേട്ടയിലുള്ള കെപ്കോയുടെ ഹെഡ് ഓഫീസിലെ കൗണ്ടറിൽ നിന്നും സ്റ്റോക്ക് നിലവിലിരിക്കെ പൊതുജനങ്ങൾക്ക് മുട്ട വിൽപ്പന നടത്തുന്നില്ല എന്ന പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(ഡി) കെപ്കോയുടെ പ്രസ്തുത ഓഫീസിൽ ഉൽപന്ന വിപണനം സുഗമമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. കോഴിമുട്ടകളെ തരംതിരിച്ച് ഓരോന്നിന്റെയും ഭാരം അനുസരിച്ചാണ് വില നിർണ്ണയിക്കുന്നത്. നിലവിലുള്ള വില നിലവാരം താഴെച്ചേർത്തിരിക്കുന്നു.

| | | |
|---|---|---|
| 44 ഗ്രാമിന് താഴെ ഭാരമുള്ളത് | - | 3 രൂപ |
| 45 ഗ്രാമിനും 55 ഗ്രാമിനും മധ്യേ | - | 4 രൂപ |
| 56 ഗ്രാം മുതൽ 75 ഗ്രാം വരെ | - | 5 രൂപ |
| 76 ഗ്രാം മുതൽ 90 ഗ്രാം വരെ | - | 6 രൂപ |
| 90 ഗ്രാമിനു മുകളിൽ ഭാരമുള്ളത് | - | 7 രൂപ |

കൗണ്ടറിന്റെ പ്രവർത്തന സമയം രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെ.

(ബി) കെപ്കോയുടെ പേട്ടയിലെ പ്രധാന കൗണ്ടറിലൂടെയാണ് മുട്ട വില്പന നടത്തുന്നത്.

(സി) രേഖാമൂലം പരാതി ലഭിച്ചിട്ടില്ല.

(ഡി) കെപ്കോയുടെ പ്രധാന കൗണ്ടറിലൂടെ സുഗമമായ വിപണനമാണ് ഇപ്പോൾ നടക്കുന്നത്.

**ചാലക്കുടി വെറ്ററിനറി ആശുപത്രി പോളി ക്ലിനിക്കായി ഉയർത്താൻ നടപടി**

232 (3519) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ :

(എ) ചാലക്കുടി വെറ്ററിനറി ആശുപത്രി, ആവശ്യമായ സ്റ്റാഫ്, ലാബ് സൗകര്യങ്ങളോടുകൂടി പോളി ക്ലിനിക്കായി ഉയർത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ;

(ബി) ചാലക്കുടി ആർ.എ.ഐ.സി.-യുടെ ഉപയോഗത്തിലേയ്ക്കായി ചാലക്കുടി മൃഗാശുപത്രി കോമ്പൗണ്ടിൽ നിർമ്മാണം ആരംഭിച്ച ട്രെയിനിംഗ് സെന്ററിൽ ഓഡിയോ-വിഷ്വൽ സംവിധാനങ്ങൾ അടക്കമുള്ള ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്ന ശിപാർശ ആയതിനാൽ ചാലക്കുടി വെറ്ററിനറി ആശുപത്രി പോളി ക്ലിനിക്കായി ഉയർത്തണമെന്ന ശിപാർശ ഇപ്പോൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

(ബി) ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

## പാലക്കാട് ജില്ലയിൽ പന്നിപ്പനി

233 (3520) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ പന്നിപ്പനി പടരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജില്ലയിലെ ഏതെല്ലാം പ്രദേശത്താണ് പന്നിപ്പനി സ്ഥിരീകരിച്ചിട്ടുള്ളത് ;

(സി) പന്നിപ്പനി തടയുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(ഡി) പന്നിപ്പനി ജനങ്ങൾക്ക് ഭീക്ഷണിയാണോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാലക്കാട് ജില്ലയിലെ മുതലമട പഞ്ചായത്തിലെ പറമ്പിക്കുളം ടൈഗർ റിസർവ്വിന്റെ കീഴിലുള്ള സുങ്കം കോളനി പരിസരത്തുള്ള കാട്ടുപന്നികൾക്കും വണ്ടാഴി പഞ്ചായത്തിലെ ഒരു സ്വകാര്യ ഫാമിലുമാണ് പന്നിപ്പനി (ക്ലാസിക്കൽ

സ്വയിൻ ഫീവർ) റിപ്പോർട്ട് ചെയ്തതത്. പന്നിപ്പനിയാണെന്ന് പാലക്കാട് റീജിയണൽ ലാബിലാണ് സ്ഥിരീകരിച്ചത്. കോളനി പരിസരത്ത് 17 കാട്ടുപന്നികളും സ്വകാര്യഫാമിൽ ആറ് വളർത്തു പിന്നികളുമാണ് അസുഖംമൂലം മരണപ്പെട്ടത്.

(സി) പ്രതിരോധ നടപടികളുടെ ഭാഗമായി പ്രദേശത്തെ എല്ലാ പന്നികളേയും പ്രതിരോധ കുത്തിവയ്പ്പിന് വിധേയമാക്കി. രോഗം ബാധിച്ച പന്നികൾക്ക് ചികിത്സ നൽകി. ജില്ലയിലെ ചെക്ക്പോസ്റ്റുകളിൽ കർശന പരിശോധന ഏർപ്പെടുത്തി. പറമ്പിക്കുളത്തെ വനാതിർത്തിയിലുള്ള കർഷകരിൽ ഈ രോഗത്തെക്കുറിച്ചും പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചും അവബോധം സൃഷ്ടിച്ചു. പത്രമാധ്യമങ്ങളിലൂടെയും ബോധവൽക്കരണം നടത്തി. 10-11-2014-ന് തിങ്കളാഴ്ച രാവിലെ 11 മണിക്ക് പാലക്കാട് ജില്ലാ വെറ്ററിനറി കേന്ദ്രത്തിലെ കോൺഫറൻസ് ഹാളിൽ വെച്ച് പന്നി വളർത്തുന്ന കർഷകർക്ക് ഈ രോഗത്തെക്കുറിച്ചുള്ള ഒരു ബോധവൽക്കരണ ക്ലാസ് നടത്തി. ഇതിൽ ജില്ലയിലെ നൂറോളം കർഷകർ പങ്കെടുത്തു.

(ഡി) വളർത്തു പന്നികളിലും കാട്ടുപന്നികളിലും മാത്രം ഉണ്ടാകുന്ന ഈ അസുഖം ജനങ്ങൾക്ക് ഭീഷണിയല്ല.

**പക്ഷിപ്പനി**

234 (3521) ശ്രീ. കെ. വി. വിജയദാസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഇപ്പോൾ പടർന്നു പിടിക്കുന്ന പക്ഷിപ്പനി ഇപ്രകാരം വ്യാപിക്കുവാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) അതിർത്തി ചെക്ക് പോസ്റ്റുകളിൽ വേണ്ടത്ര പരിശോധനയില്ലാതെ കടന്നുവരുന്ന രോഗബാധിതരായ താറാവുകളും കോഴികളും ഇതിനുകാരണമായിട്ടുണ്ടെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ വസ്തുതയുണ്ടോ ; വിശദാംശം നൽകുമോ ;

(സി) ദേശാടന പക്ഷികളിലൂടെയാണോ ഈ രോഗം ഇപ്പോൾ പടർന്നു

പിടിച്ചിട്ടുള്ളത്. എങ്കിൽ മറ്റ് സംസ്ഥാനങ്ങളിൽ ഇത് സംഭവിക്കുന്നില്ല എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; വിശദീകരിക്കുമോ ;

(ഡി) ഇക്കാര്യത്തിൽ വിശദമായ പഠനം നടത്തുമോ ; എങ്കിൽ ഇതിനായി ഒരു വിദഗ്ദ്ധ സംഘത്തെ ചുമതലപ്പെടുത്തുമോ ; വിശദവിവരം നൽകുമോ ?

<u>ഉത്തരം</u>

(എ) ദേശാടന പക്ഷികളിലൂടെയാണ് പക്ഷിപ്പനി കേരളത്തിൽ വ്യാപിക്കുവാനിടയായത് എന്നാണ് വിലയിരുത്തിയിട്ടുള്ളത്.

(ബി) ഇല്ല. അതിർത്തി ചെക്ക് പോസ്റ്റുകളിൽ പരിമിതമായ പരിശോധനാ സംവിധാനങ്ങളാണ് നിലവിലുള്ളത്. ഇവിടെ പക്ഷിപ്പനി പോലുള്ള രോഗങ്ങൾ നിർണ്ണയിക്കുന്നതിനുള്ള ലാബുകളോ സൗകര്യങ്ങളോ ഇല്ല. അയൽ സംസ്ഥാനങ്ങളിൽ പക്ഷിപ്പനി റിപ്പോർട്ട് ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ രോഗം അവിടെ നിന്നാണ് വന്നത് എന്ന് കരുതാനാവില്ല.

(സി) ദേശാടന പക്ഷികളിലൂടെയാണ് ഇപ്പോൾ ഈ രോഗം പടർന്നു പിടിച്ചത് എന്നാണ് അനുമാനിക്കുന്നത്. മറ്റ് സംസ്ഥാനങ്ങളിൽ ഇതുവരെ രോഗം റിപ്പോർട്ട് ചെയ്തിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവന്ന് പഠനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ദേശാടനപക്ഷികളുമായി ബന്ധപ്പെട്ട രോഗവ്യാപനമായതിനാൽ കേന്ദ്രസർക്കാരിന്റെ നേതൃത്വത്തിലുള്ള സംഘത്തിനുമാത്രമേ ഇക്കാര്യത്തിൽ വിശദമായ പഠനം നടത്തുന്നതിന് സാധിക്കുകയുള്ളൂ.

**പക്ഷിപ്പനി-രോഗപ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ നടപടി**

235 (3522) <u>ശ്രീ. ജി. സുധാകരൻ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രോഗപ്രതിരോധ പ്രവർത്തനങ്ങളും ബോധവൽക്കരണ പരിപാടികളും ആരംഭിക്കുന്നതിനുണ്ടായ കാലതാമസം പക്ഷിപ്പനി പടരുന്നതിന് കാരണമായി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പക്ഷിപ്പനിയ്ക്കെതിരെ എന്തെല്ലാം രോഗപ്രതിരോധ പ്രവർത്തനങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; എന്തെല്ലാം ബോധവത്ക്കരണ പരിപാടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) രോഗപ്രതിരോധ പ്രവർത്തിനാവശ്യമായ മരുന്നുകളും മറ്റു സാമഗ്രികളും ആവശ്യാനുസരണം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ഡി) രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന്

ജനപ്രതിനിധികളുടെയും കർഷക പ്രതിനിധികളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും യോഗങ്ങൾ മണ്ഡലാടിസ്ഥാനത്തിൽ വിളിച്ച് കൂട്ടാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) രോഗവ്യാപനം തടയുന്നതിനുവേണ്ടി പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ രോഗബാധിത പ്രദേശത്തിന്റെ 1 കി. മീ. ദൂരപരിധിയിലുള്ള രോഗം ബാധിച്ചതും കൂടെയുണ്ടായിരുന്നതുമായ പക്ഷികളെയെല്ലാം കൊന്നൊടുക്കി ശാസ്ത്രീയമായി സംസ്കരിച്ചിട്ടുണ്ട്. ടി ജില്ലകളിലേയ്ക്കും പുറത്തേയ്ക്കുമുള്ള പക്ഷി, പക്ഷി ഉല്പന്നങ്ങൾ എന്നിവയുടെ കടത്ത് താത്ക്കാലികമായി നിരോധിച്ചു. ടി ജില്ലകളിലെ കർഷകർക്ക് പക്ഷിപ്പനിയെ കുറിച്ചും പ്രതിരോധമാർഗ്ഗങ്ങളെക്കുറിച്ചും ക്ലാസ്സുകൾ നടത്തുകയും, ലഘുലേഖകൾ, നോട്ടീസുകൾ എന്നിവ വിതരണം ചെയ്യുകയും, റേഡിയോ/പത്രമാധ്യമങ്ങളിലൂടെ ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്.

(സി) രോഗപ്രതിരോധ പ്രവർത്തനത്തിനാവശ്യമായ മരുന്നുകൾ ആരോഗ്യ വകുപ്പ് ആവശ്യാനുസരണം ലഭ്യമാക്കിയിരുന്നു. രോഗപ്രതിരോധ പ്രവർത്തനത്തിൽ ഏർപ്പെട്ടവർക്ക് ആവശ്യമായ പേഴ്സണൽ പ്രൊട്ടക്ഷൻ എക്വിപ്മെന്റ് (പി.പി.ഇ.) സംസ്ഥാനത്ത് ലഭ്യമായിരുന്നവ ഉടനെ രോഗബാധിത ജില്ലകളിൽ എത്തിക്കുകയും കൂടുതലായി കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച 10,000 പി.പി.ഇ. കിറ്റുകൾ വിമാനമാർഗ്ഗം ന്യൂഡൽഹിയിൽ നിന്നും എത്തിക്കുകയും ചെയ്തു. ഇതുകൂടാതെ 10,000 കിറ്റുകൾ കൂടി വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് ജനപ്രതിനിധികളുടെയും കർഷക പ്രതിനിധികളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും യോഗങ്ങൾ രോഗബാധിത ജില്ലകളിൽ വിളിച്ചുകൂട്ടിയാണ് പ്രവർത്തനം ഏകോപിപ്പിച്ചിരുന്നത്. ആവശ്യമെങ്കിൽ ഇത്തരം യോഗങ്ങൾ വീണ്ടും വിളിച്ചുകൂട്ടുന്നതാണ്.

**പക്ഷിപ്പനിമൂലം തകർന്ന ഇറച്ചി വ്യവസായം**

236 (3523) ശ്രീമതി കെ. എസ്. സലീഖ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പക്ഷിപ്പനി സംസ്ഥാനത്തെ ഇറച്ചി വ്യവസായത്തെ തകർത്തു എന്നത് ശ്രദ്ധയിൽപ്പെട്ടുവോ ; എങ്കിൽ എത്ര കോടി രൂപയുടെ നഷ്ടമാണ് വന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ക്രിസ്തുമസ്, പുതുവത്സര സീസണുകളിൽ ഇറച്ചി/മുട്ടക്കച്ചവടം എന്നിവയിൽ വകുപ്പ് ഉദ്യോഗസ്ഥരുടെ അപാകതകൾ മൂലം നഷ്ടപ്പെടുന്നത് എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കുമോ ;

(സി) സീസണു മുമ്പ് ഇത്തരത്തിൽ കാണാമറയത്തുള്ള പക്ഷിപ്പനി റിപ്പോർട്ടും പക്ഷികളുടെ മരണവും കച്ചവടം അട്ടിമറിക്കാനുള്ള എന്തെങ്കിലും പദ്ധതിയുടെ ഭാഗമാണോ എന്ന് പരിശോധിച്ചുവോ ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) അന്യസംസ്ഥാന ഇറച്ചിക്കച്ചവട ലോബികൾക്കായി മൃഗസംരക്ഷണ വകുപ്പിലെ ചില ഉദ്യോഗസ്ഥർ പക്ഷിപ്പനി റിപ്പോർട്ട് ചെയ്യുവാൻ താമസിച്ചതും പരിശോധനകൾ താമസിപ്പിച്ചതും ശ്രദ്ധയിൽപ്പെട്ടുവോ എങ്കിൽ കാരണക്കാരായ ഇത്തരം ഉദ്യോഗസ്ഥരെ കണ്ടെത്തി മാതൃകപരമായ ശിക്ഷ നൽകുമോ ; ആരുടെയെല്ലാം പേരിൽ ഇതുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഇതുമൂലം ഉണ്ടായിട്ടുള്ള നഷ്ടത്തിന്റെ തോത് കണക്കാക്കിയിട്ടില്ല.

(ബി) മൃഗസംരക്ഷണ വകുപ്പിന്റെയും മറ്റ് വകുപ്പുകളുടെയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയും അവസരോചിതമായ ഇടപെടൽമൂലം പക്ഷിപ്പനി നിയന്ത്രണവിധേയമാക്കുവാൻ സാധിച്ചിട്ടുണ്ട്. വകുപ്പുദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും ഇക്കാര്യത്തിൽ അപാകതകൾ ഉണ്ടായിട്ടില്ല.

(സി) ദേശാടനപക്ഷികളുടെ വരവു കൂടുതലായസമയത്താണ് പക്ഷിപ്പനി പടർന്നുപിടിച്ചത്. പക്ഷിപ്പനിബാധ കേന്ദ്ര സർക്കാർ സ്ഥിരീകരിച്ചിട്ടുണ്ട്. കച്ചവടം അട്ടിമറിക്കാനുള്ള പദ്ധതിയുടെ ഭാഗമായി എന്തെങ്കിലും ഉണ്ടായതായി തെളിവൊന്നും ലഭിച്ചിട്ടില്ല.

(ഡി) പക്ഷിപ്പനി പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയ അന്നുതന്നെ, സ്ഥിരീകരണത്തിനായി ബാംഗ്ലൂരിലെയും, ഭോപ്പാലിലെയും ലാബുകളിലേയ്ക്ക് അയച്ചിരുന്നു. പക്ഷിപ്പനി പോലുള്ള രോഗബാധിത നോട്ടിഫൈ ചെയ്യുന്നത് കേന്ദ്ര സർക്കാർ മുഖേന ആയതിനാലാണ് അവിടെനിന്നുള്ള സ്ഥിരീകരണത്തിനായി രണ്ടുദിവസം സമയമെടുത്തത്. ഇതുമായി ബന്ധപ്പെട്ട ഒരു

പരിശോധനകൾക്കും കാലതാമസമോ, വീഴ്ചയോ ആരുടെയും ഭാഗത്തു നിന്നും ഉണ്ടായിട്ടില്ലാത്തതിനാൽ ആരുടെയും പേരിൽ നടപടി സ്വീകരിച്ചിട്ടില്ല .

**പക്ഷിപ്പനിമൂലം കൂട്ടമായി ചത്ത താറാവുകളുടെ എണ്ണം**

237 (3524) ശ്രീമതി കെ. എസ്. സലീഖ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം സമയങ്ങളിൽ പക്ഷിപ്പനി പ്രശ്നങ്ങളും പരിശോധനകളും പക്ഷി മരണങ്ങളും നടന്നിട്ടുണ്ട് ;

(ബി) എത്ര താറാവു കൃഷിക്കാർ ഉണ്ടെന്നും ഇവർ എത്ര താറാവുകളെ വളർത്തുന്നു എന്നും, ഇതിനായി സംസ്ഥാനത്താകമാനം പ്രസ്തുത കൃഷിക്കായി ചെലവാകുന്ന തുക എത്ര എന്നും വ്യക്തമാക്കുമോ ;

(സി) പക്ഷിപ്പനിമൂലം കുട്ടമായി ചത്ത താറാവുകളുടെ എണ്ണം ഉദ്ദേശം എത്രയെന്നും ഇതുമൂലം കർഷകർക്കുണ്ടായ നഷ്ടം എത്രയെന്നും വിശദമാക്കുമോ ;

(ഡി) പക്ഷിപ്പനിമൂലം എത്ര താറാവുകളെ കത്തിച്ചു ; ഇതുമൂലം കർഷകർക്കുണ്ടായ നഷ്ടം എത്ര ; വ്യക്തമാക്കുമോ ;

(ഇ) ഇത്തരം നഷ്ടം സംഭവിച്ച കർഷകർക്ക് എന്തൊക്കെ ധനസഹായം നൽകി ; നാളിതുവരെ ഇതിനായി ചെലവഴിച്ച തുക എത്ര ;

(എഫ്) പക്ഷിപ്പനിക്ക് കാരണം എന്തെന്ന് പരിശോധിച്ചിട്ടുണ്ടോ ; പ്രസ്തുത വൈറസ് മനുഷ്യരിലേക്ക് പടരാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 2014 നവംബറിൽ പക്ഷിപ്പനി റിപ്പോർട്ട് ചെയ്യുന്നതിന് മുമ്പ് പക്ഷിപ്പനിയോ പക്ഷിപ്പനിമൂലമുള്ള മരണമോ റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) താറാവ് കർഷകർ കൂടുതലും അസംഘടിത മേഖലയിലുള്ളവരായതിനാൽ വ്യക്തമായ കണക്ക് ലഭ്യമല്ല. സംസ്ഥാന സർക്കാർ താറാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഈ സാമ്പത്തിക വർഷം 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) പക്ഷിപ്പനിമൂലം കൂട്ടമായി ചത്ത താറാവുകളുടെ എണ്ണം 17835 ആണ്.

ഇതുമൂലം കർഷകർക്കുണ്ടായ നഷ്ടം 44.5 ലക്ഷം രൂപയാണ്.

(ഡി) പക്ഷിപ്പനി നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 2,66,733 താറാവുകളെ കൊന്ന് സംസ്കരിച്ചു. നഷ്ടം കൃത്യമായി കണക്കാക്കിയിട്ടില്ല. നഷ്ടപരിഹാരമായി കർഷകർക്ക് 8-12-2014 വരെ 1,37,94,000 രൂപ നൽകിയിട്ടുണ്ട്.

(ഇ) നഷ്ടം സംഭവിച്ച കർഷകർക്ക് 2 മാസവും അതിനുമേലും പ്രായമായവയ്ക്ക് 200 രൂപ നിരക്കിലും, രണ്ടു മാസത്തിൽ താഴെ പ്രായമുള്ളവയ്ക്ക് 100 രൂപ ക്രമത്തിലും കൂടാതെ മുട്ടകൾക്കും, മുട്ടക്കുഞ്ഞുങ്ങൾക്കും 5 രൂപ ക്രമത്തിലും നഷ്ടപരിഹാരം നൽകിവരുന്നു. 8.12.2014 വരെ 1,37,94,000 രൂപ കർഷകർക്ക് നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്.

(എഫ്) പക്ഷിപ്പനിക്ക് കാരണമായ എച്ച്5 എൻ1 വൈറസ് ദേശാടന പക്ഷികളിലൂടെയാണ് സംസ്ഥാനത്ത് എത്തപ്പെട്ടതെന്ന് അനുമാനിക്കുന്നു. പ്രസ്തുത വൈറസ് മനുഷ്യരിലേയ്ക്ക് പടരാതിരിക്കുന്നതിന് രോഗബാധ സ്ഥിരീകരിച്ച സ്ഥലങ്ങളിൽ 1 കി. മീ. ദൂര പരിധിയിലുള്ള രോഗം ബാധിച്ചതും കൂടെയുണ്ടായിരുന്നതുമായ പക്ഷികളെയെല്ലാം കൊന്നൊടുക്കി ശാസ്ത്രീയമായി സംസ്കരിച്ചിട്ടുണ്ട്. ടി ജില്ലകളിലേയ്ക്കും പുറത്തേയ്ക്കുമുള്ള പക്ഷി, പക്ഷി ഉല്പന്നങ്ങൾ എന്നിവയുടെ കടത്ത് താത്ക്കാലികമായി നിരോധിച്ചു. 10 കി. മീ. ചുറ്റളവിലെ നിരീക്ഷണം ശക്തമാക്കുകയും രോഗബാധ സ്ഥിരീകരിച്ച സ്ഥലത്ത് അണുനാശിനി പ്രയോഗവും സാനിട്ടേഷൻ പ്രവൃത്തികളും നടത്തുകയും ചെയ്തു. പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട ആളുകൾക്ക് പ്രതിരോധ മരുന്നും പി.പി.ഇ. കിറ്റുകളും നൽകിയിരുന്നു.

## അതിർത്തി ചെക്ക്പോസ്റ്റുകളിൽ മൃഗസംരക്ഷണ വകുപ്പിന്റെ പരിശോധന

238 (3525) ശ്രീ. കെ. വി. വിജയദാസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ അതിർത്തി ചെക്ക് പോസ്റ്റുകളിൽ മൃഗസംരക്ഷണ വകുപ്പിന്റെ പരിശോധന വെറ്ററിനറി ഡോക്ടർമാരുടെ നേതൃത്വത്തിൽ നടക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരം പരിശോധനകളിലൂടെ രോഗബാധിതമെന്നു കണ്ട എത്ര കേസ്സുകൾ പിടിക്കപ്പെട്ടിട്ടുണ്ട് ; ആയിതിന് കേസ്സ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(സി) ഏതെല്ലാം ചെക്ക് പോസ്റ്റുകളിലാണ് ഇത്തരം സംവിധാനം ക്രമീകരിച്ചിട്ടുള്ളത് ; വിശദവിവരം നൽകുമോ ; എന്തെല്ലാം പരിശോധനാ സംവിധാനങ്ങളാണ് ഇവിടെ ക്രമീകരിച്ചിട്ടുള്ളത് ?

<u>ഉത്തരം</u>

(എ) മൃഗസംരക്ഷണ വകുപ്പിന്റെ 18 ചെക്ക്പോസ്റ്റുകളിൽ വെറ്ററിനറി സർജന്റെ തസ്തിക നിലവിലുള്ള പാറശ്ശാല, വാളയാർ എന്നീ രണ്ട് ചെക്ക്പോസ്റ്റുകളിൽ വെറ്ററിനറി ഡോക്ടറുടെ നേതൃത്വത്തിൽ പരിശോധന നടത്തുന്നുണ്ട്.

(ബി) 857 കേസുകൾ രോഗബാധിതമാണെന്ന് കണ്ടിട്ടുണ്ട്. ഇതിനെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. മൃഗസംരക്ഷണ വകുപ്പ് അവയെ തിരികെ അയയ്ക്കുകയാണ് ചെയ്യുന്നത്.

(സി) നിലവിൽ പാലക്കാട് ജില്ലയിലെ വാളയാറിലും, തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലയിലും വെറ്ററിനറി സർജന്മാർ ചെക്ക്പോസ്റ്റ് കടന്നുവരുന്ന ഉരുക്കളെ ക്ലിനിക്കൽ പരിശോധനയ്ക്ക് വിധേയമാക്കുകയും കുളമ്പുരോഗം തുടങ്ങിയ രോഗങ്ങൾ കിറ്റുകളുപയോഗിച്ച് തിരിച്ചറിയുകയും, ഉരുക്കളുടെ രക്തം, ചാണകം തുടങ്ങിയവ പരിശോധിക്കുകയും ചെയ്യുന്നു. മറ്റ് ചെക്ക്പോസ്റ്റുകളിൽ ഫീൽഡ് ആഫീസർമാരുടെ നേതൃത്വത്തിൽ ഭൗതികമായ രോഗപരിശോധന നടത്തുന്നു. കിറ്റുകളുപയോഗിച്ച് കുളമ്പുരോഗം തുടങ്ങിയവ തിരിച്ചറിയാനുള്ള പ്രാഥമിക പരിശോധനകൾ നടത്തുകയും ചെയ്യുന്നു. സംസ്ഥാനത്തിനകത്തേയ്ക്ക് കടന്നുവരുന്ന മൃഗങ്ങളും പക്ഷികളും ആരോഗ്യമുള്ളവയാണെന്നും സമയാസമയങ്ങളിലുള്ള വാക്സിനേഷനുകൾ ചെയ്തിട്ടുണ്ടെന്നും ഒരു വെറ്ററിനറി സർജൻ സാക്ഷ്യപ്പെടുത്തിയ ഹെൽത്ത് സർട്ടിഫിക്കറ്റ് ഓരോ കൺസെയ്ന്റ്മെന്റ് കടന്നുപോകുമ്പോഴും ഹാജരാക്കുന്നുണ്ട്. ആയത് പരിശോധിച്ച് ആഫീസിൽ സൂക്ഷിച്ചുവയ്ക്കുന്നുമുണ്ട്. ചെക്ക്പോസ്റ്റുകളിൽ ഓരോ ഉരുവിനും കുളമ്പുരോഗത്തിനെതിരായി വാക്സിനേഷൻ ചെയ്യുന്നുണ്ട്. കോഴി, ആട്, പന്നി, കന്നുകാലികൾ എന്നിവയുടെ രക്തസാമ്പിളുകൾ വിവിധ ജില്ലകളിലെ ചെക്ക്പോസ്റ്റ് ഉദ്യോഗസ്ഥർ അവരുടെ ഹെഡ്ക്വാർട്ടേഴ്സ് ആയ പാലക്കാട് ജില്ലയിലെ റീജിയണൽ റിന്റർപെസ്റ്റ് ഡിസീസ് ലബോറട്ടറി (എൻ.പി.ആർ.ഇ. ലബോറട്ടറി)യിലേയ്ക്ക് എത്തിക്കുകയും വിശദപരിശോധന നടത്തുകയും ചെയ്യുന്നുണ്ട്. ചെക്ക്പോസ്റ്റുകളിലെ രോഗപരിശോധനയ്ക്കായി താഴെ പറയുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്:

1. മൈക്രോസ്കോപ്പും അനുബന്ധ സാമഗ്രികളും

2. റഫ്രിജറേറ്റർ (വാക്സിനുകൾ സൂക്ഷിക്കുന്നതിന്)
3. മൊബൈൽ ലാഡർ (വണ്ടികളിലെ പരിശോധനയ്ക്കായി)
4. റിഫ്ലക്ടീവ് ജാക്കറ്റ്
5. റിഫ്ളക്ടീവ് ബാറ്റൺ
6. ടോർച്ച് ലൈറ്റ്/റിഫ്ളക്ടീവ് ലൈറ്റ്
7. കുളമ്പുരോഗം, പക്ഷിപ്പനി എന്നിവ തിരിച്ചറിയുന്നതിനുള്ള കിറ്റുകൾ

**ക്ഷീരസഹകരണ സംഘങ്ങൾക്ക് എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ട്**

239 (3526) ശ്രീ. ബി. സത്യൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീരകർഷക സംഘങ്ങൾക്ക് എം.എൽ.എ മാരുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിക്കുന്നതിന് പ്രത്യേക മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതായി അറിയാമോ ;

(ബി) എങ്കിൽ ഏതെല്ലാം ക്ഷീരവികസന പദ്ധതികൾക്കാണ് ഫണ്ട് വിനിയോഗിക്കാൻ കഴിയുക ; ഉത്തരവിന്റെ വിശദാംശം നൽകാമോ ?

ഉത്തരം

(എ&ബി) ക്ഷീരസഹകരണ സംഘങ്ങൾക്ക് എം.എൽ.എ. ഫണ്ട് വിനിയോഗിക്കുന്നതിന് 24-6-2014-ലെ ജി.ഒ.(പി)നമ്പർ 238/2014/ഫിൻ (അനുബന്ധം ആയി ചേർക്കുന്നു*) പ്രകാരം പ്രത്യേക മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ക്ഷീരസഹകരണ സംഘങ്ങളുടെ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ, ക്ഷീരസംഘങ്ങൾക്ക് പാൽ പരിശോധനാ ഉപകരണങ്ങൾ, ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റ് എന്നിവയ്ക്ക് എം.എൽ.എ. ഫണ്ട് വിനിയോഗിക്കാവുന്നതാണ്.

**പക്ഷിപ്പനി ബാധയെത്തുടർന്ന് താറാവ്-കോഴി കർഷകർക്ക് സഹായം**

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

240 (3527) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. ആർ. രാജേഷ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പക്ഷിപ്പനി ബാധയെത്തുടർന്ന് താറാവ്-കോഴി കർഷകർക്ക് ഉണ്ടായിട്ടുള്ള നഷ്ടം കണക്കാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(ബി) പക്ഷിപ്പനി വ്യാപനത്തെത്തുടർന്ന് ദുരിതമനുഭവിക്കുന്ന കർഷകർക്ക് സഹായം പ്രഖ്യാപിച്ചിട്ടുണ്ടോ ;

(സി) കർഷകർ അനുഭവിച്ച നഷ്ടത്തിനനുസൃതമായിട്ടാണോ സഹായം പ്രഖ്യാപിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ;

(ഡി) പക്ഷിപ്പനി ബാധയെത്തുടർന്ന് സർവ്വതും നഷ്ടപ്പെട്ട കർഷകർക്ക് തുടർന്നും ഈ പ്രവൃത്തിയിലേർപ്പെടുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കുമോയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പക്ഷിപ്പനി ബാധയെത്തുടർന്ന് താറാവ്-കോഴി കർഷകർക്ക് ഉണ്ടായിട്ടുള്ള നഷ്ടം കണക്കാക്കിയിട്ടില്ല. എന്നാൽ രോഗനിയന്ത്രണത്തിന്റെ ഭാഗമായി കർഷകരുടെ പക്ഷികളെ കൊന്ന് സംസ്കരിച്ച ഇനത്തിൽ 1,37,94,000 രൂപ നഷ്ടപരിഹാരമായി 8-12-2014 വരെ നൽകിയിട്ടുണ്ട്.

(ബി) രോഗംമൂലം മരണപ്പെടുന്ന പക്ഷികളുടെ ഉടമസ്ഥർക്കും രോഗവ്യാപനം തടയുന്നതിന്റെ ഭാഗമായി കൊല്ലപ്പെടുന്ന പക്ഷികളുടെ ഉടമസ്ഥർക്കും നഷ്ട പരിഹാരമായി 2 മാസം വരെ പ്രായമായവയ്ക്ക് 200 രൂപ നിരക്കിലും രണ്ട് മാസത്തിൽ താഴെ പ്രായമുള്ളവയ്ക്ക് 100 രൂപ നിരക്കിലും നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. കൂടാതെ കർഷകരെ സഹായിക്കുന്നതിനുള്ള ഒരു കർമ്മ പദ്ധതിക്ക് രൂപം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(സി) കർഷകരുടെ നഷ്ടത്തിനനുസൃതമായിട്ടാണ് സഹായം പ്രഖ്യാപിച്ചിട്ടുള്ളത്.

(ഡി) പക്ഷിപ്പനി ബാധയെത്തുടർന്ന് നഷ്ടം സംഭവിച്ച കർഷകരെ ഈ പ്രവൃത്തിയിലേയ്ക്ക് തിരികെ കൊണ്ടുവരുന്നതിന് ജനപ്രതിനിധികളുമായും കർഷക പ്രതിനിധികളുമായും ആശയവിനിമയം നടത്തി അഭിപ്രായ സമന്വയത്തിലൂടെ ആവശ്യമായ പദ്ധതികൾ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

## കടുത്തുരുത്തി വെറ്ററിനറി പോളി ക്ലിനിക്ക്

241 (3528) ശ്രീ. മോൻസ് ജോസഫ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടുത്തുരുത്തി വെറ്ററിനറി പോളിക്ലിനിക്ക് സ്ഥാപിക്കുന്നത് സംബന്ധിച്ച 34995/2013/AHG3 നമ്പർ ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷം എത്ര വെറ്ററിനറി പോളി ക്ലിനിക്കുകൾ പുതുതായി രൂപീകരിച്ചിട്ടുണ്ട് അവ ഏതെല്ലാം ; ഇനി എവിടെയെല്ലാം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു ;

(സി) കടുത്തുരുത്തി പോളി ക്ലിനിക്കിന് എത്ര പോസ്റ്റുകൾ അധികമായി വേണം ഇതിനുള്ള സർക്കാർ അനുമതി ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

### ഉത്തരം

(എ) കടുത്തുരുത്തി വെറ്ററിനറി പോളി ക്ലിനിക്ക് സ്ഥാപിക്കുന്നതിന് (9889/എ.എച്ച്.ജി.2/2013/എ.ഡി. നമ്പർ ഫയലിൽ) അസിസ്റ്റന്റ് ഡയറക്ടർ, ലാബ് ടെക്നിഷ്യൻ, ക്ലാർക്ക്, ഫീൽഡ് ഓഫീസർ എന്നീ 4 തസ്തികകൾ അധികമായി സൃഷ്ടിക്കേണ്ടതുണ്ട്. ഇതിലേക്കായി സർക്കാരിന് പ്രതിവർഷം ഏകദേശം 13,50,691 രൂപ അധിക സാമ്പത്തിക ബാധ്യതയുണ്ടാകും. ധനകാര്യ വകുപ്പിന്റെ ജി.ഒ.(പി) 400/14/ഫിൻ 19-9-2014 ഉത്തരവ് പ്രകാരം പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് 2015 മാർച്ച് 31 വരെ നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ട്. അതിനാൽ ഈ സാമ്പത്തിക വർഷം ഈ വിഷയം പരിഗണിക്കാൻ ആവില്ല.

(ബി) സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷം കൊല്ലം ജില്ലയിലെ അരിനെല്ലൂർ മൃഗാശുപത്രി വെറ്ററിനറി പോളി ക്ലിനിക്കായി ഉയർത്തിയിട്ടുണ്ട്. ജി.ഒ.(പി)400/14/ഫിൻ 19-9-2014 ഉത്തരവ് പ്രകാരം പുതുതായി തസ്തികകൾ സൃഷ്ടിക്കുന്നതിന് 2015 മാർച്ച് 31 വരെ നിയന്ത്രണമേർപ്പെടുത്തിയിട്ടുള്ളതിനാൽ പുതുതായി വെറ്ററിനറി പോളി ക്ലിനിക്കുകൾ രൂപീകരിക്കുന്നതിന് അനുമതി ഉടൻ നൽകാൻ നിർവ്വാഹമില്ല.

(സി) കടുത്തുരുത്തി പോളി ക്ലിനിക്കിന് അസിസ്റ്റൻറ് ഡയറക്ടർ, ലാബ് ടെക്നീഷ്യൻ, ക്ലാർക്ക്, ഫീൽഡ് ഓഫീസർ എന്നീ 4 തസ്തികകൾ അധികമായി

വേണം. ജി.ഒ.(പി) 400/14/ഫിൻ 19-9-2014 ഉത്തരവ് പ്രകാരം പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് 2015 മാർച്ച് 31 വരെ നിയന്ത്രണമേർപ്പെടുത്തിയിട്ടുള്ളതിനാൽ പുതുതായി തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകുന്നില്ല.

**കുട്ടനാട്ടിലെ താറാവ് രോഗം**

242 (3529) ശ്രീ. കെ. അജിത് : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാടൻ മേഖലയിൽ താറാവുകൾക്ക് രോഗം പടർന്നുപിടിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതുവരെ എത്രത്തോളം താറാവുകളാണ് ഈ രീതിയിൽ മരണപ്പെട്ടതെന്നും രോഗകാരണം എന്തെന്നും വ്യക്തമാക്കുമോ ;

(ബി) താറിവ് രോഗം പടർന്നു പിടിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) താറാവ് കർഷകർക്ക് ഏതു രീതിയിലുള്ള സഹായനടപടികളാണ് ഉറപ്പുവരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) കുട്ടനാട്ടിലെ താറാവ് സമ്പത്തിന് ഭീക്ഷണിയായ ഈ രോഗത്തിനുള്ള മരുന്നിന്റെ അമിത വില ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട് H5N1 ഇനത്തിൽപ്പെട്ട ഏവിയൻ ഇൻഫ്ലുവൻസ (പക്ഷിപ്പനി) യാണ് രോഗകാരണം. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിലെ രോഗബാധിത പ്രദേശങ്ങളിൽ 17,835 താറാവുകൾ രോഗംമൂലം മരണപ്പെട്ടിട്ടുണ്ട്.

(ബി) രോഗബാധിതപ്രദേശങ്ങളുടെ 1 കി. മീ. ദൂര പരിധിയിലുള്ള രോഗം ബാധിച്ചതും കൂടെയുണ്ടായിരുന്നതുമായ പക്ഷികളെയെല്ലാം കൊന്നൊടുക്കി ശാസ്ത്രീയമായി സംസ്കരിച്ചിട്ടുണ്ട്. ടി ജില്ലകളിലേയ്ക്കും പുറത്തേയ്ക്കുമുള്ള പക്ഷി, പക്ഷി ഉല്പന്നങ്ങൾ എന്നിവയുടെ കടത്ത് താത്ക്കാലികമായി നിരോധിച്ചു. ടി ജില്ലകളിലെ കർഷകർക്ക് പക്ഷിപ്പനിയെക്കുറിച്ചും പ്രതിരോധ മാർഗ്ഗങ്ങളെ കുറിച്ചും ക്ലാസ്സുകൾ നടത്തുകയും ലഘുലേഖകൾ, നോട്ടീസുകൾ എന്നിവ വിതരണം ചെയ്യുകയും, റേഡിയോ/പത്രമാധ്യമങ്ങളിലൂടെ ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. രോഗബാധയുള്ള സ്ഥലങ്ങളിൽ അണുനാശിനി പ്രയോഗവും

സാനിട്ടേഷൻ പ്രവർത്തനങ്ങളും നടത്തി.

(സി) താറാവുകർഷകർക്ക് രോഗം ബാധിച്ചതുമൂലം കൊന്ന താറാവുകളിൽ 2 മാസം വരെ പ്രായമായവയ്ക്ക് 200 രൂപ നിരക്കിലും, രണ്ടു മാസത്തിൽ താഴെ പ്രായമുള്ളവയ്ക്ക് 100 രൂപ നിരക്കിലും നഷ്ടപരിഹാരം നൽകി. രോഗബാധമൂലം മരണപ്പെട്ട താറാവുകൾക്കും ഇതേ നിരക്കിൽ നഷ്ടപരിഹാരം നൽകും. നശിപ്പിക്കപ്പെട്ട താറാവുമുട്ടയ്ക്കും മുട്ടക്കുഞ്ഞുങ്ങൾക്കും 5 രൂപ നിരക്കിൽ സഹായം അനുവദിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ഡി) താറാവുകൾക്ക് മരുന്നു നൽകുന്ന വ്യവസ്ഥ നിലവിലില്ല. രോഗപ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ആളുകൾക്കാണ് പ്രതിരോധ മരുന്ന് നൽകുന്നത്. ആവശ്യമായ മരുന്ന് ആരോഗ്യവകുപ്പ് ലഭ്യമാക്കിയിട്ടുണ്ട്.

## പക്ഷിപ്പനിയും സാധ്യതാപഠന റിപ്പോർട്ടും

243 (3530) ശ്രീ. കെ. വി. വിജയദാസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ പക്ഷിപ്പനി പടരുന്നതിനുമുമ്പ്, പക്ഷിപ്പനി സാധ്യതാ റിപ്പോർട്ടുകൾ ലഭിച്ചിരുന്നോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) അപ്രകാരം ലഭിച്ച റിപ്പോർട്ടിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) പക്ഷിപ്പനിയുടെ വിവരം മുൻകൂട്ടി അറിഞ്ഞിട്ടും വേണ്ടത്ര മുൻകരുതൽ എടുക്കുന്നതിൽ വീഴ്ച സംഭവിച്ചു എന്ന് വിലയിരുത്തുന്നുണ്ടോ ;

(ഡി) താറാവ് കർഷകർക്ക് വന്നു ചേർന്നിട്ടുള്ള നഷ്ടം പൂർണ്ണമായും നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം നൽകുമോ ?

### ഉത്തരം

(എ) കേരളത്തിൽ പക്ഷിപ്പനി പടരുന്നതിനുമുമ്പ് പക്ഷിപ്പനി സാധ്യതാ റിപ്പോർട്ടുകൾ ലഭിച്ചിരുന്നില്ല. ദേശാടന പക്ഷികളിൽ നിന്നും വളർത്തുന്ന പക്ഷികളിൽനിന്നും ശേഖരിക്കുന്ന സാമ്പിളുകൾ ബാംഗ്ലൂരിലെ സതേൺ റീജിയണൽ ഡിസീസ് ഡയഗ്നോസ്റ്റിക്ക് ലബോറട്ടറിയിൽ പരിശോധനയ്ക്ക് അയച്ചിരുന്നുവെങ്കിലും പക്ഷിപ്പനിയുടെ വൈറസിന്റെ സാന്നിദ്ധ്യം അറിയിച്ചിരുന്നില്ല.

(ബി) ബാധകമല്ല.

(സി) വീഴ്ച സംഭവിച്ചിട്ടില്ല.

(ഡി) താറാവ് കർഷകർക്ക് പക്ഷിപ്പനി ബാധമൂലം നഷ്ടപ്പെട്ട താറാവുകളിൽ 2 മാസം വരെ പ്രായമായവയ്ക്ക് 200 രൂപ നിരക്കിലും, രണ്ടു മാസത്തിൽ താഴെ പ്രായമുള്ളവയ്ക്ക് 100 രൂപ നിരക്കിലും നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. കൂടാതെ നശിപ്പിക്കപ്പെട്ട മുട്ടകൾക്കും, മുട്ടക്കുഞ്ഞുങ്ങൾക്കും 5 രൂപ ക്രമത്തിലും നഷ്ട പരിഹാരം നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

**പക്ഷിപ്പനിയും ആശങ്കകളും**

244 (3531) <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പക്ഷിപ്പനിമൂലം ഉണ്ടായ ആശങ്കകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഇതുമൂലം താറാവ്, കോഴി കർഷകർക്ക് ഉണ്ടായ നഷ്ടത്തിന് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഈ രോഗത്തിനെ നേരിടുന്നതിനുള്ള മരുന്നുകൾ ആവശ്യത്തിന് അനുവദിക്കുമോ ?

<u>ഉത്തരം</u>

(എ) രോഗം റിപ്പോർട്ട് ചെയ്ത ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ രോഗബാധിത പ്രദേശത്തിന്റെ 1 കി. മീ. ദൂരപരിധിക്കുള്ളിലെ രോഗം ബാധിച്ചതും കൂടെയുണ്ടായിരുന്നതുമായ പക്ഷികളെയെല്ലാം കൊന്നൊടുക്കി ശാസ്ത്രീയമായി സംസ്കരിച്ചിട്ടുണ്ട്. ടി ജില്ലകളിലേയ്ക്കും പുറത്തേയ്ക്കുമുള്ള പക്ഷി, പക്ഷി ഉല്പന്നങ്ങൾ എന്നിവയുടെ കടത്ത് താല്ക്കാലികമായി നിരോധിച്ചു. ടി ജില്ലകളിലെ കർഷകർക്ക് പക്ഷിപ്പനിയെക്കുറിച്ചും പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചും ബോധവൽക്കരണം നടത്തി. നഷ്ടപ്പെട്ട പക്ഷികളുടെ ഉടമസ്ഥർക്ക് നഷ്ടപരിഹാരം നൽകി. കർഷകരുടെ ആശങ്ക അകറ്റി അവരെ വീണ്ടും താറാവ് കൃഷിയിലേയ്ക്ക് മടക്കിക്കൊണ്ടു വരുന്നതിനുള്ള കർമ്മ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതാണ്.

(ബി) പക്ഷിപ്പനിമൂലം നഷ്ടപ്പെട്ട പക്ഷികൾക്ക് 2 മാസം വരെ പ്രായമായവയ്ക്ക് 200 രൂപ നിരക്കിലും, രണ്ടു മാസത്തിൽ താഴെ പ്രായമുള്ളവയ്ക്ക് 100 രൂപ നിരക്കിലും നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. കൂടാതെ നശിപ്പിക്കപ്പെട്ട മുട്ടകൾക്കും, മുട്ടക്കുഞ്ഞുങ്ങൾക്കും 5 രൂപ ക്രമത്തിലും നഷ്ടപരിഹാരം നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(സി) രോഗപ്രതിരോധത്തിനാവശ്യമായ മരുന്നുകൾ ആരോഗ്യ വകുപ്പ് ആവശ്യാനുസരണം ലഭ്യമാക്കുന്നുണ്ട്.

**പക്ഷിപ്പനിയും പ്രതിരോധ പ്രവർത്തനവും**

245 (3532) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പടർന്ന് പിടിച്ച പക്ഷിപ്പനിമൂലം എത്ര താറാവുകളാണ് ചത്തത് ; എത്ര എണ്ണത്തിനെയാണ് കൊലപ്പെടുത്തിയത് ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) എത്ര രൂപയാണ് സംസ്ഥാന സർക്കാർ നഷ്ടപരിഹാരമായി നൽകിയത് ;

(സി) പനി പടർന്നു പിടിക്കാതിരിക്കാനും മനുഷ്യരിലേയ്ക്ക് വ്യാപിക്കാതിരിക്കാനും സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) പക്ഷിപ്പനി സ്ഥിരീകരിച്ച സ്ഥലങ്ങളിൽ മൊത്തം 17,835 താറാവുകൾ ചത്തുപോയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ജില്ല തിരിച്ചുള്ള കണക്കുകൾ

1. ആലപ്പുഴ - 13673
2. പത്തനംതിട്ട - 213
3. കോട്ടയം - 3949

കൊന്ന താറാവുകളുടെ ആകെ എണ്ണം - 266733 (ഇതിൽ 24627 മുട്ട, താറാവുകുഞ്ഞുങ്ങളും ഉൾപ്പെടുന്നു)

ജില്ല തിരിച്ചുള്ള കണക്കുകൾ

1. കോട്ടയം - 12214

2. പത്തനംതിട്ട - 5043

3. ആലപ്പുഴ - 2,49,476

(മുട്ട, താറാവുകുഞ്ഞുങ്ങൾ ഉൾപ്പെടെ)

(ബി) 8-12-2014 വരെ 1,37,94,000 രൂപ കർഷകർക്ക് നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്.

(സി) രോഗവ്യാപനം തടയുന്നതിനുവേണ്ടി പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ രോഗബാധിത പ്രദേശത്തിന്റെ 1 കി. മീ. ദൂരപരിധിയിലുള്ള രോഗം ബാധിച്ചതും കൂടെയുണ്ടായിരുന്നതുമായ പക്ഷികളെയെല്ലാം കൊന്നൊടുക്കി ശാസ്ത്രീയമായി സംസ്കരിച്ചിട്ടുണ്ട്. ടി ജില്ലകളിലേയ്ക്കും പുറത്തേയ്ക്കുമുള്ള പക്ഷി, പക്ഷി ഉല്പന്നങ്ങൾ എന്നിവയുടെ കടത്ത് താൽക്കാലികമായി നിരോധിച്ചു. ടി ജില്ലകളിലെ കർഷകർക്ക് പക്ഷിപ്പനിയെ കുറിച്ചും പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചും ക്ലാസ്സുകൾ നടത്തുകയും, ലഘുലേഖകൾ, നോട്ടീസുകൾ എന്നിവ വിതരണം ചെയ്യുകയും, റേഡിയോ, പത്രമാധ്യമങ്ങളിലൂടെ ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്.

**പക്ഷിപ്പനിയും പ്രതിരോധവും**

246 (3533) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീമതി ജമീലാ പ്രകാശം:
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ പക്ഷിപ്പനി ഏതെല്ലാം ഇടങ്ങളിൽ പടർന്നുപിടിച്ചു എന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) പക്ഷിപ്പനിയെ പ്രതിരോധിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) താറാവ്, കോഴി ഇനങ്ങളിലും മറ്റുമായി എത്ര പക്ഷികൾ രോഗം മൂലം കൊല്ലപ്പെട്ടുവാനും പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി എത്ര പക്ഷികളെ കൊന്നൊടുക്കി എന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) പക്ഷികൾ നഷ്ടപ്പെട്ട കർഷകർക്ക് എത്ര രൂപയുടെ ധനസഹായം ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട് ;

(ഇ) സർക്കാർ നിശ്ചയിച്ചിട്ടുള്ള നഷ്ടപരിഹാര തുക തീരെ അപര്യാപ്തമാണെന്ന കർഷകരുടെ പരാതി പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) കേരളത്തിൽ ആലപ്പുഴ ജില്ലയിലെ പുറക്കാട്, ചെന്നിത്തല, തലവടി എന്നിവിടങ്ങളിലും, കോട്ടയം ജില്ലയിലെ അയ്മനം, കുമരകം, ആർപ്പൂക്കര എന്നിവിടങ്ങളിലും പത്തനംതിട്ട ജില്ലയിലെ പെരിങ്ങരയിലും പക്ഷിപ്പനി ബാധിച്ചു.

(ബി) പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ രോഗബാധിത പ്രദേശത്തിന്റെ 1 കി. മീ. ദൂരപരിധിയിലുള്ള രോഗം ബാധിച്ചതും കൂടെയുണ്ടായിരുന്നതുമായ പക്ഷികളെയെല്ലാം കൊന്നൊടുക്കി ശാസ്ത്രീയമായി സംസ്കരിച്ചിട്ടുണ്ട്. ടി ജില്ലകളിലേയ്ക്കും പുറത്തേയ്ക്കുമുള്ള പക്ഷി, പക്ഷി ഉല്പന്നങ്ങൾ എന്നിവയുടെ കടത്ത് താത്ക്കാലിമായി നിരോധിച്ചു. പക്ഷികളെ കൊല്ലുന്നതും സംസ്കരിക്കുന്നതുമായ പ്രക്രിയകളിൽ ഏർപ്പെടുന്നവർക്ക് രോഗം പകരാതിരിക്കാനുള്ള പ്രതിരോധ മരുന്ന് വിതരണം ചെയ്തിട്ടുണ്ട്. ഇവരുടെ ആരോഗ്യ പരിശോധനകൾ നിത്യേന നടത്തിവരുന്നുണ്ട്. പക്ഷിപ്പനി നിയന്ത്രിക്കുന്നതിന് ആവശ്യമായ മരുന്നുകൾ, സംരക്ഷണ ആവരണങ്ങൾ (പി.പി.ഇ. കിറ്റുകൾ) മുതലായവ സ്വരൂപിച്ച് മൂന്ന് ജില്ലകളിൽ അടിയന്തരമായി എത്തിക്കാൻ നടപടികൾ സ്വീകരിച്ചു. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നിവിടങ്ങളിൽ ഐസൊലേഷൻ ആശുപത്രി സംവിധാനം, പ്രത്യേകം നിയോഗിക്കപ്പെട്ട ഡോക്ടർമാർക്ക് ആവശ്യമായ സംവിധാനങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. ടി ജില്ലകളിലെ കർഷകർക്ക് പക്ഷിപ്പനിയെക്കുറിച്ചും പ്രതിരോധ മാർഗ്ഗങ്ങളെ കുറിച്ചും ക്ലാസ്സുകൾ നടത്തുകയും, ലഘുലേഖകൾ, നോട്ടീസുകൾ എന്നിവ വിതരണം ചെയ്യുകയും, റേഡിയോ/ പത്രമാധ്യമങ്ങളിലൂടെ ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്.

(സി) <u>രോഗംമൂലം ചത്തുപോയ പക്ഷികളുടെ കണക്ക് ജില്ല തിരിച്ച്</u>

1. കോട്ടയം 3949
2. പത്തനംതിട്ട 213

3. ആലപ്പുഴ 13,673

<u>കൊന്നൊടുക്കിയ പക്ഷികളുടെ കണക്ക്</u>

1. കോട്ടയം 16129
2. പത്തനംതിട്ട 5241
3. ആലപ്പുഴ 2,51,262

(ഡി) പക്ഷികൾ നഷ്ടപ്പെട്ട കർഷകർക്ക് 8-12-2014 വരെ 1,37,94,000 രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്.

(ഇ) സർക്കാർ നിശ്ചയിച്ചിട്ടുള്ള നഷ്ടപരിഹാരതുക തീരെ അപര്യാപ്തമാണെന്ന കർഷകരുടെ പരാതി ലഭിച്ചിട്ടില്ല.

**ചേലക്കര മണ്ഡലത്തിൽ വെറ്ററിനറി കോളേജ്**

247 (3534) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര മണ്ഡലത്തിൽ ഒരു വെറ്ററിനറി കോളേജ് ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന പ്രസ്താവന സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ ;

(ബി) എങ്കിൽ അതിന്റെ നടപടികൾ ഏതുവരെയായെന്നും എപ്പോൾ മുതൽ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്നും വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇതിന് ആവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ വെറ്ററിനറി സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്.

**അച്ചടി വകുപ്പിലെ സ്പെഷ്യൽ റൂൾസ്**

248 (3535) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അച്ചടി വകുപ്പ് (സാങ്കേതിക വിഭാഗം) നിലവിൽ പ്രവർത്തിച്ചുവരുന്നത് ഏതു വർഷത്തിൽ അംഗീകരിച്ച സ്പെഷ്യൽ റൂൾസ് പ്രകാരമാണെന്ന് അറിയിക്കുമോ ;

(ബി) പുതുക്കിയ സ്പെഷ്യൽ റൂൾസ് നിയമസഭാ സമിതി അംഗീകരിച്ചതാണോ എന്ന് വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ സ്പെഷ്യൽ റൂൾസ് കരട് അടിസ്ഥാനമാക്കി സ്ഥാനക്കയറ്റവും സ്ഥലംമാറ്റങ്ങളും അനുവദിക്കുന്നതിന് കാരണം വിശദീകരിക്കുമോ ;

(ഡി) പ്രസ്തുത സ്പെഷ്യൽ റൂൾസ് കരട് നടപ്പാക്കുന്നതിന് മുൻകാല പ്രാബല്യം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള നിയമസാധുത വ്യക്തമാക്കാമോ ;

(ഇ) സ്പെഷ്യൽ റൂൾസ് ഡ്രാഫ്റ്റ് നടപ്പാക്കുന്നതിന് മുൻകാല പ്രാബല്യം നൽകുന്ന ഏതെങ്കിലും കോടതി ഉത്തരവുകൾ നിലവിലുണ്ടോ എന്നറിയിക്കുമോ ?

<u>ഉത്തരം</u>

(എ) 1976-ലെ സ്പെഷ്യൽ റൂൾ അനുസരിച്ചാണ് അച്ചടി വകുപ്പിലെ സാങ്കേതിക വിഭാഗം പ്രവർത്തിച്ചുവന്നിരുന്നത്. എന്നാൽ OP 4484/01, 14124/2000, 18719/2002, 25357/2002, 26559/2001, 28990/2001 എന്നിവയിന്മേലുള്ള <u>ബഹു</u>. ഹൈക്കോടതിയുടെ 6-1-2009-ലെ ഉത്തരവ് പ്രകാരം ഗവൺമെന്റ് പ്രസ്സുകളിലെ നിയമനങ്ങൾ കരട് സ്പെഷ്യൽ റൂൾ പ്രകാരമായിരിക്കണം നടത്തേണ്ടത് എന്ന് ഉത്തരവായിട്ടുണ്ട്. OP(KAT) 2906/2013, 3432/2013, എന്നിവയിന്മേലുള്ള <u>ബഹു</u>. ഹൈക്കോടതിയുടെ 5-2-2014-ലെ ഉത്തരവിൽ സർക്കാർ പ്രസ്സിലെ എല്ലാ നിയമനങ്ങളും സ്ഥാനക്കയറ്റങ്ങളും കരട് സ്പെഷ്യൽ റൂൾസ് പ്രകാരം ആയിരിക്കണമെന്ന് ഉത്തരവാകുകയും തദനുസരണം അച്ചടി വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) അംഗീകരിച്ചിട്ടില്ല.

(സി&ഡി) 6-1-2009, 5-2-2014 എന്നീ തീയതികളിലെ <u>ബഹു</u>. കേരള ഹൈക്കോടതിയുടെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കരട് സ്പെഷ്യൽ റൂൾ പ്രകാരം നിയമനങ്ങളും സ്ഥാനക്കയറ്റവും നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) 6-1-2009-ലെ <u>ബഹു</u>. ഹൈക്കോടതി വിധിപ്രകാരം കരട് സ്പെഷ്യൽ സ്റ്റൂൾ ടി തീയതി മുതൽ പ്രാബല്യം നൽകി നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## അച്ചടി വകുപ്പിലെ സാങ്കേതികവിഭാഗം ജീവനക്കാരുടെ സ്പെഷ്യൽ റൂൾ പരിഷ്കരണ നടപടികൾ

249 (3536) <u>ശ്രീ. പാലോട് രവി</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ :

(എ) അച്ചടി വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ സ്പെഷ്യൽ റൂൾ പരിഷ്കരണ നടപടികൾ എത്ര വർഷം മുൻപാണ് ആരംഭിച്ചത് ;

(ബി) പി. എസ്.സി. എന്നാണ് സ്പെഷ്യൽ റൂൾ അംഗീകരിച്ചത് ;

(സി) സ്പെഷ്യൽ റൂൾ പരിഷ്കരണ നടപടികൾ എന്ന് നടപ്പിലാക്കാൻ കഴിയും വിശദമാക്കുമോ ?

ഉത്തരം

(എ) 1996 മുതലാണ് റൂൾ പരിഷ്കരിക്കുവാൻ ആരംഭിച്ചത്.

(ബി) 8-6-2009-ലാണ് പി.എസ്.സി. കേരള ഗവൺമെന്റ് പ്രസ്സസ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിന്റെ കരട് അംഗീകരിച്ചത്.

(സി) കേരള ഗവൺമെന്റ് പ്രസ്സസ് സബോർഡിനേറ്റ് സർവ്വീസ് റൂൾ എത്രയും വേഗം പുറപ്പെടുവിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 6-1-2009-ലെ ഒ.പി. 4484/2001, 14124/2000, 18719/2002, 25357/2002, 26559/2001, 28990/2001 എന്നിവയിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ വിധി പ്രകാരം കരട് സ്പെഷ്യൽ റൂൾ അനുസരിച്ച് നിയമനങ്ങളും സ്ഥാനക്കയറ്റങ്ങളും നടത്തുന്നതിന് അച്ചടി വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഗവൺമെന്റ് പ്രസ്സുകളിലെ മാന്വവൽ പരിഷ്കരണത്തിന് നടപടി**

250 (3537) ശ്രീ. പാലോട് രവി : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് പ്രസ്സുകളിലെ മാന്വവൽ പരിഷ്കരിക്കുവാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ ;

(സി) ഈ സാമ്പത്തികവർഷം പ്രസ്സ് മാന്വവൽ പരിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) 20-9-2012-ലെ തീയതിയിലെ സ.ഉ.(സാധാ) നമ്പർ 2082/12/

ഉ.വി.വ. 15-10-2012 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 2206/2012/ഉ.വി.വ. എന്നീ ഉത്തരവുകൾ പ്രകാരം ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ട് ശ്രീ. കെ. പി. മണിലാലിനെ പ്രസ്സ് മാനുവൽ പരിഷ്കരിക്കുന്നതിനുള്ള സ്പെഷ്യൽ ഓഫീസറായി നിയമിച്ചിരുന്നു. എന്നാൽ അച്ചടി വകുപ്പിന്റെ നവീകരണത്തെ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് നൽകാൻ നിയോഗിച്ച ഇന്ദിരാ ചന്ദ്രശേഖർ ചെയർപേഴ്സണായ കമ്മിറ്റി 11-5-2011-ൽ സമർപ്പിച്ച റിപ്പോർട്ടിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള പ്രസ്സ് മാനുവൽ പരിഷ്കരിച്ച് ഭേദഗതി ചെയ്യുന്നതിനും നിലവിലുള്ള സ്പെഷ്യൽ റൂൾ പരിഷ്കരിക്കുന്നതിലേക്കുമായി മറ്റൊരു കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനിച്ചിരുന്നു. Productivity Council-ന്റെ work study നടക്കുന്നതിനാൽ പ്രസ്തുത റിപ്പോർട്ടു കൂടി ലഭ്യമായ ശേഷം അനന്തര നടപടികൾ സ്വീകരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

### പ്രസ്സുകളുടെ ആധുനികവല്ക്കരണം

251 (3538) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സർക്കാരിന്റെ എന്തെല്ലാം അച്ചടി ജോലികൾ ഗവൺമെന്റ് പ്രസ്സുകളിൽ നിന്ന് മാറ്റികൊണ്ടു പോയിട്ടുണ്ട് ;

(ബി) ലോട്ടറി ടിക്കറ്റ്, പാഠപുസ്തകങ്ങൾ, ബിവറേജസ് കോർപ്പറേഷന്റ് സെക്യൂരിറ്റി ലാബലുകൾ തുടങ്ങിയവ സർക്കാർ പ്രസ്സുകളിൽ പൂർണ്ണമായി അച്ചടിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

#### ഉത്തരം

(എ) ഗവൺമെന്റ് പ്രസ്സുകളിൽ അച്ചടിച്ചുവന്നിരുന്ന റേഷൻകാർഡിന്റെ അച്ചടി ജോലി ഇപ്പോൾ ലഭ്യമാക്കിയിട്ടില്ല.

(ബി) ലോട്ടറി ടിക്കറ്റ്, ബിവറേജസ് കോർപ്പറേഷന്റെ സെക്യൂരിറ്റി ലേബലുകൾ

എന്നിവ പൂർണ്ണമായി അച്ചടിക്കുവാനുള്ള സംവിധാനങ്ങൾ ഗവൺമെന്റ് പ്രസ്സുകളിൽ നിലവിലില്ല. പാഠപുസ്തകങ്ങളുടെ അച്ചടി ഇപ്പോൾ കേരള ബുക്ക്സ് & പബ്ളിക്കേഷൻസ് സൊസൈറ്റിയിലാണ് നടന്നുവരുന്നത്.

**തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതം**

252 (3539) ശ്രീ. സി. ദിവാകരൻ :

ശ്രീ. കെ. അജിത് :

ശ്രീ. വി. ശശി :

ശ്രീ. ചിറ്റയം ഗോപകുമാർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി വിഹിതം എത്ര കോടിയാണ് ;

(ബി) സർക്കാർ ഗ്രാന്റിനത്തിൽ ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾക്കും, മുനിസിപ്പാലിറ്റികൾക്കും, കോർപ്പറേഷനുകൾക്കും ഈ വർഷം എത്ര തുക വീതം അനുവദിച്ചു ; ഇതിൽ എത്ര തുക നൽകി ; ഇനി എത്ര നൽകാനുണ്ട് ;

(സി) തദ്ദേശ സ്ഥാപനങ്ങൾക്ക് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനോ മുൻകൂർ പണം നൽകുന്നതിനോ അടിയന്തര മെയിന്റനൻസ് നടത്തുന്നതിനോ കഴിയാത്ത സാഹചര്യം ഇപ്പോൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തു നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സാമ്പത്തിക വർഷം തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം (വികസനവും അഭിവൃദ്ധിപ്പെടുത്തലും) 4700 കോടി രൂപയാണ്.

(ബി)

| പദ്ധതി വിഹിതം (വികസനവും അഭിവൃദ്ധിപ്പെടുത്തലും) (തുക രൂപയിൽ) | | | |
|---|---|---|---|
| പദ്ധതി വിഹിതം | സംസ്ഥാന ബഡ്ജറ്റ് | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ | സംസ്ഥാന ബഡ്ജറ്റ് |

| | വിഹിതം | പബ്ലിക് അക്കൗണ്ടിലേക്ക് നൽകിയ തുക | വിഹിതത്തിൽ ഇനി നൽകാനുള്ള തുക |
|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 25,95,59,39,000 | 11,18,31,61,500 | 14,77,27,77,500 |
| ബ്ലോക്ക് പഞ്ചായത്ത് | 6,22,98,46,000 | 4,34,69,17,400 | 1,88,29,28,600 |
| ജില്ലാ പഞ്ചായത്ത് | 6,22,98,46,000 | 4,32,17,58,000 | 1,90,80,88,000 |
| നഗരസഭ | 4,82,38,48,000 | 2,02,17,37,200 | 2,80,21,10,800 |
| മുനിസിപ്പൽ കോർപ്പറേഷൻ | 3,76,05,21,000 | 1,78,19,85,800 | 1,97,85,35,200 |

(സി) ഇല്ല. മെയിന്റനൻസ് ഫണ്ടിന്റെ ഒമ്പതാം ഗഡുവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പബ്ലിക് അക്കൗണ്ടുകളിലേക്ക് നൽകി കഴിഞ്ഞു. ഇനി ഒരു ഗഡു മാത്രമേ നൽകാനുള്ളൂ.

**പൊതുകളിസ്ഥലം ഇല്ലാത്ത ഗ്രാമപഞ്ചായത്തുകൾ**

253 (3540) ശ്രീ. സാജു പോൾ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതു കളിസ്ഥലം ഇല്ലാത്ത ഗ്രാമപഞ്ചായത്തുകൾക്ക് അവ നിർമ്മിക്കാൻ സർക്കാർ ധനസഹായം നൽകുമോ ;

(ബി) പൊതുകളിസ്ഥലം ഇല്ലാത്ത എത്ര ഗ്രാമ പഞ്ചായത്തുകൾ സംസ്ഥാനത്ത് നിലവിൽ ഉണ്ട് ; അവ ഏതൊക്കെയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) കളിസ്ഥലം നിർമ്മിക്കുന്നതിന് സർക്കാർ വക ഭൂമി വിട്ടുനൽകാൻ നടപടി സ്വീകരിക്കുമോ ;

(ഡി) സർക്കാർ ഭൂമി കളിസ്ഥലത്തിനു ലഭ്യമാക്കുവാൻ ഏതെങ്കിലും ഗ്രാമ പഞ്ചായത്തുകൾ സർക്കാരിനെ സമീപിച്ചിട്ടുണ്ടോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**പുതിയ ഗ്രാമപഞ്ചായത്തുകൾ**

254 (3541) ശ്രീ. എ. എ. അസീസ് :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിസ്തൃതി കൂടിയ ഗ്രാമ പഞ്ചായത്തുകൾ വരുന്ന തെരഞ്ഞെടുപ്പിന് മുമ്പ്

രണ്ടാക്കി പുതിയവ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പുതിയ ഗ്രാമപഞ്ചായത്ത് രൂപീകരിക്കുന്ന പ്രക്രിയ എന്നത്തേക്ക് ആരംഭിക്കും ;

(സി) പുതിയ ഗ്രാമപഞ്ചായത്ത് രൂപീകരണത്തിനായി പഠനം നടത്തിയിട്ടുണ്ടോ ? വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) പുതിയ ഗ്രാമപഞ്ചായത്തുകളുടെ രൂപീകരണത്തിനായുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല. ആയതിനുവേണ്ടിയുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

(സി) ഗ്രാമപഞ്ചായത്തുകൾ വിഭജിക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

**സ്നേഹിത**

255 (3542) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബശ്രീയുടെ നേതൃത്വത്തിൽ സ്നേഹിത പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ആർക്കെല്ലാമാണ് പദ്ധതി വഴി സഹായം ലഭിക്കുന്നത് ; വിശദമാക്കാമോ ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് സ്ത്രീകൾക്ക് ഈ പദ്ധതി മുഖേന ലഭ്യമാകുന്നത് ; വിശദാംശങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. അതിക്രമങ്ങൾക്കും ചൂഷണങ്ങൾക്കും വിവേചനങ്ങൾക്കും വിധേയരായ സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ കൗൺസിലിംഗ്, താത്ക്കാലിക അഭയം, അടിയന്തരഘട്ടങ്ങളിൽ നിയമസഹായം ലഭ്യമാക്കുന്നതിന് നിലവിലുള്ള സഹായ സംവിധാനങ്ങളുമായി ബന്ധപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ 3 ജില്ലകളിൽ (തിരുവനന്തപുരം, എറണാകുളം, മലപ്പുറം) പൈലറ്റ് അടിസ്ഥാനത്തിൽ

സ്നേഹിത ഹെൽപ്പ് ഡെസ്കുകൾ ആരംഭിച്ച് പ്രവർത്തിച്ചുവരുന്നു. വയനാട്, ഇടുക്കി ജില്ലയിൽ കൂടി സ്നേഹിത ഹെൽപ്പ് ഡെസ്കുകൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്.

(ബി) അതിക്രമങ്ങൾക്കും ചൂഷണങ്ങൾക്കും വിവേചനങ്ങൾക്കും വിധേയരാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കുമാണ് ഈ സംരംഭത്തിന്റെ സഹായം ലഭ്യമാകുന്നത്.

(സി) മറ്റ് സ്ഥലങ്ങളിൽ നിന്നും യാത്ര ചെയ്തുവരുന്ന സ്ത്രീകൾക്ക് ആവശ്യമായ പിന്തുണാ നിർദ്ദേശങ്ങൾ നൽകുക (താമസം, സ്ഥലങ്ങൾ - സ്ഥാപനങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ) ഉപജീവനം - അതിജീവനം - സുരക്ഷ തുടങ്ങിയവയ്ക്കായി ഏതെങ്കിലും സർക്കാർ-സർക്കാരേതര സ്ഥാപനങ്ങളുടെ സേവനം ആവശ്യമായ സ്ത്രീകൾക്ക് വേണ്ട മാർഗ്ഗനിർദ്ദേശം നൽകുന്ന ഒരു സർവീസ് സെന്ററായി പ്രവർത്തിക്കുക, ഹ്രസ്വമായ താമസസൗകര്യം, ആവശ്യമായ നിയമോപദേശം, കൗൺസിലിംഗ് എന്നിവയാണ് ഇപ്പോൾ 'സ്നേഹിത' സംരംഭം വഴി നൽകുന്ന സൗകര്യങ്ങൾ.

**പുനർവിന്യാസം വഴി തദ്ദേശഭരണ വകുപ്പിൽ ടൈപ്പിസ്റ്റ്**

256 (3543) ശ്രീമതി പി. അയിഷാ പോറ്റി : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത്, ജലസേചനം എന്നീ വകുപ്പുകളിൽനിന്നും പുനർവിന്യാസം വഴി എത്രപേർ തദ്ദേശ ഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് മിനിസ്റ്റീരിയൽ വഭാഗത്തിൽ ടൈപ്പിസ്റ്റ് തസ്തികകളിൽ നിയമിതരായിട്ടുണ്ട് ;

(ബി) പ്രസ്തുത ജീവനക്കാരെ സർക്കാർ തീരുമാനപ്രകാരം മാതൃവകുപ്പിലേക്ക് തിരിച്ചയച്ചതിനാൽ എത്ര ഒഴിവുകൾ നാളിതുവരെ PSC- ക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ട് ; മുഴുവൻ ഒഴിവും PSC- ക്ക് റിപ്പോർട്ടു ചെയ്യാൻ നടപടി സ്വീകരിക്കുമോ ;

(സി) ഗ്രാമപഞ്ചായത്തുകളിൽ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എഞ്ചിനീയറിംഗ് മിനിസ്റ്റീരിയൽ വിഭാഗത്തിൽ അവശേഷിക്കുന്ന ടൈപ്പിസ്റ്റ് ഒഴിവുകൾ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളായി ഡൗൺ ഗ്രേഡ് ചെയ്ത് ഒഴിവുകൾ PSC -ക്ക് റിപ്പോർട്ടു ചെയ്യുമോ ?

ഉത്തരം

(എ) പൊതുമരാമത്ത്, ജലസേചനം എന്നീ വകുപ്പുകളിൽനിന്നും പുനർവിന്യാസം വഴി 65 പേർ തദ്ദേശ സ്വയം ഭരണ എഞ്ചിനീയറിംഗ് വിംഗിൽ ടൈപ്പിസ്റ്റ് തസ്തികയിൽ നിയമിതരായിട്ടുണ്ട്.

(ബി) തദ്ദേശ സ്വയം ഭരണ എഞ്ചിനീയറിംഗ് വിംഗിൽ നാളിതുവരെ

70 ടൈപ്പിസ്റ്റ് ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വിംഗിൽ നിലവിലുള്ള മുഴുവൻ ഒഴിവുകളും പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി&ഡി) ഇക്കാര്യത്തിൽ തീരുമാനമെടുക്കുവാൻ കൂടുതൽ പരിശോധന ആവശ്യമാണ്.

**ഇ.എം.എസ്. സമ്പൂർണ്ണ പാർപ്പിട പദ്ധതി**

257 (3544) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇ.എം.എസ് സമ്പൂർണ്ണ പാർപ്പിട പദ്ധതി പ്രകാരം നിർമ്മാണം ആരംഭിച്ച എല്ലാ വീടുകൾക്കും ധനസഹായം വിതരണം ചെയ്ത് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടോ ; എങ്കിൽ ഈ സർക്കാർ അതിനുവേണ്ടി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് പറയാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭവന നിർമ്മാണ പദ്ധതി ആരംഭിച്ചിട്ടുണ്ടോയെന്നും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര വീടുകൾക്ക് ധനസഹായം അനുവദിച്ചുവെന്നും ; എത്ര വീടുകൾ നിർമ്മാണം പൂർത്തിയാക്കിയെന്നും വിശദമാക്കാമോ ?

**ഉത്തരം**

(എ) പൂർത്തിയാക്കിയിട്ടില്ല. മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം കരാർ വച്ച് ഭവന നിർമ്മാണം പൂർത്തീകരിക്കാത്തവരുടെ ഭവന നിർമ്മാണം 31-3-2015- ന് മുമ്പായി പൂർത്തികരിക്കുന്നതിന് നടപടികൾ സ്വികരിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത പദ്ധതിക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിൽ ചെലവഴിക്കാതെ കിടക്കുന്ന തുക അടിയന്തിരമായി ചെലവഴിക്കുന്നതിനും, പ്രസ്തുത തുക ഉപയോഗിച്ച് എല്ലാ ഗഡുക്കളും കൊടുത്ത് തീർക്കാത്തവർക്ക് ബാക്കി ഗഡു ഉണ്ടെങ്കിൽ ആയത് കൊടുക്കേണ്ടതാണെന്നും ശേഷിക്കുന്ന തുക വായ്പാ തിരിച്ചടവിന് വിനിയോഗിക്കണമെന്നും, ആയതിന് ശേഷവും മിച്ചമുണ്ടെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം ഏറ്റെടുക്കുന്ന പുതിയ ഭവന പദ്ധതിക്ക് ഉപയോഗിക്കാവുന്നതാണെന്നും വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇ.എം.എസ്. ഭവന പദ്ധതിക്ക് പകരമായി പുതിയ ഭവന

പദ്ധതികളൊന്നും വിഭാവനം ചെയ്തിട്ടില്ല. എന്നാൽ ഐ.എ.വൈ. അല്ലാതെ മറ്റ് ഭവന പദ്ധതികൾ നിലവിലില്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചില വ്യവസ്ഥകൾക്ക് വിധേയമായി പുതിയ ഭവന പദ്ധതികൾ ഏറ്റെടുക്കാൻ 11-3-2013 -ലെ സ.ഉ(എം എസ്.) 83/13/ത.സ്വഭവ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

**ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി**

258 (3545) <u>ശ്രീ. എസ്. ശർമ്മ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി പ്രകാരം വായ്പ എടുത്തവർക്ക് കാലാവധിക്കു മുമ്പ് വായ്പ ഒരുമിച്ച് അടച്ചുകഴിഞ്ഞാൽ പ്രമാണം തിരിച്ചു നൽകുവാൻ ഉള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനായി എത്ര അപേക്ഷകൾ വൈപ്പിൻ മണ്ഡലത്തിൽ നിന്നും ലഭിച്ചിട്ടുണ്ട് ; ഇവർ ആരൊക്കെയാണ് ; ഈ അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തുകളാണ് വായ്പയെടുത്ത് ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നത്. ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കുകയോ, സ്ഥലം വാങ്ങാൻ ധനസഹായം നൽകുകയോ ചെയ്യുമ്പോൾ വസ്തുവിന്റെ ആധാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേർക്ക് പണയപ്പെടുത്തുകയോ, ഗ്രാമപഞ്ചായത്തുകളിൽ സൂക്ഷിക്കുകയോ ചെയ്യുന്നില്ല. അനുവദിക്കുന്ന സ്ഥലത്തിന്റെ/വീടിന്റെ അന്യാധീനപ്പെടുത്തലും കൈമാറ്റവും 12 വർഷത്തേക്ക് ഒഴിവാക്കുന്നതിന് നിശ്ചിത മാതൃകയിൽ ഗുണഭോക്താവ് ഒരു കരാർ പത്രം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ എഴുതി സബ് രജിസ്റ്റാർ ഓഫീസിൽ രജിസ്റ്റർ ചെയ്യുകയാണ് ചെയ്യുന്നത്. കരാർ റദ്ദ് ചെയ്യുന്നതിന് ലഭിച്ച അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) വൈപ്പിൻ മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ നിന്നും പഞ്ചായത്ത് ഡയറക്ടർ മുഖേന ഇ.എം.എസ്. ഭവന പദ്ധതി കരാർ റദ്ദ് ചെയ്യുന്നതിന് 6 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

1. ശ്രീ.ദാസൻ, വെളുത്തേടത്ത് പറമ്പിൽ, ചേറായി, പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്.

2. ശ്രീ.വിനോദ്, ടിയാളുടെ ഭാര്യ ക്ഷണി, കളത്തിപറമ്പിൽ, ചേറായി, പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്.

3. ശ്രീമതി മിനിദിലീപ്, കടവിൽ, ചേറായി, പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത്.

4. ശ്രീ. രാജേഷ്, കിഴക്കേത്തറയിൽ, ചേറായി, പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്.

5. ശ്രീമതി ട്രീസ മാത്യൂ (കർമ്മല) പാടമാട്ടുമ്മേൽ, പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്.

6. ആന്റണി S/o ജോൺ, മഠത്തിപറമ്പിൽ, നായരമ്പലം ഗ്രാമപഞ്ചായത്ത്.

ഇതിൽ ക്രമനമ്പർ 1 മുതൽ 3 വരെയുള്ള അപേക്ഷകളിൽ അപേക്ഷകർ കൈപ്പറ്റിയ തുക പലിശ സഹിതം തിരിച്ചടച്ചിട്ടുണ്ടെന്ന് ഉറപ്പാക്കിയ ശേഷം വായ്പാകരാർ റദ്ദാക്കി നൽകാൻ ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ക്രമനമ്പർ 4 മുതൽ 6 വരെയുള്ള അപേക്ഷകൾ പരിശോധനാ ഘട്ടത്തിലാണ്. ശ്രീ. എസ്. ശർമ്മ, എം.എൽ.എ. ലഭ്യമാക്കിയ ശ്രീ.ഷിബു, S/o കണ്ടച്ചൻ, മറ്റപ്പിള്ളി എന്നിവരുടെ അപേക്ഷ തീർപ്പാക്കി കരാർപത്രം റദ്ദാക്കി നൽകുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്.

## ജി.ഐ.എസ്. സാങ്കേതിക വിദ്യ ഉപയോഗിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികളുടെ രൂപരേഖ

259 (3546) ഡോ. ടി. എം. തോമസ് ഐസക്:
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. പി. റ്റി. എ. റഹീം : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി. ഐ.എസ്. സാങ്കേതിക വിദ്യ ഉപയോഗിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികളുടെ രൂപരേഖ തയ്യാറാക്കാനുള്ള തീരുമാനം നടപ്പാക്കിയിട്ടുണ്ടോ ;

(ബി) ആസ്തി വിവരം തയ്യാറാക്കുന്നതിനും കാലാനുസൃതമാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) റോഡ് മാപ്പിംഗിനും കെട്ടിടങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ തയ്യാറാക്കുന്നതിനും സംസ്ഥാനത്ത് യോഗ്യതയുള്ള ഏതെല്ലാം സ്ഥാപനങ്ങളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് ; ഇവയുടെ പുരോഗതി വിശദമാക്കാമോ ; എത്ര ശതമാനം തദ്ദേശ സ്ഥാപനങ്ങൾ ഇവ പൂർത്തിയാക്കിയിട്ടുണ്ട് ; വിശദമാക്കാമോ;

(ഡി) ഇതു സംബന്ധിച്ച് സംസ്ഥാന ധനകമ്മീഷൻ നൽകിയ ശിപാർശകൾ എന്തെല്ലാമായിരുന്നു ; ഇതിന്റെയടിസ്ഥാനത്തിൽ നൽകിയ മാർഗ്ഗ നിർദ്ദേശങ്ങൾ വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി സംബന്ധിച്ച രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിച്ച് പരിപാലിക്കേണ്ടതിന്റെ ആവശ്യകത മുൻനിർത്തി 2005-ൽ സർക്കാർ MGP യുടെ ഭാഗമായി ആസ്തി രജിസ്റ്ററുകൾ തയ്യാറാക്കുന്നതിന് സ.ഉ.(എം.എസ്)നമ്പർ 363/2005/തസ്വഭവ നമ്പർ ഉത്തരവ് 2-12-2005-ൽ പുറപ്പെടുവിച്ചു. പ്രസ്തുത ഉത്തരവ് പ്രകാരം രജിസ്റ്ററുകൾ കില, കുടുംബശ്രീ എന്നിവയുടെ സഹായത്തോടെ സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഇൻഫർമേഷൻ കേരള മിഷൻ ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റിയെങ്കിലും ആസ്തികളുടെ സംസ്ഥാനതല ക്രോഡീകരണം വിവിധ കാരണങ്ങളാൽ സാധ്യമാകാത്തതിനെത്തുടർന്ന് അവ ഡിജിറ്റൽ രൂപത്തിൽ പരിപാലിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ഫാറങ്ങളും ഉൾപ്പെട്ട സർക്കുലർ പുറപ്പെടുവിക്കുകയുണ്ടായി തുടർന്ന് ഡിജിറ്റൽ രൂപത്തിലാക്കപ്പെട്ട ആസ്തി രജിസ്റ്ററുകൾ സാംഖ്യ ഡബിൾ എൻട്രി അക്കൗണ്ടിംഗുമായി യോജിപ്പിച്ച് പ്രവർത്തിപ്പിക്കുന്നതിന് സംസ്ഥാനതലത്തിൽ ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പുരോഗതി വിലയിരുത്തുന്നതിനും മറ്റ് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർപേഴ്സണും തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കൺവീനറുമായി പത്തംഗ മോണിറ്ററിംഗ്

സമിതി രൂപീകരിക്കുകയും ചെയ്തു. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയും ആസ്തികൾ സംബന്ധിച്ച് വ്യക്തമായ രേഖ തയ്യാറാക്കി സൂക്ഷിക്കുകയും അത് ഡിജിറ്റലൈസ് ചെയ്യുന്നതിലൂടെ വിവര ശേഖരണത്തിൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കുകയും ചെയ്യുന്നതിന് സാധിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ സംരക്ഷിക്കപ്പെടുകയും, ആയതു സംബന്ധിച്ച വിവരങ്ങൾ കൃത്യമായി ലഭിക്കുകയും ചെയ്യുന്നു.

(സി) ബാധകമല്ല.

(ഡി) ബാധകമല്ല.

**ജനന സർട്ടിഫിക്കറ്റിൽ മാതാപിതാക്കളുടെ പേരുകളിൽ അക്ഷരത്തെറ്റ്**

260 (3547) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ഡോ. എൻ. ജയരാജ്</u> :
<u>ശ്രീ. പി. സി. ജോർജ്</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു പഞ്ചായത്തുകളിൽ നിന്ന് ലഭിക്കുന്ന ജനന സർട്ടിഫിക്കറ്റിൽ മാതാപിതാക്കളുടെ പേരുകളിൽ അക്ഷരത്തെറ്റ് ഉണ്ടായാൽ അത് തിരുത്തി നല്കുന്നതിനുള്ള നടപടി എന്താണ് ;

(ബി) ജനന സർട്ടിഫിക്കറ്റിൽ മാതാവിന്റെ പേരിൽ അക്ഷരതെറ്റ് ഉണ്ടായാൽ അത് തിരുത്തി നല്കുന്നതിന് പഞ്ചായത്തിൽ അപേക്ഷ നല്കിയാൽ അത് തിരുത്തി നല്കുന്നതിന് തടസ്സമുണ്ടോ ; വിശദമാക്കുമോ ;

(സി) ഇത്തരം കേസുകളിൽ കെട്ടിക്കിടക്കുന്ന അപേക്ഷകളിൽ തീർപ്പുകല്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ചീഫ് രജിസ്ട്രാറുടെ 8-12-2010-ലെ ബി 1-20741/09 നമ്പർ സർക്കുലറിലെ ഖണ്ഡിക 7(3) പ്രകാരം രജിസ്ട്രേഷനുകളിലെ ക്ലറിക്കൽ തെറ്റുകൾ രജിസ്ട്രാറുടെ ശ്രദ്ധയിൽപ്പെടുമ്പോഴോ ബന്ധപ്പെട്ട കക്ഷികൾ അപേക്ഷ നൽകുമ്പോഴോ അക്കാര്യം അന്വേഷിച്ച് ബോധ്യപ്പെട്ട് ബന്ധപ്പെട്ട വസ്തുതയുടെ നിജസ്ഥിതി തെളിയിക്കുന്നതിനാവശ്യമായ രേഖകൾ (തെളിവുകൾ) അപേക്ഷകൻ ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിലുള്ള തെറ്റുകൾ തിരുത്താവുന്നതാണ്. ഇത്തരത്തിലുള്ള

തിരുത്തലുകൾക്കായി ബന്ധപ്പെട്ട കക്ഷികൾ രജിസ്ട്രേഷനിലെ തിരുത്തൽ വരുത്തേണ്ട വസ്തുതയെ സംബന്ധിക്കുന്ന സത്യവാങ്മൂലം, അവ തെളിയിക്കുന്ന രേഖ (സ്കൂൾ രേഖ അല്ലെങ്കിൽ ആധാരം, പെൻഷൻ പേയ്മെന്റ് ഓർഡർ, ഗവ സർവ്വീസിൽ ജോലി ചെയ്യുന്നവരാണെങ്കിൽ അവിടെ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റ്, സമ്മതിദായക പട്ടിക, ഇലക്ടറൽ തിരിച്ചറിയൽ കാർഡ്, റേഷൻ കാർഡ് എന്നിവയിൽ ഏതെങ്കിലും) എന്നിവയോടുകൂടി രജിസ്ട്രാർക്ക് സമർപ്പിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ തിരുത്തൽ വരുത്താവുന്നതാണ്. അപേക്ഷിക്കുന്ന കക്ഷി തിരുത്തേണ്ട വസ്തുത സംബന്ധിച്ച് ബോധ്യമുള്ള രണ്ട് വിശ്വസനീയരായ വ്യക്തികളുടെ സത്യപ്രസ്താവന ഹാജരാക്കേണ്ടതാണ്. (വിശ്വസനീയ വ്യക്തികൾ എന്നാൽ ഗസറ്റഡ് ഉദ്യോഗസ്ഥൻമാർ, ജനപ്രതിനിധികൾ, അദ്ധ്യാപകർ, ഡോക്ടർമാർ, അഭിഭാഷകർ എന്നിവരാണ്). 1970-ന് മുൻപുള്ള ജനന മരണ രജിസ്ട്രേഷനുകളിലെ എല്ലാ തിരുത്തലുകൾക്കും ചീഫ് രജിസ്ട്രാറുടെ അനുമതി വാങ്ങേണ്ടതാണ്. കൂടാതെ കുട്ടികളുടെ മാതാപിതാക്കളുടെ പേരിൽ ഉണ്ടാകുന്ന തെറ്റുകൾ, മേൽവിലാസത്തിൽ ഉണ്ടാകുന്ന സ്പെല്ലിംഗ് മിസ്റ്റേക്കുകൾ തുടങ്ങിയ തെറ്റുകൾ തിരുത്തുന്നതിന് നോട്ടറി, 2 ഗസ്റ്റഡ് ഓഫീസർമാർ, വില്ലേജ് ഓഫീസർ എന്നിവരുടെ സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ വിശദമായ അന്വേഷണം നടത്തിയും മറ്റ് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും രജിസ്ട്രേഷനുകളിൽ 31-5-2013-ലെ 50817/ആർ.ഡി3/12/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം തിരുത്തൽ വരുത്താവുന്നതാണ്.

(ബി) ചീഫ് രജിസ്ട്രാറുടെ 8-12-2010-ലെ ബി1-20741/09 നമ്പർ സർക്കുലറിലെ ഖണ്ഡിക 7(3) പ്രകാരം രജിസ്ട്രേഷനുകളിലെ ക്ലറിക്കൽ തെറ്റുകൾ രജിസ്ട്രാറുടെ ശ്രദ്ധയിൽപ്പെടുമ്പോഴോ ബന്ധപ്പെട്ട കക്ഷികൾ അപേക്ഷ നൽകുമ്പോഴോ അക്കാര്യം അന്വേഷിച്ച് ബോധ്യപ്പെട്ട് ബന്ധപ്പെട്ട വസ്തുതയുടെ നിജസ്ഥിതി തെളിയിക്കുന്നതിനാവശ്യമായ രേഖകൾ (തെളിവുകൾ) അപേക്ഷകൻ ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിലുള്ള തെറ്റുകൾ തിരുത്താവുന്നതാണ്. ഇത്തരത്തിലുള്ള തിരുത്തലുകൾക്കായി ബന്ധപ്പെട്ട കക്ഷികൾ രജിസ്ട്രേഷനിലെ തിരുത്തൽ വരുത്തേണ്ട വസ്തുതയെ സംബന്ധിക്കുന്ന സത്യവാങ്മൂലം, അവ തെളിയിക്കുന്ന രേഖ (സ്കൂൾ രേഖ അല്ലെങ്കിൽ ആധാരം, പെൻഷൻ പേയ്മെന്റ് ഓർഡർ, ഗവ സർവ്വീസിൽ ജോലി ചെയ്യുന്നവരാണെങ്കിൽ അവിടെ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റ്, സമ്മതിദായക പട്ടിക, ഇലക്ടറൽ തിരിച്ചറിയൽ കാർഡ്, റേഷൻ കാർഡ് എന്നിവയിൽ ഏതെങ്കിലും) എന്നിവയോടുകൂടി രജിസ്ട്രാർക്ക് സമർപ്പിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ തിരുത്തൽ വരുത്താവുന്നതാണ്. അപേക്ഷിക്കുന്ന കക്ഷി തിരുത്തേണ്ട വസ്തുത സംബന്ധിച്ച് ബോധ്യമുള്ള രണ്ട് വിശ്വസനീയരായ വ്യക്തികളുടെ സത്യപ്രസ്താവന ഹാജരാക്കേണ്ടതാണ് (വിശ്വസനീയ

വ്യക്തികൾ എന്നാൽ ഗസറ്റഡ് ഉദ്യോഗസ്ഥൻമാർ, ജനപ്രതിനിധികൾ, അദ്ധ്യാപകർ, ഡോക്ടർമാർ, അഭിഭാഷകർ എന്നിവരാണ്). 1970-ന് മുൻപുള്ള ജനന മരണ രജിസ്ട്രേഷനുകളിലെ എല്ലാ തിരുത്തലുകൾക്കും ചീഫ് രജിസ്ട്രാറുടെ അനുമതി വാങ്ങേണ്ടതാണ്.

(സി) സംസ്ഥാനത്തെ 978 ഗ്രാമപഞ്ചായത്തുകളിൽ ഇത്തരത്തിൽ അപേക്ഷകൾ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**നിലം നികത്തിയ സ്ഥലത്ത് മറ്റു കെട്ടിടനിർമ്മാണം**

261 (3548) ശ്രീ. വി. ശിവൻകുട്ടി : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുങ്കിടവിള ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ബ്ലോക്ക് നമ്പർ 35-ൽ തണ്ടപ്പേർ നമ്പർ 328. റീസർവ്വേ 51/1 ൽ 00.07.00,51/2 ൽ 00.05.40 ആർ നിലം നികത്തിയ സ്ഥലത്ത് കെട്ടിടം നിർമ്മിക്കാൻ അപേക്ഷ നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ആരാണ് പ്രസ്തുത അപേക്ഷ നൽകിയതെന്നും എന്നാണ് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയതെന്നും അറിയിക്കുമോ;

(സി) നിലം നികത്തിയ സ്ഥലത്ത് വീടുവയ്ക്കാനല്ലാതെ മറ്റ് ആവശ്യങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ അനുമതി നൽകാറുണ്ടോ ; പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിന് അത്തരത്തിലുള്ള അനുമതിയാണോ നൽകിയിട്ടുള്ളത് ;

(ഡി) നിലം നികത്തിയ സ്ഥലത്ത് മറ്റു കെട്ടിട നിർമ്മാണം നടത്താൻ വ്യവസ്ഥയുണ്ടോ ;

(ഇ) ഇല്ലെങ്കിൽ പ്രസ്തുത കെട്ടിടനിർമ്മാണത്തിന് അനുമതി നൽകിയവർക്കെതിരെ നടപടി സ്വീകരിക്കുമോ; കെട്ടിടനിർമ്മാണ പെർമിറ്റ് റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പെരുങ്കടവിള വില്ലേജിൽ റീ സർവ്വേ നമ്പർ 51/1/1, 51/2/1 ഉൾപ്പെട്ട 4 ആർ 0.5 ചതുരശ്ര മീറ്റർ പുരയിടത്തിൽ കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷ പെരുങ്കടവിള ഗ്രാമപഞ്ചായത്തിൽ ലഭിച്ചിട്ടുണ്ട്.

(ബി) റൂറൽ ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന സ്ഥാപനത്തിനുവേണ്ടി അതിന്റെ പ്രസിഡന്റ് ശ്രീ. കെ. സോമൻ നായർ എന്ന ആളാണ് അപേക്ഷ നൽകിയിട്ടുള്ളത്. 22-9-2012-ൽ ഗ്രാമ പഞ്ചായത്തിൽ

നിന്നും എൻ.ഒ.സി. നൽകിയിട്ടുണ്ട്.

(സി) അല്ല.

(ഡി) ഇല്ല.

(ഇ) കെട്ടിടനിർമ്മാണാനുമതി നൽകിയിട്ടുള്ളത് രേഖകൾ പ്രകാരം പുരയിടമായ സ്ഥലത്താണ്. മേൽ സാഹചര്യത്തിൽ പെർമിറ്റ് റദ്ദാക്കേണ്ടതില്ല.

**പൊതു ശ്മശാനങ്ങൾ**

262 (3549) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ പൊതുശ്മശാനങ്ങൾ ഇല്ലാത്ത പഞ്ചായത്തുകൾ ഉണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) നിലവിൽ ഏതെല്ലാം പഞ്ചായത്ത് മുനിസിപ്പാലിറ്റികളിലാണ് പൊതുശ്മശാനങ്ങൾ ഉള്ളത് എന്ന് വ്യക്തമാക്കാമോ ; പ്രസ്തുത പൊതുശ്മശാനങ്ങൾ ഏതൊക്കെ പ്രദേശത്താണെന്നും പറയാമോ ;

(സി) പുതിയ പൊതു ശ്മശാനങ്ങൾ അനുവദിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് ഉള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. കാഞ്ഞങ്ങാട് മണ്ഡലത്തിലെ പൊതുശ്മശാനങ്ങളില്ലാത്ത ഗ്രാമപഞ്ചായത്തുകൾ ബളാൽ, കള്ളാർ, പനത്തടി എന്നിവയാണ്.

(ബി) പൊതു ശ്മശാനങ്ങളുള്ള കാഞ്ഞങ്ങാട് മണ്ഡലത്തിലെ പഞ്ചായത്തുകളും അവയുടെ പ്രദേശങ്ങളും ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പഞ്ചായത്ത് | പ്രദേശം |
|---|---|---|
| (1) | (2) | (3) |
| 1 | അജാനൂർ | മാവുങ്കൽ |
| 2 | ബദിയടുക്ക | ചെന്നാർകട്ടെ, മുക്കംപാറ, സീതാംഗോളി, വിഷ്ണമൂർത്തി, നഗർബേള, വിദ്യാഗിരി. |
| 3 | ബേഡഡുക്ക | കൊളത്തൂർ, കുണ്ടംകുഴി, ചെമ്പക്കാട് |

| | | |
|---|---|---|
| 4 | ദേലമ്പാടി | അഡൂർ, പാണ്ടി |
| 5 | ഈസ്റ്റ് എളേരി | കടുമേനി |
| 6 | കയ്യൂർ ചീമേനി | അടുവേനി, മുഴക്കോം, നാലിലാംകണ്ടം, നാലുകുന്ന്, കള്ളപ്പാത്തി, തിമിരി. |
| 7 | കിനാനൂർ കരിന്തളം | തലയടുക്കം, പൂരിപ്പാറ, കൊണ്ടോട്ടി |
| 8 | കാറഡുക്ക | പൂവടുക്ക |
| 9 | കോടോംബേളൂർ | ഗാഡില്ലഡെ, നടുവങ്ങാടി |
| 10 | കുമ്പള | കുമ്പള |
| 11 | മധൂർ | കേളുഗുഡെ, ശിരിബാഗിലു, ഉദയഗിരി, മധൂർ |
| 12 | മടിക്കൈ | എരിക്കുളം |
| 13 | മംഗൽപാടി | ചെറുഗോളി, ഷിറിയ, പച്ചിലംപാറ, ബന്തിയോട്, ഐലമൈതാൻ |
| 14 | മഞ്ചേശ്വരം | ഹൊസങ്കടി, അംബേദ്കർ, ഉദ്യാർമാട, ശാന്തിനഗർ, ഇടിയ, മുള്ളഗുഡെ, വാമഞ്ചൂർ |
| 15 | മീഞ്ച | ബേരിക്ക |
| 16 | മൊഗ്രാൽപുത്തൂർ | ബ്ലാർക്കോട് |
| 17 | പടന്ന | ഉദിനൂർ |
| 18 | പള്ളിക്കര | മവ്വൗൽ |
| 19 | പീലിക്കോട് | വലിയപൊയിൽ, എടാച്ചേരി, മട്ടലായി |
| 20 | പുല്ലൂർ പെരിയ | കണ്ണോത്ത്, കറ്റാടത്ത് പാറ |
| (1) | (2) | (3) |
| 21 | പുത്തിഗെ | പെർണ, ബാസൂർ |
| 22 | തൃക്കരിപ്പൂർ | ഇളമ്പച്ചി |
| 23 | ഉദുമ | കരിപ്പോടി, നാലാംവാതുക്കൽ, കോടികടപ്പുറം |
| 24 | വലിയപറമ്പ | പടന്ന കടപ്പുറം |
| 25 | വോർക്കാടി | അരിബെയിൽ |
| 26 | എൻമകജെ | തളിക്കുണ്ട്, ബജകുട് ലു, കാട്ടുമുക്ക്. |

മുനിസിപ്പാലിറ്റികളിലെ പൊതുശ്മശാനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് വരുന്നു.

(സി) കേരള പഞ്ചായത്ത് രാജ് (ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ 1998 പ്രകാരം പുതിയ ശ്മശാനങ്ങൾ അനുവദിക്കുന്നുണ്ട്.

## ടൗൺ ആന്റ് കൺട്രി പ്ലാനിംഗ്

263 (3550) <u>ശ്രീ. എ. കെ. ബാലൻ</u> :താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് എന്ന പുതിയ സംവിധാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടി രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിൻെറ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഇതിൻെറ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;

(സി) ആസൂത്രണ ബോർഡ് ഈ സംവിധാനം ശിപാർശ ചെയ്തിട്ടുണ്ടോ ;

(ഡി) ഈ സംവിധാനം നിലവിൽ വന്നാൽ നിലവിൽ പ്രവർത്തിക്കുന്ന ജില്ലാ പ്ലാനിംഗ് ഓഫീസുകൾക്ക് പ്രസക്തിയുണ്ടോ ;

(ഇ) പുതിയ ഈ സംവിധാനം നടപ്പിലാക്കുന്നതിന് മുമ്പ് രാഷ്ട്രീയ പാർട്ടികളുമായോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായോ ചർച്ച ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) തീരുമാനിച്ചിട്ടുണ്ട്. കേരളാ ഗവർണർ 2014 ജൂലൈ 20-ാം തീയതി ദി കേരളാ ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ് 2014 (ഓർഡിനൻസ് 16/2014) വിളംബരപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ വിജ്ഞാപനം (2014 ജൂലൈ 20-ലെ 19904/ലെഗ്.സി1/2013/നിയമം നമ്പരായുള്ളത്) 1859-ാം നമ്പരായിട്ടുള്ള 2014 ജൂലൈ 20-ലെ കേരള ഗസറ്റ് (അസാധാരണം)-ൽ ആധികാരികമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) 1 സംസ്ഥാനത്തെ നഗരങ്ങളിലെയും ഗ്രാമങ്ങളിലെയും ഭൂമിയുടെ സ്ഥലസംബന്ധമായ ആസൂത്രണത്തിനും വികസനത്തിനും ഉപയോഗത്തിനും വേണ്ടിയുള്ള നയരൂപികരണം സംബന്ധിച്ച കാര്യങ്ങളിന്മേൽ സർക്കാരിനെ ഉപദേശം നൽകുക.

2 ജില്ലാ ആസൂത്രണ കമ്മിറ്റികളും, മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റികളും, ഏതെങ്കിലുമുണ്ടെങ്കിൽ അവയ്ക്ക് സ്പേഷ്യൽ പ്ലാനിങ്ങ് സംബന്ധിച്ച മാർഗ്ഗനിർദ്ദേശവും ഉപദേശവും നൽകുക.

3 സംസ്ഥാനത്തിനുവേണ്ടിയുള്ള ദീർഘവീക്ഷണ പ്ലാനിന്റെ അടിസ്ഥാനത്തിൽ വിവിധ സർക്കാർ വകുപ്പുകളുടെയും അർദ്ധ സർക്കാർ ഏജൻസികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സ്ഥലസംബന്ധമായ ആസൂത്രണവും വികസനപ്രവർത്തനങ്ങളും ഏകോപിപ്പിക്കുകയും നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുക, ടൗൺ ആന്റ് കൺട്രി പ്ലാനിങ്ങ് ഓർഡിനൻസിന്റെ കീഴിലുള്ള സംസ്ഥാന ദീർഘവീക്ഷണപ്ലാൻ തയ്യാറാക്കുക. എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ.

(സി) ഇല്ല.

(ഡി) ജില്ലാ പ്ലാനിംഗ് ഓഫീസുകളുടെ പ്രസക്തിയെപ്പറ്റി ടി ഓർഡിനൻസിൽ പ്രതിപാദിക്കുന്നില്ല.

(ഇ) 2014 ഫെബ്രുവരി 11- ന് ദി കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ് പുനർവിളംബരപ്പെടുത്തിയ ശേഷം, ടി ഓർഡിനൻസിന്റെ അനുകൂലവും പ്രതികൂലവുമായ വശങ്ങൾ (pros and cons) വിവിധ ഫോറങ്ങളിൽ ചർച്ച ചെയ്യുകയും, ദി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൗൺ പ്ലാനേഴ്സ് ഇന്ത്യയുടെ കേരളാ ചാപ്റ്റർ വിശദമായ റിവ്യൂ സമർപ്പിക്കുകയും, സർക്കാർ വിവിധ ചർച്ചകൾ നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ടി ഓർഡിനൻസിന്റെ (16/2014) കരട് തയ്യാറാക്കിയത്. തുടർന്ന് പുതിയ ഓർഡിനൻസ് ഗവർണർ വിളംബരപ്പെടുത്തിയിട്ടുണ്ട്.

**ഗ്രാമയാത്രാ പദ്ധതി**

264 (3551) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ആർ. സെൽവരാജ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമയാത്രാ പദ്ധതിക്കു രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത് ;

വിശദാംശങ്ങൾ നൽകാമോ ;

(സി) എത്ര പഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി പൂർത്തിയാക്കിയിട്ടുണ്ട് ; വിശദമാക്കുമോ ;

(ഡി) ശേഷിക്കുന്ന പഞ്ചായത്തുകളിൽ പദ്ധതി പൂർത്തിയാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) സർക്കാരിന്റെ 12-1-2012-ലെ സ.ഉ.(സാധാ.) നമ്പർ 135/12/ത.സ്വഭവ. ഉത്തരവുപ്രകാരം ഗ്രാമയാത്ര പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

കേരളത്തിലെ 134 നിയമസഭാ നിയോജകമണ്ഡലങ്ങളിലെ തെരഞ്ഞെടുക്കപ്പെടുന്ന ഓരോ പഞ്ചായത്തിലെ ഒരു വാർഡിൽ വിശേഷാൽ ഗ്രാമസഭ ചേർന്നുകൊണ്ടാണ് ഗ്രാമയാത്ര നടത്തുന്നത്. ഈ വിശേഷാൽ ഗ്രാമസഭ ചേരുന്നതിനുമുമ്പ് ആ നിയോജക മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും, വയോജനങ്ങൾ, വനിതകൾ, യുവജനങ്ങൾ, വിദ്യാർത്ഥികൾ എന്നിവരുടെ പ്രത്യേക ഗ്രാമസഭകൾ ചേർന്ന് ഗ്രാമയാത്രയിൽ പങ്കെടുക്കുന്നതിനുള്ള പ്രതിനിധികളെ തെരഞ്ഞെടുക്കുന്നു. പ്രസ്തുത ഗ്രാമയാത്രയിൽ ബന്ധപ്പെട്ട നിയമസഭാ നിയോജക മണ്ഡലത്തിലെ വിവിധതലത്തിലുള്ള ജനപ്രതിനിധികളെക്കൂടി പങ്കെടുപ്പിക്കുന്നു. ഗ്രാമയാത്രയുടെ സംഘാടകർക്ക് ആവശ്യമായ പരിശീലനം കിലയിൽ നിന്നും നൽകി വരുന്നു. ഗ്രാമയാത്രയുടെ വിജയകരമായ നടത്തിപ്പിനായി ജില്ലാതലമണ്ഡലതല സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടർ ഓഫീസിൽ ഗ്രാമയാത്ര പരാതി പരിഹാരസെൽ രൂപീകരിച്ചിട്ടുമുണ്ട്.

(ബി) ഗ്രാമസഭകളെ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഗ്രാമയാത്രകൾ നടത്തുന്നത്. ഭരണത്തിൽ പരമാവധി ജനപങ്കാളിത്തം ഉറപ്പുവരുത്തുക എന്നതാണ് അധികാര വികേന്ദ്രീകരണത്തിന്റെ ആത്യന്തികമായ ലക്ഷ്യം. ഇതു കൈവരിക്കുന്നതിനായി ഗ്രാമസഭകളെ കൂടുതൽ ജനപങ്കാളിത്തമുള്ളവയാക്കുകയും ഗ്രാമസഭകളുടെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്യുക എന്നുള്ളതാണ് ഗ്രാമയാത്ര പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം.

(സി) 30 നിയമസഭാ നിയോജക മണ്ഡലങ്ങളിൽ ഗ്രാമയാത്ര പൂർത്തീകരിച്ചിട്ടുണ്ട്. ഓരോ നിയമസഭാമണ്ഡലത്തിലും ഉൾപ്പെട്ട എല്ലാ പഞ്ചായത്തുകളുടേയും പങ്കാളിത്തത്തോടെയാണ് ടി മണ്ഡലങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ഒരു പഞ്ചായത്തിലെ ഒരു വാർഡിൽ ഗ്രാമയാത്ര നടത്തുന്നത്. ആയതിനാൽ ഇതുവരെ

ഗ്രാമയാത്ര പൂർത്തിയായ 30 മണ്ഡലങ്ങളിലായി 224 പഞ്ചായത്തുകളിൽ ഗ്രാമയാത്ര പദ്ധതി പൂർത്തിയായി.

(ഡി) ശേഷിക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമയാത്രകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**അഞ്ച് സെന്റിൽ കുറവുള്ള ഭൂമിയിലെ ഗൃഹനിർമ്മാണം**

265 (3552) ശ്രീ. പി. ഉബൈദുള്ള : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമിയുടെ തരവും അവസ്ഥയും മനസ്സിലാക്കാതെയും നിയമത്തെക്കുറിച്ചുള്ള അജ്ഞതയും കാരണം അഞ്ച് സെൻറിൽ താഴെ ഭൂമി വാങ്ങി ഗൃഹ നിർമ്മാണം തുടങ്ങിയവർ അനുമതി ലഭിക്കാതെ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത കേസ്സുകളിൽ മനുഷ്യത്വപരമായ സമീപനം സ്വീകരിച്ച് വീട് നിർമ്മാണത്തിന് എത്രയുംവേഗം അനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. 125 ച.മീറ്ററിൽ കുറവുള്ള സ്ഥലത്ത് നടത്തുന്ന നിർമ്മാണങ്ങൾക്ക് ഇളവുകൾ നൽകുന്നതിന് കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നു എന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കെട്ടിടനിർമ്മാണത്തിനായി സ്ഥലം വാങ്ങുമ്പോഴും, വീടുകൾ, ഫ്ലാറ്റുകൾ, കടമുറികൾ എന്നിവ വാങ്ങുമ്പോഴും പൊതുജനങ്ങൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച് 3-11-2007, 27-11-2013 എന്നീ തീയതികളിലെ സർക്കുലർ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ പത്രമാധ്യമങ്ങളിലും, തദ്ദേശസ്വയം ഭരണ വകുപ്പിന്റെ വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**പുതിയ ഗ്രാമപഞ്ചായത്തുകളുടെ രൂപീകരണം**

266 (3553) ശ്രീമതി പി. അയിഷാ പോറ്റി : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകൾ പുതുതായി രൂപീകരിക്കുന്നതിന് ആലോചനയുണ്ട് ;

(ബി) പുത്തൂർ ആസ്ഥാനമാക്കി പുതിയ പഞ്ചായത്ത് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

(ബി) പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുന്ന സമയത്ത് ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

**തുടർ സാക്ഷരതാ പരിപാടി**

267 (3554) ശ്രീ. എം. എ. ബേബി :
ശ്രീ. ടി. വി. രാജേഷ് :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ തുടർ സാക്ഷരതാ പരിപാടിയുടെ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; പ്രസ്തുത പരിപാടി എന്ന് ആരംഭിച്ചതാണ് ;

(ബി) പ്രസ്തുത മേഖലയിൽ ജോലി ചെയ്യുന്ന പ്രേരക്മാരുടെ സേവന വേതന വ്യവസ്ഥകളെ സംബന്ധിച്ച് വിശദമാക്കാമോ ; നിലവിലുള്ള സേവന വേതന വ്യവസ്ഥകൾ തൃപ്തികരമാണെന്ന് കരുതുന്നുണ്ടോ ;

(സി) പ്രേരക്മാരുടെ സേവന വേതന വ്യവസ്ഥകളിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണിക്കുമോ ;

പതിനാറു വർഷത്തിൽ കൂടുതലായി പ്രേരക്മാരായി പ്രവർത്തിക്കുന്നവരെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല. എന്നാൽ 1998-ൽ സംസ്ഥാന സാക്ഷരതാ മിഷന്റെ നേതൃത്വത്തിൽ ആരംഭിച്ച തുടർ വിദ്യാഭ്യാസ പരിപാടി സംസ്ഥാന സാക്ഷരതാ മിഷൻ വിലയിരുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. പ്രേരക്മാർക്ക് നിലവിൽ നൽകിവരുന്ന ഓണറേറിയം അപര്യാപ്തമാണെന്ന് കണ്ടതിനാൽ സർക്കാർ രണ്ട് ഘട്ടങ്ങളായി വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്.

(സി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(ഡി) ഇവരെ സ്ഥിരപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതം

268 (T*3555) ശ്രീ. എളമരം കരീം : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തേക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ 2014 സെപ്റ്റംബർ 30 വരെ എത്ര ശതമാനം തുക ചെലവഴിച്ചു ; വിശദമാക്കാമോ ;

(ബി) ശേഷിക്കുന്ന തുക ഈ സാമ്പത്തിക വർഷം ചെലവഴിക്കുമെന്ന് ഉറപ്പുണ്ടോ ?

ഉത്തരം

(എ) 30-9-2014 വരെ താത്ക്കാലിക കണക്ക് പ്രകാരം പതിനാലു ശതമാനം തുക (667.19 കോടി രൂപ) ചെലവഴിച്ചു.

(ബി) ശേഷിക്കുന്ന തുക ഈ സാമ്പത്തിക വർഷം ചെലവഴിക്കുമെന്ന് ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ വികസന പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നുവെന്ന പരാതി

269(3556) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ അസിസ്റ്റൻറ് എഞ്ചിനീയർ, ഓവർസിയർ എന്നിവരുടെ കുറവുകാരണം വികസന പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അസിസ്റ്റൻറ് എഞ്ചിനീയർ, ഓവർസീയർ ഗ്രേഡ് II, ഗ്രേഡ് I എന്നിങ്ങനെ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) ലിസ്റ്റ് നിലവിലുണ്ടെങ്കിൽ നിയമനം നടത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ എന്ന് പറയുമോ ;

(ഇ) കോഴിക്കോട് ജില്ലയിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ എന്നിവർ ഇല്ലാത്തത് എന്ന് വ്യക്തമാക്കുമോ ?

---

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) ഉണ്ട്.

| | | | |
|---|---|---|---|
| (ബി) | അസിസ്റ്റന്റ് എഞ്ചിനീയർ | : | 85 |
| | 1-ാം ഗ്രേഡ് ഓവർസിയർ | : | 217 |
| | 2-ാം ഗ്രേഡ് ഓവർസിയർ | : | 53 |

(സി) റാങ്ക് ലിസ്റ്റുകൾ നിലവിലില്ല.

(ഡി) ബാധകമല്ല

(ഇ) കോഴിക്കോട് ജില്ലയിൽ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ എന്നീ തസ്തികകളിൽ ഒഴിവുകൾ ഉള്ള പഞ്ചായത്തുകൾ അനുബന്ധമായി കൊടുക്കുന്നു.*

**തെരുവ് നായ്ക്കൾ**

270 (3557) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെരുവ് നായ്ക്കൾ നാട്ടിലെമ്പാടും പെരുകുകയും ജനജീവിതം തന്നെ ഭീതിജനകവുമായിരിക്കുകയും ചെയ്തിട്ടും തെരുവു നായ്ക്കളെ നിയന്ത്രിക്കുന്നതിന് നടപടികൾ ഏറ്റെടുക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ബി) ചേർത്തലയിൽ പലയിടങ്ങളിലും തെരുവ് നായ്ക്കൾ സ്കൂൾ കുട്ടികളെയും ഇരുചക്രവാഹന യാത്രക്കാരെയും കാൽനടക്കാരെയും ആക്രമിക്കുന്ന വാർത്തകൾ നിരന്തരമുണ്ടായിട്ടും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തെരുവു നായ്ക്കളെ നിയന്ത്രിക്കുന്നതിനായി കർശന നിർദ്ദേശം നൽകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ; തെരുവു നായ്ക്കളെ വന്ധീകരിക്കുന്നതിനോ പുനരധിവസിപ്പിക്കുന്നതിനോ എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ ; തെരുവു നായ്ക്കളിൽ നിന്നും ജനങ്ങളെ രക്ഷിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ബഹു. സുപ്രീം കോടതിയുടെ SLP(c) 691/09 ഉത്തരവ് പ്രകാരം തെരുവ് നായ്ക്കളെ കൊല്ലുന്നത് നിരോധിച്ചിരിക്കുന്നതിനാൽ അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം/ആന്റി റാബീസ് പ്രോഗ്രാം ശരിയായ രീതിയിൽ ഗ്രാമപഞ്ചായത്തുകളിൽ കർശനമായി നടപ്പിലാക്കി വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) തെരുവു നായ്ക്കളെ നിയന്ത്രിക്കുന്നതിൽ സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. തെരുവ് നായ്ക്കളെ വന്ധ്യംകരണ നടത്തി, പേവിഷബാധ കുത്തിവയ്പ്പ് നൽകുന്ന പദ്ധതിക്ക് 2-9-2014-ലെ സ.ഉ.(സാധാ) നമ്പർ 2306/14/തസ്വഭവ. പ്രകാരവും, 16-10-2014-ലെ സ.ഉ.(സാധാ) നമ്പർ 2673/2014/തസ്വഭവ. പ്രകാരവും മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ ആയതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**ആദിവാസി, തീരദേശ മേഖലകളിൽ കുടുംബശ്രീ മിഷന്റെ പ്രവർത്തനങ്ങൾ**

271 (3558) ശ്രീ. കെ. എൻ. എ. ഖാദർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആദിവാസി മേഖലയിലും തീരദേശ മേഖലയിലും, കുടുംബശ്രീ മിഷൻെറ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) ആദിവാസി മേഖലയിലും, തീരദേശ മേഖലയിലും സാമ്പത്തിക സാമൂഹിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് എന്തെല്ലാം പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട് ;

(ഡി) പ്രസ്തുത മേഖലകളിലെ കുടുംബശ്രീ മിഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ആദിവാസി മേഖലയിലും തീരദേശമേഖലയിലും കുടുംബശ്രീ മിഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) ആദിവാസി മേഖലയിലും തീരദേശമേഖലയിലും കുടുംബശ്രീയുടെ മുഴുവൻ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നുണ്ട്. കുടുംബശ്രീകളിൽ സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് താഴെ കൊടുത്തിരിക്കുന്ന പ്രത്യേക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്:

1. അയൽക്കൂട്ടങ്ങൾക്ക് കണക്കെഴുത്ത് പരിശീലനം
2. അയൽക്കൂട്ടങ്ങൾക്ക് സാമ്പത്തിക സാക്ഷരതാ പരിശീലനമ്പർ

3. അയൽക്കൂട്ടങ്ങൾക്ക് 10,000 രൂപ വീതം കോർപ്പസ് ഫണ്ട് ലഭ്യമാക്കൽ.

4. തീരദേശത്തുള്ള എല്ലാ കുടുംബങ്ങളെയും ഉൾപ്പെടുത്തി അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിനുവേണ്ടി സമ്പൂർണ്ണ അയൽക്കൂട്ട പ്രവേശനം രണ്ടാം ഘട്ട ക്യാമ്പയിൻ.

5. അയൽക്കൂട്ടങ്ങളുടെ ഗ്രേഡിംഗ്, ലിങ്കേജ്, മാച്ചിംഗ് ഗ്രാന്റ് ക്യാമ്പയിൻ.

6. സിഡിഎസുകൾക്കുള്ള കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട് നൽകുന്നതിനുള്ള നടപടികൾ.

സാമൂഹിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് താഴെകൊടുത്തിരിക്കുന്ന പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്:

1. അയൽക്കൂട്ടങ്ങളുടെ ഒത്തുചേരൽ, 5 വർഷം പൂർത്തീകരിച്ച അയൽക്കൂട്ടങ്ങളുടെ സംഗമം.

2. ഊരുകൾ കേന്ദ്രീകരിച്ച് അയൽക്കൂട്ടങ്ങൾ ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ.

3. പഞ്ചായത്തുതലത്തിൽ ആനിമേറ്റർമാരുടെയും കമ്മ്യൂണിറ്റി വോളന്റിയേഴ്സിന്റെയും സേവനം ഉറപ്പുവരുത്തൽ.

4. വിവിധ വകുപ്പുകളുടെ സംയോജന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പിലാക്കൽ

5. ഊരുകൾ കേന്ദ്രീകരിച്ചുള്ള പങ്കാളിത്ത സൂക്ഷ്മതല ആസൂത്രണ പരിപാടി

6. ഈ മേഖലകളിലെ ബാലസഭാ പ്രവർത്തനം ഊർജിതമാക്കാനുള്ള പരിപാടികൾ.

7. സംഘകൃഷി പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ.

8. ഇത്തരം മേഖലകളിൽ നിന്നുള്ള സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ.

(ഡി) ഇതിന്റെ തുടർപ്രവർത്തനങ്ങൾക്കായി പുതിയ പദ്ധതികളും പരിപാടികളും

ആരംഭിക്കുന്നതാണ്.

**ശുചിത്വകേരളം പദ്ധതി**

272 (3559) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശുചിത്വ കേരളം പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം ;

(ബി) ഏതെല്ലാം തദ്ദേശഭരണ സ്ഥാപനങ്ങളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതി പ്രകാരം ആവിഷ്കരിച്ചിട്ടുള്ളത് ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ശുചിത്വ കേരളം പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ താഴെപ്പറയുന്നു:-

1. ഖരമാലിന്യ പരിപാലന പദ്ധതി തയ്യാറാക്കാനുള്ള പരിശീലനം നൽകുക.
2. പദ്ധതികൾക്ക് സാങ്കേതിക അംഗീകാരം നൽകുക.
3. പദ്ധതി നടപ്പിലാക്കാനായി സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നുള്ളതും കേന്ദ്ര പദ്ധതിയായ സമ്പൂർണ്ണ ശുചിത്വ പദ്ധതിയിലും ഉൾപ്പെടുത്തി ഭാഗിക സാമ്പത്തിക സഹായം നൽകുക.
4. നവീന അറവുശാലകൾ സ്ഥാപിക്കാനും ദ്രവമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കാനും സാങ്കേതിക സഹായവും സാങ്കേതിക അംഗികാരവും നൽകുക.
5. സ്രോതസ്സിൽ തന്നെ മാലിന്യത്തിന്റെ അളവു കുറയ്ക്കുക.

6. ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുക.

7. പ്ലാസ്റ്റിക് സഞ്ചികൾക്ക് പകരം തുണി സഞ്ചികളുടെ ഉപയോഗം.

8. ഓരോ ജില്ലയിലും ശുചിത്വ സമിതികൾ വഴി ഖരദ്രവ മാലിന്യ സംസ്കരണ പദ്ധതികൾ ഏറ്റെടുക്കുക.

(ബി) സംസ്ഥാനത്തെ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളെയും ആവശ്യാധിഷ്ഠിതമായി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തുകളിൽ വികേന്ദ്രീകൃത രീതിയിൽ എന്നാൽ ആവശ്യമുള്ള സ്ഥലങ്ങളിൽ കേന്ദ്രീകൃത രീതിയിലുള്ള സംസ്കരണ സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കുക എന്ന നയമാണ് അനുവർത്തിക്കുന്നത്. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഖരമാലിന്യ പരിപാലനത്തിന് സൗകര്യം ഏർപ്പെടുത്താൻ ഇത്തരത്തിൽ പ്രോത്സാഹനവും പ്രേരണയും നൽകിവരുന്നു.

(സി) 1 സംസ്ഥാനത്തെ കോർപ്പറേഷനുകളിലും മേജർ മുനിസിപ്പാലിറ്റികളിലും ഖരമാലിന്യ സംസ്കരണത്തിന് ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ടുള്ള പ്ളാന്റുകൾ സ്ഥാപിക്കുന്നതിന് നടപടികൾ.

2 ചെറുതും ഇടത്തരവുമായ മുനിസിപ്പാലിറ്റികളിലെ നിലവിലുള്ള ഖരമാലിന്യ സംസ്കരണ സംവിധാനങ്ങളിലെ പോരായ്മകൾ പരിഹരിക്കുന്നതിനും അവയുടെ നിലവാരം ഉയർത്തുന്നതിനുമായി നടപടികൾ

3 ബൃഹത്തായ Information, Education and Communication (IEC) പ്രോഗ്രാമുകൾ സംസ്ഥാനതലത്തിൽ നടപ്പിലാക്കൽ

4 സംസ്ഥാനത്തെ അഞ്ച് കോർപ്പറേഷനുകളിലും 30 മേജർ മുനിസിപ്പാലിറ്റികളിലും ഖരമാലിന്യ സംസ്കരണപ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുവാൻ കൂടുതൽ ജീവനക്കാരെ നിയമിക്കാനുള്ള നടപടികൾ

5 ഖരമാലിന്യ സംസ്കരണം സ്വമേധയാ നടപ്പാക്കുന്ന സ്വകാര്യ വ്യക്തികൾക്കുള്ള സബ്സിഡി നിരക്ക് വർദ്ധിപ്പിക്കുന്നതിനും, അതുമായി ബന്ധപ്പെട്ട് നഗര പ്രദേശങ്ങളിലേക്കുള്ള ഫണ്ട് വർദ്ധിപ്പിക്കുന്നതിനുമായിട്ടുള്ള നടപടികൾ.

6 ശുചിത്വ മിഷൻ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ.

7 പുതുതായി ആരംഭിച്ച 7 മുനിസിപ്പാലിറ്റികളിലെ ഖരമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള 10 കോടി രൂപ വിനിയോഗിക്കുക.

8 ഗ്രാമ പഞ്ചായത്തുകളില ഖരമാലിന്യ സംസ്കരണത്തിന് ശുചിത്വ മിഷൻ മുഖേന Total Sanitation Campaign-ൽ നിന്നുള്ള തുക ഉപയോഗിച്ച് സാമ്പത്തിക സഹായം നൽകുക.

9 തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട്, നഗരസഭകളിൽ സ്ഥാപിക്കുന്ന സ്വിവറേജ് ട്രീറ്റ്മെന്റ് പ്ളാന്റുകളുടെ ഭാഗമായി സെപ്റ്റേജ് ട്രീറ്റ്മെന്റ് സംവിധാനം കൂടി ഉൾപ്പെടുത്തുന്നതിനും ബാക്കിയുള്ള ഓരോ ജില്ലയിലും ഓരോ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ളാന്റ് ആരംഭിക്കുന്നതിനും നടപടികൾ

10 ദ്രവമാലിന്യ നിർമ്മാർജ്ജനത്തിനായി അറിയപ്പെടുന്ന അന്തർദേശീയ വിദഗ്ധരുമായി ചർച്ച ചെയ്ത് എത്രയും വേഗം നയം രൂപീകരിക്കുക.

(ഡി) സംസ്ഥാനത്തെ കോർപ്പറേഷനുകളിലും മേജർ മുനിസിപ്പാലിറ്റികളിലും ഖരമാലിന്യ സംസ്കരണത്തിന് ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് കൊണ്ടുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിലേക്ക് ചുവടെ പറയുന്ന നടപടികൾ ഇതിനകം സ്വീകരിച്ചു.

തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ പി.പി.പി. അടിസ്ഥാനത്തിൽ ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി മാലിന്യ സംസ്കരണപ്ലാന്റ് സ്ഥാപിക്കുന്നതിന് ദർഘാസുകൾ ക്ഷണിക്കുകയും ആയത് വിവിധ ഘട്ടങ്ങളിലുമാണ്.

ചെറുതും ഇടത്തരവുമായ മുനിസിപ്പാലിറ്റികളിലെ നിലവിലുള്ള ഖരമാലിന്യ സംസ്കരണ സംവിധാനത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിനും അവയുടെ നിലവാരം ഉയർത്തുന്നതിനുമായി 22 നഗരസഭകൾ തയ്യാറാക്കി നൽകിയ പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതിയും അവയുടെ നിർവ്വഹണത്തിലേയ്ക്കുമായി 2011-12, 2012-13 വർഷങ്ങളിൽ 2219.5 ലക്ഷം രൂപയുടെ സർക്കാർ സാമ്പത്തിക സഹായവും ശുചിത്വമിഷൻ വഴി നൽകിയിട്ടുണ്ട്. കുടുംബശ്രീ അയൽക്കൂട്ട

വോളണ്ടിയർമാർക്ക് പരിശീലനം, അയൽക്കൂട്ട തലത്തിൽ ചർച്ച, സന്നദ്ധ സംഘടനകൾ, സാമൂഹിക സാംസ്കാരിക സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയുടെ പ്രവർത്തകർക്ക് പരിശീലനവും ഇവരുടെ നേതൃത്വത്തിൽ വിവിധ പ്രവർത്തനങ്ങളും സംസ്ഥാനത്തൊട്ടാകെ സംഘടിപ്പിച്ചു. സംസ്ഥാനത്തെ സ്കൂളുകൾ കേന്ദ്രീകരിച്ച് കൊണ്ട് നാഷണൽ സർവ്വീസ് സ്കീമിന്റേയും നാഷണൽ ഗ്രീൻ കോറിന്റേയും, സ്റ്റുഡൻസ് പോലീസ് കേഡറ്റിന്റേയും നേതൃത്വത്തിൽ വ്യക്തി ഗൃഹപരിസര ശുചീകരണ ബോധവൽക്കരണ പരിശീലന ക്ളാസ്സുകൾ, പ്രോജക്ടുകൾ എന്നിവ നടപ്പിലാക്കി. കൂടാതെ എല്ലാ ജില്ലകളിലും ഈ വിഷയത്തെ അടിസ്ഥാനമാക്കി ഒരാഴ്ചക്കാലം നീണ്ടു നില്ക്കുന്ന വെക്കേഷൻ ക്ളാസുകൾ സംഘടിപ്പിക്കുകയുണ്ടായി. അങ്കണവാടി വർക്കർമാർക്കും, ഹെൽപ്പർമാർക്കും വേണ്ടി പ്രത്യേക വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുകയും അമ്മമാർക്കും കുട്ടികൾക്കും വെവ്വേറെ പരിശീലന ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. പൊതുജനാരോഗ്യ പ്രവർത്തകരുടെ നേതൃത്വത്തിൽ വാർഡുകൾ കേന്ദ്രീകരിച്ച് ക്ളാസ്സുകൾ സംഘടിപ്പിക്കുകയുണ്ടായി. പ്രാദേശിക സവിശേഷതകൾ പരിഗണിച്ചുകൊണ്ട് നാളിതുവരെ സൃഷ്ടിക്കപ്പെട്ട ശുചിത്വ ആരോഗ്യ സ്ഥിതി നിലനിർത്തുന്നതിനും ജനങ്ങളിൽ അഭിപ്രായ രൂപീകരണത്തിനുമായി ബ്ളോക്കുതല കലാസന്ദേശയാത്രകൾ സംഘടിപ്പിച്ചു.

സംസ്ഥാന തലത്തിൽ മീഡിയ വർക്ക്ഷോപ്പ്, ടെക്നോളജി വർക്ക്ഷോപ്പ്, വിഷൻ ഷെയറിംഗ് വർക്ക്ഷോപ്പ് എന്നിവയും മാലിന്യ സംസ്കരണ സംവിധാനങ്ങൾ പൊതു സമൂഹത്തിന് പരിചയപ്പെടുത്തുന്നതിന് പ്രത്യേക എക്സിബിഷനുകളും സംസ്ഥാന ജില്ലാതലങ്ങളിൽ സംഘടിപ്പിച്ചു. ഖരമാലിന്യ സംസ്കരണം സ്വമേധയാ നടപ്പാക്കുന്ന സ്വകാര്യ വ്യക്തികൾക്കുള്ള സബ്സിഡി നിരക്ക് വർദ്ധിപ്പിക്കുകയുണ്ടായി. (കമ്പോസ്റ്റ് സംവിധാനങ്ങൾക്ക് 90%, ബയോഗ്യാസ് പ്ളാന്റുകൾക്ക് 75%) അതുപോലെ ഫ്ളാറ്റുകൾക്കും റസിഡന്റ്സ് അസോസിയേഷനുകൾക്കും വിവിധ തരത്തിലുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾക്കുള്ള സബ്സിഡി അനുവദിച്ചു ഉത്തരവായിട്ടുണ്ട്. ഇതിലേക്കാവശ്യമായ തുക ശുചിത്വ മിഷന് ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനുള്ള പ്രത്യേക സംവിധാനമെന്ന നിലയിൽ Clean Kerala Company Ltd. എന്ന പ്രത്യേക സ്ഥാപനം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

പുതുതായി ആരംഭിച്ച 7 മുനിസിപ്പാലിറ്റികളിലെ ഖരമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശുചിത്വ കേരളം മാലിന്യ മുക്ത കേരളം പരിപാടിയുടെ ഭാഗമായി ഉറവിടമാലിന്യ സംസ്കരണ പദ്ധതിക്ക് 661 ഗ്രാമപഞ്ചായത്തുകളിലേയും 60 നഗര സഭകളിലേയും പ്രോജക്ടുകൾക്ക്

സാങ്കേതികാനുമതി നല്കുകയും യഥാക്രമം 2296 ലക്ഷം രൂപ ഗ്രാമ പഞ്ചായത്തുകൾക്കും 1729.99 ലക്ഷം രൂപ നഗരസഭകൾക്കും സബ്സിഡി ഇനത്തിൽ 2011-12, 2012-13 സാമ്പത്തിക വർഷത്തിൽ അനുവദിക്കുകയുണ്ടായി. പ്രസ്തുത പ്രോജക്ടുകളുടെ നിർവ്വഹണം അതാതു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തി വരുന്നു. ഗ്രാമപഞ്ചായത്തുകളിൽ ഖരമാലിന്യ സംസ്കരണത്തിന് ശുചിത്വ മിഷൻ മുഖേന കേന്ദ്രാവിഷ്കൃത പദ്ധതിയായ മുൻ സമ്പൂർണ്ണ ശുചിത്വ യജ്ഞം പദ്ധതിയിൽ നിന്നും ലഭ്യമായ തുകയും വിനിയോഗിച്ചു വരുന്നുണ്ട്. കൂടാതെ നിർമ്മൽ ഭാരത് അഭിയാൻ പദ്ധതി (മുൻ സമ്പൂർണ്ണ ശുചിത്വ യജ്ഞം പദ്ധതി) യുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഖരദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ (ഗാർഹികവും, കമ്മ്യൂണിറ്റിതല പ്രോജക്ടുകളും) പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയുള്ള 30784.17 ലക്ഷം രൂപ അടങ്കൽ വരുന്ന പ്രത്യേക പ്രോജക്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് നിർവ്വഹണം ആരംഭിക്കാൻ കഴിയും.

തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് നഗരസഭകളിൽ സ്ഥാപിക്കുന്ന സ്വിവറേജ് ട്രീറ്റ്മെന്റ് പ്ളാന്റുകളുടെ ഭാഗമായി സെപ്റ്റേജ് ട്രീറ്റ്മെന്റ് സംവിധാനം കൂടി ഉൾപ്പെടുത്തുന്നതിനും ബാക്കിയുള്ള ജില്ലകൾക്കു വേണ്ടി ഓരോ സ്റ്റാൻഡ് എലോൺ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ളാന്റ് സ്ഥാപിക്കുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ദ്രവ മാലിന്യ നിർമ്മാർജ്ജനത്തിനായുള്ള നയവും ഭാവി പ്രവർത്തനങ്ങളും രൂപപ്പെടുത്തുന്നതിനായി അറിയപ്പെടുന്ന അന്തർദ്ദേശീയ വിദഗ്ദ്ധ ശ്രീമതി സുനിതാ നാരായൺ-നെ പങ്കെടുപ്പിച്ചുകൊണ്ട് ചർച്ച നടത്തുകയും നയരൂപീകരണ നടപടികൾക്കായി പ്രത്യേക കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

### ശുചിത്വ ഗ്രാമം പദ്ധതി

273 (3560) <u>ശ്രീ. വർക്കല കഹാർ</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. റ്റി. എൻ. പ്രതാപൻ</u> :
<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകളിൽ ശുചിത്വ ഗ്രാമം പദ്ധതിക്കു രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ശുചിത്വ ഗ്രാമ പദ്ധതി ആര് മുഖേനയാണു നടപ്പിലാക്കുന്നത് ;

വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഉണ്ട്. പഞ്ചായത്തുകളിൽ വികേന്ദ്രീകൃത രീതിയിലുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കുക എന്ന നയമാണ് അനുവർത്തിക്കുന്നത്. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഖരമാലിന്യ പരിപാലനത്തിന് സൗകര്യം ഏർപ്പെടുത്താൻ ഇത്തരത്തിൽ പ്രോത്സാഹനവും പ്രേരണയും നൽകിവരുന്നു. താഴെപ്പറയുന്ന ഉദ്ദേശ ലക്ഷ്യങ്ങളോടുകൂടിയാണ് പദ്ധതി നടപ്പിലാക്കുന്നത്:

1. ഖരമാലിന്യ പരിപാലന പദ്ധതി തയ്യാറാക്കാനുള്ള പരിശീലനം നൽകൽ.
2. പദ്ധതികൾക്ക് സാങ്കേതിക അംഗീകാരം നൽകുക.
3. പദ്ധതി നടപ്പിലാക്കാനായി സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നുള്ളതും കേന്ദ്ര പദ്ധതിയായ സമ്പൂർണ്ണ ശുചിത്വ പദ്ധതിയിലും ഉൾപ്പെടുത്തി ഭാഗിക സാമ്പത്തിക സഹായം നൽകുക.
4. നവീന അറവുശാലകൾ സ്ഥാപിക്കാനും ദ്രവമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കാനും സാങ്കേതിക സഹായവും സാങ്കേതിക അംഗീകാരവും നൽകുക.
5. സ്രോതസ്സിൽ തന്നെ മാലിന്യത്തിന്റെ അളവു കുറയ്ക്കൽ.
6. ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുക.
7. പ്ലാസ്റ്റിക് സഞ്ചികൾക്ക് പകരം തുണി സഞ്ചികളുടെ ഉപയോഗം
8. സംസ്ഥാന സർക്കാരിന്റെ തീരുമാന പ്രകാരം ഓരോ ജില്ലയിലും ശുചിത്വ സമിതികൾ വഴിയാണ് ഖരദ്രവ മാലിന്യ സംസ്കരണ പദ്ധതികൾ ഏറ്റെടുക്കേണ്ടത്.
9. സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്.

(ബി) ശുചിത്വ കേരളം പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന പരിപാടികളാണ് ആവിഷ്കരിച്ചിട്ടുള്ളത്:

1. നഗരങ്ങളിലെ ശാസ്ത്രീയ ഖരമാലിന്യ പരിപാലനമ്പർ

2. ഗ്രാമപഞ്ചായത്തുകളിലെ ഖരമാലിന്യ പരിപാലനം
3. അറവുശാല മാലിന്യ സംസ്കരണം
4. ഖരമാലിന്യ സംവിധാനത്തിന്റെ പുരുദ്ധാരണം
5. UIDSSMT പദ്ധതി നിർവ്വഹണം
6. അറവുശാല നിർമ്മാണം അഥവാ നവീകരണം
7. സ്ഥാപനങ്ങൾക്ക് മാതൃകാ ദ്രവമാലിന്യ പരിപാലന പദ്ധതി
8. മാതൃകാ ദ്രവമാലിന്യ മാനേജ്മെ ന്റ് പരിപാടി-കോളനികൾക്ക്
9. വനിതാ ശുചിത്വ കോംപ്ളക്സ്, വിശ്രമ ശുചിത്വ സമുച്ചയം
10. ഗേൾ ഫ്രണ് ലി ടോയ്‌ലെറ്റ്, ശിശു സൗഹൃദ ടോയ് ലറ്റ്
11. മാലിന്യ മുക്ത കേരളം പ്രചരണം
12. സോഷ്യൽ റിയാലിറ്റി ഷോ - ഗ്രീൻ കേരള എക്സ്പ്രസ്സ്
13. നിർമ്മൽ ഗ്രാമപുരസ്കാരം ലഭിക്കുന്ന പഞ്ചായത്തുകളെ ആദരിക്കൽ
14. മാലിന്യ മുക്ത കേരള അവാർഡ്
15. പഠന -വിവരണ ശേഖരണ പ്രവർത്തനം
16. ഐ.ഇ.സി/എച്ച്.ആർ.ഡി പദ്ധതി
17. ഖരമാലിന്യ പരിപാലനം.

(സി) ശുചിത്വഗ്രാമ പദ്ധതി ശുചിത്വ മിഷന്റെ സാങ്കേതിക സഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനം വഴിയാണ് നടപ്പിലാക്കി വരുന്നത്.

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനം പദ്ധതി തയ്യാറാക്കി നൽകുന്ന മുറയ്ക്ക് സാങ്കേതിക അനുമതിയും ആയതിന്റെ നിർവ്വഹണത്തിലേയ്ക്കായി സാമ്പത്തിക സഹായവും നൽകി വരുന്നു. പദ്ധതിയുടെ നിർവ്വഹണം തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമാണ്. ഉറവിട മാലിന്യ സംസ്കരണ പദ്ധതിയുടെ ഭാഗമായി ശുചിത്വമിഷനിൽനിന്നും 2012-13 വർഷത്തിൽ 632 ഗ്രാമപഞ്ചായത്തുകൾക്കും, 34 നഗരസഭകൾക്കും 2013-14 വർഷത്തിൽ 155 ഗ്രാമപഞ്ചായത്തുകൾക്കും 8 നഗരസഭകൾക്കും സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികൾ എല്ലാം തന്നെ ശുചിത്വ കേരളം എന്ന ലക്ഷ്യത്തിലേക്ക് എത്തുന്നതിനുള്ള പ്രവർത്തനമാണ്.

**പേരിൽ മാറ്റം വരുത്തുന്നതിന് നൽകിയിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ**

274 (3561) <u>ശ്രീ. റ്റി. യു. കുരുവിള</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനന സർട്ടിഫിക്കറ്റിലെ പേരിനൊപ്പം ഒരക്ഷരം കൂടി ചേർക്കുന്നതിന് പത്ത് വയസ്സിൽ താഴെയുള്ള കുട്ടിയുടെ രക്ഷിതാക്കൾ ആഗ്രഹിക്കുന്നുവെങ്കിൽ ഉച്ചാരണത്തിൽ വ്യത്യാസം ഇല്ലാതെ അനുവദിക്കുന്നതിന് തടസ്സം നിലനിൽക്കുന്നുണ്ടോ ;

(ബി) കുട്ടിയെ സ്കൂളിൽ ചേർത്തതിനുശേഷം പേരിൽ മാറ്റം വരുത്തുന്നതിന് രക്ഷിതാക്കൾ ആഗ്രഹിക്കുന്നുവെങ്കിൽ അതിനു നിലവിൽ നൽകിയിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ചീഫ് രജിസ്ട്രാറുടെ 8-12-2010-ലെ ബി1-20741/09 നമ്പർ സർക്കുലറിലെ ഖണ്ഡിക 7(6) പ്രകാരം ജനന രജിസ്റ്ററിൽ ഒരിക്കൽ പേര് ചേർത്ത് കഴിഞ്ഞാൽ അത് തിരുത്താവുന്നതല്ല. എന്നാൽ ജനന സമയത്ത് ഒരു ഓമന പേരിടുകയും അത് രജിസ്റ്ററിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ടങ്കിൽ ശരിയായ പേര് ചേർക്കുന്നതിന് മാതാപിതാക്കൾ അപേക്ഷിച്ചാൽ, അന്വേഷണം നടത്തി ബോധ്യപ്പെട്ട് രജിസ്ട്രാർക്ക് തന്നെ അത് അനുവദിക്കാവുന്നതാണ്.

മാതാപിതാക്കളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പേര് ചേർത്ത കേസുകളിലും കുട്ടിയെ സ്കൂളിൽ ചേർക്കുന്നതിന് മുൻപായി ഒരു പ്രാവശ്യം തിരുത്തൽ അനുവദിക്കാവുന്നതാണ്.

(ബി) 17-10-2013-ലെ 31512/ആർ.ഡി13/13/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ജനന മരണ രജിസ്ട്രേഷൻ കുട്ടിയുടെ പേര് തിരുത്തുന്നതിനുള്ള നിർദ്ദേശത്തിന്മേൽ കൂടുതൽ വ്യക്തത വരുത്തിക്കൊണ്ട് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. തെറ്റായി വിവരം ചേർത്ത കുറ്റം രാജിയാക്കുന്നതിന് 50 രൂപ കോമ്പൗണ്ടിംഗ് ഫീ ഈടാക്കാൻ വ്യവസ്ഥയുള്ള സാഹചര്യത്തിൽ സ്കൂളിൽ ചേർക്കുന്നതിനുമുമ്പ് കുട്ടിയുടെ പേരിൽ തിരുത്തൽ വരുത്തുന്നതിന് മാതാപിതാക്കളുടെ സംയുക്ത അപേക്ഷയോടൊപ്പം വെള്ളപേപ്പറിൽ തെറ്റായി പേര് ചേർക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലവും, സ്കൂളിൽ ചേർത്ത ശേഷമുള്ള കേസുകളിൽ സ്കൂൾ രേഖയിലെ പോലെ പേര് തിരുത്തുന്നതിന് അപേക്ഷയോടൊപ്പം തെറ്റായി പേരു ചേർക്കാനിടയായ സാഹചര്യം വ്യക്തമാക്കുന്ന 100 രൂപ മുദ്രപത്രത്തിൽ സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലവും മാതാവ്/പിതാവ്/നിയമാനുസൃത രക്ഷകർത്താവ്/മാതാപിതാക്കൾ മരണപ്പെട്ട കേസുകളിൽ വ്യക്തി രജിസ്ട്രാർ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

## ചേർത്തല മണ്ഡലത്തിലെ വികസനത്തിന് ആസ്തി വികസനഫണ്ടിൽ നിന്നും അനുവദിച്ച തുക കൈമാറുന്നതിലുണ്ടായ കാലതാമസം

275 (3562) ശ്രീ. പി. തിലോത്തമൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയർക്ക് 16-9-2014-ൽ D1.1518/2014 നമ്പരായി ആലപ്പുഴ എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ അയച്ചിരുന്ന ചേർത്തല മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽപ്പെട്ട 9 റോഡുകളുടെ പുനരുദ്ധാരണ ജോലികൾക്ക് മണ്ഡലം ആസ്തിവികസന ഫണ്ടിൽ നിന്നും തുക അനുവദിച്ച് 16-7-2014-ൽ ഭരണാനുമതി ലഭിച്ച ജോലികളുടെ ഫണ്ട് റിക്വസ്റ്റ് ചീഫ് എഞ്ചിനീയർ പാസാക്കാത്തത് എന്തുകാരണത്താലാണെന്ന് പറയാമോ ; പ്രസ്തുത ഫയൽ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിച്ചത് എന്നാണെന്ന് പറയാമോ ;

(ബി) ഈ ഫയൽ ചീഫ് എഞ്ചിനീയർക്ക് ലഭിക്കുമ്പോൾ ഫണ്ട് പൊതുമരാമത്തിന് കൈമാറുന്നത് സംബന്ധിച്ച എന്തെങ്കിലും വിലക്കുകളോ ഉത്തരവുകളോ നിലവിലുണ്ടായിരുന്നോ എന്ന് വ്യക്തമാക്കുമോ ;

(സി) ചേർത്തല മണ്ഡലത്തിലെ വികസനത്തിന് മനഃപ്പൂർവ്വമായ കാലതാമസം വരുത്തുന്നതിനായി പൊതുമരാമത്തിന് ഫണ്ട് കൈമാറാൻ തടസ്സം നിന്ന എൽ.എസ്.ജി.ഡി.ചീഫ് എഞ്ചിനീയർ ഓഫീസിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ പേരുവിവരവും ഔദ്യോഗിക മേൽവിലാസവും നൽകുമോ ; ഇവർക്കെതിരെ അടിയന്തിര നിയമനടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആലപ്പുഴ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 16-9-2014 -ലെ അപേക്ഷയിൽ 3-6-2014-ലെ സർക്കുലർ നമ്പർ 54/2014/ഫിൻ-ൽ പ്രതിപാദിക്കുന്ന രേഖകൾ സമർപ്പിക്കാത്തതിനാലാണ് പൊതുമരാമത്ത് വകുപ്പിലേക്ക് ഫണ്ട് ഡെപ്പോസിറ്റ് ചെയ്യുന്നതിന് കാലതാമസം ഉണ്ടായത്; പ്രസ്തുത ഫയൽ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിച്ചത് 26-9-2014-ൽ ആണ്.

(ബി) 3-6-2014-ലെ സർക്കുലർ നമ്പർ 54/2014/ഫിൻ നിലവിലുണ്ടായിരുന്നു.

(സി) എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ഈ വിഷയത്തിൽ മനഃപൂർവ്വമായ കാലതാമസം ഉണ്ടായിട്ടില്ല. ആവശ്യമായ രേഖകൾ

ലഭ്യമാകാതിരുന്നതിനാലാണ് തുക യഥാസമയം അലോട്ട് ചെയ്യാൻ സാധിക്കാത്തത്. ചേർത്തല നിയോജക മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിൽ നിന്നും പൊതുമരാമത്ത് വകുപ്പിലേക്ക് ഡെപ്പോസിറ്റ് ചെയ്യുന്നതിനായി തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അലോട്ട് ചെയ്തിട്ടുണ്ട്.

**ചേർത്തല മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ റോഡുകളുടെ പുനരുദ്ധാരണം**

276 (3563) ശ്രീ. പി. തിലോത്തമൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ചേർത്തല മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽപ്പെട്ട 9 റോഡുകളുടെ പുനരുദ്ധാരണ ജോലികൾക്ക് 16-7-2014 -ൽ ഭരണാനുമതി ലഭിച്ച് 4 മാസങ്ങൾ കഴിഞ്ഞിട്ടും LSDG ചീഫ് എഞ്ചിനീയർ പൊതുമരാമത്ത് വകുപ്പിന് ഫണ്ട് മാറി നൽകാത്തത് എന്തുകൊണ്ടാണെന്നു വ്യക്തമാക്കുമോ ;

(ബി) ഡെപ്പോസിറ്റ് വർക്കായി ചെയ്യേണ്ട പ്രസ്തുത ജോലികൾക്കുള്ള ഫണ്ടിനു വേണ്ടി റിക്വസിഷൻ അപേക്ഷയും അനുബന്ധ രേഖകളും D1 1518/2014 തീയതി 16-9-2014 ആയി LSGD ചീഫ് എഞ്ചിനീയർക്ക് അയച്ചിരുന്നിട്ടും യാതൊരു നടപടിയും ആകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(സി) ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ പ്രസ്തുത ഫയൽ വച്ചു താമസിപ്പിച്ചത് ആരുടെ നടപടിയാണെന്നു വ്യക്തമാക്കുമോ ;

(ഡി) ചേർത്തലയുടെ വികസന പ്രവർത്തനങ്ങളിൽ മനഃപൂർവ്വമായ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനെതിരെ നിയമ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആലപ്പുഴ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 16-9-2014-ലെ അപേക്ഷയിൽ 3-6-2014-ലെ സർക്കുലർ നമ്പർ 54/2014/ഫിൻ-ൽ പ്രതിപാദിക്കുന്ന രേഖകൾ സമർപ്പിക്കാത്തതിനാലാണ് പൊതുമരാമത്ത് വകുപ്പിലേക്ക് ഫണ്ട് ഡെപ്പോസിറ്റ് ചെയ്യുന്നതിന് കാലതാമസം ഉണ്ടായത്.

(ബി) 3-6-2014-ലെ സർക്കുലർ നമ്പർ 54/2014/ഫിൻ-ൽ പ്രതിപാദിക്കുന്ന രേഖകൾ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭ്യമാകാൻ കാലതാമസം നേരിട്ടതിനാലാണ് നടപടി സ്വികരിക്കാൻ വൈകിയത്.

(സി) ഫണ്ട് കൈമാറുന്നതിനുള്ള അനുബന്ധ രേഖകൾ ഇല്ലാതിരുന്നതിനാലാണ് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ടി വിഷയത്തിൽ നടപടി സ്വീകരിക്കാൻ കാലതാമസം ഉണ്ടായത്. ഇതിൽ മനഃപൂർവ്വമായ വീഴ്ച തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ഉണ്ടായിട്ടില്ല.

(ഡി) ടി വിഷയത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും മനഃപൂർവ്വമായ കാലതാമസം ഉണ്ടാകാത്തതിനാൽ മറ്റു നടപടികൾ സ്വീകരിച്ചിട്ടില്ല.

**പ്ലാൻ-നോൺ പ്ലാൻ ഫണ്ടുകളുടെ വിനിയോഗം**

277 (3564) ശ്രീ. കെ. വി. വിജയദാസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പഞ്ചായത്തുകളുടെ പ്ലാൻ, നോൺ പ്ലാൻ ഫണ്ടുകളുടെ വിനിയോഗത്തിൽ ഗണ്യമായ കുറവ് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(ബി) എങ്കിൽ ഇപ്രകാരം കുറവുവരുന്നതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ ഫണ്ടുവിനിയോഗം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം ക്രിയാത്മക നടപടി സ്വീകരിച്ചിട്ടുണ്ട് ; ഇല്ലെന്നുള്ളതാണ് ഈ സാമ്പത്തിക വർഷത്തെ നാളിതുവരെയുള്ള കണക്കുകൾ പരിശോധിച്ചാൽ വ്യക്തമാകുന്ന വസ്തുത ; ഇക്കാര്യത്തിൽ സർക്കാരിന്റെ വിശദീകരണം എന്താണ് ;

(സി) ധന വകുപ്പ് ഫണ്ട് നൽകാൻ നിബന്ധനകൾ ഏർപ്പെടുത്തുന്നതാണോ ഇതിന് കാരണം ; വിശദാംശം നൽകുമോ ?

ഉത്തരം

(എ&ബി) ഇല്ല.

(സി) ധന വകുപ്പ് ഫണ്ട് നൽകാൻ നിബന്ധനകൾ ഏർപ്പെടുത്തിയിട്ടില്ല.

**അങ്കമാലി - മഞ്ഞപ്ര ഗ്രാമ പഞ്ചായത്തിൽ അറവുശാല**

278 (3565) ശ്രീ. ജോസ് തെറ്റയിൽ : താഴെകാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അങ്കമാലി നിയോജക മണ്ഡലത്തിലെ മഞ്ഞപ്ര ഗ്രാമപഞ്ചായത്തിന്റെ

ഉടമസ്ഥതയിലുള്ള സ്ഥലത്തു ആധുനിക രീതിയിലുള്ള അറവുശാല നിർമ്മിക്കുന്നതിനായി തുക അനുവദിച്ചു കിട്ടുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണിക്കുന്നതിലുള്ള കാലതാമസം വിശദമാക്കാമോ ?

ഉത്തരം

മഞ്ഞപ്ര ഗ്രാമപഞ്ചായത്തിലെ ചാറ്റുപാടത്ത് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള സ്ഥലത്ത് മിഷൻ 676 പദ്ധതിയിലുൾപ്പെടുത്തി ആധുനിക രീതിയിലുള്ള അറവ്ശാല സ്ഥാപിക്കുന്നതിന് 27-8-2014-ന് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് ശുചിത്വ മിഷന് സമർപ്പിച്ചു. എന്നാൽ അറവുശാല നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ മണ്ണ് പരിശോധന നടത്തിയ റിപ്പോർട്ട് കൂടി ആവശ്യമുള്ളതിനാൽ മണ്ണ് പരിശോധന ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റ് സിവിൽ എഞ്ചിനീയറിംഗ് വിഭാഗം, തൃശ്ശൂർ ഗവ. എഞ്ചിനീയറിംഗ് കോളേജിനെ ചുമതലപ്പെടുത്തുന്നതിന് മഞ്ഞപ്രഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. വിശദമായ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിക്കുന്നതാണ്.

**ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ കാലാവധി നീട്ടുന്നത്**

279(3566) ശ്രീ. കെ. കെ. നാരായണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് ജീവനക്കാർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനു വേണ്ടി നിയമിച്ച ടെക്നിക്കൽ അസ്സിസ്സന്റുമാരുടെ കാലാവധി നീട്ടുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) ഇവർക്ക് നൽകിവരുന്ന ദിവസ വേതനം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) എങ്കിൽ ഇതിൻെറ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഗ്രാമ പഞ്ചായത്തുകളിൽ നിയോഗിച്ചിട്ടുള്ള ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവന കാലാവധി, 8-10-2014 ലെ സ.(കൈ) നമ്പർ 171/2014/ത.സ്വഭവ. ഉത്തരവ് പ്രകാരം 31-3-2015 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

(ബി&സി) ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് നിലവിൽ പ്രതിമാസം 13,500 രൂപ കൺസോളിഡേറ്റഡ് വേതനം ആണ് നൽകി വരുന്നത്. വേതനം

വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

**കാസർഗോഡ് ജില്ലയിൽ തെരുവുനായ്ക്കളുടെ ശല്യം**

280 (3567) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ തെരുവുനായ്ക്കളുടെ ശല്യം വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വഴിയാത്രക്കാർക്ക് ഭീക്ഷണിയാകുന്ന ഇത്തരം നായ്ക്കളെ നിയന്ത്രിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദീകരിക്കാമോ ;

(സി) തെരുവ്നായ്ക്കളെ വന്ധ്യംകരണ ശസ്ത്രക്രിയയ്ക്ക് വിധേയമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നായ്ക്കളുടെ വംശ വർദ്ധനവ് തടയുന്നതിന് വേണ്ടി രൂപ കൽപ്പന നടത്തിയിട്ടുള്ള എ.ബി.സി. പ്രോഗ്രാം സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളിലും സമയബന്ധിതമായി ഏറ്റെടുത്തു നടപ്പിലാക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. തദ്ദേശസ്വയംഭരണ വകുപ്പും മൃഗസംരക്ഷണ വകുപ്പും മറ്റ് സന്നദ്ധ സംഘടനകളുമായി ചേർന്ന് ആനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയുടെ സഹായത്തോടെ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനാണ് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത്. തെരുവ് നായ്ക്കളെ വന്ധ്യംകരണം നടത്തി പേവിഷബാധ കുത്തിവയ്പ്പ് നൽകുന്ന പദ്ധതിക്ക് 2-9-2014-ലെ (സാധാ.) നമ്പർ 2306/2014/ത.സ്വഭവ. സർക്കാർ ഉത്തരവും, 16-10-2014-ലെ (സാധാ) നമ്പർ 2673/14/തസ്വഭവ സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ തെരുവ് നായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി&ഡി) പദ്ധതിയുടെ പ്രാരംഭ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**മാവേലിക്കര മണ്ഡലത്തിലെ പദ്ധതികൾ**

281 (3568) ശ്രീ. ആർ. രാജേഷ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ

നടപ്പിലാക്കിയ പ്രവൃത്തികളുടെയും പദ്ധതികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) 2014-15-ൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) മാവേലിക്കര മണ്ഡലത്തിലെ നൂറനാട് പഞ്ചായത്തിനെ നന്ദികേശ ശില്പനിർമ്മാണ പൈതൃകകേന്ദ്രമായി പ്രഖ്യാപിക്കുന്നതിനു സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) അടിയന്തരമായി നൂറനാടിനെ നന്ദികേശശില്പഗ്രാമമായി പ്രഖ്യാപിക്കുമോ ;

(ഇ) ഇതിനാവശ്യമായി സ്വീകരിക്കുന്ന നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ-ഇ) വിവരം ശേഖരിച്ചു വരുന്നു.

**മാവേലിക്കര മണ്ഡലത്തിലെ ആസ്തി വികസന പദ്ധതികൾ**

282 (3569) <u>ശ്രീ. ആർ. രാജേഷ്</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി എൽ.എസ്.ജി.ഡി. എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഈ പ്രവൃത്തികളിൽ DB2&DA സെക്ഷനുകളിൽ സമർപ്പിച്ചിട്ടുള്ളവയുടെ ഫയൽ നമ്പരുകൾ ലഭ്യമാക്കുമോ ;

(സി) ഈ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഡി) മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പി.ഡബ്ല്യു.ഡി. കെട്ടിടവിഭാഗത്തിനു ഭരണാനുമതി ലഭിച്ച പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ഇ) ഈ പ്രവൃത്തി പി.ഡബ്ല്യു.ഡി.-ക്ക് ഡെപ്പോസിറ്റ് വർക്കായി ചെയ്യുന്നതിന് എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം സമർപ്പിച്ച നിർദ്ദേശത്തിന്റെ ഫയൽ നമ്പർ ലഭ്യമാക്കുമോ ; ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) മാവേലിക്കര മണ്ഡലത്തിൽ എം.എൽ.എ.- യുടെ ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി എൽ.എസ്.ജി.ഡി. എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇനം 1 മുതൽ 10 വരെയുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ 26-3-2014-ലെ ഡിബി2/10235/13/സിഇ/തസ്വഭവ, 23-10-2014-ലെ ഡിബി2/3826/14/സിഇ/ തസ്വഭവ എന്നീ നമ്പരുകൾ പ്രകാരം തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പിലും 11 മുതൽ 17 വരെയുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ 23-10-2014-ലെ ഡിബി2/ 3826/14/സിഇ/ത.സ്വഭവ. പ്രകാരം തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പിലും സമർപ്പിച്ചിട്ടുണ്ട്.

(സി) അനുബന്ധത്തിൽ സൂചിപ്പിച്ചിട്ടുള്ള പ്രവൃത്തികളിൽ ഇനം 1 മുതൽ 8 വരെയുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇനം 9 മുതൽ 17 വരെയുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പ്രവൃത്തിക്കുവേണ്ടിയുള്ള ഫണ്ട് റിക്വസ്റ്റ് ആലപ്പുഴ എക്സിക്യൂട്ടീവ് എഞ്ചിനീയർ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഇതോടൊപ്പം ആവശ്യമായ എല്ലാ രേഖകളും ലഭ്യമാക്കിയിട്ടില്ല. ടി രേഖകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഈ പ്രവൃത്തി പി.ഡബ്ല്യൂ.ഡി.-ക്ക് ഡെപ്പോസിറ്റ് വർക്കായി ചെയ്യുന്നതിന് എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിംഗിൽ നിന്നും നിർദ്ദേശങ്ങളൊന്നും സമർപ്പിച്ചിട്ടില്ല.

**പൊതുകിണറുകൾ, കുളങ്ങൾ എന്നിവയുടെ പുനരുദ്ധാരണവും സംരക്ഷണവും**

283 (3570) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> :
<u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u> :
<u>ശ്രീ. സി. മമ്മൂട്ടി</u> :
<u>ശ്രീ. പി. ഉബൈദുള്ള</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ സ്ഥിതി ചെയ്യുന്ന പൊതുകിണറുകൾ, കുളങ്ങൾ എന്നിവയുടെ പുനരുദ്ധാരണം, സംരക്ഷണം എന്നിവയ്ക്ക് പ്രത്യേക പദ്ധതികളെന്തെങ്കിലും നിലവിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ മാലിന്യ നിക്ഷേപകേന്ദ്രങ്ങളായി മാറിയിട്ടുള്ള പ്രസ്തുത ശുദ്ധജല സ്രോതസ്സുകളെ ശുചിയാക്കി സംരക്ഷിക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ ;

(സി) സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളുടെ കീഴിൽ എത്ര പൊതുകിണറുകളും കുളങ്ങളും ഉണ്ടെന്നതിന്റെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ സ്ഥിതി ചെയ്യുന്ന പൊതുകിണറുകൾ, കുളങ്ങൾ എന്നിവയുടെ പുനരുദ്ധാരണം, സംരക്ഷണം എന്നിവയ്ക്ക് പ്രത്യേക പദ്ധതികൾ നിലവിലില്ല. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച സ.ഉ(എം.എസ്) No.362/13/ തസ്വഭവ തീയതി: 16-11-2013 പ്രകാരം പൊതുകിണറുകൾ, കുളങ്ങൾ എന്നിവയുടെ പുനരുദ്ധാരണം സംരക്ഷണം എന്നിവ സംബന്ധിച്ച് മാർഗ്ഗരേഖയിൽ വ്യക്തമായ മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്. കുളങ്ങൾ വൃത്തിയാക്കൽ ചെളിയെടുക്കൽ, ആഴം കൂട്ടൽ തുടങ്ങിയവ ഉൾപ്പെടെയുള്ള പ്രവൃത്തികൾ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി ചെയ്യുന്നതിന് മേൽ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയും കുളങ്ങളും കിണറുകളും പുനരുദ്ധരിക്കുന്നതിന് തനത് ഫണ്ട്, റോഡിതര മെയിന്റനൻസ് ഫണ്ട് എന്നിവ ഉപയോഗിക്കുന്നുണ്ട്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**കുടുംബശ്രീയുടെ പതിനാറാം വാർഷിക സമ്മേളനം**

284 (3571) <u>ശ്രീ. പി. കെ. ഗുരുദാസൻ</u> :
<u>ശ്രീമതി കെ. കെ. ലതിക</u> :
<u>ശ്രീ. ബി. ഡി. ദേവസ്സി</u> :
<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബശ്രീയുടെ പതിനാറാം വാർഷിക സമ്മേളനം തിരുവനന്തപുരത്ത് സംഘടിപ്പിച്ചത് സർക്കാരാണോ ; ഇതിനായി സംസ്ഥാന ഖജനാവിൽ നിന്നും എത്ര തുക ചെലവായി എന്തെല്ലാം ഇനത്തിൽ എത്ര തുക വീതം ചെലവ്

വരികയുണ്ടായി ;

(ബി) സർക്കാരിന്റെ സംസ്ഥാന തലത്തിലുള്ള പ്രസ്തുത പരിപാടി ഉദ്ഘാടനം ചെയ്തത് ആരാണ് ; പ്രസ്തുത വ്യക്തി എന്ത് ഔദ്യോഗിക സ്ഥാനമാണ് വഹിക്കുന്നത് ;

(സി) സർക്കാർ പരിപാടി എന്ന നിലയിൽ പ്രോട്ടോക്കോൾ പാലിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ; പ്രസ്തുത ഉദ്ഘാടന പരിപാടിയിൽ പ്രതിപക്ഷത്തുനിന്നുള്ള പ്രാതിനിധ്യം ഉണ്ടായിരുന്നുവോ ;

(ഡി) ജനപ്രതിനിധികൾക്ക് പുറമേ ഏതെല്ലാം രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളെ ഉദ്ഘാടന പരിപാടിയിൽ പങ്കെടുപ്പിക്കുകയുണ്ടായി ?

ഉത്തരം

(എ) കുടുംബശ്രീയുടെ പതിനാറാം വാർഷിക സമ്മേളനം തിരുവനന്തപുരത്ത് വച്ച് സംഘടിപ്പിച്ചത് കുടുംബശ്രീ മിഷനാണ്. കുടുംബശ്രീ മിഷന് അനുവദിച്ചിട്ടുള്ള പ്ലാൻ ഫണ്ടിൽ നിന്നും ഇതിനായി 1,58,54,887 രൂപ കുടുംബശ്രീ മിഷൻ ചെലവഴിച്ചിട്ടുണ്ട്. ഓരോ ഇനത്തിലും ചെലവായ തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | വേദികളുടെ വാടക | 3,12,454 |
| 2 | സ്റ്റേജ് നിർമ്മാണം | 41,02,057 |
| 3 | സ്റ്റേജ് അലങ്കാരം | 8,77,307 |
| 4 | സാംസ്കാരിക പരിപാടി | 2,24,899 |
| 5 | പ്രിന്റിംഗ് ചാർജ്ജ് | 18,22,185 |
| 6 | പ്രചരണം | 15,860 |
| 7 | ഭക്ഷണം | 19,92,893 |
| 8 | വിശിഷ്ട വ്യക്തികൾക്കുള്ള ഉപഹാരം | 94,615 |
| 9 | ഹോട്ടൽ വാടക | 18,91,173 |
| 10 | കുടുംബശ്രീ എം.ഇ.സിമാർക്കുള്ള ഓവർകോട്ട് തയ്യൽ കൂലി | 1,48,000 |
| 11 | പ്രോഗ്രാം | 18,29,256 |
| 12 | ഗതാഗതം | 7,34,471 |
| 13 | വീഡിയോ റിക്കാർഡിംഗ് | 4,54,550 |

| | | |
|---|---|---|
| 14 | സാംസ്കാരിക പരിപാടി | 1,05,200 |
| 15 | വിമാന യാത്രാ ചെലവ് | 1,63,877 |
| 16 | ഓണറേറിയം&യാത്ര ബത്ത (കുടുംബശ്രീ എം.ഇ.സിമാർ, പരിശീലന ഗ്രൂപ്പ് അംഗങ്ങൾ & ഐ.റ്റി യൂണിറ്റ് ഡേറ്റാ എൻട്രി ഓപ്പറേറ്റർമാർ) | 6,94,290 |
| 17 | വിപണന മേള ചെലവ് | 3,61,300 |
| 18 | ലാപ് ടോപ്പ്, പ്രോജക്ടർ, എൽസിഡി വാടക | 30,500 |
| | ആകെ | 1,58,54,887 |

(ബി) ശ്രീമതി സോണിയാ ഗാന്ധി. പ്രസ്തുത വ്യക്തി ലോക് സഭാ മെമ്പറാണ്.

(സി) പാലിച്ചിട്ടുണ്ട്. പ്രസ്തുത പരിപാടിയിൽ പ്രതിപക്ഷ പ്രതിനിധികളെ ക്ഷണിച്ചിരുന്നു. എന്നാൽ പ്രാതിനിധ്യം ഉണ്ടായിരുന്നില്ല.

(ഡി) ഭരണപക്ഷത്തുള്ള ജനപ്രതിനിധികൾക്കു പുറമേ പ്രതിപക്ഷത്തു നിന്നുള്ള ജനപ്രതിനിധികളെയും ബി.ജെ.പി.-യിലെ മുൻകേന്ദ്രമന്ത്രി ശ്രീ. ഒ. രാജഗോപാലിനെയും ക്ഷണിയ്ക്കുകയുണ്ടായി.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി തുക**

285 (3572) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 നവംബർ 30 വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിച്ച പദ്ധതിതുക സംബന്ധിച്ച കണക്ക് വ്യക്തമാക്കാമോ ;

(ബി) പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയുടെ പദ്ധതി ചെലവ് സംബന്ധിച്ച വിവരങ്ങൾ വെവ്വേറെ വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ വർഷം ഇതേ സമയത്ത് ചെലവഴിച്ച തുകയേക്കാൾ കൂടുതലാണോ കുറവാണോ എന്ന കാര്യം വിശദമാക്കാമോ ?

ഉത്തരം

(എ-സി) 3-12-2014-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണത്തിനായുള്ള സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണ പുരോഗതി അവലോകനം ചെയ്തപ്പോൾ സംസ്ഥാനത്തെ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും 2014-15 സാമ്പത്തിക വർഷത്തെ ആകെ ചെലവ്

1512.41 കോടി രൂപയാണെന്നും ഗ്രാമ പഞ്ചായത്തുകൾ 878.92 കോടി രൂപ ചെലവഴിച്ചതായും ഇത് 24.37 ശതമാനമാണെന്നും മുൻവർഷം ഇതേ കാലയളവിൽ ചെലവിന്റെ ശതമാനം 27.09 ബ്ലോക്ക് പഞ്ചായത്തുകൾ 203 കോടി രൂപയും (33.73 ശതമാനം, മുൻ വർഷം 38 ശതമാനം), ജില്ലാ പഞ്ചായത്തുകൾ 257.95 കോടി രൂപയും (20.44 ശതമാനം) മുനിസിപ്പാലിറ്റികൾ 133.73 കോടി രൂപയും (23.5 ശതമാനം, മുൻ വർഷം (24.1 ശതമാനം), കോർപ്പറേഷനുകൾ 55.03 കോടി രൂപയും (18 ശതമാനം, മുൻ വർഷം 17 ശതമാനം) ചെലവഴിച്ചതായി കണ്ടിട്ടുണ്ട്.)

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട്**

286 (3573) <u>ഡോ. കെ. ടി. ജലീൽ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പു സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് അനുവദിച്ചു നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും കണക്കുകൾ വ്യക്തമാക്കാമോ ;

(ബി) പ്ലാൻ ഫണ്ട് ചെലവഴിച്ച് കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് ഗണ്യമായി കുറഞ്ഞതായ റിപ്പോർട്ടുകൾ ശരിയാണോ ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചു ;

(സി) യഥാസമയം പ്ലാൻ ഫണ്ട് അനുവദിക്കാത്തതുമൂലം പ്ലാൻ ഫണ്ട് ചെലവഴിക്കുന്നതിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് പ്രയാസം നേരിടുന്നുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ-സി) നടപ്പു സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് അനുവദിച്ചു നൽകിയ തുക 2365,55,59,900 രൂപയാണ്. 3-12-2014-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണത്തിനായുള്ള സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പദ്ധതി നിർവഹണ പുരോഗതി അവലോകനം ചെയ്തപ്പോൾ സംസ്ഥനത്തെ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും 2014-15 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 1512.41 കോടി രൂപയെന്ന് വിലയരുത്തിയിട്ടുണ്ട്. ഇതിൽ ഗ്രാമ പഞ്ചായത്തുകൾ 878.92 കോടി രൂപ ചെലവഴിച്ചു. 24.37 ശതമാനമ്പർ മുൻവർഷം ഇതേ കാലയളവിൽ ചെലവിന്റെ ശതമാനം 27.09 ആയിരുന്നു.

ബ്ലോക്ക് പഞ്ചായത്തുകൾ 203 കോടി രൂപയും (33.73 ശതമാനം, മുൻ വർഷം 38 ശതമാനം), ജില്ലാ പഞ്ചായത്തുകൾ 257.95 കോടി രൂപയും (20.44 ശതമാനം) ചെലവഴിച്ചതായും മുനിസിപ്പാലിറ്റികൾ 133.73 കോടി രൂപയും (23.5 ശതമാനം, മുൻ വർഷം (24.1 ശതമാനം), കോർപ്പറേഷനുകൾ 55.03 കോടി രൂപയും (18 ശതമാനം, മുൻ വർഷം 17 ശതമാനം) ചെലവഴിച്ചതായും കണ്ടു. ഇത് ഗണ്യമായ കുറവ് കാണിക്കുന്നില്ല. യഥാസമയങ്ങളിൽ പ്ലാൻ ഫണ്ട് അനുവദിച്ചിട്ടുണ്ട്.

**തെരുവുനായ്ക്കളുടെ ആക്രമണം**

287(3574) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മൂന്നു വർഷക്കാലയളവിൽ തെരുവുനായ്ക്കളുടെ ആക്രമണത്തിന് ഇരയായവരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; ഇതിൽ എത്ര കുട്ടികളുണ്ടെന്ന് അറിയിക്കുമോ ;

(ബി) ക്രമാതീതമായി വർദ്ധിച്ചുവരുന്ന തെരുവുനായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) തെരുവ് നായ്ക്കളുടെ ആക്രമണംമൂലം 2013 വർഷത്തിൽ 11 പേരും 2014 വർഷത്തിൽ 10 പേരും റാബീസ് രോഗം മൂലം മരണമടഞ്ഞിട്ടുണ്ട്. ആക്രമണത്തിനിരയായ കുട്ടികളുടെ കണക്ക് പ്രത്യേകം സൂക്ഷിച്ചിട്ടില്ല. വിവിധ നായ്ക്കളുടെ കടിയേറ്റ പരിക്കുപറ്റിയവരുടെ ജില്ല തിരിച്ചുള്ള 2013 ഏപ്രിൽ മുതൽ 2014 ഒക്ടോബർവരെയുള്ള കണക്കിന്റെ പട്ടിക അനുബന്ധം ആയി ചേർക്കുന്നു..*

(ബി) തെരുവ് നായ്ക്കളെ വന്ധ്യംകരണ നടത്തി പേവിഷബാധ കുത്തിവയ്പ്പ് നൽകുന്ന പദ്ധതിക്ക് 2-9-2014-ലെ (സാധാ.) നമ്പർ 2306/2014/ത.സ്വഭവ. സർക്കാർ ഉത്തരവും, 16-10-2014-ലെ (സാധാ) നമ്പർ 2673/14/തസ്വഭവ സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകളിൽ തെരുവ് നായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പഞ്ചായത്തുകളിലൂടെ ലഭിക്കുന്ന സേവനങ്ങൾ**

288 (3575) ശ്രീ. റ്റി. യു. കുരുവിള : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) പഞ്ചായത്തുകളിലൂടെ ലഭിക്കുന്ന സേവനങ്ങൾ ജനങ്ങൾക്ക് എത്രയും വേഗം ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(സി) പഞ്ചായത്ത് ഭരണം കാര്യക്ഷമമാക്കുന്നതിന് കൂടുതൽ ഭൗതിക സൗകര്യങ്ങളും കൂടുതൽ ജീവനക്കാരെയും നൽകുന്നതിന് നടപടികൾ വ്യക്തമാക്കുമോ ;

(ഡി) പഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണം കാര്യക്ഷമവും അഴിമതി രഹിതവുമാക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ 864 അസിസ്റ്റന്റ് സെക്രട്ടറി തസ്തികയും 990 ക്ലറിക്കൽ തസ്തികയും സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ കമ്പ്യൂട്ടർവത്കരണം പൂർത്തിയായി വരുന്നു. 978 ഗ്രാമ പഞ്ചായത്തുകളിലും അക്കൗണ്ടിംഗ് സംവിധാനം 'സാംഖ്യ' സോഫ്റ്റ് വെയറിലൂടെയാണ് പ്രവർത്തിക്കുന്നത്. പദ്ധതി രൂപീകരണം, അംഗീകാരം തുടങ്ങിയ പദ്ധതി പ്രവർത്തനങ്ങളെല്ലാം 'സുലേഖ' സോഫ്റ്റ് വെയർവഴി നടത്തുന്നു. ജനന-മരണ-വിവാഹ രജിസ്ട്രേഷനുകൾ സേവന (സിവിൽ രജിസ്ട്രേഷൻ) എന്ന സോഫ്റ്റ് വെയറിലൂടെയും സാമൂഹ്യ സുരക്ഷാപെൻഷനുകൾ സേവന(പെൻഷൻ)എന്ന സോഫ്റ്റ് വെയറിലൂടെയും ചെയ്തു വരുന്നു. ജനന-മരണ-വിവാഹ സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ലഭ്യമാണ്. അങ്ങനെ ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. ജനന-മരണ-വിവാഹ രജിസ്ട്രേഷനുകളുടെ മുൻകാല രേഖകളുടെ കമ്പ്യൂട്ടർ വത്കരണം ത്വരിതഗതിയിൽ പൂർത്തിയായി വരുന്നു. വസ്തു നികുതിയുമായി ബന്ധപ്പെട്ട 'സഞ്ചയ' സോഫ്റ്റ്‌വെയർ സ്ഥാപിച്ച് നികുതി നിർണ്ണയ രജിസ്റ്ററുകൾ കമ്പ്യൂട്ടർ വത്കരിക്കുന്ന പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. സേവനാവകാശനിയമം നടപ്പിലാക്കിയിട്ടുണ്ട്. 16 സേവനങ്ങൾ ഗ്രാമപഞ്ചായത്തുകൾ വഴിയും 7 സേവനങ്ങൾ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

ആഫീസുകൾ വഴിയും 3 സേവനങ്ങൾ പഞ്ചായത്ത് ഡയറക്ടറേറ്റ് വഴിയും നല്കാനുള്ള പ്രവർത്തനം നടന്നു വരുന്നു. തദ്ദേശഭരണസ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന സേവനങ്ങൾ സമയബന്ധിതമായി തന്നെ നടപ്പിലാക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ, അർഹരായ എല്ലാപേർക്കും ഉറപ്പുവരുത്താൻ സമ്പൂർണ്ണ പെൻഷൻ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കി കഴിഞ്ഞു.

(സി) ഗ്രാമ പഞ്ചായത്തുകളിൽ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച് പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടമെന്ന നിലയിൽ 990 ക്ലാർക്ക് തസ്തികകളും 864 അസ്സിസ്റ്റന്റ് സെക്രട്ടറി തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

(ഡി) ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും തയ്യാറാക്കുന്ന വികസന രേഖയെ അടിസ്ഥാനമാക്കി 12-ാം പഞ്ചവൽസര പദ്ധതിക്കാലത്തേയ്ക്കുള്ള (2012-2017) പഞ്ചവൽസര പദ്ധതിയും 5 വർഷത്തേയ്ക്കുള്ള പദ്ധതിയ്ക്കായി ഏറ്റെടുക്കാവുന്ന പ്രോജക്ടുകളുടെ സംഗ്രഹവും വർഷം തിരിച്ചും മേഖല തിരിച്ചും തയ്യാറാക്കുന്നു. 5 വർഷത്തേയ്ക്കുള്ള ദീർഘകാല പദ്ധതിയുടെ അടിസ്ഥാനത്തിൽ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും വാർഷിക പദ്ധതികൾ തയ്യാറാക്കുന്നു.

## ഗ്രാമപഞ്ചായത്തുകളെ ശാക്തീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും കർമ്മ പദ്ധതികൾ

289 (3576) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പാലോട് രവി :
ശ്രീ. ജോസഫ് വാഴക്കൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകളെ ശാക്തീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം കർമ്മ പദ്ധതികളാണ് ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ചിട്ടുള്ളത് ;

(ബി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതി പ്രകാരം വികസിപ്പിച്ചിട്ടുള്ളത് ;

(സി) ഇതിനായി ഗ്രാമപഞ്ചായത്തുകളിലെ സെക്രട്ടറിമാരുടെ തസ്തിക ഏകീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) ഗ്രാമപഞ്ചായത്തുകൾ പൂർണ്ണതോതിൽ ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) 1 ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ 864 അസിസ്റ്റന്റ് സെക്രട്ടറി തസ്തികയും 990 ക്ലറിക്കൽ തസ്തകയും സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്.

2 ദീർഘകാലാടിസ്ഥാനത്തിലുള്ള പ്രോജക്ടുകൾക്ക് ഊന്നൽ നൽകുന്നതിന്റെ ഭാഗമായി ഓരോ തദ്ദേശഭരണ സ്ഥാപനവും 5 വർഷത്തേക്ക് ഏറ്റെടുക്കാവുന്ന പ്രോജക്റ്റുകളും രണ്ടു വർഷത്തേക്കുള്ള പദ്ധതികളും തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

3 ആരോഗ്യം, ശുചിത്വം, സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണം തുടങ്ങിയ മേഖലകളിൽ വാർഡുതലത്തിൽ മുൻതൂക്കം നൽകി പ്രവൃത്തികൾ നടന്നുവരുന്നു. ആരോഗ്യ-ശുചിത്വമേഖലയിൽ വാർഡുതല ശുചിത്വ സമിതിയും, സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിനായി വാർഡുതല ജാഗ്രതാസമിതികളും നിലവിൽ വന്നു. കൂടാതെ ആശാ പ്രവർത്തകരുടെയും ആരോഗ്യ-ശുചിത്വ സമിതികളുടെയും ആസ്ഥാനമായി പ്രവർത്തിക്കുന്നതിന് ഓരോ ഗ്രാമപഞ്ചായത്ത് വാർഡുകളിലും ഗ്രാമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും അവയ്ക്ക് പ്രതിവർഷം 50,000 രൂപ ചെലവഴിക്കുന്നതിനും ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകിയിട്ടുണ്ട്.

4 ഗ്രാമസഭകളുടെ ശക്തമായ സംഘാടനത്തിനായി 'സേവാഗ്രാം' എന്ന പേരിൽ ഗ്രാമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനം നടന്നു വരുന്നു. പ്രവർത്തന മാർഗ്ഗ രേഖ പുറപ്പെടുവിച്ചിട്ടുണ്ട്.

5 ഗ്രാമപഞ്ചായത്തുകളിൽ കമ്പ്യൂട്ടർവത്കരണം പൂർത്തിയായി വരുന്നു. 978 ഗ്രാമ പഞ്ചായത്തുകളിലും പുതിയ അക്രൂവൽ ബേയ്സ്ഡ് ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം ഏർപ്പെടുത്തി. അവ 'സാംഖ്യ' സോഫ്റ്റ് വെയറിലൂടെയാണ് പ്രവർത്തിക്കുന്നത്. പദ്ധതി രൂപീകരണം, അംഗീകാരം

തുടങ്ങിയ പദ്ധതി പ്രവർത്തനങ്ങളെല്ലാം 'സുലേഖ' സോഫ്റ്റ് വെയർ വഴി നടത്തുന്നു.

6 ഗ്രാമപഞ്ചായത്തുകളിലെ ജനങ്ങൾക്ക് അനുയോജ്യമായ രീതിയിൽ 2011-ൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

7 വികസന ഫണ്ടിൽ മേഖലയനുസരിച്ചുള്ള നിയന്ത്രണങ്ങൾ ഒഴിവാക്കി ഗ്രാമ പഞ്ചായത്തുകൾക്ക് അവയുടെ ആവശ്യങ്ങൾ നിർവ്വഹിക്കുന്ന രീതിയിൽ പദ്ധതി പ്രവർത്തനങ്ങൾ നടത്താൻ പ്രാപ്തമാക്കിയിട്ടുണ്ട്.

8 ഭക്ഷ്യവിള വിസ്തൃതി വർദ്ധിപ്പിക്കുക, ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക, ഉൽപാദനം വർദ്ധിപ്പിക്കുക എന്നിവയ്ക്ക് സാദ്ധ്യമാകുന്ന നടപടികൾ സ്വീകരിച്ച് ഉല്പാദന മേഖലയിലെ പ്രവർത്തനങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകി പദ്ധതി ആസൂത്രണ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

9 ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പരിശീലനം നൽകി ഭരണ നിർവ്വഹണത്തിന് പ്രാപ്തരാക്കിയിട്ടുണ്ട്.

10 ഗ്രാമപഞ്ചായത്തുകളുടെ മേൽനോട്ടത്തിൽ വനിതാ ജാഗ്രതാ സമിതികൾ പ്രവർത്തിക്കുന്നുണ്ട്. 682 ഗ്രാമപഞ്ചായത്തുകളിൽ വാർഡുതല സമിതിയും 650 ഗ്രാമപഞ്ചായത്തുകളിൽ പഞ്ചായത്ത്തല സഹായസമിതിയും 477 ഗ്രാമപഞ്ചായത്തുകളിൽ നിയമസഹായ സമിതിയും പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത പ്രവർത്തനങ്ങൾ എല്ലാ വാർഡുകളിലേക്കും വ്യാപിപ്പിക്കുന്ന പ്രവർത്തനം നടന്നു വരുന്നു.

11 ഗ്രാമപഞ്ചായത്തുകളിലെ ഫ്രണ്ട് ഓഫീസ്, കമ്പ്യൂട്ടർവത്കരണം തുടങ്ങിയ നടപടികളിലൂടെ ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ അഴിമതി രഹിതവും സുതാര്യവുമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

12 എല്ലാ ഗ്രാമപഞ്ചായത്തുകളിലും സമ്പൂർണ്ണ പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

13 സേവനാവകാശനിയമം നടപ്പിലാക്കിയിട്ടുണ്ട്.

14 16 സേവനങ്ങൾ ഗ്രാമപഞ്ചായത്തുകൾ വഴിയും 7 സേവനങ്ങൾ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസുകൾ വഴിയും 3 സേവനങ്ങൾ പഞ്ചായത്ത് ഡയറക്ടറേറ്റ് വഴിയും നല്കാനുള്ള പ്രവർത്തനം നടന്നു വരുന്നു.

(സി) ഏകീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് വകുപ്പിൽ നിലവിലുണ്ടായിരുന്ന സെക്രട്ടറി (ഗ്രാമപഞ്ചായത്ത്), സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി എന്നീ രണ്ടു തരം സെക്രട്ടറി തസ്തികകൾ ഏകീകരിക്കണമെന്ന് 9-ാം ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശപ്രകാരം മേൽപ്പറഞ്ഞ 2 തരം സെക്രട്ടറി തസ്തികകൾ ഏകീകരിക്കുകയും 18740-33680 രൂപ ശമ്പള നിരക്കിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്ന തസ്തിക 978 ഗ്രാമപഞ്ചായത്തുകളിൽ നിലവിൽ വരികയും ചെയ്തു.

(ഡി) പദ്ധതി നിർവ്വഹണത്തിന് വർഷത്തിൽ 12 മാസവും ലഭിക്കത്തക്ക രീതിയിൽ പദ്ധതി അംഗീകാര നടപടികൾ വേഗത്തിലാക്കുന്നതിനും ഗ്രാമപഞ്ചായത്തുകൾ കമ്പ്യൂട്ടർവത്ക്കരിച്ച് ഗുണനിലവാരമുള്ള സേവനങ്ങൾ ഉറപ്പു വരുത്തുന്നതിനും നടപടികൾ സ്വീകരിക്കും. ജനപ്രതിനിധികൾക്ക് പരിശീലനം നൽകി ഭരണ നിർവ്വഹണത്തിന് പ്രാപ്തരാക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ വനിതാ ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കും. കൂടാതെ ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനം അഴിമതി രഹിതവും സുതാര്യവുമാക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വാർഡുകളിലും ഗ്രാമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ ശക്തവും കാര്യക്ഷമവുമായ സോഷ്യൽ ആഡിറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്.

**ഗ്രാമപഞ്ചായത്തുകളുടെ പെർഫോമൻസ് ഗ്രാന്റിനുള്ള അർഹത**

290 (3577) ശ്രീ. എം. ഹംസ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത് ; വിശദാംശം നൽകാമോ ;

(ബി) പ്രസ്തുത വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ എത്ര ഗ്രാമ പഞ്ചായത്തുകൾ പെർഫോമൻസ് ഗ്രാന്റിന് അർഹത നേടുകയുണ്ടായി ;

(സി) പാലക്കാട് ജില്ലയിൽ പെർഫോമൻസ് ഗ്രാന്റിന് അർഹത നേടിയ ഗ്രാമപഞ്ചായത്തുകൾ ഏതെല്ലാം ; ഓരോ പഞ്ചായത്തിന്റെയും സ്കോർ വിവരം

ലഭ്യമാക്കാമോ ;

(ഡി) ഓരോ പഞ്ചായത്തിനും പെർഫോമൻസ് ഗ്രാന്റിനായി ലഭിച്ച തുകയുടെ വിശദാംശം നൽകാമോ ;

(ഇ) പാലക്കാട് ജില്ലയിൽ മോശം പ്രകടനം നടത്തിയ ഗ്രാമപഞ്ചായത്തുകളുടെ പേരുവിവരം ലഭ്യമാക്കാമോ ?

ഉത്തരം

(എ) കെ.എൽ.ജി.എസ്.ഡി.പി.-യുടെ പെർഫാർമൻസ് ഗ്രാന്റ് 2013-14 മുതൽ നൽകുന്നത് വാർഷിക പ്രവർത്തന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ്. പ്രസ്തുത വിലയിരുത്തൽ നടത്തുന്നതിനായി ഒരു ചോദ്യാവലി ഉണ്ടാക്കുകയും അതിന്റെ അടിസ്ഥാനത്തിലുള്ള വിവരശേഖരം പ്രവർത്തനവിലയിരുത്തലിന് വേണ്ടിയുള്ള സോഫ്റ്റ് വെയറിൻ രേഖപ്പെടുത്തി അർഹരായ ഗ്രാമപഞ്ചായത്തുകളെയും മുനിസിപ്പാലിറ്റികളെയും തെരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്. വിലയിരുത്തലിൽ പരാതിയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് രണ്ട് തലത്തിലുള്ള അപ്പീലിനും സൗകര്യമുണ്ട്.

(ബി) 2013-14-ൽ 898 ഗ്രാമപഞ്ചായത്തുകൾ പെർഫോമൻസ് ഗ്രാന്റിന് അർഹത നേടുകയുണ്ടായി.

(സി) വിശദവിവരം അനുബന്ധം - 1 ആയി ചേർക്കുന്നു.*

(ഡി) വിശദവിവരം അനുബന്ധം - 2 ആയി ചേർക്കുന്നു.*

(ഇ) വിശദവിവരം അനുബന്ധം - 3 ആയി ചേർക്കുന്നു. * അനുബന്ധം 3 -ൽ നോട്ട് ക്ലിയേർഡ് ആയി രേഖപ്പെടുത്തിയിട്ടുള്ള ഗ്രാമപഞ്ചായത്തുകൾ.

## ഗ്രാമപഞ്ചായത്തുകളിൽ മാലിന്യസംസ്കരണം

291 (3578) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകളിൽ മാലിന്യസംസ്കരണം നടത്തുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; ഇതിനായി സർക്കാരിന്റെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഭാഗത്തുനിന്നും എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കുമോ ;

(ബി) ആധുനിക മാലിന്യസംസ്കരണ സംവിധാനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരം നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എന്തെല്ലാം സാങ്കേതിക സംവിധാനങ്ങളാണ് ഇതിനായി ഉപയോഗിക്കാൻ ആലോചിക്കുന്നതെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) 1994-ലെ കേരള പഞ്ചായത്ത് രാജ് ചട്ടപ്രകാരം പഞ്ചായത്ത് പ്രദേശത്ത് ഉൽപ്പാദിപ്പിക്കുന്ന മാലിന്യത്തിന്റെ ശേഖരണം, പരിവഹണം, സംസ്കരണം എന്നിവ അതാത് ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. ഇതിലേക്കായി ഗ്രാമ പഞ്ചായത്ത് തലത്തിൽ മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കുന്നതിനും നിലവിലുള്ള മാലിന്യ സംസ്കരണ പ്ലാന്റുകൾ ആധുനികവൽക്കരിക്കുന്നതിനും വേണ്ടി ഗ്രാമ പഞ്ചായത്തുകൾ തയ്യാറാക്കുന്ന പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതിയും അവയുടെ നിർവ്വഹണത്തിലേക്കായി പ്രോജക്ട് തുകയുടെ 75% പരമാവധി 35 ലക്ഷം രൂപ വരെ സർക്കാർ സാമ്പത്തിക സഹായമായി ശുചിത്വ മിഷൻ വഴി നൽകി വരുന്നു. കൂടാതെ കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റിൽ എത്തുന്ന മാലിന്യത്തിന്റെ അളവ് ഒരു പരിധി വരെ കുറയ്ക്കുന്നതിനും മാലിന്യം ഉല്പാദനതലത്തിൽ തന്നെ സംസ്കരിക്കുന്നതിനും ലക്ഷ്യമിട്ട് ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കുമായി തയ്യാറാക്കുന്ന പദ്ധതികൾക്ക് ശുചിത്വ മിഷനിൽ നിന്ന് സാങ്കേതിക അനുമതിയും സാമ്പത്തിക സഹായവും നൽകി വരുന്നു. ഇത്തരത്തിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് 75% സബ്സിഡിയും കമ്പോസ്റ്റിംഗ് സംവിധാനങ്ങൾക്ക് 90% സബ്സിഡിയും നൽകി ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിച്ചുവരുന്നു.

(ബി) ആധുനിക മാലിന്യ സംസ്കരണ സംവിധാനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജൈവ മാലിന്യങ്ങൾ കമ്പോസ്റ്റിംഗ്, ബയോമെഥനൈസേഷൻ പോലുള്ള സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് മാലിന്യം സംസ്കരിക്കുക എന്നതാണ് ഏറ്റവും നല്ലരീതി. ഈ രീതിയിലൂടെ പടിപടിയായി മാലിന്യസംസ്കരണം പരിസ്ഥിതി സൗഹാർദ്ദമായും ആരോഗ്യപരമായും നടത്തുവാൻ സാധിക്കും. തരംതിരിച്ചുള്ള

സംഭരണവും ജൈവമാലിന്യങ്ങൾ ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കാനും നടപടി എടുത്തു വരുന്നു. അജൈവ മാലിന്യങ്ങൾ പൊതുമാലിന്യ സംസ്കരണ പ്ലാന്റിലേക്ക് എത്തിച്ച് പുനഃചംക്രമണം പ്രോത്സാഹിപ്പിച്ചു വരുന്നു. ഇതിൽ നിന്നും പൊതു മാലിന്യ സംസ്കരണം പ്ലാന്റിലേക്ക് എത്തുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കാനും പ്ലാന്റുകൾ നവീകരിച്ച് കുറ്റമറ്റതാക്കാനുമാണ് നടപടി എടുത്തുവരുന്നത്.

**മിഷൻ 676 -ൽ ഉൾപ്പെടുത്തിയ ഗ്രാമീണ മേഖലകളുടെ വികസനത്തിനായുള്ള പദ്ധതികൾ**

292 (3579) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. വർക്കല കഹാർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി, ഗ്രാമീണ മേഖലകളുടെ വികസന മുന്നേറ്റം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) ഗ്രാമീണ മേഖലകളുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. എല്ലാവർക്കും വീട്

(a) ഭവന രഹിതരായ 2000 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പട്ടികവർഗ്ഗ വകുപ്പ് മുഖേന പുതിയ വീട് നിർമ്മിക്കുന്ന പദ്ധതി

(b) സമ്പൂർണ്ണ ഭവന പദ്ധതി പ്രകാരമുള്ള സർവ്വേയിൽ കണ്ടെത്തിയ ഭവന ഗുണഭോക്താക്കളിൽ, ഇനിയും ഭവനങ്ങൾ പൂർത്തികരിക്കാത്ത 35216 ഗുണഭോക്താക്കളുടെ വീട് നിർമ്മാണം.

2. <u>പാട്ടകൃഷി</u>

കുടുംബശ്രീയുമായി ചേർന്ന് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം പഞ്ചായത്ത് സെക്രട്ടറിയ്ക്ക് ഏറ്റെടുത്ത് കൃഷി ചെയ്യാവുന്ന ഭൂമിയിൽ ഭൂവുടമ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, കുടുംബശ്രീ എന്നിവരുടെ ത്രികക്ഷി കരാറിലൂടെ പാട്ടകൃഷി ചെയ്യുന്നതിനുള്ള പദ്ധതി.

3. <u>ക്ഷേമ പെൻഷനുകൾ</u>

സംസ്ഥാനത്തെ വിവിധ ക്ഷേമപെൻഷനുകളായ വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, വിധവാ പെൻഷൻ കർഷക തൊഴിലാളി പെൻഷൻ, 50 വയസ്സു കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവ ഗ്രാമപഞ്ചായത്തുകൾ മുഖേന കുടിശ്ശിക ഇല്ലാതെ വിതരണം ചെയ്യൽ.

4. <u>ഖരമാലിന്യ സംസ്കരണ യൂണിറ്റ്.</u>

ഗ്രാമപഞ്ചായത്തുകളിൽ ഖരമാലിന്യ സംസ്കരണത്തിനായി സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്ന പദ്ധതി.

5. <u>അറവുശാലകൾ</u>

ഗ്രാമപഞ്ചായത്തുകളിൽ അറവുശാലകൾ ആരംഭിക്കുന്ന പദ്ധതി.

6. <u>മാതൃകാ ഗ്യാസ് ക്രിമറ്റോറിയം</u>

സംസ്ഥാനത്തെ 6 ഗ്രാമപഞ്ചായത്തുകളിൽ മാതൃകാ ഗ്യാസ് ക്രിമറ്റോറിയം ഉണ്ടാക്കുന്നതിനുള്ള പദ്ധതി.

7. <u>നീന്തൽ പരിശീലനം, അഗ്നിശമന പ്രവർത്തന പരിശീലനം</u>

ഗ്രാമപ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് നീന്തലിലും, പ്രാരംഭ അഗ്നിശമന പ്രവർത്തനങ്ങളിലും പരിശീലനം നൽകുന്ന പദ്ധതി.

(സി) പദ്ധതിയെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കുന്നതിലേയ്ക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുമായുള്ള ചർച്ചകളും മീറ്റിംഗുകളും നടത്തി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) 1. എസ്.റ്റി. വകുപ്പ് മുഖേന നടപ്പിലാക്കുന്ന, പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള ഭവന നിർമ്മാണ പദ്ധതിക്ക് ഊരുക്കൂട്ടം മുഖേന തിരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമപഞ്ചായത്തുകളിൽ നിന്നും ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർക്ക് നൽകിയിട്ടുണ്ട്.

2. സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയിൽ 31-10-2014 വരെ 8045 ഗുണഭക്താക്കൾക്ക് വീട് പണിപൂർത്തീകരിച്ചിട്ടുണ്ട്.

3. പാട്ടകൃഷി നടത്തുന്നതിനാവശ്യമായ ഭൂമിയുടെ ലഭ്യത സംബന്ധിച്ച വിവരങ്ങൾ ജില്ലാതലത്തിൽ ശേഖരിച്ചുവരുന്നു.

4. മറ്റു പദ്ധതികൾ സംബന്ധിച്ച് ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും ചർച്ചകൾ നടന്നുവരുന്നു.

**വയോജന നയം**

293 (3580) <u>ശ്രീ. രാജു എബ്രഹാം</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയോജന നയം രൂപീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) സംസ്ഥാനത്തെ വയോജനങ്ങളുടെ എണ്ണം സംബന്ധിച്ച് സർക്കാരിന്റെ കയ്യിൽ കണക്കുണ്ടോ ; കഴിഞ്ഞ 5 വർഷങ്ങളിലെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കുമോ ;

(സി) സംസ്ഥാനത്ത് വയോജനങ്ങൾക്കായി സർക്കാർ നടപ്പാക്കി വരുന്ന വിവിധ പദ്ധതികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ ;

(ഡി) ഇവരുടെ ആരോഗ്യത്തിനും മാനസികോല്ലാസത്തിനും മുൻതൂക്കം നൽകുന്ന രീതിയിലുള്ള കൂടുതൽ കേന്ദ്രങ്ങൾ, താലൂക്കുകളോ പഞ്ചായത്തുകളോ കേന്ദ്രീകരിച്ച് ആരംഭിക്കാൻ സർക്കാർ തയ്യാറാകുമോ ;വിശദാംശം ലഭ്യമാക്കുമോ ;

(ഇ) ഇതിനായി പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ നിശ്ചിത ശതമാനം തുക മാൻഡേറ്ററിയായി ഉൾപ്പെടുത്താൻ സർക്കാർ തയ്യാറാകുമോ ; ഇതിന്മേൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന വയോജന നയം 2006 പരിഷ്കരിച്ച് മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനു വേണ്ടി വിവിധ പരിപാടികൾ നടപ്പിലാക്കുന്നതിനായി കർമ്മപദ്ധതിയുടെ മാർഗ്ഗരേഖയായി മുതിർന്ന പൗരന്മാർക്ക് വേണ്ടിയുള്ള സംസ്ഥാന നയം 2013 രൂപീകരിച്ചിട്ടുണ്ട്. മുതിർന്ന പൗരന്മാർക്ക് അർഹമായ സ്നേഹവും ബഹുമാനവും നൽകുന്നതോടൊപ്പം അവരുടെ ആരോഗ്യം, സാമ്പത്തിക സ്ഥിതി എന്നിവയ്ക്ക് പ്രത്യേക പരിഗണന നൽകി അഭിമാനപൂർവ്വം സമൂഹത്തിലെ ഒരംഗമായി കഴിയാനുള്ള സാഹചര്യം ഒരുക്കുന്നതിനും മുതിർന്നവരുടെ ക്ഷേമത്തിനായി നടപ്പാക്കേണ്ട പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നയം ലക്ഷ്യമിടുന്നു.

(ബി) 2011-ലെ സെൻസസ് പ്രകാരം സംസ്ഥാനത്തെ വയോജനങ്ങളുടെ എണ്ണം ആകെ ജനസംഖ്യയുടെ 12.83 ശതമാനമാണ് എന്ന് കണ്ടെത്തിയിട്ടുണ്ട്. വയോജനങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം സാമൂഹികനീതി വകുപ്പ് പ്രത്യേകമായി ശേഖരിച്ചിട്ടില്ല.

(സി) സർക്കാർ വൃദ്ധ സദനങ്ങളിലൂടെ നിർദ്ധനരും, അനാഥരും, സംരക്ഷിക്കാനാളില്ലാത്തവരുമായ വയോജനങ്ങൾക്ക് സൗജന്യമായി താമസം, ഭക്ഷണം, വസ്ത്രം, മരുന്ന് എന്നിവ നൽകുന്നുണ്ട്. സന്നദ്ധസംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങൾക്ക് സാമൂഹികനീതി വകുപ്പ് ഓർഫനേജ് കൺട്രോൾ ബോർഡ് വഴി ഗ്രാന്റ് നൽകുന്നുണ്ട്. വൃദ്ധജനങ്ങളുടെ ക്ഷേമത്തിനും, സുരക്ഷിതത്വത്തിനും മാനസികോല്ലാസത്തിനും വൈദ്യസഹായത്തിനും ആവശ്യമായ സൗകര്യങ്ങൾ നൽകി ഇത്തരം ആളുകളെ സൃഷ്ടിപരവും ക്രിയാത്മകവുമായ വാർദ്ധക്യത്തിലേയ്ക്ക് നയിക്കുക എന്ന ലക്ഷ്യത്തോട് കൂടി കേന്ദ്രസർക്കാർ ധന സഹായത്തോടെ വൃദ്ധജനങ്ങൾക്കുള്ള സംയോജിത സംരക്ഷണ പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവയ്ക്ക് കേന്ദ്രസർക്കാർ ധനസഹായം നൽകുന്നു. സംസ്ഥാനത്തെ എല്ലാ കോർപ്പറേഷൻ/ മുനിസിപ്പാലിറ്റികളിലും 65 വയസ്സിന് മുകളിൽ പ്രായമുള്ള മുതിർന്ന പൗരന്മാർക്ക് ആരോഗ്യ പരിരക്ഷ നൽകുന്നതിനും ദൈനംദിന ജീവിതം സുഗമമാക്കുന്നതിനും കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന വയോമിത്രം പദ്ധതിയിൽ മൊബൈൽ ക്ലിനിക്, ഹെൽപ്പ് ഡെസ്ക്, ആംബുലൻസ് സൗകര്യം, തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ പാലിയേറ്റീവ് സേവനം എന്നിവ നൽകി വരുന്നു.

(ഡി) മുതിർന്നവരുടെ ലഘുവ്യായാമത്തിനായി സംസ്ഥാനത്തെ കോർപ്പറേഷനുകളിലും മിനിസിപ്പാലിറ്റികളിലും സ്ഥലസൗകര്യങ്ങളും മറ്റ് ആരോഗ്യ വർദ്ധക സംവിധാനങ്ങളും ഏർപ്പെടുത്തുന്നതിന് മുതിർന്ന പൗരന്മാർക്ക് വേണ്ടിയുള്ള സംസ്ഥാന നയം വിഭാവനം ചെയ്യുന്നുണ്ട്. ആയവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച്

വരുന്നു.

(ഇ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് ഓരോ വർഷവും കുറഞ്ഞത് പദ്ധതിയുടെ 5% തുക വൃദ്ധർ, വികലാംഗർ, കുട്ടികൾ എന്നിവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി മാറ്റി വയ്ക്കുന്നുണ്ട്.

### മാതൃകാ അംഗൻവാടി

294 (3581) ശ്രീ. ബി. ഡി. ദേവസ്സി : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊടകര ഗ്രാമപഞ്ചായത്തിലെ ലാവണ്യ അംഗൻവാടിയെ മാതൃകാ അംഗൻവാടിയാക്കുന്നതിന് ഉത്തരവ് നൽകിയെങ്കിലും ഇതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ഇനിയും ആരംഭിയ്ക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിർമ്മാണം ആരംഭിയ്ക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ ;

(സി) നിർമ്മാണം ഉടൻ ആരംഭിയ്ക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ-സി) ചാലക്കുടി നിയോജകമണ്ഡലത്തിലെ കൊടകര ഗ്രാമപഞ്ചായത്തില ലാവണ്യ 4-ാം നമ്പർ മാതൃകാ അങ്കണവാടിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. തടസ്സങ്ങൾ ഒന്നും ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

### കായംകുളം നഗരസഭയിലെ ആശാ പ്രവർത്തകർ

295 (T*3582) ശ്രീ. സി. കെ. സദാശിവൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം നഗരസഭയിൽ ആശാ പ്രവർത്തകർ ഇല്ലാത്ത വാർഡുകൾ ഉണ്ടോ ;

(ബി) എല്ലാ വാർഡുകളിലും ആവശ്യമായ എണ്ണം ആശാ പ്രവർത്തകർ പ്രവർത്തിക്കുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ ജനസംഖ്യയ്ക്ക് ആനുപാതികമായ ആശാ പ്രവർത്തകരെ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഇല്ല.

(സി) നഗര ആരോഗ്യ പദ്ധതിയുടെ ഭാഗമായി ജനസംഖ്യക്ക് ആനുപാതികമായ ആശാ പ്രവർത്തകരെ നിയമിക്കുന്നതിന് ആരോഗ്യ വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**ബാലപീഡന കേസുകൾ**

296 (3583) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചൈൽഡ് ലൈൻ, ചൈൽഡ് വെൽഫെയർ കമ്മിറ്റി എന്നിവ മുഖേന എത്ര ബാലപീഡന കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത്തരം കേസുകളിൽ എത്രയെണ്ണം ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് നടക്കുന്ന ബാലപീഡന കേസുകൾ എത്ര ജീവനക്കാരെ ശിക്ഷാനടപടിക്ക് വിധേയരാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**ഹോം നേഴ്സിംഗ് രംഗത്തേക്ക് കുടുംബശ്രീ**

297 (3584) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പി. എ. മാധവൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബശ്രീ അംഗങ്ങൾക്ക് ഹോം നേഴ്സിംഗ് രംഗത്തേക്ക് പ്രവേശിക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) രോഗപരിചരണത്തിനും വയോജനങ്ങൾക്ക് സഹായം എത്തിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ആരെല്ലാമാണ് പദ്ധതിയുമായി സഹകരിക്കുന്നത് വിശദമാക്കുമോ ;

(ഡി പദ്ധതി നടത്തിപ്പിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി-ഡി) ബാധകമല്ല.

**ശിശു വികസന പദ്ധതി**

298 (3585) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ത്രീകളുടെയും കുട്ടികളുടെയും സേവനത്തിനും ശാക്തീകരണത്തിനുമായി ആരംഭിച്ച ശിശു വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഈ സർക്കാർ എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കിവരുന്നത് ; വിശദാംശം നൽകാമോ ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച ഫണ്ട് വിനിയോഗം കാര്യക്ഷമമായി നടക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) ശിശു വികസന പദ്ധതിയിൽ കീഴിൽ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ താഴെപ്പറയുന്നവയാണ്:

(1) <u>രാജീവ് ഗാന്ധി സ്കീം ഫോർ എംപവർമെന്റ് ഓഫ് അഡോളസെന്റ് ഗേൾസ്-സബല</u>

100% കേന്ദ്ര സഹായത്തോടെ 11 മുതൽ 18 വയസ്സ് വരെയുള്ള കൗമാര പ്രായക്കാരായ പെൺകുട്ടികളുടെ ആരോഗ്യപോഷണനിലവാരം ഉയർത്തുന്നതിനും അവരുടെ വിവിധങ്ങളായകഴിവുകൾ പ്രോൽസാഹിപ്പിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതിയായ സബല (രാജീവ് ഗാന്ധിസ്കീം ഫോർ എംപവർമെന്റ് ഓഫ് അഡോളസെന്റ് ഗേൾസ്) കൊല്ലം, ഇടുക്കി, മലപ്പുറം, പാലക്കാട് ജില്ലകളിൽ നടപ്പിലാക്കിവരുന്നു.

(2) <u>കിശോരി ശക്തി യോജന</u>

100% കേന്ദ്ര സഹായത്തോടെ 11 മുതൽ 18 വയസ്സു വരെയുള്ള കൗമാര പ്രായക്കാരായ പെൺകുട്ടികളുടെ

സാമൂഹിക മാനസിക വളർച്ച ലക്ഷ്യമിട്ടുകൊണ്ട് സബല പദ്ധതി നടപ്പിലാക്കുന്ന ജില്ലകൾ ഒഴികെയുള്ള മറ്റ് ജില്ലകളിലെ 174 ഐ.സി.ഡി.എസ്. പ്രോജക്ടുകളിൽ ടി പദ്ധതി നടപ്പിലാക്കി വരുന്നു.

(3) <u>ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ യോജന(IGMSY)</u>

കേന്ദ്ര സർക്കാർ ഒരു പൈലറ്റ് പ്രോജക്ടായി 52 ജില്ലകളിൽ നടപ്പിലാക്കിയ ഈ മാതൃത്വ സഹായ പദ്ധതി സംസ്ഥാനത്ത് പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്നു. തൊഴിൽ ചെയ്തു ജീവിക്കുന്ന സ്ത്രീകൾക്ക് ഗർഭ-പ്രസവ കാലയളവിൽ ഉണ്ടാകുന്ന തൊഴിൽ/ വരുമാന നഷ്ടം ഒരു പരിധിവരെ പരിഹരിക്കുന്നതിനും ടി കാലയളവിൽ സ്ത്രീക്കും കുഞ്ഞിനും ആവശ്യമായ ആരോഗ്യ പോഷണ പരിചരണം ഉറപ്പാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണിത്. 19 വയസ്സിന് മേൽ പ്രായമുള്ള സ്ത്രീകൾക്ക് അവരുടെ ആദ്യത്തെ രണ്ട് സജീവജനനത്തിനു 4,000 രൂപ വീതമുള്ള സാമ്പത്തികാനുകൂല്യമാണ് പദ്ധതി പ്രകാരം ലഭിക്കുന്നത്. കേന്ദ്ര ഭക്ഷ്യ സുരക്ഷാ നിയമം 2013 പ്രകാരം 2013 ജൂലൈ 5-ന് ശേഷം പദ്ധതിയിൽ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കൾക്ക് സാമ്പത്തികാനുകൂല്യമായി 6,000 രൂപ രണ്ടു ഗഡുക്കളായി ലഭിക്കുന്നു. സ്ത്രീകളുടേയും അവർ പ്രസവിക്കുന്ന കുഞ്ഞിന്റേയും ആരോഗ്യപോഷണ സംബന്ധമായ ചില നിബന്ധനകൾ പാലിക്കപ്പെടുന്ന മുറയ്ക്ക് മൂന്ന് ഗഡുക്കളായി ഗുണഭോക്താവിന്റെ ബാങ്ക്/പോസ്റ്റ് ഓഫീസ് അക്കൗണ്ട് വഴി ഈ സാമ്പത്തികാനുകൂല്യം പൂർണ്ണമായും ഗുണഭോക്താവിന് നൽകുമ്പോൾ ഗുണഭോക്താവ് ഒന്നിന് അങ്കണവാടി വർക്കർക്ക് 200 രൂപയും ഹെൽപ്പർക്ക് 100 രൂപയും അഡീഷണൽ ഇൻസെന്റീവായി നൽകുന്നു.

(4) <u>സൈക്കോ സോഷ്യൽ സർവ്വീസ് പദ്ധതി</u>

കൗമാരക്കാരായ പെൺകുട്ടികളുടെ സാമൂഹിക മാനസികാവസ്ഥ

മെച്ചപ്പെടുത്തുന്നതിന് ഊന്നൽ നൽകിക്കൊണ്ട് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിയ സൈക്കോ സോഷ്യൽ സർവ്വീസ് പദ്ധതി, സംസ്ഥാനത്തെ തെരഞ്ഞെടുത്ത 500 സ്കൂളുകളിൽ നടപ്പിലാക്കി വരുന്നു.

(5) സംയോജിത ശിശു വികസന പദ്ധതി

സംയോജിത ശിശു വികസന പദ്ധതി ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. ടി പദ്ധതിയ്ക്ക് കീഴിൽ 33115 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. സമൂഹത്തിന്റെ താഴെ തട്ടിൽ നിന്നുള്ള കുട്ടികളാണ് അങ്കണവാടികളിലെത്തുന്നത്. ടി കുട്ടിയുടെ ചെറിയ അസുഖങ്ങൾ മാറ്റുന്നതിനായി മെഡിസിൻ കിറ്റുകൾ നൽകുന്നുണ്ട്. കുട്ടികളുടെ ഭാര നിർണ്ണയം നടത്തുന്നതിനായി അങ്കണവാടികളിൽ വെയിംഗ് സ്കെയിലുകൾ വാങ്ങി നൽകുന്നുണ്ട്. അങ്കണവാടികളുടെ ആവശ്യങ്ങൾക്കായി Flexi Fund, contigency എന്നീ ഇനങ്ങളിൽ പ്രത്യേക ഫണ്ടും അനുവദിച്ച് നൽകുന്നുണ്ട്. കുട്ടികളെ പരിപാലിക്കുന്നതിനായി അങ്കണവാടികളിൽ നിയോഗിച്ച വർക്കർ/ഹെൽപ്പർമാർക്ക് രണ്ട് ജോഡി യൂണിഫോം വീതം നൽകി വരുന്നുണ്ട്.

(6) പൂരക പോഷകാഹാര പദ്ധതി

ഐ.സി.ഡി.എസ്. പ്രോജക്ടുകളുടെ കീഴിൽ 33115 അങ്കണവാടികളുടെ പൂരക പോഷകാഹാര പദ്ധതി നടപ്പിലാക്കി വരുന്നു. അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പോഷകാഹാര പദ്ധതിയ്ക്കായി തുക വകയിരിത്തിയിരിക്കുന്നത്. 6 മാസം മുതൽ 3 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് അമൃതം ന്യൂട്രിമിക്സ് പൗഡർ Take Home Ration ആയി നൽകി വരുന്നു. 3 മുതൽ 6 വയസ്സുവരെ പ്രായമുള്ള പ്രീ-സ്കൂൾ കുട്ടികൾക്കുള്ള ഭക്ഷണം, കുമാരിമാർ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ ഇവർക്കായി പോഷകാഹാരം എന്നിവ അങ്കണവാടികളിലൂടെ നൽകി വരുന്നു.

(ബി) ഇല്ല.

(സി) ബാധകമല്ല.

**യാചക വിമുക്ത കേരളം പദ്ധതി**

299(3586) ശ്രീ. പി. ഉബൈദുള്ള :താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'യാചക വിമുക്ത കേരളം' പദ്ധതിയിൽ ഉൾപ്പെടുത്തി മലപ്പുറത്ത് ഷെൽട്ടർ ഹോം സ്ഥാപിക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം യാഥാർത്ഥ്യമാക്കാൻ സർക്കാർ

എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് എവിടെയെങ്കിലും ഇത്തരം കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ&ബി) യാചക വിമുക്ത കേരളം പദ്ധതി പ്രകാരം ഷെൽട്ടർ ഹോമുകൾ സ്ഥാപിക്കുന്നതിന് സ്ഥലം ലഭ്യമല്ലാത്തതിനാൽ പദ്ധതി നടപ്പാക്കാൻ സാധിച്ചിട്ടില്ല. സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള 1945-ലെ മദ്രാസ് പ്രിവൻഷൻ ഓഫ് ബെഗ്ഗിംഗ് ആക്ടും 1120-ലെ ട്രാവൻകൂർ പ്രിവൻഷൻ ഓഫ് ബെഗ്ഗിംഗ് ആക്ടും 1120-ലെ കൊച്ചി വാഗ്രൻസി ആക്ടും യാചകവൃത്തി ഫലപ്രദമായി തടയുന്നതിന് പ്രയോജനപ്പെടുന്നില്ല. യാചകവൃത്തി പൂർണ്ണമായും നിരോധിക്കുന്നതിനും യഥാർത്ഥ യാചകരെ കണ്ടെത്തി അവരെ പുനരധിവസിപ്പിക്കുന്നതിനുമായി മേൽ സൂചിപ്പിച്ച നിയമങ്ങൾ റദ്ദാക്കി പുതിയ ഒരു നിയമനിർമ്മാണത്തിനായി ഉദ്ദേശിക്കുന്നുണ്ട്.

**വനിതാ വികസന കോർപ്പറേഷന്റെ വായ്പാ തിരിച്ചടവ്**

300 (3587) <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനിതാ വികസന കോർപ്പറേഷൻ വായ്പാ തിരിച്ചടവ് ഐ.ഡി.ബി.ഐ. ബാങ്ക് വഴി നടപ്പിലാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ബാങ്കും കോർപ്പറേഷനും തമ്മിലുള്ള ധാരണാപത്രത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) ഇതുമൂലം ഉണ്ടാകുന്ന അധിക നിരക്ക് ഉപഭോക്താവിൽ നിന്നും ഈടാക്കുമോ ; സാമ്പത്തിക നഷ്ടം എത്രയെന്ന് വ്യക്തമാക്കാമോ ;

(ഡി) പദ്ധതി നിർവ്വഹണത്തിൽ നിലനിൽക്കുന്ന ആശങ്ക പരിഹരിക്കുമോ ?

<u>ഉത്തരം</u>

(എ) വനിതാ വികസന കോർപ്പറേഷൻ ഗുണഭോക്താക്കൾക്ക് വായ്പാ തിരിച്ചടവ് ബാങ്ക് വഴി ആക്കുന്നതിന് വേണ്ടി ഐ.ഡി.ബി.ഐ. ബാങ്കുമായി ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്.

(ബി) വനിതാ വികസന കോർപ്പറേഷന്റെ ഗുണഭോക്താക്കൾക്ക് കോർ ബാങ്കിംഗ് സംവിധാനമുള്ള ഏതൊരു ബാങ്കിന്റെ ഏത് ശാഖയിൽ നിന്നും അവരുടെ വായ്പാ അക്കൗണ്ടിലേയ്ക്ക് തുക അടയ്ക്കാവുന്നതാണ്. ഗുണഭോക്താവ് ഒടുക്കുന്ന തുക ഉടൻ തന്നെ ഐ.ഡി.ബി.ഐ.-യിലുള്ള കോർപ്പറേഷന്റെ അക്കൗണ്ടിലേയ്ക്കുത്തുകയും അന്നേ

ദിവസം തന്നെ ഗുണഭോക്താവിന്റെ വായ്പാ അക്കൗണ്ടിലേയ്ക്ക് വരവ് വയ്ക്കുകയും ചെയ്യുന്ന രീതിയിലാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.

(സി) ബാങ്ക് വഴി വായ്പ തിരിച്ചടയ്ക്കുന്നതിന് ഗുണഭോക്താവോ വനിതാ വികസന കോർപ്പറേഷനോ അധികം നിരക്ക് നൽകേണ്ടതില്ല. ആയതിനാൽ അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ല.

(ഡി) വനിതാ വികസന കോർപറേഷന്റെ ഓഫീസുകളിൽ വായ്പ തിരിച്ചയടയ്ക്കുന്നതിന് നിലവിലുള്ള സംവിധാനം തുടരുന്നുണ്ട്. ഓഫീസുകളിൽ എത്തുന്നതിന് വേണ്ടി വരുന്ന സമയ നഷ്ടവും സാമ്പത്തിക നഷ്ടവും ഒഴിവാക്കി ഗുണഭോക്താവിന് തൊട്ടടുത്ത ബാങ്കു വഴി അധിക നിരക്കുകളൊന്നുമില്ലാതെ വായ്പ തിരിച്ചടയ്ക്കുന്നതിനുള്ള അധിക സംവിധാനം മാത്രമാണ് കോർപറേഷൻ ഒരുക്കിയിരിക്കുന്നത്. ഗുണഭോക്താവിന്റെ കൈവശമുള്ള ഏത് ചെറിയ തുകയും ബാങ്കിൽ നിക്ഷേപിച്ചു കഴിഞ്ഞാൽ വായ്പാ അക്കൗണ്ടിലേയ്ക്ക് അന്നു തന്നെ വരവുവയ്ക്കുന്നതാണ്. പുതിയ പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് ആശങ്ക ഉണ്ടാകേണ്ട യാതൊരുവിധ സാഹചര്യവും നിലവിലില്ല.

## ക്രൈം മാപ്പിംഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷാ പദ്ധതി

301(3588) ശ്രീ. എം. ഉമ്മർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ശക്തമാക്കുന്നതിന് ക്രൈം മാപ്പിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം സുരക്ഷാ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി വകുപ്പുതല ഏകോപനം നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) കേരളത്തിലെ 14 ജില്ലകളിലുമായി 72 സി.ഡി.എസ്.-കളിൽ കുടുംബശ്രീ ക്രൈം മാപ്പിംഗ് നടത്തിയിട്ടുണ്ട്. സംസ്ഥാന, ജില്ലാ തലങ്ങളിൽ തയ്യാറാക്കിയ റിപ്പോർട്ട് കുടുംബശ്രീ പതിനാറാം വാർഷികത്തോടനുബന്ധിച്ച് പ്രകാശനം

നടത്തിയിട്ടുണ്ട്. കൂടാതെ സി.ഡി.എസ്. തല ക്രൈം മാപ്പിംഗ് റിപ്പോർട്ട് പ്രകാശനം ജില്ലകളിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടന്നിട്ടുണ്ട്.

ഒരു നിർദ്ദിഷ്ട പ്രദേശത്തുണ്ടാകുന്ന അതിക്രമങ്ങളെ കുറിച്ച് സമഗ്രമായ ഒരു ചിത്രം ഉണ്ടാക്കാനും, അതിക്രമങ്ങളെ തരം തിരിക്കാനും ക്രൈം മാപ്പിംഗിന് ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ക്രൈം മാപ്പിംഗിനു നിയോഗിക്കപ്പെട്ട ഫെസിലിറ്റേറ്ററുടെ നേതൃത്വത്തിൽ പ്രത്യേക അയൽക്കൂട്ടയോഗങ്ങളും പൊതു അയൽക്കൂട്ടങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്. അതിക്രമങ്ങൾ നടക്കുന്ന ഇടങ്ങൾ ഏതെല്ലാമെന്ന് മനസ്സിലാക്കാനും വ്യക്തിപരമായും ഗ്രൂപ്പായും അനുഭവങ്ങൾ പങ്കുവെയ്ക്കാനും അതിക്രമങ്ങളുടെ സ്വഭാവം മനസ്സിലാക്കി ജനങ്ങൾക്ക് പ്രതിരോധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ബന്ധപ്പെട്ട ഏജൻസികൾക്കും ആ പ്രദേശത്ത് സ്വീകരിക്കാവുന്ന നടപടികൾ ആസൂത്രണം ചെയ്യാനും ക്രൈം മാപ്പിംഗ് ഉപയോഗപ്പെടുത്തുന്നു.

(ബി) ഈ പ്രവർത്തനങ്ങൾ നടന്നതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീയുടെ റിസോഴ്സ് പേഴ്സൺമാർ തങ്ങളുടെ പ്രദേശത്തെ നിരവധി പ്രശ്നങ്ങൾ കണ്ടെത്തുകയും അവയിൽ ഫലപ്രദമായി കുടുംബശ്രീ സ്ത്രീ പദവി സ്വയം പഠന പ്രക്രിയയുടെ ഭാഗമായി സി.ഡി.എസ്. തലങ്ങളിൽ രൂപീകരിക്കപ്പെട്ട ജെൻഡർ കോർണറുകൾ വഴി ഇടപെട്ടുകൊണ്ട് പ്രശ്ന പരിഹാരം കണ്ടെത്തുന്നതിനായി പരിശ്രമിക്കുകയും ചെയ്തു വരുന്നു. ജാഗ്രതാ സമതികളുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും ക്രൈം മാപ്പിഗിന്റെ ഭാഗമായി നടന്നിട്ടുണ്ട്. ജെൻഡർ കേർണറുകളിൽ സ്വീകരിക്കപ്പെടുന്ന പരാതികളിന്മേൽ പ്രാദേശികമായി പരിഹാരം കണ്ടെത്താൻ ശ്രമിക്കുകയും അല്ലാത്തപക്ഷം മേഖലാ തലങ്ങളിൽ പ്രവർത്തിക്കുന്ന ജെൻഡർ ഹെൽപ്പ് ഡെസ്ക്കുകളായ ' സ്നേഹിത'യുമായി ബന്ധപ്പെട്ട് ആവശ്യമായ പിന്തുണ സംവിധാനങ്ങൾ ഒരുക്കി നൽകുകയും ചെയ്യുന്നു. പഞ്ചായത്ത് പദ്ധതി രൂപീകരണത്തിൽ ക്രൈം മാപ്പിംഗ് വഴി കണ്ടെത്തിയ വിവരങ്ങൾ അടിസ്ഥാനമാക്കി സ്ത്രീകളുടേയും കുട്ടികളുടേയും സംരക്ഷണത്തിനും അവരുടെ ഉന്നമനത്തിനുമായി പദ്ധതികൾ ഉൾക്കൊള്ളിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

(സി) ക്രൈം മാപ്പിംഗ് വഴി കണ്ടെത്തിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് ആവശ്യമായ പിന്തുണ സംവിധാനങ്ങൾ

കുടുംബശ്രീയുടെ മേഖലാ തലങ്ങളിൽ പ്രവർത്തിക്കുന്ന ജെൻഡർ ഹെൽപ്പ് ഡെസ്കുകളായ 'സ്നേഹിത' വഴി നൽകുന്നു. അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സഹായവും പിന്തുണയും അടിയന്തരഘട്ടങ്ങളിൽ താത്കാലിക താമസ സൗകര്യവും നൽകാൻ സാധിക്കുന്ന ജെൻഡർ ഹെൽപ്പ് ഡെസ്കുകളാണ് 'സ്നേഹിത' നിയമം, പോലീസ്, സാമൂഹ്യനീതി, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളും മറ്റ് സർക്കാർ സർക്കാരിതര വകുപ്പുകൾ/ ഏജൻസികൾ/ എൻ.ജി.ഒ.-കൾ എന്നിവയുമായി സഹകരിച്ചാണ് ആവശ്യക്കാർക്ക് 'സ്നേഹിത' പിന്തുണ നൽകുന്നത്. ഇതിനോടൊപ്പം ജില്ലാതല ഏകോപന മീറ്റിംഗുകൾ ജില്ലാ കളക്ടർ/ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും നടക്കുന്നുണ്ട്. പഞ്ചായത്തുതല ഏകോപന മീറ്റിംഗുകൾ പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ എല്ലാ ജനപ്രതിനിധികളുടേയും മറ്റ് വകുപ്പുകളുടേയും സ്ഥാപനങ്ങളുടേയും സംഘടനകളുടേയും സഹകരണത്തോടെ നടന്നു വരുന്നു.

**വിധവാ പെൻഷൻ കുടിശ്ശിക**

302 (3589) ശ്രീ. ഇ. പി. ജയരാജൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിധവാ പെൻഷന് അർഹതയുള്ള എത്ര ഗുണഭോക്താക്കളാണുള്ളത് ;

(ബി) ഇപ്പോൾ വിധവാ പെൻഷൻ എത്ര രൂപയാണ് ;

(സി) ഏതുവരെയുള്ള വിധവാ പെൻഷനാണ് വിതരണം ചെയ്തിട്ടുള്ളത് ;

(ഡി) എത്രമാസത്തെ പെൻഷൻ കുടിശ്ശിക വിതരണം ചെയ്യാനുണ്ടെന്നും ഇതിന് എത്ര തുക വേണ്ടി വരുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ വിധവാ പെൻഷന് അർഹതയുള്ള 10,09,217 ഗുണഭോക്താക്കളാണ് ഉള്ളത്.

(ബി) വിധവാ പെൻഷൻ നിലവിൽ പ്രതിമാസം 800 രൂപ നിരക്കിൽ നൽകി വരുന്നു.

(സി) 2014 ആഗസ്റ്റ് മാസം വരെയുള്ള പെൻഷൻ വിതരണത്തിനുള്ള തുക ഇതിനകം തന്നെ ജില്ലാ കളക്ടർമാർക്ക് അനുവദിച്ചു കഴിഞ്ഞു.

(ഡി) വിധവാ പെൻഷൻ വിതരണത്തിൽ 3 മാസത്തെ കുടിശ്ശികയുണ്ട്.

ഇതിന് 25,432.27 ലക്ഷം രൂപ ആവശ്യമാണ്.

## ആഡംബര വിവാഹങ്ങളും അനാവശ്യ ധൂർത്തും

303 (3590) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഡംബര വിവാഹങ്ങളും അനാവശ്യധൂർത്തും നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ;

(ബി) ഈ കാര്യത്തിൽ സാമുദായിക-സാമൂഹ്യ സാംസ്കാരിക-രാഷ്ട്രീയ സംഘടനകളുമായി ബന്ധപ്പെട്ട് സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ ;

(സി) ഇത്തരത്തിലുള്ള ചടങ്ങുകൾക്കെതിരെ ബോധവൽക്കരണം നടത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ഡി) ലളിതമായ വിവാഹ ചടങ്ങുകൾ നടത്തുന്നതിന് ഏതെങ്കിലും സംഘടനകൾ മുന്നോട്ടുവന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം വിവാഹങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് സ്ത്രീധന നിരോധന നിയമം നടത്തുന്നതിന് വേണ്ടി ചീഫ് ഡൗറി പ്രൊഹിബിഷൻ ഓഫീസറായി സാമൂഹ്യനീതി ഡയറക്ടറേയും 3 മേഖലകളിലായി 3 ഡൗറി പ്രൊഹിബിഷൻ ഓഫീസർമാരേയും നിയമിച്ചിട്ടുണ്ട്.

ആർഭാട വിവാഹങ്ങളും വിവാഹത്തോടനുബന്ധിച്ചുള്ള ധൂർത്തും നിയന്ത്രിക്കേണ്ടത് അനിവാര്യമാണെങ്കിലും ആയത് പൗരന്റെ അവകാശങ്ങളിന്മേലുള്ള നിയന്ത്രണമായതിനാലും പലതും ഭരണഘടന അനുശാസിക്കുന്ന മൗലികാവകാശങ്ങളുടെ ലംഘനമാകാം എന്നതുകൊണ്ടും പൗരന്റെ അവകാശങ്ങളിന്മേലുള്ള കടന്നുകയറ്റങ്ങൾ സാധാരണ കോടതികൾ അനുവദിക്കാറില്ല. ആയതിനാൽ പ്രസ്തുത നിയന്ത്രണങ്ങൾ ശരിയാം വിധമല്ലാതെയായാൽ, അങ്ങനെയുള്ള ഏതു നിയമവും ഉത്തരവുകളും സർക്കുലറുകളും കോടതിയിൽ ചോദ്യം ചെയ്യപ്പെടാനിടയുണ്ട്. ഈ സാഹചര്യത്തിൽ വിവാഹ ധൂർത്തിനെതിരെ നിയമ നിർമ്മാണം നടത്തുന്നതിനുമുൻപ് നാനാജനവിഭാഗങ്ങൾക്ക് ബോധവൽക്കരണം നടത്തുകയുമാണ് ആദ്യം വേണ്ടത് എന്നതിനാൽ മത മേലദ്ധ്യക്ഷൻമാരുമായും, രാഷ്ട്രീയ കക്ഷികളുമായും സാമൂഹ്യ പ്രസ്ഥാനങ്ങളുമായും ഇത് സംബന്ധിച്ച് ഒരു സമവായത്തിലെത്തുകയും പത്ര, ദൃശ്യ, ശ്രാവ്യ മാധ്യമങ്ങളിലൂടെ ഇത് സംബന്ധിച്ച് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും ബോധവൽക്കരണവും പൊതുജനങ്ങൾക്ക് നൽകുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുവാനും സാമൂഹ്യനീതി ഡയറക്ടർക്കും കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിയ്ക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) എല്ലാ വർഷവും നവംബർ 26-ാം തീയതി സ്ത്രീധന നിരോധന ദിനാചരണം ആചരിച്ചുവരുന്നുണ്ട്. അതിനോടനുബന്ധിച്ച് ബോധവൽക്കരണ ക്ലാസുകളും നടത്താറുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കേരള വനിതാ കമ്മീഷൻ നടത്തുന്ന കലാലയജ്യോതി, വിവാഹപൂർവ്വ കൗൺസിലിംഗ്, സെമിനാറുകൾ തുടങ്ങിയവയിൽ ആഡംബര രഹിത വിവാഹം ഒരു വിഷയമായി ചർച്ച ചെയ്യാറുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പുതിയ അംഗൻവാടികൾ

304 (3591) ശ്രീ. ഇ. കെ. വിജയൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അംഗൻവാടികൾ പുതുതായി അനുവദിച്ചിട്ടുണ്ടെന്നും എവിടെയൊക്കെയാണെന്നും ജില്ല തിരിച്ച് വിശദമാക്കാമോ ;

(ബി) പുതുതായി അംഗൻവാടി അനുവദിക്കാനുള്ള എത്ര പ്രൊപ്പോസലുകൾ പരിഗണനയിലുണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 329 അങ്കണവാടികൾ അനുവദിക്കുന്നതിനായി അങ്കണവാടി ഓൺ ഡിമാന്റിൽ കേന്ദ്ര സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിക്കുകയും 203 അങ്കണവാടികൾ പുതുതായി ആരംഭിക്കുവാൻ അനുമതി ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. ആയത് ജില്ലകൾക്ക് വിഭജിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പുതുതായി 37 അങ്കണവാടികൾ അനുവദിക്കാനുള്ള പ്രപ്പോസലുകൾ പരിഗണയിലുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

## മാതൃക അംഗൻവാടികൾ

305 (3592) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാതൃകാ അംഗൻവാടികൾ അനുവദിച്ച് ഉത്തരവായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ കാസർഗോഡ് ജില്ലയിൽ എവിടെയൊക്കെയാണെന്ന് വ്യക്തമാക്കാമോ ? ഇവയുടെ പ്രവർത്തനം വിശദമാക്കുമോ?

ഉത്തരം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) ഒരു നിയോജക മണ്ഡലത്തിൽ ഒരു മാതൃകാ അങ്കണവാടി എന്ന പദ്ധതിയനുസരിച്ച് 10 സെന്റ് സ്ഥലം ലഭ്യമായതും ബന്ധപ്പെട്ട എം.എൽ.എ ശിപാർശ ചെയ്തതുമായ 100 അങ്കണവാടികൾക്ക് നാളിതുവരെയായി ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽ മാതൃക അങ്കണവാടി നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുള്ള അങ്കണവാടികളുടെ നിർമ്മാണ പ്രവർത്തനം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | നിയോജക മണ്ഡലം | നിർമ്മാണ പുരോഗതി |
|---|---|---|
| 1 | മഞ്ചേശ്വരം | രണ്ടാം നിലയുടെ നിർമ്മാണം പുരോഗമിക്കുന്നു. |
| 2 | ഉദുമ | രണ്ടാം നിലയുടെ നിർമ്മാണം പുരോഗമിക്കുന്നു. |
| 3 | കാഞ്ഞങ്ങാട് | ഒന്നാം നിലയുടെ നിർമ്മാണം പുരോഗമിക്കുന്നു. |
| 4 | തൃക്കരിപ്പൂർ | ടെൻഡർ നടപടികൾ സ്വീകരിച്ചുവരുന്നു. |

## ബാലവേല തടയാൻ നടപടികൾ

306 (3593) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെകാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ സമ്പന്നരുടെ വീടുകളിൽ ബാലവേല ചെയ്യിപ്പിക്കുന്നതിനായി ജില്ലയിൽ നിന്നും അന്യ സംസ്ഥാനങ്ങളിൽ നിന്നും പാവപ്പെട്ട കുട്ടികളെ കൊണ്ടുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; തീർത്തും സുരക്ഷിതമില്ലാത്ത രീതിയിൽ പെൺകുട്ടികളെ ഉൾപ്പെടെ ബാലവേലയ്ക്ക് കൊണ്ടുവരുന്ന അന്യ സംസ്ഥാന ഏജന്റുമാർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ ബാലവേല കണ്ടെത്തുന്നതിന്റെ

ഭാഗമായി നടത്തിയ സ്ക്വാഡ് പരിശോധനയിൽ വിദ്യാനഗറിന് സമീപം ഒരു വീട്ടിൽ ജോലിയ്ക്ക് നിർത്തിയിരുന്ന തമിഴ്നാട്ടിൽ നിന്നുള്ള ഒരു കുട്ടിയെ 12-6-2014-ന് മോചിപ്പിച്ച് ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ മുമ്പാകെ ഹാജരാക്കുകയും നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വീട്ടുജോലിക്കായി പെൺകുട്ടികളെ ഉൾപ്പെടെ സുരക്ഷിതമല്ലാത്ത രീതിയിൽ അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ട് വരുന്ന ഏജന്റുമാരെക്കുറിച്ചുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സാമൂഹിക നീതി വകുപ്പ് ദിനാഘോഷം**

307(3594) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് മുനിസിപ്പൽ സ്റ്റേഡിയത്തിൽ 2014 നവംബർ 23-ന് സമാപിച്ച സാമൂഹികനീതി വകുപ്പ് ദിനാഘോഷത്തിന് വകുപ്പിന്റെ കീഴിലുള്ള വിവിധ ഏജൻസികളിൽനിന്നും എത്ര തുക വീതം സമാഹരിച്ചു ; ഏതൊക്കെ ഏജൻസികളിൽ നിന്നും എത്ര തുക വീതം സമാഹരിച്ചു ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) കമാനങ്ങൾ ഉൾപ്പെടെയുള്ള ഏതൊക്കെ കാര്യങ്ങൾക്കായി വകുപ്പ് എത്ര തുക ചെലവഴിച്ചു ; വ്യക്തമാക്കാമോ ;

(സി) വകുപ്പ് ഏതൊക്കെ ക്ഷേമ പെൻഷനുകളിൽ എത്ര മാസത്തെ കുടിശ്ശികയാണ് വരുത്തിയിട്ടുള്ളതെന്നും ഇത്തരത്തിലുള്ള ധൂർത്ത് ഒഴിവാക്കി കുടിശ്ശിക തുക ഉടനടി നൽകാൻ ആവശ്യമായ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കാസർഗോഡ് മുൻസിപ്പൽ സ്റ്റേഡിയത്തിൽ 2014 നവംബർ 23-ന് സമാപിച്ച സാമൂഹികനീതി വകുപ്പ് ദിനാഘോഷത്തിന് വകുപ്പിന്റെ കീഴിലുള്ള വിവിധ ഏജൻസികളായ കേരള സാമൂഹ്യ സുരക്ഷാ മിഷൻ, കേരള സംസ്ഥാന വനിതാകമ്മീഷൻ, കേരള സംസ്ഥാന വനിതാ വികസന കേർപ്പേറേഷൻ എന്നിവയിൽ നിന്നും 7 ലക്ഷം രൂപ വീതം 17-11-2014-ലെ സ.ഉ.(സാധാ) നമ്പർ 678/141/സാനീവ. നമ്പർ ഉത്തരവ് പ്രകാരം സമാഹരിക്കുകയുണ്ടായി.

(ബി) കമാനങ്ങൾ ഉൾപ്പടെയുള്ള വിവിധ ആവശ്യങ്ങൾക്കായി 27-11-2014 വരെ 21,95,204 രൂപ ചെലവഴിച്ചു.

(സി) സാമൂഹ്യനീതി വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വിതരണം ചെയ്യുന്ന വികലാംഗ പെൻഷൻ, അഗതി/വിധവ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവ 2014 ആഗസ്റ്റ് മാസം വരെ വിതരണം നടത്തിയിട്ടുണ്ട്. 2014 സെപ്റ്റംബർ മുതലുള്ള 3 മാസത്തെ പെൻഷൻ കുടിശ്ശിക ഉപധനാഭ്യർത്ഥനയിലൂടെ ഫണ്ട് ലഭ്യമാക്കി വിതരണം നടത്തുന്നതാണ്.

## സാമൂഹികനീതി വകുപ്പിൽ നബാർഡ് ആർ.ഐ.ഡി.എഫ് സ്കീം

308(3595) ശ്രീ. ജോസ് തെറ്റയിൽ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യ നീതി വകുപ്പിൽ നബാർഡു ആർ.ഐ.ഡി.എഫ്. സ്കീം പ്രകാരം എസ്.എൽ.എസ്.സി. അംഗീകാരം ലഭിച്ച അംഗനവാടികളുടെ പുനർ നിർമ്മാണത്തിനു സഹായം ലഭ്യമാക്കിയിട്ടുണ്ടോ ;

(ബി) അങ്കമാലി നിയോജക മണ്ഡലത്തിൽ നിന്നും സമർപ്പിച്ച പ്രൊപ്പോസലിൽനിന്നും ഏതെല്ലാം അംഗനവാടികളാണ് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത് ; ഇതിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ ?

### ഉത്തരം

(എ) നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതിപ്രകാരം 376 അങ്കണവാടികൾക്ക് 8.10 ലക്ഷം രൂപ വീതം ചെലവഴിച്ച് കെട്ടിടം പുനർനിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആയതിൽ രണ്ട് കെട്ടിടങ്ങൾക്ക് മാത്രമാണ് പുനർനിർമ്മാണത്തിന് ഫണ്ട് ലഭിച്ചിട്ടുള്ളത്.

(ബി) അങ്കമാലി നിയോജകമണ്ഡലത്തിൽ മലയാറ്റൂർ ഗ്രാമപഞ്ചായത്തിലെ സെന്റർ നമ്പർ 22, മുക്കന്നൂർ ഗ്രാമപഞ്ചായത്തിലെ സെന്റർ നമ്പർ 69, കറുകുറ്റി ഗ്രാമപഞ്ചായത്തിലെ സെന്റർ നമ്പർ 96, എന്നീ അങ്കണവാടികളെ ആണ് നബാർഡ് പദ്ധതി പ്രകാരം പുനരുദ്ധാരണത്തിന് തിരഞ്ഞെടുത്തിട്ടുള്ളത്. ഇതിൽ സെന്റർ നമ്പർ 22,96 എന്നീ അങ്കണവാടികളുടെ നിർമ്മാണ ചുമതല ബെനിഫിഷറി കമ്മിറ്റിയെ ഏൽപ്പിച്ചിട്ടുണ്ട്. സെന്റർ നമ്പർ 69-ന് സാങ്കേതിക അനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

## നാട്ടിക നിയോജകമണ്ഡലത്തിലെ അംഗൻവാടികളുടെ അടിസ്ഥാന സൗകര്യ വികസനം

309 (3596) ശ്രീമതി ഗീതാ ഗോപി : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാട്ടിക നിയോജക മണ്ഡലത്തിൽ സ്വന്തമായി കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളുമില്ലാത്ത അംഗൻവാടികളെ സംബന്ധിച്ച് പരിശോധിക്കുകയോ വിവരശേഖരണം നടത്തുകയോ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) മണ്ഡലത്തിലെ പരാധീനതകൾ നേരിടുന്ന അംഗൻവാടികളുടെ ബ്ലോക്ക് തിരിച്ചുള്ള കണക്കും സ്ഥിതിവിവരവും ലഭ്യമാക്കുമോ ;

(സി) പ്രശ്നങ്ങൾ പരിഹരിക്കുവാൻ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ ?

ഉത്തരം

(എ) നാട്ടിക നിയോജകമണ്ഡലത്തിലുൾപ്പെടുന്ന അങ്കണവാടികൾ അന്തിക്കാട്, ചേർപ്പ്, തളിക്കുളം എന്നീ ഐ.സി.ഡി.എസ്. പ്രോജക്ടുകളുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. ഇവയിൽ സ്വന്തമായി കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളും ഇല്ലാത്തവയെ സംബന്ധിച്ച് പരിശോധിക്കുകയും വിവരശേഖരണം നടത്തുകയും ചെയ്തിട്ടുണ്ട്. അങ്കണവാടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| (a) സ്വന്തമായി കെട്ടിടമില്ലാത്തവ | - | 62 |
| (b) ടോയ്ലറ്റ് സൗകര്യമില്ലാത്തവ | - | 25 |
| (c) കുടിവെള്ള സൗകര്യമില്ലാത്തവ | - | 65 |
| (d) ഇലക്ട്രിസിറ്റി സൗകര്യമില്ലാത്തവ | - | 45 |
| (e) ഗ്യാസ് കണക്ഷൻ ഇല്ലാത്തവ | - | 8 |

(ബി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) (a) സ്വന്തമായി സ്ഥലമുള്ള എല്ലാ അങ്കണവാടികൾക്കും വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(b) അങ്കണവാടികൾക്ക് പുറമ്പോക്ക് ഭൂമി, വനഭൂമി, മറ്റ് വകുപ്പുകളുടെ ഭൂമി, സ്കൂൾ കോമ്പൗണ്ട് എന്നിവ കണ്ടെത്തി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(c) പഞ്ചായത്ത് ഫണ്ടുപയോഗിച്ച് അങ്കണവാടികൾക്ക് ഭൂമി വാങ്ങുന്നതിന് വ്യവസ്ഥയുണ്ട്. ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നതിന് ശിശു വികസന പദ്ധതി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(d) സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് അങ്കണവാടി പ്രവർത്തിക്കുന്നതിനാവശ്യമായ സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങൾ വാടകയ്ക്കെടുക്കുന്നതിനും തദ്ദേശസ്വയംഭരണ ഫണ്ട് ഉപയോഗിച്ച് ടോയ്ലറ്റ് സൗകര്യം, കുടിവെള്ളം, ഇലക്ട്രിസിറ്റി, ഗ്യാസ് കണക്ഷൻ എന്നീ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**സാമൂഹ്യ സുരക്ഷാ ഫണ്ട്**

310 (3597) ശ്രീ. എളമരം കരീം : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ ഒരു സാമൂഹ്യ സുരക്ഷാ മിഷൻ പ്രവർത്തിക്കുന്നുണ്ടോ ;

(ബി) ഈ മിഷന് വേണ്ടി ഫണ്ട് സ്വരൂപിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആകെ എത്ര തുകയാണ് ഈ ഫണ്ടിൽ സ്വരൂപിച്ചത് ;

(സി) സാമൂഹ്യസുരക്ഷാഫണ്ടിലേക്കുള്ള ഫണ്ട് ലഭ്യമാക്കിയതിന്റെ സ്രോതസ്സുകൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ വിശദീകരിക്കാമോ ?

ഉത്തരം

(എ) ഉണ്ട്. സാമൂഹികനീതി വകുപ്പിന്റെ കീഴിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ 2009 മുതൽ പ്രവർത്തിച്ചുവരുന്നു.

(ബി) ഉണ്ട്. 40,71,47,472 രൂപ സ്വരൂപിച്ചിട്ടുണ്ട്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ കോർപറേറ്റുകൾ, പൊതുമേഖല സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവരിൽ നിന്നും സംഭാവന ശേഖരിച്ചതിന് പുറമെ

സ്റ്റാമ്പ് വിൽപ്പനയിലൂടെയും ഫണ്ട് സമാഹരിച്ചിട്ടുണ്ട്.

(ഡി) ഫണ്ട് സമാഹരിക്കുന്നതിലൂടെ ലഭിക്കുന്ന തുക തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ സാമൂഹ്യ സുരക്ഷാമിഷന്റെ പേരിൽ ആരംഭിച്ചിട്ടുള്ള സ്പെഷ്യൽ ടി എസ് ബി അക്കൗണ്ട് നമ്പർ 15146- ൽ നിക്ഷേപിക്കുകയും മിഷൻ മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതി ചെലവുകൾക്ക് സർക്കാരിൽ നിന്നും അനുവദിച്ച് ലഭിക്കുന്ന തുക മതിയാകാതെ വരുന്ന സന്ദർഭത്തിൽ സമാഹരിച്ചിട്ടുള്ള ഫണ്ട് വിനിയോഗിക്കുകയും ചെയ്യുന്നു.

**കേന്ദ്രസർക്കാർ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ**

311 (3598) ശ്രീ. പുരുഷൻ കടലുണ്ടി : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി പൂർണ്ണമായും കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ് ;

(ബി) ഇവയ്ക്ക് ഓരോന്നിനും നടപ്പു വർഷം എത്ര വീതം തുകയാണ് നീക്കി വച്ചിട്ടുള്ളത് ;

(സി) ഈ സ്കീമുകളുടെ ഒക്ടോബർ മാസം വരെയുള്ള നിർവ്വഹണ പുരോഗതി അറിയിക്കാമോ ?

ഉത്തരം

(എ-സി) സാമൂഹികനീതി വകുപ്പ് ഡയറക്ടർ നിവ്വഹണ ഉദ്യോഗസ്ഥനായി പൂർണ്ണമായും കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളും, അവയ്ക്ക് ഓരോന്നിനും നടപ്പു വർഷം നീക്കി വച്ചിട്ടുള്ള തുകയുടേയും, പ്രസ്തുത സ്കീമുകളുടെ ഒക്ടോബർ മാസം വരെയുള്ള നിർവ്വഹണ പുരോഗതിയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പൂർണ്ണമായും കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ | ബഡ്ജറ്റ് വിഹിതം (ലക്ഷത്തിൽ) | നിർവ്വഹണ പുരോഗതി(ലക്ഷത്തിൽ) |
|---|---|---|---|

| | | | |
|---|---|---|---|
| 1. | കിശോരി ശക്തി യോജന | 191.4 | 89.95 |
| 2. | കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ശാക്തീകരണത്തിനുള്ള രാജീവ് ഗാന്ധി പദ്ധതി | 1650 | ഒക്ടോബർ മാസം വരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല. എന്നാൽ നവംബർ മാസം പ്രസ്തുത പദ്ധതി പ്രകാരം 278.385 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| 3. | ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ് യോജന | 1000 | ഒക്ടോബർ മാസം വരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല. എന്നാൽ നവംബർ മാസം പ്രസ്തുത പദ്ധതി പ്രകാരം 665 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

**സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ**

312(3599) <u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന എന്തെല്ലാം ക്ഷേമപ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അംഗവൈകല്യമുള്ളവർക്ക് സ്വയം തൊഴിൽ പദ്ധതിയ്ക്കായി എന്ത് തുക വായ്പയായി നൽകിയെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ ;

(സി) ഐ.ടി മേഖലയിൽ വികലാംഗരെ ആകർഷിക്കുന്നതിന് കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബാങ്ക് ലോൺ പദ്ധതിയിലൂടെ സ്വയം തൊഴിൽ ചെയ്യുന്നതിനായി 1,26,10,255 രൂപ 1592 ഗുണഭോക്താക്കൾക്ക് സബ്സിഡി ഇനത്തിൽ നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ജില്ല | എണ്ണം | തുക |
| --- | --- | --- | --- |

| | | | |
|---|---|---|---|
| 1. | തിരുവനന്തപുരം | 439 | 29,54,172 |
| 2. | കൊല്ലം | 93 | 7,66,100 |
| 3. | പത്തനംതിട്ട | 161 | 13,70,050 |
| 4. | ആലപ്പുഴ | 208 | 15,35,603 |
| 5. | കോട്ടയം | 95 | 6,45,000 |
| 6. | ഇടുക്കി | 66 | 5,80,750 |
| 7. | എറണാകുളം | 140 | 11,66,300 |
| 8. | തൃശ്ശൂർ | 141 | 12,59,630 |
| 9. | പാലക്കാട് | 46 | 5,43,000 |
| 10. | മലപ്പുറം | 28 | 3,14,300 |
| 11. | കോഴിക്കോട് | 56 | 4,31,650 |
| 12. | വയനാട് | 10 | 16,5,200 |
| 13. | കണ്ണൂർ | 55 | 3,93,250 |
| 14. | കാസർഗോഡ് | 54 | 4,85,250 |
| | ആകെ | 1592 | 1,26,10,255 |

എൻ.എച്ച്.എഫ്.ഡി.സി. വായ്പ പദ്ധതിയിലൂടെ 549 ഗുണഭോക്താക്കൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വായ്പ അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ജില്ല | എണ്ണം | തുക |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | തിരുവനന്തപുരം | 269 | 5,24,57,755 |
| 2. | കൊല്ലം | 15 | 36,75,250 |
| 3. | പത്തനംതിട്ട | 9 | 25,22,500 |
| (1) | (2) | (3) | (4) |
| 4. | ആലപ്പുഴ | 51 | 1,05,06,875 |
| 5. | കോട്ടയം | 12 | 20,11,000 |
| 6. | ഇടുക്കി | 7 | 15,44,650 |

| | | | |
|---|---|---|---|
| 7. | എറണാകുളം | 23 | 44,56,450 |
| 8. | തൃശ്ശൂർ | 13 | 21,19,175 |
| 9. | പാലക്കാട് | 10 | 30,34,950 |
| 10. | മലപ്പുറം | 18 | 35,18,070 |
| 11. | കോഴിക്കോട് | 94 | 1,55,72,578 |
| 12. | വയനാട് | 8 | 16,44,250 |
| 13. | കണ്ണൂർ | 14 | 20,51,500 |
| 14. | കാസർഗോഡ് | 6 | 9,48,650 |
| | ആകെ | 549 | 10,60,63,653 |

(സി) ഐ.ടി. മേഖലയിലേയ്ക്ക് വികലാംഗരെ ആകർഷിക്കുന്നതിന് കോർപ്പറേഷൻ പ്രത്യേകമായി പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല. എന്നാൽ സ്വയംതൊഴിൽ കണ്ടെത്തുന്നതിന് വായ്പ വാങ്ങുന്ന ആളുകൾ ഐ.ടി. മേലയിലും ഏർപ്പെടുന്നുണ്ട്.

**ബാലാവകാശ സംരക്ഷണ കമ്മീഷൻ**

313 (3600) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും ഇത് എപ്പോഴാണ് രൂപീകരിച്ചത് എന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കമ്മീഷനിൽ എത്ര അംഗങ്ങളുണ്ടെന്നും അത് ആരൊക്കെയാണെന്നും ഇവരുടെ സേവന വേതന വ്യവസ്ഥകൾ എന്തൊക്കെയാണെന്നും അറിയിക്കുമോ ;

(സി) പ്രസ്തുത കമ്മീഷന് ഇതുവരെ എത്ര പരാതികൾ ലഭിച്ചുവെന്നും എത്ര പരാതികളിൽ തിർപ്പ് കൽപ്പിച്ചുവെന്നും വിശദമാക്കുമോ;

(ഡി) സ്ഥിരം, കരാർ, ദിവസ വേതന അടിസ്ഥാനത്തിലുള്ള എത്ര ജീവനക്കാർ നിലവിൽ കമ്മീഷനിലുണ്ട്;

(ഇ) അംഗങ്ങളുടെ ശമ്പളം, യാത്രാപ്പടി എന്നീ ഇനങ്ങളിൽ ഇതുവരെ എത്ര രൂപ ചെലവഴിച്ച എന്ന് വ്യക്തമാക്കുമോ;

(എഫ്) ജീവനക്കാരുടെ ശമ്പള ഇനത്തിലും ഓഫീസ് പ്രവർത്തനത്തിനും എത്ര രൂപ ചെലവഴിച്ച എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ 3-6-2013-ൽ ആണ് രൂപീകരിച്ചത്. കമ്മീഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടി നിലവിൽ പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമങ്ങളിലോ അതിൻ കീഴിലോവ്യവസ്ഥ ചെയ്തിട്ടുള്ള സുരക്ഷാ ഏർപ്പാടുകൾ പരിശോധിക്കുകയും പുനഃപരിശോധിക്കുയും ചെയ്ത് അവ ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ മാർഗ്ഗങ്ങൾ ശിപാർശ ചെയ്യുക.

2. കമ്മീഷൻ യുക്തമെന്ന് കരുതുന്ന പക്ഷം, വാർഷികമായും അങ്ങനെയുള്ള ഇടവേളകളിലും ഇത്തരം സുരക്ഷാ ഏർപ്പാടുകളുടെ പ്രവർത്തനത്തിന്മേലുള്ള റിപ്പോർട്ടുകൾ സർക്കാരിന് ഹാജരാക്കുക.

3. ബാലാവകാശ ലംഘനത്തിന്റെ അന്വേഷണ വിചാരണ ചെയ്ത് അങ്ങനെയുള്ള കേസുകളിൽ നടപടികൾ തുടങ്ങുന്നതിന് ശിപാർശ ചെയ്യുക.

4. ഭീകര പ്രവർത്തനം, വർഗ്ഗീയ കലാപം, ലഹള, പ്രകൃതി ദുരന്തം, ഗാർഹിക ഹിംസ, എച്ച്.ഐ.വി./എയ്ഡ്സ്, അവിഹിത വാണിജ്യം, പീഡനം, ചോദ്യം ചെയ്യലും ചൂഷണവും അശ്ലീല സാഹിത്യം, വ്യഭിചാരം എന്നിവയാൽ ബാധിക്കപ്പെട്ട കുട്ടികളുടെ അവകാശങ്ങൾ അനുഭവിക്കുന്നത് നിഷേധിക്കുന്ന എല്ലാ ഘടകങ്ങളും പരിശോധിക്കുകയും ഉചിതമായ പരിഹാരങ്ങൾ ശിപാർശ ചെയ്യുകയും ചെയ്യുക.

5. ദുരിതം അനുഭവിക്കുന്നതും പാർശ്വവത്ക്കരിക്കപ്പെട്ടതും പ്രതികൂലാവസ്ഥയിലുള്ളതും നിയമവുമായി പൊരുത്തപ്പെടാത്തതും പക്വതയില്ലാത്തതും കുടുംബമില്ലാത്തതും തടവുകാരുടേത് ഉൾപ്പടെ പ്രത്യേക ശ്രദ്ധയും പരിരക്ഷയും ആവശ്യമുള്ളതുമായ കുട്ടികളെ സംബന്ധിച്ച സംഗതികൾ കണക്കിലെടുക്കുകയും ഉചിതമായ പരിഹാര മാർഗ്ഗങ്ങൾ ശിപാർശ ചെയ്യുകയും ചെയ്യുക.

6. സമാധാമന ഉടമ്പടികളും മറ്റ് അന്താരാഷ്ട്ര രേഖകളും പഠിക്കുകയും ബാലാവകാശങ്ങളിന്മേൽ നിലവിലുള്ള നയങ്ങളുടേയും കാര്യപരിപാടികളുടേയും

മറ്റ് പ്രവർത്തനങ്ങളുടേയും ആനുകാലിക പുനഃപരിശോധന ഏറ്റെടുക്കുകയും കുട്ടികളുടെ ഉത്തമ താൽപ്പര്യത്തിനായി അവയുടെ ഫലപ്രദമായ നടപ്പാക്കലിനുവേണ്ടി ശിപാർശകൾ നടത്തുകയും ചെയ്യുക.

7. ബാലാവകാശ മേഖലയിൽ ഗവേഷണം നടത്തുകയും അത് പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

8. സമൂഹത്തിന്റെ വിവിധ വിഭാഗങ്ങൾക്കിടയിൽ ബാലാവകാശ സാക്ഷരത പ്രചരിപ്പിക്കുകയും പ്രസിദ്ധീകരണങ്ങൾ, മാധ്യമങ്ങൾ, സെമിനാറുകൾ, മറ്റ് ലഭ്യമായ മാർഗ്ഗങ്ങൾ എന്നിവയിലൂടെ ബാലാവകാശങ്ങളുടെ സംരക്ഷണത്തിന് ലഭ്യമായിട്ടുള്ള സുരക്ഷാ ഏർപ്പാടുകളുടെ അവബോധം പ്രോൽത്സാഹിപ്പിക്കുകയും ചെയ്യുക.

9. സാമൂഹ്യ സംഘടനകൾ ഉൾപ്പടെയുള്ളവർ നടത്തുന്ന ബാലസംരക്ഷണ മന്ദിരമോ, മറ്റ് താമസ സ്ഥലമോ,കുട്ടികൾക്ക് വേണ്ടിയുള്ള സ്ഥാപനങ്ങളോ പരിശോധിക്കുകയോ പരിശോധിപ്പിക്കുകയോ ചെയ്യുകയും ആവശ്യമാണെന്ന് കാണുന്ന പക്ഷം ഈ അധികാര സ്ഥാപനങ്ങളുമായി ചേർന്ന് പരിഹാര നടപടി എടുക്കുകയും ചെയ്യുക.

10. ബാലാവകാശങ്ങൾ നിഷേധിക്കലും ലംഘനവും, കുട്ടികളുടെ സംരക്ഷണത്തിനും അഭിവൃദ്ധിക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്ന നിയമങ്ങൾ നടപ്പാക്കാതിരിക്കലും കുട്ടികളുടെ കഷ്ടപ്പാടുകൾ ലഘൂകരിക്കുന്നതിന് ലക്ഷ്യമിട്ട നയപരമായ തീരുമാനങ്ങളോ മാർഗ്ഗനിർദ്ദേശക രേഖകളോ നിർദ്ദേശങ്ങളോ നടപ്പിലാക്കാതിരിക്കലും കുട്ടികളുടെ ക്ഷേമം ഉറപ്പു വരുത്തുകയും അങ്ങനെയുള്ള കുട്ടികൾക്ക് ആശ്വാസം നൽകലും എന്നീ സംഗതികൾ സംബന്ധിച്ച പരാതികളിൽ അന്വേഷണ വിചാരണ നടത്തുകയും സ്വമേധയാ പരിഗണനയ്ക്ക് എടുക്കുകയും ചെയ്യുക.

11. ബാലാവകാശത്തിന്മേൽ ഗൗരവപരമായ ലംഘനമോ നിലവിൽ പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമത്തിന്റെ ലംഘനമോ നടന്നതായി അന്വേഷണ വിചാരണയിൽ വെളിപ്പെടുന്നിടത്ത് ബന്ധപ്പെട്ട ആളിനോ ആളുകൾക്കോ എതിരായി പ്രോസിക്യൂഷൻ നടപടികളോ കമ്മീഷന് ഉചിതമെന്ന് തോന്നുന്ന അങ്ങനെയുള്ള നടപടികളോ ആരംഭിക്കുവാൻ സർക്കാരിനോടോ അധികാരസ്ഥാനത്തോടോ ശിപാർശ ചെയ്യുക.

12. നിർദ്ദേശങ്ങൾക്കോ ഉത്തരവുകൾക്കോ റിട്ടുകൾക്കോ വേണ്ടി ബഹു. സുപ്രീം കോടതിയെയോ ഹൈക്കോടതിയേയോ സമീപിക്കുക.

13. ഇടക്കാലാശ്വാസം പീഡിതനോ അയാളുടെ കുടുംബാംഗങ്ങൾക്കോ നൽകുന്നതിനായി സർക്കാരിനോടോ ബന്ധപ്പെട്ട അധികാര സ്ഥാപനത്തോടോ ശിപാർശ ചെയ്യുക.

(ബി) കമ്മീഷനിലെ ആറ് അംഗങ്ങൾ ചുവടെ പറയുന്നവരാണ്:

1. ശ്രീ. കെ. നസീർ
2. ശ്രീമതി മീന.സി.യു.
3. ശ്രീ. ബാബു. എൻ.
4. ഫാ.ഫിലിപ്പ് പരക്കാട്ട്.പി.വി.
5. അഡ്വ. സന്ധ്യ.ജെ.
6. ശ്രീമതി ഗ്ലോറി ജോർജ്ജ്

അംഗങ്ങളുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) 1-12-2014 വരെ 503 പരാതികൾ ലഭിച്ചിട്ടുണ്ട്. അതിൽ 243 പരാതികൾ തീർപ്പാക്കിയിട്ടുണ്ട്.

(ഡി) കമ്മീഷനിൽ നിലവിൽ 28 ജീവനക്കാരുണ്ട്.

| | | |
|---|---|---|
| പുനർ നിയമനം | - | 1 |
| അന്യത്ര സേവനം | - | 14 |
| കരാർ നിയമനം | - | 12 |
| ദിവസ വേതനം | - | 1 |

(ഇ) 8-1-2014 മുതൽ 30-11-2014 വരെ കമ്മീഷൻ അംഗങ്ങളുടെ ശമ്പള ഇനത്തിലെ 68,82,480 രൂപയും യാത്രാപ്പടി ഇനത്തിൽ 8-1-2014 മുതൽ 30-9-2014 വരെ 1,20,910 രൂപയും ചെലവഴിച്ചിട്ടുണ്ട്.

(എഫ്) 3-6-2013 മുതൽ 30-11-2014 വരെ ജീവനക്കാരുടെ ശമ്പള ഇനത്തിൽ 1,14,60,923 രൂപയും ഓഫീസ് ചെലവിനത്തിൽ 80,00,455 രൂപയും പ്ലാൻ ഫണ്ടിൽ നിന്നും 11,76,934 രൂപയും ചെലവഴിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ബാലാവകാശ കമ്മീഷൻ നടപടികൾ

314(3601) <u>ശ്രീ. സി. ദിവാകരൻ</u> : താഴെകാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ബാലവേലയിൽ ഏർപ്പെടുന്ന കുട്ടികളെ കണ്ടെത്തുന്നതിന് ബാലാവകാശ കമ്മീഷൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; 2013-2014-ൽ എത്ര കേസുകളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

ബാലവേലയിൽ ഏർപ്പെടുന്ന കുട്ടികളെ സംബന്ധിച്ച് കമ്മീഷന് ലഭിക്കുന്ന പരാതികളുടെയും പത്രവാർത്തകളുടെ വെളിച്ചത്തിൽ കമ്മീഷൻ സ്വമേധയാ സ്വീകരിക്കുന്ന നടപടികളുടെയും അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്ത് ബന്ധപ്പെട്ട അധികാരികളോട് അന്വേഷണ റിപ്പോർട്ടുകൾ ആവശ്യപ്പെടുകയും പ്രസ്തുത റിപ്പോർട്ടുകളുടെയും അന്വേഷണത്തിന്റെയും ഹർജിക്കാരുടെയും എതിർകക്ഷികളുടെയും മൊഴികളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിൽ കേസുകൾ തീർപ്പുകൽപ്പിക്കുകയും ചെയ്യുന്നു. 2013-14 വർഷത്തിൽ താഴെപ്പറയുന്ന കേസുകൾ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുകയും നടപടികൾ എടുക്കുകയും ചെയ്തിട്ടുണ്ട്:

1. ഇടുക്കി ജില്ലയിലെ തോട്ടം മേഖലയിൽ നടക്കുന്നതായിപ്പറയുന്ന ബാലവേലയെ സംബന്ധിച്ച് പഠിക്കുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി 2012-ലെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചട്ടങ്ങളിലെ ചട്ടം 46 പ്രകാരം ഇടുക്കി സി.ഡബ്ല്യൂ.സി. ചെയർപേഴ്സൺ ശ്രീ. ഗോപാലകൃഷ്ണൻ കൺവീനറായും, ജില്ലാ സാമൂഹ്യ നീതി ഓഫീസർ, ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻ ഡോ. ചെറിയാൻ കുര്യൻ എന്നിവർ അംഗങ്ങളായും ഒരു പാനൽ കമ്മീഷൻ രൂപീകരിക്കുകയും അവർ ഇക്കാര്യം പഠിച്ചുവരികയുമാണ്.

2. വയനാട് ജില്ലയിലെ പുതുശ്ശേരി ഇഷ്ടിക നിർമ്മാണ ഫാക്ടറികളിൽ ബാലവേല നടക്കുന്നതായുള്ള മാധ്യമ റിപ്പോർട്ടിനെ തുടർന്ന് കമ്മീഷൻ സ്വമേധയാ കേസെടുക്കുകയും ജില്ലാ ലേബർ ഓഫീസർ, ചൈൽഡ് ലൈൻ, ജില്ലാ പോലീസ് മേധാവി എന്നിവരോട് റിപ്പോർട്ടുകൾ ആവശ്യപ്പെടുകയും ചെയ്തു. റിപ്പോർട്ടുകൾ പരിശോധിച്ചതിൽ ടി ആരോപണങ്ങൾ കളവാണെന്ന് ബോധ്യപ്പെട്ടെങ്കിലും ജില്ലാ ലേബർ ഓഫീസറോട് ഇഷ്ടികക്കളങ്ങളിൽ കുട്ടികളെ കൊണ്ട് ജോലി

എടുപ്പിക്കുന്നില്ല എന്ന കാര്യം ഉറപ്പുവരുത്തണമെന്നും ഇതു തടയുന്നതിനായി ജാഗ്രത പുലർത്തണമെന്നും നിർദ്ദേശം നൽകി കേസ് തീർപ്പാക്കുകയും ചെയ്തു.

3. നെയ്യാറ്റിൻകര താലൂക്കിലെ ബാലവേലയെ സംബന്ധിച്ച പത്രറിപ്പോർട്ടിന്മേൽ കമ്മീഷൻ സ്വമേധയാ കേസെടുക്കുകയും, ജില്ലാ ലേബർ ഓഫീസർ, ജില്ലാ കളക്ടർ, ജില്ലാ പോലീസ് മേധാവി എന്നിവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകി കേസ് തീർപ്പാക്കിയിട്ടുള്ളതാണ്.

4. മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിയിൽ കുഴിഞ്ഞിളത്ത് അടയ്ക്കാകളത്തിൽ മറുനാടൻ തൊഴിലാളികളുടെ മക്കളെ കൊണ്ട് ബാലവേല ചെയ്യിക്കുന്നതിനെ സംബന്ധിച്ച പത്രവാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധാ കേസെടുക്കുകയും, ജില്ലാ ലേബർ ഓഫീസർ, സാമൂഹ്യ നീതി ഓഫീസർ, ജില്ലാ പോലീസ് മേധാവി എന്നിവരോട് അന്വേഷണ റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു. പ്രസ്തുത കേസ് അന്വേഷണ ഘട്ടത്തിലാണ്.

5. വയനാട് ജില്ലയിലെ കൽപ്പറ്റയിൽ വയനാട് വുഡ് ഇൻഡസ്ട്രീസ് എന്ന പ്ലൈവുഡ് നിർമ്മാണ ഫാക്ടറിയിൽ ജോലി ചെയ്തിരുന്ന കുട്ടികളെ സംബന്ധിച്ച പത്രവാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ കേസെടുക്കുകയും ജില്ലാ ലേബർ ഓഫീസർ, ജില്ലാ പോലീസ് മേധാവി, സാമൂഹ്യനീതി ഓഫീസർ എന്നിവരുടെ അന്വേഷണ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത കേസ് അന്വേഷണ ഘട്ടത്തിലാണ്.

**പുതുതായി അനുവദിച്ച അംഗൻവാടികൾ**

315(3602) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി അംഗൻവാടികൾ എത്രയെണ്ണം അനുവദിച്ചിട്ടുണ്ടെന്നും അവയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത അംഗൻവാടികൾക്കും നിലവിലുള്ള അംഗൻവാടികൾക്കും കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുവാൻ ഈ വർഷം കേന്ദ്ര-സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തി നീക്കിവച്ചിട്ടുള്ള തുക എത്രയാണെന്ന്

പറയാമോ ;

(സി) ഇതിൽ അനുവദിച്ച തുക എത്രയാണെന്നും വിനിയോഗിച്ച തുക എത്രയാണെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 329 അങ്കണവാടികൾ അനുവദിക്കുന്നതിനായി അങ്കണവാടി ഓൺ ഡിമാന്റിൽ കേന്ദ്ര സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിക്കുകയും 203 എണ്ണം അനുവദിക്കുകയും ചെയ്തു. ആയത് വിഭജിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പുതിയതായി അനുവദിച്ച അങ്കണവാടികൾക്കും നിലവിലുള്ള അങ്കണവാടികൾക്കും കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുവാൻ ഈ വർഷം സംസ്ഥാന പദ്ധതിയിൽ 65.5249 കോടി രൂപയും കേന്ദ്ര പദ്ധതിയിൽ 22.2525 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്.

(സി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

**അങ്കമാലി പാറക്കടവ് അംഗൻവാടി**

316(3603) ശ്രീ. ജോസ് തെറ്റയിൽ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ പാറക്കടവ് പഞ്ചായത്തിലെ മൂന്നാം വാർഡിൽ പ്രവർത്തിക്കുന്ന 47-ാം നമ്പർ അംഗൻവാടിയെ മാതൃകാ അംഗൻവാടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി നിർദ്ദേശിച്ചുകൊണ്ടുള്ള അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ;

ഉത്തരം

(എ&ബി) അങ്കമാലി നിയോജക മണ്ഡലത്തിലെ പാറക്കടവ് പഞ്ചായത്തിലെ മൂന്നാം വാർഡിൽ പ്രവർത്തിക്കുന്ന 47-ാം നമ്പർ അങ്കണവാടിയെ മാതൃകാ അങ്കണവാടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ലഭിച്ച അപേക്ഷയിന്മേൽ, ടി അങ്കണവാടി നിർമ്മിക്കുന്നതിനുള്ള സ്ഥലത്തിന്റെ ഓണർഷിപ്പ് സർട്ടിഫിക്കറ്റ്, പ്ലാൻ സ്കെച്ച് എന്നിവ ലഭ്യമാക്കുന്നതിനും സ്ഥലം അളന്ന് തിരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച വരുന്നു.

**ഗാർഹിക അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് സംരക്ഷണം**

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

317 (3604) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ശശി : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗാർഹിക അതിക്രമങ്ങൾക്ക് ഇരയായവരെ സംരക്ഷിക്കുന്നതിന് നിലവിലുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) ഇത്തരം ഗാർഹിക അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് സാമൂഹ്യക്ഷേമ ബോർഡിന്റെ കീഴിൽ പുതിയ സംവിധാനങ്ങൾ കൊണ്ടുവരാനുദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) പുതിയ സംവിധാനങ്ങൾ നടപ്പിലാക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഗാർഹിക അതിക്രമങ്ങൾക്ക് ഇരയാകുന്ന വനിതകളെ സംരക്ഷിക്കുന്നത് നിലവിലുള്ള നിയമമാണ് ഗാർഹിക പീഡനത്തിൽനിന്നും വനിതകൾക്ക് സംരക്ഷണം നൽകുന്ന നിയമം, 2005. ടി നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 14 ജില്ലകളിൽ വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. ഇതിനുപുറമേ 101 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളും നിലവിലുണ്ട്. ഗാർഹിക പീഡനങ്ങൾക്ക് ഇരയാകുന്നവർക്ക് ടി സെന്ററുകളിൽ പ്രവർത്തിക്കുന്ന വനിതാ അഡ്വക്കേറ്റ്മാരായ ലീഗൽ കൗൺസിലേഴ്സ് മുഖേനയും ക്ലിനിക്കൽ സൈക്കോളജിസ്റ്റ് മുഖേനയും കൗൺസിലിംഗ്, നിയമ സഹായം, വൈദ്യസഹായം എന്നിവ നൽകുന്നുണ്ട്. ഗാർഹിക അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് കേരള വനിതാ കമ്മീഷനിൽ നിന്നും നിയമോപദേശവും നിയമാനുസൃതമായ നിവൃത്തികൾ ലഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും കൗൺസിലിംഗ് സേവനങ്ങളും നൽകി വരുന്നുണ്ട്. സ്വന്തം വീട്ടിലേയ്ക്ക് തിരികെ പോകുവാൻ സാധിക്കാത്ത സാഹചര്യമുള്ള സ്ത്രീകൾക്ക് ഷോർട്ട് സ്റ്റേ ഹോം സംവിധാനവും കമ്മീഷൻ നൽകുന്നുണ്ട്.

(ബി&സി) ഗാർഹിക പീഡനങ്ങൾക്ക് ഇരയാകുന്ന വനിതകളെ സംരക്ഷിച്ച് പാർപ്പിക്കുന്നതിന് നിലവിൽ സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള മഹിളാ മന്ദിരങ്ങളെയാണ് ആശ്രയിക്കുന്നത്. ഗാർഹിക പീഡനത്തിന് ഇരയാകുന്ന വനിതകൾക്ക് ആവശ്യമായ കൗൺസിലിംഗും ആഹാരവും വസ്ത്രവും താൽക്കാലിക താമസവും നിയമസഹായവും ചിലപ്പോൾ പ്രത്യേക വൈദ്യസഹായവും തൊഴിൽ

പരിശീലനവും നൽകേണ്ടത് അത്യാവശ്യമായതിനാൽ ഗാർഹിക പീഡനത്തിന് ഇരയാകുന്നവർക്ക് മാത്രമായി ഓരോ ജില്ലയിലും കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിന്റെ കീഴിൽ ഒരു പ്രത്യേക ഷെൽട്ടർ ഹോം ആരംഭിക്കുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഗാർഹിക പീഡനത്തിന് ഇരയാകുന്ന വനിതകൾക്ക് തൊഴിൽ പരിശീലനം വഴി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള ഒരു പുനരധിവാസ പദ്ധതിയും 2015-16 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിന് സാമൂഹ്യക്ഷേമ ബോർഡ് ലക്ഷ്യമിട്ടിട്ടുണ്ട്. സർക്കാർ അംഗീകൃത സന്നദ്ധ സംഘടനകൾ വഴി ടി പദ്ധതി നടപ്പിലാക്കുന്നതിനായി സാമൂഹ്യക്ഷേമ ബോർഡിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകളിൽ നിന്നും സ്ത്രീകളുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്നതും അടിസ്ഥാന സൗകര്യങ്ങളോടുകൂടിയതും ഭദ്രമായ സാമ്പത്തിക അടിത്തറയുള്ളതും പ്രവർത്തന പരിചയമുള്ളതുമായ സംഘടനകളെ സാമൂഹ്യക്ഷേമ ബോർഡിന് കീഴിലുള്ള സെലക്ഷൻ കമ്മിറ്റി വഴി ബോർഡ് തെരഞ്ഞെടുക്കുകയും ചെയ്യുന്നതാണ്.

**കുടുംബശ്രീ ട്രാവൽസ്**

318 (3605) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബശ്രീ ട്രാവൽസിന്റെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സ്ത്രീകളുടെ യാത്ര സുരക്ഷിതമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) സംസ്ഥാനത്തുടനീളം ഇത് വ്യാപിപ്പിയ്ക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഉണ്ട്. 2013 നവംബർ മാസത്തിലാണ് തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ കുടുംബശ്രീ ട്രാവൽസിന്റെ പ്രവർത്തനം ആരംഭിച്ചത്.

(ബി) <u>ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ:</u>

1. സ്ത്രീകൾക്ക് സുരക്ഷിതമായ യാത്രാസൗകര്യങ്ങൾ ഒരുക്കുക.
2. കുടുംബശ്രീ അംഗങ്ങൾക്ക് മാന്യമായ ഉപജീവന മാർഗ്ഗം ഏർപ്പെടുത്തി കൊടുക്കുക.

   തിരഞ്ഞെടുക്കപ്പെട്ട കുടുംബശ്രീ അംഗങ്ങൾക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകി, സൂക്ഷ്മ സംരംഭക മാതൃകയിൽ ടാറ്റാ നാനോ, ഇൻഡിക്ക കാറുകൾ ഉപയോഗിച്ച് സജ്ജീകരിച്ചിരിക്കുന്ന കോൾ ടാക്സി സംരംഭമാണിത്. സംരംഭകരായിട്ടുള്ള സ്ത്രീകൾ ഓടിക്കുന്ന/നിയന്ത്രിക്കുന്ന കാറുകളാണ് ഇതിലുള്ളത്. സ്ത്രീകൾ സ്വതന്ത്രമായി ഒറ്റയ്ക്ക് വിവിധ ദൈനംദിന ആവശ്യങ്ങൾക്കായി സഞ്ചരിക്കേണ്ട സാഹചര്യങ്ങളിൽ അവരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്ന രീതിയിലുള്ള യാത്രോപാധിയാണിത്. സ്ത്രീകൾക്കും, സ്ത്രീകൾക്കൊപ്പം യാത്ര ചെയ്യുന്ന പുരുഷന്മാർക്കും മാത്രമേ നിലവിൽ ഈ സൗകര്യം ലഭ്യമാക്കുന്നുള്ളൂ.

(സി) പ്രസ്തുത വാഹനം ഓടിക്കുന്നവരുടേയും യാത്രക്കാരുടേയും സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി ജിപിഎസ് സംവിധാനം വഴി ബന്ധിപ്പിക്കുകയും വാഹനം ആവശ്യമുള്ള യാത്രക്കാർക്ക് നിലവിൽ ഫോണിൽ കൂടി വാഹനം ബുക്ക് ചെയ്യാവുന്ന രീതി ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. വാഹന സൗകര്യം ഉപയോഗിക്കുന്ന യാത്രക്കാരുടെ വിവരം കോൾ സെന്ററിൽ സൂക്ഷിയ്ക്കുന്നുണ്ട്. സ്ത്രീകൾക്കും, സ്ത്രീകൾക്കൊപ്പം യാത്ര ചെയ്യുന്ന പുരുഷന്മാർക്കും മാത്രമേ ഈ സൗകര്യം ലഭ്യമാക്കുന്നുള്ളൂ.

(ഡി) തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടത്തിയ പദ്ധതി ഇപ്പോൾ എറണാകുളം ജില്ലയിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്. താമസംവിനാ മറ്റ് ജില്ലകളിലേയ്ക്കും ഇത് വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ബാലുശ്ശേരി ഭക്ഷ്യ സംസ്കരണ പോഷകാഹാര കേന്ദ്രത്തിന്റെ നടത്തിപ്പ് കുടുംബശ്രീ മിഷനെ ഏൽപ്പിക്കുന്നത് സംബന്ധിച്ച നടപടികൾ

319 (3606) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ ബാലുശ്ശേരി ഭക്ഷ്യ സംസ്കരണ പോഷകാഹാര കേന്ദ്രത്തിന്റെ നടത്തിപ്പ് കുടുംബശ്രീ മിഷനെ ഏൽപ്പിക്കുന്നത് സംബന്ധിച്ച നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രാദേശിക കാർഷിക ഉല്പന്ന സംസ്കരണത്തിനും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണത്തിനും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിലും നിർണ്ണായക പങ്ക് വഹിക്കാൻ കഴിയുന്ന പ്രസ്തുത സ്ഥാപനത്തിന്റെ കൈമാറ്റം

ത്വരിതപ്പെടുത്തുന്നതിനു നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബാലുശ്ശേരി ഭക്ഷ്യ സംസ്കരണ പോഷകാഹാര കേന്ദ്രം കുടുംബശ്രീയ്ക്ക് കൈമാറുന്നതിന്റെ ഭാഗമായുള്ള നടപടികൾ ത്വരിതപ്പെടുത്തി വരുന്നു.

**കുടുംബശ്രീ മിഷന്റെ കീഴിൽ ന്യൂട്രിമിക്സ് യൂണിറ്റുകൾ**

320 (3607) ഡോ. ടി. എം. തോമസ് ഐസക് : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുടുംബശ്രീ മിഷന്റെ കീഴിൽ ന്യൂട്രിമിക്സ് യൂണിറ്റുകൾ നടത്തുന്ന വനിതകൾക്ക് കുടിശ്ശിക ഇനത്തിൽ ലഭിയ്ക്കേണ്ട തുക സംബന്ധിച്ച കണക്ക് അറിയിക്കുമോ ;

(ബി) എത്ര മാസത്തെ കുടിശ്ശിക വീതമാണ് ഓരോ ജില്ലയ്ക്കും കൊടുത്തു തീർക്കാനുള്ളതെന്ന് വിശദമാക്കാമോ ;

(സി) ജില്ലാടിസ്ഥാനത്തിൽ എത്ര രൂപ വീതമാണ് കുടിശ്ശിക വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**അംഗൻവാടി വർക്കർ/ഹെൽപ്പറിന്റെ ആത്മഹത്യ**

321 (3608) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ സാമൂഹിക നീതി വകുപ്പിലെ അംഗൻവാടിയിൽ ജോലി ചെയ്തിരുന്ന വർക്കറോ ഹെൽപ്പറോ ഈ വർഷം ആത്മഹത്യ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ആത്മഹത്യയ്ക്ക് കാരണമായത് ഐ.സി.ഡി.എസ്. സൂപ്പർ വൈസറുടെ മാനസിക പീഡനം മൂലമായിരുന്നു എന്ന ആരോപണം ബഹു. മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതു സംബന്ധിച്ച് ഏതെങ്കിലും പരാതികൾ സർക്കാരിനോ, വകുപ്പിനോ ലഭിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ കുറ്റക്കാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) ആർക്കെതിരെയാണ് പരാതി ലഭിച്ചിട്ടുള്ളത് ; അവരുടെ ഓഫീസും തസ്തികയും വിശദമാക്കുമോ ?

ഉത്തരം

(എ) വണ്ടൂർ ഐ.സി.ഡി.എസ്. പ്രോജക്ടിലെ ഒരു അങ്കണവാടി വർക്കർ ആത്മഹത്യ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പത്ര മാധ്യമങ്ങളിലൂടെയും, മലപ്പുറം പ്രോഗ്രാം ഓഫീസറുടെ റിപ്പോർട്ട് പ്രകാരവും ആരോപണം സാമൂഹ്യനീതി ഡയറക്ടറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) രേഖാമൂലം പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ഡി) പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ കുറ്റക്കാരിയെന്ന് ആരോപണ വിധേയയായ വണ്ടൂർ ഐ.സി.ഡി.എസ്. പ്രോജക്ടിലെ സൂപ്പർവൈസറായ ശ്രീമതി ടി. സി. പി. ജാസ്മിനെതിരെ വകുപ്പ് തലത്തിൽ നടത്തിയ അന്വേഷണത്തിൽ ടിയാൾ കുറ്റക്കാരിയാണെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. എങ്കിലും ആരോപണം നലനിൽക്കുന്ന സാഹചര്യത്തിൽ ടിയാളെ സാമൂഹ്യനീതി ഡയറക്ടറുടെ 10-10-2014 -ലെ ഇ 5-33464/14 നമ്പർ ഉത്തരവ് പ്രകാരം ചൊവ്വന്നൂർ അഡീഷണൽ പ്രോജക്ടിലേയ്ക്ക് സ്ഥലം മാറ്റിയിട്ടുണ്ട്.

(ഇ) ആർക്കെതിരെയും പരാതി ലഭിച്ചിട്ടില്ല.

**അംഗൻവാടി കെട്ടിടങ്ങൾ**

322 (3609) ശ്രീമതി കെ. കെ. ലതിക : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി മണ്ഡലത്തിലെ പരിധിയിൽ എത്ര അംഗൻവാടികൾ പ്രവർത്തിച്ചുവരുന്നുണ്ടെന്ന് ലിസ്റ്റ് സഹിതം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത അംഗൻവാടികളിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്തവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) ഈ അംഗൻവാടികളിൽ സ്വന്തമായി സ്ഥാലമുണ്ടായിട്ടും കെട്ടിടമില്ലാത്തവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഓരോ അംഗൻവാടിക്കും സ്വന്തമായുള്ള സ്ഥലത്തിന്റെ വിസ്തീർണ്ണം

വ്യക്തമാക്കാമോ ?

ഉത്തരം

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിന്റെ പരിധിയിൽ 233 അങ്കണവാടികൾ പ്രവർത്തിച്ചു വരുന്നു. വിശദ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി-ഡി) വിശദ വിവരം ശേഖരിച്ചു നൽകുന്നതാണ്.

**സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഫോർ ഡിസെബിലിറ്റീസ് പദ്ധതി**

323 (3610) ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റ് ഇൻഷ്യേറ്റീവ് ഫോർ ഡിസെബിലിറ്റീസ് എന്ന പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ് ; വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഇതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ ;

(സി) നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി നീക്കി വച്ച തുകയെത്രയാണ് ?

ഉത്തരം

(എ) വൈകല്യ പ്രതിരോധം, കണ്ടുപിടിക്കൽ, ഇടപെടൽ, അംഗപരിമിതരുടെ വിദ്യാഭ്യാസം, തൊഴിൽ എന്നീ മേഖലയിൽ ഊന്നൽ നൽകുന്നതിനായി സർക്കാർ പ്രത്യേകം താല്പര്യമെടുത്ത് ആരംഭിച്ച പദ്ധതിയാണ് സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ്.

(ബി) പദ്ധതിയിൻ കീഴിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു:

1. എം.എം.ആർ വാക്ഷിനേഷൻ - മംപ്സ്, മീസിൽസ്, റൂബെല്ല എന്നിവയെ പ്രതിരോധിക്കുന്നതിനായി കേരളത്തിലുടനീളമുള്ള സർക്കാർ ആശുപത്രികളിൽ 2014 ജനുവരി മുതൽ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടുകൂടി എം.എം.ആർ. വാക്ഷിനേഷൻ നൽകി വരുന്നു.

2. റൂബെല്ലാ വാക്സിനേഷൻ-ഫെബ്രുവരി 2014-ൽ കേരളത്തിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 9-12 വരെയുള്ള ക്ലാസ്സുകളിൽ പഠിച്ചിരുന്ന കൗമാരക്കാരായ 2,05,000 പെൺകുട്ടികൾക്ക്

റൂബെല്ലാ വാക്സിനേഷൻ നൽകിയിട്ടുണ്ട്. 2014-15 വർഷത്തിൽ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന 8-ഉം 9-ഉം ക്ലാസ്സുകളിലെ പെൺകുട്ടികൾക്ക് റൂബെല്ലാ വാക്സിനേഷൻ നൽകി വരുന്നു.

3. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം (DEIC) കുട്ടികളിലെ വൈകല്യവും വളർച്ചയുടെ വിവിധ ഘട്ടങ്ങളിലെ കാലതാമസവും കണ്ടെത്തുന്നതിനായി എല്ലാ ജില്ലകളിലും ഓരോ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം (DEIC) സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിന്റെ കീഴിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അതിന്റെ ഭാഗമായി 14 ജില്ലകളിലും സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ആരോഗ്യ വകുപ്പിൻ കീഴിലുള്ള സ്ഥലങ്ങളിൽ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ നിർമ്മാണത്തിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. നിർമ്മാണത്തിനായുള്ള നടപടി ക്രമങ്ങൾ പൂർത്തിയായി വരുന്നു.

4. കേൾവി പരിശോധന പദ്ധതി കുഞ്ഞുങ്ങളിലെ കേൾവി വൈകല്യം തടയുന്നതിനായി ജനിച്ചാലുടൻ തന്നെ കേൾവി പരിശോധിക്കുന്നതിനായി Otto Acoustic Emission Screeners കേരളത്തിലെ 40 സർക്കാർ പ്രസവ ആശുപത്രികളിൽ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് നൽകിയിട്ടുണ്ട്. ഈ ഉപകരണം കൂടുതൽ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനായി 40 ആശുപത്രികളിലും ഓരോ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സിന്റെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

(സി) നടപ്പു സാമ്പത്തിക വർഷം ഈ പദ്ധതിയ്ക്കായി 20 കോടി രൂപ അധിക കേന്ദ്ര വിഹിതമായും സംസ്ഥാന വിഹിതമായി 20 കോടി രൂപയും ഉൾപ്പെടെ ആകെ 40 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**അനാഥാലയങ്ങൾ**

324 (3611) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യനീതി വകുപ്പിനുകീഴിൽ എത്ര അനാഥാലയങ്ങളുണ്ട് എന്നും അത് എവിടെയൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത അനാഥാലയങ്ങളിൽ എത്ര കുട്ടികൾ ഉണ്ട് എന്നും അനാഥാലയങ്ങളുടെ നടത്തിപ്പിനായി ഒരു വർഷം എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്

എന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും കുട്ടികളെ ദത്തെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) കുട്ടികളെ ദത്തെടുക്കുന്നതിനുള്ള എത്ര അപേക്ഷകൾ നിലവിലുണ്ട് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ഇ) കോഴിക്കോട് ജില്ലയിൽ അപേക്ഷ നൽകിയവരുടെ ലിസ്റ്റ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 1176 സ്ഥാപനങ്ങൾ കുട്ടികൾക്കുവേണ്ടി ഓർഫനേജ് കൺട്രോൾ ബോർഡിനു കീഴിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു. സ്ഥാപനങ്ങളുടെ കണക്ക് അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) അനാഥാലയങ്ങളിൽ നിലവിലുള്ള അന്തേവാസികളുടെ എണ്ണം ഇപ്രകാരമാണ്. ഫൗണ്ട് ലിംഗ് ഹോം 472, കുട്ടികളുടെ സ്ഥാപനങ്ങൾ - 52253. അംഗീകൃതമായ സ്ഥാപനങ്ങളിൽ സർക്കാർ ഗ്രാന്റിന് അനുമതി നേടിയിട്ടുള്ള സ്ഥാപനങ്ങളിൽ ഒരു കുട്ടിക്ക് പ്രതിമാസ ചെലവിനായി 800 രൂപ വീതം 1-4-2014 മുതൽ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്നതിന് നടപ്പ് വർഷത്തെ ബഡ്ജറ്റിൽ 13,83,63,000 രൂപ വകയിരുത്തിയിട്ടുണ്ട്. നടപ്പ് വർഷം അർഹതപ്പെട്ട മുഴുവൻ തുകയും നൽകുന്നതിന് വേണ്ടി 16,75,40,993 രൂപ അധികമായി വേണ്ടി വരുന്നതാണ്. ഈ തുക കൂടി ലഭിക്കുന്ന പക്ഷം ഈ സ്ഥാപനങ്ങളുടെ നടത്തിപ്പിനായി 30,59,03,993 രൂപ ചെലവ് വരുന്നതാണ്.

(സി) അനാഥാലയങ്ങളിൽ നിന്ന് നിയമപരമായി കുട്ടികളെ ദത്ത് നൽകാറില്ല. അഡോപ്ഷൻ പ്ലെയ്സ്മെന്റ് ഏജൻസിയായി സർക്കാർ അംഗീകാരമുള്ള ഫൗണ്ട്ലിംഗ് ഹോമുകളിൽ നിന്നാണ് കുട്ടികളെ ദത്ത് നൽകുന്നത്. അനാഥരും മാതാപിതാക്കളാൽ ഉപേക്ഷിക്കപ്പെട്ടവരും ഏൽപ്പിച്ചുകൊടുക്കപ്പെട്ടവരുമായ കുഞ്ഞുങ്ങളെയാണ് ഭാരത സർക്കാരിന്റെ Central Adoption Resource Agency (CARA) മാർഗ്ഗനിർദ്ദേശ പ്രകാരം ദത്തെടുക്കുന്നത്. നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു:

1. സർക്കാർ അംഗീകൃത ഏജൻസികളിലൂടെ മാത്രമേ മാതാപിതാക്കൾ ദത്തെടുക്കൽ നടത്താവൂ.

2. മാതാപിതാക്കൾ താമസസ്ഥലത്തിന് അടുത്തുള്ള ഒരു അംഗീകൃത അഡോപ്ഷൻ ഏജൻസിയിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കൂടാതെ www.adoptionindia.nic.in എന്ന വെബ്സൈറ്റിലൂടെ താൽക്കാലിക ഓൺലൈൻ രജിസ്ട്രേഷൻ നടത്താവുന്നതാണ്. ഇന്ത്യയിൽ നിന്നുള്ള കുഞ്ഞിനെ ദത്തെടുക്കാൻ ആഗ്രഹിക്കുന്ന വിദേശത്ത് കഴിയുന്ന ഇന്ത്യാക്കാർ തങ്ങളുടെ താമസ സ്ഥലത്തിനടുത്തുള്ള ഏതെങ്കിലും അംഗീകൃത വിദേശ അഡോപ്ഷൻ ഏജൻസിയിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

3. ചൈൽഡ് വെൽഫെയർ കമ്മിറ്റി Legally Free for Adoption Certificate നൽകിയ കുട്ടികളെ മാത്രമേ ദത്തെടുക്കാൻ കഴിയുകയുള്ളൂ.

4. 3 വയസ്സുവരെ പ്രായമുള്ള കുട്ടികളെ ദത്തെടുക്കാൻ ഉപദ്ദേശിക്കുന്ന മാതാപിതാക്കളുടെ ആകെ വയസ്സ് 90-ൽ കവിയാൻ പാടുള്ളതല്ല. 3 വയസ്സിനുമുകളിൽ പ്രായമുള്ള കുട്ടികളെ ദത്തെടുക്കാൻ ഉദ്ദേശിക്കുന്ന മാതാപിതാക്കളുടെ ആകെ വയസ്സ് 105-ൽ കവിയാനും പാടുള്ളതല്ല. മാത്രമല്ല, ദമ്പതികളുടെ പ്രായം 25-ൽ കുറയുവാനോ 50-ൽ അധികരിക്കുവാനോ പാടുള്ളതല്ല.

5. HAMA1956 (ഹിന്ദു അഡോപ്ഷൻ ആന്റ് മെയിന്റനൻസ് ആക്ട്), GAWA 1990 (ഗാർഡിയൻസ് ആന്റ് വാർഡ്സ് ആക്ട്), J,J Act 2000 (ജുവനൈൽ ജസ്റ്റിസ് ആക്ട് 2000) എന്നീ നിയമങ്ങൾ പ്രകാരമാണ് ദത്തെടുക്കൽ നടക്കുന്നത്.

(ഡി) നിലവിലുള്ള അപേക്ഷകളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 517 |
| കണ്ണൂർ | 2141 |
| വയനാട് | 11 |
| തൃശ്ശൂർ | 98 |
| എറണാകുളം | 104 |
| ഇടുക്കി | 28 |
| കോട്ടയം | 23 |
| ആലപ്പുഴ | ഇല്ല |

| | |
|---|---|
| മലപ്പുറം | ഇല്ല |
| പത്തനംതിട്ട | ഇല്ല |
| കാസർഗോഡ് | ഇല്ല |
| കൊല്ലം | ഇല്ല |
| പാലക്കാട് | 74 |
| കോഴിക്കോട് | 32 |
| ആകെ | 3028 |

(ഇ) അനുബന്ധം II ആയി ചേർക്കുന്നു.*

**സംസ്ഥാനത്തെ വൃദ്ധ സദനങ്ങൾ**

325 (3612) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര വൃദ്ധസദനങ്ങളുണ്ടെന്നും ഓരോ വൃദ്ധ സദനത്തിലും എത്ര അന്തേവാസികളുണ്ടെന്നും വ്യക്തമാക്കാമോ ;

(ബി) സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധ സദനങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് അറിയിക്കുമോ ;

(സി) ഈ സദനങ്ങളുടെ മേൽ സർക്കാരിന് എന്തെല്ലാം നിയന്ത്രണങ്ങൾ ഉണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ വിവിധ ജില്ലകളിലായി 15 വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 4 എണ്ണം വികലാംഗ വൃദ്ധസദനങ്ങളാണ്. സന്നദ്ധ സംഘടനകൾ നടത്തുന്ന 532 വൃദ്ധസദനങ്ങൾ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ 20680 അന്തേവാസികളുണ്ട്. ഓരോ സ്ഥാപനങ്ങളിലുമുള്ള അന്തേവാസികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) സർക്കാർ ധനസഹായം ലഭിക്കുന്ന സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങളിലെ ഒരു അന്തേവാസിക്ക് 800 രൂപ ഗ്രാന്റിന് അർഹതയുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ട ഒരു അന്തേവാസിക്ക് പ്രതിമാസം ഒരു രൂപ നിരക്കിൽ 5 കിലോഗ്രാം അരി നൽകുന്നു. കൂടാതെ 3 കിലോഗ്രാം ഗോതമ്പും 400 ഗ്രാം പഞ്ചസാരയും ബി.പി.എൽ. നിരക്കിൽ നൽകുന്നു. സമീപ പ്രദേശത്തുള്ള സർക്കാർ ആശുപത്രിയിൽ നിന്ന് വൈദ്യസഹായം നൽകുന്നുണ്ട്. സ്ഥാപനങ്ങൾക്ക് സൗജന്യ നിരക്കിൽ വൈദ്യുതിയും കുടിവെള്ളവും നൽകുന്നു.

(സി) സംസ്ഥാനത്ത് സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങൾക്ക് ഓർഫനേജ് കൺട്രോൾ ബോർഡാണ് അംഗീകാരം നൽകുന്നത്. ഗ്രാന്റ് സ്വീകരിക്കുന്ന സ്ഥാപനങ്ങൾ ലോക്കൽ ഫണ്ട് ആഡിറ്റിന്റെയും അക്കൗണ്ടന്റ് ജനറലിന്റെയും ആഡിറ്റിന് വധേയമാണ്.

**ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരെക്കുറിച്ച് പഠിക്കാൻ നിയോഗിച്ചിരുന്ന ഡോ. ജയരാജന്റെ റിപ്പോർട്ട്**

326 (3613) ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. എൻ. ഷംസുദീൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരെക്കുറിച്ച് പഠിക്കാൻ നിയോഗിച്ചിരുന്ന ഡോ. ജയരാജൻ, റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അദ്ദേഹത്തിന്റെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പഠനം, പുനരധിവാസം എന്നീ കാര്യങ്ങളിൽ സർക്കാരിന്റെ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ കേരള സമൂഹത്തിൽ നിർണ്ണായക രീതിയിൽ പിന്നോക്കാവസ്ഥയും വിവേചനവും നേരിടുന്നവരാണ്. പ്രത്യേകിച്ചും പ്രതിരോധം, നേരത്തെ കണ്ടെത്തൽ, നേരത്തെയുള്ള ഇടപെടൽ,

വിദ്യാഭ്യാസം, മാനവവിഭവശേഷി വികസനം, തൊഴിൽ പരിശീലനം, തൊഴിൽ, സാമൂഹ്യസുരക്ഷ എന്നീ മേഖലകളിൽ വിവേചനം നേരിടുന്നതുകൊണ്ടുതന്നെ, സാമൂഹ്യമായി ഒറ്റപ്പെടുന്ന സാഹചര്യം നിലനിൽക്കുന്നുവെന്നാണ് കമ്മീഷന്റെ കണ്ടെത്തൽ. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ പുനരധിവാസത്തിനായി എം. കെ. ജയരാജ് കമ്മീഷൻ റിപ്പോർട്ടിൽ വിവിധ വകുപ്പുകൾ നടപ്പിലാക്കേണ്ട 168 ശിപാർശകൾ റിപ്പോർട്ടിനൊപ്പം സമർപ്പിച്ചിട്ടുണ്ട്. (അനുബന്ധമായി ചേർത്തിട്ടുണ്ട്.)*

(സി) ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പാഠ്യപദ്ധതിയുടെ കരട് സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് & ട്രെയിനിംഗ് പുറത്തിറക്കി. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കായി കേരളത്തിൽ പ്രവർത്തിക്കുന്ന 350 സ്പെഷ്യൽ സ്കൂളുകളിൽ 100 കുട്ടികൾ വരെ പഠിക്കുന്ന എല്ലാ സ്പെഷ്യൽ സ്കൂളുകൾക്കും എയ്ഡഡ് പദവി നൽകുന്നതിനുള്ള അടിയന്തിര നടപടി കൈക്കൊണ്ടുവരുന്നു. " സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ്" എന്ന സ്ഥാപനത്തെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങി. രക്ഷിതാക്കളുടെ കാലശേഷം അനാഥരാവുന്ന ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരെ ആജീവനാന്തം സംരക്ഷിക്കാൻ പുനരധിവാസ ഗ്രാമങ്ങൾ തുടങ്ങുവാൻ നടപടി കൈക്കൊണ്ടുവരുന്നു.

**സംസ്ഥാനത്തെ അനാഥാലയങ്ങൾ**

327 (3614) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര അനാഥാലയങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ടെന്നും, അവ എവിടെയൊക്കെയാണെന്നും വിശദമാക്കാമോ ;

(ബി) പ്രസ്തുത അനാഥാലയങ്ങൾ ഏതൊക്കെ ഏജൻസികളാണ് നടത്തുന്നതെന്നും, ഓരോ അനാഥാലയത്തിനും എത്ര അനാഥർ താമസിച്ചു വരുന്നുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) ഈ അനാഥാലയങ്ങളുടെ പ്രവർത്തനങ്ങളിൽ സർക്കാരിനുള്ള നിയന്ത്രണസംവിധാനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ&ബി) സംസ്ഥാനത്ത് 1176 സ്ഥാപനങ്ങൾ കുട്ടികൾക്കുവേണ്ടി ഓർഫനേജ് കൺട്രോൾ ബോർഡിനു കീഴിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു. സ്ഥാപനങ്ങളുടെ കാറ്റഗറിയും ജില്ല തിരിച്ചുള്ള ലിസ്റ്റും സ്ഥാപന നടത്തിപ്പുകാരുടെ മേൽവിലാസവും അന്തേവാസികളുടെ എണ്ണവും (30-6-2014 വരെ) അനുബന്ധം ആയി ചേർക്കുന്നു*.

(സി) 1. 15 അംഗങ്ങളുള്ള ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജസ് ആന്റ് അദർ ചാരിറ്റബിൾ ഹോംസിനാണ് ഇത്തരം സ്ഥാപനങ്ങളുടെ നിയമപരമായ നിയന്ത്രണം.

2. ജില്ലകളിൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ബന്ധപ്പെട്ട വകുപ്പുകളുടെ പ്രതിനിധികൾ ഉൾപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റി 3 മാസത്തിലൊരിക്കൽ സ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷിച്ചുവരുന്നു.

3. ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ നേതൃത്വത്തിൽ വകുപ്പുതല ഉദ്യോഗസ്ഥർ കാലാകാലങ്ങളിൽ സ്ഥാപനങ്ങൾ പരിശോധിച്ച് പ്രവർത്തനം വിലയിരുത്തുന്നുണ്ട്.

**എൻഡോസൾഫാൻ ദുരിതബാധിതരായ കുട്ടികൾക്ക് സ്കോളർഷിപ്പ്**

328 (3615) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻഡോസൾഫാൻ ദുരിത ബാധിതരായ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി നിലവിലുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) ഈ അദ്ധ്യായന വർഷം നാളിതുവരെ ഈ പദ്ധതിയുടെ കീഴിൽ തുക അനുവദിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) ഇതിനായി എത്ര തുക വേണ്ടിവരുമെന്ന് കണകാക്കിയിട്ടുണ്ടോ;

(ഡി) പ്രസ്തുത സ്കോളർഷിപ്പ് തുക എന്ന് നൽകും എന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ കുട്ടികൾക്ക് ഒരു അദ്ധ്യയന വർഷത്തിലേയ്ക്ക് പ്രത്യേക വിദ്യാഭ്യാസ ധനസഹായമായി 1 മുതൽ 7-ാം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികൾക്ക് 2000 രൂപ വീതവും 8 മുതൽ 10-ാം ക്ലാസ്സുവരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 3000 രൂപ വീതവും 11, 12 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 4000 രൂപ വീതവും ഒറ്റത്തവണ വിദ്യാഭ്യാസ ധനസഹായം നൽകുന്നു.

(ബി) 2014-15 അദ്ധ്യയന വർഷം വിദ്യാഭ്യാസ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 2014-15 വർഷം 70 ലക്ഷം രൂപ വേണ്ടി വരുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചാലുടൻ വിതരണം ചെയ്യുന്നതാണ്.

## സാമൂഹ്യക്ഷേമ ദിനാചരണം

329 (3617) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ വർഷത്തെ സാമൂഹ്യക്ഷേമ ദിനാചരണം എവിടെവെച്ചാണ് ആഘോഷിച്ചത് ;

(ബി) പ്രസ്തുത ദിനാഘോഷത്തിന് സാമൂഹ്യനീതി വകുപ്പിൽ നിന്നും ഇതിന്റെ കീഴിലുള്ള വിവിധ ഏജൻസികളിൽ നിന്നും ചെലവിനങ്ങളിലേക്കായി എത്ര രൂപയാണ് സ്വരൂപിച്ചത് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) കാസർഗോഡ് മുനിസിപ്പൽ സ്റ്റേഡിയത്തിൽ നടന്ന സാമൂഹ്യക്ഷേമ ദിനാചരണത്തിന് എത്ര തുക ചെലവായിട്ടുണ്ടെന്ന് വിശദമാക്കാമോ ?

### ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ വച്ചാണ് ഈ വർഷത്തെ സാമൂഹ്യനീതി ദിനാചരണം ആഘോഷിച്ചത്.

(ബി) പ്രസ്തുത ദിനാഘോഷത്തിനായി സാമൂഹ്യനീതി വകുപ്പിന്റെ ഏജൻസികളായ കേരള സാമൂഹ്യ സുരക്ഷാ മിഷൻ, കേരള സംസ്ഥാന വനിതാ കമ്മീഷൻ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും 7 ലക്ഷം രൂപ വീതം ചെലവിനങ്ങൾക്കായി സ്വരൂപിച്ചിട്ടുണ്ട്.

(സി) സാമൂഹ്യനീതി ദിനാചരണത്തിന് വേണ്ടി 27-11-2014 വരെ 21,95,204 രൂപ ചെലവഴിച്ചിട്ടുണ്ട്.

## വയോജനങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി പ്രത്യേക നിയമം

330(T 3618) ശ്രീ. കെ. എൻ. എ. ഖാദർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(എ) വയോജനങ്ങളുടെ സംരക്ഷണം ഉറപ്പു വരുത്തുന്നതിനായി പ്രത്യേക നിയമം നിലവിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇവരുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി പ്രത്യേക നിയമ നിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും പരിരക്ഷയും സംബന്ധിച്ച നിയമം 2007 (Maintenance and Welfare of Parents and Senior Citizen Act 2007) എന്ന നിയമം നിലവിലുണ്ട്. ആയതിൽ പ്രകാരം വയോജനങ്ങൾക്ക് സംരക്ഷണം നൽകുന്നുണ്ട്.

## കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിലെ സാമൂഹ്യനീതി വകുപ്പിന്റെ ഒബ്സർവേഷൻ ഹോം

331 (3619) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ കണിയാംമ്പാറ്റ ഗ്രാമപഞ്ചായത്തിലെ സാമൂഹ്യനീതി വകുപ്പിൻ കീഴിലുള്ള ഒബ്സർവേഷൻ ഹോമിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പ്രസ്തുത ഒബ്സർവേഷൻ ഹോമിന് പുതിയ കെട്ടിടം പണിയുന്നതിനായി ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത കെട്ടിട നിർമ്മാണത്തിനുള്ള സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടോ ; വിശദമാക്കുമോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) കണിയാംമ്പറ്റയിലെ ഒബ്സർവേഷൻ ഹോം ആന്റ് സ്പെഷ്യൽ ചിൽഡ്രൻസ് ഹോം പ്രവർത്തിച്ചിരുന്ന കെട്ടിടം ബലക്ഷയം കാരണം PWD Uufit ആയി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ സ്ഥാപനം കൽപ്പറ്റയിലെ പുത്തൂർവയൽ റോഡിൽ കോറി വളവിൽ വൈറ്റ്ഹൗസ് എന്ന വാടക കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിച്ചിരിയ്ക്കുകയാണ്. പ്രസ്തുത സ്ഥാപനത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഈ സ്ഥാപനത്തിന് 450 ലക്ഷം രൂപ മുടക്കി പുതിയ കെട്ടിടം

നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) കെട്ടിട നിർമ്മാണത്തിനുള്ള സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ നിർമ്മാണ ഏജൻസിയായ കേരളാ പോലീസ് ഹൗസിംഗ് കോർപ്പറേഷൻ ചിഫ് എഞ്ചിനീയറുടെ പരിഗണനയിലാണ്.

**വയോജനങ്ങളുടെ ക്ഷേമം**

332 (3620) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയോജനങ്ങളുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) ബന്ധുക്കൾ ഉപേക്ഷിക്കുന്ന വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിനും ഇത്തരം പ്രവൃത്തികൾ ചെയ്യുന്ന ബന്ധുക്കളെ കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കുന്നതിനും എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ. ;

(സി) രോഗബാധിതരായി ആശുപത്രിയിൽ പ്രവേശിപ്പിച്ച് രോഗം മാറിയിട്ടും, ബന്ധുജനങ്ങൾ സ്വീകരിക്കാതെ വൃദ്ധ സദനങ്ങളിൽ കഴിയുന്ന എത്ര പേർ സംസ്ഥാനത്തുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനുവേണ്ടി, വിവിധ പരിപാടികൾ നടപ്പാക്കുന്നതിനുള്ള കർമ്മപദ്ധതി രൂപവത്ക്കരിക്കുന്നതിനായി മുതിർന്ന പൗരന്മാർക്കുവേണ്ടിയുള്ള സംസ്ഥാന നയം 2013 സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത നയം അനുസരിച്ചുള്ള കർമ്മ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇന്ദിരാഗാന്ധി വാർദ്ധക്യകാല പെൻഷൻ 500 രൂപയിൽ നിന്ന് 600 രൂപയായും 80 വയസ്സു കഴിഞ്ഞവർക്ക് 1,100 രൂപയിൽ നിന്ന് 1,200 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിന് 15 സർക്കാർ വൃദ്ധ സദനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ബന്ധുക്കൾ ഉപേക്ഷിക്കുന്ന വൃദ്ധജനങ്ങളെ കണ്ടെത്തിയാൽ/ലഭിച്ചാൽ സൗജന്യമായി താമസം, ഭക്ഷണം, വസ്ത്രം, മരുന്ന് എന്നിവ നൽകുന്നതിന് നടപടികൾ സ്വീകരിക്കാറുണ്ട്. ബന്ധുക്കൾക്കെതിരെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വയോജനങ്ങൾ പരാതി നൽകുകയാണെങ്കിൽ നിലവിലുള്ള മെയിന്റനൻസ് ആന്റ് വെൽഫയർ ഓഫ് പേരന്റ്സ് ആന്റ് സീനിയർ സിറ്റിസൺ ആക്ട് 2007 അനുസരിച്ച് നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനായി റവന്യൂ ഡിവിഷണൽ ആഫീസർമാരുടെ നേതൃത്വത്തിൽ മെയിന്റനൻസ് ട്രൈബ്യൂണലുകളും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ അപ്പലേറ്റ് ട്രൈബ്യൂണലുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഈ നിയമപ്രകാരം വയോജനങ്ങളെ സഹായിക്കുന്നതിനായി ജില്ലാ സാമൂഹ്യനീതി ആഫീസർമാരെ മെയിന്റനൻസ് ആഫീസർമാരായും നിയമിച്ചിട്ടുണ്ട്.

(സി) ഇവരുടെ കണക്ക് പ്രത്യേകമായി ശേഖരിച്ചിട്ടില്ല.

**അനാഥാലയങ്ങളിലെ അന്തേവാസികൾക്ക് സർക്കാർ ഗ്രാന്റ്**

333 (3621) ശ്രീ. പി. റ്റി. എ. റഹീം : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു ദിവസം അനാഥാലയങ്ങളിലെ ഒരു അന്തേവാസിക്ക് വസ്ത്രം, ഭക്ഷണം തുടങ്ങിയവയ്ക്ക് ചെലവ് വരുന്നത് എത്രയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) സർക്കാർ നൽകുന്ന ഗ്രാന്റ് ഇതിന് മതിയാകുന്നതാണോ ;

(സി) വിദേശ സഹായം സ്വീകരിക്കുന്ന സ്ഥാപനങ്ങൾക്ക് ചെലവ് കണക്കാക്കുന്നതിനുള്ള മാനദണ്ഡമെന്താണ് ;

(ഡി) ചെലവ് സംബന്ധിച്ച നിരക്ക് പുതുക്കിയത് ഏത് വർഷമാണ് ;

(ഇ) ഒരു അന്തേവാസിക്ക് വിദേശ സഹായവും ഗ്രാന്റും ഉൾപ്പെടെയുള്ള ചെലവ് സംഖ്യ വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ ;

(എഫ്) ഗ്രാന്റ് ഇൻ എയ്ഡ് റൂൾസ് പുനപരിശോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ജി) സംസ്ഥാനത്തിന് പുറത്ത് നിന്നും വരുന്ന അന്തേവാസികൾക്ക് സർക്കാർ ഗ്രാന്റ് നൽകുന്നുണ്ടോ ; സംസ്ഥാനത്തിനു പുറത്തുള്ള അന്തേവാസികളെ സ്വീകരിക്കുന്നതിന് ഡെസ്റ്റിറ്റ്യൂട്ട് സർട്ടിഫിക്കറ്റ് നൽകേണ്ട ഉദ്യോഗസ്ഥൻ ആരെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഇല്ല. ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് 800 രൂപ നിരക്കിൽ പ്രതിമാസ ഗ്രാന്റ് നൽകി വരുന്നു.

(ബി) അനാഥാലയങ്ങൾക്കുള്ള ഗ്രാന്റ് കാലോചിതമായി വർദ്ധിപ്പിക്കാറുണ്ട്.

(സി) സർക്കാർ നൽകുന്ന ബോർഡിംഗ് ഗ്രാന്റും വിദേശ ധനസഹായമായി ലഭിക്കുന്നതും കൂട്ടിയുള്ള തുക 1,500 രൂപയിൽ കൂടുതൽ വരുന്ന പക്ഷം കൂടുതലായി വരുന്ന തുക സർക്കാർ ഗ്രാന്റ് ഇൻ എയ്ഡിൽ കുറവ് വരുത്തുന്നതിന് വ്യവസ്ഥയുണ്ട്.

(ഡി) 2012 മുതലാണ് പുതിയനിരക്ക് നിലവിൽ വന്നത്.

(ഇ) പരിഗണനയിലുണ്ട്.

(എഫ്) ഓർഫനേജുകളുടെ മിനിമം സ്റ്റാൻഡേർഡിനുള്ള റഗുലേഷൻ പുതുക്കുന്നത് അന്തിമഘട്ടത്തിലാണ്. അത് അംഗീകരിക്കുന്ന മുറയ്ക്ക് ഗ്രാന്റ് ഇൻ എയ്ഡ് റൂൾസും പുതുക്കുന്ന നിർദ്ദേശം പരിഗണിക്കുന്നതാണ്.

(ജി) ഇല്ല. സംസ്ഥാനത്തിന് പുറത്ത് നിന്നുവരുന്ന കുട്ടികൾക്ക് സർക്കാർ ഗ്രാന്റ് ഇൻ എയ്ഡിന് അർഹതയില്ല. ഇപ്രകാരം പുറത്ത് നിന്ന് വരുന്ന കുട്ടികൾക്ക് ഡെസ്റ്റിറ്റ്യൂഷൻ സർട്ടിഫിക്കറ്റ് നിഷ്കർഷിച്ചിട്ടില്ല. ബന്ധപ്പെട്ട സംസ്ഥാന സർക്കാർ അംഗീകരിച്ചുനൽകുന്ന ലിസ്റ്റിൻ പ്രകാരമുള്ള കുട്ടികളെ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അനുമതിയോടുകൂടി പ്രവേശനം നൽകാനാണ് നിഷ്കർഷിച്ചിട്ടുള്ളത്.

## സ്നേഹപൂർവ്വം പദ്ധതി

334 (3622) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്നേഹപൂർവ്വം പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതിന് അപേക്ഷകൾ സ്കൂൾ മുഖാന്തരം സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഈ വർഷം എത്ര അപേക്ഷകൾ ലഭിക്കുകയുണ്ടായി ;

(ബി) അർഹരായവരിൽ ബഹുഭൂരിപക്ഷം വിദ്യാർത്ഥികളും ഈ പദ്ധതിയിൽ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്ത സാഹചര്യം പരിശോധിക്കുമോ ;

(സി) അതത് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കൂടി അപേക്ഷ ലഭിക്കുവാനും പൂരിപ്പിച്ചു നൽകുവാനുമുള്ള സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

<u>ഉത്തരം</u>

(എ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 856 അപേക്ഷകൾ ഓൺലൈനായി സാമൂഹ്യ സുരക്ഷാ മിഷന്റെ വെബ് സൈറ്റിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ സ്കൂൾ മേധാവികൾ 11 കുട്ടികളുടെ കമ്പ്യൂട്ടർ ജനറേറ്റഡ് ലിസ്റ്റ് മാത്രമാണ് ശിപാർശ ചെയ്ത് ലഭ്യമാക്കിയിട്ടുള്ളത്.

(ബി) സ്നേഹപൂർവ്വം പദ്ധതി ആനുകൂല്യത്തിന് അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും ഈ ധനസഹായം ലഭ്യമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിയ്ക്കുന്നുണ്ട്. ഇതിലേയ്ക്ക് പത്രക്കുറിപ്പ് നൽകുകയും പദ്ധതി സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നൽകാൻ നടപടിയെടുത്തിട്ടുമുണ്ട്.

(സി) 10-10-2014 ലെ സാമൂഹ്യനീതി വകുപ്പിന്റെ സർക്കാർ ഉത്തരവ് (എംഎസ്.)നമ്പർ 83/2014/സാനീവ പ്രകാരം വിദ്യാഭ്യാസസ്ഥാപന മേധാവികൾ മുഖേന ഓൺലൈനായി അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചുവരുന്നത്. വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മേധാവി, തന്റെ സ്ഥാപനത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ, പദ്ധതി മാനദണ്ഡങ്ങൾപ്രകാരം അർഹരായവരെ കണ്ടെത്തി അവരുടെ അപേക്ഷകൾ നിശ്ചിത മാതൃകയിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ വെബ്സൈറ്റ് (www.socialsecuritymission.gov.in) മുഖേന ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനാൽ പൂരിപ്പിച്ച അപേക്ഷകൾ സ്വീകരിക്കുന്നില്ല. കൂടാതെ വിദ്യാഭ്യാസ സ്ഥാപന മേധാവിയ്ക്ക് അപേക്ഷകൾ സമർപ്പിയ്ക്കുന്നതുമായി ബന്ധപ്പെട്ട് തെരഞ്ഞെടുത്ത അദ്ധ്യാപകർക്ക് ഈ ചുമതല നൽകുന്നതിനായുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

## സ്നേഹപൂർവ്വം പദ്ധതി

335 (3623) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന സ്നേഹപൂർവ്വം പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) നിലവിൽ പ്രസ്തുത പദ്ധതിയിൻ കീഴിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ; അവയിൽ എത്രയെണ്ണത്തിൽ സഹായം നൽകിയിട്ടുണ്ട് ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ?

### ഉത്തരം

(എ) മാതാവോ പിതാവോ ഇവർ ഇരുവരുമോ മരണമടഞ്ഞ ബി.പി.എൽ. വിഭാഗത്തിലുള്ള കുടുംബങ്ങളിലെ സർക്കാർ/എയ്ഡഡ് സ്കൂൾ/കോളേജുകളിൽ പഠിക്കുന്നവരുമായ കുട്ടികൾക്കാണ് ഈ പദ്ധതി ആനുകൂല്യം അനുവദിക്കുന്നത്.

എ.പി.എൽ. വിഭാഗത്തിൽപ്പെടുന്ന കുട്ടികളുടെ കുടുംബ വാർഷിക വരുമാനം ഗ്രാമപ്രദേശങ്ങളിൽ 20,000 രൂപയിലും നഗരപ്രദേശങ്ങളിൽ 22,375 രൂപയിലും താഴെയാണെങ്കിലും ഈ പദ്ധതി ആനുകൂല്യത്തിന് അർഹതയുണ്ട്. 5-ാം ക്ലാസ്സുവരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം 300 രൂപ നിരക്കിലും 6 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം 500 രൂപ നിരക്കിലും +1, +2 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം 750 രൂപ നിരക്കിലും ഡിഗ്രി/പ്രൊഫഷണൽ ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് പ്രതിമാസം 1000 രൂപ നിരക്കിലും (പ്രതിവർഷം പരമാവധി 10 മാസത്തേയ്ക്ക്) ധനസഹായം അനുവദിക്കുന്നു.

(ബി) 2013-14 സാമ്പത്തിക വർഷത്തിൽ 40020 അപേക്ഷകൾ ലഭിച്ചു. 11437 അപേക്ഷകൾ അപാകതയുള്ളതായിരുന്നു. ബാക്കി അർഹതയുള്ള 28583 പേരിൽ 27325 പേർക്ക് ധനസഹായം അനുവദിച്ചു.

| ജില്ല | അപേക്ഷകളുടെ എണ്ണം | ധനസഹായം അനുവദിച്ച അപേക്ഷകളുടെ എണ്ണം |
|---|---|---|
| എറണാകുളം | 3700 | 3183 |
| കോഴിക്കോട് | 2782 | 2762 |
| ആലപ്പുഴ | 1528 | 1408 |
| കോട്ടയം | 1558 | 1528 |
| പത്തനംതിട്ട | 1312 | 1245 |
| തൃശ്ശൂർ | 2132 | 2084 |
| തിരുവനന്തപുരം | 4062 | 4058 |
| കൊല്ലം | 2255 | 2158 |
| പാലക്കാട് | 3167 | 3025 |
| കണ്ണൂർ | 1028 | 1010 |
| ഇടുക്കി | 858 | 810 |
| മലപ്പുറം | 2214 | 2114 |
| വയനാട് | 818 | 786 |
| കാസർഗോഡ് | 1169 | 1154 |

| | | |
|---|---|---|
| ആകെ | 28583 | 27325 |

2014-15 വർഷത്തിൽ അപേക്ഷകൾ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുഖേന ഓൺലൈനായിട്ടാണ് സ്വീകരിക്കുന്നത്. 856 അപേക്ഷകൾ ഓൺലൈനായി സാമൂഹ്യ സുരക്ഷാ മിഷന്റെ വെബ് സൈറ്റിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ സ്കൂൾ മേധാവികൾ 11 കുട്ടികളുടെ കമ്പ്യൂട്ടർ ജനറേറ്റഡ് ലിസ്റ്റ് മാത്രമാണ് ശിപാർശ ചെയ്ത് ലഭ്യമാക്കിയിട്ടുള്ളത്.

**സ്നേഹപൂർവ്വം പദ്ധതി**

336 (3624) <u>ശ്രീ. എസ്. ശർമ്മ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യ സുരക്ഷാ മിഷന്റെ സ്നേഹപൂർവ്വം പദ്ധതി പ്രകാരം വൈപ്പിൻ മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ;

(ബി) ഇതിൽ എത്ര അപേക്ഷകൾ തീർപ്പു കൽപ്പിച്ചിട്ടുണ്ട് ; ഇതിന്റെ ആനുകൂല്യം എത്ര കുട്ടികൾക്ക് ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) സ്നേഹപൂർവ്വം പദ്ധതി ആനുകൂല്യത്തിനുവേണ്ടി ലഭിച്ചിട്ടുള്ള അപേക്ഷകളുടെ നിയോജക മണ്ഡലം തിരിച്ചുള്ള കണക്ക് തയ്യാറാക്കിയിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

**വികലാംഗർക്ക് അർഹതപ്പെട്ട ആനുകൂല്യം**

337 (3625) <u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികലാംഗർക്ക് വിവിധ വകുപ്പുകളിൽ നിന്നുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് ബന്ധപ്പെട്ട മെഡിക്കൽബോർഡ് നൽകുന്ന ഡിസെബിലിറ്റി സർട്ടിഫിക്കറ്റിനും തിരിച്ചറിയൽ കാർഡിനും പുറമേ മറ്റ് രേഖകൾ ഇല്ലാത്ത കാരണം പറഞ്ഞ് ആനുകൂല്യങ്ങൾ നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വികലാംഗർക്ക് അർഹതപ്പെട്ട ആനുകൂല്യം ലഭിക്കുന്നതിന് ആവശ്യമായ രേഖകൾ ഏതൊക്കെയാണ് ; ഇത് സംബന്ധിച്ച എന്തെങ്കിലും ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വൈകല്യം സംബന്ധിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ്, ടി മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നൽകുന്ന തിരിച്ചറിയൽ കാർഡ് എന്നിവയാണ് വികലാംഗർക്ക് അർഹതപ്പെട്ട ആനുകൂല്യം ലഭിക്കുന്നതിനുള്ള രേഖകൾ. ഇത് സംബന്ധിച്ച 30-11-2010-ലെ ജി.ഒ(പി)86/2010/എസ്.ജെ.ഡി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) എന്നാൽ ടി ഉത്തരവ് അംഗപരിമിതരായ കുട്ടികൾ ഉൾപ്പെടെയുള്ളവർക്ക് യാത്രാ സൗജന്യം അനുവദിക്കുന്ന കാര്യത്തിൽ കെ.എസ്.ആർ.ടി.സി.-യും മറ്റ് പല വിഷയങ്ങളിൽ ചില സ്ഥാപനങ്ങളും പാലിക്കുന്നില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും അംഗപരിമിതരായവർക്കും അവരുടെ രക്ഷിതാക്കൾക്കും ഇത് വളരെയധികം ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു എന്ന് മനസ്സിലാക്കി ടി ഉത്തരവ് എല്ലാ സ്ഥാപനങ്ങളിലും കർശനമായി നടപ്പിലാക്കേണ്ടതും ഇതിന് വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനും 8-8-2014 ലെ 3670/ഡി2/14/സാ.നീ.വ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*)

**എൻഡോസൾഫാൻ ദുരിതബാധിതർക്കായി പുനരധിവാസ ഗ്രാമം**

338 (3626) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതർക്കായി പുനരധിവാസ ഗ്രാമം ഉണ്ടാകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഇത് ഏത് വിധത്തിലാണ് നടപ്പിലാക്കുന്നതെന്നും ഇതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്നും വിശദമാക്കാമോ ;

(സി) ഇതിനായി എത്ര തുക വേണ്ടി വരുമെന്നും പണം ഏതൊക്കെ സംവിധാനത്തിലൂടെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിത ബാധിതർ ഉൾപ്പെടെയുള്ള അംഗപരിമിതർക്കായി ഒരു പുനരധിവാസ ഗ്രാമം സ്ഥാപിക്കുന്നത് സംബന്ധിച്ച് 12-11-2014-ൽ ബഹു. കൃഷി വകുപ്പ് മന്ത്രിയുടെയും ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ ഒരു ചർച്ച

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നടത്തുകയുണ്ടായി. ഗ്രാമം സ്ഥാപിക്കുന്നതിനായി പ്ലാന്റേഷൻ കോർപ്പറേഷന്റെ 25 ഏക്കർ സ്ഥലം സാമൂഹ്യനീതി വകുപ്പിന് കൈമാറേണ്ടതാണെന്നും നിർദ്ദിഷ്ട ഗ്രാമത്തിൽ ഘട്ടം ഘട്ടമായി വൈകല്യം ബാധിച്ചവർക്ക് ആവശ്യമായ എല്ലാ തരത്തിലുള്ള പരിചരണവും പുനരധിവാസവും നൽകുവാനുമാണ് ഉദ്ദേശിക്കുന്നത്. ഈ കാര്യങ്ങളുടെ നടത്തിപ്പിനായി സാമൂഹ്യനീതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു ഇംപ്ലിമെന്റേഷൻ കമ്മിറ്റി രൂപീകരിക്കുവാനും പ്രസ്തുത മീറ്റിംഗിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) നിർദ്ദിഷ്ട പുനരധിവാസ ഗ്രാമം സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള പദ്ധതികൾ തയ്യാറാക്കിവരുന്നതേയുള്ളൂ.

(സി) യഥാർത്ഥ ചെലവ് കണക്കാക്കി വരുന്നതേയുള്ളൂ. സർക്കാരിന് പുറമേ NABARD-ൽ നിന്ന് കൂടി സാമ്പത്തിക സഹായം ലഭ്യമാകുമോ എന്ന് പരിശോധിച്ചു വരുന്നു.

**അംഗപരിമിതർക്കുള്ള പെൻഷന് അർഹത**

339 (3628) ശ്രീ. ഇ. പി. ജയരാജൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അംഗപരിമിതർക്കുള്ള പെൻഷന് അർഹതയുള്ള എത്ര ഗുണഭോക്താക്കളാണുള്ളത് ;

(ബി) നിലവിൽ പെൻഷൻ തുക എത്ര രൂപയാണ് ;

(സി) ഏതുമാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട് ;

(ഡി) എത്ര മാസത്തെ പെൻഷൻ കുടിശ്ശിക വിതരണം ചെയ്യാനുണ്ടെന്നും ഇതിന് എത്ര തുക വേണ്ടി വരുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ 325521 വികലാംഗ പെൻഷൻ ഗുണഭോക്താക്കളുണ്ട്.

(ബി) വികലാംഗ പെൻഷൻ നിലവിൽ 800 രൂപയും 80%-ഉം അതിന് മുകളിൽ അംഗവൈകല്യവുമുള്ളവർക്ക് 1,100 രൂപയും പ്രതിമാസം നൽകി വരുന്നു.

(സി) 2014 ആഗസ്റ്റ് മാസം വരെ വിതരണം ചെയ്യുന്നതിനുള്ള തുക ജില്ലാ കളക്ടർമാർക്ക് അനുവദിച്ചിട്ടുണ്ട്.

(ഡി) 3 മാസത്തെ പെൻഷൻ കുടിശ്ശിക വിതരണം ചെയ്യാനുണ്ട്. ആയതിന് 8568.86 ലക്ഷം രൂപ ആവശ്യമാണ്.

## സാമൂഹ്യദിനാചരണത്തോടനുബന്ധിച്ച് പുതിയ പദ്ധതികൾ

340 (3629) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യദിനാചരണത്തോടനുബന്ധിച്ച് ഏതെല്ലാം പുതിയ പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളത് എന്ന് വിശദമാക്കാമോ ;

(ബി) ആയത് ജില്ല തിരിച്ച് അറിയിക്കുമോ ;

(സി) കഴിഞ്ഞ സാമൂഹ്യനീതി ദിനാചരണത്തിന് എത്ര തുക ചെലവായി എന്ന് ഇനം തിരിച്ച് അറിയിക്കാമോ ?

### ഉത്തരം

(എ) സാമൂഹ്യനീതി ദിനാചരണത്തോടനുബന്ധിച്ച് പുതിയ പദ്ധതികൾക്ക് രൂപം നൽകി ഉത്തരവായിട്ടില്ല.

(ബി) ബാധകമല്ല.

(സി) സാമൂഹ്യനീതി ദിനാചരണത്തിനായി ചെലവായ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| | |
|---|---|
| Transportation | Rs.6,49,778.00 |
| Media | Rs.54,724.00 |
| Accomodation | Rs.1,43,088.00 |
| Programme | Rs.1,00,220.00 |
| Publicity | Rs.1,21,030.00 |
| Exhibition | Rs.13,431.00 |
| Health & Welfare | Rs.7,750.00 |
| Volunteer | Rs.13,500.00 |
| Disability Camp | Rs.559.00 |
| Reception | Rs.26,392.00 |
| Advertisement | Rs.7,380.00 |

| | |
|---|---|
| Food | Rs.2,00,591.00 |
| Tent & Stage | Rs.5,00,000.00 |
| Newspaper Advt. | Rs.21,488.00 |
| Logo design | Rs.5,000.00 |
| Digitalization | Rs.30,000.00 |
| Canteen | Rs.11,391.00 |
| Office Expense | Rs.20,342.00 |
| Cultural Programme | Rs.2,05,000.00 |
| Procession | Rs.60,550.00 |
| Registration | Rs.2,990.00 |
| Total | Rs.21,95,204.00 |

**പാർശ്വവൽക്കരിക്കപ്പെട്ടവർക്കായി സാമൂഹ്യനീതി വകുപ്പ് മുഖേന നല്കിവരുന്ന ധനസഹായങ്ങൾ**

341 (3630) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഷ്ടപ്പെടുന്നവരും പാർശ്വവൽക്കരിക്കപ്പെട്ടവർക്കുമായി സാമൂഹ്യനീതി വകുപ്പ് മുഖേന എന്തെല്ലാം ധനസഹായങ്ങളാണ് ഇപ്പോൾ അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പദ്ധതികൾ ഏതെല്ലാം ;

(സി) ഈ സർക്കാരിന്റെ കാലത്ത് ധനസഹായം വർദ്ധിപ്പിച്ചത് ഏതെല്ലാം പദ്ധതികൾക്കാണ് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കഷ്ടപ്പെടുന്നവരും പാർശ്വവൽക്കരിക്കപ്പെട്ടവർക്കുമായി ചുവടെ പറയുന്ന ധനസഹായപദ്ധതികൾ നടപ്പിലാക്കിവരുന്നു:

ക്യാൻസർ സുരക്ഷാ പദ്ധതി

ദീർഘകാല ചികിത്സ ആവശ്യമായ കുഞ്ഞുങ്ങളിലെ ക്യാൻസർ രോഗത്തിന് ശരിയായ ചികിത്സയും പരിചരണവും യഥാസമയം നൽകിയാൽ

പൂർണ്ണമായും സുഖപ്പെടുത്താവുന്നതാണെന്ന് കണ്ടെത്തിയിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ 18 വയസ്സ് വരെയുള്ള ക്യാൻസർ ബാധിതരായ കുട്ടികളുടെ ജീവൻ സംരക്ഷിക്കുന്നതിന് പൂർണ്ണമായും സൗജന്യ ചികിത്സ, തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികളിലൂടെ അനുവദിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണിത്.

താലോലം പദ്ധതി

ജനിതകരോഗങ്ങളാലും മറ്റ് ഗുരുതര രോഗങ്ങളാലും കഷ്ടപ്പെടുന്ന 18 വയസ്സിനുതാഴെയുള്ള കുട്ടികളെ മോചിതരാക്കി ആരോഗ്യമുള്ളവരാക്കി തീർക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട സർക്കാർ മേഖലയിലുള്ള 15 ആശുപത്രികളിലൂടെ ലബോറട്ടറി പരിശോധന, മരുന്ന്, സർജറി എന്നിവ പൂർണ്ണമായും സൗജന്യമായി പരിധി നിശ്ചയിക്കാതെയുള്ള ചികിത്സാ സഹായം നൽകുന്നു.

ആശ്വാസകിരണം പദ്ധതി

തീവ്രമായ ശാരീരിക മാനസിക വെല്ലുവിളികളാൽ ശയ്യാവലംബരായവരെയും സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, മാനസിക രോഗങ്ങൾ, ഓട്ടിസം എന്നീ വൈകല്യങ്ങളാൽ കഴിയുന്നവരെയും പരിചരിക്കുന്നവർക്ക് ചെറിയൊരു ആശ്വാസം നൽകുകയെന്ന ഉദ്ദേശത്തോടെ പ്രതിമാസം 525 രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതി.

സ്നേഹസാന്ത്വനം പദ്ധതി

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരായ, കടുത്ത ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന, തൊഴിലിൽ ഏർപ്പെടാൻ സാധിക്കാത്തവരെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ധനസഹായം നൽകി വരുന്നു. എൻഡോസൾഫാൻ ബാധിതരും ശയ്യാവലംബരുമായ വികലാംഗ പെൻഷൻ ലഭിക്കാത്ത ഗുണഭോക്താവിന് 2,200 രൂപയും പെൻഷൻ ലഭിക്കുന്നവർക്ക് 1,700 രൂപയും മറ്റ് രോഗബാധിതരായവർക്ക് 1,200 രൂപ വീതവും പ്രസ്തുത പദ്ധതി പ്രകാരം നൽകി വരുന്നു.

<u>എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി</u>

ഈ പദ്ധതിയിൽ 1 മുതൽ 7 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 2,000 രൂപയും, 8 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 3000 രൂപയും +1, +2 ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് 4,000 രൂപയും വീതം പ്രതിവർഷം ധനസഹായം നൽകി വരുന്നു.

<u>സ്നേഹസ്പർശം</u>

ചൂഷണത്തിനു വിധേയരായി അവിവാഹിത അവസ്ഥയിൽ അമ്മമാരാകുന്നവരെ പുനരധിവസിപ്പിക്കുകയെന്ന ഉദ്ദേശത്തോടുകൂടി നടപ്പിലാക്കി വരുന്ന സ്നേഹസ്പർശം പദ്ധതിയിലൂടെ 1,000 രൂപ നിരക്കിൽ പ്രതിമാസ ധനസഹായം നൽകി വരുന്നു.

<u>ശ്രുതി തരംഗം പദ്ധതി</u>

ശ്രവണ വൈകല്യമുള്ള കുട്ടികളെ വളരെ ചെറുപ്പത്തിൽ തന്നെ കണ്ടെത്തി കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി ആഡിയോ വെർബൽ ഹബിലിറ്റേഷനിലൂടെ വൈകല്യം മാറ്റിയെടുക്കുന്നു.

<u>സ്നേഹപൂർവ്വം</u>

മാതാപിതാക്കൾ രണ്ടുപേരും മരിച്ചു പോവുകയോ ഒരാൾ മരിക്കുകയും ജീവിച്ചിരിക്കുന്നയാൾക്ക് കുട്ടികളെ സംരക്ഷിക്കാൻ സാമ്പത്തിക സ്ഥിതി ഇല്ലാതാകുകയും ചെയ്യുന്ന വീട്ടുകളിലെ കുട്ടികൾ അവരുടെ കുടുംബാംഗങ്ങളുടെ സംരക്ഷണത്തിൽ വളർന്ന് വിദ്യാഭ്യാസം നേടുകയെന്ന ഉദ്ദേശത്തോടെ ഇവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതി.

<u>സമാശ്വാസം</u>

സംസ്ഥാനത്ത് വൃക്ക തകരാർമൂലം ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ. കുടുംബങ്ങളിൽപ്പെട്ട രോഗികൾക്ക് 1100 രൂപ നിരക്കിൽ നൽകുന്ന പ്രതിമാസ ധനസഹായം പദ്ധതി. കൂടാതെ സംസ്ഥാനത്ത വൃക്ക/കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന

ഒരു ലക്ഷം രൂപ വരെ കുടുംബവാർഷിക വരുമാനമുള്ള രോഗികൾക്ക് പ്രതിമാസം 1,000 രൂപ നിരക്കിൽ ധനസഹായം നൽകുന്നു. ഹീമോഫീലിയ രോഗികൾക്ക് പ്രതിമാസം 1,000 രൂപ നിരക്കിൽ ധനസഹായം നൽകുന്നു.

<u>'പ്രത്യാശ' വിവാഹധനസഹായ പദ്ധതി</u>

മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സുമായി ചേർന്ന് സാമ്പത്തിക പരാധീനത അനുഭവിക്കുന്ന കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് 50,000 രൂപ നിരക്കിൽ വിവാഹ ധനസഹായം അനുവദിക്കുന്ന പദ്ധതി.

<u>സ്റ്റേറ്റ് ഇൻഷ്യയേറ്റീവ് ഫോർ ഡിസബിലിറ്റീസ് പദ്ധതി</u>

വൈകല്യ പ്രതിരോധം കണ്ടുപിടിയ്ക്കൽ, ഇടപെടൽ, അംഗപരിമിതരുടെ വിദ്യാഭ്യാസം, തൊഴിൽ എന്നീ മേഖലയിൽ ഊന്നൽ നൽകുന്നത് ഉദ്ദേശിച്ചുള്ള പ്രത്യേക പദ്ധതിയാണിത്.

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആരംഭിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. ശ്രുതിതരംഗം പദ്ധതി
2. സമാശ്വാസം പദ്ധതി
3. സ്നേഹപൂർവ്വം പദ്ധതി
4. സ്റ്റേറ്റ് ഇൻഷിയേറ്റീവ് ഓൺ ഡിസെബിലിറ്റീസ്
5. പ്രത്യാശ വിവാഹധനസഹായ പദ്ധതി.

(ബി) <u>സ്നേഹസ്പർശം</u> - 300 രൂപ നിരക്കിലുണ്ടായിരുന്ന ധനസഹായം 1,000 രൂപയായി വർദ്ധിപ്പിച്ചു. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി 1-7, 8-10, +1,+2 എന്നീ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യഥാക്രമം 1000, 2000, 3,000 രൂപാനിരക്കിൽ അനുവദിച്ചിരുന്ന ധനസഹായം യഥാക്രമം

2000, 3000, 4000 എന്നീ നിരക്കുകളിൽ വർദ്ധിപ്പിച്ചിട്ടുണ്ട്.

ആശ്വാസകിരണം - 300 രൂപ നിരക്കിൽ നൽകി വന്നിരുന്ന പ്രതിമാസ ധനസഹായം 400 രൂപയായും പിന്നീട് 525 രൂപയായും വർദ്ധിപ്പിച്ചു.

സ്നേഹസാന്ത്വനം പദ്ധതി

എൻഡോസൾഫാൻ വിഷബാധമൂലം തൊഴിലെടുക്കാനാകാതെ വീട്ടിൽ കഴിയുന്ന വികലാംഗപെൻഷൻ ലഭിക്കാത്തവർക്ക് നൽകുന്ന ധനസഹായം 2,000 രൂപയിൽ നിന്നും 2,200 രൂപയായും എൻഡോസൾഫാൻ ദുരിതബാധിതരിൽ രോഗികളായ മറ്റുള്ളവർക്ക് നൽകുന്ന പ്രതിമാസ ധനസഹായം 1,000 രൂപയിൽ നിന്നും 1,200 രൂപയായും വർദ്ധിപ്പിച്ചു.

## കിലയുടെ റീജിയണൽ ഓഫീസും ട്രെയിനിംഗ് സെന്ററും ആരംഭിക്കാൻ നടപടി

342 (3631) ശ്രീ. മോൻസ് ജോസഫ് : താഴെകാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ഞീഴൂർ പഞ്ചായത്തിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന കിലയുടെ റീജിയണൽ ഓഫീസും ട്രെയിനിംഗ് സെന്ററും സംബന്ധിച്ച ആർ.സി.4/47573/14 നമ്പർ ഫയലിന്റെ തുടർ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ ?

ഉത്തരം

കോട്ടയം ജില്ല ഞീഴൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഉൾപ്പെട്ട ഞീഴൂർ വില്ലേജ് ബ്ലോക്ക് 27 സർവ്വേ 419/1- ൽപ്പെട്ട ഭൂതപ്പാണ്ടൻ ചിറ എന്ന പേരിലുള്ള സ്ഥലത്തു നിന്നും 5 ഏക്കർ ഭൂമി കില റീജിയണൽ സെന്റർ സ്ഥാപിക്കുന്നതിന് സൗജന്യമായി വിട്ടുകൊടുക്കുന്നത് സംബന്ധിച്ച് 27-8-2014-ൽ ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ച് ഒരു

മീറ്റിംഗ് നടത്തുകയും, പ്രസതുത മീറ്റിംഗിൽ റീജിയണൽ സെന്റർ സ്ഥാപിക്കുന്നതിന് ഭൂമി കൈമാറുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി തീരുമാനമെടുക്കുകയും ഉണ്ടായി. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിട്ടുകൊടുക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ റവന്യൂ രേഖകൾ സഹിതം വിശദമായ പ്രൊപ്പോസൽ അടിയന്തരമായി സമർപ്പിക്കാൻ 25-10-2014, 17-11-2014 എന്നീ തീയതികളിലെ 47573/ആർ.സി.4/14/ത.സ്വഭവ. കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത 3322, 3458, 3470, 3495, 3616, 3627 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 AM]

(8.31-ന് നിർത്തിവച്ച സഭ രാവിലെ 9.30-ന് പുനരാരംഭിച്ചു.)

## II ചരമോപചാരം

### ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ

മി. ഡെപ്യൂട്ടി സ്പീക്കർ : മുൻ മന്ത്രിയും പ്രമുഖ നിയമജ്ഞനുമായിരുന്ന ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ 2014 ഡിസംബർ 4-ന് അന്തരിച്ചു.

പാലക്കാട് ജില്ലയിലെ വൈദ്യനാഥപുരം വി. വി. രാമയ്യരുടെയും നാരായണി അമ്മാളിന്റേയും മകനായി 1915 നവംബർ 15-ന് വി. ആർ. കൃഷ്ണയ്യർ ജനിച്ചു. മദ്രാസ് സർവ്വകലാശാലയിൽ നിന്നും നിയമബിരുദം നേടിയശേഷം മലബാർ, സൗത്ത് കാനറ, കൂർഗ് കോടതികളിൽ അഭിഭാഷകനായാണ് അദ്ദേഹം ഔദ്യോഗിക ജീവിതം ആരംഭിച്ചത്. 1952-ൽ കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽനിന്ന് മദ്രാസ് നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട വി. ആർ. കൃഷ്ണയ്യർ 1957-ൽ തലശ്ശേരി നിയോജക മണ്ഡലത്തിൽനിന്നും ഒന്നാം കേരള നിയമസഭയിലേക്കും 1961-ൽ അതേ നിയോജകമണ്ഡലത്തിൽനിന്നും രണ്ടാം കേരള നിയമസഭയിലേക്കും സ്വതന്ത്ര അംഗമായി തെരഞ്ഞെടുക്കപ്പെട്ടു. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് നേതൃത്വം നൽകിയ 1957-ലെ മന്ത്രിസഭയിൽ നിയമം, ജലസേചനം എന്നീ

വകുപ്പുകളുടെ ചുമതല വഹിച്ചിരുന്ന അദ്ദേഹം പുതിയ കോടതികൾ തുടങ്ങുന്നതിനുൾപ്പെടെ കൈകാര്യം ചെയ്ത എല്ലാ വകുപ്പുകളിലും കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും ജനകീയോന്മുഖമായ പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തുന്നതിനും തുടക്കം കുറിച്ചു. പ്രഥമ നിയമസഭയിലെ വിപ്ലവകരമായ നിയമനിർമ്മാണങ്ങൾക്ക് ചാലകശക്തിയായി വർത്തിച്ച അദ്ദേഹം സഭാതലത്തിലെ ചർച്ചകളിൽ സജീവ പങ്കാളിയായി.

1968-ൽ കേരള ഹൈക്കോടതി ജഡ്ജിയായി നിയമിതനായ വി. ആർ. കൃഷ്ണയ്യർ തുടർന്ന് കേന്ദ്ര നിയമ കമ്മീഷനിൽ അംഗമായും പാവപ്പെട്ടവർക്ക് നിയമസഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കാനുള്ള കേന്ദ്ര സമിതിയുടെ അദ്ധ്യക്ഷനായും 1973-ൽ സുപ്രീംകോടതി ജഡ്ജിയായും നിയമിതനായി. ഇന്ത്യയിലെ പ്രഗത്ഭരായ ഭരണഘടനാ വ്യാഖ്യാതാക്കളിൽ കൃഷ്ണയ്യരുടെ സ്ഥാനം അദ്വിതീയമാണ്. കേരള നിയമ പരിഷ്കരണ കമ്മീഷൻ ചെയർമാൻ എന്ന നിലയിലും സേവനമനുഷ്ഠിച്ചു. ന്യായാധിപനെന്ന നിലയിൽ നിയമത്തിന്റെ സർവ്വതലങ്ങളെയും സ്പർശിച്ചുകൊണ്ട് ഭരണഘടനയെ വ്യാഖ്യാനിച്ചതിലൂടെ അന്താരാഷ്ട്രതലത്തിൽവരെ ചർച്ചകൾക്കും പഠനങ്ങൾക്കും വിധേയമായതും നിയമസദസ്സുകളിൽ നിത്യേന ഉദ്ധരിക്കപ്പെടുന്നതുമായ, തടവുകാരുടെ മനുഷ്യാവകാശങ്ങളുമായി ബന്ധപ്പെട്ട് തിഹാർ ജയിലിലെ ഒരു തടവുകാരൻ അയച്ച കത്ത് ഹർജിയായി സ്വീകരിച്ച് കൊണ്ടുള്ള സുനിൽ ബത്ര കേസ്, മാലിന്യ നിർമ്മാർജ്ജനപ്രശ്നവുമായി ബന്ധപ്പട്ട രത്‌ലം മുനിസിപ്പാലിറ്റി കേസ്, ഇന്ത്യൻ സിവിൽ സർവ്വീസിലെ സ്ത്രീ വിരുദ്ധമായ വ്യവസ്ഥകളുമായി ബന്ധപ്പെട്ട മുത്തമ്മ കേസ്, പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാ ഗാന്ധിയുടെ തെരഞ്ഞെടുപ്പ് കേസ്, രാഷ്ട്രപതിയുടെ അധികാരത്തെ സംബന്ധിച്ച ഷംസേർ സിംഗ് കേസ് എന്നിവയുൾപ്പെടെ നിരവധി വിധിന്യായങ്ങൾ വി. ആർ. കൃഷ്ണയ്യരെ അനശ്വരനാക്കി.

രാജ്യത്തിന്റെ സങ്കീർണ്ണമായ സാമൂഹ്യ-രാഷ്ട്രീയ-നിയമ-സംസ്കാരിക പ്രശ്നങ്ങളിൽ സക്രിയമായി ഇടപെട്ടുകൊണ്ട് സമവായം ഉണ്ടാക്കുന്നതിനും ജുഡീഷ്യറിയുടെ വിശ്വാസ്യത നഷ്ടമാകുന്നതിനെതിരെയും വധശിക്ഷയ്ക്കെതിരെയും ലോകമെമ്പാടുമുള്ള മനുഷ്യാവകാശ ലംഘനത്തിനെതിരെയും വി. ആർ. കൃഷ്ണയ്യർ ശബ്ദമുയർത്തി. മാറാരോഗികൾ, അംഗപരിമിതർ, അനാഥർ തുടങ്ങി സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ടവരുടെയും അനാലംബരുടെയും പ്രശ്നങ്ങൾ പൊതുസമൂഹത്തിന്റെ മുന്നിലെത്തിക്കുന്നതിനായി ജീവിതം മുഴുവൻ പ്രവർത്തിച്ചു. അന്ത്യദിനം വരെ അദ്ദേഹം കർമ്മനിരതനായിരുന്നു.

പത്മവിഭൂഷൺ, സോവിയറ്റ് ലാൻഡ് നെഹ്റു അവാർഡ്, അംബേദ്കർ അവാർഡ്, മാനവ സമന്വയ പുരസ്കാരം, ഇന്റർനാഷണൽ അസോസിയേഷൻ ഓഫ് ലായേഴ്സ് 'നിയമലോകത്തെ ജീവിക്കുന്ന ഇതിഹാസം', എന്നിവയടക്കം അനവധി ബഹുമതികൾക്കും പുരസ്കാരങ്ങൾക്കും അർഹനായിട്ടുണ്ട്. ഭരണഘടന, നിയമം, മനുഷ്യാവകാശം, ജനാധിപത്യം, യാത്രാവിവരണം, മരണാനന്തര ജീവിതം തുടങ്ങി

വൈവിധ്യമാർന്ന വിഷയങ്ങളിൽ നിരവധി പുസ്തകങ്ങളും ലേഖനങ്ങളും, 'Wandering in Many World' എന്ന ആത്മകഥയും പ്രകാശിതമായിട്ടുണ്ട്.

ഭരണഘടനയുടെ പാവനത കാത്തുസൂക്ഷിച്ചുകൊണ്ട്, നീതി നിഷേധിക്കപ്പെട്ടവരുടെയും ദരിദ്രരുടെയും അഭയസ്ഥാനമായി കോടതികളെ മാറ്റുന്നതിനുള്ള പ്രവർത്തനത്തിന് ഇൻഡ്യൻ നീതിന്യായവ്യവസ്ഥയ്ക്ക് പുതിയ ദിശാബോധം നൽകിയതിലൂടെ ലോക ചരിത്രത്തിലെ മഹാൻമാരായ ന്യായാധിപരുടെ നിരയിൽ ഇടം പിടിച്ച നിയമജ്ഞനെയും മാനവികതയുടെ കാവലാളായ സാമൂഹ്യപരിഷ്കർത്താവിനെയും ഉജ്ജ്വല വാഗ്മിയേയും കഴിവുറ്റ ഭരണാധികാരിയേയുമാണ് വി. ആർ. കൃഷ്ണയ്യരുടെ നിര്യാണത്തോടെ നമുക്ക് നഷ്ടമായിട്ടുള്ളത്.

അന്തരിച്ച മഹത് വ്യക്തിയോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേറ്റ് നിൽക്കാം.

(അന്തരിച്ച ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റ് നിന്ന് മൗനം ആചരിച്ചു.)

## III തിരുത്തിയ ഉത്തരം

### നക്ഷത്രചിഹ്നമിടാത്ത അഞ്ഞൂറ്റി മുപ്പത്തിനാലാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, 12-ാം കേരള നിയമസഭയുടെ 17-ാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 534-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തി കൊണ്ടുള്ള സ്റ്റേറ്റുമെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

## IV അടിയന്തരപ്രമേയം

### ബാർകോഴ

മി. ഡെപ്യൂട്ടി സ്പീക്കർ: ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ.എം. മാണിയെ ഒന്നാം പ്രതിയാക്കി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പൂജപ്പുര സ്പെഷ്യൽ സെൽ അഴിമതി നിരോധന നിയമപ്രകാരം കേസ്സെടുത്ത് തിരുവനന്തപുരം പ്രത്യേക കോടതിയിൽ എഫ്. ഐ. ആർ. രജിസ്റ്റർ ചെയ്തതിനുശേഷവും ശ്രീ. കെ. എം. മാണി മന്ത്രിസ്ഥാനത്ത് തുടരുന്നതുമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. സുരേഷ് കുറുപ്പ്, വി. എസ്. സുനിൽ കുമാർ, മാത്യു റ്റി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ,

1-11-2014-ന് പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്യുതാനന്ദൻ, ബാർ കോഴയുമായി ബന്ധപ്പെട്ട് സംസ്ഥാന ധനകാര്യ വകുപ്പമന്ത്രി ശ്രീ. കെ. എം. മാണിക്കെതിരെ ഡോ. ബിജു രമേശ് മാധ്യമങ്ങളിലൂടെ ഉന്നയിച്ച ആരോപണങ്ങളിന്മേൽ എഫ്.ഐ.ആർ. എടുത്ത് അന്വേഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് രേഖാമൂലം പരാതി നൽകുകയും വിജിലൻസ് ഡയറക്ടർ അതിന്മേൽ ക്വിക്ക് വെരിഫിക്കേഷന് ഉത്തരവിടുകയുമുണ്ടായി. ഇതേസമയത്താണ് സഭയിലെ ഒരംഗമായ ശ്രീ. വി. എസ്. സുനിൽ കുമാറും എൽ.ഡി.എഫ്. കൺവീനർ ശ്രീ. വൈക്കം വിശ്വനും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മുമ്പാകെ സുപ്രീംകോടതിയുടെ ഭരണഘടനാ ബഞ്ച് Lalithakumari V/s. Govt. of Uttar Pradesh and others 2014 എന്ന വിധി പ്രകാരം വിജിലൻസ് ഡയറക്ടർ എഫ്.ഐ.ആർ. എടുത്ത് അന്വേഷണം നടത്താതെ മനഃപൂർവ്വം കാലതാമസം വരുത്തുകയാണെന്ന് ആരോപിച്ചുകൊണ്ട് ഒരു പെറ്റീഷൻ സമർപ്പിച്ചത്. 3-12-2014-ലെ ഉത്തരവിൽ വിജിലൻസ് ഡയറക്ടർ ശേഖരിച്ചിട്ടുള്ള ക്വിക്ക് വെരിഫിക്കേഷൻ നടപടി ബഹുമാനപ്പെട്ട ഹൈക്കോടതി ശരിവയ്ക്കുകയുണ്ടായി. ഈ പ്രക്രിയ സുപ്രീംകോടതിയുടെ ഉത്തരവനുസരിച്ചുള്ള സമയപരിധിയായ 42 ദിവസത്തിനകം പൂർത്തിയാക്കണമെന്നും അതിനുശേഷം വിജിലൻസ് ഡയറക്ടർ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യണമോ വേണ്ടയോ എന്നുള്ള കാര്യത്തിൽ തീരുമാനമെടുക്കണമെന്നുമാണ് ബഹുമാനപ്പെട്ട ഹൈക്കോടതി പ്രസ്താവിച്ചത്. വിജിലൻസ് ഡയറക്ടർ തീരുമാനമെടുക്കുമ്പോൾ ആയത് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഭരണഘടനാ ബെഞ്ച് വിധിക്ക് അനുസൃതമായിരിക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി നിരീക്ഷിക്കുകയുണ്ടായി. അതിന്റെ പ്രസക്തഭാഗം ഇതാണ്; " ....we further observe that, the provisions of the Vigilance Manual and the circulars there under are not to be interpreted in a manner so as to act contrary to the Statutory Provisions as already laid by the Apex Court in Lalithakumari case. 2013 നവംബർ 12-ലെ ഭരണഘടനാ ബഞ്ചിന്റെ വിധി വളരെ സുവ്യക്തമാണ്. പ്രാഥമിക അന്വേഷണത്തിൽ ഒരു cognizable offence വന്നാൽ എഫ്.ഐ.ആർ. എടുക്കണമെന്നാണ് ഈ വിധിന്യായത്തിൽ വ്യക്തമായി സൂചിപ്പിക്കുന്നത്. അതിൽ പറയുന്നത്, ' ....if enquiry discloses the commission of a cognizable offence, the FIR must be registered. Further ആയി പറയുന്നു, the Police Officer cannot avoid his duty of registering offence if cognizable offence is disclosed. Action must be taken against an erring officer who do not register the FIR if information received by him discloses a cognizable offence.' അതിനകത്ത് പ്രത്യേകമായി മറ്റൊന്നുകൂടി പറയുന്നു, 'the scope of the

preliminary enquiry is not to verify the veracity or otherwise of the information received but only to ascertain whether there is an information reveals a cognizable offence'. Lalithakumari Vs. Govt. of Uttar Pradesh എന്ന കേസിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി വ്യക്തമായി സൂചിപ്പിക്കുന്നത് ഒരു പരാതി കിട്ടിക്കഴിഞ്ഞാൽ ആ പരാതിയെ സംബന്ധിച്ചിടത്തോളം 154 ഐ.പി.സി. പ്രകാരം എഫ്.ഐ.ആർ. തയ്യാറാക്കണമെന്നുള്ളതുതന്നെയാണ്. 5 കേസുകളിൽ ഈ കാര്യത്തിൽ പ്രാഥമികാന്വേഷണം നടത്തണമെന്ന് പറയുന്നുണ്ട്. ഒരു പ്രാഥാമികാന്വേഷണം നടത്തണമെന്ന് പറയുമ്പോൾ അതിൽ ആകെ പരിശോധിക്കുന്നത് ആ കേസിനകത്ത് cognizable offence ഉണ്ടോ എന്നുമാത്രമാണ്. ഉന്നയിക്കപ്പെടുന്ന കാര്യങ്ങളുടെ സത്യാവസ്ഥയോ, നിജസ്ഥിതിയോ, ഉന്നയിക്കപ്പെട്ട ആരോപണങ്ങളിൽ സത്യമോ കള്ളമോ ഉണ്ടോ എന്നൊന്നും പരിശോധിക്കുന്നില്ല. പ്രാഥമികമായി അന്വേഷിച്ച് ഇക്കാര്യത്തിൽ cognizable offence-ന്റെ അംശമുണ്ടെങ്കിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യണമെന്ന് മാത്രമാണ് പറയുന്നത്. ഡോ. ബിജു രമേശ് ഉന്നയിച്ച ആരോപണങ്ങളും അതിനോടൊപ്പം അദ്ദേഹവുമായി ബന്ധപ്പെട്ട രണ്ടുപേരും പറഞ്ഞ മൊഴികളും അടിസ്ഥാനരഹിതമായ കാര്യങ്ങളാണെങ്കിൽപ്പോലും മൊഴിയുടെ വിശ്വാസ്യതയും സത്യസന്ധതയും കണക്കിലെടുക്കാതെ, അവ മുഖവിലയ്ക്കെടുത്തു കൊണ്ട് ഒരു ഒഫൻസ് ഡിസ്ക്ലോസ് ചെയ്യുകയാണെങ്കിൽ എഫ്.ഐ.ആർ. എടുക്കണം. ലളിതകുമാരി കേസിൽ സുപ്രീംകോടതി വളരെ വ്യക്തമായി പറയുകയാണ്. ആരോപണം ഉന്നയിച്ചുകഴിഞ്ഞാൽ പ്രിലിമിനറി എൻക്വയറി ആവശ്യമുള്ള 5 കേസുകളിൽ പ്രിലിമിനറി എൻക്വയറി നടത്തിക്കഴിഞ്ഞ് cognizable offence-ന്റെ അംശമുണ്ടെങ്കിൽ എഫ്.ഐ.ആർ. എടുത്തേ മതിയാകൂ, അല്ലെങ്കിൽ ആ ഉദ്യോഗസ്ഥന്റെ പേരിൽ ബഹുമാനപ്പെട്ട കോടതിക്ക് നടപടി എടുക്കാവുന്നതാണ്. ഈ സാഹചര്യത്തിലാണ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുള്ളത്. മാണി സാറിനെതിരായി പറഞ്ഞിട്ടുള്ള ആരോപണങ്ങളുടെ സത്യസ്ഥിതി, അതിന്റെ വസ്തുത എന്താണെന്ന് വിജിലൻസ് പരിശോധിച്ചിട്ടില്ല. ഇതിനകത്ത് കഴമ്പുണ്ടോയെന്ന് പരിശോധിച്ചിട്ടില്ല, ... (ബഹളം)....

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> പ്ലീസ്... യെസ്..പ്ലീസ്..

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, ഞാൻ പറയട്ടെ.. സുപ്രീംകോടതിയുടെ Lalithakumari Vs. Govt. of Uttar Pradesh and others എന്ന കേസിൽ വ്യക്തമായിത്തന്നെ പറയുന്നുണ്ട് ' ….the scope of the preliminary enquiry is not to verify the veracity or otherwise of the information received but only

to ascertain whether there is an information reveals cognizable offence.....' എന്ന്. മാണി സാറിനെതിരായി ബിജു രമേശ് ഉന്നയിച്ച ആരോപണങ്ങളുടെ സത്യാവസ്ഥയെപ്പറ്റി വിജിലൻസ് പരിശോധിച്ചിട്ടില്ല. ശരിയാണോ തെറ്റാണോയെന്ന് പരിശോധിച്ചിട്ടില്ല, ഈ കേസിനകത്ത് ഒരു cognizable offence-ന്റെ അംശമുണ്ടോ എന്നുമാത്രം പരിശോധിച്ചിട്ടാണ് എഫ്.ഐ.ആർ. തയ്യാറാക്കിയിട്ടുള്ളത്. 2013 നവംബർ 12-ാം തീയതി വന്ന ഭരണഘടനാ ബഞ്ചിന്റെ വിധിയെക്കുറിച്ച് നാട്ടിൽ പലർക്കും അറിയില്ല. ഭരണഘടനാ ബഞ്ചിന്റെ വിധി വരുന്നതിനുമുമ്പ് വിജിലൻസിന്റെ മുമ്പിൽ ഒരു പരാതി വന്നിരുന്നുവെങ്കിൽ ഇതായിരുന്നില്ല അവസ്ഥ. അന്ന് വിജിലൻസ് അന്വേഷണത്തിന്റെ സത്യസന്ധതയെക്കുറിച്ച് പ്രാഥമികാന്വേഷണം നടക്കും. പ്രാഥമികാന്വേഷണം നടത്തി കഴമ്പുണ്ടെങ്കിൽ മാത്രമേ അന്ന് എഫ്.ഐ.ആർ. എടുക്കാൻ പാടുള്ളൂ. അപെക്സ് കോർട്ടിന്റെ വിധി വന്നതിനുശേഷം ഇതുമായി ബന്ധപ്പെട്ട മാന്വലുകളും സർക്കുലറുകളും പ്രയോഗത്തിലില്ല. സുപ്രീംകോടതിയുടെ വിധി മാത്രമേ എക്സിസ്റ്റ് ചെയ്യുകയുള്ളൂ. അതിന്റെ അടിസ്ഥാനത്തിലാണ് ഈ ആരോപണങ്ങളുടെ നിജസ്ഥിതി പരിശോധിക്കാതെ മാണി സാറിനെതിരായി ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങൾ സത്യസന്ധമാണോ, വസ്തുനിഷ്ഠമാണോ....

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ,

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> മിനിസ്റ്റർ സംസാരിച്ചു കഴിയട്ടെ.. ആ പോയിന്റ് പറഞ്ഞതിനുശേഷം അങ്ങേയ്ക്ക് സംസാരിക്കാം.

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, എന്റെ പോയിന്റ് പറഞ്ഞിട്ട് താങ്കൾക്ക് അവസരം തരാം. മാണി സാറിനെതിരായി ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങളുടെ സത്യസന്ധത പരിശോധിക്കാനുള്ള അവസരം ഇവിടെ വിജിലൻസിന് കിട്ടിയിട്ടില്ല. മാണിസാർ കുറ്റക്കാരനാണെന്ന് ഇവിടെ പറഞ്ഞിട്ടില്ല. ഇവിടെ ആകെ പറഞ്ഞിട്ടുള്ളത്... (ബഹളം)....നിങ്ങൾ ഈ വിധി മനസ്സിലാക്കണം. പുതിയ വിധിയുടെ അടിസ്ഥാനത്തിലാണ്... (ബഹളം) .......

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> പ്ലീസ്...ബഹളമുണ്ടാക്കരുത്. നിങ്ങൾക്ക് അടിയന്തര പ്രമേയം അവതരിപ്പിക്കണ്ടേ ?

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, 2013 നവംബർ 12-ാം തീയതി വന്ന ഈ വിധി....(ബഹളം)....നിങ്ങളവിടെ ബഹളം വയ്ക്കണ്ട, ഇതെല്ലാപേർക്കും ബാധകമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. എല്ലാവർക്കും ബാധകമായ വിധിയാണ്.

എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുക എന്നുപറഞ്ഞാൽ അതിന്റെ അർത്ഥം ഒരാൾ കുറ്റക്കാരനാണെന്നല്ല. മാണി സാറിനെ ഈ കാര്യത്തിൽ കുറ്റക്കാരനായി വിജിലൻസ് കണ്ടെത്തിയിട്ടില്ല. ഇവിടെ എഫ്.ഐ.ആർ. എടുക്കാനുള്ള ഒരു cognizable offence-ന്റെ അംശമുണ്ടോയെന്ന് മാത്രമാണ് പരിശോധിച്ചിട്ടുള്ളത്. നേരത്തെ വിജിലൻസ് കേസന്വേഷണം നടത്തി വസ്തുതകൾ പരിശോധിച്ച് veracity മനസ്സിലാക്കി വസ്തുതകൾ സത്യസന്ധമാണോ, ഇതിനകത്ത് കഴമ്പുണ്ടോ എന്നെല്ലാം പരിശോധിച്ചതിനുശേഷമാണ് എഫ്.ഐ.ആർ. എടുക്കുന്നത്. ഇപ്പോൾ ശ്രീ. വി. എസ്. സുനിൽ കുമാറിന്റെ കേസിൽ, ഞാനതാണ് ആദ്യം വായിച്ചത്, '......we further observe that the Provisions of the Vigilance Manual and the circulars there under are not to be interpreted in a manner so as to act contrary to the Statutory Provisions as laid by the Apex Court'.....' എന്ന് വ്യക്തമായി വിജിലൻസിന് ഹൈക്കോടതി നിർദ്ദേശം കൊടുത്തിരിക്കുകയാണ്. സുപ്രീംകോടതി പറഞ്ഞ ലളിതകുമാരി കേസിനകത്തുനിന്നുകൊണ്ട് വിജിലൻസ് ഡയറക്ടർ ഈ കേസിന് വ്യക്തമായൊരു തീരുമാനമെടുക്കണമെന്ന് ഹൈക്കോടതി വിജിലൻസിന് നിർദ്ദേശം നൽകിയിരിക്കുകയാണ്. അതാണ് ഇവിടെ വിജിലൻസ് ചെയ്തിട്ടുള്ളത്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മാണി സാറിനെ കുറ്റക്കാരനായി കണ്ടെത്തിയിട്ടില്ല, മാണി സാറിന്റെ പേരിൽ ആരോപിക്കപ്പെട്ട കുറ്റം ഇവിടെ തെളിയിച്ചിട്ടില്ല, അതുകൊണ്ട് ഇവിടെ ഉന്നയിച്ച കാര്യങ്ങൾ വസ്തുതാവിരുദ്ധമാണ്.... (ബഹളം)...

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, ബഹുമാനപ്പെട്ട മന്ത്രി ഇതൊക്കെ പറയുമ്പോൾ ഒരു സംഗതി മനസ്സിലാകുന്നത്, ഹൈക്കോടതി കഴിഞ്ഞ ദിവസം ശ്രീ. വി. എസ്. സുനിൽ കുമാറും ശ്രീ. വൈക്കം വിശ്വനും കൊടുത്ത കേസിൽ അസന്നിഗ്ദ്ധമായി പറഞ്ഞത് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ ഡയറക്ടർ സ്വതന്ത്രമായി തീരുമാനമെടുക്കണമെന്നാണ്. അദ്ദേഹം ഈ കാര്യം ആരുമായും ഡിസ്കസ് ചെയ്യാൻ പാടില്ലായെന്നാണ്. ഈ കേസിന്റെ കാര്യങ്ങൾ ആരുമായും ഡിസ്കസ് ചെയ്യാൻ പാടില്ലായെന്ന് കോടതി വിധിച്ചിട്ടും ഈ കേസിൽ പരിശോധന നടത്തിയിട്ടുള്ള ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസർ ഇത് സംബന്ധിച്ചൊന്നും പരിശോധിച്ചിട്ടില്ല എന്നുള്ള വിവരം അങ്ങേയ്ക്ക് എവിടെനിന്ന് ലഭിച്ചു; ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസറുമായി ബഹുമാനപ്പെട്ട മന്ത്രി ഡിസ്കഷൻ നടത്തി എന്ന് തെളിയിക്കത്തക്ക വിധത്തിലാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ഇപ്പോഴത്തെ പ്രസ്താവന. ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി നടത്തിയ പത്ര സമ്മേളനത്തിലും ഈ കാര്യം ആവർത്തിച്ചിട്ടുണ്ട്. ഇത് ഹൈക്കോടതി വിധിക്കെതിരാണ്. ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസറുമായി

ചർച്ച ചെയ്യാൻ പാടില്ലായെന്ന് ഹൈക്കോടതി വ്യക്തമായി പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസറുമായി ചർച്ച ചെയ്തുകൊണ്ട് ഹൈക്കോടതി വിധിയെ അട്ടിമറിച്ചിരിക്കുകയാണ്. യഥാർത്ഥത്തിൽ ഒരന്വേഷണവും നടത്തിയിട്ടില്ലെന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് ഈ സഭയിൽ എങ്ങനെയാണ് പറയാൻ സാധിക്കുന്നത്? ഇതിന്റെ എഫ്.ഐ.ആർ. എന്റെ കൈവശമുണ്ട്. ഈ എഫ്.ഐ.ആർ.-ൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ സൂപ്രണ്ട് പണം കൊടുത്തതിന് തെളിവുകൾ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമായി പറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി, ഒന്നും പരിശോധിച്ചിട്ടില്ലായെന്ന് പറഞ്ഞാൽ.. ഇതെന്താണ് സർ? ഈ കേസ് അട്ടിമറിക്കാൻ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി തന്നെ നേതൃത്വം കൊടുക്കുകയാണ്. ...(ബഹളം)...

ശ്രീ. രമേശ് ചെന്നിത്തല: സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ അങ്ങനെ കാടടച്ച് വെടിവയ്ക്കുണ്ട, പുകമറയൊന്നും ഉണ്ടാക്കേണ്ട, കുറ്റവാളിയല്ലാത്ത ഒരാളെപ്പറ്റി അന്വേഷണം നടന്നു; കുറ്റവാളിയാണെന്ന് സമർത്ഥിക്കാൻ അങ്ങേയ്ക്കെന്നല്ല പ്രതിപക്ഷത്തുള്ള ആർക്കും കഴിയില്ല എന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്. മാണി സാർ ഇതിനകത്ത് കുറ്റം ചെയ്തെന്ന് വിജിലൻസ് തെളിയിച്ചിട്ടില്ല. എനിക്കും കിട്ടിയ വിവരം അങ്ങയുടെ കയ്യിലുള്ളതുതന്നെയാണ്. ശ്രീ. സി. ദിവാകരൻ അങ്ങ് ഇത് വായിക്കണം. വായിക്കാതെ പറയരുത്. ഇതേപ്പറ്റി ശ്രീ. വി. എസ്. സുനിൽ കുമാറിനോട് ചോദിക്കണം. എഫ്. ഐ. ആർ. വായിക്കാതെ പറയരുത്.

ശ്രീ. സി. ദിവാകരൻ: സർ, കുറ്റക്കാരനല്ലായെന്ന് പറയാൻ അങ്ങ് ജഡ്ജിയാണോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ ജഡ്ജിയൊന്നുമല്ല. എഫ്.ഐ.ആർ. എന്റെ കയ്യിലുമുണ്ട്. ഞാൻ വിജിലൻസ് ഡയറക്ടറുമായി ഈ കാര്യങ്ങൾ ചർച്ച ചെയ്തിട്ടില്ല. അങ്ങേയ്ക്ക് തെറ്റിദ്ധാരണ വേണ്ട. അങ്ങയുടെ കയ്യിലുള്ള എഫ്.ഐ.ആർ. തന്നെയാണ് എന്റെ കയ്യിലുമുള്ളത്. That itself is an information. ആ എഫ്.ഐ.ആർ. തന്നെയാണ് എന്റെ കയ്യിലുമുള്ളത്. ആ എഫ്.ഐ.ആർ.-ലുള്ള കാര്യം തന്നെയാണ് ഞാനുമിവിടെ പറഞ്ഞത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, എഫ്.ഐ.ആർ. വായിച്ചു നോക്കിയാൽ ശ്രീ. കെ. എം. മാണിയെ സംബന്ധിച്ച് വ്യക്തമായ തെളിവുകൾ ലഭിച്ചിട്ടുണ്ട്. വിജിലൻസ് എസ്.പി. ആണ് കൊടുത്തിട്ടുള്ളത്. .... (ബഹളം)...

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങനെയല്ല. ശ്രീ. കോടിയേരി ബാലകൃഷ്ണൻ,

ആടിനെ പട്ടിയാക്കരുത്. എനിക്കതാണ് അങ്ങയോട് പറയാനുള്ളത്. അങ്ങ് ആഭ്യന്തര മന്ത്രിയായിരുന്ന ആളാണ്. അങ്ങേയ്ക്ക് കിട്ടിയ എഫ്.ഐ.ആർ. ആണ് എനിക്കും കിട്ടിയത്. എഫ്.ഐ.ആർ. എന്നുപറയുന്നത് ഒരു ഇൻഫർമേഷനാണ്. അതിനെപ്പറ്റി വിജിലൻസ് പരിശോധിച്ചിട്ടില്ല. അന്വേഷണം നടക്കാൻ പോകുന്നതേയുള്ളൂ .....(ബഹളം).......

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : പ്ലീസ്, ബഹുമാനപ്പെട്ട മിനിസ്റ്റർ മറുപടി പറയുകയാണ്. നിങ്ങൾ അടിയന്തരപ്രമേയം അവതരിപ്പിക്കുമ്പോൾ ഇവിടെയിരുന്ന് ബഹളമുണ്ടാക്കിയാൽ ആർക്കെങ്കിലും കേൾക്കാൻ കഴിയുമോ? അതുകൊണ്ട് ബഹുമാനപ്പെട്ട മിനിസ്റ്ററെ മറുപടി പറയാൻ അനുവദിക്കണം. നിങ്ങൾക്ക് പറയാനുള്ളത് നിങ്ങളുടെ അവസരം വരുമ്പോൾ പറയാം. സഭയിൽ ഒരു മന്ത്രി സംസാരിക്കുമ്പോൾ ഇങ്ങനെ ബഹളമുണ്ടാക്കിക്കൊണ്ടിരിക്കുന്നത് ശരിയല്ല. അതുപോലെ ഇപ്പുറത്തുള്ളവരും തുടങ്ങിയാൽ നിങ്ങൾക്കും സംസാരിക്കാൻ കഴിയാത്ത സ്ഥിതി വരും.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ പുകമറയുണ്ടാക്കാൻ ശ്രമിക്കുകയാണ്. എനിക്ക് എവിടെനിന്ന് വിവരം കിട്ടിയെന്നാണ് അദ്ദേഹം ചോദിക്കുന്നത്. എഫ്.ഐ.ആർ.-ന്റെ അടിസ്ഥാനത്തിലുള്ള വിവരമാണ് പറയുന്നത്. അങ്ങേക്ക് കിട്ടിയ എഫ്.ഐ.ആർ. എനിക്കും കിട്ടില്ലേ? ആ എഫ്.ഐ.ആർ.-ൽ ലളിതകുമാരി കേസ് പരാമർശിക്കുന്നുണ്ട്. ലളിതകുമാരി കേസിന്റെ അടിസ്ഥാനത്തിലാണ് ഈ എഫ്.ഐ.ആർ. എടുത്തിട്ടുള്ളതെന്ന് വ്യക്തമായി പറയുന്നുണ്ട് ..........(ബഹളം)........ FIR is a public document. Everybody will get the document. It is only a first information report. ശ്രീ. കെ. എം. മാണിയുടെ പേരിൽ കുറ്റം കണ്ടെത്തിയെന്നല്ല എഫ്.ഐ.ആർ-ൽ പറയുന്നത്. ചില സാക്ഷികൾ പറഞ്ഞുവെന്നാണ് എഫ്.ഐ.ആർ.-ൽ പറയുന്നത്. ഇത് പോലീസിന് കിട്ടിയ ഫസ്റ്റ് ഇൻഫർമേഷൻ റിപ്പോർട്ടാണ്. അതിന്റെ സത്യസന്ധത വിജിലൻസ് രേഖപ്പെടുത്തിയിട്ടില്ല. ഇതുവരെ വിജിലൻസ് മാണി സാറിനെ കുറ്റക്കാരനാണെന്ന് കണ്ടെത്തിയിട്ടില്ല എന്ന് ഞാൻ ഈ സഭയെ അറിയിക്കുകയാണ്. ഇത് സത്യസന്ധമാണോ അല്ലയോ എന്ന് അന്വേഷണം നടത്തി വിജിലൻസ് ഒരു ലോജിക്കൽ കൺക്ലൂഷനിലെത്തിയിട്ടില്ല. അത് ഇനിയും വരാൻപോകുന്ന കാര്യമാണ്. അതുകൊണ്ട്, ഞങ്ങൾക്കെതിരെ പ്രയോഗിക്കാൻ

പ്രതിപക്ഷത്തിന്റെ കയ്യിൽ ആയുധങ്ങളില്ല എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ഉന്നയിച്ച ആരോപണങ്ങൾ വസ്തുതാവിരുദ്ധമാണ്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, അസാധാരണമായ ഒരു സ്ഥിതിവിശേഷമാണ് ഇവിടെ ഉളവായിരിക്കുന്നത്. കേരള ഗവണ്മെന്റിലെ ധനകാര്യ--നിയമ വകുപ്പുമന്ത്രിക്കെതിരെ വിജിലൻസ് ഒരു എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിരിക്കുന്നു. എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തതുകൊണ്ട് ശ്രീ. കെ. എം. മാണി കുറ്റക്കാരനാണെന്ന് വരുന്നില്ലായെന്നാണ് ശ്രീ. രമേശ് ചെന്നിത്തല ഇവിടെ പറഞ്ഞത്. അത് ഞങ്ങളും അംഗീകരിക്കുന്നു. എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തതിനുശേഷമുള്ള അടുത്ത നടപടിക്രമങ്ങൾ എന്താണ്? ഈ കുറ്റത്തെക്കുറിച്ച് അന്വേഷിക്കുകയെന്നതാണ് അടുത്ത നടപടിക്രമം. അങ്ങനെ അന്വേഷിക്കുമ്പോൾ ധനകാര്യവും നിയമവും വകുപ്പുമന്ത്രി മന്ത്രിക്കസേരയിൽ തുടരണമോ വേണ്ടയോ എന്നുള്ളതാണ് പ്രധാനപ്പെട്ട ചോദ്യം. ഇങ്ങനെയൊരു സ്ഥിതിവിശേഷം കേരളത്തിൽ ഇന്നുവരെ ഉണ്ടായിട്ടില്ല. കൈക്കൂലി ചോദിച്ചു, കൈക്കൂലി വാങ്ങി, കൈക്കൂലി കൊടുത്തുവെന്ന് ആരും ഇന്നുവരെ ഒരു മന്ത്രിക്കെതിരെയും ആരോപണം ഉന്നയിച്ചിട്ടില്ല. അതിന്റെ പേരിൽ ഒരു മന്ത്രിക്കെതിരെയും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടില്ല, ഒരു മന്ത്രിയും അന്വേഷണം നേരിടേണ്ടിവന്നിട്ടില്ല. അങ്ങനെയൊരു അസാധാരണ സ്ഥിതിവിശേഷത്തിൽ കേരള ഗവണ്മെന്റിന്റെ താക്കോൽ സ്ഥാനത്തിരിക്കുന്ന ശ്രീ. കെ. എം. മാണി മന്ത്രിയായി തുടരാൻ പാടില്ലായെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. ഇതിന്റെ അന്വേഷണം എങ്ങനെയാണ് മുന്നോട്ടുകൊണ്ടു പോകുന്നത്? ഈ അന്വേഷണം മുന്നോട്ടുകൊണ്ടുപോകണമെങ്കിൽ ശ്രീ. കെ. എം. മാണിയെ പോലീസ് ചോദ്യം ചെയ്യണം. ചോദ്യം ചെയ്യണമെങ്കിൽ അദ്ദേഹത്തെ അറസ്റ്റു ചെയ്ത് തൊണ്ടിമുതൽ ഈടാക്കണം. ബാർ മുതലാളിമാർ കൊടുത്തു എന്നുപറയുന്ന കൈക്കൂലിയാണ് തൊണ്ടിമുതൽ. ആ കൈക്കൂലിപ്പണം എവിടെ ഒളിപ്പിച്ചു എന്നതെല്ലാം കണ്ടുപിടിക്കണമെങ്കിൽ ശ്രീ. കെ. എം. മാണി മന്ത്രിസ്ഥാനത്തു തുടരാമോ; അത് ജനാധിപത്യ നീതിക്ക് നിരക്കുന്നതാണോ? ഇവിടെ വില്ലേജ് ഓഫീസിലെ ഒരു പ്യൂൺ 100 രൂപ കൈക്കൂലി വാങ്ങിയാൽ അയാളെ സസ്പെൻഡ് ചെയ്ത് അറസ്റ്റുചെയ്യും. വില്ലേജാഫീസർ കൈക്കൂലി വാങ്ങിയാൽ അയാളെ ജയിലിലിടക്കും. രാഹുൽ ആർ. നായർ കൈക്കൂലി വാങ്ങിയാൽ സസ്പെൻഡ് ചെയ്യും. ടി. ഒ. സൂരജ് കൈക്കൂലി വാങ്ങിയാൽ സസ്പെൻഡ് ചെയ്യും. വില്ലേജ് ഓഫീസർമാർക്കും വില്ലേജ് ഓഫീസിലെ പ്യൂണിനും രാഹുൽ നായർക്കും ടി. ഒ. സൂരജിനുമൊക്കെ ഒരു നീതി. ശ്രീ. കെ. എം. മാണിക്ക് മറ്റൊരു നീതി എന്നു പറഞ്ഞാൽ അത് ഈ നാട്ടിൽ വിലപ്പോകില്ല. എല്ലാ

കൈക്കൂലി കേസ്സിലും പ്രോസിക്യൂഷൻ പ്രതിക്ക് ജാമ്യം കൊടുക്കരുതെന്ന് പറയുന്നതിനുള്ള കാരണമെന്താണെന്നു വച്ചാൽ പ്രതി കേസിലെ തെളിവുകൾ നശിപ്പിക്കും, പ്രതി സ്വാധീനമുള്ള ആളാണ്, സാക്ഷികളെ സ്വാധീനിക്കും. അതുകൊണ്ട് പ്രതിയെ കസ്റ്റഡിയിൽ കിട്ടണം, ചോദ്യം ചെയ്യണം, ഇപ്പോൾ ജാമ്യം കൊടുക്കാൻ പാടില്ലായെന്നാണ് പ്രോസിക്യൂഷൻ പറയുന്നത്. എത്ര പ്രതികൾ ജയിലിൽ കിടന്നു, എത്ര പ്രതികൾ ഇപ്പോഴും കിടക്കുന്നു. ശ്രീ. രാജയും ശ്രീമതി കനിമൊഴിയും ശ്രീമതി ജയലളിതയും എത്രനാൾ ജയിലിൽ കിടന്നു? കാരണം, സാക്ഷികളെ സ്വാധീനിക്കരുത്, തെളിവുകൾ നശിപ്പിക്കരുത് എന്നുള്ളതുകൊണ്ടാണ് ജാമ്യം നിഷേധിക്കപ്പെടുന്നത്. അപ്പോൾ എങ്ങനെയാണ് ശ്രീ. കെ. എം. മാണി അധികാരത്തിൽ തുടർന്നുകൊണ്ട് അന്വേഷണം നടത്തുന്നത്? ഇതൊന്നും കേരളത്തിന്റെ നിയമ വകുപ്പുമന്ത്രിക്ക് ബാധകമല്ലേ? ശ്രീ. കെ. എം. മാണി വാങ്ങിയ കൈക്കൂലിപ്പണം Evidence Act അനുസരിച്ച് കണ്ടെടുക്കണം. അങ്ങനെ കണ്ടെടുക്കണമെങ്കിൽ ശ്രീ. കെ. എം. മാണിയെ ചോദ്യം ചെയ്യണ്ടേ; ശ്രീ. കെ. എം. മാണിയെ നാർക്കോ അനാലിസിസ് ടെസ്റ്റിന് വിധേയമാക്കണ്ടേ? അങ്ങനെ വിധേയമാക്കേണ്ടതാണെങ്കിൽ വിധേയമാക്കണം. ഇതെല്ലാം ഈ നാട്ടിലെ ആരോപണ വിധേയരായവരുടെയൊക്കെ പേരിൽ ഉണ്ടായിട്ടുള്ളതാണ്. അതിൽനിന്ന് ശ്രീ. കെ. എം. മാണിക്ക് മുക്തിയില്ല, മാറാനാവില്ല എന്ന് ആവർത്തിച്ചാവർത്തിച്ച് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

കേരളത്തിന് ഒരു വലിയ ജനാധിപത്യ പാരമ്പര്യമില്ലേ? ശ്രീ. കെ. എം. മാണിയുടെ നേതാവെന്നുപറയുന്ന ശ്രീ. പി. ടി. ചാക്കോ ആരോപണം വന്നപ്പോൾ രാജിവച്ചുപോയില്ലേ; ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതാവ് ശ്രീ. എ. കെ. ആന്റണി കേന്ദ്ര മന്ത്രിയായിരിക്കുമ്പോൾ ഒരു അൺസ്റ്റാർഡ് ചോദ്യത്തിന് അദ്ദേഹത്തിന് എതിരെ, അദ്ദേഹത്തിന്റെ വകുപ്പിനെപ്പറ്റി ഒരു പരാമർശമുണ്ടായി എന്നുപറഞ്ഞ് മന്ത്രിസ്ഥാനം വലിച്ചെറിഞ്ഞിട്ടു പോയില്ലേ? അതാണ് ഈ നാട്ടിലെ ജനാധിപത്യത്തിന്റെ പാരമ്പര്യം. അതുപോലെ എത്ര മന്ത്രിമാർ രാജിവച്ചു? കെ. കരുണാകരൻ, ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ, ശ്രീ. കെ. പി. വിശ്വനാഥൻ, ശ്രീ. പി. ജെ. ജോസഫ്, ശ്രീ. റ്റി. യു. കുരുവിള തുടങ്ങിയവർ രാജി വച്ചില്ലേ; നാക്ക് പിഴച്ചൊരു പ്രസംഗത്തിന്റെ പേരിൽ കോടതി പറഞ്ഞപ്പോൾ ശ്രീ. ആർ. ബാലകൃഷ്ണ പിള്ള രാജിവച്ചില്ലേ; ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി രാജിവച്ചില്ലേ? ഇവരൊക്കെ എന്തിനാണ് രാജിവച്ചത്? ആരോപണവിധേയരായ മന്ത്രിമാർ അധികാരത്തിലിരുന്ന് ജനങ്ങളെ നോക്കി കൊഞ്ഞനംകുത്തരുത്. അതാണോ ജനാധിപത്യത്തിന്റെ അടിസ്ഥാനമൂല്യം? നിയമ വ്യവസ്ഥ

എന്നുപറഞ്ഞാൽ, ജനാധിപത്യ വ്യവസ്ഥ എന്നുപറഞ്ഞാൽ ഇതെല്ലാമാണ്. ജനാധിപത്യ വ്യവസ്ഥയിൽ കീഴ്വഴക്കങ്ങൾക്ക് വലിയ സ്ഥാനമുണ്ട്. കീഴ്വഴക്കം ലംഘിച്ചുകൊണ്ട് ആരും അധികാരത്തിലിരിക്കരുത്. കീഴ്വഴക്കം പുതുതായിട്ടുണ്ടാക്കരുത്. ഈ ഗവണ്മെന്റ് ക്രിമിനൽ ജൂറിസ്പ്രൂഡൻസിന് വലിയൊരു സംഭാവന നൽകിയിട്ടുണ്ട്. മന്ത്രിമാർക്കെതിരെ ആരോപണം വരുമ്പോൾ അവർ പറയും ഞങ്ങൾ കുറ്റക്കാരല്ല, പക്ഷേ ഞങ്ങൾ അന്വേഷിക്കും, നിയമം നിയമത്തിന്റെ വഴിക്കുപോകും. ഇവിടെ നിയമം ആരുടെ വഴിക്കാണ് പോകുന്നത്? നിയമം മുഖ്യമന്ത്രിയുടെ വഴിക്കുപോകും, നിയമം ശ്രീ. കെ. എം. മാണിയുടെ വഴിക്കുപോകും. കുറ്റാരോപണവിധേയരായവർ അവരുടെ കീഴിലുള്ള പോലീസ് ഉദ്യോഗസ്ഥരെ വച്ച് അന്വേഷിക്കുകയും അവരെ കുറ്റവിമുക്തരാക്കുകയും ചെയ്യും. ജനാധിപത്യ സംവിധാനം നിലനിൽക്കുന്ന ഏതെങ്കിലുമൊരു രാജ്യത്ത് ഇത്തരത്തിൽ കേട്ടുകേൾവിയുണ്ടോ? ക്രിമിനൽ ജൂറിസ്പ്രൂഡൻസിന് ഉമ്മൻ ചാണ്ടി ഗവണ്മെന്റിന്റെ ഏറ്റവും വലിയ സംഭാവനയാണിത്. അവരുടെ കീഴിലുള്ള പോലീസുകാരെക്കൊണ്ട് അന്വേഷിപ്പിച്ചിട്ട് ഞങ്ങൾ ഏത് അന്വേഷണവും നേരിടാൻ തയ്യാറാണ്, ഞങ്ങൾ അന്വേഷിക്കും എന്നുപറയും. ഇവർ പറഞ്ഞാൽ കേൾക്കുന്ന, ഇവരെ കണ്ടാൽ മുട്ടുവിറയ്ക്കുന്ന, ഇവർക്കെതിരായി ഒരു വരിപോലും എഴുതാൻ തയ്യാറല്ലാത്ത പോലീസ് ഉദ്യോഗസ്ഥരെക്കൊണ്ട് അന്വേഷിപ്പിക്കുകയും കുറ്റവിമുക്തരാക്കുകയും ചെയ്യുകയാണ് പതിവ്. അതുകൊണ്ടാണല്ലോ കോടതി ചില കേസുകൾ വീണ്ടും അന്വേഷിക്കണമെന്നും അങ്ങനെ പിൻവലിക്കാൻ കഴിയില്ലായെന്നും പറഞ്ഞത്. ഈ കേസിന്റെ ഗതിയും അതാണ് എന്നാണ് ശ്രീ. രമേശ് ചെന്നിത്തല ഇവിടെ മുൻകൂട്ടി പറഞ്ഞത്. ആരോപണം വന്നയുടനെ മുഖ്യമന്ത്രി പറയുന്നു, ശ്രീ. കെ. എം. മാണി കുറ്റക്കാരനല്ല, രാജി വയ്ക്കേണ്ട കാര്യമില്ലായെന്ന്. ശ്രീ. രമേശ് ചെന്നിത്തല പറയുന്നു മാണി സാർ കുറ്റം ചെയ്തിട്ടില്ലായെന്ന്. ഇതൊക്കെ ഇവർ എങ്ങനെയാണ് അറിയുന്നത്. ശ്രീ. കെ. എം. മാണി കുറ്റം ചെയ്തിട്ടില്ലായെന്ന് ഇവരെങ്ങനെയാണ് മനസ്സിലാക്കുന്നത്? ലളിത കുമാരി കേസിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞതുകൊണ്ട് ഞങ്ങൾ എഫ്.ഐ.ആർ. സമർപ്പിച്ചുവെന്നേയുള്ളൂ. എഫ്.ഐ.ആർ.-ൽ എന്താണ് പറയുന്നത്? അതിൽ പറയുന്നത്, "...The version of the witnesses *prima facie* discloses the alleged demand and acceptance of bribe..." എന്നാണ്. Bribe ആവശ്യപ്പെട്ടു, കൊടുത്തു എന്നാണ്

എഫ്.ഐ.ആർ.-ൽ പറയുന്നത്. വീണ്ടും പറയുന്നു, ഞാൻ മുഴുവൻ വായിക്കുന്നില്ല " .....Yet another relevant witness deposed that..." ഞാൻ വഴങ്ങുന്നില്ല. അങ്ങയുടെ കയ്യിലുള്ള എഫ്.ഐ.ആർ. തന്നെയാണ് എന്റെ കൈവശവുമുള്ളത്. ഞാൻ പറയട്ടെ, ഞാൻ പറഞ്ഞിട്ട് അങ്ങേയ്ക്ക് പറയാം. " .....Yet another relevant witness deposed that he had witnessed the handing over of money to the accused at the residence of the accused on 2-4-2014. The entries in the minutes of the State Committee of Kerala Bar Hotel Association bolster the allegation of this case..." കൈക്കൂലി കൊടുത്തുവെന്നും കൈക്കൂലി ആവശ്യപ്പെട്ടുവെന്നുമാണ് എഫ്.ഐ.ആർ.-ൽ വ്യക്തമായി പറഞ്ഞിരിക്കുന്നത്. ഇതിന്റെ പേരിൽ അന്വേഷണം നടത്തണം. ഒരു ക്രിമിനൽ അന്വേഷണത്തിന് വിധേയമാകുന്ന ഒരാളെ കേരള ഭരണത്തിന്റെ താക്കോൽ സ്ഥാനത്ത്, ധനകാര്യവകുപ്പുമന്ത്രിയെന്ന നിലയിൽ, നിയമ വകുപ്പുമന്ത്രിയെന്ന നിലയിൽ ഇരിക്കാമോയെന്ന ധാർമ്മികമായ ചോദ്യമാണ് ഇന്ന് കേരളജനതയുടെ മുന്നിലുള്ളത്. അദ്ദേഹത്തിന്റെ മുന്നിൽ ധാരാളം കീഴ്‌വഴക്കങ്ങളുണ്ട്. അതനുസരിച്ച് അദ്ദേഹത്തിന് അന്തസ്സായി രാജിവച്ച് പോകാം, അന്വേഷണത്തെ നേരിടാം. കുറ്റവിമുക്തനായാൽ തിരിച്ചുവരാം. അതിനുപകരം***കിട്ടാത്ത ആനുകൂല്യം ഉപയോഗിച്ച് ഭരണത്തിന്റെ താക്കോൽ സ്ഥാനത്തിരുന്ന് ധനകാര്യ വകുപ്പുമന്ത്രിയെന്ന നിലയിൽ ഈ നാട്ടിലെ എല്ലാവരെയും അദ്ദേഹത്തിന് ഭയപ്പെടുത്താം. ബാർ ഹോട്ടൽ ഉടമകളെ ഭയപ്പെടുത്താം.......(ബഹളം).......

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ.....(ബഹളം).......

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, എന്ത് പോയിന്റ് ഓഫ് ഓർഡർ...... (ബഹളം)....... ഞാൻ വഴങ്ങുന്നില്ല ..(ബഹളം).......

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. കെ. സുരേഷ് കുറുപ്പ്, പോയിന്റ് ഓഫ് ഓർഡർ..

<u>ശ്രീ. പി.സി. വിഷ്ണുനാഥ്</u>: അടിയന്തരപ്രമേയാവതരണവേളയിൽ ഒരു കേസ്സിൽ കുറ്റാരോപിതൻ മാത്രമായ ധനകാര്യവകുപ്പുമന്ത്രിയെ***എന്ന് വിശേഷിപ്പിച്ച പരാമർശം രേഖയിൽ നിന്നും നീക്കം ചെയ്യണം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പരിശോധിക്കാം.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, ബാർ ഹോട്ടലുടമകളെല്ലാം ബിസിനസ്സുകാരാണ്,

---

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം നീക്കം ചെയ്തു.

പലതരം കച്ചവടമുള്ളവരാണ്. അവരൊക്കെ ധനകാര്യ മന്ത്രിയെ ഭയപ്പെട്ടു കഴിയുന്നവരാണ്. ശ്രീ. കെ. എം. മാണി ധനകാര്യ വകുപ്പുമന്ത്രി സ്ഥാനത്തിരിക്കുമ്പോൾ ഈ കേസിന് തെളിവുമുണ്ടാക്കാൻ ആർക്കും കഴിയില്ല. വിജിലൻസ് അന്വേഷണം നിഷ്ഫലമായിപ്പോകുമെന്നുള്ളതുകൊണ്ടാണ് രാജി വയ്ക്കണമെന്ന് ഞങ്ങൾ പറയുന്നത്. നിയമം നടപ്പായാൽ മാത്രം പോരാ.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. സുരേഷ് കുറുപ്പ് 10 മിനിട്ടായി.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, അതിനെന്താണ്? ഒരു കോടി രൂപയാണ് കൈക്കൂലി വാങ്ങിയത്. ഒരു കോടി രൂപയുടെ കൈക്കൂലി കാര്യത്തിൽ 10 മിനിട്ട് മതിയോ? നിയമം നടപ്പായാൽ മാത്രം പോരാ, നിയമം നടപ്പാകുന്നുവെന്ന് ഈ നാട്ടിലെ ജനങ്ങൾക്ക് ബോധ്യമാകണം. അതാണ് നിയമവാഴ്ച. ഈ നാട്ടിൽ എത്ര ഉന്നതനാണെങ്കിലും നിയമം അയാൾക്കും മുകളിലാണ്. അതാണ് നിയമവാഴ്ചയുടെ തത്വം. ജനാധിപത്യത്തിന്റെ തത്വം, അദ്ദേഹത്തിന്റെ മുന്നിലുള്ള കീഴ്‌വഴക്കങ്ങളുടെ തത്വം അദ്ദേഹം അംഗീകരിക്കുന്നുണ്ടെങ്കിൽ രാജിവയ്ക്കണം അല്ലെങ്കിൽ അദ്ദേഹത്തെ പുറത്താക്കണം. ഗൂഢാലോചന നടന്നുവെന്നാണ് പറയുന്നത്. ഈ ഗൂഢാലോചന ആരാണ് നടത്തിയത്? അദ്ദേഹത്തിന്റെ മന്ത്രിസഭാംഗങ്ങൾ നടത്തിയെങ്കിൽ ഈ മന്ത്രിസഭയ്ക്ക് തുടരാൻ അധികാരമുണ്ടോ? പ്രതിപക്ഷത്ത് നിന്നാണോ ഗൂഢാലോചന നടത്തിയത്? ഗൂഢാലോചന നടത്തിയത് ആരാണെന്ന് അദ്ദേഹം വ്യക്തമാക്കണം. ശ്രീ. അശ്വനി കുമാറിന്റെ കാര്യം ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞു. ശ്രീ. അശ്വനി കുമാർ രാജിവച്ചു പോകേണ്ടി വന്നത് എന്താണ്? സുപ്രീംകോടതിയിൽ കൊടുത്ത സത്യവാങ്മൂലത്തിൽ മന്ത്രി വിളിച്ചുവരുത്തി ചില ചെറിയ തിരുത്തലുകൾ വരുത്തി, അതുകൊണ്ട് പുറത്തു പോകേണ്ടി വന്നു. എന്റെ പ്രിയപ്പെട്ട സുഹൃത്ത് ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് അത്തരമൊരു ഗതി വരരുതെന്ന് എനിക്ക് ആഗ്രഹമുണ്ട്. അങ്ങ് അന്വേഷണത്തിൽ ഇടപെടരുത്. അന്വേഷണ ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തരുത്. ശ്രീ. കെ. എം. മാണി*** അല്ല എന്ന് പ്രഖ്യാപിക്കുകയാണ് ആഭ്യന്തര വകുപ്പുമന്ത്രി. അന്വേഷണം നടക്കാനിരിക്കുന്നതേയുള്ളൂ. അന്വേഷണം നടക്കാനിരിക്കുന്ന കേസിൽ, എഫ്.ഐ.ആർ. മാത്രം രജിസ്റ്റർ ചെയ്ത കേസിൽ..., ഒരു*** അല്ല എന്ന് പറയാൻ ഈ ആഭ്യന്തര വകുപ്പുമന്ത്രിക്കും മുഖ്യമന്ത്രിക്കും എങ്ങനെ ധൈര്യം വന്നു? ഇത് ഈ നാട്ടിലെ നീതിന്യായ വ്യവസ്ഥയെ പല്ലിളിച്ചുകാണിക്കുന്നതാണ്, കാർക്കിച്ചുതുപ്പുന്നതാണ്. അതുകൊണ്ട് ശ്രീ. കെ. എം. മാണിക്ക് അധികാരത്തിൽ തുടരാൻ അർഹതയില്ല.

* സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം നീക്കം ചെയ്തു.

കായംകുളം കൊച്ചുണ്ണിയെ വെല്ലുന്ന കാപട്യമാണിത്. കാണ്ടാമൃഗത്തെ വെല്ലുന്ന തൊലിക്കട്ടിയാണദ്ദേഹത്തിനുള്ളത്. അതുമായി അദ്ദേഹത്തിന് വേണമെങ്കിൽ അധികാരത്തിൽ തുടരാം; അല്ലെങ്കിൽ അദ്ദേഹത്തിന്റെ നേതാവ് പി. ടി. ചാക്കോയുടെ മാർഗ്ഗം പിന്തുടർന്ന് അന്തസ്സായി അധികാരമൊഴിഞ്ഞ് എൻക്വയറി നേരിടാം. ഈ വിഷയം സഭ നിർത്തിവച്ച് അടിയന്തരമായി ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

10.00 AM]

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):സർ, ബഹുമാന്യനായ എന്റെ സുഹൃത്ത് കെ. സുരേഷ് കുറുപ്പും ഞാനും നാല് തവണ പാർലമെന്റിൽ പോയിട്ടുള്ളതാണ്. ശ്രീ. കെ. സുരേഷ് കുറുപ്പിനോട് ഈ വിധിന്യായമൊന്ന് വായിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ അങ്ങേയ്ക്ക് ഇതിന്റെ കോപ്പി തരാം. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 2013 നവംബർ 12- ലെ ലളിതകുമാരി വെഴ്സസ് ഗവൺമെന്റ് ഓഫ് യു.പി ആന്റ് അദേഴ്സ് എന്ന വിധിന്യായം ആരും വായിക്കാതെയാണ് സംസാരിക്കുന്നത്. എന്റെ റിക്വസ്റ്റ് അത് വായിക്കണമെന്നാണ്. അതിൽ വ്യക്തമായി പറയുന്നുണ്ട്, " ...scope of the preliminary enquiry is not to verify the veracity or otherwise of the information received...." ഡോ. ബിജു രമേശ് കൊടുത്ത ഒരു ഇൻഫർമേഷനാണ് വിജിലൻസിന്റെ മുമ്പിലുള്ളത്. അതിന്റെ veracity പരിശോധിക്കാനുള്ള അവസരം....

ഡോ. ടി. എം. തോമസ് ഐസക്: സർ, അങ്ങ് വായിച്ചത് ഞങ്ങൾക്ക് തർക്കമില്ലാത്ത കാര്യമാണ്. കോടതി വിധി അങ്ങനെയാണ്. എവിഡൻസ്, മൊഴി എന്നിവ എടുത്തതിനുശേഷം അത് കൊഗ്നൈസബിൾ ഒഫൻസ് ആണോ അല്ലയോ എന്ന തർക്കം നിലനിന്നു. പത്രങ്ങളിൽ വന്നു, ഞാൻ നേരിട്ടും കണ്ടു. ലീഗൽ അഡ്വൈസ്, ഒരു വാചകത്തിലല്ല. അഞ്ചാറ് പേജുകൾ അടങ്ങുന്നതാണ്. എടുത്ത മൊഴികളുടെ veracity-യെക്കുറിച്ച് നിങ്ങൾ നിയമിച്ച ലീഗൽ അഡ്വൈസേഴ്സ് എഴുതിക്കൊടുത്തിരിക്കുകയാണ്. അതിന്റെകൂടി അടിസ്ഥാനത്തിലാണ് ഈ എഫ്.ഐ.ആർ. എന്നത് നിഷേധിക്കാൻ കഴിയുമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഒരുകാര്യം ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ഇത് വായിക്കുന്ന ഒരാൾക്ക് ലീഗൽ ഒപ്പിനിയന്റെ ആവശ്യമില്ല. കാരണം, 2013 നവംബർ 12-ലെ സുപ്രീംകോടതി വിധിയും ശ്രീ. വി. എസ്. സുനിൽ കുമാറിന്റെ ഹർജിയിലുള്ള ഹൈക്കോടതി വിധിയും വായിക്കുന്ന ഏതൊരു സാമാന്യ വിവരമുള്ള ആളിനും ഈ കാര്യത്തിൽ എന്തുചെയ്യാൻ കഴിയുമെന്നുള്ളത് മനസ്സിലാകും. ശ്രീ. സുരേഷ് കുറുപ്പ് തെറ്റിദ്ധരിച്ച്

പറയുകയാണ്. ശ്രീ. കെ. എം. മാണിയെക്കുറിച്ച് ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണത്തെ സംബന്ധിച്ച് ഒരു പരിശോധനയും നടത്തിയിട്ടില്ല. അതിന്റെ സത്യാവസ്ഥയെപ്പറ്റി പരിശോധിച്ചിട്ടില്ല. ഇവിടെ ആകെ പരിശോധിച്ചത് ഇതിൽ ഒരു കൊഗ്നൈസബിൾ ഒഫൻസിന്റെ അംശമുണ്ടോ എന്നതാണ്. അത് പരിശോധിച്ചശേഷം ഉണ്ടെന്ന് കണ്ടെത്തി എഫ്.ഐ.ആർ. ഇടുകയാണ് ചെയ്തിട്ടുള്ളത്. ഈ കേസിന്റെ സത്യാവസ്ഥയെക്കുറിച്ച് ഇവിടെ പരിശോധിച്ചിട്ടില്ല. ശ്രീ. കെ. സുരേഷ് കുറുപ്പ് ഇവിടെ പറഞ്ഞു, മന്ത്രി രാജി വയ്ക്കണമെന്ന്. ഈ വിധിയുടെ അടിസ്ഥാനത്തിൽ മന്ത്രിമാർ രാജിവയ്ക്കാൻ പോയാൽ ഒരു മന്ത്രിക്കും കേരളത്തിലും ഇന്ത്യയിലും ഭരിക്കാൻ കഴിയില്ല. സുപ്രീംകോടതിയുടെ ഭരണഘടനാ ബഞ്ചിന്റെ വിധിയുടെ അടിസ്ഥാനത്തിൽ ഇനിയും എഫ്.ഐ.ആർ. എടുക്കുമ്പോൾ ഏതെങ്കിലും മന്ത്രി രാജി വയ്ക്കണമെന്ന ആവശ്യം വന്നാൽ ഒരു സംസ്ഥാനത്തും ഒരു മന്ത്രിക്കും ഭരിക്കാൻ കഴിയില്ല. കാരണം, ഭരണഘടനാ ബഞ്ചിന്റെ വിധി ആ നിലയിലാണ് പോകുന്നത്. അങ്ങ് ശ്രീ. അശ്വിനി കുമാറിന്റെ കാര്യം പറഞ്ഞു. ശ്രീ. അശ്വിനി കുമാർ നമ്മൾ രണ്ടുപേരുടെയും സുഹൃത്താണ്. അദ്ദേഹത്തെ സംബന്ധിച്ച സുപ്രീംകോടതി വിധിയുടെ കാര്യം പറഞ്ഞു. ഞാൻ വിജിലൻസിനെ വിളിച്ചുവരുത്തി ഒരു നിർദ്ദേശവും കൊടുത്തിട്ടില്ല. കേരളത്തിൽ വിജിലൻസ് സ്വതന്ത്രമായി പ്രവർത്തിക്കുന്നുവെന്നുള്ളതിന് ഇനിയും നിങ്ങൾക്ക് ഉദാഹരണം വേണോ? ഏറ്റവും സ്വതന്ത്രമായി പ്രവർത്തിക്കുന്ന സംവിധാനമായി വിജിലൻസ് മാറുകയാണ്. ഇവിടെ പഴയ സാഹചര്യങ്ങൾ മാറുകയാണെന്ന വസ്തുത മനസ്സിലാക്കണം. പണ്ട് ഒരു വിജിലൻസ് കേസ് വന്നുകഴിഞ്ഞാൽ അതിന്റെ സത്യസന്ധത പരിശോധിച്ച ശേഷം മാത്രമേ എഫ്.ഐ.ആർ. തയ്യാറാക്കുകയുള്ളൂ. ഇപ്പോൾ പരിശോധനയ്ക്കു മുമ്പുതന്നെ cognizable offence ഉണ്ടോ എന്ന് പരിശോധിച്ച്, അഞ്ച് സ്വഭാവമുള്ള കേസ്സുകളിൽ മാത്രം, Matrimonial cases, Corruption cases, Inordinate delay-യുള്ള കേസുകൾ, Land cases ഉൾപ്പെടെയുള്ള കേസുകളിൽ മാത്രമേ Lalithakumari Vs Government of UP കേസ് പ്രകാരം പ്രിലിമനറി എൻക്വയറി നടത്താൻ കഴിയുകയുള്ളൂ. അല്ലെങ്കിൽ സെക്ഷൻ 154 അനുസരിച്ച് അപ്പോൾ തന്നെ എഫ്.ഐ.ആർ. തയ്യാറാക്കേണ്ടി വരും. എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തതിന്റെ പേരിൽ മാണി സാർ രാജിവയ്ക്കേണ്ട ഒരു സാഹചര്യവും കേരളത്തിലില്ല എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ മന്ത്രിമാരുടെ പേരിൽ കേസുണ്ടെന്ന് പറഞ്ഞു. ശ്രീ. എളമരം കരീമിന്റെ പേരിൽ കേസുണ്ട്, മുൻമന്ത്രി ശ്രീ. കെ. പി. രാജേന്ദ്രന്റെ പേരിൽ കേസുണ്ട്. ഇവിടെ നിരവധി മന്ത്രിമാരുടെ പേരിൽ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട്. അതൊക്കെ വിജിലൻസിന്റെ ഒരു

പ്രോസസ്സാണ്. അവരാരും കുറ്റക്കാരാണെന്ന് ഞാൻ പറയുന്നില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ശരിയാണ്. അപ്പുറത്തുള്ള മൂന്നുമന്ത്രിമാരുടെ പേരിൽ വിജിലൻസ് കേസുണ്ടെന്ന് അങ്ങ് തന്നെ ഇവിടെ ഉത്തരം നൽകിയിട്ടുണ്ട്. ഈ കേസുകളെല്ലാം അതാത് ഗവൺമെന്റിന്റെ കാലത്ത് രജിസ്റ്റർ ചെയ്ത കേസുകളല്ല. അവർ മന്ത്രിസ്ഥാനം നഷ്ടപ്പെട്ട് ആരോപണങ്ങൾക്കുശേഷം പിന്നീട് വന്ന ഗവൺമെന്റിന്റെ കാലത്ത് വിജിലൻസ് പരിശോധിച്ച് രജിസ്റ്റർ ചെയ്ത കേസുകളാണ്. ഈ സംസ്ഥാനത്ത് ഏതെങ്കിലും ഒരു മന്ത്രിക്കെതിരെ, മന്ത്രിസ്ഥാനം തുടരുന്ന സന്ദർഭത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കോടതിയിൽ ഒരു എഫ്.ഐ.ആർ. സമർപ്പിച്ച ചരിത്രമുണ്ടോ; ഇത് ആദ്യമായിട്ടല്ലേ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് തന്നെയാണ് സത്യം. കാരണം 2013 നവംബർ 12-ാം തീയതിയിലെ സുപ്രധാനമായ ഭരണഘടനാ ബഞ്ചിന്റെ വിധിപ്രകാരം ഈ കേസെടുക്കാതിരിക്കാൻ വിജിലൻസിന് കഴിയാത്ത അവസ്ഥയാണുള്ളത്. അങ്ങ് അത് മനസ്സിലാക്കണം. ഈ വസ്തുതകൾ ആരും മനസ്സിലാക്കുന്നില്ല എന്നതാണ് എന്റെ പരാതി. ആളുകൾ കഥയറിയാതെ ആട്ടം കാണുകയാണ്. ഇവിടെ മാണി സാർ കുറ്റക്കാരനാണെന്ന് വിജിലൻസ് കണ്ടെത്താത്ത സാഹചര്യത്തിൽ, അദ്ദേഹത്തിനെതിരായി ഉന്നയിച്ച ആരോപണങ്ങളുടെ നിജസ്ഥിതി പരിശോധിക്കാത്ത സാഹചര്യത്തിൽ കെ. എം. മാണി സാർ രാജിവയ്ക്കേണ്ട കാര്യമില്ല എന്ന് അസന്നിഗ്ധമായി പറയാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, കാറ്റഗറിക്കലായി പറഞ്ഞതുകൊണ്ട് ഞാൻ ചോദിക്കുകയാണ്. ഏതെങ്കിലും ഒരു വ്യക്തിക്കെതിരായി പണം ചോദിച്ച് വാങ്ങി എന്നതിന്റെ പേരിൽ രജിസ്റ്റർ ചെയ്ത കേസല്ല. ഒരു മന്ത്രിക്കെതിരായി രജിസ്റ്റർ ചെയ്ത കേസാകുമ്പോൾ സാധാരണ ഒരു കേസിൽ എഫ്.ഐ.ആർ. സമർപ്പിച്ച നടപടി ഈ കേസിൽ എങ്ങനെ സ്വീകരിക്കാൻ കഴിയും? ഇതിന്റെ അടിസ്ഥാനത്തിൽ ഒരു മന്ത്രിയെ ചോദ്യം ചെയ്യാൻ മാത്രമല്ല, വിജിലൻസിന് തൊണ്ടിമുതൽ (ഒരു കോടി രൂപ) കണ്ടെടുക്കണ്ടേ, മന്ത്രിയുടെ വീടും സെക്രട്ടേറിയറ്റിലെ മന്ത്രിയുടെ ഓഫീസും റെയ്ഡ് ചെയ്യണ്ടേ? ഇദ്ദേഹം മന്ത്രിയായിരിക്കുമ്പോൾ ഇതൊക്കെ സാധിക്കുമോ? അതുകൊണ്ടാണ് അദ്ദേഹം മന്ത്രിസ്ഥാനത്ത് തുടരാൻ പാടില്ലെന്ന് പറഞ്ഞത്. ഏതെങ്കിലും ഒരു വ്യക്തിക്കെതിരെ എഫ്.ഐ.ആർ. വന്നതാണെങ്കിൽ മന്ത്രി പറഞ്ഞത് ശരിയാണ്. അതിൽ നിന്നും വിഭിന്നമായി ഒരു

മന്ത്രിക്കെതിരെ, അതും ധനകാര്യ വകുപ്പുമന്ത്രിക്കെതിരെ നടപടി സ്വീകരിക്കാൻ സാധിക്കുമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ അതാണ് പറഞ്ഞത്. മാണി സാർ അങ്ങനെ രാജിവച്ച് ഒരു കീഴ്‌വഴക്കമുണ്ടാക്കുകയാണെങ്കിൽ ഈ വിധിയുടെ പശ്ചാത്തലത്തിൽ ഒരു മന്ത്രിക്കും ഇനി ഇന്ത്യയിൽ ഭരിക്കാൻ സാധിക്കാത്ത അവസ്ഥയുണ്ടാകും. ശ്രീ. കെ. സുരേഷ് കുറുപ്പ് ഉന്നയിച്ചതിനകത്ത് യാതൊരു വസ്തുതയുമില്ല. അങ്ങ് എഫ്.ഐ.ആർ.-ലെ മറ്റൊരുകാര്യം പറഞ്ഞല്ലോ, " ......version of the witnesses *prima facie* discloses.." എഫ്.ഐ.ആർ.-ൽ witnesses പറയുന്ന കാര്യമാണ്. .....(ബഹളം).....എഫ്.ഐ.ആർ.-ൽ പറഞ്ഞിട്ടുള്ളത് witnesses-ന്റെ അഭിപ്രായമാണ്. അതുകൊണ്ട് മാണി സാർ രാജിവയ്ക്കേണ്ട സാഹചര്യമില്ല.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, അവിടെയിരിക്കുന്നവർക്കെതിരെയും ഇവിടെയിരിക്കുന്നവർക്കെതിരെയും വിജിലൻസ് കേസുണ്ടെന്ന് പറഞ്ഞു. ആ കേസുകളൊക്കെ ഭരണത്തിലിരുന്ന സമയത്ത് എടുത്ത ഒരു തീരുമാനത്തിന്റെ ഫലമായി സർക്കാർ ഖജനാവിന് നഷ്ടമുണ്ടാക്കിയെന്ന് പറഞ്ഞിട്ടാണ്. മന്ത്രിയായിരിക്കുമ്പോൾ കൈക്കൂലി ചോദിച്ചു, കൈക്കൂലി കൊടുത്തു, കൈക്കൂലി വാങ്ങി എന്നൊരു ആരോപണം ഈ നാട്ടിൽ ഒരു മന്ത്രിക്കെതിരെയും വന്നിട്ടില്ല. അതാണ് കാര്യം.

Shri. Ramesh Chennithala: Sir,... Mr. Suresh Kurup, It is only an allegation; it has not been proved.... it has not been proved. അതൊരു അലിഗേഷൻ മാത്രമാണ്. ഈ രാജ്യത്ത് ആർക്കെതിരെയും ആരോപണം ഉന്നയിക്കാം. Unless and until it is proved, he is not guilty. ആരോപണത്തിന്റെ നിജസ്ഥിതി പരിശോധിച്ച് ആൾ കുറ്റക്കാരനാണെന്ന് കണ്ടെത്തുന്നതുവരെ ആ വ്യക്തി നിർദോഷിയായിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ട് മാണി സാറിനെ സംബന്ധിച്ചിടത്തോളമുള്ള ഒരു കുറ്റവും ഇവിടെ എസ്റ്റാബ്ലിഷ് ചെയ്യാത്ത സാഹചര്യത്തിൽ മാണി സാർ രാജിവയ്ക്കേണ്ട ആവശ്യമില്ലെന്ന കാര്യം അറിയിക്കാനാഗ്രഹിക്കുന്നു. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങൾ ഞാൻ നിഷേധിക്കുന്നു. ഇത് അവാസ്തവമാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇത് സംബന്ധിച്ച് പ്രതിപക്ഷം

എടുത്തിട്ടുള്ള നിലപാടുകൾ നിങ്ങൾ തന്നെ പരിശോധിക്കണം. വിജിലൻസ് എൻക്വയറി നടത്തണമെന്ന് പറഞ്ഞ് 1-11-2014-ൽ പ്രതിപക്ഷ നേതാവ് വിജിലൻസ് ഡയറക്ടർക്ക് കത്തുകൊടുക്കുന്നു. വിജിലൻസ് ഡയറക്ടർ ഉടൻ quick verification-ന് തീരുമാനമെടുക്കുന്നു. എന്നിട്ട് അടുത്ത ദിവസം നിങ്ങൾ അതിനെ എതിർക്കുന്നു, സി.ബി.ഐ. അന്വേഷണം വേണമെന്നാവശ്യപ്പെട്ട്......(ബഹളം)......ഞാൻ പറയട്ടെ.....

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. സുരേഷ് കുറുപ്പ്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ മറുപടി പറയാൻ അനുവദിക്കണം. ഇങ്ങനെ ബഹളമുണ്ടാക്കുന്നത് ശരിയല്ല.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, എന്നിട്ട് നിങ്ങൾ എന്താണ് പറഞ്ഞത് 'മന്ത്രിക്കെതിരെ അന്വേഷണം നീതിപൂർവ്വമാകില്ല, മുഖ്യമന്ത്രി ന്യായീകരിച്ചു, ആഭ്യന്തര വകുപ്പുമന്ത്രി ഇടപെടും' എന്നൊക്കെയാണ്. ഇപ്പോൾ വിജിലൻസ് വകുപ്പ് നിയമത്തിനുള്ളിൽ നിന്ന് കാര്യങ്ങൾ ചെയ്തു എന്ന് നിങ്ങൾക്കുപോലും സമ്മതിക്കേണ്ടി വന്നില്ലേ? ശ്രീ. വി. എസ്. സുനിൽ കുമാറും ശ്രീ. വൈക്കം വിശ്വനും കോടതിയിൽ പോയി, Lalithakumari Vs. Government of UP കേസ് അനുസരിച്ച് അന്വേഷണം നടത്തണമെന്നും ആ അന്വേഷണം നടത്തുന്നില്ല, നീട്ടിക്കൊണ്ടുപോകുന്നുവെന്നും പറഞ്ഞു. ഹൈക്കോടതി വിധി വന്നു, 42 ദിവസം എന്നുള്ളത് ഹൈക്കോടതി അംഗീകരിച്ചു. 42 ദിവസത്തിനുള്ളിൽ അന്വേഷണം നടത്തി ഒരാഴ്ചയ്ക്കുള്ളിൽ ഡയറക്ടർ തീരുമാനമെടുക്കണമെന്നാണ് പറഞ്ഞത്. Lalithakumari Vs Government of UP കേസിന്റെ വിധിയനുസരിച്ച് പ്രവർത്തിക്കാൻ വളരെ വ്യക്തമായി പറഞ്ഞു. ആഭ്യന്തര വകുപ്പുമന്ത്രി അതെല്ലാം വായിച്ചതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. Lalithakumari Vs Government of UP കേസ് അനുസരിച്ച് അന്വേഷണം കൊണ്ടുപോകണമെന്നും അതിന് വ്യത്യസ്തമായി പോകുന്നത് ശരിയല്ലെന്നും നിങ്ങളാണ് ആവശ്യപ്പെട്ടത്. ഹൈക്കോടതിയും അത് തന്നെയാണ് ഡയറക്ട് ചെയ്തത്. Lalithakumari Vs Government of UP അതിനകത്ത്......(ബഹളം)......ആ വിധി വരുന്നത് 12-11-2013-ലാണ്. ആ വിധി വരുന്നതിന് മുമ്പും വരുന്നതിനുശേഷവും ഇതുപോലുള്ള കേസുകളുടെ അന്വേഷണത്തിൽ വലിയ മാറ്റമാണ് വന്നിരിക്കുന്നത്. ഈ വിധി വരുന്നതിനുമുമ്പാണ് പ്രഥമദൃഷ്ട്യാ കേസ്സുണ്ടോ ഇല്ലയോ എന്ന് നോക്കുന്നത്. വിധി വന്നതിനുശേഷം പ്രഥമദൃഷ്ട്യാ കേസ്സുണ്ടോ ഇല്ലയോ എന്ന് നോക്കേണ്ട കാര്യമില്ല. അക്കാര്യം ആഭ്യന്തര

വകുപ്പുമന്ത്രി ഇവിടെ വ്യക്തമാക്കി. പോലീസിന് കേസ്സെടുക്കാവുന്ന വകുപ്പുള്ള ആക്ഷേപമാണോ ഉന്നയിച്ചിരിക്കുന്നത് എന്നുമാത്രമാണ് Lalithakumari Vs Government of UP കേസ് വന്നതിനുശേഷം ഗവൺമെന്റ് നോക്കേണ്ടത്.... (ബഹളം)........

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> (ബഹളം)....ശ്രീ. വി. എസ്. സുനിൽ കുമാർ..പ്ലീസ്....

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> സർ, ലളിതകുമാരി കേസിൽ എന്താണ് പറഞ്ഞിരിക്കുന്നത്. "...The Police Officer cannot avoid his duty of registering offence if cognizable offence is disclosed. Action must be taken against erring officers who do not register the FIR if information received by him discloses a cognizable offence..." മറ്റ് പോർഷൻസെല്ലാം ശ്രീ. രമേശ് ചെന്നിത്തല ഇവിടെ വായിച്ചു. പോലീസിന് കേസ്സെടുക്കാവുന്ന വകുപ്പിനാണോ ആക്ഷേപം ഉന്നയിച്ചിരിക്കുന്നത് എന്നുമാത്രമാണ് നോക്കുന്നത്. ഒരു സെന്റൻസുംകൂടി വായിക്കാം. " .....The scope of preliminary enquiry is not to verify the veracity or otherwise of the information received but only to ascertain whether the information reveals any cognizable offence..."

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ഞാൻ ഈ കേസ് 31-ാം തീയതിയാണ് കൊടുക്കുന്നത്. ലളിത കുമാരി കേസുമായി ബന്ധപ്പെട്ട് പറയുന്നത് ഏഴ് ദിവസത്തിനകം കേസ് രജിസ്റ്റർ ചെയ്യണമെന്നാണ്. അസാധാരണമായ സാഹചര്യത്തിൽ മാത്രമാണ് 42 ദിവസം. നിങ്ങൾ സുപ്രീംകോടതി വിധി ലംഘിച്ചുകൊണ്ട് 45 ദിവസത്തിനകമാണ് കൊടുത്തത്. അങ്ങ് പലതും വായിച്ചു. പക്ഷേ ഈ ഹൈക്കോടതി വിധിയിൽ ഒരു കാര്യം പറയുന്നുണ്ട്. " ....should be examined by the Director and the decision be taken looking in to the report for registering an FIR or not registering an FIR by the Director himself..." അദ്ദേഹത്തിന് രജിസ്റ്റർ ചെയ്യുകയോ ചെയ്യാതിരിക്കുകയോ ചെയ്യാം. പക്ഷേ അന്വേഷണം നടത്തിയപ്പോൾ കുറ്റം കണ്ടെത്തിയതുകൊണ്ടുമാത്രമാണ് നിങ്ങൾക്ക് രജിസ്റ്റർ ചെയ്യാതിരിക്കാൻ മാർഗ്ഗമില്ലാതെ വന്നിരിക്കുന്നത്. നിങ്ങൾ ലളിത കുമാരി കേസുമായി ബന്ധപ്പെട്ടുകൊണ്ട് ഇപ്പോൾ മഹിമ പറയുമ്പോൾ അങ്ങയോട് ഞാൻ ചോദിക്കുന്നത്, ലളിത കുമാരി കേസ് നേരത്തെ ഉണ്ടായിട്ടും നിങ്ങൾ കേസ് രജിസ്റ്റർ ചെയ്യാതിരുന്നത് ഈ കൈക്കൂലി കേസ് മുക്കാൻ

വേണ്ടിയാണോ? ഹൈക്കോടതിയിൽ പോയില്ലായിരുന്നുവെങ്കിൽ നിങ്ങൾ കേസ് രജിസ്റ്റർ ചെയ്യുകയോ അന്വേഷണം നടത്തുകയോ പോലും ചെയ്യാതെ രക്ഷപ്പെടാൻ ശ്രമിക്കുകയായിരുന്നു. അതിനാണ് അങ്ങ് മറുപടി പറയേണ്ടത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ശ്രീ. വി. എസ്. സുനിൽ കുമാറിന് അത് ആശ്വാസം നൽകുമെങ്കിൽ അങ്ങനെ ആശ്വസിച്ചോളൂ. പക്ഷേ 42 ദിവസമെന്നുള്ളത് ഹൈക്കോടതി തന്നെ നിർദ്ദേശിച്ച ടൈം ലിമിറ്റാണ്. കോടതിയിൽ തോറ്റതിനുശേഷം ഇവിടെ വന്ന് പറഞ്ഞിട്ട് വല്ല കാര്യവുമുണ്ടോ? എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുകയോ രജിസ്റ്റർ ചെയ്യാതിരിക്കുകയോ ചെയ്യാമെന്ന് പറഞ്ഞാൽ; ലളിതകുമാരി കേസിന്റെ അടിസ്ഥാനത്തിൽ നടപടികളെടുക്കാമെന്ന് പറഞ്ഞപ്പോൾ പോലീസിന് കേസ്സെടുക്കാവുന്ന വ്യവസ്ഥയാണോ അല്ലയോ എന്ന് നോക്കാൻ മാത്രമെ അതിനകത്ത് അവകാശവും അധികാരവുമുള്ളൂ. 12-11-2013-നുശേഷം അന്വേഷണത്തിൽ വന്നിട്ടുള്ള മാറ്റം പ്രത്യേകതയുള്ളതാണ്. പ്രഥമദൃഷ്ട്യാ കേസ്സുണ്ടോ ഇല്ലയോ എന്ന് നോക്കുന്നതേയില്ല. ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഒരു ചോദ്യം ചോദിച്ചു. അതിന് ഞാൻ മറുപടി പറയുമ്പോൾ സംശയമുണ്ടെങ്കിൽ ചോദിക്കാം. എങ്ങനെയാണ് അധികാരത്തിലിരിക്കുന്ന മന്ത്രി പ്രതിയായി ആദ്യമായൊരു കേസ് വരുന്നത്. ലളിതകുമാരി കേസിന്റെ വിധി വന്നത് 12-11-2013-ലാണ്. ആ വിധി വന്നതിനുശേഷമാണ് പ്രഥമദൃഷ്ട്യാ കേസുണ്ടോ ഇല്ലയോയെന്ന് നോക്കേണ്ട കാര്യം വന്നത്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇനി ചോദ്യം ചോദിച്ചോളൂ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി കോടതി വിധിയുമായി ബന്ധപ്പെട്ട് പറയുന്നതൊക്കെ ശരിയാണ്. Lalitha Kumari Vs. Government of U.P. കേസ് സുപ്രീംകോടതി ചീഫ് ജസ്റ്റീസായി ശ്രീ. സദാശിവം ഇരുന്ന സന്ദർഭത്തിൽ വന്ന വിധിയാണ്. അദ്ദേഹം വളരെ വ്യക്തമായി പറഞ്ഞത് ഇങ്ങനെ ഒരു cognizable offence ആണെങ്കിൽ അത്തരം കേസുകളുടെ പേരിൽ ഏഴ് ദിവസം, അല്ലെങ്കിൽ പതിനഞ്ച് ദിവസം. അത് സംബന്ധിച്ച് സി.ബി.ഐ. കോടതിയിൽ വീണ്ടും പെറ്റീഷൻ കൊടുത്തപ്പോൾ അതേ ബഞ്ചുതന്നെ പറഞ്ഞു; അസാധാരണമായ സാഹചര്യത്തിൽ 42 ദിവസം വരെ എടുക്കാമെന്ന് സുപ്രീം കോടതി വിധിച്ചു. ഈ കേസ് ഇപ്പോൾ അസാധാരണമായ ഒരു കേസ്സായി മാറിയിരിക്കുകയാണ്......(ബഹളം)......ഇത് അസാധാരണമായ കേസ്സാക്കി മാറ്റിയത്

ഞങ്ങളല്ല.....(ബഹളം)...ഞാൻ പറയട്ടെ. ബഹളം വയ്ക്കാനാണെങ്കിൽ അങ്ങോട്ടു മിങ്ങോട്ടും ബഹളം വയ്ക്കാം. ഇതൊരു അസാധാരണമായ കേസ്സാക്കി മാറ്റിയത് നിങ്ങൾ തന്നെയാണ്. ഞങ്ങൾക്ക് ഇനിയും അന്വേഷിക്കാനുണ്ട്, ഇതിൽ കൂടുതൽ കാര്യങ്ങൾ പരിശോധിക്കാനുണ്ട് എന്ന് കോടതിയിൽ മൊഴി കൊടുത്തത് നിങ്ങളുടെ വിജിലൻസ് തന്നെയാണ്. അങ്ങനെയാണ് അസാധാരണമായ കേസ്സാണെന്ന് കോടതി കണ്ടത്. ഒരു മന്ത്രിക്കെതിരായ കേസ്സാണെന്നും ആരോപണമാണെന്നും കോടതി കണ്ടു. അതുകൊണ്ടാണ് കോടതി 42 ദിവസം തന്നത്. നിങ്ങളുടെ കീഴിലുള്ള വിജിലൻസ് 29 സാക്ഷികളെ വിളിച്ചു ചോദിച്ചു. ആ 29 സാക്ഷികളിൽ ഒൻപത് പേരും പൈസ കൊടുക്കുന്നത് കണ്ടത് സംബന്ധിച്ച് തെളിവ് കൊടുത്തിരിക്കുകയാണ്. അതിന്റെയടിസ്ഥാനത്തിൽ മന്ത്രിയുടെ പാലായിലെ വീട്ടിൽ വച്ചും ഒഫിഷ്യൽ റസിഡൻസിൽ വച്ചും 30-3-2014 മുതൽ 3-4-2014 വരെ ട്രാൻസാക്ഷൻ നടന്നുവെന്നാണ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ തന്നെ പറയുന്നത്. ശ്രീ. ബാലകൃഷ്ണപിള്ളയുടെ കേസിൽ ശിക്ഷിച്ചത് അദ്ദേഹം പണം ചോദിച്ചു വാങ്ങി എന്നുള്ളതല്ല; ഗവൺമെന്റിന് നഷ്ടമുണ്ടായി, കോൺട്രാക്ടറെ സഹായിച്ചു എന്നാണ്. അതിൽനിന്നും വ്യത്യസ്തമാണ് ഈ കേസ്. പണം ചോദിച്ചുവാങ്ങി എന്നുള്ളതാണ്. ഈ അസാധാരണമായ നടപടി നേരിടുന്ന മന്ത്രി, അങ്ങനെ അസാധാരണമായ ഒരു കേസ് വന്ന സാഹചര്യത്തിൽ മന്ത്രിക്ക് അധികാരത്തിൽ തുടരാൻ സാധിക്കുമോ? അതാണ് ഇവിടത്തെ പ്രശ്നം.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, 42 ദിവസം എന്നുള്ളത് കോടതി തന്നെ പരിശോധിച്ചിട്ട് അനുവദിച്ചിട്ടുള്ളതാണ്. അതിന്റെ സാഹചര്യം ഈ സഭയിൽത്തന്നെ പറഞ്ഞിട്ടുള്ളതാണ്. ആരോപണം ഉന്നയിച്ചവർ വരുന്നില്ല. അവർ മാറി നടക്കുകയാണ്. പിന്നെ എന്ത് ചെയ്യും?

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u>): സർ, അങ്ങ് ഞാൻ അയച്ച കത്തിനെ സംബന്ധിച്ചും മറ്റും ഇവിടെ പരാമർശിച്ചു. ആ കത്ത് അനുസരിച്ച് നടപടിയെടുക്കാൻ തുനിഞ്ഞപ്പോഴേയ്ക്കും പ്രതിപക്ഷ നേതാവ് അവിടെനിന്നും മാറിയെന്നു പറഞ്ഞു. എന്തുകൊണ്ട്? ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ.എം. മാണി ഒരഴിമതിയും നടത്തിയിട്ടില്ലെന്നുപറഞ്ഞുകൊണ്ട് വിജിലൻസിനെ തന്നെ അതിന്റെ ചുമതല നിറവേറ്റാൻ കഴിയാത്ത സ്ഥിതിയിൽ കൂട്ടിലടച്ച തത്തയാക്കിയ

സാഹചര്യത്തിലാണ് എനിക്ക് സി.ബി.ഐ. അന്വേഷണം ആവശ്യപ്പെടേണ്ടി വന്നത്. ആ സാഹചര്യത്തിൽ, പിന്നീടുണ്ടായ കാര്യങ്ങളുടെയൊക്കെ അടിസ്ഥാനത്തിലാണ് ഇത്തരമൊരു സ്ഥിതി വന്നിട്ടുള്ളത്. അതുകൊണ്ട് ആദ്യത്തേതിൽ നിന്നും മാറിയെന്ന് പറഞ്ഞതിന് അടിസ്ഥാനമായ കാരണത്തെപ്പറ്റി പറയാതെ അതുസംബന്ധിച്ച് ന്യായീകരണം നടത്താൻ ശ്രമിക്കേണ്ട. അതുകൊണ്ട് ന്യായീകരിക്കപ്പെടില്ലെന്ന കാര്യം ഞാൻ അങ്ങയെ അറിയിക്കുകയാണ്.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എഴുതിക്കൊടുക്കുമ്പോൾ ശ്രീ. കെ. എം. മാണി കുറ്റം ചെയ്തുവെന്ന് ഞാൻ പറയുമെന്നാണോ അങ്ങ് ധരിച്ചത്? ......(ബഹളം)......അങ്ങയുടെ സംശയം ഇപ്പോഴെങ്കിലും മാറിക്കാണുമല്ലോ. വിജിലൻസ് വകുപ്പ് നിയമത്തിന്റെ വഴിക്കാണ് പോകുന്ന എന്നുള്ളത് ഇപ്പോഴെങ്കിലും മനസ്സിലായല്ലോ. ഇവിടെ വിസ്മയകരമായ ഒരു കാര്യമുള്ളത്, നമ്മുടെ നാട്ടിൽ ഇതുവരെ ആക്ഷേപങ്ങൾ ഉയർന്നത് ബാർ കൊടുത്തതിന്റെ പേരിലാണ്. ഇപ്പോൾ ബാർ കൊടുക്കാത്തതിന്റെ പേരിലാണ് ആക്ഷേപം.....(ബഹളം)...... ഞങ്ങൾ വളരെ പെട്ടെന്നെടുത്ത ഒരു തീരുമാനമൊന്നുമല്ല. 2011-ൽ അധികാരത്തിൽ വന്ന അന്നുമുതൽ സാമൂഹിക പ്രതിബദ്ധതയോടുകൂടി മദ്യരംഗത്ത് എടുത്ത നയത്തിന്റെ ഒരു തുടർച്ച മാത്രമാണിത്. ഞങ്ങൾ ഭരണത്തിൽ വന്നപ്പോൾ ഒരൊറ്റ ബിവറേജ് കോർപ്പറേഷന്റേയും പുതിയ ഔട്ട്ലെറ്റുകൾ അനുവദിക്കുകയില്ലെന്ന് പറഞ്ഞു. ത്രീ സ്റ്റാറും ഫോർ സ്റ്റാറും ഒരു നിശ്ചിത സമയത്തിനപ്പുറം തുടങ്ങുകയില്ലെന്ന് തീരുമാനിച്ചു.....(ബഹളം)...

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്....പ്ലീസ്..... ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയട്ടെ.... (ബഹളം)....

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, 418 ബാറുകൾക്ക് സ്ഥിരമായി റെഗുലറൈസ് ചെയ്തു കൊടുത്തവരാണ്........... (ബഹളം)..........

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> ......യെസ്......പ്ലീസ്........പ്ലീസ്..........

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, അക്കൗണ്ടന്റ് ജനറൽ 418 ബാറുകൾക്ക് സ്ഥിരമായി റെഗുലറൈസ് ചെയ്തു കൊടുത്തതിനെയാണ് ചോദ്യം ചെയ്തത്.

മാണിസാറിന് ഇതുമായിട്ട് എന്താ ബന്ധം? പ്രതിപക്ഷ നേതാവ് പറഞ്ഞത് മുഖ്യമന്ത്രി ന്യായീകരിച്ചു, അതുകൊണ്ട് അന്വേഷണം ശരിയായ വിധത്തിൽ നടക്കില്ലായെന്നാണ്. മുഖ്യമന്ത്രി ന്യായീകരിച്ചതിനുശേഷവും അന്വേഷണം ശരിയായ വിധത്തിൽ നടക്കുന്നുണ്ടല്ലോ? ശ്രീ. കോടിയേരി ബാലകൃഷ്ണൻ ചോദിച്ചത് ആഭ്യന്തര വകുപ്പുമന്ത്രി ഇതൊക്കെ എങ്ങനെയാണ് പറയുന്നത്; അവരുമായി ഡിസ്കസ്സ് ചെയ്തിട്ടാണോ; ഡിസ്കസ്സ് ചെയ്യുന്നത് ശരിയാണോ എന്ന്? ആഭ്യന്തര വകുപ്പുമന്ത്രി ആരുമായും ഡിസ്കസ്സ് ചെയ്തിട്ടില്ല. ഇവിടെ കോടതിവിധിയുണ്ട്. വിജിലൻസ് എങ്ങനെയാണ് പ്രവർത്തിക്കുന്നത്, പ്രവർത്തിക്കേണ്ടത് എന്നുള്ള കോടതിയുടെ വ്യക്തമായ ഡയറക്ഷന്റെ അടിസ്ഥാനത്തിലാണ് മുന്നോട്ടുപോകുന്നത്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, സാധാരണഗതിയിൽ കോടതി നടപടികൾ അനുസരിച്ചാണ് ഈ കേസ് രജിസ്റ്റർ ചെയ്ത് എഫ്.ഐ.ആർ. തയ്യാറാക്കിയതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തെ ഇതുസംബന്ധിച്ച് പറഞ്ഞു. പക്ഷെ, കേസ് രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്ന നിയമ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി ഇത്തരത്തിലല്ല പ്രതികരിച്ചത്. ഈ കേസ് രജിസ്റ്റർ ചെയ്തത് നിയമാനുസൃതമായിട്ടല്ല. ഒരു കോൺസ്പിറസി നടത്തിയതിന്റെ അടിസ്ഥാനത്തിൽ വന്ന കേസാണെന്നാണ് അദ്ദേഹം ഇവിടെ പറഞ്ഞിരിക്കുന്നത്. അപ്പോൾ നിയമവകുപ്പുമന്ത്രി ഒരു രീതിയിലും ആഭ്യന്തര വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും മറ്റൊരു രീതിയിലും പറയുകയാണ്. ആരാണ് ഈ കോൺസ്പിറസി നടത്തിയത്; ഈ ഗൂഢാലോചനയിൽ ആരാണ് പങ്കെടുത്തത് ; ആ കാര്യം സഭയ്ക്കറിയണ്ടേ?......(ബഹളം)....... ഇത് അങ്ങനെയുള്ള ഒരു കേസല്ല. ഇവിടെ ആരോ ധനകാര്യ വകുപ്പുമന്ത്രിക്കെതിരെ കോൺസ്പിറസി നടത്തി. ഞങ്ങളല്ല കോൺസ്പിറസി നടത്തിയത്. അങ്ങാണോ കോൺസ്പിറസി നടത്തിയത്; അതല്ല ആഭ്യന്തരമന്ത്രിയാണോ കോൺസ്പിറസി നടത്തിയത് എന്നുള്ള കാര്യം ഈ സഭയ്ക്ക് അറിയണ്ടേ? അതാരാണെന്ന് ബഹുമാനപ്പെട്ട നിയമവകുപ്പ് മന്ത്രിയോട് പറയാൻ അങ്ങ് ആവശ്യപ്പെടണം.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, ബഹുമാനപ്പെട്ട ശ്രീ. കോടിയേരി ബാലകൃഷ്ണൻ, അങ്ങ് ഇങ്ങനെ നിലപാട് മാറ്റിക്കൊണ്ടിരിക്കുകയാണ്......... (ബഹളം)......... ധനകാര്യ വകുപ്പുമന്ത്രിക്ക് ഇക്കാര്യത്തിൽ എന്താണ് പങ്ക്? ഇത് ക്യാബിനറ്റിൽ വന്നതും ചർച്ച ചെയ്തതുമാണ്. ഈ ബാറുകൾക്ക് ലൈസൻസ് കൊടുക്കേണ്ട എന്നുള്ള തീരുമാനമെടുത്തത് ക്യാബിനറ്റാണ്. അതിൽ മാണി സാറിന് പ്രത്യേകമായി പങ്കൊന്നും ഇല്ല. അങ്ങനെ പ്രത്യേകതകൾ ആർക്കെങ്കിലുമുണ്ടെങ്കിൽ

ഈ മന്ത്രിസഭയുടെ തലവൻ എന്നുള്ള നിലയ്ക്ക് എനിക്കായിരിക്കും.......... (ബഹളം) .............

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്......പ്ലീസ്.........പ്ലീസ്............

ശ്രീ. ഉമ്മൻ ചാണ്ടി: സർ, മാണിസാറിന് ഇതിനകത്ത് പ്രത്യേകിച്ച് യാതൊരു പങ്കുമില്ല. ഞങ്ങളുടെ തീരുമാനം ബാറുകൾക്ക് ലൈസൻസ് കൊടുക്കാനല്ല, കൊടുക്കണ്ടായെന്ന് തന്നെയാണ്. ഈ സാഹചര്യത്തിൽ മാണിസാർ രാജി വയ്ക്കേണ്ട ആവശ്യമില്ല. ഇത് യു.ഡി.എഫ്-ന്റെ തീരുമാനമാണ്, ഇത് ഞങ്ങളുടെ കൂട്ടായ തീരുമാനമാണ്, ഇത് മുഖ്യമന്ത്രിയുടെ തീരുമാനമാണ്. ഞാനൊരു ചോദ്യംകൂടി ചോദിക്കട്ടെ, ഒരു ഡ്രൈവറുടെ മൊഴിയുടെ അടിസ്ഥാനത്തിൽ കേസെടുക്കാം എന്നാണെങ്കിൽ ഇവിടെ എന്തായിരിക്കും സ്ഥിതി? നിങ്ങൾ അതാലോചിക്കണം. (ബഹളം)...

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത് നിങ്ങൾക്ക് കേൾക്കണ്ടേ........പറയുന്നത് കേൾക്കണം. ബഹുമാനപ്പെട്ട വി. എസ്. സുനിൽ കുമാർ...... പ്ലീസ്......

ശ്രീ. ഉമ്മൻ ചാണ്ടി: സർ, നമ്മളൊക്കെ പൊതുപ്രവർത്തകരാണ്. അപ്പുറത്തുമിപ്പുറത്തും ഇരുന്നെന്ന് വരും. നമ്മൾ എടുക്കുന്ന തീരുമാനങ്ങളിലൊക്കെ എതിർപ്പുള്ളവരുണ്ടായി എന്നുവരാം. ഒരു ഡ്രൈവർ പറഞ്ഞതിന്റെ പേരിൽ കേസെടുക്കുക, അതിന്റെ പേരിൽ രാജിവയ്ക്കുക എന്നു വന്നാൽ എന്തായിരിക്കും സ്ഥിതി? നിങ്ങൾ അതാലോചിക്കണം. നിങ്ങൾക്കും അനുഭവമില്ലേ? ഞാൻ പേരു പറയാൻ ആഗ്രഹിക്കുന്നില്ല.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഒരു ഡ്രൈവറല്ല സ്വീപ്പറാണെങ്കിലും അയാൾ ജീവിച്ചിരിക്കുന്ന മനുഷ്യനല്ലേ; അയാൾ കണ്ട കാര്യം പറഞ്ഞു.......... (ബഹളം)............

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞാൻ പേരു പറയാൻ ആഗ്രഹിച്ചതല്ല. പക്ഷെ അങ്ങ് എന്നെക്കൊണ്ട് പറയിപ്പിക്കുകയാണ്. നിങ്ങളുടെ കൂട്ടത്തിലുള്ള ഒരു എം.എൽ.എ.-യ്ക്കെതിരെ ഒരു ഡ്രൈവർ കൊണ്ടുകൊടുത്തു എന്നുപറഞ്ഞില്ലേ; അതു ശരിയാണോ? അങ്ങനെയൊരു മൊഴി വന്നാൽ ഒരു പൊതുപ്രവർത്തകൻ പ്രതിയാകുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നില്ല. അങ്ങ് പറയുന്നതുപോലെ അവരും മനുഷ്യരല്ലേ എന്ന് ചോദിച്ചാൽ എന്ത് പറയും? ആരെയും ബ്ലാക്ക്മെയിൽ ചെയ്യാൻ

ആർക്കും സാധിക്കും എന്നൊരു സ്ഥിതി വരുന്നത് ശരിയാണോ? നിങ്ങളുടെ എം.എൽ.എ.-യുടെ ഒരനുഭവം ഒന്ന് ചോദിച്ചു നോക്കൂ; ഒരാൾ മൊഴികൊടുത്താൽ അതിന്റെപേരിൽ രാജിവയ്ക്കണം, അതിന്റെപേരിൽ പ്രതിയാകും എന്നൊന്നും ഞങ്ങൾ വിശ്വസിക്കുന്നില്ല. രാഷ്ട്രീയത്തിന്റെ പേരിൽ ഇതുപോലുള്ള കടന്നാക്രമണം നടത്തുന്നത് ശരിയല്ല എന്നാണ് എനിക്ക് പറയാനുള്ളത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, അങ്ങ് പറഞ്ഞതിൽ ഭാഗികമായി ശരിയുണ്ട്. ബാർ കൊടുക്കണ്ട എന്ന് ഇപ്പോൾ നിങ്ങൾ തീരുമാനിച്ചിരിക്കുന്നു. പക്ഷെ ഏതാനും മാസങ്ങൾക്കുമുമ്പ് ഈ വിവാദങ്ങൾ തുടങ്ങുമ്പോൾ അങ്ങ് ക്യാബിനറ്റിൽ വയ്ക്കാൻ നിർദ്ദേശിച്ചത് ബാറുകൾ അനുവദിക്കുന്നതിനുവേണ്ടിയായിരുന്നില്ലേ; അത് പാടില്ലായെന്ന് നിയമവകുപ്പുമന്ത്രി പറഞ്ഞപ്പോഴല്ലേ തർക്കം വന്നത്; അപ്പോഴല്ലേ ഈ കോഴയുടെ പ്രശ്നം വന്നത്?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അതൊക്കെ തികച്ചും അടിസ്ഥാനരഹിതമായ കാര്യമാണ്. ക്യാബിനറ്റ് രഹസ്യങ്ങളൊന്നും പുറത്തു പറയാൻ പാടില്ലായെന്നുള്ളതാണ്. പക്ഷേ ഇത്രയും ചർച്ചയായതുകൊണ്ട് പറയുകയാണ്, ഞങ്ങൾ അവസാനമായി വേണ്ടെന്നുവച്ച ആ ഡേറ്റ് നിങ്ങൾ നോക്കണം. തെരഞ്ഞെടുപ്പിന്റെ മധ്യത്തിലാണ്. തെരഞ്ഞെടുപ്പുകാലത്ത് ഇങ്ങനെയൊരു തീരുമാനം വേണ്ട എന്നതിന്റെ പേരിലാണ് ഞങ്ങൾ തീരുമാനം മാറ്റിയത്.......... (ബഹളം).............

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ ഒരു കാര്യം, 312 ഷാപ്പുകളും ഇപ്പോൾ തുറന്നു. ഇപ്പോൾ മദ്യവർജ്ജനവുമില്ല, മദ്യനിരോധനവുമില്ല. എന്റെ ചോദ്യം, ബഹുമാനപ്പെട്ട കെ. എം. മാണി പറഞ്ഞത് ഇതൊരു രാഷ്ട്രീയ കോൺസ്പിറൻസിയുടെ ഭാഗമായിട്ടാണ് ഈ കേസ് രൂപപ്പെടുത്തിയത് എന്നാണ്. ഇതിന്റെ പിറകിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണെന്ന് ബഹുമാനപ്പെട്ട പി. സി. ജോർജ് ഏഴു പ്രാവശ്യം പറഞ്ഞു. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അഭിപ്രായം എന്താണ് ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, എന്റെ പ്രസംഗം ഇത്രയും കേട്ടിട്ടും ബഹുമാനപ്പെട്ട ബാലന് സംശയമാണെങ്കിൽ ആ സംശയം അവിടെ നിൽക്കട്ടെ. ശ്രീ. കെ. എം. മാണി ഈ കാര്യത്തിൽ ഒരു കുറ്റവും ചെയ്തിട്ടില്ല എന്ന് ഞങ്ങൾക്കെല്ലാം ബോധ്യമുണ്ട്. അതുകൊണ്ടാണ് അദ്ദേഹം ഇതുപോലുള്ള രാഷ്ട്രീയ കടന്നാക്രമണത്തിന് വിധേയനായി രാജിവയ്ക്കാൻ പാടില്ല എന്ന തീരുമാനമെടുത്തിട്ടുള്ളത്. ഈ വിഷയം

സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. എസ്. അച്യുതാനന്ദൻ</u>): ബഹുമാനപ്പെട്ട സ്പീക്കർ സർ, ശ്രീ. കെ. എം. മാണിക്കെതിരെയെടുത്ത കേസ് സാധാരണ ഒരു അഴിമതിക്കേസല്ല. ധനകാര്യവകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി കൈക്കൂലി ചോദിച്ച് വാങ്ങിയതായാണ് വിജിലൻസിന് തെളിവ് ലഭിച്ചിരിക്കുന്നത്. ചരിത്രത്തിൽ ആദ്യമായാണ് ഒരു സീനിയറായിട്ടുള്ള മന്ത്രി കൈക്കൂലി ചോദിച്ച് വാങ്ങിയിരിക്കുന്നത്. ശ്രീ. കെ. എം. മാണിയുടെ കീഴിലുള്ള ഒരു ഉദ്യോഗസ്ഥനാണ് ഇങ്ങനെ കൈക്കൂലി ചോദിച്ചുവാങ്ങിയിരുന്നതെങ്കിൽ എന്താകുമായിരുന്നു സ്ഥിതി? ആ ഉദ്യോഗസ്ഥനെ കഴുത്തിനുപിടിച്ച് കൈവിലങ്ങുവച്ച് തെരുവിലൂടെ കൊണ്ടുപോകുമായിരുന്നില്ലേ? പിന്നെ എന്തുകൊണ്ടാണ് മിസ്റ്റർ മാണിയെ അറസ്റ്റ് ചെയ്യാത്തത്? കൈക്കൂലി ചോദിച്ച് വാങ്ങിയ ശ്രീ. കെ. എം. മാണി മന്ത്രിസഭയ്ക്ക് മാത്രമല്ല ഈ നാടിനുതന്നെ അപമാനകരമല്ലേ? ഇത്തരമൊരു ധനകാര്യ വകുപ്പുമന്ത്രിയെ വച്ചുകൊണ്ട് എങ്ങനെ മുന്നോട്ടുപോകാനാകും? അതുകൊണ്ട് ശ്രീ. കെ. എം. മാണി ഇപ്പോൾത്തന്നെ രാജിവയ്ക്കണം. അതിന് തയ്യാറായില്ലെങ്കിൽ അദ്ദേഹത്തെ മുഖ്യമന്ത്രി പുറത്താക്കണം. ഇതാണ് കേരള ജനത പ്രതീക്ഷിക്കുന്നത്. കോഴക്കേസ് തനിക്കെതിരായുള്ള ഗൂഢാലോചനയാണെന്നാണ് മിസ്റ്റർ മാണി പറയുന്നത്. ആരാണ് ഗൂഢാലോചന നടത്തിയതെന്ന് തുറന്ന് പറയണം. അങ്ങനെ പറയുമ്പോൾ മുഖ്യമന്ത്രിയും ആഭ്യന്തര വകുപ്പുമന്ത്രിയും ഇങ്ങനെ പതുങ്ങിയിരിക്കുന്നത് ശരിയല്ല. അവർക്കും ഈ ഗൂഢാലോചനയെപ്പറ്റി പറയാം. മന്ത്രിസഭയ്ക്കുള്ളിലും യു.ഡി.എഫ്.-നുള്ളിലും തന്നെയാണ് ഗൂഢാലോചന എന്നല്ലേ റിപ്പോർട്ടുകൾ? കേസിനുപിന്നിൽ മുഖ്യമന്ത്രിയുടെ ഗൂഢാലോചനയുണ്ടെന്ന് തുടക്കത്തിൽത്തന്നെ പറഞ്ഞത് ഗവ. ചീഫ്‌വിപ്പ് ആണ്. അതിൽനിന്നും ഈ മന്ത്രിസഭയ്ക്ക് കൂട്ടുത്തരവാദിത്വം ഇല്ലെന്നല്ലേ തെളിയിക്കുന്നത്? പിന്നെ എന്തിനാണ് മന്ത്രിസഭയെന്നുപറഞ്ഞ് നിങ്ങൾ ചടഞ്ഞുകൂടിയിരിക്കുന്നത്; കൈക്കൂലിയും അഴിമതിയും മാത്രമല്ല പാരവയ്പും കുതികാൽവെട്ടുമൊക്കെ ഈ മന്ത്രിസഭയുടെ മുഖമുദ്രകളല്ലേ? കേസന്വേഷണത്തിൽ

ഇടപെടാൻ പാടില്ലെന്നും വിജിലൻസിന് സ്വന്തം നിലയിൽ കേസ് രജിസ്റ്റർ ചെയ്യുന്ന കാര്യം തീരുമാനിക്കാമെന്നുമാണ് ഹൈക്കോടതി പറഞ്ഞിരുന്നത്. നേരത്തേ ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞതും വിജിലൻസ് കൂട്ടിലടച്ച തത്തയല്ല എന്നാണ്. ആഭ്യന്തര വകുപ്പുമന്ത്രിയുടെ വാക്കിന് എന്തെങ്കിലും വിലയുണ്ടോ? ഒരുളുപ്പുമില്ലാതെയല്ലേ അദ്ദേഹം ഇങ്ങനെ പത്രസമ്മേളനം നടത്തിയത്? ഹൈക്കോടതി പറഞ്ഞതു കൊണ്ടുമാത്രം ഒരു എഫ്.ഐ.ആർ. ഇട്ടു എന്നല്ലേ അദ്ദേഹം പത്രസമ്മേളനത്തിൽ പറഞ്ഞത്? എഫ്.ഐ.ആർ. ഇട്ടതിനുശേഷവും കൈക്കൂലിക്കാരനായ ശ്രീ. കെ. എം. മാണിയെ രക്ഷിക്കാനാണോ അതോ ശ്രീ. കെ. എം. മാണിക്കെതിരെ ഗൂഢാലോചന നടത്തിയതിനുശേഷം പുറമേ അദ്ദേഹത്തെ സുഖിപ്പിക്കാൻവേണ്ടി ഇങ്ങനെ വേഷം കെട്ടുന്നതാണോ? ഇതിലേതായാലും സംഗതി നാണക്കേടാണ്. ദേശീയ ദിനപത്രമായ ഹിന്ദു ഉൾപ്പെടെയുള്ള എല്ലാ പത്രങ്ങളും ശ്രീ. കെ. എം. മാണി രാജിവയ്ക്കണമെന്നല്ലേ പറഞ്ഞിരിക്കുന്നത്? ഇത് കേരളജനതയുടെ മൊത്തം വികാരമാണ്. അതിനോട് നിഷേധാത്മകമായ നിലപാടാണോ നിങ്ങൾ സ്വീകരിക്കാൻ പോകുന്നതെന്ന് ഞങ്ങൾക്ക് അറിയേണ്ടിയിരിക്കുന്നു. തെറ്റുചെയ്ത മിസ്റ്റർ മാണിയെ രാജിവയ്പിച്ചിട്ട് സ്വതന്ത്രവും നീതിപൂർവ്വവുമായ ഒരന്വേഷണം നടത്താൻ അവസരം ഉണ്ടാക്കുമോ എന്നാണ് ഞങ്ങൾക്ക് ചോദിക്കാനുള്ളത്. നിങ്ങൾ ഇക്കാര്യത്തിൽ എടുത്തിരിക്കുന്ന നിലപാട് ശ്രീ. മാണിയെ ന്യായീകരിക്കാനാണ് ശ്രമിക്കുന്നതെന്ന് ഈ ചർച്ചയിലൂടെ വ്യക്തമായിരിക്കുകയാണ്. ജനങ്ങളെ ധിക്കരിച്ചുകൊണ്ട് അധികകാലം നിങ്ങൾക്കിങ്ങനെ പോകാൻ സാധിക്കുകയില്ല. ഇത്രയും ഗുരുതരമായ പ്രശ്നത്തിന്റെ പേരിൽ, ശ്രീ. കെ. എം. മാണി രാജിവയ്ക്കണമെന്ന പ്രതിപക്ഷ ആവശ്യം അംഗീകരിക്കാനോ അതുസംബന്ധിച്ച് അടിയന്തര പ്രമേയം അനുവദിക്കാനോ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞങ്ങൾ സഭയുടെ നടുത്തളത്തിൽ കുത്തിയിരിക്കാൻ പോകുകയാണ്.

(പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലിറങ്ങി മുദ്രാവാക്യം മുഴക്കി സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു).

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രദ്ധ ക്ഷണിക്കലും സബ്മിഷനുകളും റദ്ദ് ചെയ്യുന്നു.

## V മേശപ്പുറത്തുവച്ച കടലാസുകൾ

ചട്ടം 47(2) അനുസരിച്ചുള്ള പ്രത്യേക ലിസ്റ്റ് പ്രകാരം

1. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി

(ശ്രീ. കെ. സി. ജോസഫ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിലെ 1357, ഒൻപതാം സമ്മേളനത്തിലെ 1310, 2941, 2952, പത്താം സമ്മേളനത്തിലെ 1488, 1497, 1502, 3208 പതിനൊന്നാം സമ്മേളനത്തിലെ 2626, 3025, 4651, 4652, 7303, 7328 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

2. നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.:

പതിമൂന്നാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിലെ 3567, പത്താം സമ്മേളത്തിലെ 1602 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

3. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 7281, അഞ്ചാം സമ്മേളത്തിലെ 6109, ഒൻപതാം സമ്മേളത്തിലെ 4673, 6953 പത്താം സമ്മേളനത്തിലെ 1627, 1633 പതിനൊന്നാം സമ്മേളനത്തിലെ 6036, 6037, 7445 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

4. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 1866, 3454 എട്ടാം സമ്മേളനത്തിലെ 3213, 3236 ഒൻപതാം സമ്മേളനത്തിലെ 4760 പത്താം സമ്മേളത്തിലെ 1772, 1792, 3407, 3436, 3440 പതിനൊന്നാം സമ്മേളനത്തിലെ 1583, 3214, 3215, 3234, 6099, 6110, 6133, 6134, 6136, 7543 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

## VI റിപ്പോർട്ട് സമർപ്പണം

### (1) 2014-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഭേദഗതി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, മുഖ്യമന്ത്രിയും ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റി അദ്ധ്യക്ഷനുമായ ഞാൻ 2014-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഭേദഗതി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

### (2) 2014-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഊർജ്ജ വകുപ്പുമന്ത്രിയും വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച VII -ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനുമായ ഞാൻ 2014-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

### (3) സബ്ജക്ട് കമ്മിറ്റി I-ന്റെ റിപ്പോർട്ട്

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രിയും കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച I-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനുമായ ഞാൻ സമിതിയുടെ 'ഉപജീവനമാർഗ്ഗമെന്ന നിലയിൽ മൃഗസംരക്ഷണം-സർക്കാർ പദ്ധതികൾ' എന്ന വിഷയം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും 2007-12 പഞ്ചവത്സര പദ്ധതിയിൽപ്പെട്ട ഭക്ഷ്യസുരക്ഷ എന്ന പദ്ധതിയുടെ നടത്തിപ്പിനെ കുറിച്ചുള്ള സമിതിയുടെ ചർച്ചയുടെ സംക്ഷേപം, കൃഷി, മണ്ണുപര്യവേഷണം എന്നീ വകുപ്പുകളുടെ 2011-12 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകളിന്മേൽ സമിതി നടത്തിയ ചർച്ചയുടെ സംക്ഷേപം എന്നിവയും സമർപ്പിക്കുന്നു.

## VII ധനകാര്യം

### 2014-15 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെയും 2003-04, 2009-10, 2010-11, 2011-12 സാമ്പത്തിക വർഷങ്ങളിലെ അധിക

## ധനാഭ്യർത്ഥനകളുടെയും സ്റ്റേറ്റ്മെന്റുകൾ

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2014-15 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെയും 2003-04, 2009-10, 2010-11, 2011-12 എന്നീ സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളുടെയും സ്റ്റേറ്റ്മെന്റുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു. (.........ബഹളം........)

മി. ഡെപ്യൂട്ടി സ്പീക്കർ: സഭ നടത്തിക്കൊണ്ട് പോകണ്ടേ.......... അനൗദ്യോഗിക പ്രമേയങ്ങൾ എടുക്കണ്ടേ..............

(കാര്യവിവരപ്പട്ടികയിലെ ആറാമത്തെ ഇനമായ അനൗദ്യോഗികാംഗങ്ങളുടെ കാര്യം റദ്ദു ചെയ്തു.)

ഓർഡർ, ഓർഡർ......... സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2014 ഡിസംബർ മാസം 15-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 10.49-ന് പിരിഞ്ഞു.)

## അനുബന്ധം

## ചട്ടം 47(2) പ്രകാരം മേശപ്പുറത്തുവച്ച ചോദ്യത്തരങ്ങൾ

### മിഷൻ 676 പദ്ധതി ചാലക്കുടി മണ്ഡലത്തിൽ

7303 <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെക്കാണുന്ന ചോദ്യത്തിന് ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മിഷൻ 676 പദ്ധതിയുടെ ഭാഗമായി ഗ്രാമവികസനം, ആസൂത്രണം, സാംസ്കാരികം എന്നീ വകുപ്പുകളുടെ ഏതെല്ലാം പ്രവർത്തനങ്ങളാണ് ചാലക്കുടി മണ്ഡലത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

സംസ്ഥാനത്ത് മിഷൻ 676-ന്റെ ഭാഗമായി ഗ്രാമവികസന വകുപ്പ് മുഖേന പി.എം.ജി.എസ്.വൈ., എം.ജി.എൻ.ആർ.ഇ.ജി.എസ്., ഐ.എ.വൈ, പദ്ധതികൾ ചാലക്കുടി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കി വരുന്നുണ്ട്.

### വിദ്യാഭ്യാസ വായ്പ തിരിച്ചടവ്

3025 <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ ലോൺ സ്വീകരിച്ച് നിലവിൽ വിദ്യാഭ്യാസം തുടരുന്ന വിദ്യാർത്ഥികളുടെ എണ്ണം എത്രയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിദ്യാഭ്യാസ വായ്പ എടുത്ത് വിദ്യാഭ്യാസം പൂർത്തിയാക്കി തൊഴിൽ ലഭിക്കാത്തവർ എത്ര; വായ്പ തിരിച്ച് പിടിക്കാൻ ബാങ്കുകൾ നടപടി ആരംഭിച്ച വായ്പ കുടിശ്ശികയുള്ളവർ എത്ര; വ്യക്തമാക്കുമോ ;

(ബി) വിവിധ ബാങ്കുകൾ സർക്കാരിന് ഇത് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കിയിട്ടുണ്ടോ. ഇല്ലെങ്കിൽ ഇത് സംബന്ധിച്ച വിശദാംശം ശേഖരിക്കാൻ ആസൂത്രണ/സാമ്പത്തിക വകുപ്പുകൾക്ക് നിർദ്ദേശം നൽകുമോ ;

(സി) പ്രസ്തുത വിദ്യാഭ്യാസ വായ്പ ലഭ്യമായ വിദ്യാർത്ഥികൾക്ക് എന്തെല്ലാം കേന്ദ്ര/സംസ്ഥാന സഹായങ്ങൾ നൽകിവരുന്നു ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദ്യാഭ്യാസ വായ്പ

യഥാസമയം ലഭിക്കാത്തതിനാൽ മനംനൊന്ത് ആത്മഹത്യ ചെയ്തവർ എത്ര; വിശദാംശം ലഭ്യമാക്കുമോ ;

(ഇ) വിദ്യാഭ്യാസ വായ്പ എടുത്തിട്ടുള്ള വിദ്യാർത്ഥികൾക്കുവേണ്ട സഹായങ്ങളും സംരക്ഷണവും ലഭ്യമാക്കണമെന്ന യുവജനക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമസഭാ സമിതിയുടെ നിർദ്ദേശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ. എങ്കിൽ ഇതിലെ ഏതെല്ലാം നിർദ്ദേശങ്ങൾ നാളിതുവരെ നടപ്പിലാക്കി; വിശദമാക്കുമോ ;

(എഫ്) ഇല്ലെങ്കിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർ, ബാങ്കുകൾ എന്നിവരുടെ പേരിൽ നടപടികൾ സ്വീകരിക്കുമോയെന്ന്; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. സംസ്ഥാനത്ത് 2014 മാർച്ച് 31 വരെ വിദ്യാഭ്യാസത്തിന് വേണ്ടി വായ്പ എടുത്ത് വായ്പ നിലവിലുള്ള വിദ്യാർത്ഥികളുടെ എണ്ണം 3,83,317 ആണ്. അതിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയവരും ജോലി ലഭിച്ചിട്ടില്ലാത്തവരും വിദ്യാഭ്യാസം പൂർത്തിയാക്കിയിട്ടില്ലാത്തവരും (കോഴ്സ് പൂർത്തിയാക്കിയവർ) ഉൾപ്പെട്ടിട്ടുണ്ട്.

സംസ്ഥാനത്ത് 31-3-2014 വരെ വിദ്യാഭ്യാസ വായ്പ എടുത്ത് കുടിശ്ശിക ആയവരുടെ എണ്ണം 45843 ആണ്. അതിൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച മോറട്ടോറിയം ബാധകമായിട്ടുള്ളത് ഒഴികെയുള്ള അക്കൗണ്ടുകളിൽ ബാങ്കുകൾ നിയമാനുസൃതമായ റിക്കവറി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(സി) സംസ്ഥാനത്തെ ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകളിൽ നിന്നും 1-4-2004 മുതൽ 31-3-2009 വരെ എടുത്തിട്ടുള്ള ബി.പി.എൽ/3 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ളവരുടെ വിദ്യാഭ്യാസ വായ്പ തുകയ്ക്ക് വ്യവസ്ഥകൾക്ക് വിധേയമായി സംസ്ഥാന സർക്കാർ പലിശ സബ്സിഡി പ്രഖ്യാപിച്ചിരുന്നു. എന്നാൽ 3 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ളവർക്കായി പ്രഖ്യാപിച്ച പലിശ സബ്സിഡി സ്കീം, സമാനമായ മറ്റൊരു പലിശ സബ്സിഡി സ്കീം കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചതിനെ തുടർന്ന് സംസ്ഥാന സർക്കാർ പിൻവലിച്ചു. 4.5 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള വിദ്യാർത്ഥികൾക്ക് +2 കഴിഞ്ഞുള്ള പ്രൊഫഷണൽ/സാങ്കേതിക വിദ്യാഭ്യാസത്തിന് 1-4-2009-നുശേഷം

വിതരണം ചെയ്ത വായ്പ തുകയ്ക്ക് തിരിച്ചടവ് ആരംഭിക്കുന്നത് വരെയുള്ള പലിശ, വ്യവസ്ഥകൾക്ക് വിധേയമായി, കേന്ദ്ര സർക്കാർ സബ്സിഡിയായി നൽകി വരുന്നുണ്ട്. 1-4-2009-ന് മുൻപ് വിദ്യാഭ്യാസ വായ്പ എടുത്ത 4.5 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള തൊഴിൽ രഹിതർക്ക് 2013 ഡിസംബർ 31 വരെയുള്ള പലിശ സബ്സിഡി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദ്യാഭ്യാസ വായ്പ യഥാസമയം ലഭിക്കാത്തതിനാൽ മനംനൊന്ത് ഒരു പെൺകുട്ടി ആത്മഹത്യ ചെയ്തിട്ടുണ്ട്. എച്ച്.ഡി.എഫ്.സി. ബാങ്കിന്റെ കുടമാളൂർ, പുലിഞ്ചുവട് ബ്രാഞ്ചിൽ നിന്നും യഥാസമയം വിദ്യാഭ്യാസ വായ്പ ലഭിക്കാത്തതിനാൽ നഴ്സിംഗ് വിദ്യാർത്ഥിനിയായിരുന്ന ശ്രുതി എന്നറിയപ്പെടുന്ന ആതിര, 20 വയസ്, D/o ശ്രീകാന്ത്, ഗോപിക വീട്, കുടമാളൂർ ആണ് ആത്മഹത്യ ചെയ്തത്. ഇതിന് കോട്ടയം ജില്ലയിൽ കോട്ടയം വെസ്റ്റ് പോലീസ് സ്റ്റേഷൻ ക്രൈം.440/2012 U/s 306 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് എച്ച്.ഡി.എഫ്.സി. ബാങ്കിന്റെ കുടമാളൂർ, പുലിഞ്ചുവട് ബ്രാഞ്ചിന്റെ മാനേജർ ആയിരുന്ന ഹരികൃഷ്ണൻ, ക്രെഡിറ്റ് മാനേജർ ആയിരുന്ന ജേബിൻസൺ എന്നിവരെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുകയും കോടതി ഇരുവർക്കും ജാമ്യം നൽകിയിട്ടുള്ളതുമാണ്. കേസ് ഇപ്പോൾ പെൻഡിങ് ട്രയൽ ആണ്.

(ഇ&എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനതല ബാങ്കേഴ്സ് സമിതി, സഹകരണ വകുപ്പ് എന്നിവയുടെ അഭിപ്രായം ആവശ്യപ്പെട്ടിട്ടുണ്ട്.

**ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച പദ്ധതിവിഹിതം**

3454 ശ്രീ. ഇ. പി. ജയരാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-11 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദിച്ച ആകെ പദ്ധതി വിഹിതം എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഉല്പാദനമേഖല സേവനമേഖല പശ്ചാത്തലമേഖല എന്നിവയ്ക്ക് യഥാക്രമം എത്ര തുക വീതവും, എത്ര ശതമാനം വീതവും ആയിരുന്നു ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) 2011-12 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദിച്ച ആകെ പദ്ധതി വിഹിതം എത്രയായിരുന്നു; ഇത് ഉല്പാദന മേഖല, സേവന മേഖല, പശ്ചാത്തല മേഖല തിരിച്ച് ആകെ തുകയും ശതമാനക്കണക്കും ലഭ്യമാക്കുമോ;

(ഡി) 2012-13 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദിച്ച ആകെ പദ്ധതി വിഹിതം എത്രയാണ്; ഇതിൽ ഉല്പാദന മേഖലയ്ക്ക് എത്ര തുക, എത്ര ശതമാനം, സേവന മേഖലയ്ക്ക് എത്ര തുക, എത്ര ശതമാനം, പശ്ചാത്തല മേഖലയ്ക്ക് എത്ര തുക, എത്ര ശതമാനം അനുവദിച്ചുവെന്നും നാളിതുവരെ ഓരോ മേഖലയിലും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ)

*തുക ലക്ഷം രൂപയിൽ*

| വിശദാംശം | പൊതു വിഭാഗം | എസ്.സി.പി | ടി.എസ്.പി | ആകെ പദ്ധതി വിഹിതം |
|---|---|---|---|---|
| ബഡ്ജറ്റ് അലോക്കേഷൻ | 77194.31 | 31310.34 | 4375.56 | 112880.21 |
| ക്യാരി ഓവർ | 17282.64 | 16060.45 | 1795.52 | 35138.61 |
| ആകെ ലഭ്യമായ തുക | 94476.95 | 47370.79 | 6171.08 | 148018.82 |

(ബി)

*തുക ലക്ഷം രൂപയിൽ*

| മേഖല | ചെലവ് | ചെലവ് ശതമാനം |
|---|---|---|
| ഉല്പാദന മേഖല | 16786.74 | 64.55 |
| സേവന മേഖല | 31389.54 | 59.84 |
| പശ്ചാത്തല മേഖല | 15813 .26 | 76.52 |

(സി) 2011-12 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദിച്ച പദ്ധതി വിഹിതം സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു:

*തുക ലക്ഷം രൂപയിൽ*

| വിശദാംശം | പൊതു വിഭാഗം | എസ്.സി.പി. | ടി.എസ്.പി. | ആകെ |
|---|---|---|---|---|
| ബഡ്ജറ്റ് വിഹിതം | 99560.19 | 34107.6 | 5862.89 | 139530.68 |
| ക്യാരി ഓവർ | 18620.51 | 21105.92 | 2187.1 | 41913.53 |
| ആകെ ലഭ്യമായ തുക | 118180.7 | 55213.52 | 8049.99 | 181444.21 |

കുറിപ്പ്:- പൊതു വിഭാഗം ഫണ്ടിൽ 13-ാം ധനകാര്യ കമ്മിഷൻ അവാർഡ്, ലോകബാങ്ക് സഹായം, സ്പെഷ്യൽ ഗ്രാന്റ്, റോഡ് പുനരുദ്ധാരണത്തിനുള്ള അധികവിഹിതം തുടങ്ങിയ സ്രോതസ്സുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

മേഖല തിരിച്ചുള്ള വിവരങ്ങൾ *തുക ലക്ഷം രൂപയിൽ*

| മേഖല | പൊതു വിഭാഗം | എസ്.സി.പി | ടി.എസ്.പി | ആകെ | ശതമാനം |
|---|---|---|---|---|---|
| ഉല്പാദന മേഖല | 23616.03 | 4597.97 | 498.68 | 28712.69 | 15.82 |
| സേവന മേഖല | 28620.19 | 35491.46 | 5597.76 | 69709.41 | 38.42 |
| പശ്ചാത്തല മേഖല | 28583.00 | 10352.51 | 868.47 | 39803.99 | 21.94 |
| മേഖലാ വിഭജനത്തിന് പുറമേ | 37317.61 | 4813.51 | 1085.08 | 43216.20 | 23.82 |

(ഡി) 2012-13- ലെ ബഡ്ജറ്റ് വിഹിതം

*തുക ലക്ഷം രൂപയിൽ*

| സ്രോതസ്സ് | | തുക |
|---|---|---|
| സാധാരണ വിഹിതം | | 66336.86 |
| 13-ാം ധനകാര്യ കമ്മിഷൻ അവാർഡ് | | 41492.11 |
| ലോക ബാങ്ക് സഹായം | | 24730.02 |
| പ്രത്യേക ഗ്രാന്റ് | | 13330 |
| എസ്.സി.പി. | | 38200.48 |
| ടി.എസ്.പി. | | 6566.49 |
| | ആകെ | 178655.96 |

മേഖലാടിസ്ഥാനത്തിൽ വകയിരുത്തിയ തുക

*തുക ലക്ഷം രൂപയിൽ*

| മേഖല | വകയിരുത്തിയ തുക | ശതമാനം |
|---|---|---|
| ഉല്പാദന മേഖല | 23719.94 | 13.28 |
| സേവന മേഖല | 123111.93 | 68.91 |
| പശ്ചാത്തല മേഖല | 68250.18 | 38.20 |

ഓരോ മേഖലയിലും ചെലവഴിച്ച തുക

*തുക ലക്ഷത്തിൽ*

| മേഖല | വികസനഫണ്ട് ചെലവ് |
|---|---|
| ഉല്പാദന മേഖല | 13577.78 |
| സേവന മേഖല | 85777.47 |
| പശ്ചാത്തല മേഖല | 38275.99 |
| ആകെ | 137631.24 |

**പഞ്ചായത്തുകളുടെ വരവ് - ചെലവ് കണക്ക്**

1583 ശ്രീ. കെ. വി. വിജയദാസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ ഗ്രാമ -ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെ പ്ലാൻ- നോൺ പ്ലാൻ ഫണ്ടുകളുടെ ആകെ വിഹിതവും ചെലവും ഉൾപ്പെടെയുള്ള വിശദ വിവരം നൽകാമേ;

(ബി) പ്രസ്തുത പഞ്ചായത്തുകൾക്ക് ലഭിച്ച ആകെ കേന്ദ്രവിഹിതം എത്രയാണ്; കേന്ദ്ര വിഹിതത്തിന്റെ ചെലവു സംബന്ധിച്ച വിവരം നൽകാമോ;

(സി) ഭവന നിർമ്മാണത്തിനായി ലഭിച്ച തുക പൂർണ്ണമായും വിനിയോഗിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദവിവരം നൽകാമോ?

ഉത്തരം

(എ) *തുക ലക്ഷത്തിൽ*

| തദ്ദേശ സ്വയം ഭരണ സ്ഥാപനം | വകയിരുത്തിയ തുക | | ചെലവഴിച്ച തുക | |
|---|---|---|---|---|
| | പ്ലാൻ ഫണ്ട് | നോൺ പ്ലാൻ ഫണ്ട് | പ്ലാൻ ഫണ്ട് | നോൺ പ്ലാൻ ഫണ്ട് |
| ഗ്രാമപഞ്ചായത്ത് | 406483.97 | 208307.52 | 311845.97 | 49429.61 |
| ബ്ലോക്ക് പഞ്ചായത്ത് | 76705.62 | 105707.98 | 59724.05 | 7721.87 |
| ജില്ലാ പഞ്ചായത്ത് | 131457.35 | 43306.24 | 79532.27 | 3186.87 |

(ബി) *തുക കോടിയിൽ*

| | കേന്ദ്ര വിഹിതം | ചെലവഴിച്ച തുക |
|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2.43 | 0.57 |
| ബ്ലോക്ക് പഞ്ചായത്ത് | 217.42 | 272.84 (മുൻ വർഷത്തെ നീക്കിയിരുപ്പുൾപ്പെടെ) |

(സി) ഇല്ല

*തുക ലക്ഷത്തിൽ*

| തരം | വകയിരുത്തൽ | | ചെലവ് | | ചെലവ് ശതമാനം | |
|---|---|---|---|---|---|---|
| | വികസന ഫണ്ട് | ആകെ അടങ്കൽ | വികസന ഫണ്ട് | ആകെ അടങ്കൽ | വികസന ഫണ്ട് | ആകെ അടങ്കൽ |
| ജില്ലാ പഞ്ചായത്ത് | 4135.98 | 8852.77 | 3626.77 | 3743.13 | 87.69 | 42.28 |
| ബ്ലോക്ക് പഞ്ചായത്ത് | 10500.64 | 47353.35 | 10184.02 | 12817.28 | 96.98 | 27.07 |
| ഗ്രാമ പഞ്ചായത്ത് | 44799.46 | 76916.68 | 35602.09 | 39249.82 | 79.47 | 51.03 |

**എസ്.സി.പി., ടി.എസ്.പി. ഫണ്ടിന്റെ വിനിയോഗം**

3213 <u>ശ്രീ. എ. കെ. ബാലൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകൾ മുഖേന 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ എസ്.സി.പി., ടി.എസ്.പി. ഫണ്ടിന്റെ വിനിയോഗം എപ്രകാരമായിരുന്നു; മുൻ വർഷത്തെ ബാക്കിയും ബജറ്റ് വിഹിതവും ചേർത്ത് എത്ര തുകയാണ് ചെലവഴിക്കേണ്ടിയിരുന്നത്; അതിന്റെ എത്ര ശതമാനം ചെലവഴിച്ചു;

(ബി) ഈ ഫണ്ടിന്റെ വിനിയോഗം 2006-07 മുതൽ 2011-12 വരെ എത്ര ശതമാനമായിരുന്നു;

(സി) ഫണ്ട് വിനിയോഗം കുറയാൻ കാരണമെന്താണെന്നാണ് വിലയിരുത്തുന്നത്;

(ഡി) ഫണ്ട് വിനിയോഗം വർദ്ധിപ്പിക്കാൻ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ;

<u>ഉത്തരം</u>

(എ) എസ്.സി.പി. വിഹിതത്തിൽ 2011-12 വർഷം പ്രാരംഭ ബാക്കിയുൾപ്പെടെ 539.98 കോടി രൂപ ചെലവഴിക്കേണ്ടിയിരുന്നത് 69.9 ശതമാനം ആണ് ചെലവഴിച്ചത്. 2012-13 വർഷം പ്രാരംഭബാക്കിയുൾപ്പെടെ 543.97 കോടി രൂപ ലഭ്യമായതിൽ 62.54 ശതമാനം ആണ് ചെലവഴിച്ചത്. ടി.എസ്.പി. വിഹിതത്തിൽ 2011-12 വർഷം പ്രാരംഭബാക്കിയുൾപ്പെടെ 79.96 കോടി രൂപ ലഭ്യമായതിൽ 65.27 ശതമാനം ഫണ്ടാണ് ചെലവഴിച്ചത്. 2012-13 വർഷം പ്രാരംഭബാക്കിയുൾപ്പെടെ 92.28 കോടി രൂപ ലഭ്യമായതിൽ 62.61 ശതമാനം തുകയാണ് ചെലവഴിച്ചത്.

(ബി) എസ്.സി.പി., റ്റി.എസ്.പി. ഫണ്ട് വിനിയോഗ ശതമാനം ചുവടെ ചേർക്കുന്നു:

| വർഷം | എസ്.സി.പി. | റ്റി.എസ്.പി. |
|---|---|---|
| 2006-07 | 85.65 | 84.65 |
| 2007-08 | 82.83 | 86.07 |
| 2008-09 | 65.49 | 74.06 |
| 2009-10 | 66.05 | 72.06 |
| 2010-11 | 54.89 | 65.18 |
| 2011-12 | 69.93 | 65.24 |

(സി) ഫണ്ട് വിനിയോഗത്തിന്റെ ഗണ്യമായ കുറവ് വന്നിട്ടുള്ളതായി കാണുന്നില്ല. ഗുണഭോക്താക്കളുടെ ലഭ്യത കുറവ് ഒരു പരിധി വരെ ഫണ്ട് വിനിയോഗത്തെ ബാധിച്ചിട്ടുള്ളതായി കരുതുന്നു.

(ഡി) ഈ വർഷം ഡിസംബർ മാസമാകുമ്പോൾ 2013-14 വാർഷിക പദ്ധതി ചെലവുകൾ പൂർത്തീകരിക്കേണ്ടതും 2014 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ 2014-15, 2015-16 വർഷങ്ങളിലേയ്ക്കുള്ള പ്രോജക്ടുകൾ തയ്യാറാക്കേണ്ടതുമാണെന്നും തീരുമാനിച്ചിട്ടുണ്ട്.

## തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഇൻഷ്വറൻസ്

1357 ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ഏതെല്ലാം തരത്തിലുള്ള ഇൻഷ്വറൻസാണ് ഏർപ്പെടുത്തിയിരിക്കുന്നത്;

(ബി) 2012-13 തൊഴിലുറപ്പ് ജോലിക്കിടെ എത്ര തൊഴിലാളികൾക്ക് അപകടമരണം സംഭവിച്ചു; ജില്ല തിരിച്ച് വിശദാംശം നൽകാമോ;

(സി) അപകട മരണം സംഭവിച്ച തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്ക് യഥാസമയം ഇൻഷ്വറൻസ് തുക ലഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു.

(ഡി) ഓരോ ജില്ലയിലും എത്ര പേർക്ക് ഇപ്രകാരം ഇൻഷ്വറൻസ് തുക വിതരണം ചെയ്തു; വിശദാംശം നൽകാമോ?

ഉത്തരം

(എ) തൊഴിലുറപ്പ് പദ്ധതിയിൽ ജോലിയിൽ ഏർപ്പെടുന്ന തൊഴിലാളികൾക്ക് ആർ.എസ്.ബി.വൈ., ജനശ്രീ ബീമാ യോജന എന്നീ ഇൻഷുറൻസ് പദ്ധതികളാണ് ഏർപ്പെടുത്തിയിട്ടുള്ളത്.

(ബി) 2012-13-ൽ തൊഴിലുറപ്പ് ജോലിക്കിടെ അപകട മരണം സംഭവിച്ച തൊഴിലാളികളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| ജില്ല | എണ്ണം |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 7 |
| കൊല്ലം | 7 |
| പത്തനംതിട്ട | 1 |
| ആലപ്പുഴ | 6 |
| കോട്ടയം | 0 |
| ഇടുക്കി | 6 |

| (1) | (2) |
|---|---|
| എറണാകുളം | 0 |
| തൃശ്ശൂർ | 3 |
| പാലക്കാട് | 1 |
| മലപ്പുറം | 0 |
| കോഴിക്കോട് | 0 |
| വയനാട് | 4 |
| കണ്ണൂർ | 3 |
| കാസർകോഡ് | 0 |
| ആകെ | 38 |

(സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് നിർബന്ധമാക്കിയിട്ടില്ല. എന്നാൽ തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്ന തൊഴിലാളിക്ക് അപകട മരണമോ സ്ഥിരം അംഗവൈകല്യമോ സംഭവിച്ചാൽ, കേന്ദ്രസർക്കാർ 3-1-2014-ൽ പരിഷ്കരിച്ച I&II ഷെഡ്യൂൾ പ്രകാരം, എക്സ്ഗ്രേഷ്യയായി ആംആദ്മി ബീമാ യോജനയുടെ നിബന്ധന പ്രകാരമുള്ള തുകയ്ക്കോ കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്യുന്ന തുകയ്ക്കോ അർഹത ഉണ്ടായിരിക്കുന്നതാണ്. നിലവിലെ കേന്ദ്ര സർക്കാർ വിജ്ഞാപന പ്രകാരം 25,000 രൂപയാണ് എക്സ്ഗ്രേഷ്യയായി നൽകി വരുന്നത്.

(ഡി) ബാധകമല്ല.

**ദേശീയ തൊഴിലുറപ്പ് പദ്ധതി**

1310 <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ആകെയുള്ള അംഗങ്ങളുടെ എണ്ണം എത്ര; സ്ത്രീകൾ എത്ര; പുരുഷൻമാർ എത്ര; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇപ്പോഴത്തെ സർക്കാർ അധികാരമേറ്റതിനുശേഷം തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്യുന്നതിനിടെ മരണപ്പെട്ടവർ എത്ര; ഇപ്രകാരം മരണപ്പെട്ടവരുടെ കുടുംബത്തിന് എന്തൊക്കെ ധന സഹായം നൽകി; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിലെ അംഗങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകാൻ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതിയിലെ അംഗങ്ങൾക്ക് പെൻഷൻ നൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ;

(ഇ) ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഏതെല്ലാം തരത്തിലുള്ള ജോലികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(എഫ്) ഏതെല്ലാം മേഖലകളെക്കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്; നിലവിൽ ഉണ്ടായിരുന്നവയിൽ ഏതെങ്കിലും മേഖല ഒഴിവാക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ജി) തൊഴിലുറപ്പ് പദ്ധതി പ്രകാരം ജോലി ചെയ്യുന്നതിന് സമയക്രമം നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തവരുടെ എണ്ണവും സ്ത്രീകളുടേയും പുരുഷന്മാരുടേയും എണ്ണവും ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | രജിസ്റ്റർ ചെയ്തവരുടെ എണ്ണം | രജിസ്റ്റർ ചെയ്ത സ്ത്രീകളുടെ എണ്ണം | രജിസ്റ്റർ ചെയ്ത പുരുഷന്മാരുടെ എണ്ണം |
|---|---|---|---|
| (1) | (2) | (3) | (4) |
| തിരുവനന്തപുരം | 484342 | 320834 | 163508 |
| കൊല്ലം | 399968 | 251340 | 148628 |
| പത്തനംതിട്ട | 191755 | 118740 | 73015 |
| ആലപ്പുഴ | 430769 | 263323 | 167446 |
| കോട്ടയം | 234438 | 146131 | 88307 |
| ഇടുക്കി | 270874 | 155448 | 115426 |
| എറണാകുളം | 271817 | 171809 | 100008 |
| തൃശ്ശൂർ | 242254 | 186566 | 55688 |

| (1) | (2) | (3) | (4) |
|---|---|---|---|
| പാലക്കാട് | 298003 | 229419 | 68584 |
| മലപ്പുറം | 371294 | 216289 | 155005 |
| കോഴിക്കോട് | 362676 | 224682 | 137994 |
| വയനാട് | 190108 | 106092 | 84016 |
| കണ്ണൂർ | 242187 | 166225 | 75962 |
| കാസർഗോഡ് | 143072 | 95017 | 48055 |
| ആകെ | 4133557 | 2651915 | 1481642 |

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 15 ദിവസവും അതിൽ കൂടുതലും തൊഴിൽ ചെയ്ത തൊഴിലാളികൾ ആർ.എസ്.ബി.വൈ ഇൻഷ്വറൻസ് പരിരക്ഷയ്ക്ക് അർഹരാണ്.

(ഡി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പ്രതിവർഷം 100 ദിവസം തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്ക് ഒരു പുതിയ പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതാണെന്ന് 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹു. ധനകാര്യമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെയും തൊഴിലാളികളുടെയും സംയുക്ത പങ്കാളിത്തത്തോടെയായിരിക്കും ഈ പദ്ധതി നടപ്പിലാക്കുക. സംസ്ഥാനവിഹിതമായി 1,000 രൂപയും അതോടൊപ്പം സ്വാവലംബൻ പദ്ധതിയിൽ 1,000 രൂപ കേന്ദ്ര വിഹിതമായും പ്രസ്തുത പെൻഷൻ പദ്ധതിയിലേയ്ക്ക് നിക്ഷേപിക്കപ്പെടും. ഇതിനുപുറമേ തൊഴിലാളി വിഹിതവും ഈ പദ്ധതിയിലേയ്ക്ക് വർഷം തോറും നിക്ഷേപിക്കാവുന്നതാണ്. തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾക്ക് 60 വയസ്സ് തികയുമ്പോൾ അവരുടെ അക്കൗണ്ടിലുള്ള തുകയുടെ ആനുപാതികമായി പ്രതിമാസ പെൻഷൻ ഓരോ തൊഴിലാളിയ്ക്കും ആജീവനാന്തരം ലഭിക്കുന്നതാണ്. ഇതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ പട്ടിക 1 പ്രകാരമുള്ള ചുവടെ ചേർത്തിട്ടുള്ള 15 ഇനം പ്രവൃത്തികളാണ് തൊഴിലുറപ്പ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്:

1. വലിയ ചരിവുള്ള പ്രദേശങ്ങളിൽ ചരിവിന് കുറുകേ കയ്യാല നിർമ്മാണം (കോണ്ടൂർ ബണ്ടിംഗ്), ചരിവുള്ള പ്രദേശങ്ങളിൽ കിടങ്ങ് നിർമ്മാണം (കോണ്ടൂർ ട്രഞ്ചസ്), കല്ല് കയ്യാല (Bolder checks), കല്ല് കെട്ടിനെ കമ്പി/കയർ വല ഉപയോഗിച്ചുള്ള ശക്തിപ്പെടുത്തൽ രീതി. (ഗാബിയോൺ സ്ട്രക്ച്ചർ), ഭൂഗർഭ നീരൊഴുക്ക് സംരക്ഷിക്കുന്ന അടിയണകളുടെ നിർമ്മാണം, (അണ്ടർ ഗ്രൗണ്ട് ഡൈക്ക്) മൺതടയണകൾ (എർത്തേൺ ഡാംസ്), തടയണകൾ (സ്റ്റോപ്പ് ഡാംസ്) നീരുറവകളുടെ സംരക്ഷണം, (സ്പ്രിംഗ് ഷെഡ് ഡെവലപ്മെന്റ്) എന്നീ പ്രവൃത്തികൾ ഉൾപ്പെടുന്ന ജലസംരക്ഷണവും മഴകൊയ്ത്തും

2. വനസംരക്ഷണവും മരം വച്ച് പിടിപ്പിക്കലും അതുവഴി വരൾച്ച തടയലും

3. ജലസേചന തോടുകൾ ഉൾപ്പെടെയുള്ള ചെറുകിട ജലസേചന പദ്ധതികൾ

4. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർ, ഭൂപരിഷ്ക്കരണത്തിലൂടെ ഭൂമി ലഭിച്ചവർ, ഐ.എ.വൈ. ഗുണഭോക്താക്കൾ, 2008-ലെ കാർഷിക കടാശ്വാസപദ്ധതിയിൽ നിർവ്വചിക്കും പ്രകാരമുള്ള ചെറുകിട നാമമാത്ര കർഷകർ, പരമ്പരാഗത വനവാസികൾ എന്നിവരുടെ ഭൂമിയിൽ ജലസേചന സൗകര്യം, പഴകൃഷി, തോട്ടവിള, കുളം കുഴിക്കൽ, കൃഷിഭൂമിക്ക് ബണ്ട് ഒരുക്കൽ, ഭൂവികസനം എന്നീ പ്രവൃത്തികൾ

5. കുളങ്ങൾ വൃത്തിയാക്കൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജല സ്രോതസ്സുകളുടെ പുനർനിർമ്മാണം

6. ഭൂവികസനം

7. വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ അഴുക്ക്ചാൽ നിർമ്മാണം, തീരപ്രദേശങ്ങളിൽ വെള്ളക്കെട്ട് ഒഴിവുക്കുന്നതിനുള്ള ചാലുകളുടെ നിർമ്മാണം തുടങ്ങിയ വെള്ളപ്പൊക്ക നിയന്ത്രണ പ്രവർത്തനങ്ങളും മറ്റ് സംരക്ഷണ പ്രവർത്തനങ്ങളും

8. ഗ്രാമത്തിനുള്ളിലുള്ള ഏത് കാലാവസ്ഥയിലും ഉപയോഗ യോഗ്യമായ റോഡുകളുടെ നിർമ്മാണം

9. ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിൽ ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാ കേന്ദ്രങ്ങളുടെ നിർമ്മാണം

10. NADEP കമ്പോസ്റ്റിംഗ്, വെർമി കമ്പോസ്റ്റിംഗ്, ദ്രവ-ജൈവ വളങ്ങൾ ഉത്പാദിപ്പിക്കൽ തുടങ്ങിയ കാർഷിക സംബന്ധമായ പ്രവൃത്തികൾ

11. കോഴിക്കൂട് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം, കന്നുകാലികൾക്കുള്ള തൊഴുത്തിന് ഉറപ്പുള്ള തറ/ഗോമൂത്ര സംഭരണി/പുൽതൊട്ടി എന്നിവയുടെ നിർമ്മാണം, കന്നുകാലികളുടെ പൂരക തീറ്റ ഇനമായ അസോളയുടെ കൃഷി

12. പൊതുസ്ഥലങ്ങളിൽ വർഷക്കാലത്ത് രൂപപ്പെടുന്ന വെള്ളക്കെട്ടുകളിൽ മത്സ്യകൃഷി

13. മത്സ്യം ഉണക്കി സൂക്ഷിക്കുന്ന യാർഡുകളുടെ നിർമ്മാണം തീരദേശ പ്രദേശങ്ങളെ കടലാക്രമണത്തിൽ നിന്നും സംരക്ഷിക്കുന്ന മരങ്ങൾ കടലോരങ്ങളിൽ നട്ടുവളർത്തൽ

14. സോക്ക്പിറ്റ്, റീചാർജ്ജ് പിറ്റ് തുടങ്ങിയ ഗ്രാമീണ കുടിവെള്ള സംരക്ഷണ പ്രവൃത്തികൾ

15. വ്യക്തിഗത കക്കൂസ്, സർക്കാർ സ്കൂൾ/അംഗനവാടികളിൽ ശൗചാലയങ്ങളുടെ നിർമ്മാണം, ഖര-ദ്രവ മാലിന്യ പരിപാലനം തുടങ്ങിയ ശുചിത്വ പ്രവർത്തനങ്ങൾ.

    (a) അംഗനവാടികളുടെ നിർമ്മാണം

    (b) കളിസ്ഥലങ്ങളുടെ നിർമ്മാണം

(എഫ്) സംസ്ഥാനത്തെ ജനങ്ങളുടെ ഉപജീവന മേഖലകളുമായി ബന്ധപ്പെട്ട് വിവിധയിനം പ്രവൃത്തികൾ തൊഴിലുറപ്പ് നിയമത്തിന്റെ പട്ടിക - 1-ൽ അംഗീകൃത പ്രവൃത്തിയിനങ്ങളായി ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് സംസ്ഥാനം പല സന്ദർഭങ്ങളിലായി കേന്ദ്രസർക്കാരിന് നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ടെങ്കിലും താഴെ പറയുന്ന പ്രവൃത്തിയിനങ്ങൾക്ക് ഇനിയും അനുവാദം ലഭിച്ചിട്ടില്ല:

1. ദരിദ്ര വിഭാഗങ്ങളുടെ ഭവന നിർമ്മാണവും അനുബന്ധ പശ്ചാത്തല സൗകര്യങ്ങളും

2. പൊതു ആസ്തികളുടെ നിർമ്മാണവും സംരക്ഷണവും

3. തീരപ്രദേശ സംരക്ഷണത്തിന് അനുയോജ്യമായ ജൈവവേലി ഒഴികെയുള്ള (Belt Vegetation) പ്രവൃത്തികൾ

4. നെൽകൃഷിയുൾപ്പെടെയുള്ള കാർഷിക പ്രവൃത്തികൾ

5. വനാവകാശ നിയമ പ്രകാരം അനുവദനീയമായ നിർമ്മാണ പ്രവൃത്തികൾ

6. സേവന മേഖലയിലെ തൊഴിലുകൾ (വനിതകൾക്ക് മാത്രം)

7. ക്ഷീര/കയർ മേഖകളിലെ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ നിലവിലുണ്ടായിരുന്ന ഏതെങ്കിലും മേഖല ഒഴിവാക്കി കേന്ദ്ര സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടില്ല.

(ജി) 16-8-2012-ലെ സ.ഉ (സാധ) നമ്പർ 223/12/ത.സ്വഭവ. പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ നിശ്ചയിച്ചിട്ടുള്ള പ്രവൃത്തികളുടെ അളവിൽ കുറവ് വരുത്താതെ ജോലി സമയം രാവിലെ 8 മണി മുതൽ വൈകിട്ട് 5 മണിവരെ എന്നതിനുപകരം രാവിലെ 9 മണി മുതൽ വൈകിട്ട് 5 മണിവരെ (വിശ്രമം ഉൾപ്പെടെ) എന്ന് പുനർ നിശ്ചയിച്ചിട്ടുണ്ട്.

| ജില്ല | മരണപ്പെട്ടവരുടെ എണ്ണം | 25000 രൂപ എക്സ്ഗ്രേഷ്യ അനുവദിക്കപ്പെട്ട കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 8 | 8 |
| കൊല്ലം | 8 | 8 |
| പത്തനംതിട്ട | 3 | 1 |
| ആലപ്പുഴ | 11 | 8 |
| കോട്ടയം | 7 | 3 |
| ഇടുക്കി | 10 | 10 |
| എറണാകുളം | 4 | 4 |
| തൃശ്ശൂർ | 7 | 7 |
| പാലക്കാട് | 2 | 2 |
| മലപ്പുറം | 3 | 3 |
| കോഴിക്കോട് | 2 | 2 |
| വയനാട് | 7 | 6 |
| കണ്ണൂർ | 6 | 6 |
| കാസർഗോഡ് | 1 | 1 |
| ആകെ | 79 | 69 |

**ചാലക്കുടി ബ്ലോക്കിലെ പദ്ധതികൾ**

2941 ശ്രീ. ബി. ഡി. ദേവസ്സി : താഴെക്കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2012-13 വർഷത്തിൽ ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ളതും 2013-2014 ൽ നടപ്പാക്കാന നിശ്ചയിച്ചിട്ടുള്ളതുമായ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

അനുബന്ധമായി ചേർത്തിരിക്കുന്നു.*

**പട്ടിക വിഭാഗങ്ങൾക്ക് ഐ.എ.വൈ. പദ്ധതി**

2952 ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെക്കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.എ.വൈ. പദ്ധതിയനുസരിച്ച് പഴയ നിരക്കിൽ വീടനുവദിച്ചവയിൽ ഇനിയും വീട്പണി പൂർത്തിയാക്കാത്ത എത്ര ഗുണഭോക്താക്കളുണ്ടെന്ന് ജില്ല തിരിച്ച കണക്ക് വ്യക്തമാക്കുമോ;

(ബി) ഇതിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം എത്രയെന്ന് വ്യക്തമാക്കുമോ;

(സി) പഴയനിരക്കിലുള്ള തുക കൊണ്ട് ഇന്നത്തെ അവസ്ഥയിൽ വീടുപണി പൂർത്തിയാക്കാൻ കഴിയാത്ത പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വർദ്ധിച്ച തോതിലുള്ള തുക നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരമുള്ള തുക വർദ്ധനവ് എല്ലാ വിഭാഗങ്ങൾക്കും (പട്ടിക ജാതി/പട്ടികവർഗ്ഗ/പൊതുവിഭാഗം) ഒരു പോലെ ബാധകമാക്കിയിട്ടുണ്ട്. തുക വർദ്ധനവിന് മുൻകാല പ്രാബല്യം നൽകിയിട്ടുള്ളത് 15.-9-2011 മുതൽക്കാണ്. 1-4-2011 മുതൽ 15-9-2011 വരെ എഗ്രിമെന്റ് വച്ച് വീട് പണി തുടങ്ങുകയും ആനുകൂല്യം കൈപ്പറ്റുകയും ചെയ്തവർക്ക് 15-9-2011-ന് ശേഷം വാങ്ങുന്ന ഗഡുക്കൾക്ക് ആനുപാതിക വർദ്ധനവ് നൽകിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - രാജീവ്ഗാന്ധി സേവാകേന്ദ്രങ്ങൾ

1488 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. സി. പി. മുഹമ്മദ്:

ശ്രീ. വർക്കല കഹാർ :

ശ്രീ. എം. പി. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ രാജീവ് ഗാന്ധി സേവാ കേന്ദ്രങ്ങളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ;

(സി) എന്തെല്ലാം സേവനങ്ങളും പ്രവൃത്തികളുമാണ് ഈ കേന്ദ്രങ്ങൾ വഴി ചെയ്യുന്നത്; വിശദീകരിക്കുമോ;

(ഡി) തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമാക്കുന്നതിന് ഈ കേന്ദ്രങ്ങൾ എത്രമാത്രം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

### ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ നിർമ്മാണം ഏറ്റെടുത്ത 69 ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാ കേന്ദ്രങ്ങളിൽ 2 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവയുടെ നിർമ്മാണം പുരോഗതിയിലാണ്. ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാകേന്ദ്രങ്ങൾ വഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. ഗ്രാമ-ബ്ലോക്ക് പഞ്ചായത്ത്തലങ്ങളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ആവശ്യമായ ഓഫീസ് സംവിധാനം ഒരുക്കൽ.

2. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഉൾപ്പെടെ എല്ലാ ഗ്രാമവികസന പരിപാടികൾ സംബന്ധിച്ചുമുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഒരുക്കൽ

---

* അനുബന്ധമായി ചേർത്തിരിക്കുന്നു.

3. മാതൃകാ പ്രവർത്തനങ്ങളും നൂതന സാങ്കേതിക വിദ്യകളും സംബന്ധിച്ച വിവരങ്ങൾ ജനങ്ങളിൽ എത്തിക്കാനുള്ള കേന്ദ്രമായി പ്രയോജനപ്പെടുത്തുകയും സമന്വയത്തിലൂടെ ഗ്രാമപ്രദേശങ്ങളിലെ ആസ്തികളുടെ ഉല്പാദന ക്ഷമതയും സുസ്ഥിരതയും വർദ്ധിപ്പിക്കൽ.

4. പൊതുജനങ്ങൾക്കും, ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾക്കും വിവരസാങ്കേതിക വിദ്യയിലൂടെ ലഭ്യമായ സേവനങ്ങൾ ലഭ്യമാക്കൽ.

(സി & ഡി) ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാകേന്ദ്രങ്ങൾ മുഖേന ലഭ്യമാക്കാൻ ഉദ്ദേശിക്കുന്ന സേവനങ്ങളും പ്രവർത്തനങ്ങളും ചുവടെ ചേർക്കുന്നു:

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഗ്രാമ പ്രദേശത്തെ എല്ലാ വ്യക്തികൾക്കും തൊഴിൽകാർഡ് ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കൽ, തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ നൽകൽ, മസ്റ്റർറോളുകളുടെ പരിശോധന, പരാതി സമർപ്പിക്കൽ, വിവര സാങ്കേതിക സംവിധാനങ്ങളുടെ പ്രയോജനം ലഭ്യമാക്കൽ ഉറപ്പാക്കുന്നതിനുള്ള വേദിയായി സേവാകേന്ദ്രം പ്രയോജനപ്പെടുത്തുന്നതാണ്. കൂടാതെ പദ്ധതിയുടെ ഉദ്യോഗസ്ഥർക്ക് പ്രവർത്തിക്കുന്നതിനുള്ള ഓഫീസ് സൗകര്യം, മീറ്റിംഗുകൾ, ചർച്ചകൾ സംഘടിപ്പിക്കൽ, വിവര സാങ്കേതിക സൗകര്യങ്ങൾ സജ്ജമാക്കൽ, ഓഫീസ് റിക്കോർഡുകൾ സൂക്ഷിക്കൽ, പരാതി പരിഹാര സംവിധാനം, ഗ്രാമതലത്തിൽ സോഷ്യൽ ഓഡിറ്റ് ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള പിന്തുണാസംവിധാനം, പരിശീലനങ്ങൾ സംഘടിപ്പിക്കൽ എന്നീ സേവനങ്ങളും പ്രവർത്തനങ്ങളും ഈ കേന്ദ്രങ്ങൾ വഴി ലഭ്യമാക്കുന്നതാണ്.

**കേന്ദ്രപദ്ധതികൾക്ക് സംസ്ഥാനത്തിനുള്ള അടങ്കൽ തുക**

1497 ശ്രീ. എളമരം കരീം: താഴെക്കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്, ഇന്ദിര ആവാസ് യോജന, പ്രധാനമന്ത്രിയുടെ ഗ്രാമീണ സഡക് എന്നീ കേന്ദ്രപദ്ധതികളുടെ 2012-13, 2013-14 വർഷങ്ങളിലെ, സംസ്ഥാനത്തിനുള്ള അടങ്കൽ എത്ര കോടി രൂപ വീതമായിരുന്നു;

(ബി) 2012-13-ൽ അടങ്കലിന്റെ എത്ര ശതമാനം തുക യഥാർത്ഥത്തിൽ സംസ്ഥാനത്ത് ചെലവഴിക്കുകയുണ്ടായി; 2013-14 വർഷത്തിൽ ഇതിനകം എന്തു തുക ചെലവഴിക്കപ്പെട്ടു; ഇനം തിരിച്ച് വിശദമാക്കാമോ;

(സി) നടപ്പു സാമ്പത്തിക വർഷത്തിലെ അടങ്കലിൽ എത്ര ശതമാനം കേന്ദ്രസർക്കാർ കുറവുവരുത്തുകയുണ്ടായി; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2012-13 വർഷത്തിൽ ഇന്ദിരാ ആവാസ് യോജന പദ്ധതിക്ക് കേന്ദ്രവിഹിതമായി 20121.29 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 8128.00 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. 2013-14 സാമ്പത്തിക വർഷത്തിൽ ഐ.എ.വൈ. പദ്ധതിക്ക് കേന്ദ്ര വിഹിതമായി 25013.46 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 8678.00 ലക്ഷം രൂപയും വകയിരുത്തിയിരുന്നു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് 2012-13, 2013-14 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വിഹിതമായി 4000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനം സമർപ്പിച്ചിട്ടുള്ള ലേബർ ബഡ്ജറ്റിന്റെ അടിസ്ഥാനത്തിൽ, ആവശ്യാധിഷ്ഠിതമായാണ് കേന്ദ്രസർക്കാർ ഫണ്ട് അനുവദിക്കുന്നത്. ഇതനുസരിച്ച്, 2012-13 ൽ 131117.81 ലക്ഷം രൂപയും 2013-14-ൽ (ഡിസംബർ 31 വരെ) 102710.93 ലക്ഷം രൂപയും കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്.

പ്രധാനമന്ത്രി ഗ്രാമസഡക് യോജന പദ്ധതി 100% കേന്ദ്രാവിഷ്കൃത പദ്ധതിയാകുന്നു. ടി പദ്ധതിക്ക് 2012-13, 2013-14 (ഡിസംബർ 31 വരെ) കേന്ദ്രത്തിൽ നിന്നും തുകയൊന്നും അനുവദിച്ചിട്ടില്ല. മുൻ വർഷ നീക്കിയിരുപ്പ് തുകയിൽ നിന്നും മറ്റ് വരവുകളിൽ നിന്നുമാണ് ടി വർഷങ്ങളിലെ ചെലവ് വഹിക്കുന്നത്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) നടപ്പുസാമ്പത്തിക വർഷത്തിലെ അടങ്കൽ തുകയിൽ കുറവൊന്നും വരുത്തിയിട്ടില്ല.

## കുന്ദമംഗലം ബ്ളോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്തെ കെട്ടിട നിർമ്മാണം

1502 <u>ശ്രീ. പി. റ്റി. എ. റഹീം</u>: താഴെക്കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ളതും എൻ.എച്ച്. 212-ന് അഭിമുഖമായിട്ടുള്ളതുമായ ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച ബ്ലോക്ക് പഞ്ചായത്തിന്റെ ഹർജിയിൽ ബഹു. മന്ത്രി ഉത്തരവ് നൽകിയിട്ടും കെട്ടിട നിർമ്മാണം ബ്ലോക്ക് പഞ്ചായത്തിന്റെ അനിവാര്യമായ ചുമതലയല്ലെന്ന നിലപാട് സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച 22444/ഡിബി2/2013/എൽ.എസ്.ജി.ഡി., 64726/ആർഡി/2013/എൽ.എസ്.ജി.ഡി. നമ്പർ ഫയലുകളിന്മേൽ എന്തു തീരുമാനമാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അനുമതി നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) കുന്ദമംഗലം ബ്ളോക്ക് പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മാണത്തിന് നിരാക്ഷേപസാക്ഷ്യപത്രം 12-3-2014 -ലെ സ.ഉ.(സാധാ)നമ്പർ 748/14/തസ്വഭവ പ്രകാരം നൽകിയിട്ടുണ്ട്.

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - തൊഴിൽദിനങ്ങൾ**

3208 ശ്രീ. കെ. അജിത് : താഴെക്കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2012-13 വർഷം വൈക്കം നിയോജകമണ്ഡലത്തിലെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും എത്രവീതം തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ തൊഴിലാളിക്കും ശരാശരി എത്ര ദിവസംവീതം ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും തൊഴിൽ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി)ഓരോ തദ്ദേശഭരണസ്ഥാപനത്തിലും 2012-13 വർഷം അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി)കഴിഞ്ഞ മൂന്ന് സാമ്പത്തികവർഷങ്ങളിൽ വൈക്കത്തെ ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനം 100 തൊഴിൽദിനങ്ങൾ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(സി) അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.*

(ഡി) അനുബന്ധം 4 ആയി ചേർത്തിരിക്കുന്നു.*

## 'അഹാഡ്സ് - കോംപ്രിഹെൻസീവ് എൻവയോൺമെന്റ് കൺസർവേഷൻ ആന്റ് കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോജക്ട്'

2626 ഡോ. കെ. ടി. ജലീൽ: താഴെക്കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ)"അഹാഡ്സ്-കോംപ്രിഹെൻസീവ് എൻവയോൺമെൻറ് കൺസർവേഷൻ ആൻറ് കമ്മ്യൂണിറ്റി ഡെവലപ്മെൻറ് പ്രൊജക്ട്" എന്ന പേരിൽ വയനാട് ജില്ലയിൽ ഒരു പദ്ധതി നടപ്പാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധമായ എന്തെങ്കിലും സാധ്യതാപഠനം നടപ്പാക്കിയിട്ടുണ്ടോ. എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏതെല്ലാം തരത്തിലുള്ള വികസനമാണ് ഇതുകൊണ്ട് ലക്ഷ്യം വെയ്ക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിന്റെ ഗുണഭോക്താക്കൾ ആരെല്ലാമാണെന്നും ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ഏതു മാനദണ്ഡമാണ് സ്വീകരിക്കുന്നതെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതു സംബന്ധിച്ചുള്ള സാധ്യതാപഠനം ഫണ്ടിംഗ് ഏജൻസിയായ ജപ്പാൻ ഇൻറർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസിക്കുവേണ്ടി ജപ്പാൻ ആസ്ഥാനമായ നിപ്പോൺ കോയി കമ്പനി ഏറ്റെടുത്ത് നടത്തി വരുന്നുണ്ട്.

(സി) പാരിസ്ഥിതികവും സാമൂഹികവുമായ വികസനമാണ് ഇതുകൊണ്ട് ലക്ഷ്യമാക്കുന്നത്.

---

* അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഡി) വയനാട്ടിലെ മുഴുവൻ ആദിവാസി വിഭാഗങ്ങൾക്കും ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്കുമുള്ള വികസനത്തിനു പുറമെ സമഗ്ര പാരിസ്ഥിതിക സാമൂഹിക വികസനം കൂടി ഈ പദ്ധതി പ്രകാരം ലക്ഷ്യമിടുന്നു. സെന്റർ ഫോർ റൂറൽ ഡെവലപ്പ്മെന്റ്, ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ്, എസ്.റ്റി ഡിപ്പാർട്ട്മെന്റ് തുടങ്ങി വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള മാനദണ്ഡമാണ് സ്വീകരിക്കുന്നത്.

**വിദ്യാഭ്യാസ വായ്പ – സബ്സിഡി നൽകാനുള്ള ബഡ്ജറ്റ് നിർദ്ദേശം**

T4652 <u>ശ്രീ. വി. ശശി</u> : താഴെക്കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2004-09 കാലഘട്ടത്തിൽ ബാങ്കുകളിൽ നിന്നും വിദ്യാഭ്യാസ വായ്പ എടുത്തവർക്ക് പലിശ സബ്സിഡി നൽകാനുള്ള ബഡ്ജറ്റ് നിർദ്ദേശമനുസരിച്ച് തിരുവനന്തപുരം ജില്ലാ കളക്ടറേറ്റിൽ ലഭിച്ച അപേക്ഷകൾ എത്രയെന്ന് എ.പി.എൽ., ബി.പി.എൽ. തിരച്ച് ലഭ്യമാക്കുമോ;

(ബി)പലിശസബ്സിഡി നൽകാൻ 2013-14 വർഷത്തിലെ ബഡ്ജറ്റ് നിർദ്ദേശം അനുസരിച്ച് വകയിരുത്തിയ തുക എത്രയെന്നും ചെലവായ തുക എത്രയെന്നും വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) 2004 -09 കാലഘട്ടത്തിൽ ബാങ്കുകളിൽ നിന്നും വിദ്യാഭ്യാസ വായ്പ എടുത്തവർക്ക് പലിശ സബ്സിഡി നൽകാനുള്ള ബഡ്ജറ്റ് നിർദ്ദേശമനുസരിച്ച് തിരുവനന്തപുരം ജില്ലാ കളക്ടറേറ്റിൽ എ.പി.എൽ. വിഭാഗത്തിൽ 4678-ഉം, ബി.പി.എൽ. വിഭാഗത്തിൽ 1472-ഉം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) പലിശ സബ്സിഡി നൽകാൻ 2013-14 വർഷത്തിലെ ബജറ്റ് നിർദ്ദേശം അനുസരിച്ച് ടോക്കൺ പ്രൊവിഷനായി 1,000 രൂപയാണ് വകയിരുത്തിയത്. എന്നാൽ, അഡീഷണൽ ഓതറൈസേഷൻ വഴി ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് പലിശ സബ്സിഡിയായി 36,43,75,000 രൂപ അനുവദിച്ചിട്ടുണ്ട്.

---

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## വിദ്യാഭ്യാസ വായ്പ പലിശ എഴുതിത്തള്ളുന്നതിനുള്ള നടപടികൾ

T4651 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): താഴെക്കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വായ്പാ പലിശ എഴുതി തള്ളുന്നതിന് ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഏതെല്ലാം വർഷങ്ങളിൽ എടുത്ത വായ്പകൾക്കാണ് ആനുകൂല്യം പ്രഖ്യാപിച്ചിട്ടുള്ളത്;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് അപേക്ഷ ക്ഷണിച്ചിട്ടുള്ളത്;

(ഡി) എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ജില്ലതിരിച്ചുള്ളകണക്ക് വിശദമാക്കാമോ; ഇത് നൽകാനായി എത്ര തുക വേണ്ടിവരും ; വിശദാംശങ്ങൾ അറിയിക്കുമോ;

(ഇ) ഇതിനായി ഇതുവരെ എന്ത് തുക നൽകിയിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. 2004-2009 കാലയളവിൽ വിദ്യാഭ്യാസ വായ്പയെടുത്ത, തൊഴിൽരഹിതരായ, ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് സംസ്ഥാന സർക്കാർ പലിശ സബ്സിഡി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സ്കീം പ്രകാരം ഇതുവരെ അനുവദിച്ച തുക അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.*

(ബി) 1-4-2004, 31-3-2009 കാലഘട്ടത്തിൽ എടുത്ത വിദ്യാഭ്യാസ വായ്പകൾക്കാണ് സംസ്ഥാന സർക്കാർ ആനുകൂല്യം പ്രഖ്യാപിച്ചിട്ടുള്ളത്.

(സി) ഇതിന്റെ അടിസ്ഥാനത്തിൽ അപേക്ഷ ക്ഷണിച്ചിരുന്നു.

ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് 18-10-2012 മുതൽ 31-5-2013 വരെ അപേക്ഷ നൽകാൻ അവസരം നൽകിയിരുന്നു. എന്നാൽ, നിശ്ചിത ഫാറത്തിൽ കോഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കാൻ കഴിയാത്തവർക്ക് പകരം സംവിധാനം ഏർപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് അപേക്ഷ സമർപ്പിക്കാനുള്ള സമയം 28-2-2014 വരെ വീണ്ടും ദീർഘിപ്പിച്ചു നൽകി.

---

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* അനുബന്ധമായി ചേർത്തിരിക്കുന്നു.

3 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള വിഭാഗത്തിൽപ്പെട്ടവർക്ക് 3-8-2013 മുതൽ 28-2-2014 വരെയാണ് അപേക്ഷ നൽകാൻ അവസരം നൽകിയിരുന്നത്.

(ഡി) ലഭിച്ച അപേക്ഷകളുടെ വിശദാംശം അനുബന്ധം 2-ൽ നൽകിയിരിക്കുന്നു*.

അപേക്ഷകൾ സ്വീകരിച്ച് പരിശോധിച്ച് ഓരോ ജില്ലയ്ക്കും വേണ്ടുന്ന ആകെ തുക അനുവദിക്കാനായി നിർദ്ദേശം സമർപ്പിക്കുന്നത് ജില്ലാ കളക്ടർമാരാണ്. എല്ലാ ജില്ലാ കളക്ടർമാരിൽനിന്നും പൂർണ്ണമായി നിർദ്ദേശം ലഭിച്ചതിനുശേഷം മാത്രമേ ആകെ എത്ര രൂപ വേണ്ടിവരുമെന്ന് പറയുവാൻ സാധിക്കു.

(ഇ) കണക്കുകൾ അനുബന്ധം - 1 ൽ നൽകിയിട്ടുണ്ട്.*

## ബി.പി.എൽ. കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ വായ്പ

7328 ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെക്കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബി.പി.എൽ. കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ വായ്പയുടെ പലിശ സബ്സിഡിയായി നൽകാനുള്ള പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം വയനാട് ജില്ലയിലെ എത്ര കുട്ടികൾക്ക് സബ്സിഡി നൽകാനായെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഇനത്തിൽ ജില്ലയിൽ എത്ര തുക ചെലവഴിച്ചു എന്നതിന്റെ താലൂക്ക് തല വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 31-3-2014 വരെ കളക്ടർമാരിൽ നിന്നും ഫണ്ട് അനുവദിക്കാനായി ലഭിച്ച ശിപാർശകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. അതിനുശേഷം ജില്ലാ കളക്ടർമാരിൽ നിന്നും ലഭിച്ച ശിപാർശകൾ ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ചു വരുന്നു.

(ബി) വയനാട് ജില്ലയിൽ 8 പേർക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്. ബാക്കി അപേക്ഷകരുടെ പ്രൊപ്പോസൽ കളക്ടറേറ്റിൽ നിന്നും ലഭ്യമായിട്ടില്ല.

(സി) പ്രസ്തുത ഇനത്തിൽ വയനാട് ജില്ലയ്ക്ക് 2,60,000 രൂപ സർക്കാർ അനുവദിച്ചിരുന്നെങ്കിലും പ്രസ്തുത തുക ചെലവഴിക്കാൻ കഴിഞ്ഞില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്കായി നീക്കിവച്ച തുകയുടെ വിനിയോഗം

3567 ശ്രീ. ഇ. പി. ജയരാജൻ: താഴെക്കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏതെല്ലാം നഗരസഭകൾക്ക് 2012-13-ലെ പദ്ധതി വിഹിതം അനുവദിച്ചെന്നും ഓരോ നഗരസഭയ്ക്കും എന്ത് തുക വീതം അനുവദിച്ചെന്നും വ്യക്തമാക്കുമോ ;

(ബി)പ്രസ്തുത നഗരസഭകൾ ഓരോന്നിന്റെയും ഭൗതികലക്ഷ്യവും സാമ്പത്തികലക്ഷ്യവും എത്രയായിരുന്നുവെന്നറിയിക്കുമോ ;

(സി) പ്രസ്തുത നഗരസഭകൾ ഓരോന്നും എത്രമാത്രം ഭൗതിക ലക്ഷ്യവും സാമ്പത്തിക ലക്ഷ്യവും കൈവരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രകാരം 2012-13 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 5 കോടി രൂപ 40 നഗരസഭകൾക്ക് അനുവദിച്ച് നലകിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) & (സി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

## ഗോശ്രീദ്വീപ് വികസന അതോറിറ്റി ഫണ്ട് വിനിയോഗം

1602 ശ്രീ. എസ്. ശർമ്മ: താഴെക്കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗോശ്രീ ദ്വീപ് വികസന അതോറിറ്റി (ജിഡ) ഫണ്ട് വിനിയോഗത്തിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള പ്രദേശങ്ങൾ ഏതൊക്കെയെന്നും ഈ പ്രദേശങ്ങളിൽ ഇതുവരെ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയെന്നും വിശദീകരിക്കാമോ;

(ബി)ഭരണാനുമതി നൽകിയിട്ടും ഇതുവരെ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ; പ്രവൃത്തികൾ സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

---

* അനുബന്ധമായി ചേർത്തിരിക്കുന്നു.

ഉത്തരം

(എ) ഗോശ്രീ ദ്വീപ് വികസന അതോറിറ്റിയിൽ വൈപ്പിൻ ദ്വീപിലുള്ള പള്ളിപ്പുറം, കുഴുപ്പിള്ളി, എടവനക്കാട്, നായരമ്പലം, ഞാറക്കൽ, എളംകുന്നപ്പുഴ എന്നീ ഗ്രാമ പഞ്ചായത്തുകളും, മുളവുകാട്, കടമക്കുടി ഗ്രാമ പഞ്ചായത്തുകളും, കൊച്ചി കോർപ്പറേഷന്റെ ഭാഗമായ ഫോർട്ട് വൈപ്പിൻ, ഗുണ്ടു ഐലന്റ്, താന്തോന്നിത്തുരുത്ത് എന്നീ പ്രദേശങ്ങളും ഉൾപ്പെടുന്നു. ഈ പ്രദേശങ്ങളിൽ ഇതുവരെ ഭരണാനുമതി നൽകിയ പ്രധാന പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഭരണാനുമതി ലഭ്യമായിട്ടുള്ളതും പൂർത്തിയാകാത്തതുമായ പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കൊയിലാണ്ടിയിലെ അംഗൻവാടികളുടെ എണ്ണം**

1866 ശ്രീ. കെ. ദാസൻ : താഴെക്കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ആകെ എത്ര അംഗനവാടികൾ ഉണ്ട് എന്നത് പഞ്ചായത്ത്/നഗരസഭ എന്നിവ തിരിച്ച് എണ്ണം വ്യക്തമാക്കാമോ;

(ബി) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ലാതെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗനവാടികൾ ഏതെല്ലാം; പ്രസ്തുത അംഗനവാടികൾ ഏതേത് പഞ്ചായത്തിൽ ഏതേത് വാർഡുകളിൽ ആണ് എന്നും ഏത് സി.ഡി.പി.ഒ.- യുടെ അധികാരപരിധിയിൽ ആണ് എന്നും വ്യക്തമാക്കുമോ;

(സി) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ സ്വന്തമായി സ്ഥലമുള്ളതും എന്നാൽ സ്വന്തമായി കെട്ടിടം ഇല്ലാതെ താൽകാലിക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതുമായ അംഗനവാടികൾ ഏതെല്ലാമെന്ന് പ്രസ്തുത അംഗനവാടികൾ ഏതേത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഏതേത് വാർഡുകളിൽ ആണെന്നും വ്യക്തമാക്കുമോ;

(ഡി) സ്വന്തമായി കെട്ടിടമില്ലാത്ത അംഗനവാടികൾക്ക് കെട്ടിടം നിർമ്മിക്കാനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാം?

---

* അനുബന്ധമായി ചേർത്തിരിക്കുന്നു.

ഉത്തരം

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ അംഗൻവാടികളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| ഐസിഡിഎസിന്റെ പേര് | നഗരസഭ | പഞ്ചായത്ത്/ എണ്ണം | ആകെ |
|---|---|---|---|
| പന്തലായനി അഡീഷണൽ | കൊയിലാണ്ടി-71 | ചെങ്ങോട്ടുകാവ്-27 | 98 |
| പന്തലായനി | - | ചേമഞ്ചേരി - 34 | 34 |
| പന്തലായനി | - | മൂടാടി - 32 | 32 |
| മേലടി | - | പയ്യോളി - 43 | 43 |
| മേലടി | - | തിക്കോടി - 27 | 27 |
| | | ആകെ | 234 |

(ബി) സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ലാതെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികളുടെ വിവരം അനുബന്ധം - 1 ആയി ചേർക്കുന്നു.+

(സി) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ സ്വന്തമായി സ്ഥലം ഉള്ളതും കെട്ടിടം ഇല്ലാത്തതുമായ താൽക്കാലിക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടികളുടെ വിശദ വിവരം അനുബന്ധം - 2 ആയി ചേർക്കുന്നു*

(ഡി) അംഗൻവാടികൾക്ക് കെട്ടിടമുൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കേണ്ട ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. ഇതിനു പുറമേ സ്വന്തമായി സ്ഥലം കൈവശമുള്ള അംഗൻവാടികളിൽ 700 എണ്ണത്തിന് NABARD-RIDF പദ്ധതിയിൽപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിന് നടപടികളെടുത്തുവരുന്നു.

കൂടാതെ സ്വന്തമായി 10 സെന്റ് സ്ഥലവും എം.എൽ.എ.- യുടെ ഫണ്ടും ലഭ്യമാക്കുന്ന മുറയ്ക്ക് ഒരു നിയോജകമണ്ഡലത്തിൽ ഒന്ന് എന്ന ക്രമത്തിൽ നിലവിലുള്ള അംഗൻവാടിയെ മാതൃകാ അംഗൻവാടിയായി ഉയർത്തുന്നതിനുള്ള പദ്ധതിയും നിലവിലുണ്ട്.

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ജില്ലാ പഞ്ചായത്തു റോഡുകൾ

3236 ശ്രീ. ജി. സുധാകരൻ: താഴെക്കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ ജില്ലാപഞ്ചായത്തിന്റെ കൈവശമുള്ള റോഡുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിനായി തുക അനുവദിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) അനുബന്ധം (1)*

(ബി) ഉണ്ട്.

(സി) അനുബന്ധം (11).*

## സാമൂഹ്യക്ഷേമ വകുപ്പ് വഴി നടപ്പാക്കുന്ന വിവിധ ക്ഷേമ പദ്ധതികൾ

4760 ശ്രീ. രാജു എബ്രഹാം: താഴെക്കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ വകുപ്പുവഴി നടപ്പാക്കുന്ന വിവിധ ക്ഷേമ പദ്ധതികൾ എന്തൊക്കെയാണ്; ഓരോന്നിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്കും സമാനരീതിയിലുള്ള മറ്റ് രോഗങ്ങൾ (ഓട്ടിസം, സെറിബ്രൽ പാൾസി തുടങ്ങിയവ) ബാധിച്ചവർക്കും, സാമൂഹ്യ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ പദ്ധതികളാണ് ഇപ്പോൾ വകുപ്പിലൂടെ നടപ്പാക്കി വരുന്നത്;

(സി) പഞ്ചായത്തുകളുടെ വാർഷിക പദ്ധതികളിൽ നിശ്ചിത ശതമാനം തുക ഇത്തരക്കാർക്കുവേണ്ടി നീക്കി വെക്കാനും അതുവഴി ഇവർ അംഗങ്ങളായുള്ള കുടുംബങ്ങൾക്ക് സഹായമെത്തിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

---

* അനുബന്ധമായി ചേർത്തിരിക്കുന്നു.

ഉത്തരം

(എ&ബി) സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ ക്ഷേമപദ്ധതികളുടെയും ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവരക്ക് വേണ്ടിയുള്ള ക്ഷേമപദ്ധതികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി തുകയുടെ 5% തുക വൃദ്ധർ, ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർ, ശിശുക്കൾ എന്നിവരുടെ ക്ഷേമത്തിനായി മാറ്റി വെച്ചിട്ടുണ്ട്.

## 2013-14-ൽ ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങൾക്ക് വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക

1772 ശ്രീ. കെ. രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2013-14 വർഷം ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങൾക്ക് വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി അംഗീകാരം നൽകിയിരുന്ന തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇതിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന പ്രവർത്തനങ്ങൾക്കായി അംഗീകാരം നൽകിയിരുന്ന തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) 2013-14 വർഷം നടപ്പിലാക്കുന്നതിന് അംഗീകാരം നൽകിയിരുന്ന പദ്ധതികൾക്കായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) 2013-14 വർഷം മേൽപ്പറഞ്ഞ പദ്ധതികൾക്കായി അനുവദിച്ച തുകയിൽ 2013 ഡിസംബർ 31 വരെ ചെലവഴിച്ച തുക എത്രയാണെന്ന് പറയാമോ;

(ഇ) ഈ വർഷം പദ്ധതി പ്രവർത്തനങ്ങൾക്കുവേണ്ടി തുക അനുവദിക്കുന്നതിലും അനുവദിച്ച തുക വിനിയോഗിക്കുന്നതിലും വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ അറിയിക്കുമോ?

---

* അനുബന്ധമായി ചേർത്തിരിക്കുന്നു.

ഉത്തരം

(എ) 2013-14 വർഷത്തിൽ ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങൾക്ക് വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി അംഗീകാരം നൽകിയ തുകയുടെ വിശദാംശങ്ങൾ

| തരം | വികസന ഫണ്ട് | മെയിന്റനൻസ് ഫണ്ട് | മറ്റുള്ളവ | ആകെ |
|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 25846964173.00 | 9511054502.00 | 18025801031.00 | 53383819706 |
| ബ്ലോക്ക് പഞ്ചായത്ത് | 5635132099.00 | 639362284.00 | 8807498259.00 | 15081992642.00 |
| ജില്ലാ പഞ്ചായത്ത് | 5697765842.00 | 4269571782.00 | 2440792069.00 | 12408129693.00 |

(ബി) സംസ്ഥാനത്ത് 2013-14 വർഷം ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങൾക്ക് പട്ടികജാതി / പട്ടികവർഗ്ഗ വികസന പ്രവർത്തനങ്ങൾക്കായി അംഗികാരം നൽകിയ തുകയുടെ വശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| തരം | പട്ടികജാതി വികസന ഫണ്ട് | പട്ടികവർഗ്ഗ വികസന ഫണ്ട് |
|---|---|---|
| ഗ്രാമ പഞ്ചായത്ത് | 5820050495.00 | 986893739.00 |
| ബ്ലോക്ക് പഞ്ചായത്ത് | 1580666732.00 | 265646769.00 |
| ജില്ലാ പഞ്ചായത്ത് | 1573073387.00 | 355099960.00 |

(സി) ത്രിതല പഞ്ചായത്തുകൾക്ക് 2013-14 വർഷം നടപ്പിലാക്കുന്നതിന് അംഗീകാരം നൽകിയിരുന്ന പദ്ധതികൾക്കായി 2013-14 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ചുവടെ പറയും വിധം തുക അനുവദിച്ചിരുന്നു:

(രൂപ ആയിരത്തിൽ)

| തരം | വികസന ഫണ്ട് | പൊതു ആവശ്യ ഫണ്ട് | മെയിന്റ നൻസ് ഫണ്ട് | ആകെ |
|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 21720265 | 6362300 | 7852996 | 35935561 |
| ബ്ലോക്ക് പഞ്ചായത്ത് | 5007422 | 364800 | 471977 | 5844199 |
| ജില്ലാ പഞ്ചായത്ത് | 4975105 | 257600 | 2647193 | 7879898 |

(ഡി) 2013-14 വർഷം ത്രിതല പഞ്ചായത്തുകൾക്കുള്ള പദ്ധതികൾക്കായി

അനുവദിച്ച തുകയിൽ 2013 ഡിസംബർ 31 വരെ ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു:

| തരം | വികസന ഫണ്ട് | മെയിന്റനൻസ് ഫണ്ട് | മറ്റുള്ള ഫണ്ടുകൾ | ആകെ ചെലവഴിച്ച ഫണ്ടുകൾ |
|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 6123777458.00 | 1741056506.00 | 1259053058.00 | 9123887022.00 |
| ബ്ലോക്ക് പഞ്ചായത്ത് | 1686255448.00 | 92145741.00 | 112856492.00 | 1891257681.00 |
| ജില്ലാ പഞ്ചായത്ത് | 972173167.00 | 629804119.00 | 64800802.00 | 1666778088.00 |

(ഇ) തുക അനുവദിക്കുന്നതിന് വീഴ്ച ഉണ്ടായിട്ടില്ല.

**ഗ്രാമസഭകൾ ചേരാൻ സ്കൂൾ കെട്ടിടം അനുവദിക്കുന്നില്ലെന്ന പരാതി**

1792 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമസഭ വിളിച്ചുചേർക്കുന്നതിന് ഗ്രാമപഞ്ചായത്ത് പരിധിയിലെ ഗവൺമെന്റ്, എയിഡഡ് സ്കൂളുകൾ അനുവദിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഗ്രാമസഭകൾ ചേരുന്നതിന് എയിഡഡ് സ്കൂളുകൾ അനുവദിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(സി) പേരാമ്പ്ര ഗ്രാമപഞ്ചായത്തിൽ നിന്നും ഇത്തരത്തിൽ പരാതി ലഭിച്ചിട്ടുണ്ടോയെന്നും ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി എന്തെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി& സി) ഉണ്ട്.

പേരാമ്പ്ര ഗ്രാമപഞ്ചായത്തിൽ ഗ്രാമസഭ ചേരാൻ അനുവദിക്കാത്തതു സംബന്ധിച്ച് പഞ്ചായത്ത് പ്രസിഡന്റ് A.E.O.-യ്ക്ക് പരാതി നൽകുകയും സ്കൂൾ ഹെഡ്മിസ്ട്രസ് A.E.O യ്ക്ക് വിശദീകരണം നൽകുകയും ചെയ്തിട്ടുണ്ട്. ഇതോടൊപ്പം തന്നെ അനുമതിയില്ലാതെ സ്കൂൾ കെട്ടിടത്തിൽ ഗ്രാമസഭ നടത്തിയതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ എതിർകക്ഷിയായി ചേർത്തുകൊണ്ട് WP(C)2320/14 ആയി സ്കൂൾ മാനേജർ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്.

**ശരണാലയങ്ങളിലെ അരക്ഷിതാവസ്ഥയും നിയമ വിരുദ്ധ പ്രവർത്തനങ്ങളും**

3436 ശ്രീമതി കെ. എസ്. സലീഖ : താഴെക്കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ സംസ്ഥാനത്ത് ശിശു/മാതാവ്/വൃദ്ധ ജനങ്ങൾ /മറ്റ് അശരണർ എന്നിവരെ സംരക്ഷിക്കാനായി രജിസ്റ്റർ ചെയ്യപ്പെട്ട എത്ര സ്ഥാപനങ്ങൾ സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സ്ഥാപനങ്ങൾക്ക് കേന്ദ്ര/സംസ്ഥാന സർക്കാരുകൾ എന്തെല്ലാം സഹായങ്ങൾ നൽകി വരുന്നുയെന്നും എന്തെല്ലാം വിദേശ സഹായങ്ങൾ ലഭിക്കുന്നുണ്ടെന്നും അറിയിക്കുമോ; പ്രസ്തുത സ്ഥാപനങ്ങളുടെ വരവ് ചെലവുകൾ പരിശോധിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വൃദ്ധജനപീഡനം, സ്ത്രീപീഡനം, കുട്ടികളുടെ മേലുള്ള മറ്റ് അപകടകരമായ പ്രവൃത്തികൾ, പണാപഹരണം എന്നിവ സംബന്ധിച്ച് ഈ സർക്കാർ വന്നശേഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നാണ് സാമൂഹ്യനീതി വകുപ്പ് കണക്കാക്കിയിട്ടുള്ളത്; ജില്ല തിരച്ച് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ആതുരാലയങ്ങളുടെ മറവിൽ നടക്കുന്ന അനാശാസ്യ പ്രവർത്തനങ്ങൾ തടയാനും അന്തേവാസികളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുവാനും അടിയന്തര നിയമനിർമ്മാണം നടത്തുമോ; വിശദാംശം വ്യക്തമാക്കുമോ;

(ഇ) ഈ സർക്കാർ നിലവിൽ വന്ന ശേഷം രജിസ്റ്റർ ചെയ്യപ്പെട്ട, ഇത്തരത്തിലുള്ള എത്ര സ്ഥാപനങ്ങൾ സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ)

| Sl.No. | District | Orphan age | Old age Home | Women in distress | Different ly abled |
|---|---|---|---|---|---|
| 1 | Thiruvananthapuram | 99 | 45 | 2 | 13 |
| 2 | Kollam | 53 | 17 | 1 | 7 |
| 3 | Pathanamthitta | 43 | 25 | 1 | 10 |
| 4 | Alappuzha | 39 | 25 | 3 | 11 |
| 5 | Kottayam | 105 | 81 | 2 | 36 |
| 6 | Idukki | 65 | 27 | 1 | 15 |
| 7 | Ernakulam | 168 | 112 | 12 | 32 |
| 8 | Thrissur | 128 | 71 | 6 | 33 |
| 9 | Palakkad | 96 | 22 | | 11 |
| 10 | Malappuram | 107 | 6 | | |
| 11 | Kozhikkode | 72 | 20 | 2 | 4 |
| 12 | Wayanad | 45 | 20 | 1 | 7 |
| 13 | Kannur | 83 | 38 | 2 | 13 |
| 14 | Kasargod | 38 | 9 | | 1 |
| | Total | 1141 | 518 | 33 | 193 |

(ബി) ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരമുള്ള ഗ്രാന്റ് ഇൻ എയ്ഡ് ലിസ്റ്റിൽപ്പെട്ട ഇത്തരം സ്ഥാപനങ്ങൾക്ക് പ്രതിമാസം 700 രൂപ നിരക്കിൽ അന്തേവാസി ഒന്നിന് സർക്കാർ ഗ്രാന്റ് നൽകുന്നു. കൂടാതെ ബി പി എൽ നിരക്കിൽ അരി, പഞ്ചസാര, ഗോതമ്പ് എന്നിവയും ഗാർഹിക നിരക്കിൽ വെള്ളവും, വൈദ്യുതിയും, സബ്സിഡി നിരക്കിൽ 9 എൽ.പി.ജി.-യും നൽകി വരുന്നു. കൂടാതെ അലോപ്പതി, ആയൂർവേദം, ഹോമിയോ എന്നീ വിഭാഗങ്ങളെ ഏകോപിപ്പിച്ച് പ്രതിമാസം സൗജന്യ ആരോഗ്യ പരിശോധന നടത്തുന്നതിനും

ഉത്തരവ് ഉണ്ട്. ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങളുടെ വരവ് ചെലവ് കണക്കുകൾ ബന്ധപ്പെട്ട ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗവും ജില്ലാ സാമൂഹ്യനീതി ഓഫീസർമാരും വർഷംതോറും പരിശോധിച്ചതിനുശേഷമാണ് ഗ്രാന്റ് നൽകി വരുന്നത്. കുട്ടികളുടെ സംരക്ഷണത്തിനുവേണ്ടി ലഭിക്കുന്ന വിദേശ സഹായവും കൂടി പരിഗണിച്ചാണ് ഗ്രാന്റിന് അർഹത നിർണ്ണയിക്കുന്നത്.

(സി) 31-01-2013 ൽ കേരള പോലീസ് ചീഫ്, സർക്കാരിൽ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് 2011 മുതൽ ഓർഫനേജുകളിലെ കുട്ടികൾക്കെതിരെയുള്ള 5 ലൈംഗിക പീഡന കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ കൊടുക്കുന്നു:

പാലക്കാട് - 4 കേസുകൾ

കണ്ണൂർ - 1 കേസ്

(ഡി) അനാഥാലയങ്ങളുടേയും മറ്റ് ധർമ്മ സ്ഥാപനങ്ങളുടേയും പ്രവർത്തനം നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും സംസ്ഥാനത്ത് ബഹു. മുഖ്യമന്ത്രി അധ്യക്ഷനായ സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയും അതാത് ജില്ലകളിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയും പ്രവർത്തിച്ചു വരുന്നു. അനാഥാലയങ്ങളേയും മറ്റ് ധർമ്മ സ്ഥാപനങ്ങളേയും സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ എല്ലാ മാസവും ഓർഫനേജ് കൺട്രോൾ ബോർഡ് യോഗം ചേർന്ന് വിലയിരുത്തുകയും ആവശ്യമായ നിയമ നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു. ഇത് കൂടാതെ സ്ഥാപനങ്ങളിലെ അന്തേവാസികളുടെ സംരക്ഷണവും സുരക്ഷിതത്വവും സംബന്ധിച്ച് ബഹു. കേരള ഹൈക്കോടതിയുടെ 1-3-2013- ലെ Crl, AS 1951 &2196/09-ാം നമ്പർ ഉത്തരവിന്റെ വെളിച്ചത്തിൽ വിശദമായ സർക്കുലർ 8-5-2013-ലെ OCB 2/1/13-ാം നമ്പർ സർക്കുലർ പ്രകാരം ബന്ധപ്പെട്ട സാമൂഹ്യനീതി ഓഫീസർ മുഖേന എല്ലാ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹു. സുപ്രീം കോടതിയുടെ 10-5-2013 ലെ WP(C) No. 75/2012-ാം നമ്പർ ഉത്തരവ് പ്രകാരം അനാഥാലയങ്ങളിലെ കുഞ്ഞുങ്ങളുടെ പ്രവേശനം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ 26-10-2013 ലെ OCB 1/17257/13-ാം നമ്പർ സർക്കുലർ പ്രകാരം എല്ലാ സ്ഥാപനങ്ങളേയും ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ മുഖേന അറിയിച്ചിട്ടുണ്ട്.

(ഇ) 1-5-2011 മുതൽ 4-12-2013 വരെ അംഗികാരം നൽകിയ സ്ഥാപനങ്ങൾ

| ക്രമ നമ്പർ | ജില്ല | ശിശു മന്ദിരം | സ്ത്രീ ഭവനം | വൃദ്ധ മന്ദിരം | മറ്റുള്ളവ |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 20 | 2 | 10 | 7 |
| 2 | കൊല്ലം | 7 | 1 | 3 | 1 |
| 3 | പത്തനംതിട്ട | 9 | 0 | 5 | 6 |
| 4 | ആലപ്പുഴ | 2 | 1 | 4 | 5 |
| 5 | കോട്ടയം | 5 | 3 | 7 | 15 |
| 6 | ഇടുക്കി | 10 | 2 | 4 | 7 |
| 7 | എറണാകുളം | 33 | 10 | 20 | 11 |
| 8 | തൃശ്ശൂർ | 24 | 7 | 23 | 17 |
| 9 | പാലക്കാട് | 13 | - | 10 | 6 |
| 10 | മലപ്പുറം | 12 | - | 4 | 3 |
| 11 | കോഴിക്കോട് | 13 | 2 | 8 | - |
| 12 | വയനാട് | 5 | 2 | 4 | 2 |
| 13 | കണ്ണൂർ | 10 | 3 | 7 | 6 |
| 14 | കാസർഗോഡ് | 6 | - | 2 | 1 |
| | ആകെ | 169 | 33 | 111 | 87 |

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യാപക ജന പ്രതിനിധികൾ**

3407 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താഴെക്കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എത്ര എയിഡഡ് സ്കൂൾ അധ്യാപകർ ജനപ്രതിനിധികളായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരുടെ ജില്ലതിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 317.

(ബി) അനുബന്ധമായി ചേർക്കുന്നു.*

| ക്രമ നമ്പർ | ജില്ല | ഗ്രാമപഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | നഗരസഭ |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 6 | Nil | Nil | Nil |
| 2 | കൊല്ലം | 9 | 2 | 1 | 1 |
| 3 | പത്തനംതിട്ട | 12 | 5 | 1 | Nil |
| 4 | ആലപ്പുഴ | 10 | 4 | Nil | 2 |
| 5 | കോട്ടയം | 11 | 6 | 2 | 1 |
| 6 | ഇടുക്കി | 2 | 2 | Nil | 1 |
| 7 | എറണാകുളം | 3 | 2 | 1 | 3 |
| 8 | തൃശ്ശൂർ | Nil | Nil | 1 | 1 |
| 9 | പാലക്കാട് | 9 | 6 | 3 | 1 |
| 10 | മലപ്പുറം | 54 | 16 | 5 | 13 |
| 11 | കോഴിക്കോട് | 63 | 13 | 2 | 2 |
| 12 | വയനാട് | 1 | 1 | Nil | Nil |
| 13 | കണ്ണൂർ | 21 | 6 | 1 | 3 |
| 14 | കാസർഗോഡ് | 6 | 1 | 1 | - |
| | Total | 207 | 64 | 18 | 28 |

**വൃദ്ധജനങ്ങളുടെ സംരക്ഷണം**

3440 ശ്രീമതി കെ. എസ്. സലീഖ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോപ്പുലേഷൻ റിസർച്ച് സെന്റർ വിവിധ സംസ്ഥാനങ്ങളിൽ നടത്തിയ സർവ്വേ പ്രകാരം അറുപത് വയസ്സ് കഴിഞ്ഞവർ സംസ്ഥാനത്ത് എത്ര പേരുണ്ടെന്നും ഇത് സംസ്ഥാന ജനസംഖ്യയുടെ എത്ര ശതമാനം വരുമെന്നും വ്യക്തമാക്കുമോ;

(ബി) ഇവരിൽ 80 വയസ്സ് കഴിഞ്ഞവർ എത്രയാണെന്നും ഇത് സംസ്ഥാന ജനസംഖ്യയുടെ എത്ര ശതമാനമാണെന്നും വ്യക്തമാക്കുമോ;

(സി) ഇവർക്കായി സാമൂഹ്യനീതി വകുപ്പ് എന്തെല്ലാം സഹായങ്ങൾ നൽകുന്നുണ്ട്. വിശദാംശം നൽകുമോ;

* അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഡി) ഇവരുടെ സഹായ സംരക്ഷണ പ്രവർത്തനങ്ങൾക്കായി നടപ്പ വർഷം എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും എന്ത് തുക കേന്ദ്ര സഹായം ലഭിച്ചുവെന്നും ഇവയിൽ എന്ത് തുക നാളിതുവരെ ചെലവാക്കിയെന്നുമുള്ള വിശദ വിവരം നൽകുമോ;

(ഇ) ഇവർക്ക് ആരോഗ്യ പരിരക്ഷ, പാർപ്പിട സൗകര്യം, സാമൂഹ്യ പരിരക്ഷ എന്നിവ ഉറപ്പ് വരുത്താൻ എന്ത് നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാനത്ത് 60 വയസ്സ് തികഞ്ഞ എല്ലാ ജനങ്ങൾക്കും ചികിത്സാ സഹായത്തിനായുള്ള ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് സർക്കാർ അംഗീകൃത ഇൻഷ്വറൻസ് കമ്പനികളുമായി യോജിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ജി) ഇവർ പലരും വിവിധതരത്തിലുള്ള ആക്രമണങ്ങൾക്ക് വിധേയരാകുന്നതും മക്കൾ വീട്ടിൽ നിന്നും ഇറക്കിവിട്ട് നിരാലംബരായി ജീവിതം നയിക്കേണ്ടിവരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) എങ്കിൽ ഇത്തരത്തിൽ എത്ര കേസുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നാണ് സാമൂഹ്യനീതി വകുപ്പ് കണക്കാക്കുന്നത്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഐ) 60 വയസ് കഴിഞ്ഞവരുടെ സംരക്ഷണത്തിനായി സാമൂഹ്യനീതി വകുപ്പ് എന്ത് നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

<u>ഉത്തരം</u>

(എ) പോപ്പുലേഷൻ റിസർച്ച് സെന്റർ മുതിർന്ന പൗരന്മാരുടെ സാമ്പിൾ സർവ്വേ മാത്രമാണ് നടത്തിയിട്ടുള്ളത്. ജില്ലകളിലെ തെരഞ്ഞെടുത്ത പഞ്ചായത്തുകളിലെ തെരഞ്ഞെടുത്ത ബ്ലോക്കുകളിലാണ് സർവ്വേ നടത്തിയിട്ടുള്ളത്. 1214 വീടുകളിൽ നടത്തിയ സർവ്വേയിൽ 1365 വയോജനങ്ങൾ (സ്ത്രീകളും പുരുഷന്മാരും) ഉണ്ട്. സംസ്ഥാനത്ത് മുഴുവനും സർവ്വേ നടത്തിയിട്ടില്ലാത്തതിനാൽ ശതമാന കണക്ക് ലഭ്യമല്ല.

(ബി) പ്രത്യേകം വിവരം ശേഖരിച്ചിട്ടില്ല.

(സി) സാമൂഹ്യനീതി വകുപ്പ് വയോജനങ്ങൾക്കായി സംസ്ഥാനത്ത് വൃദ്ധസദനങ്ങൾ നടത്തുന്നുണ്ട്. ആഹാരം, വസ്ത്രം, മരുന്ന്, താമസ സൗകര്യം, മാനസിക ഉല്ലാസ മാർഗ്ഗങ്ങൾ എന്നിവ നല്കുന്നുണ്ട്. കൂടാതെ 512 വൃദ്ധസദനങ്ങൾ, സന്നദ്ധ സംഘടനകൾ നടത്തുന്നുണ്ട്. സംഘടനകൾക്ക് സർക്കാർ ഗ്രാന്റ്

നൽകുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പകൽ പരിപാലന കേന്ദ്രങ്ങളും വൃദ്ധസദനങ്ങളും നടത്തുന്നുണ്ട്. സാമൂഹ്യനീതി വകുപ്പ് തദ്ദേശ സ്വയംഭരണ വകുപ്പ് വഴി വിതരണം ചെയ്യുന്ന ഇന്ദിരാഗാന്ധി വാർദ്ധക്യകാല പെൻഷൻ 60 വയസ്സ് കഴിഞ്ഞവർക്ക് 500 രൂപയും 80 വയസ്സ് കഴിഞ്ഞവർക്ക് 1100 രൂപയും നൽകി വരുന്നുണ്ട്.

(ഡി) വകുപ്പ് നടപ്പു വർഷം അനുവദിച്ചത് - 21,53,00,000 രൂപ

ചെലവഴിച്ചത് - 9,92,04,100 രൂപ.

ഇന്ദിരാഗാന്ധി നാഷണൽ ഓൾഡേജ് പെൻഷനും ഇന്റഗ്രേറ്റഡ് പ്രോഗ്രാം ഫോർ ഓൾഡർ പേഴ്സൺസുമായി കേന്ദ്രസഹായം അനുവദിച്ചത് - 101,00,00,000 രൂപ

ചെലവഴിച്ചത് - 97,64,51,017 രൂപ.

(ഇ) സാമൂഹ്യനീതി വകുപ്പിലെ 15 വൃദ്ധസദനങ്ങൾ മുഖേനയും സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങൾക്ക് ഗ്രാന്റായി ഫണ്ട് അനുവദിച്ചും, വയോജനങ്ങളുടെ ആരോഗ്യപരിരക്ഷ, പാർപ്പിട സൗകര്യം, സാമൂഹ്യ പരിരക്ഷ എന്നിവ ഉറപ്പു വരുത്തുന്നുണ്ട്. കൂടാതെ വകുപ്പ് കേരള സാമൂഹ്യ സുരക്ഷ മിഷൻ വഴി 65 വയസ്സിനു മുകളിലായി പ്രായമുള്ള വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി വയോമിത്രം എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.

(എഫ്) മുതിർന്ന പൗരൻമാർക്കുവേണ്ടി സമഗ്രമായ ഒരു ആരോഗ്യ ഇൻഷ്വറൻസ് പരിപാടി ആവിഷ്കരിക്കാൻ മുതിർന്ന പൗരന്മാർക്കുവേണ്ടിയുള്ള സംസ്ഥാന നയം 2013-ൽ ലക്ഷ്യമിട്ടിട്ടുണ്ട്. ഇത് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ജി) ഉണ്ട്.

(എച്ച്) 60 വയസ്സ് തികഞ്ഞവർക്കെതിരെയുള്ള ആക്രമണങ്ങൾക്കും, അവരെ മക്കൾ വീട്ടിൽ നിന്ന് ഇറക്കിവിട്ടതുമായി ബന്ധപ്പെട്ട് 611 കേസുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.•

(ഐ) മാതാപിതാക്കൾക്കും മുതിർന്ന പൗരന്മാർക്കും വേണ്ടി നിലവിലുള്ള നിയമം കാര്യക്ഷമമായി നടപ്പിൽ വരുത്താനും, വയോജനങ്ങൾക്കായി രൂപീകരിച്ച നയത്തിലെ (2013) കർമ്മ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനും സാമൂഹ്യനീതി വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നു.

---

• ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പഞ്ചായത്ത് ഭൂമി വിട്ടു നൽകാൻ നടപടി**

3214 ശ്രീ. കെ. വി. വിജയദാസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകൾക്ക് നിക്ഷിപ്തമായിട്ടുള്ള ഭൂമി റവന്യൂ ഭൂമിയല്ലാത്തവ സർക്കാർ ആശുപത്രികൾ, റെസ്റ്റ് ഹൗസുകൾ എന്നിവ നിർമ്മിക്കുന്നതിനായി പഞ്ചായത്ത് വകുപ്പ് ബന്ധപ്പെട്ട വകുപ്പുകൾക്ക് വിട്ടുനൽകുന്നതിന് നിയമതടസ്സമുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പഞ്ചായത്തുകൾ വിലയ്ക്കു വാങ്ങിയതും പഞ്ചായത്തുകൾക്ക് നിക്ഷിപ്തമായിട്ടുള്ളതുമായ ഭൂമി മറ്റ് വകുപ്പുകൾക്ക് വിട്ടുനൽകുന്നതിന് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങളുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ & ബി) ഗ്രാമ പഞ്ചായത്തുകളിൽ നിക്ഷിപ്തമായിട്ടുള്ള ഭൂമി മറ്റ് സർക്കാർ സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറുന്നതിന് നടപടി സ്വീകരിക്കേണ്ടത് പഞ്ചായത്ത് വകുപ്പല്ല മറിച്ച് അതാത് ഗ്രാമ പഞ്ചായത്തുകളാണ്.

2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയൊഴിക്കലും) ചട്ടങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്തുകൾ വാങ്ങിയ (ആർജിച്ച) രജിസ്റ്റേർഡ് ഭൂമിയുടെ ഉടമസ്ഥത ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളിൽ നിക്ഷിപ്തമാണ്. പ്രസ്തുത ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരുമായി കൂടിയാലോചിച്ച് ഗ്രാമ പഞ്ചായത്തുകൾക്ക് ഭൂമി വിനിയോഗിക്കാവുന്നതാണ്. സംസ്ഥാന സർക്കാരിന്റെ ഏതെങ്കിലും വകുപ്പിന് പദ്ധതി നിർവ്വഹണത്തിനായി ഇത്തരം ഭൂമികൾ വിട്ടൊഴിയേണ്ടതുണ്ടെങ്കിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ അനുമതി തേടിയശേഷം റവന്യൂ വകുപ്പിലേക്ക് ഡീവെസ്റ്റ് ചെയ്യേണ്ടതാണ്. തുടർന്ന് ഭൂമി ആവശ്യമുള്ള വകുപ്പിന്റെ അർത്ഥനാപത്രം ലഭിക്കുന്ന മുറയ്ക്ക് ഔപചാരിക നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് സർക്കാരിലെ റവന്യൂ വകുപ്പ് ഭൂമി കൈമാറ്റ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു. ഭൂമി കൈമാറ്റം, പതിവ്, പാട്ടം തുടങ്ങിയ വിഷയങ്ങളിൽ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള അധികാരം സർക്കാരിലെ റവന്യൂ വകുപ്പിലാണ് റൂൾസ് ഓഫ് ബിസിനസ് പ്രകാരം നിക്ഷിപ്തമായിട്ടുള്ളത്.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാന സർക്കാരിൽ നിന്നും ഗ്രാമ പഞ്ചായത്തുകളിൽ നിക്ഷിപ്തമാക്കപ്പെട്ട ഭൂമി

ഏതെങ്കിലും വകുപ്പുകളുടെ പദ്ധതി നിർവ്വഹണത്തിന് ആവശ്യമുണ്ടെങ്കിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും വിജ്ഞാപനം പുറപ്പെടുവിച്ച് പ്രസ്തുത ഭൂമികളെ പഞ്ചായത്ത് രാജ് ആക്ടിന്റെ പരിധിയിൽ നിന്നൊഴിവാക്കിയ ശേഷം ഔപചാരിക ഭൂമികൈമാറ്റ നടപടികൾ സ്വീകരിച്ച് ഭൂമി കൈമാറി നല്കാവുന്നതാണ്. വിജ്ഞാപനം പുറപ്പെടുവിക്കുന്ന നടപടി തദ്ദേശസ്വയംഭരണ വകുപ്പും, തുടർന്നുള്ള ഭൂമി കൈമാറ്റ നടപടികൾ റവന്യൂ വകുപ്പുമാണ് സ്വീകരിക്കുന്നത്.

**ഗ്രാമപഞ്ചായത്ത് വിലയ്ക്കു വാങ്ങിയ ഭൂമി**

3215 ശ്രീ. കെ. വി. വിജയദാസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്ത് വിലയ്ക്കുവാങ്ങിയിട്ടുള്ള ഭൂമി, ആശുപത്രികൾ, ഹോസ്റ്റലുകൾ, ഫയർ സ്റ്റേഷനുകൾ മുതലായ സർക്കാർ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനായി മറ്റു വകുപ്പുകൾക്ക് പഞ്ചായത്ത് വകുപ്പ് തന്നെ കൈമാറുന്നതിന് വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ സഹിതം വിശദ വിവരങ്ങൾ നൽകുമോ;

(ബി) ഇത്തരത്തിൽ പഞ്ചായത്ത് വകുപ്പ് ഇതര വകുപ്പുകൾക്ക് ഭൂമി കൈമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ; ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) പഞ്ചായത്ത് വിലയ്ക്ക് വാങ്ങിയ ഭൂമി സർക്കാർ അനുമതിയോടെ വില്പന നടത്തുന്നതിന് മാത്രമേ കേരള പഞ്ചായത്ത് രാജ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളൂ. മറ്റ് വകുപ്പുകൾക്ക് കൈമാറുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതി ആവശ്യമാണ്.

(ബി) തിരുവനന്തപുരം ജില്ല : കോട്ടുകാൽ ഗ്രാമ പഞ്ചായത്ത് PHC സ്ഥാപിക്കുന്നതിന് ആരോഗ്യവകുപ്പിനും പെരിങ്ങല ഗ്രാമ പഞ്ചായത്ത് കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്കും കരവാരം പഞ്ചായത്ത് പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന് ആഭ്യന്തര വകുപ്പിനും കിളിമാനൂർ ഗ്രാമ പഞ്ചായത്ത് സ്കൂൾ സ്ഥാപിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പിനും രാജാ രവിവർമ്മ സ്മാരകവും ആർട്ട് സ്കൂളും സ്ഥാപിക്കുന്നതിന് സാംസ്കാരിക വകുപ്പിനും ഭൂമി കൈമാറിയിട്ടുണ്ട്.

കൊല്ലം ജില്ല : ചടയമംഗലം ഗ്രാമ പഞ്ചായത്ത് കെ.എസ്.ആർ.ടി.സി.- യ്ക്കും സബ്ട്രഷറിക്കും ഇളമാട് ഗ്രാമ പഞ്ചായത്ത് ഗവ. ഐ.റ്റി.ഐ.- യ്ക്കും, കല്ലുവാതുക്കൽ

ഗ്രാമ പഞ്ചായത്ത് പോലീസ് സ്റ്റേഷനും കൊട്ടാരക്കര ഗ്രാമ പഞ്ചായത്ത് ഫയർ സ്റ്റേഷനും, പത്താനാപുരം ഗ്രാമ പഞ്ചായത്ത് യു.ഐ.റ്റി. സെന്ററിനും തെന്മല ഗ്രാമ പഞ്ചായത്ത് പോലീസ് സ്റ്റേഷനും, തേവലക്കര ഗ്രാമ പഞ്ചായത്ത് ഐ.റ്റി.ഐ.- യ്ക്കും വേണ്ടി ഭൂമി വിട്ടുനല്കിയിട്ടുണ്ട്.

പത്തനംതിട്ട ജില്ല : ഇല്ല

ആലപ്പുഴ ജില്ല : ഇല്ല

കോട്ടയം ജില്ല: വെച്ചൂർ ഗ്രാമ പഞ്ചായത്ത്, വൈക്കം കരിനില വികസന ഏജൻസി മുഖാന്തിരം ആധുനിക രീതിയിലുള്ള റൈസ് മിൽ സ്ഥാപിക്കുന്നതിനും കടുത്തുരുത്തി ഗ്രാമ പഞ്ചായത്ത് ഗവ. പോളിടെക്നിക്ക് സ്ഥാപിക്കുന്നതിനും തലയാഴം ഗ്രാമ പഞ്ചായത്ത് ഹെൽത്ത് സെന്റർ സ്ഥാപിക്കുന്നതിന് 42.9 ആർ സ്ഥലവും ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി സ്ഥാപിക്കുന്നതിന് 8.18 ആർ സ്ഥലവും മീനടം ഗ്രാമ പഞ്ചായത്ത് പി.എച്ച്.സി.- യ്ക്ക് വേണ്ടിയും മുളക്കുളം ഗ്രാമ പഞ്ചായത്ത് ആശുപത്രി, വൃദ്ധ സദനം എന്നിവ നിർമ്മിക്കുന്നതിനും സ്ഥലം കൈമാറിയിട്ടുണ്ട്.

എറണാകുളം ജില്ല : പിറവം ഗ്രാമ പഞ്ചായത്ത് കെ.എസ്.ആർ.ടി.സി.-യ്ക്ക് 2 ഏക്കർ 80.50 സെന്റ് സ്ഥലവും, സിവിൽ സപ്ളൈസ് കോർപ്പറേഷന് 36 സെന്റ് സ്ഥലവും കൈമാറിയിട്ടുണ്ട്. കൂത്താട്ടുകുളം ഗ്രാമ പഞ്ചായത്ത് കെ.എസ്.ആർ.ടി.സി.- യ്ക്ക് കൈമാറിയിട്ടുണ്ടെങ്കിലും നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വരുന്നതേയുള്ളൂ. എടവനക്കാട് ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 15 സെന്റ് ഭൂമി ഗ്രാമ പഞ്ചായത്തിന്റെ കുടിവെള്ള വിതരണ ആവശ്യത്തിനായി ജി.ഐ.ഡി.എ.- യുടെ സഹായത്തോടെ വാട്ടർ ടാങ്ക് പണിയുന്നതിന് കേരള വാട്ടർ അതോറിറ്റിക്ക് വിട്ടു നല്കിയിട്ടുണ്ട്.

ഇടുക്കി ജില്ല : ഇല്ല

തൃശ്ശൂർ ജില്ല : ഇല്ല

വയനാട് ജില്ല : മീനങ്ങാടി ഗ്രാമ പഞ്ചായത്ത് കച്ചേരിക്കുന്ന് കുടിവെള്ള പദ്ധതിക്കായി 10 സെന്റ് സ്ഥലം കേരളാ ജല അതോറിറ്റിക്കും, 20 സെന്റ് സ്ഥലം കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് ജില്ലാ പഞ്ചായത്തിനും ഐ.എച്ച്.ആർ.ഡി കോളേജിന്റെ സ്ഥലമെടുപ്പിനായി 2 ഏക്കർ ഭൂമി സർക്കാരിലേക്കും ബാലവിഹാർ നടത്തുന്നതിനായി 19 സെന്റ് സ്ഥലം ശിശുക്ഷേമ സമിതിക്കും സൗജന്യമായി വിലയ്ക്ക് വാങ്ങി നല്കിയിട്ടുണ്ട്. പനമരം ഗ്രാമപഞ്ചായത്ത് യുവജന ക്ഷേമബോർഡ്, എടവക ഗ്രാമ പഞ്ചായത്ത് സബ് ട്രഷറി ദ്വാരകയ്ക്ക് വിലയ്ക്കു വാങ്ങി ഗവൺമെന്റ് അനുമതിയോടെ കൈമാറിയിട്ടുണ്ട്.

കണ്ണൂർ ജില്ല : ചെറുതാഴം ഗ്രാമ പഞ്ചായത്ത് പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് നിർമ്മിക്കുന്നതിന് വേണ്ടി 75 സെന്റ് ഭൂമി കൈമാറിയിട്ടുണ്ട്

പാലക്കാട് ജില്ല : ഇല്ല

കോഴിക്കോട് ജില്ല: കൂരാച്ചുണ്ട് ഗ്രാമ പഞ്ചായത്ത് വില്ലേജ് ഓഫീസ് സ്ഥാപിക്കുന്നതിന് 5 സെന്റ് ഭൂമിയും, രജിസ്ട്രേഷൻ വകുപ്പിന് സബ് രജിസ്ട്രാർ ഓഫീസ് സ്ഥാപിക്കുന്നതിന് 10 സെന്റ് സ്ഥലവും നല്കിയിട്ടുണ്ട്.

മലപ്പുറം ജില്ല: ഇല്ല

കാസർഗോഡ് ജില്ല: കിനാനൂർ കരിന്തളം ഗ്രാമ പഞ്ചായത്ത് വനം വന്യജീവി വകുപ്പിന് ഭൂമി കൈമാറിയിട്ടുണ്ട്.

ലഭ്യമായ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## പഞ്ചായത്തുകളിലെ വിവിധ തസ്തികകളിലെ ഒഴിവുകൾ

3234 ശ്രീ. കെ. രാധാകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകളിൽ വിവിധ തസ്തികകളിൽ എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കുമോ;

(ബി) ജീവനക്കാരുടെ കുറവ് കാരണം ജനങ്ങൾക്ക് ദൈനംദിന സേവനങ്ങൾ ലഭിക്കുന്നതിനുള്ള കാല താമസവും വിവിധ വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീയാക്കുന്നതിലുള്ള കാലതാമസവുമുണ്ടാകുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ നിലവിലുള്ള ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 464 ഒഴിവുകളുണ്ട്. വിശദാവിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| സെക്രട്ടറി | 28 |
| അസിസ്റ്റന്റ് സെക്രട്ടറി | 25 |
| ജൂനിയർ സൂപ്രണ്ട് | 19 |
| ഹെഡ് ക്ലാർക്ക് | 11 |

* അനുബന്ധമായി ചേർത്തിരിക്കുന്നു.

| | |
|---|---|
| അക്കൗണ്ടന്റ് | 2 |
| സീനിയർ ക്ലാർക്ക് | 109 |
| ക്ലാർക്ക് | 212 |
| ഓഫീസ് അറ്റൻഡന്റ് | 42 |
| ലൈബ്രേറിയൻ | 2 |
| ഡ്രൈവർ | 14 |

(ബി) ഉണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

**സ്നേഹനഗർ എസ്.സി. കോളനിയിലെ വിജ്ഞാൻവാടി കേന്ദ്രത്തിന്റെ നിർമ്മാണം**

6099 ശ്രീ. ബി. ഡി. ദേവസ്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊരട്ടി പഞ്ചായത്തിലെ 5-ാം വാർഡ് സ്നേഹനഗർ എസ്.സി. കോളനിയിലെ വിജ്ഞാൻവാടി കേന്ദ്രത്തിന്റെ നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനായുള്ള നടപടികൾ ഏതുഘട്ടത്തിലാണ്;

(സി) കെട്ടിടത്തിന്റെ നിർമ്മാണചുമതല ഏറ്റിട്ടുള്ള തൃശ്ശൂർ ജില്ലാ പോലീസ് സഹകരണ സംഘത്തിന് ഇതുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും പഞ്ചായത്ത് കൈമാറിയിട്ടും ഇതുവരെയും നിർമ്മാണം ആരംഭിക്കാത്തത് എന്തുകൊണ്ടാണ് എന്ന് അറിയാമോ;

(ഡി) പ്രസ്തുത വിജ്ഞാൻവാടി കേന്ദ്ര നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കാൻ ആവശ്യപ്പെടുമോ?

**ഉത്തരം**

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പട്ടികജാതി വികസന വകുപ്പ് ആവശ്യപ്പെട്ടതു പ്രകാരം ഗ്രാമപഞ്ചായത്ത് എല്ലാ രേഖകളും ചാലക്കുടി ബ്ലോക്ക് പട്ടിക ജാതി വികസന ഓഫീസർക്ക് കൈമാറിയിട്ടുണ്ട്.

(സി) നിർമ്മാണചുമതല ഏറ്റിട്ടുള്ള തൃശ്ശൂർ ജില്ലാ പോലീസ് സഹകരണ സംഘം നിർമ്മാണ പ്രവൃത്തിക്ക് ടെണ്ടർ വിളിച്ചെങ്കിലും ആരും പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറായിട്ടില്ല.

(ഡി) പട്ടികജാതി വികസന വകുപ്പ് ആവശ്യപ്പെടുന്നതാണ്.

**സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ**

6110 ശ്രീ. എം. എ. വാഹീദ് :താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദവിവരം നൽകുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം സാമൂഹ്യനീതി വകുപ്പിന് കേന്ദ്ര സർക്കാരിൽ നിന്നും വിവിധ പദ്ധതികൾക്കായി എത്ര രൂപ ലഭിച്ചെന്നും അവ ഏതെല്ലാം തരത്തിൽ വിനിയോഗിച്ചുവെന്നും വിശദമാക്കുമോ;

(ഡി) സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ എല്ലാ വർഷവും ഓഡിറ്റിംഗ് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) I. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റിനു കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

1. ചിൽഡ്രൻസ് ഹോമുകൾ
2. ഒബ്സർവേഷൻ ഹോമുകൾ
3. സ്പെഷ്യൽ ചിൽഡ്രൻസ് ഹോമുകൾ
4. ആഫ്റ്റർ കെയർ ഹോമുകൾ
5. വൃദ്ധജനങ്ങൾക്കുവേണ്ടിയുള്ള സ്ഥാപനങ്ങൾ

6. സ്ത്രീകൾ, കുട്ടികൾ, മാനസിക വെല്ലുവിളികൾ നേരിടുന്നവർ, ബുദ്ധി വൈകല്യമുള്ളവർക്കുള്ള സ്ഥാപനങ്ങൾ.

II. കൂടാതെ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന വിവിധ സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർത്തിരിക്കുന്നു:

1. കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ

2. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ

3. കേരള വനിതാ കമ്മീഷൻ

4. കേരള സംസ്ഥാന ശിശുക്ഷേമ സമിതി

5. നിഷ് (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ്)

6. കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡ്

7. കേരള സംസ്ഥാന വികലാംഗക്ഷേമ കമ്മീഷണറേറ്റ്

8. കേരള സംസ്ഥാന സാമൂഹ്യ സുരക്ഷാ മിഷൻ

9. ഓർഫനേജ് കൺട്രോൾ ബോർഡ്

10. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ.

(ബി) വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളുടെ സേവനം മെച്ചപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഈ സർക്കാർ അധികാരമേറ്റശേഷം വയനാട് ജില്ലയിൽ പുതിയ മഹിളാമന്ദിരം ആരംഭിച്ചു. വനിതാക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് നൽകിവരുന്ന വിവാഹധനസഹായം 10,000 രൂപയിൽ നിന്ന് 50,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കുട്ടികളെ ബോർഡിംഗ് സ്കൂളിൽ അയച്ചു പഠിപ്പിക്കുന്നതിനുള്ള നടപടികൾ സ്വികരിച്ചു. പ്രൊഫഷണൽ കോഴ്സുകളിൽ, സ്ഥാപനങ്ങളിലെ കുട്ടികൾക്ക് പ്രത്യേക സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംവരണം ഏർപ്പെടുത്തി. സംയോജിത ശിശുസംരക്ഷണ പദ്ധതി നടപ്പിലാക്കി. സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുന്നതിനായി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുകയും പഴയ കെട്ടിടങ്ങളുടെ നവീകരണം, അതാത് സ്ഥാപന മേധാവികൾ ആവശ്യപ്പെടുന്ന അടിസ്ഥാന വികസന പദ്ധതികൾ, നൂതന സാങ്കേതിക വിദ്യകൾ എന്നിവ നൽകി വരുന്നു.

(സി) കഴിഞ്ഞ സാമ്പത്തിക വർഷം സാമൂഹ്യ നീതി വകുപ്പിന് കേന്ദ്ര സർക്കാരിൽ നിന്ന് വിവിധ പദ്ധതികൾക്കായി ലഭിച്ച തുക യുടെയും വിനിയോഗത്തിന്റെയും വിശദ വിവരം ചുവടെ ചേർക്കുന്നു:

കഴിഞ്ഞ സാമ്പത്തിക വർഷം ICPS-ന്റെ പ്രവർത്തനത്തിന് കേന്ദ്ര വിഹിതമായ 7,85,89,000 രൂപ ലഭിയ്ക്കുകയും അതിൽ 4,94,37,253 രൂപ വിനിയോഗിച്ച് ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുമുണ്ട്:

1. സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി
2. സ്റ്റേറ്റ് പ്രോജക്ട് സപ്പോർട്ടിംഗ് യൂണിറ്റ്
3. സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി രൂപീകരിക്കുകയും ജീവനക്കാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.
4. ജുവനൈൽ ജസ്റ്റിസ് ബോർഡ്, ചൈൽഡ് വെൽഫെയർ കമ്മിറ്റി എന്നിവ പുനഃക്രമീകരിക്കുകയും അംഗങ്ങൾക്ക് ട്രെയിനിംഗ് നൽകുകയും ചെയ്തു.
5. ട്രാക്ക് ചൈൽഡ് വെബ് പോർട്ടൽ സംവിധാനം ഏർപ്പെടുത്തി.
6. ചൈൽഡ് ലൈൻ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുകയും എല്ലാ ജില്ലകളിലും ഓഫീസുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ഐ.സി.ഡി.എസ്.-ന് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച തുകയുടെയും പദ്ധതി വിനിയോഗത്തിന്റെയും വിശദവിവരം ചുവടെ ചേർക്കുന്നു:

| പദ്ധതി | കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തൽ) |
|---|---|---|
| സബല<br>1. ന്യൂട്രീഷൻ പ്രവർത്തനം | 1328.64 | 1013.49 |
| 2. നോൺ ന്യൂട്രീഷൻ പ്രവർത്തനം | 182.93 | 276.18 |
| കിശോരി ശക്തി യോജന | 179.94 | 191.40 |
| ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ് യോജന (IGMSY) | 1292.75 | 1274.86 |
| അനുപൂരക പോഷകാഹാര പദ്ധതി | 4511.22 | 4544.59 |
| അങ്കണവാടി പരിശീലന പരിപാടി | 175.04 | 369.86 |
| ഐ.സി.ഡി.എസ്. ജനറൽ | 28858.08 | 28036.99 |

(ഡി) സാമൂഹ്യനീതി വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിൽ ഇന്റേണൽ ഓഡിറ്റും അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റുമാണ് നടന്നുവരുന്നത്. മിക്ക ഓഫീസുകളിലും 2012-13 വരെയുള്ള ആഡിറ്റിംഗ് പൂർത്തിയാക്കിയിട്ടുണ്ട്. വകുപ്പിനു കീഴിലുള്ള കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ട് ഒരു വർഷം തികഞ്ഞതേയുള്ളൂവെന്നതിനാൽ ഓഡിറ്റിംഗ് ഇതുവരെയും നടന്നിട്ടില്ല.

## പ്രിൻസിപ്പൽ എസ്.ഐ.മാർക്കെതിരെ ലഭിച്ച പരാതികൾ

## പ്ലാൻ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച അംഗൻവാടികളെ സംബന്ധിച്ച വിവരം

6134 ശ്രീ. കെ. ദാസൻ : താഴെക്കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 2011-12, 2012-13, 2013-14 വർഷങ്ങളിൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് എവിടെയെല്ലാം അംഗൻവാടികൾ നിർമ്മിച്ചിട്ടുണ്ട്; നിയോജക മണ്ഡലം അടിസ്ഥാനത്തിൽ വിശദമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 2011-12, 2012-13,2013-14 വർഷങ്ങളിൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച അംഗൻവാടികളുടെ വിശദ വിവരം നിയോജക മണ്ഡലം അടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു.*

## ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ അംഗൻവാടികൾ

6136 ശ്രീ. എം. ഹംസ : താഴെക്കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിൽ അംഗൻവാടി നിർമ്മാണത്തിന് ഫണ്ട് അനുവദിച്ചുവെന്ന് അറിയിക്കുമോ;

(ബി) ഓരോ അംഗൻവാടിക്കും അനുവദിക്കപ്പെട്ട ഫണ്ടിന്റെയും, ഏത് സ്കീം പ്രകാരമാണ് ഫണ്ട് അനുവദിച്ചതെന്നും വ്യക്തമാക്കാമോ;

(സി) അംഗൻവാടികളുടെ നവീകരണത്തിനായി എന്തെല്ലാം പ്രോജക്ടുകൾ ആണ് നിലവിലുള്ളത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ ചുവടെ പറയുന്ന ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റിയിലും അംഗൻവാടി നിർമ്മാണത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്:

---

* അനുബന്ധമായി ചേർത്തിരിക്കുന്നു.

1. ഒറ്റപ്പാലം മുനിസിപ്പാലിറ്റി

2. ലക്കിടി പേരൂർ ഗ്രാമപഞ്ചായത്ത് .

3. അമ്പലപ്പാറ ഗ്രാമപഞ്ചായത്ത്.

4. പൂക്കോട്ട്കാവ് ഗ്രാമപഞ്ചായത്ത്.

5. ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത്.

6. കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത്.

7. കരിമ്പുഴ ഗ്രാമപഞ്ചായത്ത്.

(ബി) വിവിധ വകുപ്പുകൾ മുഖേന കെട്ടിട നിർമ്മാണം നിർവ്വഹിച്ചതിനാൽ ഫണ്ട് അനുദിച്ചതിന്റെ സ്കീം വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| ഒറ്റപ്പാലം മുനിസിപ്പാലിറ്റി | പ്ലാൻ ഫണ്ട്, എം.പി.ഫണ്ട്, ബി.ആർ.ജി.എഫ്. ഫണ്ട് |
| ലക്കിടി പേരൂർ ഗ്രാമ പഞ്ചായത്ത് | പഞ്ചായത്ത് ഫണ്ട്, ബി.ആർ.ജി.എഫ്. ഫണ്ട്, ജില്ലാ പഞ്ചായത്ത് ഫണ്ട്. |
| അമ്പലപ്പാറ ഗ്രാമപഞ്ചായത്ത് | പഞ്ചായത്ത് ഫണ്ട്, ബി.ആർ.ജി.എഫ്. ഫണ്ട്, ആർ.ഐ.ഡി.എഫ് ഫണ്ട്. |
| പൂക്കോട്ട്കാവ് ഗ്രാമപഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് ഫണ്ട്, എസ്.സി. ഫണ്ട്, ബി.ആർ.ജി.എഫ്. ഫണ്ട്, ഗ്രാമപഞ്ചായത്ത് ഫണ്ട്. |
| ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് ഫണ്ട്, ബി.ആർ.ജി.എഫ് ഫണ്ട്, ഗ്രാമപഞ്ചായത്ത് ഫണ്ട്. |
| കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത് | ബി.ആർ.ജി.എഫ്. ഫണ്ട്, ഗ്രാമപഞ്ചായത്ത് ഫണ്ട്. |
| കരിമ്പുഴ ഗ്രാമപഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് ഫണ്ട്, എസ്.സി. ഫണ്ട്, ബി.ആർ.ജി.എഫ്. ഫണ്ട്, എം.പി. ഫണ്ട് |

ഇതിലേയ്ക്കായി ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | | | |
|---|---|---|---|
| 1. | ഒറ്റപ്പാലം മുനിസിപ്പാലിറ്റി | പ്ലാൻ ഫണ്ട്, എം.പി.ഫണ്ട്, ബി.ആർ.ജി.എഫ്. ഫണ്ട് | 28 ലക്ഷം<br>10 ലക്ഷം<br>44 ലക്ഷം |
| 2. | ലക്കിടി പേരൂർ ഗ്രാമ പഞ്ചായത്ത് | പഞ്ചായത്ത് ഫണ്ട്,<br>ബി.ആർ.ജി.എഫ്. ഫണ്ട്, ജില്ലാ പഞ്ചായത്ത് ഫണ്ട്. | 4.5 ലക്ഷം<br>12 ലക്ഷം<br>4.5 ലക്ഷം |

| | | | |
|---|---|---|---|
| 3. | അമ്പലപ്പാറ ഗ്രാമപഞ്ചായത്ത് | പഞ്ചായത്ത് ഫണ്ട്,<br>ബി.ആർ.ജി.എഫ്. ഫണ്ട്,<br>ആർ.ഐ.ഡി.എഫ്. ഫണ്ട്. | 8.25 ലക്ഷം<br>21 ലക്ഷം<br>24.75 ലക്ഷം |
| 4. | പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് ഫണ്ട്,<br>എസ്.സി. ഫണ്ട്,<br>ബി.ആർ.ജി.എഫ്. ഫണ്ട്,<br>ഗ്രാമപഞ്ചായത്ത് ഫണ്ട്. | 6.5 ലക്ഷം<br>6 ലക്ഷം<br>4.5 ലക്ഷം<br>9.5 ലക്ഷം |
| 5. | ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് ഫണ്ട്,<br>ബി.ആർ.ജി.എഫ്. ഫണ്ട്,<br>ഗ്രാമപഞ്ചായത്ത് ഫണ്ട് | 6.6 ലക്ഷം<br>4.75 ലക്ഷം<br>13.8 ലക്ഷം |
| 6. | കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത് | ബി.ആർ.ജി.എഫ്. ഫണ്ട്,<br>ഗ്രാമപഞ്ചായത്ത് ഫണ്ട്. | 34.25 ലക്ഷം<br>35.14 ലക്ഷം |
| 7. | കരിമ്പുഴ ഗ്രാമപഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് ഫണ്ട്,<br>എസ്.സി ഫണ്ട്,<br>ബി.ആർ.ജി.എഫ്. ഫണ്ട്, എം.പി. ഫണ്ട് | 6 ലക്ഷം<br>13 ലക്ഷം<br>13.90 ലക്ഷം<br>4 ലക്ഷം. |

(സി) പഞ്ചായത്ത് പ്രോജക്ടുകളിലൂടെയാണ് പഞ്ചായത്ത് നവീകരണത്തിനുള്ള ഫണ്ട് കണ്ടെത്തുന്നത്. കൂടാതെ 2014-15 സാമ്പത്തിക വർഷത്തിൽ ആനുവൽ പ്രോഗ്രാം ഇംപ്ലിമെന്റേഷൻ പ്ലാൻ പദ്ധതി പ്രകാരം ഒരു അംഗൻവാടിയ്ക്ക് 1 ലക്ഷം രൂപ വീതം 1370 അംഗൻവാടികൾ നവീകരിക്കുതിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

**ജെൻഡർ പാർക്ക് പദ്ധതിയുടെ നടത്തിപ്പ്**

7543 ശ്രീ. സി. പി. മുഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന ജെൻഡർ പാർക്ക് പദ്ധതിയുടെ നടത്തിപ്പിനായി ഏത് ഓഫീസറെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(ബി) കഴിഞ്ഞ സർക്കാർ നിയമിച്ച ഓഫീസറാണോ ഇപ്പോഴും തുടരുന്നത്; ഈ നിയമനം കോൺട്രാക്ട് വ്യവസ്ഥയിലുള്ളതാണോ;

(സി) ഈ ഓഫീസർ ഒരുമാസം വാങ്ങുന്ന ശമ്പളത്തിന്റെ വിവരം നൽകുമോ;

(ഡി) പ്രസ്തുത പദ്ധതിയ്ക്ക് എത്ര രൂപ അനുവദിച്ചിട്ടുണ്ട്;

(ഇ) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളും തുക വിനിയോഗിച്ചതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ജെൻഡർ പാർക്ക് പദ്ധതിയുടെ നടത്തിപ്പിനായി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറായ ഡോ. പി. റ്റി. മുഹമ്മദ് സുനീഷിനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സ്പെഷ്യൽ ഓഫിസറായി നിയമിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷമാണ് ഡോ. പി. റ്റി. മുഹമ്മദ് സുനീഷിനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സ്പെഷ്യൽ ഓഫിസറായി നിയമിച്ചിട്ടുള്ളത്.

(സി) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലുള്ളത് ഈ ഓഫീസറുടെ ഒരു മാസത്തെ ശമ്പളം 78,445 രൂപയാണ്.

(ഡി) പ്രസ്തുത പദ്ധതിയ്ക്ക് 2011-12 സാമ്പത്തിക വർഷത്തില 3 കോടി രൂപയും, 2012-13 സാമ്പത്തിക വർഷത്തിൽ 6 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ടി 9 കോടി രൂപ സാമൂഹ്യനീതി ഡയറക്ടറുടെ റ്റി.എസ്.ബി. അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 3 കോടി രൂപയിൽ 1,27,79,590 രൂപ ജെന്റർ ഫെസ്റ്റിനുവേണ്ടി സി-ഡിറ്റിന് കൈമാറിയിരുന്നു. ജെൻഡർ പാരക്കിന്റെ പ്രാരംഭ ചെലവുകൾ കഴിച്ച് 1,52,12,447 രൂപ ബാക്കിയുണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ ജെൻഡർ പാർക്കിനു വേണ്ടി മാത്രം അനുവദിച്ച 6 കോടി രൂപയിൽ 5,46,75,895 രൂപ ബാക്കിയുണ്ട്. ഈ സാമ്പത്തിക വർഷം 6.6 കോടി രൂപ ജെൻഡർ പാർക്കിനായി വകയിരുത്തിയിട്ടുണ്ട്.

(ഇ) കോഴിക്കോട് നിർമ്മിക്കാനുദ്ദേശിക്കുന്ന ജെൻഡർ പാർക്കിന് രൂപകല്പന തയ്യാറാക്കുന്നതിനായി താൽപ്പര്യപ്പത്രം ക്ഷണിക്കുകയും കൺസൾട്ടൻസിനെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. അവർ തയ്യാറാക്കിയ രൂപകല്പന പ്രകാരം നിർമ്മാണ പ്രവർത്തനം തുടങ്ങുന്നതിനായുള്ള ടെൻഡർ നടപടികൾ ഉടൻ തന്നെ ആരംഭിക്കുന്നതാണ്. ജെൻഡർ പാർക്കിന്റെ ഓഫ് ക്യാമ്പസ് പ്രവർത്തനങ്ങളുടെ ഭാഗമായി വനിതകൾ ഓടിക്കുന്ന ഷീ-ടാക്സിയുടെ പ്രവർത്തനം തിരുവനന്തപുരത്തും, എറണാകുളത്തും ആരംഭിച്ചു. ഇതിന്റെ പ്രവർത്തനം കോഴിക്കോട് ഉടൻ ആരംഭിക്കുന്നതാണ്. ജെൻഡർ പാർക്കിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ, ജെൻഡർ പാർക്ക് ജീവനക്കാരുടെ ശമ്പളം, കെട്ടിട വാടക, അനാമത്ത് ചെലവുകൾ തുടങ്ങിയവയ്ക്കു വേണ്ടി 2,01,11,658 രൂപ ചെലവഴിച്ചിട്ടുണ്ട്. 6,98,88,342 രൂപ റ്റിഎസ്ബി അക്കൗണ്ടിൽ ബാക്കിയുണ്ട്.

**പ്രകൃതിക്ഷോഭത്തെ തുടർന്നുണ്ടാകുന്ന നാശനഷ്ടങ്ങൾക്കുള്ള സമാശ്വാസ തുക**

7281 ശ്രീ. ജി. സുധാകരൻ:
ശ്രീ. പി. ശ്രീരാമകൃഷ്ണൻ:
ശ്രീ. പി. റ്റി. എ. റഹീം:
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): താഴെക്കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ പ്രകൃതിക്ഷോഭത്തെ തുടർന്ന് കർഷകർക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്കുള്ള സമാശ്വാസ തുക വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വർദ്ധിപ്പിക്കുവാനുദ്ദേശിക്കുന്ന നിരക്കിനെ സംബന്ധിച്ച് വിശദമാക്കാമോ;

(ബി) ഇതിനായി നിയോഗിക്കപ്പെട്ട സമിതിയുടെ റിപ്പോർട്ടിലെ പ്രമുഖ ശിപാർശകൾ എന്തെല്ലാമാണ്;

(സി) ഏത് കാലം മുതൽ ഉണ്ടായ നാശനഷ്ടങ്ങൾക്കാണിത് ബാധകമാക്കാനുദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്.

വിശദവിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി & സി) 3-11-2011 -ൽ സമിതിയെ നിയോഗിച്ചിരുന്നില്ല. എന്നാൽ പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് നൽകിവരുന്ന നഷ്ടപരിഹാരത്തിന്റെ തോത് പുനർനിർണ്ണയിക്കുന്നതിന് ശിപാർശ സമർപ്പിക്കാൻ 28-4-2012- ലെ സ.ഉ. (എം എസ്.)നമ്പർ 172/2012/ഡി.എം.ഡിഉത്തരവ് പ്രകാരം റവന്യൂ വകുപ്പ് മന്ത്രിയും കൃഷി വകുപ്പ് മന്ത്രിയും അടങ്ങുന്ന മന്ത്രിസഭാ ഉപസമിതിയെ ചുമതപ്പെടുത്തുകയും ഉപസമിതിയുടെ നിർദ്ദേശങ്ങൾ പരിശോധിച്ചശേഷം സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്ന് പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് നൽകിവരുന്ന നഷ്ടപരിഹാരത്തുകയുടെ തോത് പുനർനിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്. വിശദവിവരം അനുബന്ധം 2 ആയി ചേർക്കുന്നു.*

**കിസ്സാൻ ക്രെഡിറ്റ് കാർഡ്**

6109 ശ്രീ. ബെന്നി ബെഹനാൻ:
ശ്രീ. കെ. ശിവദാസൻ നായർ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഹൈബി ഈഡൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

* അനുബന്ധമായി ചേർത്തിരിക്കുന്നു.

(എ) കിസ്സാൻ ക്രെഡിറ്റ് കാർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) ഭാവിയിൽ എ.റ്റി.എം. കാർഡുകളായി ഉപയോഗിക്കാവുന്ന രീതിയിൽ ക്രമീകരിക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ;

(സി) ഏത് പദ്ധതിയുടെ ധനസഹായത്തോടെയാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്?

ഉത്തരം

(എ) ഏകജാലക സംവിധാനത്തിലൂടെ കർഷകർക്ക് കൃഷിക്കാവശ്യമുള്ള വായ്പകൾ ലളിതവും സമയോചിതവുമായി നൽകുന്നതിനുള്ള ബാങ്കുകളുടെ ഒരു പദ്ധതിയാണ് കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി. താഴെപറയുന്ന ആവശ്യങ്ങൾക്കാണ് വായ്പകൾ നൽകുന്നത്.

1. കൃഷിക്കാവശ്യമുള്ള ഹ്രസ്വകാല വായ്പകൾ.
2. വിളവെടുപ്പിനുശേഷമുള്ള സംസ്കരണത്തിനുള്ള വായ്പകൾ
3. കാർഷിക ഉല്പന്നങ്ങളുടെ വിപണനത്തിനായുള്ള വായ്പകൾ.
4. കർഷക കുടുംബങ്ങളുടെ ഉപഭോഗ ആവശ്യത്തിനായുള്ള വായ്പകൾ.
5. കാർഷിക അനുബന്ധ മേഖലകളിലെ മൂലധന നിക്ഷേപംനിലനിർത്തുന്നതിനുള്ള (മെയിന്റനൻസ്) വായ്പകൾ.
6. പമ്പ് സെറ്റുകൾ, സ്പ്രെയറുകൾ, ക്ഷീരോല്പാദന മേഖലയിലെ മൃഗങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള വായ്പകൾ.

(ബി) ഉണ്ട്.

(സി) സംസ്ഥാനത്തെ ബാങ്കുകൾ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) കിസാൻ ക്രെഡിറ്റ് കാർഡിന്റെ വ്യാപനത്തിനായി താഴെപറയുന്ന കാര്യങ്ങൾ ചെയ്തിട്ടുണ്ട്.

1. പദ്ധതിയുടെ വ്യാപനത്തിനും പ്രചാരണത്തിനുമായി പത്ര മാദ്ധ്യമങ്ങളിലൂടെ പരസ്യ പ്രചരണം.
2. 2011 സെപ്റ്റംബർ 26 മുതൽ ഒക്ടോബർ 1 വരെ കിസ്സാൻ ക്രെഡിറ്റ് കാർഡ് ക്യാംപയിൻ വാരമായി എല്ലാ ജില്ലകളിലും ആചരിച്ചു.
3. സെപ്റ്റംബർ ലക്കം കേരള കർഷകനിൽ കിസ്സാൻ ക്രെഡിറ്റ് കാർഡിനെക്കുറിച്ചുള്ള ലേഖനം അച്ചടിച്ച് കർഷകർക്കിടയിൽ പ്രചാരണം നടത്തി.

4. എഫ്. എം. റേഡിയോകളിൽക്കൂടി പ്രചാരണം നടത്തി.

5. കിസ്സാൻ ക്രെഡിറ്റ് കാർഡിനുള്ള അപേക്ഷകൾ കൃഷി ഭവനുകളിലൂടെ കൃഷിയാഫീസിൽ ശിപാർശ ചെയ്ത് ബാങ്കുകൾക്ക് നൽകുന്നതിന് നടപടിയെടുത്തു.

6. 2012, ജൂൺ, ജൂലൈ മാസങ്ങളിൽ കിസ്സാൻ ക്രെഡിറ്റ് കാർഡ് ക്യാംപയിനുകൾ സംഘടിപ്പിക്കുവാൻ ജില്ലാ തല ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**അട്ടപ്പാടിയിൽ ഹോർട്ടികൾച്ചർ മിഷൻ നടപ്പാക്കുന്ന പദ്ധതികൾ**

4673 ശ്രീ. വി. ശശി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗംഗാ ഇൻഷ്യേറ്റീവ് എന്ന എൻ.ജി.ഒ. വഴി ഹോർട്ടികൾച്ചർ മിഷൻ അട്ടപ്പാടിയിൽ ഏതെല്ലാം പദ്ധതികൾ നടപ്പാക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സംഘടനയുടെ ഡയറക്ടർ ബോർഡ് അംഗങ്ങൾ ആരെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) സംഘടന സമർപ്പിച്ചിട്ടുള്ള പ്രോജക്ട് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ഇവർ ആദിവാസി ഭൂമിയിൽ ഔഷധ കൃഷി നടത്തുന്നുണ്ടോ; ഏത് സ്ഥലത്താണ് ഈ കൃഷി നടക്കുന്നതെന്നും ഇതിനായി പണമായോ തൈകളായോ വിത്തായോ സഹായം നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ; ഇത്തരത്തിൽ എത്ര രൂപയുടെ സഹായമാണ് സംഘടനയ്ക്ക് നൽകിയതെന്ന് വിശദീകരിക്കാമോ;

(ഇ) പ്രസ്തുത സംഘടനയെ ഇത്തരത്തിൽ ഉത്തരവാദിത്വം ഏൽപ്പിച്ചത് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഗംഗാ ഇൻഷ്യേറ്റീവ് എന്ന എൻ.ജി.ഒ. വഴി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള വെജിറ്റബിൾ ഇൻഷ്യേറ്റീവ് ഫോർ അർബൻ ക്ലസ്റ്റേഴ്സ് 2012-13 എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 20,000 പച്ചക്കറി തൈകളും, ഔഷധസസ്യ മിഷൻ കേരള പദ്ധതി പ്രകാരം 94.35 ഹെക്ടറിൽ ഔഷധസസ്യ കൃഷിയും നടപ്പിലാക്കി വരുന്നു. കൂടാതെ 13.2 ഹെക്ടർ സ്ഥലത്ത് ടിഷ്യൂക്കൾച്ചർ വാഴയുടെ വിളവിസ്തൃതി വ്യാപനം എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

(ബി) ഗംഗാ ഇൻഷ്യേറ്റീവ് സംഘടനയുടെ ഡയറക്ടർ ബോർഡ് അംഗങ്ങളുടെ വിവരം (ടി സംഘടനയിൽ നിന്നും ലഭിച്ചത് പ്രകാരം) ചുവടെ ചേർക്കുന്നു:

1. റ്റി. എ. ജയനേന്ദ്രദത്തൻ (സെറ്റിലർ)
2. പി. ജെ. ജയിംസ്
3. അനുമാത്യു
4. അഡ്വ. ബാബുദിവാകരൻ (നോമിനേറ്റഡ് മെമ്പർ)
5. പുരുഷോത്തമൻ എംബ്രാന്തിരി (നോമിനേറ്റഡ് മെമ്പർ).

(സി) സംഘടന പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(ഡി) ഉണ്ട്. പുത്തൂർ പഞ്ചായത്തിലെ പാടവയൽ വില്ലേജിൽ ഉൾപ്പെടുന്ന ആനവായ്, കടുക് മണ്ണ് എന്നീ ഊരുകളിലാണ് ഔഷധസസ്യ കൃഷി നടത്തുന്നത്. ഔഷധസസ്യ കൃഷി നടപ്പാക്കുന്നതിന് നാളിതുവരെ ഒരു സഹായവും സംഘടനയ്ക്ക് നൽകിയിട്ടില്ല.

(ഇ) വെജിറ്റബിൾ ഇൻഷ്യേറ്റീവ് ഫോർ അർബൻ ക്ലസ്റ്റേഴ്സ് 2012-13 എന്ന പദ്ധതി പ്രകാരം വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം ഉല്പാദിപ്പിച്ച പച്ചക്കറി തൈകൾ എൻ.ജി.ഒ.-കൾ, സ്വാശ്രയ സംഘങ്ങൾ, പൊതുമേഖല-സ്വകാര്യ സ്ഥാപനങ്ങൾ മുതലായവയ്ക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ സൗജന്യമായി വിതരണം ചെയ്യാവുന്നതാണ്. ദേശീയ ഹോർട്ടിക്കൾച്ചർ മിഷന്റെ മാർഗ്ഗരേഖ പ്രകാരം സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ, കേരള നടപ്പിലാക്കുന്ന പദ്ധതികൾ എൻ.ജി.ഒ. വഴി നടപ്പിലാക്കാവുന്നതാണ്. പ്രസ്തുത സംഘടനയിൽ നിന്ന് അപേക്ഷ ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകിയത്.

പ്രസ്തുത സംഘടന വഴി ആദിവാസികൾ തന്ന അപേക്ഷ പാലക്കാട് ജില്ലയിലെ കൃഷി ഡെപ്യൂട്ടി ഡയറക്ടർ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഔഷധസസ്യ മിഷന്റെ പ്രപ്പോസലിന് അനുമതി നൽകിയിട്ടുള്ളത്. മാത്രമല്ല പ്രപ്പോസലിന് ആവശ്യമായ രേഖകളെല്ലാം ഈ സംഘടന മിഷനിൽ സമർപ്പിച്ചിട്ടുണ്ട്.

**പെൻഷൻ ബുക്ക്, സർവ്വീസ് ബുക്ക് ലഭ്യമാക്കാൻ നടപടി**

6953 ശ്രീ. റ്റി. വി. രാജേഷ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പെൻഷൻ ബുക്ക്, സർവ്വീസ് ബുക്ക് എന്നിവ പല സന്ദർഭങ്ങളിലും ലഭ്യമാകാത്തതിന് കാരണമെന്താണ്; ഇപ്പോൾ എത്ര രൂപയാണ് പെൻഷൻ ബുക്കിനും സർവ്വീസ് ബുക്കിനും ഈടാക്കുന്നത്;

(ബി) റിട്ടയർ ചെയ്യുന്ന ഉദ്യോഗസ്ഥന്മാർക്ക് പെൻഷൻ ബുക്ക് ലഭ്യമാകാത്തതിനാൽ അവർ അനുഭവിക്കുന്ന ബുദ്ധിമുട്ട് ഇല്ലാതാക്കാൻ പെൻഷൻ ബുക്കിന്റെ ലഭ്യത ഉറപ്പു വരുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പെൻഷൻ ബുക്ക്, സർവ്വീസ് ബുക്ക് എന്നിവ ഇപ്പോൾ ലഭ്യമാണ്. എന്നാൽ ഇവയുടെ പുനർ അച്ചടിക്കും വിലനിർണ്ണയത്തിനുമായി ചില സാങ്കേതിക കാരണങ്ങളാൽ അപൂർവ്വം ചില സന്ദർഭങ്ങളിൽ ഇവ ലഭ്യമല്ലാതിരുന്നിട്ടുണ്ട്. സർവ്വീസ് ബുക്കിന്റെ ഇപ്പോഴത്തെ വില 105 രൂപയും കൂടാതെ 5% വാറ്റും പെൻഷൻ ബുക്കിന്റെ ഇപ്പോഴത്തെ വില 51 രൂപയും കൂടാതെ 5% വാറ്റും ആണ്.

(ബി) ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്.

**കാർഷിക കമ്മീഷൻ**

1627 ശ്രീമതി ജമീലാ പ്രകാശം :

ശ്രീ. സി. കെ. നാണു :

ശ്രീ. ജോസ് തെറ്റയിൽ :

ശ്രീ. മാത്യു റ്റി. തോമസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കാർഷിക കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ;

(ബി) കാർഷിക കമ്മീഷന്റെ ചുമതലകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) കാർഷിക കമ്മീഷൻ എന്തെങ്കിലും ശിപാർശകൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ശിപാർശകൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ;

(ഡി) കാർഷിക കമ്മീഷന്റെ ശിപാർശകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; ഇത് നടപ്പിലാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഏതെങ്കിലും ശുപാർശ സർക്കാർ തള്ളിക്കളഞ്ഞിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കാർഷിക കമ്മീഷൻ രൂപീകരിച്ചിട്ടില്ല. എന്നാൽ സംസ്ഥാന സർക്കാർ കാർഷിക വികസന നയരൂപീകരണത്തിന് ഒരു സബ്കമ്മിറ്റി രൂപീകരിക്കുകയും ഇതിനായി മുൻ എം.എൽ.എ ശ്രീ. കെ. കൃഷ്ണൻകുട്ടി അദ്ധ്യക്ഷനായി ഒരു ഉപസമിതി നിലവിൽ വന്നിട്ടുണ്ട്.

(ബി) കൃഷിഭൂമിയുടെ പരമാവധി ഉപയോഗപ്പെടുത്താൽ, കാർഷിക വൃത്തിയിൽ നിന്നും വരുമാനം ഉറപ്പാക്കൽ, കർഷകർക്കും കർഷക തൊഴിലാളികൾക്കും മാന്യത ഉറപ്പാക്കൽ, കൃഷി ഭൂമിയുടെ സുസ്ഥിര സംരക്ഷണം ഉറപ്പാക്കൽ, കൃഷിയും പരിസ്ഥിതി സംരക്ഷണവും നിലനിർത്തുക, കാർഷിക ഗവേഷണങ്ങൾ കൂടുതൽ കർഷകർക്ക് പ്രയോജനകരമാക്കുക, യുവതലമുറയെ കൃഷിയിലേക്ക് ആകർഷിക്കൽ എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി ഒരു കാർഷിക വികസന നയം രൂപീകരിക്കുന്നതിനാണ് ഉപസമിതിയെ ചുമതലപ്പെടുത്തിയത്.

(സി) ഉണ്ട്.

മുൻ എം.എൽ.എ., ശ്രീ. കെ. കൃഷ്ണൻകുട്ടി അദ്ധ്യക്ഷനായി നിലവിൽ വന്നിട്ടുള്ള ഉപസമിതി 331 ശിപാർശകൾ ഉൾക്കൊള്ളുന്ന കാർഷിക വികസന നയം സംബന്ധിച്ച റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ഡി) കരട് കാർഷിക നയം സർക്കാരിന്റെ പരിഗണനയിലാണ്.

## ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ വിന്യാസത്തിലൂടെ കാർഷികമേഖലയുടെ മുന്നേറ്റം

1633 ശ്രീ. ചിറ്റയം ഗോപകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ വിന്യാസത്തിലൂടെ കാർഷിക മേഖലയുടെ മുന്നേറ്റം സാദ്ധ്യമാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) അനുബന്ധ പദ്ധതികൾക്കായി നാളിതുവരെ ഓരോ ജില്ലയ്ക്കും ചെലവിട്ട തുക പദ്ധതി തിരിച്ച് വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(സി) ഇത്തരം കൃഷിസമ്പ്രദായങ്ങൾ നടപ്പിലാക്കിയതുമൂലം കാർഷിക മേഖലയിൽ ഗണ്യമായ മാറ്റം ഉണ്ടായിട്ടുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ഇല്ലായെങ്കിൽ അത്തരത്തിലുള്ള ഒരു സമഗ്ര വിലയിരുത്തലിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2012-13 സാമ്പത്തിക വർഷം മുതലാണ് ഹൈടെക് ഫാമിംഗ് പദ്ധതി നടപ്പിലാക്കി വരുന്നത്. സംസ്ഥാനത്തെ 14 ജില്ലകളിലും ഹൈടെക് ഫാമിങ്

പദ്ധതി അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഹൈടെക് കൃഷിക്കായി 5.07 കോടി രൂപ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന് അനുവദിച്ചിട്ടുണ്ട്.

സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ഹൈടെക് പദ്ധതിയിൽ തിരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് പോളീഹൗസുകൾ നിർമ്മിക്കുന്നതിന് ചതുരശ്രമീറ്ററിന് 935 രൂപ എന്ന നിരക്ക് അടിസ്ഥാനപ്പെടുത്തിയാണ് ധനസഹായം നൽകുന്നത്. ഈ തുകയുടെ 75 ശതമാനമായ 701.25 രൂപ ധനസഹായമായി അനുവദിക്കുന്നു. ഇതിൽ 50 ശതമാനം (467.5 രൂപ) ദേശീയ ഹോർട്ടിക്കൾച്ചർ മിഷന്റെ ധനസഹായമായും 25 ശതമാനം (233.75 രൂപ) തുക സംസ്ഥാന പദ്ധതി വിഹിതമായുമാണ് നൽകി വരുന്നത്.

2013-14 സാമ്പത്തിക വർഷത്തിൽ ഹൈടെക് ഫാമിംഗ് പദ്ധതി നടപ്പിലാക്കുവാനുള്ള ഭരണാനുമതി 20-8-2013-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.)1498/2013/എഡി. പ്രകാരം ലഭിച്ചു. 160000 ചതുരശ്രമീറ്ററാണ് ലക്ഷ്യമിടുന്നത്. ഇതിൻപ്രകാരം 400 മുതൽ 4000 ചതുരശ്രമീറ്റർ വരെ വിസ്തീർണ്ണമുള്ള പോളിഹൗസാണ് നിർമ്മിക്കുന്നത്.

25-7-2012-ലെ സർക്കാർ ഉത്തരവ് നമ്പർ (ആർ.റ്റി)1517/12 പ്രകാരം സംസ്ഥാനത്തെ 2012-13 സാമ്പത്തിക വർഷം നടപ്പിലാക്കിയ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയും തെരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് പരമാവധി 40 മുതൽ 4000 ചതുരശ്രമീറ്റർ വരെയുള്ള പോളീഹൗസുകൾ നിർമ്മിക്കുന്നതിന് ചതുരശ്രമീറ്ററിന് ചെലവ് പ്രതീക്ഷിക്കുന്ന 935 രൂപയുടെ 50% തുകയായ 467.50 രൂപ ധനസഹായമായി നൽകുന്നു.

(ബി) ഹൈടെക് ഫാമിംഗ്, പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഹൈടെക് ഫാമിംഗ് പദ്ധതി എന്നിവയ്ക്കായി ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) ഉണ്ട്. പോളീഹൗസുകൾ കാര്യക്ഷമമായി മോണിറ്ററിംഗ് ചെയ്യുവാനും അതു സംബന്ധിച്ച വിവരങ്ങൾ ഇന്റർനെറ്റ് വഴി നിരീക്ഷിക്കുവാനും കർഷകരുടെ പ്രശ്നങ്ങൾക്ക് ഉടനടി പരിഹാരം നിർദ്ദേശിക്കുവാനും അതോടൊപ്പം ഉല്പന്നങ്ങളുടെ വിപണനത്തിൽ കർഷകർക്ക് നേരിട്ട് സഹായം ചെയ്യുവാനുമായി കേരളാ സ്റ്റേറ്റ് റിമോർട്ട് സെൻസിംഗ് ആന്റ് എൻവിറോൺമെന്റ് സെന്റർ (കെ.എസ്.ആർ.ഇ.സി.) രൂപം നൽകിയ ആർക്ക്ജിസ് എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ചു വരുന്നു. ഇതിലൂടെ സംസ്ഥാനത്തിന്റെ ഏത് ഭാഗത്ത് എത്ര മാത്രം ഉത്പന്നങ്ങൾ വിപണനത്തിന് ലഭ്യമാകും എന്ന് അറിയുന്നതും ഇതിന്റെ അടിസ്ഥാനത്തിൽ വിപണനത്തിന് കർഷകരെ സഹായിക്കുന്നതിനും കഴിയും.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഈ സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിലൂടെ കർഷകർ വിപണനത്തിൽ നേരിടുന്ന പ്രശ്നങ്ങൾ നീക്കി വിപണനം കാര്യക്ഷമമാക്കുവാനും സാധിക്കും. കർഷകർക്ക് പോളിഹൗസിലെ കൃഷിയിൽ നേരിടുന്ന സാങ്കേതിക പ്രശ്നങ്ങൾക്ക് പ്രതിവിധി നിർദ്ദേശിക്കുന്നതിനും കർഷകരെ സഹായിക്കുന്നതിനും കേരള കാർഷിക സർവ്വകലാശാലയിലെ വിദഗ്ധരുടെ സേവനം ലഭ്യമാണ്.

(ഡി) ബാധകമല്ല.

**കേരള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി**

6036 ശ്രീ. റ്റി.വി. രാജേഷ് : താഴെക്കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയിൽ ബി.വി.എസ്.സി ആന്റ് എ.എച്ച് കോഴ്സുകളിൽ നിലവിൽ എത്ര സീറ്റുകളാണുള്ളത്;

(ബി) സീറ്റുകളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തുന്നതിന് സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനനുസൃതമായി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പ്രസ്തുത കോഴ്സിന് എൻ.ആർ.ഐ. ക്വാട്ട അനുവദിക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ;

(ഡി) കേരളത്തിലെ സർക്കാർ പ്രൊഫഷണൽ കോളേജുകളിൽ എൻ.ആർ.ഐ ക്വാട്ട ആരംഭിക്കുന്നത് നിലവിലുള്ള ഹൈക്കോടതി വിധിയുടെ ലംഘനമാവില്ലേ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) 220.

(ബി) ഇല്ല.

(സി) ബി.വി.എസ്.സി. & എ.എച്ച്. കോഴ്സിന് നിലവിലുള്ള സീറ്റുകൾക്ക് പുറമെ 40 എൻ.ആർ.ഐ സീറ്റുകൾ അനുവദിച്ചു കൊണ്ട് സർവ്വകലാശാലയുടെ ബോർഡ് ഓഫ് മാനേജ്മെന്റും അക്കാഡമിക് കൗൺസിലും No. DVASU/DAR/ACAD/B3/10121/2014 Dated 3-6-2014, 12-6-2014 പ്രകാരം തീരുമാനമെടുത്തിരുന്നു.

(ഡി) സംസ്ഥാനത്ത് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന എൻജിനീയറിംഗ് കോളേജുകളിലും പോളിടെക്നിക് കോളേജുകളിലും എൻ.ആർ.ഐ. സീറ്റുകൾ അനുവദിച്ചിട്ടില്ല.

## വെറ്ററിനറി സർവ്വകലാശാലയിൽ വിദ്യാർത്ഥി പ്രവേശനം

6037 ശ്രീ. എ.കെ. ബാലൻ : താഴെക്കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെറ്ററിനറി സർവ്വകലാശാലയിൽ വിദ്യാർത്ഥി പ്രവേശനത്തിന് എൻ.ആർ.ഐ. സീറ്റുകൾ അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം കോഴ്സുകൾക്കാണ് എൻ.ആർ.ഐ. സീറ്റുകൾ അനുവദിച്ചിട്ടുള്ളത്; എത്ര സീറ്റുകൾ അനുവദിച്ചിട്ടുണ്ട്; എത്ര രൂപയാണ് ഫീസ്;

(സി) എൻ.ആർ.ഐ. സീറ്റുകൾ അനുദിക്കാൻ തീരുമാനിച്ചത് സർക്കാരാണോ സർവ്വകലാശാലയാണോ;

(ഡി) സർക്കാരാണെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; സർവ്വകലാശാലയാണെങ്കിൽ എന്നാണ് തീരുമാനമെടുത്തത്; വൈസ് ചാൻസിലറുടെ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) സംസ്ഥാനത്തെ ഏതെങ്കിലും സർക്കാർ കോളേജിലോ സർവ്വകലാശാലയിലോ എൻ.ആർ.ഐ. സീറ്റുകൾ അനുവദിച്ചതായി വകുപ്പിന്റെയോ വെറ്ററിനറി സർവ്വകലാശാലയുടെയോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ; ഇല്ലെങ്കിൽ എൻ.ആർ.ഐ സീറ്റുകൾ അനുവദിക്കാനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) എൻ.ആർ.ഐ. സീറ്റുകൾ അനുവദിക്കാൻ സർവ്വകലാശാല തീരുമാനിച്ചിട്ടുണ്ട്.

(ബി) അനുബന്ധം - 1 ആയി ചേർത്തിരിക്കുന്നു.*

(സി) സർവ്വകലാശാലയാണ്.

(ഡി) 3-6-2014, 12-6-2014 തീയതികളിലെ സർവ്വകലാശാല ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഇ & എഫ്) സംസ്ഥാനത്തെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ എൻ.ആർ.ഐ സീറ്റുകൾ അനുവദിച്ചിട്ടില്ല.

രാജ്യത്തെ പല യൂണിവേഴ്സിറ്റികളും ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങളും എൻ.ആർ.ഐ. സീറ്റുകൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്ന ന്യായത്തിലാണ് യൂണിവേഴ്സിറ്റിയുടെ തീരുമാനം.

---

* അനുബന്ധമായി ചേർത്തിരിക്കുന്നു.

## കൃഷി അസിസ്റ്റന്റുമാർക്ക് ഓഫീസർമാരായി സ്ഥാനക്കയറ്റം നൽകുന്നതിനുള്ള മാനദണ്ഡം

7445 ശ്രീ. റ്റി. വി. രാജേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി അസിസ്റ്റന്റുമാർക്ക് കൃഷി ഓഫീസർമാരായി സ്ഥാനക്കയറ്റം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; എത്ര തസ്തികകളാണ് ഇതുവഴി നികത്തുന്നത്; പ്രസ്തുത നിയമത്തിന് പി.എസ്.സി. അവസാനമായി പരീക്ഷ നടത്തിയതെപ്പോൾ; എത്ര പേർ പരീക്ഷ എഴുതി; എത്ര പേർ റാങ്ക് പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്;

(ബി) ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ പല തവണ പി.എസ്.സി മാറ്റിയതുമൂലം റാങ്ക് ലിസ്റ്റിൽ ഉദ്യോഗാർത്ഥികൾ കുറയാൻ ഇടയായിട്ടുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) കൃഷി വകുപ്പിൽ 85% കൃഷി ഓഫീസർമാരെ പി.എസ്.സി. മുഖേന നേരിട്ടും 13% പേരെ കൃഷി അസിസ്റ്റന്റുമാരിൽ 10 വർഷം സേവനം പൂർത്തിയാക്കിയവർക്ക് പി.എസ്.സി. നടത്തുന്ന യോഗ്യത പരീക്ഷ പാസ്സായവരിൽ നിന്നും തസ്തികമാറ്റം വഴി സ്ഥാനക്കയറ്റം നൽകിയും നിയമിക്കുന്നു. ബാക്കി 2% പേരെ കൃഷി അസിസ്റ്റന്റുമാരിൽ ബി.എസ്.സി. (കൃഷി) ബിരുദമുള്ളവരും മൂന്നുവർഷം സേവനദൈർഘ്യമുള്ളവരുമായവരിൽ നിന്നും സീനിയോരിട്ടി അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നൽകി തസ്തികമാറ്റം വഴി നിയമിക്കുന്നു. 13% ക്വാട്ടയിൽ നിയമനം നൽകുന്നതിനുള്ള യോഗ്യതാ പരീക്ഷ പി.എസ്.സി. അവസാനമായി നടത്തിയത് 19-1-2013-ന് ആണ്. 764 പേരാണ് പരീക്ഷ എഴുതിയത്. ഇവരിൽ 83 പേരാണ് അർഹതാ നിർണ്ണയ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്.

(ബി) ഇപ്രകാരം സംഭവിച്ചതായി കരുതുന്നില്ല.